# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 നവംബർ 4, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

952/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗപിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..76

**II അടിയന്തരപ്രമേയം**

യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്ത സംഭവം

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) മയക്കുമരുന്ന് വ്യാപാരം തടയുന്നതിന് കർമ്മപദ്ധതി

—ശ്രീ. കെ. സുരേഷ് കുറുപ്പ് ..411

(2) കായികാദ്ധ്യാപകരുടെ പ്രശ്നങ്ങൾ

—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ..417

**IV സബ്മിഷൻ**

(1) ദേശീയപാത 766-ലെ യാത്രാനിരോധനം

—ശ്രീ. സി. കെ. ശശീന്ദ്രൻ ..422

(2) സ്ഥലമെടുപ്പ് പാക്കേജ്

—ശ്രീ. എസ്. ശർമ്മ ..424

(3) ശമ്പള വിതരണം

—ശ്രീ. വി. എസ്. ശിവകുമാർ ..428

(4) റോഡ് പുനർനിർമ്മാണ ഫണ്ട്

—ശ്രീ. പി. വി. അൻവർ ..434

(5) റോഡ് നിർമ്മാണം

—ശ്രീ. എം. ഉമ്മർ ..435

പേജ്

(6) മെഡിക്കൽ കോളേജ് യൂണിയൻ ഉദ്ഘാടനം

—ശ്രീ. കെ. ജെ. മാക്സി ..437

(7) റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

—ശ്രീ. കെ. എം. ഷാജി ..438

(8) റോഡുകൾ പുതുക്കിപ്പണിയൽ

—ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ..440

(9) തൊഴിൽ സുരക്ഷിതത്വവും വേതനവും

—ശ്രീ. പി. കെ. ശശി ..444

(10) പകർപ്പവകാശം

—ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ..445

**V വ്യക്തിപരമായ വിശദീകരണം**

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പരാമർശം

—ശ്രീ. കെ. എം. ഷാജി ..447

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

(1) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ..448

(2) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ..448

**VII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ ..449

(ii) 2019-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ..449

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 നവംബർ 4, തിങ്കൾ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2019 നവംബർ മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *151

### ശബരിമലയിലെ യുവതീ പ്രവേശന കേസ്സിൽ സർക്കാരിന്റെ നിലപാട്

1(*151) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-ൽ ഇന്ത്യൻ യംഗ് ലായേഴ്സ് അസോസിയേഷൻ എന്ന സംഘടന സുപ്രീംകോടതിയിൽ യുവതീ പ്രവേശനം സംബന്ധിച്ച് നൽകിയ ഹർജിയിൽ 2007-ൽ അന്നത്തെ സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു;

(ബി) 2016-ൽ ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ മൂന്നംഗ ബഞ്ച് പ്രസ്തുത കേസ് പരിഗണിച്ചപ്പോൾ മുൻസർക്കാർ ശബരിമലയിൽ സ്ത്രീ പ്രവേശനം ആവശ്യമില്ലെന്നും തൽസ്ഥിതി തുടരണമെന്നും സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(സി) പിന്നീട് ഭരണഘടനാ ബഞ്ചിൽ ഈ കേസ് പരിഗണിച്ചപ്പോൾ ശബരിമലയിലെ സ്ത്രീ പ്രവേശനത്തെ അനുകൂലിക്കുകയും 2007-ലെ അന്നത്തെ സർക്കാരിന്റെ സ്ത്രീ പ്രവേശനത്തിന് അനുകൂലമായ ആദ്യ സത്യവാങ്മൂലത്തിലെ നിലപാടാണ് തങ്ങളുടേതെന്ന് ഈ സർക്കാർ കോടതിയെ അറിയിക്കുകയും സ്ത്രീ

വിലക്കിനെതിരായി ശക്തമായി കോടതിയിൽ വാദിക്കുകയും ചെയ്തിരുന്നോ;

(ഡി) പ്രസ്തുത നിലപാട് യുവതീ പ്രവേശനത്തിന് അനുകൂലമായ സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധിക്ക് കാരണമായി എന്ന് വിലയിരുത്തുന്നുണ്ടോ;

(ഇ) പ്രസ്തുത വിധിയുടെ പുനഃപരിശോധനാ ഹർജി സുപ്രീംകോടതി പരിഗണിക്കുന്ന വേളയിൽ സർക്കാർ മുൻ നിലപാടിൽത്തന്നെ ഉറച്ചുനിൽക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) യുവതീപ്രവേശം സംബന്ധിച്ച വിഷയം ആദ്യമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വരുന്നത് 1990-ലാണ്. ഒ.പി. 9051/1990 എന്ന കേസ്സിൽ ഈ വിഷയം കോടതി പരിഗണിച്ചു. അന്ന് സംസ്ഥാന ഗവൺമെന്റും ദേവസ്വം ബോർഡും പ്രത്യേകം പ്രത്യേകം ഫയൽ ചെയ്ത കേസ് എതിർസത്യവാങ്മൂലങ്ങളിൽ യുവതികൾക്ക് ശബരിമലയിൽ പ്രവേശനത്തിന് തടസ്സമില്ലെന്ന നിലപാടാണ് സ്വീകരിച്ചിരുന്നത്.

പ്രസ്തുത കേസ്സിൽ 5-4-1991-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യുവതീ പ്രവേശം നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധി അന്നത്തെ സർക്കാരും തുടർന്നുവന്ന സർക്കാരുകളും നടപ്പാക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ അപ്പീൽ ഫയൽ ചെയ്തിരുന്നില്ല.

2006-ൽ ഇന്ത്യൻ യംഗ് ലായേഴ്സ് അസോസിയേഷനുവേണ്ടി ശ്രീമതി പ്രേരണാകുമാരി ഉൾപ്പെടെയുള്ളവർ പ്രായഭേദമെന്യേ ശബരിമലയിൽ സ്ത്രീ പ്രവേശം അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. പ്രസ്തുത കേസ്സിലും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ എടുത്ത അതേ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ 13-11-2007-ൽ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത എതിർസത്യവാങ്മൂലത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ ആരാധനാവകാശമുണ്ടെന്ന നിലപാടാണ് സ്വീകരിച്ചത്.

എന്നാൽ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ടുള്ള പ്രവേശന വിഷയം വർഷങ്ങളായി തുടർന്നുവരുന്ന ആചാരമായതിനാലും അത് വിശ്വാസത്തിലും മൂല്യങ്ങളിലും ബന്ധപ്പെട്ടതായതിനാലും അത് ജനങ്ങൾ സ്വീകരിച്ചതായതിനാലും

സർക്കാർ നടപ്പാക്കാൻ ബാധ്യതപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നിലവിലുള്ളതിനാലും ഹിന്ദുധർമ്മ ശാസ്ത്രത്തിൽ ആധികാരിക പരിജ്ഞാനമുള്ള പ്രമുഖ പണ്ഡിതരും അഴിമതിയില്ലാത്തവരും ബഹുമാന്യരുമായ സാമൂഹ്യ പരിഷ്കർത്താക്കളും ഉൾക്കൊള്ളുന്ന ഒരു കമ്മീഷൻ രൂപീകരിച്ച് അവരോട് പ്രായവ്യത്യാസമില്ലാതെ എല്ലാ വിഭാഗം സ്ത്രീകൾക്കും ക്ഷേത്രാരാധന അനുവദിക്കാമോ എന്നതിൽ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും ലഭ്യമാക്കാൻ നിർദ്ദേശിക്കണമെന്നും പറഞ്ഞിരുന്നു. ഇങ്ങനെയൊരു നിർദ്ദേശം വച്ചത് പരമോന്നത നീതിപീഠം തീരുമാനമെടുക്കുമ്പോൾ എല്ലാവർക്കും സ്വീകാര്യവും ന്യായയുക്തമായ തീരുമാനമുണ്ടാകണമെന്ന താൽപ്പര്യം കൊണ്ടാണ്.

സർക്കാർ ഈ വിഷയത്തിൽ പുതിയ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും ബഹുമാനപ്പെട്ട കോടതിയിൽ നിന്നുള്ള വിധി പ്രകാരം പ്രവർത്തിക്കുമെന്നും സത്യവാങ്മൂലത്തിൽ ഉറപ്പുനൽകി.

(ബി) 5-2-2016-ൽ ഒരു പുതിയ എതിർസത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത കേസ്സിൽ 2007-ൽ സർക്കാർ സമർപ്പിച്ചിരുന്ന എതിർസത്യവാങ്മൂലത്തിന് പകരമാണിതെന്ന് ബോധ്യപ്പെടുത്തുകയോ ബഹുമാനപ്പെട്ട കോടതിയുടെ അനുമതി വാങ്ങി മുൻഎതിർസത്യവാങ്മൂലം പിൻവലിക്കുകയോ ചെയ്തിരുന്നില്ല. തുടർന്ന് കേസ് പരിഗണിച്ചപ്പോൾ 5-2-2016-ൽ സമർപ്പിച്ച എതിർസത്യവാങ്മൂലം ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണനയ്ക്കെടുത്തിരുന്നില്ല.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അഞ്ചംഗ ബഞ്ച് കേസ് പരിഗണനയ്ക്കെടുത്തപ്പോൾ സർക്കാരിന്റേതായി 2007-ലെയും 2016-ലെയും സത്യവാങ്മൂലങ്ങൾ കോടതിയുടെ മുമ്പിൽ നിലവിലുണ്ടായിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതിലേത് സത്യവാങ്മൂലമാണ് പരിഗണിക്കേണ്ടതെന്ന് ചോദിച്ചപ്പോൾ ആദ്യം നൽകിയ സത്യവാങ്മൂലമാണ് നിലനിൽക്കുന്നതെന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചു. ഇതുപ്രകാരം 1990-ൽ സർക്കാർ എടുത്ത നിലപാടിനനുസരിച്ച് 2007-ൽ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം നിലനിൽക്കുന്ന സ്ഥിതിയുണ്ടാവുകയും ചെയ്തു. ഇതനുസരിച്ചാണ് സർക്കാർ അഭിഭാഷകൻ കോടതിയിൽ വാദിച്ചത്.

(ഡി) ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ വിശകലനം ചെയ്താണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളതെന്ന് വിധിയിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) പുനഃപരിശോധനാ ഹർജികളിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി നടപ്പാക്കുക എന്ന നിലപാടാണ് സംസ്ഥാന സർക്കാരിനുള്ളത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം ഇതേ സമയത്ത് എല്ലാ മേഖലകളിലും നാമജപ ഘോഷയാത്രകളുൾപ്പെടെയുള്ള വിവിധ സംഘർഷങ്ങളും വനിതാമതിലും നടന്നിരുന്നു. സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നം നിലനിൽക്കുന്നതുകൊണ്ട് കഴിഞ്ഞ മണ്ഡലകാലത്ത് നമുക്ക് കിട്ടേണ്ട വരുമാനത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. മാത്രമല്ല, യഥാർത്ഥ ഭക്തർക്ക് ശബരിമലയിലെത്തി ദർശനം കൃത്യമായി നടത്താൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന അയ്യപ്പന്മാരുടെ വരവുതന്നെ കുറഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള സംഘർഷങ്ങൾ ഒഴിവാക്കി അയ്യപ്പന്മാർക്ക് കൃത്യമായി ദർശനം നടത്താനുള്ള സാഹചര്യം ഈ വർഷം സർക്കാർ ആവിഷ്കരിക്കുമോ; അതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം പറഞ്ഞത് ശരിയാണ്. കഴിഞ്ഞ പ്രാവശ്യം ഒരു വിഭാഗം ആളുകൾ സന്നിധാനംതന്നെ സംഘർഷ പ്രദേശമാക്കി മാറ്റാനുള്ള ശ്രമം നടത്തിയിരുന്നു. അയ്യപ്പഭക്തരെയും പോലീസിനെയും ആക്രമിക്കുന്ന നിലവരെയുണ്ടായി. എന്നാൽ കൂടുതൽ സംഘർഷങ്ങളിലേയ്ക്ക് പോകാതെ ഇക്കാര്യങ്ങൾ തടുത്തുനിർത്താനും ദർശനത്തിനുവരുന്ന അയ്യപ്പഭക്തർക്ക് ഒരു പ്രയാസവുമില്ലാതെ ദർശനം നടത്താനുള്ള സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞിരുന്നു. അതിന്റെ ഭാഗമായി 'ഈ സംവിധാനം തുടരണം, ഞങ്ങൾക്ക് ഒരു പ്രയാസവുമില്ലാതെ ദർശനം നടത്താൻ കഴിഞ്ഞു' എന്ന് വന്നവരെല്ലാം പറയുന്ന സ്ഥിതിയുണ്ടായി. അതുകൊണ്ടുതന്നെ ഈ വർഷം അത്തരം സംവിധാനങ്ങൾ നല്ല നിലയിൽ നടത്താനുള്ള നടപടികളെടുത്തിരിക്കുകയാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കഴിഞ്ഞ മണ്ഡലകാലത്ത് സംഘർഷമുണ്ടാകാനുണ്ടായ കാരണമെന്ന് പറയുന്നത് ആക്ടിവിസ്റ്റുകളായ സ്ത്രീകൾ പോലീസ് സംരക്ഷണത്തോടെ പവിത്രമായ പതിനെട്ടാംപടി കയറി ദർശനം നടത്തിയതിന്റെ ഭാഗമായാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഹിന്ദു ആചാരമനുസരിച്ച് എല്ലാം തുടരണമെന്നാണ്. അവിടെ സ്ത്രീകൾക്ക് പ്രവേശനം നിഷേധിച്ചിട്ടില്ല. പക്ഷേ അവർക്കൊരു പ്രായപരിധി പറയുന്നുണ്ട്. പ്രായപരിധി നിലനിൽക്കുമ്പോൾ ഇത്തരത്തിൽ ആക്ടിവിസ്റ്റുകളായ സ്ത്രീകൾക്ക് പതിനെട്ടാംപടി

അല്ലെങ്കിൽ അയ്യപ്പദർശനം നടത്തുന്നതിനുവേണ്ടി പോലീസ് സംരക്ഷണം അനുവദിച്ച് കൊടുത്തപ്പോഴാണ് സംഘർഷങ്ങളുണ്ടായത്. അത്തരം സ്ത്രീകൾ ഈ വർഷവും ശബരിമലയിലേയ്ക്ക് വരുമെങ്കിൽ അവർക്കുനേരെ ഗവൺമെന്റ് എടുക്കാൻ പോകുന്ന നിലപാട് എന്തൊക്കെയാണ്; അവർക്ക് പോലീസ് സംരക്ഷണം കൊടുക്കുമോ; അതോ അവരെ അവിടെനിന്നും ഒഴിവാക്കുമോ ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിലപാട് എന്താണോ അത് നടപ്പാക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തടുത്തു നിർത്തിയ വെള്ളം പോകാൻ ഒരു വഴി കിട്ടുമ്പോൾ ശക്തിയായി അത് വരുന്നതുപോലെയുള്ളൊരു വികാരമാണ് ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചിരിക്കുന്നുവെന്ന് കേട്ടപ്പോൾ ആളുകളിലുണ്ടായത്. എന്നാൽ തുടർന്നുള്ള സംഭവങ്ങളിൽനിന്നും കാണാൻ സാധിക്കുന്നത് സുപ്രീംകോടതി ഇതുമായി ബന്ധപ്പെട്ട് ഒരു നിലപാടും ഇതുവരെ എടുത്തിട്ടില്ലെന്നാണ്. പ്രത്യക്ഷത്തിലുള്ള വിധി നടപ്പാക്കുന്നതിനുള്ള ഫലപ്രദമായ മറ്റ് ഇടപെടലുകളും സുപ്രീംകോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അങ്ങനെ വരുമ്പോൾ ക്രമസമാധാനം പാലിക്കുന്നതിനാവശ്യമായ നിലപാടുകൾ തന്നെയായിരിക്കും സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി വിധി ഒരു ഭാഗത്ത് നിലനിൽക്കുമ്പോൾ കേരളത്തിലെ ഭക്തജനസമൂഹം ആഗ്രഹിക്കുന്നത് ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിന്നിരുന്ന രീതി തുടരണമെന്നാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ വർഷം ഒരു വിഭാഗം ആളുകൾ ശബരിമലയിൽ സംഘർഷമുണ്ടാക്കി. നമുക്കറിയാം, ജെല്ലിക്കെട്ട് പോലെയുള്ള കാര്യങ്ങളിൽ സുപ്രീംകോടതി വിധി വന്നപ്പോൾ അതിനെ മറികടക്കുന്നതിനാവശ്യമായ നിയമം കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നതാണ്. പക്ഷേ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് അത്തരത്തിലുള്ള ഒരു നിയമവും കൊണ്ടുവരുന്നതിന് താൽപ്പര്യമെടുത്തില്ലെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കെ, സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ് ലിസ്റ്റിലെ ഐറ്റം 7-ലും അതുപോലെ കൺകറന്റ് ലിസ്റ്റിലെ ഐറ്റം 28-ഉം വച്ച് ഒരു നിയമം കൊണ്ടുവരാവുന്നതാണ്. ഇന്നത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ ജനങ്ങൾ മുഴുവൻ ആഗ്രഹിക്കുന്നത് വിശ്വാസികളുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിൽക്കണമെന്നാണ്. അത് തിരിച്ചറിഞ്ഞ സാഹചര്യത്തിൽ ഗവൺമെന്റിന്റെ നിലപാടിൽ മാറ്റം വരുത്തി സംസ്ഥാന ഗവൺമെന്റ് ഒരു നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ നിയമം കൊണ്ടുവരിക എന്നുള്ളത് എളുപ്പമുള്ള കാര്യമല്ല. കാരണം, മൗലികാവകാശവുമായി ബന്ധപ്പെട്ട പ്രശ്നമാണിതെന്നുപറഞ്ഞാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നിട്ടുള്ളത്. അങ്ങനെ മൗലികാവകാശവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ഒരു വിധി പുറപ്പെടുവിച്ചപ്പോൾ അതിനെ മറികടക്കാൻ ഒരു നിയമം കൊണ്ടുവരികയെന്നത് എളുപ്പമായിരിക്കില്ല. ഇതുസംബന്ധിച്ച് പാർലമെന്റിൽ ബഹുമാന്യനായ നിയമവകുപ്പുമന്ത്രിതന്നെ വ്യക്തമാക്കിയതാണ്. വലിയ തോതിൽ, ആവേശപൂർവ്വം ഇക്കാര്യങ്ങൾ നടപ്പാക്കുമെന്ന് അദ്ദേഹത്തിന്റെ അനുയായികൾ മാത്രമല്ല ഇവിടെ ഉള്ളവരും പറഞ്ഞിരുന്നു. പക്ഷേ ഒരുതരത്തിലും നിയമം കൊണ്ടുവരാൻ കഴിയില്ലെന്ന നിലപാട് ഉത്തരവാദപ്പെട്ട ഒന്നിലധികം പേർ പാർലമെന്റിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. നിയമം നിർമ്മിക്കുമെന്ന് പറഞ്ഞത് ഭക്തജനങ്ങളെ കബളിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ച ഒരു നിലപാട് മാത്രമായിരുന്നു. യഥാർത്ഥത്തിൽ നിയമം കൊണ്ടുവരാൻ കഴിയില്ലെന്ന് അന്നുതന്നെ വ്യക്തമായിരുന്നു. അക്കാര്യം അറിഞ്ഞുകൊണ്ടുതന്നെ ഭക്തജനങ്ങളെ കബളിപ്പിക്കാനുള്ള ഒരു പ്രചരണതന്ത്രമായി ഉപയോഗിച്ചതാണത്. ഇവിടെ അങ്ങനെ ഒരു നിയമം കൊണ്ടുവരാൻ കഴിയുന്നതല്ലെന്നും അങ്ങനെയൊരു നിയമം കൊണ്ടുവരണമെങ്കിൽ അത് കേന്ദ്ര ഗവൺമെന്റാണ് കൊണ്ടുവരേണ്ടതെന്നും ഞങ്ങൾ നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിനും നിയമം കൊണ്ടുവരാൻ കഴിയില്ലെന്നുള്ള കാര്യം അവരും വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, വിശ്വാസ സംരക്ഷണത്തിനായി ഒരു സ്വകാര്യ ബില്ലിന് ഞാൻ രണ്ട് തവണ അനുമതി ചോദിച്ചിരുന്നു. പക്ഷേ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അത് നിഷേധിക്കുകയാണുണ്ടായത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ കോടതി പറഞ്ഞിരിക്കുന്നത്, "The State of Kerala filed an affidavit supporting the cause of the Petitioner" എന്നാണ്. അതായത്, പെറ്റീഷണറുടെ ആവശ്യത്തെ സപ്പോർട്ട് ചെയ്തുകൊണ്ടുള്ള ഒരു അഫിഡവിറ്റാണ് കേരള ഗവൺമെന്റ് ഫയൽ ചെയ്തിട്ടുള്ളത്. പ്രേരണകുമാരിയും സംസ്ഥാന ഗവൺമെന്റുംകൂടി ആവശ്യപ്പെട്ട് ലഭിച്ച ഒരു വിധിയാണിതെന്ന് പൂർണ്ണമായും തെളിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ആർക്കു വേണ്ടിയാണോ ഇത്തരത്തിലൊരു വിധി പുറപ്പെടുവിച്ചിട്ടുള്ളത് അത് കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന വിശ്വാസികളായ യുവതീസമൂഹം തള്ളിക്കളഞ്ഞിരിക്കുകയാണ്. ശബരിമലയിൽ സ്റ്റാഫ് ഗേറ്റുവഴി ആകെ രണ്ടുപേരെ മാത്രമാണ് സർക്കാർ പ്രവേശിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ: യെസ്.....ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. എം. വിൻസെന്റ്: സർ, പ്രേരണകുമാരിയും ഗവൺമെന്റുംകൂടി കൊണ്ടുവന്ന വിധിയെ ഈ സമൂഹം തള്ളിക്കളഞ്ഞ പശ്ചാത്തലത്തിൽ പുതിയ നിയമം കൊണ്ടുവരുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ചില തടസ്സങ്ങൾ പറയുകയുണ്ടായി. പുതിയ നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും നിയമോപദേശം തേടിയിട്ടുണ്ടോ; ആ നിയമോപദേശത്തിൽ എന്താണ് പറയുന്നതെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഒരു ചോദ്യം ചോദിക്കാൻവേണ്ടി അദ്ദേഹം ചോദിച്ചു എന്നുമാത്രമേയുള്ളൂ. അതെല്ലാം ഞാൻ വ്യക്തമാക്കി കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾ ശബരിമലയിൽ പോകണോ വേണ്ടയോ എന്നുള്ള കാര്യം തീരുമാനിക്കേണ്ടത് സ്ത്രീകളാണ്. ഗവൺമെന്റ് ഏതെങ്കിലുമൊരു സ്ത്രീയെ ശബരിമലയിൽ കയറ്റുന്നതിനുള്ള നടപടികളെടുത്തിട്ടില്ല, കഴിഞ്ഞ തവണയും എടുത്തിട്ടില്ല, ഇത്തവണയും ഗവൺമെന്റ് അത്തരമൊരു നിലപാട് സ്വീകരിക്കുന്നില്ല. അതാണ് അക്കാര്യത്തിൽ വ്യക്തമാക്കാനുള്ളത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശബരിമല പ്രശ്നത്തിൽ ഈ ഗവൺമെന്റ് സുപ്രീംകോടതിയിൽ സമർപ്പിച്ച അഫിഡവിറ്റുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിലപാടിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. വിശ്വാസികളുടെ താൽപ്പര്യത്തെ അങ്ങേയറ്റം ജാഗ്രതയോടെ പരിഗണിച്ചു കൊണ്ടുള്ള ഒരു നിലപാടായിരുന്നു അത്. അതായത്, സ്ത്രീ-പുരുഷ സമത്വം അംഗീകരിക്കുന്നതോടൊപ്പം, ശബരിമല പ്രശ്നം വിശ്വാസവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടും ആചാരങ്ങളുമായി ബന്ധപ്പെട്ട സങ്കീർണ്ണ പ്രശ്നങ്ങൾ ഉൾച്ചേർന്നതിനാലും ഹിന്ദു ധർമ്മ ശാസ്ത്രത്തിൽ അഗാധ പാണ്ഡിത്യമുള്ള, വ്യക്തിശുദ്ധിയുള്ളവരുമായി ആശയവിനിമയം നടത്തി ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് പറഞ്ഞത് വിശ്വാസികളുടെ കാര്യത്തിൽ അങ്ങേയറ്റത്തെ അവധാനതയും ജാഗ്രതയും ആത്മാർത്ഥതയും പുലർത്തുന്ന നിലപാടാണ്. ആ നിലപാട് പുനഃപരിശോധിക്കണമെന്ന് പ്രതിപക്ഷം പറയുന്നത് ഏത് സാഹചര്യത്തിലാണെന്നും ഏത് വിശ്വാസികളുടെ താൽപ്പര്യം സംരക്ഷിക്കാനാണെന്നുമുള്ളത് എനിക്ക് മനസ്സിലാകുന്നില്ല. എനിക്ക് ഒരു കാര്യം ഇവിടെ വ്യക്തമാക്കാനുള്ളത്, സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന ഒരാൾ ഇവിടെ നേരത്തേ ഗവർണറായിരുന്നു. അദ്ദേഹത്തിന്റെ യാത്രയയപ്പ് വേളയിൽ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് അദ്ദേഹം നടത്തിയ അഭിപ്രായ പ്രകടനത്തെ സംബന്ധിച്ചും ഇവർ തെറ്റായ പ്രചരണം നടത്തുന്നുണ്ട്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.....

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മുൻ ഗവർണർ ശബരിമല വിഷയത്തിൽ എന്ത് നിലപാടായിരുന്നു സ്വീകരിച്ചതെന്ന് ഗവൺമെന്റ് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ മുൻ ഗവർണർ ബഹുമാനപ്പെട്ട സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന മാന്യദേഹമാണ്. സുപ്രീംകോടതി വിധി നടപ്പാക്കാൻ സർക്കാർ ബാധ്യസ്ഥമാണ് എന്നായിരുന്നു അദ്ദേഹം പറഞ്ഞ കാര്യം. അത് അർത്ഥശങ്കയ്ക്കിടയില്ലാതെ അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഇത്തരമൊരു വിധി വന്നാൽ ഏത് സർക്കാരും ചെയ്യുന്ന കാര്യമാണ് കേരള സർക്കാർ ചെയ്തതെന്നുകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. സർക്കാരിന്റെ നടപടികളിൽ പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തുന്ന നിലയാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്.

ശ്രീ. കെ. സി. ജോസഫ്: സർ, വിശ്വാസങ്ങൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല, കേരളവും ഉദ്ദേശിക്കുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ശ്രീ. എം. വിൻസെന്റ് ചോദിച്ചത്, ഈയൊരു സാധ്യത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് ഗവൺമെന്റിന് കിട്ടിയ നിയമോപദേശം എന്നാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ വിധി വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി മുൻ വിധികളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്തുകൊണ്ടാണ് പറഞ്ഞത്. ശബരിമലയിൽ മാത്രമല്ല, ആയിരത്തിലധികം വിവിധ അയ്യപ്പക്ഷേത്രങ്ങളിലായി അയ്യപ്പനെ ആരാധിച്ചുവരുന്ന ഒരുപാട് വിഭാഗങ്ങളുണ്ട്. അതിനാൽ ഇവർ ഒരു വ്യത്യസ്ത മതവിഭാഗമായി പരിഗണിക്കപ്പെടുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പത്തിനും അമ്പതിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ ശബരിമലയിൽ പ്രവേശിക്കുന്നത് തടയുന്നത് ആചാരങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും അനുസൃതമാണെന്ന് പറയുന്ന 1965-ലെ നിയമത്തിലെ മൂന്നാം വകുപ്പ് നിയമവിരുദ്ധമാണെന്ന് കോടതി അഭിപ്രായപ്പെട്ടു. ഇതുമാത്രമല്ല, പത്തിനും അമ്പതിനും മധ്യേ പ്രായമുള്ള സ്ത്രീകൾക്ക് ശബരിമല ഒഴികെയുള്ള മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ ആരാധന നടത്താവുന്നതാണെന്ന വാദം, അവർക്ക് ഇഷ്ടമുള്ള ക്ഷേത്രത്തിൽ ആരാധന നടത്താനുള്ള അവകാശം പ്രദാനം ചെയ്യുന്ന മൗലികാവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. ഇക്കാരണത്താൽ തന്ത്രിമാരും മറ്റ് ചിലരും പറയുന്ന മതാചാരപ്രകാരമുള്ള നിരോധനത്തിനുള്ള അവകാശം

ശരിയല്ലാത്തതും സ്ത്രീകളുടെ ജീവശാസ്ത്രപരമായ ആർത്തവത്തിന്റെ പേരിൽ അവരെ പൂർണ്ണമായും വിലക്കുന്നത് മൗലികാവകാശത്തിന് വിരുദ്ധമാണെന്നും കോടതി കണ്ടെത്തുകയുണ്ടായി. മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ പത്തിനും അമ്പതിനുമിടയിൽ പ്രായമുള്ള സ്ത്രീകളെ വിലക്കുന്ന ആചാരമോ കീഴ്‌വഴക്കമോ ഭരണഘടനയുടെയും 1965-ലെ നിയമത്തിന്റെയും ലംഘനമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചു. ഇത് വ്യക്തമാണ്. അത്രയും വ്യക്തതയുള്ള കാര്യത്തിൽ പിന്നെയും നമ്മൾ സംശയിക്കേണ്ട കാര്യമില്ല. അതുകൊണ്ടുതന്നെ സർക്കാരിന് കിട്ടിയിട്ടുള്ള എല്ലാ ഉപദേശങ്ങളും ഇതുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണവും നടത്താൻ കഴിയില്ല എന്നുള്ളതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ശബരിമല യുവതീ പ്രവേശനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധി വന്നശേഷം കേന്ദ്രസർക്കാർ എടുത്ത നിലപാടിനെ സംസ്ഥാന സർക്കാർ എങ്ങനെയാണ് കാണുന്നത്? ശബരിമലയിൽ സംഘർഷം സൃഷ്ടിക്കാൻ ഒരു വിഭാഗം ആളുകൾ നിരന്തരം ശ്രമിച്ചപ്പോൾ കേന്ദ്ര ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അത് എന്തായിരുന്നു?

ശ്രീ. പിണറായി വിജയൻ: സർ, സുപ്രീംകോടതി വിധി വന്നാൽ അതനുസരിച്ച് കാര്യങ്ങൾ നടപ്പാക്കാനുള്ള മറ്റ് നടപടികൾ സ്വീകരിക്കുക മാത്രമേ ഇക്കാര്യത്തിൽ ഏത് സർക്കാരിനും ചെയ്യാൻ കഴിയൂ. അതാണ് കേന്ദ്ര ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുണ്ടായത്. 'ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കണം; ഈ പ്രദേശത്ത് ആവശ്യമാണെങ്കിൽ നിരോധനാജ്ഞ പ്രഖ്യാപിക്കണം; കേന്ദ്രസേന ആവശ്യമുണ്ടെങ്കിൽ അയച്ചുതരാൻ തയ്യാറാണ് എന്നിങ്ങനെയുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. അത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റിനെ നയിക്കുന്ന രാഷ്ട്രീയ പാർട്ടിയും അവരുടെ മറ്റ് സംഘടനകളും ഇവിടെ വ്യത്യസ്ത നിലപാട് സ്വീകരിച്ചതും പ്രശ്നങ്ങളുണ്ടാക്കാൻ നോക്കിയതും സംഘർഷ ഭൂമിയാക്കി മാറ്റാൻ നോക്കിയെന്നതും വസ്തുതയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെ മുന്നിൽ 2007-ൽ എൽ.ഡി.എഫ്. ഗവൺമെന്റും 2016-ൽ യു.ഡി.എഫ്. ഗവൺമെന്റും സമർപ്പിച്ച രണ്ട് അഫിഡവിറ്റുകളാണ്

ഉണ്ടായിരുന്നതെന്നും യു.ഡി.എഫ്. ഗവൺമെന്റ് സമർപ്പിച്ചിരുന്ന അഫിഡവിറ്റ് പരിഗണനയ്ക്കെടുത്തിരുന്നില്ല എന്നുമാണ് സൂചിപ്പിച്ചത്. ഞാൻ മനസ്സിലാക്കുന്നത് ശബരിമല കേസ്സിന്റെ വിധിന്യായത്തിൽ നാല് ജഡ്ജിമാരിൽ ഒരാൾ വനിതയായിരുന്നു. ജസ്റ്റിസ് ഇന്ദു മൽഹോത്ര. 'സ്ത്രീകൾക്ക് മൗലികാവകാശത്തിന്റെ പേരിൽ ആചാരങ്ങളും സമ്പ്രദായങ്ങളും ലംഘിച്ചുകൊണ്ട് ക്ഷേത്രങ്ങളിൽ പ്രവേശനാനുമതി കൊടുക്കണമെന്ന അഭിപ്രായമില്ല' എന്നെഴുതിയ അവരുടെ വിയോജനക്കുറിപ്പിൽ ക്വാട്ട് ചെയ്തത് യു.ഡി.എഫ്. സർക്കാർ സമർപ്പിച്ച അഫിഡവിറ്റിലെ വാക്യങ്ങളായിരുന്നു. 'ആചാരങ്ങളെയും സമ്പ്രദായങ്ങളെയും പരിരക്ഷിക്കേണ്ടതുണ്ട് ' എന്നായിരുന്നു അത്. ആ വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽവന്നിട്ടുണ്ടോ? മറ്റൊന്ന്, ഈ വിഷയത്തിൽ പുതിയ നിയമനിർമ്മാണം നടത്താൻ സാധ്യതയില്ലെന്നാണ് പറയുന്നത്. നമ്മൾ കാണേണ്ടത് 9-ാം പട്ടികയുടെ പരിരക്ഷയോടുകൂടി ഫണ്ടമെന്റൽ റൈറ്റ്സിനെ infringe ചെയ്ത് നിയമമുണ്ടാക്കാനും ഭാരതത്തിൽ അവകാശമുണ്ട്. അങ്ങനെ പല നിയമങ്ങളും ഉണ്ടായിട്ടുണ്ട്. പ്രസ്തുത പരിഗണന ഈ വിഷയത്തിൽ കിട്ടാൻ ശ്രമിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, വിചിത്രമായൊരു വാദമാണ് ബഹുമാന്യനായ അംഗം അവതരിപ്പിച്ചത്. പ്രത്യാഘാതങ്ങളെക്കുറിച്ച് മനസ്സിലാക്കാതെയുള്ള ഒരു വാചകം കൂടിയാണിത്. മൗലികാവകാശങ്ങൾ ലംഘിച്ച് ഒരു നിയമം കൊണ്ടുവന്ന് അതിനെ 9-ാം പട്ടികയിൽപ്പെടുത്തി സംരക്ഷണം കൊടുക്കുകയെന്നുപറഞ്ഞാൽ അത് ഇന്ത്യയിൽ ഇന്നുണ്ടാക്കുന്ന ആപത്ത് എത്ര വലുതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ടോയെന്നറിയില്ല. ഒരു ചെറിയ കാര്യത്തിനുവേണ്ടി ഇങ്ങനെ മഹാപ്രത്യാഘാതങ്ങളുണ്ടാക്കുന്ന കാര്യങ്ങളിലേയ്ക്ക് നമ്മൾ അനാവശ്യമായി കടന്നുപോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ ഒരു ജഡ്ജിയുടെ അഭിപ്രായവും പറഞ്ഞു. സുപ്രീംകോടതി വിധിയെന്തെന്നുള്ളതാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ആ വിധിയുടെ ഘട്ടത്തിൽ ആരൊക്കെ എന്തൊക്കെ അഭിപ്രായം പറഞ്ഞുവെന്നല്ല, എല്ലാവരും അംഗീകരിക്കുന്ന സുപ്രീംകോടതി വിധിയുടെ ഭാഗമാണ് ഞാൻ നേരത്തെ പറഞ്ഞത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സുപ്രീംകോടതി കഴിഞ്ഞ വർഷം പുറപ്പെടുവിച്ച വിധിക്ക് ശേഷമുള്ള പ്രശ്നങ്ങളാണ് ഇവിടെ ചർച്ച ചെയ്തത്. ശബരിമലയിൽ സ്ത്രീ പ്രവേശനം വിലക്കുന്ന 1991-ലെ ഹൈക്കോടതി വിധി ഇന്നത്തെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷവും നടപ്പാക്കിയിരുന്നോ?

ശ്രീ. പിണറായി വിജയൻ: സർ, 1991-ലാണ് വിധിയുണ്ടായത്. ആ വിധി വന്നതിനുശേഷം പിന്നീട് വന്ന എല്ലാ സർക്കാരുകളും അത് പൂർണ്ണമായും നടപ്പാക്കിവരികയാണ്. ഈ സർക്കാർ സുപ്രീംകോടതി വിധി വരുന്നതുവരെ ഈ വിഷയത്തിൽ മറ്റൊരു സമീപനം സ്വീകരിച്ചിട്ടില്ല. എല്ലാ ഘട്ടത്തിലും എല്ലാ സർക്കാരുകളും 1991-ലെ ഹൈക്കോടതി വിധി നടപ്പാക്കുന്നതിനുള്ള നടപടിയാണ് എടുത്തിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സംസ്ഥാനത്തെ വിശ്വാസികളുടെ വികാരത്തെ ഏറ്റവും കൂടുതൽ വ്രണപ്പെടുത്തിയ ഒരു സംഭവമാണ് ശബരിമല യുവതീപ്രവേശനം. കേരളത്തിലെ വിശ്വാസി സമൂഹത്തിനേറ്റ ഈ മുറിവ് പരിഹരിക്കാനുള്ള നിയമപരമായ സാധ്യതകൾ ആരായുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതിൽ രണ്ട് factual mistakes ഉണ്ട്. 2016-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റ് സമർപ്പിച്ച അഫിഡവിറ്റ് സുപ്രീംകോടതി പരിഗണിച്ചുതന്നെയാണ്. എന്നിട്ട് ഈ ഗവൺമെന്റിനോടാണ് ചോദിച്ചത്, നിങ്ങൾ അതിൽ ഉറച്ചുനിൽക്കുന്നുണ്ടോ അതോ 2007-ലെ അഫിഡവിറ്റിൽ ഉറച്ചു നിൽക്കുന്നുണ്ടോയെന്ന്. അദ്ദേഹം ആദ്യം പറഞ്ഞത് ശരിയല്ല. 2016-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റ് സമർപ്പിച്ച അഫിഡവിറ്റ് ഗൗരവത്തോടുകൂടിത്തന്നെ സുപ്രീംകോടതി പരിഗണിച്ചിരുന്നു. രണ്ടാമതായി അദ്ദേഹം പറഞ്ഞു, നിയമനിർമ്മാണത്തിന് സാധ്യതയില്ലെന്ന്. കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമാണിത്. ലിസ്റ്റ്-III- കൺകറന്റ് ലിസ്റ്റ്- ഐറ്റം നമ്പർ 28-ൽ ധർമ്മവും ധർമ്മസ്ഥാപനങ്ങളും ധർമ്മപരിരക്ഷയും മതപരമായ ധനനിക്ഷേപങ്ങളും മതസ്ഥാപനങ്ങളും ആണ് പറയുന്നത്. കൺകറന്റ് ലിസ്റ്റ് ആകുമ്പോൾ കേന്ദ്രത്തിനും സംസ്ഥാനത്തിനും നിയമനിർമ്മാണം നടത്താൻ സാധിക്കും. ഈ ഗവൺമെന്റിന്റെ നിലപാട് നിയമനിർമ്മാണം നടത്തുന്നില്ലെന്നുള്ളതാണ്. അത് ഞങ്ങൾക്ക് മനസ്സിലായി. സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണത്തിനുള്ള അധികാരമുണ്ട്. മാത്രമല്ല, കേന്ദ്രത്തിനും അധികാരമുണ്ട്. കേന്ദ്രം ഭരിക്കുന്ന പാർട്ടിയും സംസ്ഥാനം ഭരിക്കുന്ന പാർട്ടിയും ചേർന്ന് വിശ്വാസികളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നിയമനിർമ്മാണം നടത്തുമെന്ന് പറഞ്ഞു. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം. പി., ലോക്‌സഭയിൽ ഒരു ബിൽ അവതരിപ്പിച്ചപ്പോൾ കേന്ദ്രഗവൺമെന്റ് വ്യക്തമാക്കിയത് അങ്ങനെയൊരു നിയമത്തെക്കുറിച്ച് നമ്മൾ ആലോചിക്കുന്നില്ല എന്നാണ്. ഈ വിധി അന്തിമമായി ഇപ്പോൾ പുനഃപരിശോധനാ ഹർജിയിലാണ്. വിധി സുപ്രീംകോടതിയുടെ പരിഗണനയിലുള്ള ഈ സന്ദർഭത്തിൽ യുവതീപ്രവേശനം നടത്തിയേ

മതിയാകൂയെന്നുള്ള വാശി ഈ സർക്കാരിന് എന്തിനാണ്; അങ്ങനെയൊരു വാശി ഉപേക്ഷിച്ച് വിശ്വാസി സമൂഹത്തെ സംരക്ഷിക്കാനും അവരുടെ വികാരങ്ങളെ അംഗീകരിക്കാനും സർക്കാർ തയ്യാറാണോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള വാദങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരസ്യമായി ഉന്നയിച്ചിട്ടുണ്ട്. സഭയിലായതുകൊണ്ട് വാദത്തിന്റെ വിശേഷണം ഞാൻ ചേർക്കുന്നില്ല. അതൊക്കെ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി മാത്രമായിരുന്നു. നിയമനിർമ്മാണം എന്നത് ആർക്കും സാധിക്കുന്ന ഒന്നല്ല. പ്രസ്തുത വിധി വന്നപ്പോൾ അഖിലേന്ത്യാ കോൺഗ്രസ് നേതൃത്വം, ശ്രീ. രാഹുൽ ഗാന്ധി അതിശക്തമായി ഇതിനെ പിന്താങ്ങുകയാണ് ചെയ്തത് എന്ന കാര്യം നാം കാണേണ്ട വസ്തുതയാണ്. ഇതുവരെ ശ്രീ. രാഹുൽ ഗാന്ധിയെ ആരും തള്ളിപ്പറഞ്ഞിട്ടില്ല. നമ്മുടെ രാജ്യത്ത് പലരും അനുകൂലിച്ച ഒരു വിധിയാണിത്. ഞാൻ നേരത്തെ പറഞ്ഞതിൽ എന്തോ വൈരുദ്ധ്യമുണ്ടെന്നാണ് ഇവിടെ അദ്ദേഹം പറഞ്ഞത്. നേരത്തെയുള്ള ചോദ്യത്തിന്റെ ഉത്തരത്തിന് രണ്ട് ഭാഗങ്ങളുണ്ട്. അത് 5-2-2016-ൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചെങ്കിലും 2007-ൽ സർക്കാർ സമർപ്പിച്ചിരുന്ന സത്യവാങ്മൂലത്തിന് പകരമാണിതെന്ന് ബോദ്ധ്യപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ പഴയ സത്യവാങ്മൂലം പിൻവലിക്കുകയും ചെയ്തിട്ടില്ല. അത് നിലനിൽക്കുമ്പോൾത്തന്നെ മറ്റൊരു സത്യവാങ്മൂലംകൂടി സമർപ്പിക്കുകയാണ് ചെയ്തത്. അതുകൊണ്ട് കോടതി അന്നത് പരിഗണനയ്ക്കെടുത്തിരുന്നില്ല. ഭരണഘടനാ ബഞ്ച് ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്ന ഘട്ടത്തിലാണ് രണ്ട് സത്യവാങ്മൂലങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. അപ്പോൾ ഗവൺമെന്റിനോട് ചോദിച്ചു ഏതിലാണ് നിങ്ങൾ നിൽക്കുന്നതെന്ന്. നേരത്തെയുള്ള സത്യവാങ്മൂലത്തിലാണ് നിൽക്കുന്നതെന്ന് ഗവൺമെന്റ് പറഞ്ഞു, ഇതാണ് വസ്തുത. നിയമനിർമ്മാണം എന്നത് സാധാരണനിലയ്ക്ക് സാധിക്കുന്ന ഒരു കാര്യമല്ല എന്നുതന്നെയാണ് ആവർത്തിച്ച് എനിക്ക് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, നിലയ്ക്കലും പമ്പയിലുമെല്ലാം വഴിതടഞ്ഞ് ശബരിമല സംഘർഷഭൂമിയാക്കി മാറ്റിയതിന് തുടക്കംകുറിച്ചത് കോൺഗ്രസാണ്. പിന്നീട് സംസ്ഥാനമാകെ കലാപമുണ്ടാക്കി ശബരിമലയിൽ കാണിക്കയിടരുതെന്ന് പറഞ്ഞ് വലിയ പ്രചരണം നടത്തിയത് ബി.ജെ.പി.-യാണ്. ഇതുകൊണ്ടാണ് തീർത്ഥാടകർ കുറഞ്ഞത്. ബോധപൂർവ്വം ശബരിമലയെ തകർക്കാൻ കോൺഗ്രസും ബി.ജെ.പി.-യും നടത്തിയ നിഗൂഢമായ നീക്കമായിരുന്നു ഇതെന്ന് വ്യക്തമാണ്. ഈ വർഷം ഇത്തരം പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ അതിനെ നേരിടാൻ ആഭ്യന്തര വകുപ്പ് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സുപ്രീംകോടതി വിധി മറികടക്കാൻ നിയമനിർമ്മാണം നടത്തുമെന്ന് നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വ്യക്തമാക്കിയിട്ടുള്ള കാര്യം സംബന്ധിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. സുപ്രീംകോടതി വിധിക്കെതിരെ ഏതറ്റംവരെയും പോയി നിയമനിർമ്മാണം നടത്തുമെന്നായിരുന്നു ബി.ജെ.പി. ആ ഘട്ടത്തിൽ പ്രസ്താവിച്ചിരുന്നത്. ലോക്സഭയിൽ യു.ഡി.എഫ്.ന്റെ ഒരു പാർലമെന്റ് അംഗം സ്വകാര്യബിൽ കൊണ്ടുവരാൻ ശ്രമിച്ച സന്ദർഭത്തിൽ ശബരിമലയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി മറികടക്കാൻ നിയമനിർമ്മാണത്തിനില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. മാത്രമല്ല, ലോക്സഭയിൽ മറ്റൊരംഗമായ ഡോ. ശശി തരൂർ ഒരു ചോദ്യം ഉന്നയിച്ചപ്പോൾ കേന്ദ്രമന്ത്രി ശ്രീ. രവിശങ്കർ പ്രസാദ് പറഞ്ഞതും നിയമനിർമ്മാണത്തിന് ഞങ്ങളില്ലെന്നാണ്. ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകളുടെ പ്രവേശനത്തിന് അനുമതി നൽകിക്കൊണ്ടുള്ള സുപ്രീംകോടതി വിധിയെ മറികടക്കാൻ എന്തെങ്കിലും നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നായിരുന്നു ചോദ്യം. അപ്പോഴാണ് ഇത്തരമൊരു മറുപടി രേഖാമൂലം നൽകിയത്. സുപ്രീംകോടതി വിധിക്കെതിരെ ഏതറ്റംവരെയും പോയി നിയമം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച ബി.ജെ.പി.-യുടെ സ്ഥിതിയെന്താണ്? അത് ഒരു തെരഞ്ഞെടുപ്പ് സ്റ്റണ്ടായി മാത്രം പറഞ്ഞ കാര്യമായിരുന്നു. അതാണ് കേന്ദ്രമന്ത്രിതന്നെ പാർലമെന്റിൽ ഇത്തരത്തിലുള്ള ഒരു നിലപാട് വ്യക്തമാക്കാനിടയായത്. അതേസമയം ബി.ജെ.പി.-യുടെ ജനറൽ സെക്രട്ടറി സ്ഥാനത്തിരിക്കുന്ന ശ്രീ. രാം മാധവ് പറഞ്ഞത് സുപ്രീംകോടതി വിധിക്കെതിരെ നിയമ നിർമ്മാണം നടത്തുന്നതിന് നിയമപരമായ തടസ്സമുണ്ടെന്നാണ്. സർക്കാർ മാത്രമല്ല, ബി.ജെ.പി.-യും ഈ നിയമം നിർമ്മിക്കുമെന്ന് പ്രസ്താവന നടത്തിക്കൊണ്ടിരുന്നു; അതിനുവേണ്ടി പ്രക്ഷോഭം നടത്തുകയായിരുന്നു. മാത്രമല്ല ബി.ജെ.പി.-യുടെ പ്രതിനിധി ശ്രീമതി മീനാക്ഷി ലേഖി പാർലമെന്റിൽ പറഞ്ഞത് കോടതി വിധിമൂലമുണ്ടായ പ്രശ്നം പരിഹരിക്കാൻ ബിൽ പരിഹാരമല്ലെന്നാണ്. അപ്പോൾ ബി.ജെ.പി.-യുടെയും കോൺഗ്രസിന്റെയും നിലപാട് ഇക്കാര്യത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്നതല്ലെന്നാണ് ഇതിനകം വ്യക്തമായിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ശബരിമല എന്നുപറയുന്നത് ഹൈന്ദവ മതവിശ്വാസകേന്ദ്രം മാത്രമല്ല; എല്ലാ മതസ്ഥരും വിശ്വാസപരമായി പോകുന്ന സ്ഥലവുമാണ്. ശബരിമല ക്ഷേത്രം സ്ഥിതിചെയ്യുന്നത് ശ്രീ. രാജു എബ്രഹാം എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലാണ്. പക്ഷേ അയ്യപ്പന്റെ പൂങ്കാവനവും സുഹൃത്തായ വാവരുസ്വാമിയുടെ എരുമേലിയും എന്റെ നിയോജകമണ്ഡലമായ

പൂഞ്ഞാറിലാണ്. ഈ ബഹളം നടക്കുന്ന സമയത്ത് ഞാൻ അവിടെയുണ്ടായിരുന്നു. എനിക്ക് ഒരഭിപ്രായമുണ്ട്. ഇവിടെ അയ്യപ്പഭഗവാനെയും വാവരുസ്വാമിയെയും സംബന്ധിച്ച വിശ്വാസപരമായ കാര്യം യു.ഡി.എഫ്./എൽ.ഡി.എഫ്. തർക്കമാക്കി മാറ്റുന്നത് മര്യാദയാണോയെന്ന് പരസ്പരം രണ്ട് കൂട്ടരും ആലോചിക്കേണ്ടതാണ്. മഞ്ചേശ്വരത്ത് ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥി ആരായിരുന്നു? മഞ്ചേശ്വരത്ത് സ്ഥാനാർത്ഥിയായി ഇടതുപക്ഷം നിർത്തിയത് ഒന്നാംതരം ശബരിമല ഭക്തനെയാണ്. മാത്രമല്ല ഒരു പൂജാരി കൂടിയായിരുന്നു അദ്ദേഹം. അപ്പോൾ പിന്നെ ദൈവവിശ്വാസമില്ലെന്ന് പറയുന്നത് അര ശതമാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അരശതമാനം പ്രതിനിധികളുടെ ആളല്ല. അങ്ങ് മൂന്ന് കോടി മുപ്പത്തിനാല് ലക്ഷം വരുന്ന മലയാളികളുടെ മുഖ്യമന്ത്രിയാണ്. ആ നിലയ്ക്ക് അങ്ങേയ്ക്ക് വിശ്വാസം സംരക്ഷിക്കുകയെന്നൊരു ഉത്തരവാദിത്വമുണ്ട്. നിയമനിർമ്മാണം നടത്താൻ സാധിക്കില്ലെന്ന് അങ്ങ് ഇത്രയും നേരം പറഞ്ഞു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നാൽ ആ വിധി കൃത്യദിവസം വച്ച് നടപ്പാക്കാൻ പറയും. ശബരിമല വിധി ഇന്ന ദിവസം മുതൽ നടപ്പാക്കണമെന്ന് സുപ്രീംകോടതി പറഞ്ഞില്ല. ഉദാഹരണമായി തമിഴ്നാട്ടിലെ ജെല്ലിക്കെട്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ജെല്ലിക്കെട്ട് നിരോധിച്ചിട്ടും ഇപ്പോഴും അത് സുഗമമായി നടക്കുന്നു. അതെങ്ങനെയാണ്? ജയലളിത ഗവൺമെന്റ് നിയമമുണ്ടാക്കിയതുകൊണ്ടാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ ഇവിടെയും തർക്കമുണ്ടാക്കിയിട്ട് കാര്യമില്ല. ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം ഒരു കോൺഫറൻസ് കൂടിയിരുന്നു. ഈ മാസം 9-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കോൺഫറൻസ് നടത്താൻ പോകുകയാണ്. വളരെ മാന്യമായി ഇക്കാര്യങ്ങളെല്ലാം നടക്കും. ദൈവത്തെയോർത്ത് വിശ്വാസികളല്ലാത്ത സ്ത്രീകളെയുംകൊണ്ട് ആരും അങ്ങോട്ട് പോകരുത്. വിശ്വാസികളായവർ പോകട്ടെ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, നിയമമുണ്ടാക്കാൻ പറ്റില്ലെന്ന് പറഞ്ഞത് ശരിയല്ല. ജെല്ലിക്കെട്ട് ഇപ്പോഴും നടക്കുന്നതുപോലെ ജനങ്ങളുടെ വിശ്വാസം സംരക്ഷിക്കാൻ അങ്ങേയ്ക്ക് ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ആലോചിക്കുന്നത് ഗുണകരമാണെന്നാണ് എന്റെ അഭിപ്രായം. ഇതുസംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ജെല്ലിക്കെട്ടും കാളപ്പൂട്ടുമൊന്നുമല്ല ശബരിമലയുമായി ബന്ധപ്പെട്ട വിധി. ഇത് രണ്ടും തീർത്തും വ്യത്യസ്തമാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ

എന്ന നിലയ്ക്കല്ല, കേരളത്തിന്റെ സർക്കാരായി തന്നെയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നിലകൊള്ളുന്നതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. സമൂഹത്തിൽ മഹാഭൂരിഭാഗവും വിശ്വാസികളാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ലാത്തതാണ്. അവരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുള്ള നിലപാടാണ് ഏത് ഘട്ടത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഒരു കൂട്ടം വിശ്വാസികൾ, മറ്റൊരു കൂട്ടം വിശ്വാസികളെ ആ വിശ്വാസത്തിന്റെ പേരിൽ ആക്രമിക്കാൻ പുറപ്പെട്ടാൽ അക്രമിക്കപ്പെടുന്ന വിശ്വാസികളുടെ സംരക്ഷണം ഉറപ്പുവരുത്താൻ സർക്കാർ നടപടിയെടുത്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാന്യനായ അംഗം ഒരു തരത്തിലും ആശങ്കപ്പെടേണ്ടതായിട്ടില്ല. നാടിന്റെ ഏത് ഭാഗത്തും സംരക്ഷണം കൊടുക്കാൻ സർക്കാരുണ്ടാകും എന്നാണ് വ്യക്തമാക്കാനുള്ളത്. അതേസമയം സുപ്രീംകോടതി വിധിയനുസരിച്ച് പ്രവർത്തിക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. ഞാൻ നേരത്തെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യക്തമാക്കിയതാണ്. ആദ്യം വിധി പ്രസ്താവിച്ചെങ്കിലും പിന്നീട് ഇതുവരെയും സുപ്രീംകോടതി ഒരു നിലപാട് എടുത്തിരുന്നില്ല. നിലപാട് എന്താണെന്ന് അറിഞ്ഞശേഷം അതനുസരിച്ച് നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, പൗരോഹിത്യ സമൂഹം പുരുഷ കേന്ദ്രീകൃതമാണ്. അതുകൊണ്ടുതന്നെ ഉണ്ടാക്കപ്പെടുന്ന നിയമങ്ങൾ ആചാരമായാലും അനുഷ്ഠാനമായാലും ഏതുതരത്തിലുള്ള സംഭവങ്ങളായാലും അതിലൊക്കെ സ്ത്രീ-പുരുഷ വിവേചനം നിലനിൽക്കുന്നുണ്ട്. ദൈവം പുരുഷനാണോ സ്ത്രീയാണോയെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ ഒരു കാര്യം ഉറപ്പാണ്, അങ്ങ് നടത്തിയ നവോത്ഥാന മതിൽ രണ്ടാംഘട്ട നവോത്ഥാന മുന്നേറ്റമായിരുന്നുവെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. 141 നവോത്ഥാന നായകന്മാരാണ് ഈ സഭയിലിരിക്കുന്നതെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. നിങ്ങൾ പിന്നോട്ട് നടന്നാലും മുന്നോട്ട് നടന്നാലും അതുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ പൊതുസമൂഹത്തിൽ വളരെ വലുതായിരിക്കുമെന്ന തിരിച്ചറിവ്, അത്തരമൊരു സ്വയം ബോധത്തിലേക്ക് എത്തിച്ചേരുന്നത് നന്നായിരിക്കും. നവോത്ഥാന മുന്നേറ്റങ്ങൾ, ബോധവൽക്കരണം തുടങ്ങിയവ തുടർന്നും സ്ത്രീകൾക്കിടയിൽ നടത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകൾക്കെതിരെയുള്ള അവഗണന അവസാനിപ്പിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള വിവേചന നടപടികളുണ്ടെങ്കിൽ അത് അവസാനിപ്പിക്കുന്നതിനുമെല്ലാം സർക്കാർ വലിയ

മുൻഗണനയാണ് കൊടുക്കുന്നത്. ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ചതു പോലെ ഇക്കാര്യത്തിൽ വൻതോതിലുള്ള ബോധവൽക്കരണം കേരളത്തിൽ ഉണ്ടാകണമെന്ന കാര്യത്തിൽ സംശയമില്ല. അക്കാര്യത്തിൽ സർക്കാർ ശ്രദ്ധ ചെലുത്തുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, ശബരിമലയുടെ ഒരു പ്രത്യേകത, മറ്റ് ക്ഷേത്രങ്ങളിൽനിന്ന് വ്യത്യസ്തമായി അതൊരു കാനനക്ഷേത്രമാണ് എന്നതാണ്. അതുകൊണ്ട് ഒരു പ്രത്യേക പ്രായത്തിലുള്ള സ്ത്രീകൾക്ക് ശബരിമലയിൽ എത്തിച്ചേരുകയെന്നുള്ളത് ഏറെ പ്രയാസകരമായിരിക്കും. പമ്പയിൽനിന്ന് നാല് കിലോമീറ്റർ വനത്തിലൂടെ സഞ്ചരിക്കണം. ഒരുപക്ഷെ പൂർവികർ അത് ലക്ഷ്യമിട്ടുകൊണ്ടായിരിക്കാം അങ്ങനെ ചെയ്തത്. ഏതാണ്ട് 6 കോടി ജനങ്ങൾ ഒരു ചെറിയ പിരീഡിൽ കടന്നുവരുന്ന ക്ഷേത്രമെന്ന നിലയിൽ മറ്റ് പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കഴിഞ്ഞ സീസണിൽ ഈ സംഘർഷങ്ങളും പ്രശ്നങ്ങളുമൊക്കെ ഉണ്ടായപ്പോഴും വളരെ നാമമാത്രമായ ആളുകൾ പ്രത്യേകിച്ച്, പ്രത്യേക പ്രായത്തിലുള്ള സ്ത്രീകൾ മാത്രമേ ശബരിമലയിൽ കടന്നുവന്നിട്ടുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് അടുത്ത 15-ാം തീയതി മുതൽ മണ്ഡല-മകര വിളക്ക് കാലഘട്ടം/ശബരിമല സീസൺ ആരംഭിക്കുകയാണ്. ഭൂരിപക്ഷം വരുന്ന ആളുകൾക്ക് വളരെ സ്വസ്ഥമായും സമാധാനത്തോടെയും തീർത്ഥാടനം നടത്താനുള്ള സൗകര്യം ലഭ്യമാക്കാനും സംഘർഷഭരിതമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കാനും എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ശാന്തിയോടെയും സമാധാനത്തോടെയും ഒരു സംഘർഷവുമില്ലാതെ ശബരിമലയിൽ ദർശനം നടത്താനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിരിക്കും. ഒരാശങ്കയും അക്കാര്യത്തിൽ ആവശ്യമില്ല.

ശ്രീ. എം. രാജഗോപാലൻ: സർ, ശബരിമല വികസനം ഉൾപ്പെടെ വിശ്വാസി സമൂഹത്തെ മുൻനിർത്തി സർക്കാർ കൈക്കൊള്ളുന്ന നിലപാട് വളരെ ശ്ലാഘനീയമാണ്. പ്രായഭേദമെന്യേ സ്ത്രീകൾക്ക് ശബരിമല പ്രവേശനം അനുവദിക്കുന്ന സുപ്രീംകോടതി വിധിയെ ആദ്യ ഘട്ടത്തിൽ ദേശീയ നേതാക്കൾ ഉൾപ്പെടെ പ്രധാന രാഷ്ട്രീയ കക്ഷികളെല്ലാം വളരെ കാര്യമായി പിന്താങ്ങുകയുണ്ടായി. ലെജിസ്ലേച്ചറിന്റെ പരിമിതിയും അതുപോലെ മഹാരാഷ്ട്രയിലെ ദർഗ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള ഹൈക്കോടതി വിധിയുമെല്ലാം മറന്നുകൊണ്ടാണ് നേതാക്കൾ ഈ പ്രതികരണം നടത്തിയത്. പലരും പെട്ടെന്ന് ഈ നിലപാട് മാറ്റിയത് സംസ്ഥാനത്ത് സംഘർഷാവസ്ഥ സൃഷ്ടിക്കാൻ ഇടയാക്കിയെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് വ്യക്തമാണല്ലോ. ആദ്യം വിധിയെ പൂർണ്ണമായി സ്വാഗതം ചെയ്യുകയും പിന്നീട് ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഒരു സംഘർഷം ഇവിടെയുണ്ടാക്കാൻ കഴിയുമെന്ന് മനസ്സിലായപ്പോൾ നേരെ പ്ലേറ്റ് തിരിച്ചുവയ്ക്കുക, എന്നിട്ട് കൂടുതൽ സംഘർഷത്തിലേയ്ക്ക് പോകുകയാണ് ചെയ്തത്. ആദ്യം വിധിയെ സ്വാഗതം ചെയ്തവർ തന്നെയാണ് പിന്നീട് സംഘർഷത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതും മുൻകയ്യെടുത്തതെന്നും പരക്കെ അറിയാവുന്ന വസ്തുതയാണ്.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 152-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 162-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. രാജു എബ്രഹാം നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം

2 (*152) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പരാതി ഏതൊക്കെ രീതികളിൽ നൽകാമെന്നും പരാതി നൽകുന്നതിനുള്ള വിലാസവും അറിയിക്കുമോ;

(സി) പൊതുവിതരണ രംഗത്തെ സംശയങ്ങൾ, പരാതികൾ എന്നിവ പരിഹരിക്കുന്നതിനുള്ള ടോൾ ഫ്രീ നമ്പർ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) റേഷൻ ഗുണഭോക്താക്കൾക്ക് അയയ്ക്കുന്ന എസ്.എം.എസ്. സന്ദേശത്തിൽ എന്തൊക്കെ വിവരങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അടിസ്ഥാനപ്പെടുത്തിയുള്ള ഭക്ഷ്യധാന്യ വിതരണം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും ഓൺലൈൻ പരാതി പരിഹാര സംവിധാനം 'Public Grievance Redressal Portal' 27-2-2019 മുതൽ പ്രവർത്തിച്ചു വരുന്നു. 28-10-2019 വരെ 2262 പരാതികൾ ലഭ്യമായതിൽ 2131 പരാതികൾ പരിഹരിച്ചു നൽകിയിട്ടുണ്ട്.

(ബി) pg.civilsupplieskerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷകന്റെ പേര്, വിലാസം, മൊബൈൽ നമ്പർ എന്നിവ നൽകി കേരളത്തിലെ ഏതു ജില്ലയിൽനിന്നും പരാതിയുടെ വിശദവിവരം രേഖാമൂലമോ, ഓഡിയോ/വീഡിയോ ആയോ സമർപ്പിക്കാവുന്നതാണ്.

(സി) പൊതുവിതരണ രംഗത്തെ സംശയങ്ങൾ, പരാതികൾ എന്നിവ പരിഹരിക്കുന്നതിന് 1967 എന്ന ടോൾ ഫ്രീ നമ്പർ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

(ഡി) ഓരോ മാസവും റേഷൻ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട സാധനങ്ങളുടെ അളവ്, വില എന്നിവ സംബന്ധിച്ചും സാധനങ്ങൾ കടയിൽ നിന്ന് വിട്ടെടുക്കുമ്പോൾ കാർഡ് നമ്പർ, കാർഡ് ഇനം, ഗുണഭോക്താവിന്റെ പേര്, വിട്ടെടുത്ത സാധനങ്ങളുടെ പേര്, തൂക്കം, തീയതി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ എസ്.എം.എസ്. സന്ദേശങ്ങളാണ് കാർഡ് ഉടമകളുടെ മൊബൈൽ നമ്പരിലേയ്ക്ക് ആദ്യ ആഴ്ചകളിൽ നൽകിവരുന്നത്. ആയതുകൂടാതെ ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങളും നൽകി വരുന്നുണ്ട്.

**കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ**

3 (*162) ശ്രീ. രാജു എബ്രഹാം:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കമ്മീഷന്റെ അധികാരങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന ഭക്ഷ്യ കമ്മീഷനിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നടത്തി വരുന്നത്.

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-മായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ, വനിതാ ശിശു വികസന, പൊതു വിദ്യാഭ്യാസ വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് നിയമ അവബോധം ഉണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബോധവത്കരണ ക്ലാസ്സുകൾ 14 ജില്ലകളിലും സംഘടിപ്പിച്ചു.

2. വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ ഗോത്രവർഗ്ഗ മേഖലകളിൽ സന്ദർശനം നടത്തുകയും ജനങ്ങളിൽനിന്ന് നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

3. അങ്കണവാടികൾ, റേഷൻ കടകൾ, എഫ്.സി.ഐ., എൻ.എഫ്.എസ്.എ. ഗോഡൗണുകൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി.

4. റേഷൻ വിതരണത്തിലുള്ള പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഗോഡൗൺ, എൻ.എഫ്.എസ്.എ. ഗോഡൗൺ, റേഷൻ കടകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ഗുണനിലവാരമില്ലാത്ത ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാൻ പാടില്ല എന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തു.

5. പ്രസ്തുത പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ കേസ്സെടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

6. പ്രളയ ബാധിത പ്രദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ കമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തുകയും ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരവും സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 പ്രകാരവും സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ അധികാരങ്ങൾ താഴെപ്പറയുന്നവയാണ്.

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ അദ്ധ്യായം-II-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുക.

2. ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട അപ്പീൽ പരിഗണിക്കുക.

ഇവ പരിഗണിക്കുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ചും താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ചും സംസ്ഥാന ഭക്ഷ്യ കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. അതായത് :-

(i) ഏതൊരു വ്യക്തിയെയും വിളിച്ചുവരുത്തുവാനും വിസ്തരിക്കുവാനുമുള്ള അധികാരം;

(ii) ഏതെങ്കിലും രേഖയുടെ വെളിപ്പെടുത്തലോ ഹാജരാക്കലോ ആവശ്യപ്പെടുക;

(iii) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(iv) ഏതെങ്കിലും കോടതിയിൽനിന്നോ ഓഫീസിൽനിന്നോ ഏതെങ്കിലും പബ്ലിക് രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(v) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും ഉള്ള അധികാരം.

3. ഏതൊരു കേസ്സും, അത്തരം കേസ് വിചാരണ ചെയ്യാൻ അധികാരമുള്ള ഒരു മജിസ്ട്രേറ്റിന് കൈമാറാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം ലഭിക്കുന്ന കേസ്, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 346-ാം വകുപ്പ് പ്രകാരം ലഭിച്ച കേസ്സായി പരിഗണിച്ച് കുറ്റാരോപിതനെതിരെയുള്ള പരാതി പരിഗണിക്കേണ്ടതുമാണ്.

4. ഏതൊരു പരാതിയും അപ്പീലും തീർപ്പുകൽപ്പിക്കുന്ന അവസരത്തിൽ, ജില്ലാ പരാതി പരിഹാര ഓഫീസർ ശിപാർശ ചെയ്യുന്ന പരിഹാരം നൽകുവാൻ, മതിയായ കാരണം കൂടാതെ വിസ്സമ്മതിച്ചുകൊണ്ടോ അങ്ങനെയുള്ള ശിപാർശ കരുതിക്കൂട്ടി അവഗണിച്ചുകൊണ്ടോ കുറ്റം ചെയ്തതായി കണ്ടെത്തുന്ന ഏതൊരു പൊതു സേവകനും അതോറിറ്റിയും 33-ാം വകുപ്പുപ്രകാരം അയ്യായിരം രൂപയിൽ കവിയാത്ത പിഴ ശിക്ഷയ്ക്ക് വിധേയനാവുന്നതാണ്.

5. പരാതിക്കാരന് ഏതെങ്കിലും അവകാശമോ ആനുകൂല്യമോ നൽകാതിരുന്നതായി കണ്ടാൽ, അത് ഉറപ്പുവരുത്തുന്ന നിയമത്തിലെയോ, ചട്ടങ്ങളിലെയോ വ്യവസ്ഥകൾ നടപ്പിൽ വരുത്തുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഏതെങ്കിലും പൊതു സേവകനോ പൊതു അതോറിറ്റിക്കോ നിർദ്ദേശം നൽകുക.

6. കമ്മീഷൻ മുൻപാകെ ഫയൽ ചെയ്ത പരാതികൾ യുക്താനുസരണം തുടർ നടപടികൾക്കായി ജില്ലാ പരാതി പരിഹാര ഓഫീസർക്ക് കൈമാറുക.

7. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്നതിനായി നിയമവ്യവസ്ഥകൾ ജനങ്ങൾക്കിടയിൽ വ്യാപകമായി പ്രചരണം നടത്തുക.

8. ഭക്ഷണവും പോഷകാഹാര സംരക്ഷണവും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് അധികാരങ്ങളും സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, കമ്മീഷന് വിനിയോഗിക്കാവുന്നതാണ്.

സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതലകൾ

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ 16-ാം വകുപ്പിലെ (6)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ വഹിക്കുന്ന ചുമതലകൾ താഴെപ്പറയുന്നവയാണ്:-

(1) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ മേൽനോട്ടം വഹിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുക.

(2) നിയമത്തിലെ അദ്ധ്യായം-2 പ്രകാരമുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച് സ്വമേധയായോ അല്ലാതെയോ ലഭിക്കുന്ന പരാതിയിന്മേൽ അന്വേഷണം നടത്തുക.

(3) സംസ്ഥാന സർക്കാരിന് ഈ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

(4) ഈ നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള അവകാശാധികാരങ്ങൾ വ്യക്തികൾക്ക് പൂർണ്ണമായും പ്രാപ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ, സർക്കാർ ഏജൻസികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബന്ധപ്പെട്ട സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക.

(5) ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിന്മേലുള്ള അപ്പീൽ കേൾക്കുക.

(6) സംസ്ഥാന നിയമസഭ മുൻപാകെ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് ലഭ്യമാക്കുക.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ 16-ാം വകുപ്പിലെ (1)-ഉം (2) -ഉം ഉപവകുപ്പുകളും കേരള ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018-ലെ 31-ഉം 39-ഉം ചട്ടങ്ങൾ പ്രകാരം 17-7-2019-ലെ G.O.(P)No. 15/2019/F&CSD ഉത്തരവിലൂടെ S.R.O.No. 516/2019 വിജ്ഞാപനം മുഖേന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു. ശ്രീ. കെ. വി. മോഹൻകുമാർ, ഐ.എ.എസ്. (റിട്ട) ചെയർപേഴ്‌സണും,

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗങ്ങളായി

1. ശ്രീ. വി. രമേശൻ (പട്ടികജാതി വിഭാഗം)
2. ശ്രീമതി എം. വിജയലക്ഷ്മി (പട്ടികവർഗ്ഗ വിഭാഗം)
3. അഡ്വ. ബി. രാജേന്ദ്രൻ (പൊതുവിഭാഗം)
4. ശ്രീ. കെ. ദിലീപ്കുമാർ (പൊതുവിഭാഗം)
5. ശ്രീമതി പി. വസന്തം (വനിതാ വിഭാഗം)

എന്നിവരും മെമ്പർ സെക്രട്ടറി ശ്രീമതി ശ്രീജ കെ.എസ്.-ഉം അടങ്ങുന്നതാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ദീർഘകാലമായി നടപ്പാക്കാൻ കഴിയാതിരുന്ന ഭക്ഷ്യഭദ്രതാ നിയമം സമയബന്ധിതമായി നടപ്പിലാക്കിയ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. ഓൺലൈൻ സംവിധാനം വന്നതിന്റെ പേരിൽ ശരാശരി എത്ര രൂപയാണ് സർക്കാരിന് ലാഭിക്കാനായത്; ഏകദേശം എത്ര തുക സർക്കാരിന് ചെലവായി എന്നും വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഓൺലൈൻ സംവിധാനം നിലവിൽ വന്ന 2018-19 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് മുൻവർഷത്തേക്കാൾ 69662 മെട്രിക് ടൺ കൂടുതലായി കാണുന്നു. ആയതിന് സബ്സിഡി ഇനത്തിൽ 28.42 കോടി രൂപയും വാതിൽപ്പടി വിതരണത്തിൽ 9.42 കോടി രൂപയും എ.ആർ.ഡി. കമ്മീഷൻ ഇനത്തിൽ 17.92 കോടി രൂപയും ഉൾപ്പെടെ ഏകദേശം 55.76 കോടി രൂപ ലാഭിക്കാനായതായി കണക്കാക്കാവുന്നതാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഭക്ഷ്യഭദ്രതാ ബത്തയെക്കുറിച്ച് വിശദീകരിക്കാമോ; ഭക്ഷ്യഭദ്രതാ ബത്തയായി എത്ര തുക നൽകിയിട്ടുണ്ട്?

ശ്രീ. പി. തിലോത്തമൻ: സർ, N.F.S.A. ( National Food Security Act) 2013 അനുച്ഛേദം 8 പ്രകാരം എ.എ.വൈ. മുൻഗണനാ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം നൽകാൻ കഴിഞ്ഞില്ലെങ്കിൽ അതാത് പ്രദേശത്തെ ആർ.ഐ.-മാർ അവരുടെ അധികാരപരിധിയിലുള്ള എ.എ.വൈ. കുടുംബങ്ങൾക്കോ അല്ലെങ്കിൽ മുൻഗണനാ പട്ടികയിലുള്ള കുടുംബങ്ങൾക്കോ അർഹതപ്പെട്ട ധാന്യം ലഭിച്ചില്ലെന്ന് ബോധ്യപ്പെട്ടാൽ, അല്ലെങ്കിൽ അത്തരത്തിൽ പരാതി ലഭിച്ചാൽ അതിന്റെ വിവരങ്ങൾ ഡി.എസ്.ഒ. (District Supply Officer) വഴി ജില്ലാ പരാതി പരിഹാര ഓഫീസർക്ക് നൽകണം. ജില്ലാ പരാതിപരിഹാര ഓഫീസർ അതിന്റെയടിസ്ഥാനത്തിൽ തീർപ്പ് കൽപ്പിച്ച് ബത്ത നൽകുന്നതാണ്. ബത്തയെ സംബന്ധിച്ച് പറയുന്നത്, ആ സന്ദർഭത്തിലെ ഏറ്റവും മിനിമം പ്രൈസ് (കേന്ദ്രം നൽകുന്ന ഭക്ഷ്യ ധാന്യങ്ങളുടെ താങ്ങുവില), അതിന്റെ മിനിമം റേറ്റിനോട് ഒന്നേകാൽ ഇരട്ടി വർദ്ധിപ്പിച്ച് അതിൽ ഗുണഭോക്താക്കൾ നൽകേണ്ട ധാന്യവില കുറവ് ചെയ്ത് ബാക്കി വരുന്ന തുക ബത്തയായി പരിഗണിച്ച് അവർക്ക് ബാങ്ക് അക്കൗണ്ട് വഴിയോ അല്ലെങ്കിൽ നേരിട്ട് ക്യാഷായോ നൽകണമെന്നാണ് നിയമം അനുശാസിക്കുന്നത്. അപ്രകാരം തിരുവനന്തപുരം ജില്ലയിൽ 2,162 രൂപയും കോട്ടയം ജില്ലയിൽ 834 രൂപയും ഭക്ഷ്യഭദ്രതാ ബത്തയിനത്തിൽ ഇതുവരെ നൽകിയിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന തരത്തിലുള്ള സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; സോഷ്യൽ ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്; സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിന്റെ പൈലറ്റ് പ്രോജക്ടിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ ഏതാനും റേഷൻ കടകളിലാണ് നടത്തിയത്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ആണ് അതിന്റെ ചുമതല നിർവ്വഹിച്ചത്. അവർ ധാരാളം നിർദ്ദേശം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് നടത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങളോടൊപ്പം സംസ്ഥാനത്ത് ഇലക്ട്രോണിക് റേഷൻ കാർഡ് കൊണ്ടുവരുന്നതിനും പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി വിജയിച്ച പദ്ധതിയായ 'സഞ്ചരിക്കുന്ന റേഷൻ കടകൾ' കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഇപ്പോൾ ഇലക്ട്രോണിക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള പരിശ്രമത്തിലാണ്. അതിനാവശ്യമായ മൊഡ്യൂൾ തയ്യാറാക്കുന്നതിന് എൻ.ഐ.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സഞ്ചരിക്കുന്ന റേഷൻ കടകൾ (വാഹനത്തിൽ റേഷൻ ഉല്പന്നങ്ങൾ ഓരോ ഗുണഭോക്താവിന്റെയും അടുക്കൽ എത്തിക്കുന്ന നടപടി) തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കി. ആദിവാസി ഊരുകളിലേയ്ക്ക് നൽകുന്ന ധാന്യം വിതരണം ചെയ്യുന്ന നടപടിയാണ് സ്വീകരിച്ചത്. ഇനി എറണാകുളം, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരുക്കത്തിലാണ്. ഇത് വയനാട് ജില്ലയിലും പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കരുനാഗപ്പള്ളി റേഷൻ കടകളിൽ മാത്രമാണ് ശബരി ഉൽപ്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ വിതരണം ചെയ്തത്. കേരളത്തിലെ എല്ലാ റേഷൻ കടകളിലും ശബരി ഉൽപ്പന്നങ്ങൾ വില കുറച്ച് വിതരണം ചെയ്യാനുള്ള നടപടികൾ അടിയന്തരമായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, റേഷൻ കടകൾ നവീകരിച്ച് വൈവിദ്ധ്യവൽക്കരിക്കാനുള്ള ശ്രമത്തിലാണ് സർക്കാർ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. അതിന്റെ ഭാഗമായി റേഷൻ കടകളിൽനിന്ന് നൽകിവരുന്ന ഉൽപ്പന്നങ്ങൾക്കുപുറമെ, സപ്ലൈകോ വിതരണം ചെയ്യുന്ന ശബരി ഉൽപ്പന്നങ്ങളും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. കരുനാഗപ്പള്ളിയിലാണ് പൈലറ്റ് പ്രോജക്ട് ആയി ആരംഭിച്ചതെങ്കിലും അതേറ്റവും ഭംഗിയായി നിർവ്വഹിച്ചത് കൊട്ടാരക്കര താലൂക്കിലാണ്. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി എല്ലാ റേഷൻ കടകൾ വഴിയും ശബരി ഉൽപ്പന്നങ്ങൾ നൽകാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കേരളത്തിലെ റേഷൻ മേഖലയിൽ ബഹുമാനപ്പെട്ട മന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലിനെ അഭിനന്ദിക്കുകയാണ്. ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ എന്തെല്ലാം സോഷ്യൽ ഓഡിറ്റ് സമിതികളാണ് രൂപീകരിച്ചിട്ടുള്ളത്; ആ സമിതികൾ കൃത്യമായി യോഗം ചേരുന്നുണ്ടോ? റേഷൻ കടകളിൽ കാർഡ് ഉടമതന്നെ പോകേണ്ട സംവിധാനമാണ് ഇപ്പോഴുള്ളത്. അതിനുപകരം പ്രോക്സി സമ്പ്രദായം എത്രമാത്രം ഫലപ്രദമായി നടപ്പാക്കാനുള്ള ശ്രമങ്ങളാണ് നടത്തി കൊണ്ടിരിക്കുന്നത്?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, സോഷ്യൽ ഓഡിറ്റ് സംവിധാനം ഒരു പൈലറ്റ് പ്രോജക്ടായി നടത്തിയിരുന്നു. അതൊരു നല്ല അനുഭവമാണ്. സോഷ്യൽ ഓഡിറ്റ് തുടർന്നും നടത്താൻ സൊസൈറ്റി നിലവിലുണ്ട്. അതിനെ ചുമതലപ്പെടുത്താനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. മാത്രമല്ല അതിനോടനുബന്ധിച്ച് ജില്ലാ, താലൂക്ക്, പഞ്ചായത്ത് തലങ്ങളിൽ ഓരോ റേഷൻ കട സ്ഥാപിക്കാൻ സാധിക്കും. എ.ആർ.ഡി. അടിസ്ഥാനത്തിലും ജനകീയ കമ്മിറ്റികൾ നിലവിൽ വരണം. അതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. പ്രോക്സി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് റേഷൻകടയിൽ പോയി ധാന്യം വാങ്ങാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, അവർ അംഗമായിട്ടുള്ള എ.ആർ.ഡി.-കൾ ഏതാണോ അതിലെ ഒരു കാർഡ് ഉടമയ്ക്ക് പ്രോക്സിയായി ഒരാളെ ഓതറൈസ് ചെയ്യാം. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് റേഷൻ വാങ്ങി അവരെ സഹായിക്കാൻ കഴിയും. ആ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതുമൂലം മുമ്പ് കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിച്ചിരുന്ന റേഷൻ വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രമാത്രമാണ് കുറവ് വരുത്തിയിട്ടുള്ളത്; ഈ കുറവ് വരുത്താൻ എന്തുകാരണമാണ് കേന്ദ്രം പറഞ്ഞിട്ടുള്ളത്; അതോടൊപ്പം നെല്ലിന്റെ വില ഇപ്പോൾ സഹകരണ ബാങ്കുകളിൽനിന്നും കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും കർഷകന് ലഭിക്കുന്നില്ല. അടിയന്തരമായും ഇടപെട്ട് നെല്ലിന്റെ വില ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിനു മുമ്പ് കേന്ദ്രം നൽകിയിരുന്നത് പതിനാറേകാൽ ലക്ഷം മെട്രിക് ടൺ ധാന്യമാണ്. എന്നാൽ എൻ.എഫ്.എസ്.എ. നടപ്പാക്കിയപ്പോൾ പതിനാലേകാൽ ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞുവെന്ന യാഥാർത്ഥ്യം പലതവണ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രത്തോട് നമുക്ക് ലഭിച്ചിരുന്ന അളവെങ്കിലും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതാണ്. എന്നാൽ അതിന്മേൽ യാതൊരു നടപടിയും ഉണ്ടായില്ല. മുൻഗണനാ പട്ടികയിൽ ഉള്ളവർക്ക് നൽകുന്നതിനുവേണ്ടി പത്തേകാൽ ലക്ഷം മെട്രിക് ടൺ ധാന്യത്തിന്റെകൂടെ നാല് ലക്ഷം മെട്രിക് ടൺ ടൈഡ് ഓവർ കൂടി തരിക മാത്രമാണ് ഇപ്പോൾ കേന്ദ്രം ചെയ്യുന്നത്. ടൈഡ് ഓവർ അലോട്ട്മെന്റ് വച്ചുകൊണ്ട് മുൻഗണനാ പട്ടികയിലെ 46 ശതമാനം കഴിച്ച് ശേഷിക്കുന്ന 54 ശതമാനം ആളുകൾക്ക് പങ്ക് വച്ച് നൽകുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്.

അതാണ് റേഷൻ വിതരണത്തെയും കേന്ദ്രം നൽകുന്ന സമീപനത്തെയും എടുക്കുന്ന സമയത്തെക്കുറിച്ചും പറയാനുള്ളത്. നെല്ലിന്റെ വില കൊടുക്കാനുണ്ടെന്നുള്ളത് ശരിയാണ്. കഴിഞ്ഞ സീസണിൽ നമ്മുടെയെല്ലാം പ്രതീക്ഷയ്ക്ക് ഉപരിയായി വലിയ വിളവെടുപ്പാണ് സംസ്ഥാനത്തുണ്ടായത്. വലിയ അളവിൽ ധാന്യം സംഭരിക്കേണ്ടി വന്നതിന്റെയും പ്രശ്നമുണ്ട്. അങ്ങനെ ധാന്യം സംഭരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സമയാസമയം കേന്ദ്രത്തിൽനിന്ന് താങ്ങുവില ലഭിക്കുന്നില്ല. അതിന്റെ ഫലമായി ബാങ്കിൽനിന്നും വായ്പ എടുക്കുന്നവർക്ക് കൃത്യസമയത്ത് അടയ്ക്കാൻ കഴിയാത്ത പ്രശ്നമാണ് ഇപ്പോഴുള്ളത്. അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ദാസൻ: സർ, സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ജനപ്രിയ പദ്ധതികളിൽ പ്രധാനപ്പെട്ടതാണ് 'സ്കൂൾ ഉച്ചഭക്ഷണ പദ്ധതി'. മെച്ചപ്പെട്ട ഭക്ഷണം മുഴുവൻ കുട്ടികൾക്കും നൽകണമെന്നാണ് നമ്മുടെ നിലപാട്. എന്നാൽ ചിലയിടങ്ങളിൽ ഭക്ഷണത്തിന്റെ ഗുണമേന്മ സംബന്ധിച്ച് പരാതി ഉയർന്ന സാഹചര്യത്തിൽ അവ പരിഹരിക്കാൻ ഭക്ഷ്യസുരക്ഷാ കമ്മീഷന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യസുരക്ഷാ കമ്മീഷനല്ല, ഭക്ഷ്യ കമ്മീഷനാണ് ഇത്തരം കാര്യങ്ങൾ കൃത്യമായി പരിശോധിക്കുന്നത്. ഒരു കാര്യം നമ്മൾ മനസ്സിലാക്കിയിരിക്കണം, ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ധാന്യമാണെങ്കിലും പി.ഡി.എസ്.-ലേയ്ക്കുള്ള ധാന്യമാണെങ്കിലും എല്ലാം കേന്ദ്രത്തിൽനിന്ന് എഫ്.സി.ഐ. വഴിയാണ് ലഭിക്കുന്നത്. അവിടെ മാസങ്ങളോളം ഇരുന്ന ധാന്യം ചിലപ്പോൾ കണ്ണിൽപ്പെടാതെ നമ്മുടെ ഗോഡൗണിലേയ്ക്ക് വരുന്നുണ്ട്. അവിടെ നിന്ന് വേണ്ടത്ര ശ്രദ്ധയില്ലാതെ ചിലപ്പോൾ സ്കൂളുകളിലേക്കും പോകുന്നുണ്ട്. അങ്ങനെയാണ് ചില പ്രശ്നങ്ങൾ ഉയർന്നുവരുന്നത്. ഏതായാലും നാം എഫ്.സി.ഐ.-യിൽനിന്ന് ധാന്യമെടുക്കുമ്പോഴും അത് ഗോഡൗണിൽ എത്തുമ്പോഴും സ്കൂളുകൾക്ക് കൈമാറുമ്പോഴും വലിയ ജാഗ്രത പുലർത്തണമെന്ന കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. എവിടെയൊക്കെ പരാതിയുണ്ടായിട്ടുണ്ടോ അവിടെ നിന്നൊക്കെ അരി കളക്ട് ചെയ്ത് പകരം നല്ല അരി കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഭക്ഷ്യ കമ്മീഷന്റെ ചട്ടങ്ങൾ രൂപീകരിച്ചപ്പോൾ നിയമത്തിൽനിന്നും വയലേഷൻ ഉണ്ടെന്നുള്ള ചില ആക്ഷേപങ്ങൾ ഉണ്ട്. അത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങനെ ഒരു ആക്ഷേപം നിലവിൽ ശ്രദ്ധയിൽ വന്നിട്ടില്ല. അക്കാര്യം പരിശോധിക്കാം.

ശ്രീ. പി. ഉബൈദുള്ള: സർ, ഒരു വിഭാഗം റേഷൻ കാർഡിൽനിന്ന് സബ്സിഡി വിഭാഗത്തിലേയ്ക്ക് മാറ്റാനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. മുമ്പ് എ.പി.എൽ., ബി.പി.എൽ. സംവിധാനം നിലനിൽക്കുമ്പോൾ, കാൻസർ രോഗികൾക്കും കിഡ്നി രോഗികൾക്കുമൊക്കെ അപേക്ഷ കൊടുത്താലുടൻ എ.പി.എൽ.-ൽ നിന്നും ബി.പി.എൽ.-ലേയ്ക്ക് മാറ്റാനുള്ള സംവിധാനം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പ്രയോറിറ്റി, നോൺ പ്രയോറിറ്റി സിസ്റ്റം വന്നതോടുകൂടി രോഗികൾ അവരുടെ നോൺ പ്രയോറിറ്റിയിൽനിന്ന് പ്രയോറിറ്റിയിലേയ്ക്ക് മാറ്റാൻ അപേക്ഷ കൊടുത്താൽ അതിൽ കൃത്യമായൊരു തീരുമാനം ഉണ്ടാകുന്നില്ല. അതുകൊണ്ട് പാവപ്പെട്ട രോഗികൾ വലിയ പ്രയാസം അനുഭവിക്കുകയാണ്. ഇത്തരം അപേക്ഷകൾ സപ്ലൈ ഓഫീസിൽ ലഭിച്ചാലുടൻ അതിന് അടിയന്തരമായി തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ? മറ്റൊരു കാര്യം, റേഷൻ വ്യാപാരികളെ ബാധിക്കുന്ന വളരെ മർമ്മപ്രധാനമായ പ്രശ്നം ഉന്നയിച്ചുകൊണ്ട് ഇന്ന് കേരളത്തിലെ റേഷൻ വ്യാപാരികൾ രാജ്ഭവനിലേയ്ക്ക് മാർച്ച് നടത്തുകയാണ്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് കേരളത്തിന് മുൻഗണനാ പട്ടികയിൽ വരാൻ അർഹതപ്പെട്ടവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. അതിനപ്പുറത്തേയ്ക്ക് നമുക്ക് പോകാൻ സാധിക്കില്ല. അതുകൊണ്ട് ആരെ ഉൾപ്പെടുത്തേണ്ടിവന്നാലും നിലവിലുള്ള മുൻഗണനാപട്ടികയിലെ ഒരംഗത്തെ ഒഴിവാക്കിക്കൊണ്ടുമാത്രമേ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. റേഷൻ കടകളിലോ, താലൂക്ക് സപ്ലൈ ഓഫീസിലോ അല്ലെങ്കിൽ അതിനുപരിയുള്ള ഓഫീസുകളിലോ ലഭിക്കുന്ന അപേക്ഷകളെല്ലാം പ്രോസെസ്സ് ചെയ്ത് മുൻഗണനാ പട്ടികയിൽ വരാൻ അർഹതപ്പെട്ടവരായി അവർ മാറുന്നുവെങ്കിൽ, അവരെ പട്ടികതിരിച്ച് മുൻഗണനാ പട്ടികയിൽ നിർത്തുകയാണ് ചെയ്യുന്നത്. അതിനുശേഷം പരിശോധനയിലൂടെ അനർഹർ അവരുടെ പട്ടികയിൽ ഉണ്ടെങ്കിൽ അവരെ ഒഴിവാക്കി, ആ ഭാഗത്ത് മുൻഗണനാ അടിസ്ഥാനത്തിൽ അവരെ ഉൾപ്പെടുത്തുക എന്ന പ്രക്രിയയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കാൻസർ രോഗികൾ ഉൾപ്പെടെയുള്ള മാരകമായ അസുഖം ബാധിച്ച അംഗങ്ങളുള്ള കുടുംബങ്ങളുടെ റേഷൻ കാർഡ് മാറ്റിക്കൊടുക്കാൻ

മുൻഗണന നൽകുന്നതാണ്. അത് എപ്പോഴും സ്വീകരിച്ചിട്ടുണ്ട്. ഇതുവരെ 396071 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 30-10-2019-ൽ 28100 കുടുംബങ്ങൾക്കുകൂടി മുൻഗണനാ പട്ടികയിൽ വരാൻ അവസരം ഉണ്ടായിട്ടുണ്ട്. എല്ലായിടത്തേയ്ക്കും അതിന്റെ നിർദ്ദേശങ്ങൾ ലിസ്റ്റ് ചെയ്ത് പോയിട്ടുണ്ട്. അതിൽ അവരെ ഉൾപ്പെടുത്താൻ സാധിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, നമ്മുടെ രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ സംവിധാനമാണ് കേരളത്തിലുള്ളത്. അർഹതപ്പെട്ട ആളുകൾക്ക് അവരുടെ ഭക്ഷ്യധാന്യങ്ങൾ കൃത്യമായി ലഭ്യമാക്കാൻ കേരളത്തിലെ പൊതുവിതരണ സംവിധാനത്തിന് കഴിയുന്നുണ്ട്. പക്ഷേ അടുത്ത കാലത്തായി റേഷൻ/പൊതുവിതരണ സംവിധാനം സ്വകാര്യവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുവെന്ന് കേൾക്കുന്നു. കേന്ദ്രസർക്കാർ റിലയൻസിനോ അല്ലെങ്കിൽ അതുപോലുള്ള കമ്പനികൾക്കോ ഇത് കൈമാറുന്ന എന്നുള്ള രീതിയിലുള്ള ചർച്ചകളൊക്കെ നടക്കുന്നതായി കേൾക്കുന്നു. അങ്ങനെ എന്തെങ്കിലും നീക്കം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ഏത് രീതിയിലാണ് ഇത് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇപ്രകാരമുള്ള വാർത്ത പത്രത്തിൽ വന്നു എന്നുള്ളതല്ലാതെ മറ്റ് വിശദാംശങ്ങളൊന്നും അറിയില്ല. ഇവിടെ എന്റെ പ്രിയസുഹൃത്ത് മുമ്പ് ചോദിച്ച ചോദ്യത്തിൽ ഇന്ന് രാജ്ഭവന് മുന്നിൽ റേഷൻകട വ്യാപാരികളുടെ സംഘടനകൾ മാർച്ച് നടത്തുന്നു എന്ന് പറയുകയുണ്ടായി. അത് സംസ്ഥാന സർക്കാരിനെതിരായിട്ടല്ല, കേന്ദ്രം റേഷൻ അളവ് കൂട്ടിത്തരണമെന്നും മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ളതാണ്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നേരത്തെതന്നെ നമ്മളും ഉന്നയിച്ചുപോരുന്ന വിഷയങ്ങളാണ്. അവർ ഉന്നയിക്കാൻ അൽപ്പം വൈകിയെന്ന് മാത്രമേയുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, ഭക്ഷ്യവസ്തുക്കളിൽ വ്യാപകമായി മായം ചേർക്കുന്ന സംഭവങ്ങൾ കൂടിവരുന്ന വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ അതുപോലെ എണ്ണ ഉൽപ്പന്നങ്ങൾ ഇതിലെല്ലാം വ്യാപകമായി മായം ചേർക്കുന്നു. അത് തടയാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്താണ്; നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ പല കടകളിലും വിൽപ്പന നടത്തുന്നുണ്ട്. അതിനെ പ്രതിരോധിക്കാനും അതിനെതിരെ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മായം ചേർത്ത ഭക്ഷ്യവസ്തുക്കളുടെ വ്യാപനം സംസ്ഥാനത്ത് ധാരാളം നടക്കുന്നുവെന്നുള്ള വാർത്തകൾ പലപ്പോഴായി റിപ്പോർട്ട് ചെയ്തത് നമ്മുടെയെല്ലാം ശ്രദ്ധയിൽ വരുന്നുണ്ട്. നമ്മൾ നേരിടുന്ന ഒട്ടേറെ സാമൂഹ്യപ്രശ്നങ്ങളിലും അത് നിഴലിക്കുന്നുണ്ട്. ഭക്ഷ്യവകുപ്പിന് ഇടപെടാനും നിയന്ത്രിക്കാനുമൊക്കെ ഒരുപാട് പരിമിതിയുണ്ട്. അതിൽ ഇടപെടുന്നതും കൈകാര്യം ചെയ്യുന്നതും ഭക്ഷ്യസുരക്ഷാ വകുപ്പാണ്. അതാണ് ഇതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, റേഷൻ കടകളുടെ തുടർ നടത്തിപ്പിന് അവകാശികളില്ലാത്ത കടകൾ നടത്തുന്നതിന് സപ്ലൈകോയെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, റേഷൻ കടകളൊന്നും സപ്ലൈകോയെ ഏൽപ്പിക്കാൻ പോകുന്നില്ല. സംസ്ഥാനത്ത് ഡിസ്മിസലായിട്ടുള്ള ചില റേഷൻ കടകൾ ഉണ്ട്. അവ ഏറ്റെടുത്ത് നടത്താൻ മറ്റൊരു വ്യക്തിയെ ഏൽപ്പിക്കുന്നത് പ്രയാസമായിരിക്കും. കാരണം, വളരെ കുറച്ച് നമ്പർ റേഷൻ കാർഡുള്ള റേഷൻ കടകൾ, പ്രത്യേകിച്ച് ടൗൺ ഏരിയയിൽ പ്രവർത്തിക്കുന്നവ സപ്ലൈകോയുടെ ഔട്ട്ലെറ്റിനോട് ചേർന്ന് നൽകുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്, പക്ഷേ നടപ്പാക്കിയിട്ടില്ല. അങ്ങനെ വരികയാണെങ്കിൽ റേഷൻ വിതരണവും സുഗമമായി നടക്കും. സപ്ലൈകോയുടെ പ്രവർത്തനത്തെ അത് നന്നായി സഹായിക്കുമെന്നുള്ള ആശയമാണ് അങ്ങനെയൊരു ചിന്തയിലേയ്ക്ക് വരാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. ഏതായാലും ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. അങ്ങനെ സാദ്ധ്യമായ സ്ഥലങ്ങൾ എവിടെയെങ്കിലും ഉണ്ടെങ്കിൽ പരീക്ഷിച്ചുനോക്കണമെന്ന് ആഗ്രഹമുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രളയ കാലത്തെടുത്ത അരി മില്ലുകളിൽനിന്ന് സപ്ലൈകോയിലേയ്ക്ക് എത്തുന്നു എന്നുള്ള പരാതികൾ ആവർത്തിച്ച് വരുന്നുണ്ട്. ഇന്നും അത് സംബന്ധിച്ച് മാധ്യമ വാർത്ത വന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. പ്രളയകാലത്ത് എടുത്ത അരി പോളിഷ് ചെയ്ത് സപ്ലൈകോയിലേയ്ക്ക് സ്വകാര്യമില്ലുകാർ എത്തിക്കുന്നു എന്ന നിലയിലുള്ള പരാതികളാണ് വന്നിട്ടുള്ളത്. ഭക്ഷ്യഭദ്രതാ നിയമം ലക്ഷ്യംവയ്ക്കുന്നത് ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുക, കൃത്യമായ വിതരണ തോത് ഉറപ്പാക്കുക എന്നുള്ള കാര്യങ്ങളാണ്. പക്ഷേ ഇതുപോലുള്ള പ്രശ്നങ്ങൾ ആവർത്തിക്കപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതോടൊപ്പം വ്യാപാരികൾ ഓഫ്‌ലൈനായി ധാന്യങ്ങൾ വിതരണം ചെയ്യുന്നതുകൊണ്ട് യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നില്ല എന്ന പരാതി ഉപഭോക്താക്കളിൽനിന്ന് ഉയരുന്നുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും കൃത്യമായ തോതിൽ അവർക്ക് സാധനം കിട്ടുന്നില്ല എന്ന പരാതി വ്യാപാരികൾ ഉന്നയിക്കുന്നു.

ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇത് തടയാൻ ഏതൊക്കെ തരത്തിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്; മൂന്ന് മാസം തുടർച്ചയായി റേഷൻ വാങ്ങാത്തവരെ ഒഴിവാക്കുന്നു എന്ന നിലയിലുള്ള വാർത്തകളും കേട്ടു. യഥാർത്ഥ കാരണങ്ങളാൽ റേഷൻ വാങ്ങാത്തവർക്ക് ഇളവ് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, കഴിഞ്ഞ മാസത്തെയും റേഷൻ വിതരണം 88 ശതമാനമാണ്. അളവ് കുറച്ചാണ് ലഭിക്കുന്നത് എന്നുള്ള പരാതികളൊക്കെ പറയുമ്പോഴും റേഷൻ എല്ലാവരും വാങ്ങുന്നില്ല എന്നുള്ള പ്രശ്നവുമുണ്ട്. 88 ശതമാനം കഴിഞ്ഞാൽ ബാക്കി 12 ശതമാനം മുൻഗണനേതര പട്ടികയിലുള്ള ആളുകളുടേതായിരിക്കും മിച്ചമായി വരുന്നത്. അതുകൊണ്ട് നമ്മളെല്ലാവരുംകൂടി ശ്രമിച്ച് അവരെ റേഷൻ കടകളിലേയ്ക്ക് അയയ്ക്കുക. റേഷൻ കടകളിലും ഗോഡൗണുകളിലും ഒറ്റപ്പെട്ട ചില ക്രമക്കേടുകൾ ഉണ്ടാകാം. എന്നാൽ അതിന്മേൽ റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്തുകൊണ്ടും സസ്പെൻഡ് ചെയ്തുകൊണ്ടുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരവധി ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതായാലും പഴയകാലത്തുനിന്നും താരതമ്യേന ക്രമക്കേടുകൾ കുറഞ്ഞുവരികയാണ്. അർഹതപ്പെട്ടവരുടെ കൈകളിലേയ്ക്ക് റേഷൻ എത്തിക്കാൻ കഴിയുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയണം. എന്നാലും എല്ലാ കാര്യങ്ങളും അവസാനിച്ചു, വളരെ ക്ലീനായി എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. റേഷൻ ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്ന ഗോഡൗണിൽ ക്യാമറയും വാതിൽപ്പടി വിതരണത്തിന് എത്തുന്ന വാഹനങ്ങൾക്ക് ജി.പി.എസ്.-ഉം ഘടിപ്പിക്കാൻ ശ്രമം നടത്തുന്നുണ്ട്. റേഷൻ കടയിൽ ഇ-പോസ് മെഷീൻ വെയിംഗ് സ്കെയിലുമായി ബന്ധപ്പെടുത്തി, തള്ളവിരൽ അമർത്തുമ്പോൾ പറയുന്ന അത്രയും ഉൽപ്പന്നങ്ങൾ കൊടുത്താലേ ബില്ലടിച്ച് വരൂ എന്നുള്ള സിസ്റ്റം കൂടി കൊണ്ടുവരാൻ ഞങ്ങൾ ആലോചിക്കുന്നുണ്ട്. അങ്ങനെ സമ്പൂർണ്ണ സംശുദ്ധിയും സുതാര്യതയും ഉറപ്പുവരുത്താനായി എന്തെല്ലാം ചെയ്യാമോ അതെല്ലാം ഈ വകുപ്പ് ചെയ്യുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. അതിന്റെ ബാക്കി കാര്യങ്ങളും ചെയ്യാനുള്ള പരിശ്രമത്തിലാണ് സർക്കാർ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡിജിറ്റൽ വിപ്ലവം

4(*153) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരവിനിമയ സാങ്കേതികവിദ്യയുടെ നേട്ടം എല്ലാവർക്കും ലഭ്യമാക്കി ഡിജിറ്റൽ വിടവ് ഒഴിവാക്കാൻ ലക്ഷ്യമിടുന്ന കെ- ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ജനങ്ങൾക്കെല്ലാം വൈ-ഫൈ വഴി സൗജന്യ ഡാറ്റാ ലഭ്യമാക്കുന്നതിന് രണ്ടായിരം വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നുണ്ടോ;

(സി) ഇന്റർനെറ്റ് ഒരു അവകാശമാക്കിത്തീർക്കുന്നതുവഴി ഡിജിറ്റൽ വിപ്ലവത്തിന്റെ നേട്ടം സമൂഹത്തിനാകെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രചരണ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതോടനുബന്ധിച്ച് ഡിജിറ്റൽ ഭരണ സംവിധാനം വ്യാപകമാക്കി സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് (K-FON). ഈ പദ്ധതി വഴി സംസ്ഥാനത്തെ 30000- ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

ബോർഡ് ലിമിറ്റഡിന്റെയും (കെ.എസ്.ഇ.ബി.എൽ.) സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സിസ്റ്റം ഇന്റഗ്രേറ്റർ ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായുള്ള നടപടി പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്. കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈ-ഫൈ പദ്ധതിയായ 'കെ.-ഫൈ.'-യിലൂടെ 2000 ഹോട്ട്സ്പോട്ടുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കേരളത്തിലുടനീളം 1927 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്നവ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(സി) കെ-ഫോൺ പദ്ധതി സംസ്ഥാനത്തുടനീളം പ്രയോജനം ലഭ്യമാകുന്നതും സമഗ്രവുമായതിനാൽ ഒരു പ്രത്യേക പ്രചാരണ പ്രവർത്തനത്തിന്റെ ആവശ്യകത ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) കെ-ഫോൺ പദ്ധതി പൂർത്തിയാകുന്നതിലൂടെ സംസ്ഥാനത്തെ 30000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാകുന്നത് വഴി ഡിജിറ്റൽ ഭരണ സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

## നെതർലാന്റ്സുമായുള്ള സഹകരണം

5(*154) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പ്രക്രിയയുടെ ഭാഗമായി ജലവിനിയോഗം, പ്രളയ പ്രതിരോധം, കൃഷി തുടങ്ങിയ മേഖലകളിൽ നെതർലാന്റ്സിനുള്ള വൈദഗ്ധ്യം കണക്കിലെടുത്ത് സഹകരണ സാധ്യത തേടി മുഖ്യമന്ത്രി നടത്തിയ സന്ദർശനത്തെത്തുടർന്ന് നെതർലാന്റ്സ് രാജാവ് കേരളം സന്ദർശിച്ചത് വ്യാപാര ബന്ധവും പുനർനിർമ്മാണ പ്രവർത്തനങ്ങളിലെ സഹകരണവും മെച്ചപ്പെടുത്താൻ സഹായകരമായിട്ടുണ്ടോ;

(ബി) നെതർലാന്റ്സുമായുള്ള സഹകരണത്തിന്റെ ഭാഗമായി ആ രാജ്യത്ത് നഴ്സുമാർക്കുള്ള തൊഴിലവസരങ്ങൾ തുറന്നു കിട്ടാനുള്ള സാധ്യത പരിശോധിച്ചിരുന്നോ;

(സി) നോർക്ക റൂട്ട്സിന്റെ റിക്രൂട്ട്മെന്റ് വിഭാഗം നിലവിൽ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) നെതർലാന്റ്സ് ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിലെ അവസരങ്ങൾ കൂടി പ്രയോജനപ്പെടുത്താവുന്ന തരത്തിൽ റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ സാധിക്കുമോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഡച്ച് രാജാവും രാജ്ഞിയും ഒക്ടോബർ 17, 18 തീയതികളിൽ കുട്ടനാടും കൊച്ചിയും സന്ദർശിക്കുകയുണ്ടായി. ഇതോടൊപ്പം ജലവിഭവം, മാരിടൈം ഡെവലപ്മെന്റ്, ഇൻലാന്റ് നാവിഗേഷൻ തുടങ്ങിയ മേഖലകളിൽ പ്രാതിനിധ്യം ഉള്ള ഡച്ച് വിദഗ്ദ്ധരും സ്ഥാപനങ്ങളും പങ്കെടുത്ത ബിസിനസ്സ് മീറ്റ് 17, 18 തീയതികളിൽ നടക്കുകയുണ്ടായി. വിവിധ മേഖലകളിൽ ഡച്ച് വിദഗ്ദ്ധരുടെ സാങ്കേതിക സഹകരണം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഇതുമൂലം ഉണ്ടായിട്ടുണ്ട്. ജലവിഭവം, തീരദേശ സംരക്ഷണം തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധരായ ഡച്ച് ഡിസാസ്റ്റർ റിഡക്ഷൻ ടീമിലെ അംഗങ്ങളുടെ സേവനം പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതി ആവിഷ്കരിക്കുന്നതിന് ലഭ്യമാണ്. ഭാവിയിൽ വിവിധ മേഖലകളിലെ സാങ്കേതിക സഹകരണത്തിനും വ്യാപാര ബന്ധം മെച്ചപ്പെടുത്തുന്നതിനും സന്ദർശനം സഹായകരമാകും.

(ബി) നെതർലാന്റ്സുമായുള്ള സഹകരണത്തിന്റെ ഭാഗമായി ആ രാജ്യത്ത് നഴ്സുമാർക്കുള്ള തൊഴിലവസരങ്ങൾ തുറന്നുകിട്ടാനുള്ള സാധ്യത പരിശോധിച്ചിരുന്നു. നെതർലാന്റ് അംബാസഡർ ശ്രീ. മാർട്ടൺ വാൻ ഡെൻ ബർഗിന് ചീഫ് സെക്രട്ടറി ഇതുസംബന്ധിച്ച് കത്ത് എഴുതിയിരുന്നു. ഇതിലേക്കായി തുടർനടപടി സ്വീകരിക്കുന്നതിന് ശ്രീ. പുനിത്കുമാർ ഐ.എ.എസ്., റെസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി, ശ്രീ. ഹരികൃഷ്ണൻ നമ്പൂതിരി, നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രവാസത്തിനൊരുങ്ങുന്നവർക്ക് വിദേശരാജ്യങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് നോർക്ക റൂട്ട്സ് സഹായിക്കുന്നു. ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ്, ഹൗസ് മെയിഡ് എന്നീ വിഭാഗങ്ങളിൽ നോർക്ക വഴി വിദേശ റിക്രൂട്ട്മെന്റ് നടത്തുന്നു. ജി.സി.സി. രാജ്യങ്ങളിലേക്കുപരി എൻ.എച്ച്.എസ്.

ഫൗണ്ടേഷൻ ഇംഗ്ലണ്ടിലേക്കും റിക്രൂട്ട്മെന്റുകൾ നടത്തുന്നുണ്ട്. നോർക്കയുടെ ആഭിമുഖ്യത്തിൽ 2015 മെയ് മാസത്തിന് ശേഷം സൗദി, കുവൈറ്റ്, യു.എ.ഇ., ഒമാൻ, യു.കെ. എന്നീ രാജ്യങ്ങളിലായി 1112 നഴ്സമാർ, 7 ഡോക്ടർമാർ, 24 ടെക്നീഷ്യൻമാർ, 283 ഹൗസ് മെയ്ഡുമാർ എന്നിവരെ അയച്ചിട്ടുണ്ട്.

(ഡി) നെതർലാന്റ്, ജർമ്മനി ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിലെ സാദ്ധ്യമായ മേഖലകളിലെ തൊഴിൽ അവസരങ്ങൾകൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി ആലോചിക്കുന്നതാണ്. ഇതിനകം ഇംഗ്ലണ്ടിലെ എൻ.എച്ച്.എസ്. ഫൗണ്ടേഷനിലേക്കും നോർക്ക റൂട്ട്സ് വഴി റിക്രൂട്ട്മെന്റ് ആരംഭിച്ചുകഴിഞ്ഞു.

## സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സംവിധാനം

6(*155) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷ ഇരുപത്തിനാല് മണിക്കൂറും നിരീക്ഷിക്കുന്നതിനായി പോലീസ് സേനയെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സെൻട്രലൈസ്ഡ് ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിന് നിലവിലെ പോലീസ് സേന പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) ഉണ്ട്. 7-1-2019 തീയതിയിലെ സ.ഉ.(കൈ) നമ്പർ 3/2019/ ആഭ്യന്തരം ഉത്തരവ് പ്രകാരം സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) എന്ന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 4-10-2019 മുതൽ പോലീസ് ആസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള നിരീക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.

ഈ ഉത്തരവ് അനുസരിച്ച് CIMS പദ്ധതിയുടെ കൺട്രോൾ റൂമിനുവേണ്ട സ്ഥലസൗകര്യങ്ങൾ പോലീസ് വകുപ്പ് നൽകുന്നതാണ്. സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത തരത്തിൽ കെൽട്രോൺ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം പോലീസ് സേനാംഗങ്ങൾക്ക് കെൽട്രോൺ നൽകുന്നതാണ്.

**മാതൃവന്ദന യോജനയ്ക്കുള്ള കേന്ദ്രസഹായം**

7(*156) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃവന്ദന യോജനയ്ക്കായുള്ള കേന്ദ്രസഹായം എത്ര കോടി രൂപയാണ്; ഈ പദ്ധതി പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിൻെറ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതി എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും നടപ്പിലാക്കിവരുന്നുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഗുണഭോക്താക്കൾക്ക് നേരിട്ട് സഹായം ലഭ്യമാക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മാതൃവന്ദന യോജനയ്ക്കായി ഇതുവരെ കേന്ദ്രധനസഹായം 96,69,13,000 (തൊണ്ണൂറ്റി ആറ് കോടി അറുപത്തിയൊമ്പത് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. PMMVY പ്രകാരമുള്ള ആനുകൂല്യ വിതരണത്തിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. ആദ്യസജീവ പ്രസവത്തിന് നിബന്ധനകളുടെ അടിസ്ഥാനത്തിൽ 3 ഗഡുക്കളായി 5000 രൂപ ആനുകൂല്യം നൽകുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്ഥിര ജോലിയുള്ളവരും സമാന ആനുകൂല്യം നിയമാനുസൃതം കൈപ്പറ്റുന്നവരും പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല. എന്നാൽ അങ്കണവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കും ANM പ്രവർത്തകർക്കും ഈ

ആനുകൂല്യത്തിനായി അപേക്ഷിക്കാം. 1-1-2017 മുതലാണ് ഈ പദ്ധതി പ്രാബല്യത്തിൽ വന്നത്. എം.സി.പി. കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള എൽ.എം.പി. തീയതി പ്രകാരമാണ് ഗർഭാവസ്ഥയും തീയതിയും കണക്കാക്കുന്നത്. ഗർഭാവസ്ഥയിലോ പ്രസവ സമയത്തോ കുഞ്ഞ് മരണമടഞ്ഞാൽ അടുത്ത പ്രസവത്തിൽ വീണ്ടും ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്.

പി.എം.എം.വി.വൈ.-യുടെ നിബന്ധനകളും ഗഡുക്കളും ചുവടെ ചേർക്കുന്നു:

| ഗഡു | നിബന്ധന | ആനുകൂല്യം (രൂപാ നിരക്കിൽ) |
|---|---|---|
| 1 | ഗർഭാവസ്ഥ 150 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണം | 1,000 |
| 2 | LMP കഴിഞ്ഞ് 6 മാസത്തിനുള്ളിൽ ഒരു ANC കഴിഞ്ഞിരിക്കണം | 2,000 |
| 3 | കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം. കുഞ്ഞിന് ആദ്യ ഘട്ട ബി.സി.ജി., ഒ.പി.വി., ഡി.പി.റ്റി.-യും ഹെപ്പറ്റൈറ്റിസ്-ബി (തത്തുല്യ മായതോ) തുടങ്ങിയ കുത്തിവെയ്പുകൾ പൂർത്തീകരിക്കണം. | 2,000 |

(ബി) PMMVY നടപ്പിലാക്കിവരുന്നത് വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ICDS platform വഴിയാണ്. ഇതുവരെ 3,48,880 ഗുണഭോക്താക്കൾക്കായി 139,15,04,000 രൂപ DBT ചെയ്ത് നൽകിയിട്ടുണ്ട്.

(സി) ഗുണഭോക്താക്കളുടെ ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടിൽ ആനുകൂല്യം DBT ചെയ്യപ്പെടുന്നു. ഇപ്രകാരം ഗുണഭോക്താവിന് നേരിട്ട് ധനസഹായം ലഭ്യമാകുന്നു. അങ്കണവാടികൾ മുഖേന വിതരണം ചെയ്യുന്ന ഫോം, ഗുണഭോക്താവ് പൂരിപ്പിച്ച് നൽകിയ ശേഷം ICDS ഓഫീസുകളിൽ ശേഖരിച്ച് ആവശ്യമായ പരിശോധനകൾക്ക് ശേഷം പി.എം.എം.വി.വൈ, സി.എ.എസ്. എന്ന സോഫ്റ്റ്‌വെയറിൽ ഡേറ്റ എൻട്രി ചെയ്യുന്നു. സി.ഡി.പി.ഒ. അംഗീകരിച്ചു നൽകുന്ന അപേക്ഷകളിൽ, സോഫ്റ്റ്‌വെയർ അപാകത പരിഹരിക്കേണ്ടവ കറക്ഷൻ ക്യൂവിൽ ലഭ്യമാകുന്നു. അപാകതയില്ലാത്തവ ആനുകൂല്യം ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് നോഡൽ ഓഫീസറുടെ അംഗീകാരത്തിനായി സോഫ്റ്റ്‌വെയർ മുഖേന നൽകപ്പെടുന്നു. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ അംഗീകാരം ലഭിച്ചവ പി.എഫ്.എം.എസ്. മുഖേനയുള്ള ആനുകൂല്യം വിതരണത്തിനായി സമർപ്പിക്കുന്നു. എല്ലാ വെരിഫിക്കേഷനും പൂർത്തിയാക്കിയശേഷം ഗുണഭോക്താവിന്റെ ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടിൽ ആനുകൂല്യം DBT (Direct Benefit Transfer) ചെയ്യപ്പെടുന്നു.

## കിയാലിന്റെ ആഡിറ്റ്

8(*157) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം വരെ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ ആർക്കാണ് അധികാരം ഉണ്ടായിരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിയാലിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ സി. ആന്റ് എ.ജി.-ക്ക് അധികാരമില്ലായെന്ന് ചൂണ്ടിക്കാണിച്ച് കിയാൽ എം.ഡി., സി. ആന്റ് എ.ജി.-ക്ക് 2017 ജൂണിൽ കത്ത് നൽകിയിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) കിയാലിൽ സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൂടി നിലവിൽ എത്ര ശതമാനം ഓഹരിയുണ്ട്; അത് അൻപത് ശതമാനത്തിന് മുകളിലാണോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) 2013-2014 സാമ്പത്തിക വർഷം വരെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ കണക്കുകൾ സി.&എ.ജി. നിയമിക്കുന്ന ഓഡിറ്ററും 2014-15 സാമ്പത്തിക വർഷം മുതൽ കമ്പനിയുടെ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്റർമാരുമാണ് നിയമപരമായി കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടിയിരുന്നത്. 1956-ലെ കമ്പനി നിയമം നിലവിലുണ്ടായിരുന്നപ്പോൾ സി.&എ.ജി. ആയിരുന്നു കണ്ണൂർ എയർപോർട്ടിൽ ഓഡിറ്റ് നടത്തേണ്ടിയിരുന്നത്. എന്നാൽ 2014 ഏപ്രിൽ 1 മുതൽ 1956 -ലെ പഴയ നിയമത്തിനെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് (repealed) 2013-ലെ കമ്പനി നിയമം നിലവിൽ വന്നു. 1956-ലെ കമ്പനി നിയമം 619 B പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകളുടെ ഓഹരി നിക്ഷേപം കൂടി കണക്കാക്കിയാണ് സർക്കാർ കമ്പനിയാണോ അല്ലയോ എന്ന് നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തത്. ഇപ്രകാരം 51 ശതമാനമോ അതിലധികമോ ഓഹരി നിക്ഷേപം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടെങ്കിൽ അത്തരം കമ്പനികളെ സർക്കാർ കമ്പനികളായി പരിഗണിക്കുകയും അവയുടെ ഓഡിറ്റ്

സി.&എ.ജി. നിയമിക്കുന്ന ഓഡിറ്റർ മുഖേനയാണ് നടത്തി വന്നിരുന്നത്. എന്നാൽ പുതിയ കമ്പനി നിയമം 2013- ൽ നിലവിൽ വന്നപ്പോൾ 1956-ലെ കമ്പനി നിയമത്തിലെ 619B -ക്ക് സമാനമായ വകുപ്പ് ഉൾക്കൊള്ളിച്ചിട്ടില്ല. പുതിയ കമ്പനി നിയമപ്രകാരം സർക്കാരിന് 51 ശതമാനമോ അതിലധികമോ ഓഹരി നിക്ഷേപമുള്ള കമ്പനികളിൽ (ഗവൺമെന്റ് കമ്പനികൾ) മാത്രമാണ് സി. &എ.ജി. ഓഡിറ്റ് ആവശ്യമായി വരുന്നത്. ഇതിനുപുറമേ 2013-ലെ കമ്പനി നിയമത്തിലെ 139(5) വകുപ്പ് പ്രകാരം സർക്കാരിന് "നിയന്ത്രണം" ഉള്ള കമ്പനികളിലും സി.&എ.ജി. ഓഡിറ്റ് ബാധകമാണ്. കമ്പനി നിയമത്തിലെ 2(27) ഉപവകുപ്പിൽ സർക്കാർ നിയന്ത്രണം എന്നത് നിർവ്വചിച്ചിരിക്കുന്നു. കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ ഭൂരിപക്ഷം ഡയറക്ടർമാരേയും സർക്കാർ നിയമിക്കുകയോ അല്ലെങ്കിൽ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ്, മാനേജ്മെന്റ് റൈറ്റ്സ്, വോട്ടിംഗ് എഗ്രിമെന്റ് തുടങ്ങിയ എഗ്രിമെന്റുകളിൽ കൂടി കമ്പനികളുടെ പ്രധാനപ്പെട്ട/ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ സർക്കാരിന് നിയന്ത്രണമുണ്ടായിരിക്കുകയോ ചെയ്താൽ അങ്ങനെയുള്ള കമ്പനികൾ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികളായി കണക്കാക്കപ്പെടുന്നു. ഇങ്ങനെയുള്ള നിയന്ത്രണമുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കേണ്ടത് കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ അനുസരിച്ചാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ആർട്ടിക്കിൾസ് പ്രകാരം ഡയറക്ടർ ബോർഡിൽ മൂന്നിലൊന്ന് ഡയറക്ടർമാരെ സർക്കാരിന് നിയമിക്കാം എന്ന അവകാശത്തിനു പുറമേ മറ്റെന്തെങ്കിലും അധികാരങ്ങൾ സർക്കാരിന് കൊടുക്കുന്ന ധാരണാ പത്രങ്ങളോ ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റോ വോട്ടിംഗ് എഗ്രിമെന്റോ നിലവിലില്ല. സർക്കാരിന് കണ്ണൂർ വിമാനത്താവള കമ്പനിയുടെ ബോർഡിൽ ഭൂരിപക്ഷം ഇല്ലാത്തതിനാലും മറ്റ് നിയന്ത്രണങ്ങൾ ഒന്നും ഇല്ലാത്തതിനാലും മുകളിൽ സൂചിപ്പിച്ച മറ്റു വ്യവസ്ഥകൾ കൂടി കണക്കിലെടുത്തും പാർലമെന്റ് പാസ്സാക്കിയ 2013-ലെ കമ്പനി നിയമമനുസരിച്ച് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ഒരു സർക്കാർ കമ്പനിയോ സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനിയോ അല്ല. ആയതു കാരണം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടത് കമ്പനിയുടെ ഉടമസ്ഥരായ ഓഹരി ഉടമകൾ നിയമിക്കുന്ന ഓഡിറ്റർ ആണ്.

കണ്ണൂർ വിമാനത്താവള കമ്പനിയിൽ 32.99 ശതമാനം ഓഹരി നിക്ഷേപം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്.

മേൽ കാരണങ്ങളാൽ കിയാലിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ സി. & എ.ജി. -ക്ക് അധികാരമില്ലായെന്ന് ചൂണ്ടിക്കാണിച്ച് കിയാൽ എം.ഡി. കത്ത്

നൽകിയിരുന്നു. ഇതിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശവും ഈ നിലയിൽ തന്നെയാണ്. ഈ സാഹചര്യത്തിൽ കണ്ണൂർ വിമാനത്താവള കമ്പനിയെ ഏതുവിധത്തിൽ ഓഡിറ്റ് ചെയ്യണമെന്ന് സർക്കാരിന് നിഷ്കർഷിക്കാനാകില്ല.

(സി) 2019 സെപ്റ്റംബർ 30-ൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഓഹരി ഘടന താഴെ വിവരിക്കും പ്രകാരമാണ്:

| | | |
|---|---|---|
| 1 | കേരള സർക്കാർ | 32.99% |
| 2 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 17.88 % |
| 3 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1.95% |
| 4 | എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ | 8.25% |
| 5 | ക്വാളിഫൈഡ് ഇൻസ്റ്റിറ്റ്യൂഷണൽ ബയ്യേഴ്സ്, വ്യക്തികൾ, കമ്പനികൾ, സഹകരണ ബാങ്കുകൾ/ സൊസൈറ്റികൾ,സമയാ സമയങ്ങളിൽ ഡയറക്ടർ ബോർഡ് അംഗീകരിക്കുന്ന നിയമാനുസൃത സ്ഥാപനങ്ങൾ എന്നിവർ ഉൾപ്പെടെ | 38.93% |

സർക്കാർ 32.99 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 19.84 ശതമാനവും ഓഹരിയാണുള്ളത്.

## പൊതുവിതരണ സമ്പ്രദായത്തിൽ സുതാര്യത

9(*158) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി വിപുലീകരിക്കുന്നതിനും റേഷൻ കടകൾക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ ശബരി ഉല്പന്നങ്ങൾ റേഷൻ കട വഴി വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സമ്പൂർണ്ണ ഡിജിറ്റൈസേഷൻ നടപ്പാക്കിയിട്ടും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ലെന്ന

വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ; സോഷ്യൽ ആഡിറ്റ് പ്രാവർത്തികമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) പൊതുവിതരണ സമ്പ്രദായത്തിൽ സുതാര്യത ഉറപ്പുവരുത്താനായി ഭക്ഷ്യ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി വിപുലീകരണം, റേഷൻ കടകളിലെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം, വ്യാപാരികളുടെ വരുമാന വർദ്ധനവ് എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട്, സംസ്ഥാനത്തെ റേഷൻ കടകളിലൂടെ സപ്ലൈകോയുടെ ശബരി ബ്രാന്റിലുള്ള ഉൽപ്പന്നങ്ങളും കുടിവെള്ളവും വിൽപ്പന നടത്തുന്ന പദ്ധതിക്ക്, കൊട്ടാരക്കര, കരുനാഗപ്പള്ളി താലൂക്കുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടക്കം കുറിക്കുകയും അത് വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് മറ്റു താലൂക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് താൽപ്പര്യവും അതിനുള്ള ഭൗതിക സാഹചര്യവും ഉള്ള റേഷൻ വ്യാപാരികളിൽ നിന്ന് ആവശ്യകതയ്ക്ക് അനുസരിച്ചാണ് വിതരണം നടത്തി വരുന്നത്.

(ബി) സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കിയിട്ടും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ലെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇ-പോസ് മുഖാന്തിരവും അല്ലാതെയുമുള്ള പരിശോധനകൾ എല്ലാ മാസവും എല്ലാ താലൂക്കുകളിലും കൃത്യമായി നടത്തിവരുന്നുണ്ട്. ഇപ്രകാരം സിവിൽ സപ്ലൈസ് വിജിലൻസ് വിഭാഗം നടത്തിയ പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയ റേഷൻ ഡിപ്പോ ലൈസൻസികളിൽ നിന്നും 03/2018 മുതൽ നാളിതുവരെ 4,35,951 രൂപ സർക്കാരിലേക്ക് കണ്ടു കെട്ടുകയും 41 റേഷൻ ഡിപ്പോകളുടെ അംഗീകാരം താത്കാലികമായി റദ്ദ് ചെയ്യുകയും ക്രമക്കേടുകൾ പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് പരിശോധനകൾ കൂടുതൽ കാര്യക്ഷമമായി നടത്തി ഉചിതമായ ശിക്ഷാനടപടികൾ കെ.ആർ.ഒ. അനുശാസിക്കുംപ്രകാരം നടത്തിവരികയും ചെയ്യുന്നുണ്ട്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്റ്റ് Tata Institute of Social Sciences (TISS) ന്റെ

സഹായത്തോടെ നടത്തിയിട്ടുണ്ട്. ടി പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള 107, 114, 116,77 എന്നീ റേഷൻ കടകളിലാണ് നടത്തിയത്. സംസ്ഥാന വ്യാപകമായിട്ടുള്ള സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള ഏജൻസിയായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 16-ാം വകുപ്പിലെ (1)-ഉം (2)-ഉം ഉപവകുപ്പുകളും കേരളാ ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ, 2018-ന്റെ 31-ഉം 39-ഉം ചട്ടങ്ങളും പ്രകാരം 17-7-2019-ലെ G.O.(P)No.15/2019/F&CSD ഉത്തരവിലൂടെ S.R.O. No. 516/2019 വിജ്ഞാപനം മുഖേന സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു. ശ്രീ. കെ. വി. മോഹൻകുമാർ, ഐ.എ.എസ്. (റിട്ട) ചെയർമാനും സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗങ്ങളായി.

1. ശ്രീ. വി. രമേശൻ (പട്ടികജാതി വിഭാഗം)
2. ശ്രീമതി എം. വിജയലക്ഷ്മി (പട്ടികവർഗ്ഗ വിഭാഗം)
3. അഡ്വ. ബി. രാജേന്ദ്രൻ (പൊതുവിഭാഗം)
4. ശ്രീ. കെ. ദിലീപ്കുമാർ (പൊതുവിഭാഗം)
5. ശ്രീമതി പി. വസന്തം (വനിതാ വിഭാഗം)

എന്നിവരും മെമ്പർ സെക്രട്ടറി ശ്രീമതി ശ്രീജ. കെ.എസ്.-ഉം അടങ്ങുന്നതാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ.

**ട്രോമാ കെയർ സംവിധാനം**

10(*159) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോകോത്തര നിലവാരത്തിലുള്ള ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി അപ്പെക്സ് ട്രെയിനിംഗ് & സിമുലേഷൻ സെന്റർ രൂപീകരിക്കാൻ ധാരണയായിട്ടുണ്ടോ; പ്രസ്തുത സെന്റർ കൊണ്ടുദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വിവിധ മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ദക്ഷിണേന്ത്യയിലെ ടെറിഷറി ലെവൽ അപ്പെക്സ് സ്ഥാപനവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയറും എമർജൻസി സംവിധാനവും സംബന്ധിച്ച അപ്പെക്സ് സിമുലേഷൻ ട്രെയിനിംഗ് സെന്റർ ഫോർ എമർജൻസി ആന്റ് ട്രോമാ കെയർ സ്ഥാപിക്കുന്നതിന് കേരള സർക്കാരുമായി റ്റാറ്റാ ട്രസ്റ്റ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം അടിസ്ഥാന സൗകര്യങ്ങളും വെള്ളവും വൈദ്യുതിയും ട്രെയിനിംഗിനുമുള്ള ആരോഗ്യ പ്രവർത്തകരേയും കേരള സർക്കാരാണ് നൽകുന്നത്. അപ്പെക്സ് സിമുലേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിനായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറും ഒന്നാം നിലയും വിട്ടുനൽകുന്നതിന് 12-10-2019- ലെ ജി.ഒ.(ആർ.ടി.) നമ്പർ 2427/2019/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ വിനിയോഗിച്ച് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി 12 കോടി രൂപ ചെലവിൽ റ്റാറ്റാ ട്രസ്റ്റാണ് അപ്പെക്സ് സിമുലേഷൻ ട്രെയിനിംഗ് സെന്റർ ഫോർ എമർജെൻസി ആന്റ് ട്രോമാ കെയർ സ്ഥാപിക്കുന്നത്. ഈ സ്ഥാപനത്തിൽ ഡോക്ടർമാരും നഴ്സുമാരും നഴ്സിംഗ് അസിസ്റ്റന്റുമാരും മെഡിക്കൽ വിദ്യാർത്ഥികളും എമർജൻസി മെഡിക്കൽ വിദ്യാർത്ഥികളും എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാരും ട്രെയിനികളുടെ ട്രെയിനർമാരും ഉൾപ്പെടെ 9000 ആരോഗ്യ പ്രവർത്തകർക്ക് 2 വർഷം കൊണ്ട് ട്രോമാകെയർ, എമർജൻസി എന്നീ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്നതാണ്. 2 വർഷത്തെ ട്രെയിനിംഗ് പൂർത്തിയാക്കുമ്പോൾ തുടർ പരിശീലനങ്ങൾക്കായി ടി സ്ഥാപനം സർക്കാരിന് കൈമാറുന്നതാണ്. നിശ്ചിത ട്രെയിനിംഗ് മൊഡ്യൂൾ പ്രകാരം ട്രോമയിലാവുന്ന രോഗികളെ പരിചരിക്കുന്നതിനും അവരെ ഒരു സ്ഥലത്തു നിന്നും മറ്റൊരിടത്തേയ്ക്ക് മാറ്റുന്നതിനും എമർജെൻസി സേവനം തുടങ്ങിയവ ഏറ്റവും ആധുനികമായ രീതിയിൽ നൽകുന്നതിനുമുള്ള പരിശീലനവും വിഭാവനം ചെയ്തിരിക്കുന്നു. പരിശീലനം ലഭിച്ചവരുടെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനും പുതിയ രീതികൾ പരിശീലിക്കുന്നതിനും തുടർപരിശീലനം നൽകുന്നതിനുമുള്ള സൗകര്യവും ലഭ്യമാക്കും.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എമർജൻസി വിഭാഗത്തിൽ 41 ഡോക്ടർമാരുടെ തസ്തികകളും 65 പാരാമെഡിക്കൽ തസ്തികകളും സൃഷ്ടിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇതിനാവശ്യമായ അത്യാധുനിക ഉപകരണങ്ങളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. കോട്ടയം മെഡിക്കൽ കോളേജിലും 17 തസ്തികകൾ എമർജെൻസി വിഭാഗത്തിനായി സൃഷ്ടിച്ച് പ്രവർത്തനം പുനഃസംഘടിപ്പിച്ചു വരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ വിഭാഗത്തിൽ പി.ജി. കോഴ്സും നടത്തി വരുന്നുണ്ട്.

**പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ നടപടി**

11(*160) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുമ്പ് മലപ്പുറത്തും എറണാകുളത്തും ഇപ്പോൾ ഓച്ചിറയിലും ഡിഫ്തീരിയ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ മാതാപിതാക്കളുടെ അജ്ഞതയും അന്ധവിശ്വാസവും കൊണ്ട് സംസ്ഥാനത്തെ ശിശുക്കളിൽ പത്ത് ശതമാനത്തോളം പേർ പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കാതെ വിവിധ മാരക രോഗങ്ങൾക്കിരയാകുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വൈകല്യങ്ങളില്ലാത്തതും ആരോഗ്യമുള്ളതുമായ ജീവിതം കുട്ടികളുടെ അവകാശമായതിനാൽ എല്ലാ ശിശുക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(സി) ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിനും കുഞ്ഞുങ്ങളിലെ വൈകല്യം നേരത്തെ തന്നെ കണ്ടെത്തി ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) എല്ലാ ശിശുക്കൾക്കും ദേശീയ പ്രതിരോധ വാക്സിനേഷൻ പദ്ധതിയിൽ (Universal Immunization Programme) ഉൾപ്പെട്ട വാക്സിനുകൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഐ.എ.പി. (ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസവവും നടക്കുന്ന സർക്കാർ ആശുപത്രികളിൽ NBCC (New Born Care Corner) തുടങ്ങി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (New Born Stabilization Unit), SNCU (Special New Born Care Unit) എന്നിവ തുടങ്ങുകയും ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വാങ്ങി ആശുപത്രികൾക്ക് നൽകിയും ശിശുമരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു.

നവജാത ശിശുക്കളിലെ മെറ്റാബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി New Born Screening Programme നടപ്പിലാക്കി വരുന്നു.

ജന്മനായുള്ള ഹൃദ്രോഗം, യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഉള്ള പദ്ധതിയാണ് ഹൃദ്യം. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുവാനും ഫോളോ അപ്പ് നടപടികളെ ഏകീകരിക്കുവാനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തിരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ പദ്ധതി 2017 ആഗസ്റ്റ് മുതൽ ആരംഭിച്ചു.

18 വയസ്സിന് താഴെയുള്ള കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടു പിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും സാധാരണയായി കണ്ടുവരുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനന വൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ ആരോഗ്യകിരണം, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതികൾ പ്രകാരം സൗജന്യമാണ്.

എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ശിശു മരണം ഒഴിവാക്കുന്നതിനും ജനിതക രോഗങ്ങളും നേരത്തെയുള്ള പ്രസവംമൂലമുള്ള മരണങ്ങൾ കുറയ്ക്കുന്നതിനും ആധുനിക രീതിയിലുള്ള സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പ്രസവ മുറികളും ഓപ്പറേഷൻ തീയേറ്ററുകളും നൃബോൺ നഴ്സറികളും കൃത്യമായി അണുവിമുക്തമാക്കുകയും ചെയ്തു വരുന്നു. കൂടാതെ 'ലക്ഷ്യ' പദ്ധതിയുടെ ഭാഗമായി എല്ലാ ആശുപത്രികളിലെയും പ്രസവ മുറികളും ഓപ്പറേഷൻ തീയറ്ററുകളും ആധുനികവത്കരിക്കുകയാണ്. ജനനത്തോടെ ആരോഗ്യക്കുറവുള്ള കുഞ്ഞുങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിനായി ആശുപത്രികളിലും OBN, IBN നഴ്സറികൾ പ്രവർത്തിച്ചുവരുന്നു. ശിശുക്കളുടെ ചികിത്സയ്ക്കായി വെന്റിലേറ്ററുകൾ Surfactant therapy, CPAD machines, warmer തുടങ്ങിയ ഉപകരണങ്ങൾ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ശലഭം, ശ്രുതി തരംഗം എന്നീ പദ്ധതികൾ വഴി ശിശുക്കൾക്ക് ഉണ്ടാകുന്ന കാഴ്ച, കേൾവി വൈകല്യങ്ങൾ പരിശോധിച്ച് കണ്ടെത്തുകയും മറ്റ് വൈകല്യങ്ങൾ കണ്ടെത്തുന്നതിനായി രക്തപരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. 'RBSK' പദ്ധതി പ്രകാരം ശിശുക്കൾക്ക് പതിനെട്ട് വയസ്സ് വരെ ജന്മനായുള്ള മാരക രോഗങ്ങൾക്കും 'ആരോഗ്യ കിരണം' പദ്ധതി പ്രകാരം ജന്മനാ അല്ലാതെ വരുന്ന മാരക രോഗങ്ങൾക്കും സൗജന്യ ചികിത്സ നൽകി വരുന്നു. ജന്മനായുള്ള ഹൃദയസംബന്ധമായ അസുഖങ്ങൾ കണ്ടെത്തി ചികിത്സ നൽകുകയും മരണനിരക്ക് കുറയ്ക്കുന്നതിനുമായി 'ഹൃദ്യം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാസം തികയാതെയുള്ള പ്രസവത്തെ തുടർന്ന് കുഞ്ഞുങ്ങളുടെ മരണം കുറയ്ക്കുന്നതിനായി മുലയൂട്ടൽ അവബോധ ക്ലാസ്സുകൾ, REIC-യുടെ സേവനം, അണുബാധകൾ കുറയ്ക്കുന്നതിനായുള്ള നടപടികൾക്കായി ഇൻഫെക്ഷൻ കൺട്രോൾ മീറ്റിംഗുകൾ എന്നിവ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കൃത്യമായി നടന്നുവരുന്നു.

### പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം

12(*161) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള, തമിഴ്നാട് മുഖ്യമന്ത്രിമാർ തമ്മിൽ നടത്തിയ ചർച്ചയിൽ ഇരു സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട നദീജല പ്രശ്നങ്ങളിൽ ഏതൊക്കെ പരിഗണിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യേണ്ട കാലാവധി കഴിഞ്ഞ് ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും പുനരവലോകനം നടത്താൻ തയ്യാറാകാത്ത തമിഴ്നാട് സർക്കാരിന്റെ നിലപാടിൽ മാറ്റമുണ്ടായിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ചുള്ള തുടർനടപടികളിൽ ഉണ്ടായ ധാരണകൾ വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടും തമ്മിൽ 25-9-2019-ൽ തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ, പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം, തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങൾ, ആനമലയാർ, നീരാർ-നല്ലാർ ഡൈവേർഷനുകൾ, ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ ശാക്തീകരണം, പാണ്ടിയാർ-പുന്നപ്പുഴ പദ്ധതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി.

(ബി) പ്രസ്തുത ചർച്ചയിൽ, പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്.

(സി) ചർച്ചയിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ തീരുമാനിക്കുകയുണ്ടായി.

(1) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ, ഓരോ സംസ്ഥാനത്തിലേയും അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾ കൂടി പരിഗണിക്കുന്നതാണ്.

i) ആനമലയാർ വഴി 2.5 ടി.എം.സി. വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം;

ii) പറമ്പിക്കുളം-ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ;

iii) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ

2) ചാലിയാർ പുഴയുടെ രണ്ട് കൈവഴികൾ ഉൾപ്പെടുന്ന പാണ്ടിയാർ-പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽ നിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

3) കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറ് മാസം ഇടവിട്ട് തിരുവനന്തപുരത്തും ചെന്നൈയിലും യോഗം ചേരാൻ തീരുമാനിച്ചു.

## നവകേരള നിർമ്മാണത്തിനായി വികസന പങ്കാളി സംഗമം

13(*163) ശ്രീ. കെ. ബാബു:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. പി. വി. അൻവർ:

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിനായി വിവിധ മേഖലകളിലെ അനുകരണീയ മാതൃകകളുടെ അടിസ്ഥാനത്തിൽ സമഗ്ര വികസന പദ്ധതിയ്ക്ക് അടിത്തറയേകാനായി നടത്തിയ രാജ്യാന്തര വികസന പങ്കാളി സംഗമത്തിൽ ഉരുത്തിരിഞ്ഞു വന്ന പ്രധാന ആശയങ്ങൾ വിശദമാക്കാമോ;

(ബി) ലോകബാങ്ക് സംസ്ഥാനത്തെ ഒരു വികസന പങ്കാളിയായി അംഗീകരിച്ചുകൊണ്ട് നൽകി വരുന്ന സഹായം എന്തെല്ലാമാണ്; മറ്റ് അന്താരാഷ്ട്ര ഏജൻസികളുമായി പുനർനിർമ്മാണത്തിനു വേണ്ട സഹായം സംബന്ധിച്ച് ആശയവിനിമയം നടത്തിയിട്ടുണ്ടോ; പുനർനിർമ്മാണ പ്രവർത്തനത്തിന് കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ;

(സി) സാമ്പത്തിക സഹായത്തോടൊപ്പം ഉചിതമായ സാങ്കേതികവിദ്യയുടെ ലഭ്യതയ്ക്കും മറ്റ് സാങ്കേതിക സഹായത്തിനും നടത്തി വരുന്ന ശ്രമം വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) നവകേരള നിർമ്മാണം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിന് സാമ്പത്തിക-സാങ്കേതിക മേഖലയിലുൾപ്പെടെ ബഹുമുഖവും സമഗ്രവുമായ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് ലോകബാങ്ക് സംസ്ഥാനത്തെ ഒരു വികസന പങ്കാളിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

സ്ഥാപനതല പരിഷ്കരണങ്ങളും ശേഷി വർദ്ധിപ്പിക്കലും, തദ്ദേശ സ്വയംഭരണ, ജനകേന്ദ്രീകൃത വികസനം, മാലിന്യ സംസ്കരണം, അതിജീവനക്ഷമത, ജലവിഭവം, ജലവിതരണം, പരിസ്ഥിതി സൗഹൃദ വികസനം തുടങ്ങിയ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത വികസന സംഗമത്തിൽ ചർച്ചാവിഷയമായി.

നഗര സമ്പദ് വ്യവസ്ഥ, ടൂറിസം, പ്രവാസി നിക്ഷേപം എന്നിവ നവകേരളത്തിന്റെ വളർച്ചയ്ക്ക് വളരെയധികം പ്രയോജനപ്പെടുത്താനാകുമെന്ന അഭിപ്രായവും വികസന സംഗമത്തിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

ഇതിനുപുറമെ, JICA, ADB, KfW എന്നിവയടക്കമുള്ള സ്ഥാപനങ്ങൾ 'കേരള പുനർനിർമ്മാണ വികസന പരിപാടി'യെ സ്വാഗതം ചെയ്യുകയും പദ്ധതിയുടെ ഭാഗമാകുന്നതിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു.

ഇത്തരത്തിൽ നവകേരളം, കെട്ടിപ്പടുക്കുന്നതിന് വേണ്ട ബഹുതലസ്പർശിയായ ആശയങ്ങളും നിർദ്ദേശങ്ങളും സഹായ സഹകരണ വാഗ്ദാനങ്ങളും വികസനപങ്കാളി സംഗമത്തിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്.

(ബി) സംസ്ഥാനവുമായുള്ള വികസന പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ അതിജീവനക്ഷമമായ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലോക ബാങ്ക്, വികസന നയ വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായ 1779.58 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. പദ്ധതി കേന്ദ്രീകൃതമായ ധനസമാഹരണ സഹായങ്ങൾക്കുപരിയായി, സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതി നടക്കമുള്ള, സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള സഹകരണമാണ് വികസന പങ്കാളിത്തം ലക്ഷ്യം വയ്ക്കുന്നത്.

ഇതിനുപുറമേ, ADB-യിൽ നിന്നും 250 മില്യൺ ഡോളർ വായ്പ സമാഹരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ജർമൻ ബാങ്കായ KfW- ൽ നിന്ന് 170 മില്യൺ യൂറോ വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പ് വയ്ക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

പ്രളയത്തെ തുടർന്ന് ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം നെതർലാന്റ്സ് സന്ദർശിച്ച് പ്രളയ ദുരന്ത ലഘൂകരണത്തിന് അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിലയിരുത്തിയതിൽ നിന്നും 'റിവർ ട്രെയിനിംഗ്', 'റൂം ഫോർ റിവർ' മുതലായ സാങ്കേതിക മാതൃകകൾ കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ പ്രവർത്തികമാക്കുന്നത് സംബന്ധിച്ച പഠനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കസ്റ്റഡി മരണങ്ങളിൽ സി.ബി.ഐ. അന്വേഷണം

14(*164) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി കസ്റ്റഡി മരണം ഉണ്ടാകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) നെടുങ്കണ്ടത്ത് പോലീസ് കസ്റ്റഡിയിൽ രാജ്കുമാറും പാവറട്ടിയിൽ എക്സൈസ് കസ്റ്റഡിയിൽ രഞ്ജിത് കുമാറും മരിച്ചത് അതിക്രൂരമായ മർദ്ദനം ഏറ്റതിനാലാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് വെളിപ്പെടുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്ത് ഇനി കസ്റ്റഡി മരണം ഉണ്ടായാൽ അവ സി.ബി.ഐ. അന്വേഷണത്തിന് വിടുവാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) രാജ്കുമാറിന്റെയും രഞ്ജിത് കുമാറിന്റെയും കസ്റ്റഡി മരണത്തിന്മേൽ സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ഇ) പോലീസ് കസ്റ്റഡി മരണത്തെക്കുറിച്ച് അതേ ഏജൻസി അന്വേഷിച്ചാൽ സത്യം പുറത്തുവരികയില്ലെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണോ പ്രസ്തുത തീരുമാനം എടുത്തതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) സംസ്ഥാനത്ത് തുടർച്ചയായി കസ്റ്റഡി മരണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) അപ്രകാരം ഒരു തീരുമാനം സർക്കാർ എടുത്തിട്ടില്ല.

(ഡി) രാജ്കുമാറിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുന്നതിന് 16-8-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 122/2019/ആഭ്യന്തരം പ്രകാരം സി.ബി.ഐ.-യ്ക്ക് കൈമാറി നൽകി. പ്രസ്തുത കേസിന്റെ കേസ് ഡയറിയും സി.ബി.ഐ.-യ്ക്ക് നൽകിയിട്ടുണ്ട്. രഞ്ജിത് കുമാറിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കുന്നതിന് 11-10-2019 -ലെ സർക്കാർ ഉത്തരവ് (എം.എസ്. ) നമ്പർ 151/2019/ആഭ്യന്തരം പ്രകാരം സി.ബി.ഐ.-യ്ക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. ഈ കേസ്സിന്റെ രേഖകൾ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) 'സി' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**വൻകിടേതര തുറമുഖങ്ങളുടെ വികസനം**

15(*165) <u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കണ്ടെയ്നർ കപ്പലുകളുടെയും ബാർജ്ജുകളുടെയും സർവ്വീസ് ആരംഭിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) വൻകിടേതര തുറമുഖങ്ങളുടെ വികസനത്തിനായി മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കണ്ടെയ്നർ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ കൊല്ലം, അഴീക്കൽ തുറമുഖങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു. നിലവിലുള്ള സർവ്വീസുകൾ നിലനിർത്തുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ശ്രമങ്ങൾ നടത്തി വരികയാണ്.

(ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം പോർട്ടിന്റെ ആദ്യഘട്ടമായ 101 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. 2-ാം ഘട്ട വികസനത്തിന്റെ ഭാഗമായി ബെർത്തിന്റെ നീളം 175 മീ. ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 18.5 കോടി രൂപയാണ് ആദ്യഘട്ട നിർമ്മാണത്തിന് വേണ്ടി കണക്കാക്കിയിരിക്കുന്ന ചെലവ്. സാഗർമാല പദ്ധതിയിലെ coastal Berth Scheme-ൽ ഉൾപ്പെടുത്തി പ്രസ്തുത പ്രോജക്ടിന് കേന്ദ്ര സർക്കാർ 7.23 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

അഴീക്കലിൽ തുറമുഖം വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ കരട് റിപ്പോർട്ട് Sagarmala-യിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി 2016-ൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയുമാണ്. അതനുസരിച്ച് 'Azhikkal Port Limited' എന്ന കമ്പനി രൂപീകരിച്ച് TEFR, DPR എന്നിവ തയ്യാറാക്കുന്നതിനും EIA Study നടത്തുന്നതിനുമായി M/s.HOWE Engineering (Projects) Ltd. എന്ന Technical Consultant -നെ നിയോഗിച്ചിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് വികസനത്തിനുവേണ്ടി സമർപ്പിച്ച 3 പ്രൊപ്പോസലുകൾക്ക് സാഗർമാലയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി ഇൻഡ്യൻ പോർട്ട് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IPRCL)-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ക്യാപ്പിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള DPR തയ്യാറാക്കാൻ KITCO-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. KITCO-യുടെ റിപ്പോർട്ട് പരിശോധിച്ച് സാഗർമാലയിൽ നിന്നുള്ള ധനസഹായത്തിന് സമർപ്പിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വെയിംഗ് മെഷീൻ, ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷ പൂർണ്ണമായും മലയാളത്തിലാക്കുവാൻ നടപടി

16(*166) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതൊക്കെ തലത്തിലുള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളാണ് മലയാളത്തിൽ എഴുതുവാൻ ഉദ്യോഗാർത്ഥികൾക്ക് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഡിഗ്രി യോഗ്യതയുള്ള ജോലികൾക്കായി പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് നൂറിൽ എത്ര മാർക്കിന്റെ ചോദ്യങ്ങളാണ് മലയാള ഭാഷയുമായി ബന്ധപ്പെടുത്തി ചോദിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളും പൂർണ്ണമായും മലയാളത്തിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് പി.എസ്.സി. നടത്തുന്നതെന്ന് അറിയിക്കാമോ?

(ഡി) ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ ഉള്ള ചോദ്യങ്ങൾ മലയാളത്തിൽ ലഭ്യമാക്കുവാൻ വേറെ ആരുടെയെങ്കിലും സഹകരണം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പത്താം ക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്കെല്ലാം നിലവിൽ മലയാളത്തിൽത്തന്നെയാണ് പരീക്ഷകൾ നടത്തുന്നത്. മുഖ്യമന്ത്രി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്ലസ് ടു തലം വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകൾ നിഷ്കർഷിച്ചിട്ടില്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾ കൂടി മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ബിരുദം യോഗ്യതയായിട്ടുള്ള തസ്തികകളുടെ പരീക്ഷകൾക്ക് 10 മാർക്കിന് ഭാഷാചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) പ്ലസ് ടു-വിന് മുകളിൽ ഉയർന്ന യോഗ്യത നിഷ്കർഷിച്ചിട്ടുള്ള തസ്തികകൾക്കും സാങ്കേതിക യോഗ്യത നിഷ്കർഷിച്ചിട്ടുള്ള തസ്തികകൾക്കുമുള്ള പരീക്ഷകളുടെ ചോദ്യകർത്താക്കൾക്ക് (കേരളത്തിന് പുറത്തുള്ള ചോദ്യ കർത്താക്കൾക്ക് ഉൾപ്പെടെ) മലയാളത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനും അല്ലെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങൾ ശരിയായി മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തുന്നതിനും പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, വിവിധ സർവ്വകലാശാല വൈസ് ചാൻസലർമാർ, ഭാഷാവിദഗ്ദ്ദർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ യോഗം ചേർന്ന് സാങ്കേതികപദങ്ങൾക്ക് മലയാളത്തിൽ തുല്യ പദങ്ങൾ കണ്ടെത്തി ഇവയുടെ മലയാള പദാവലി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകളുടെ ചോദ്യപേപ്പറുകൾ മലയാളത്തിൽ കൂടി നൽകുവാൻ സാധിക്കുന്നതാണ്.

**മാവേലി സ്റ്റോർ വഴിയുള്ള സബ്സിഡി സാധനങ്ങളുടെ വിതരണം**

17(*167) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇവ ഫലപ്രദമല്ലെന്ന

ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിപണി ഇടപെടലുകൾക്ക് നടപടി സ്വീകരിക്കുമോ;

(ബി) മാവേലി സ്റ്റോറുകളിൽ നിന്നുമുള്ള സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) മാവേലി സ്റ്റോറുകളിലെ ഫാസ്റ്റ് മൂവിംഗ് കൗണ്ടർ ഗുഡ്സ് വിഭാഗത്തിൽപ്പെട്ട സാധനങ്ങൾ മാസത്തിന്റെ രണ്ടാം പാദം കഴിയുമ്പോൾ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) അവശ്യസാധനങ്ങളുടെ വില നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ മുഖേന പ്രവർത്തിക്കുന്ന വിപണി ഇടപെടൽ സംവിധാനം നിലവിലുണ്ട്. സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടി, വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുന്നതിനുള്ള നടപടി, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടി, ഗൃഹോപകരണങ്ങളുടെ വില്പന എന്നിവയിലൂടെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിനും സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം സബ്സിഡി സാധനങ്ങളും 36 ഇനം അവശ്യസാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാന്റഡ് കമ്പനികളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ എന്നിവ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വില്പന നടത്തുന്നു. ഇ-ടെണ്ടർ, ഇ-ഓക്ഷൻ മാർഗ്ഗങ്ങളിലൂടെ ആവശ്യാനുസരണം അവശ്യ വസ്തുക്കൾ സംഭരിക്കുകയും അരി, സവാള തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചപ്പോൾ ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുകയും

ചെയ്തു വരുന്നു. പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം നാഫെഡിൽ നിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് എന്നിവയും സംഭരിക്കുന്നുണ്ട്. വിൽപ്പനശാലകളുടെ എണ്ണം 1529-ൽ നിന്നും 1571 ആയി വർദ്ധിപ്പിക്കുകയും പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 109 വിൽപ്പനശാലകൾ നവീകരിക്കുകയും 40 ശതമാനം വിലക്കുറവിൽ ഗൃഹോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

(ബി) ഉണ്ട്. സപ്ലൈകോയിലെ ചില ഔട്ട്‌ലെറ്റുകളിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയപ്പോൾ ഷോപ്പ് മാനേജർമാർ കാർഡ് ഉടമ അറിയാതെ അയാളുടെ റേഷൻ കാർഡ് നമ്പർ അനധികൃതമായി ഉപയോഗിച്ച് സബ്സിഡി സാധനങ്ങൾ ദുരുപയോഗം ചെയ്ത് എടുത്തിട്ടുള്ളതായി കണ്ടിരുന്നു. ഇത്തരത്തിൽ ക്രമക്കേടിന് ഉത്തരവാദികളായ ഷോപ്പ് മാനേജർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാനും ദുരുപയോഗം ചെയ്തെടുത്ത സബ്സിഡി സാധനങ്ങളുടെ പൊതുവിപണിയിലുള്ള വില ഈടാക്കുവാനും ഉള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സബ്സിഡി സാധനങ്ങൾ യഥാർത്ഥ കാർഡുടമയ്ക്ക് തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ റേഷൻ കാർഡ് ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിലാണ് വിതരണം നടത്തുന്നത്. വിതരണ വിവരങ്ങൾ ഉപഭോക്താവിന്റെ റേഷൻ കാർഡിൽ രേഖപ്പെടുത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ മാർഗ്ഗങ്ങളിലൂടെ ആവശ്യാനുസരണം അവശ്യവസ്തുക്കൾ സംഭരിച്ച് വിൽപ്പനശാലകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സംസ്ഥാന പുനർനിർമ്മാണത്തിനായി ഡെവലപ്മെന്റ് പാർട്ണേഴ്സ് കോൺക്ലേവ്

18(*168) ശ്രീ. പി. വി. അൻവർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് രാജ്യാന്തര ഏജൻസികളുടെ സാമ്പത്തിക സഹായം നേടുന്നതിനായി ഡെവലപ്മെന്റ് പാർട്ണേഴ്സ് കോൺക്ലേവ് സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത വികസന സംഗമത്തിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ;

(ഡി) ഏതൊക്കെ മേഖലകളിൽ വിഭവ സമാഹരണവും സാങ്കേതിക സഹായവും ലഭ്യമാക്കാനാണ് ഈ കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) ഉണ്ട്. പ്രളയാനന്തരം നടത്തിയ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നത്. ലോക ബാങ്ക്, ജർമൻ ബാങ്കായ KfW എന്നിവർക്ക് പുറമേ സാധ്യമായ മറ്റ് എല്ലാ ഇടങ്ങളിൽ നിന്നും പരമാവധി സഹായം ലഭ്യമാക്കിയാലേ പുനർനിർമ്മാണം ലക്ഷ്യത്തിലെത്തുകയുള്ളൂ. RKDP-യിലൂടെ സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനകൾ ദേശീയ അന്തർദ്ദേശീയ വികസന ഏജൻസികൾക്കുമുന്നിൽ അവതരിപ്പിച്ച്, അവരുടെ സാമ്പത്തിക സാങ്കേതിക സഹകരണവും അനുഭവ സമ്പത്തും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വികസനസംഗമം (Development Partner's Conclave) സംഘടിപ്പിച്ചത്.

ലോക ബാങ്ക്, എ.ഡി.ബി., ജർമൻ ബാങ്ക്, JICA, DIFD, UNDP, AFD, New Development Bank, Bill and Melinda Gates Foundation, Tata Trusts, IDFC, AIIB, NABARD, HUDCO തുടങ്ങിയ ദേശീയ, അന്താരാഷ്ട്ര തലങ്ങളിലുള്ള വിവിധ ഏജൻസികൾ സംഗമത്തിൽ പങ്കെടുത്തു.

(ഡി) ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിൽ സാമ്പത്തിക/സാങ്കേതിക സഹകരണം കേരള പുനർനിർമ്മാണത്തിനായി പ്രയോജനപ്പെടുത്തുകയാണ് കോൺക്ലേവ് ലക്ഷ്യമിട്ടിരുന്നത്.

## സ്ത്രീ അവസര സമത്വത്തിനും ക്ഷേമത്തിനുമുള്ള പദ്ധതികൾ

19(*169) ശ്രീ. പി. ഉണ്ണി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ദാസൻ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻഡർ ബജറ്റിലൂടെ സ്ത്രീ അവസര സമത്വത്തിനും ക്ഷേമത്തിനും ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സ്ത്രീകളെ സ്വയംപര്യാപ്തമാക്കുന്നതിന് വരുമാനദായകമായ തൊഴിലിന്റെ പ്രാധാന്യം കണക്കിലെടുത്ത് തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിന് നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(സി) അഭ്യസ്തവിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വർദ്ധിപ്പിച്ച് തൊഴിലിന് പ്രാപ്തരാക്കുന്നതിന് പ്രത്യേക പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) രാജ്യത്ത് ആദ്യമായി അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി പ്രസവാവധി അനുവദിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ മാതൃകാപരമായ തീരുമാനവും സർക്കാർ സർവ്വീസിൽ വനിതകളെ ഡ്രൈവർമാരായി നിയമിക്കാനുള്ള തീരുമാനവും പ്രാബല്യത്തിലായിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സ്ത്രീ അവസര സമത്വത്തിനും ക്ഷേമത്തിനുമായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

1. അഭയകിരണം.
2. സഹായഹസ്തം.
3. മംഗല്യപദ്ധതി.
4. പടവുകൾ.
5. അതിജീവിക.
6. സധൈര്യം മുന്നോട്ട്.

(ബി) തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിന് 2013 -ലെ Sexual Harassment of Women at Work Place (Prevention, Prohibition & Redressal) Act പ്രാവർത്തികമാക്കുന്നതിന് Nodal Agency ആയി വനിത-ശിശു വികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് അനുകൂലമായ അന്തരീക്ഷം ഉറപ്പ് വരുത്തുന്നതിന് എല്ലാ തൊഴിലിടങ്ങളിലും Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act 2013 അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി നിയമം 6-ാം വകുപ്പ് പ്രകാരം ലോക്കൽ കമ്മിറ്റികളിലേയ്ക്ക് ലഭിക്കുന്ന പരാതികൾ നിശ്ചിത സമയത്തിനുള്ളിൽ ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് 258 ശിശു വികസന പദ്ധതി ഓഫീസർമാരെ നോഡൽ ഓഫീസർമാരായി 25-9-2018-ലെ സ.ഉ. (സാധാ)നമ്പർ554/18/സാനീവ പ്രകാരം നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. നിയമത്തെക്കുറിച്ച് സ്റ്റേക്ക് ഹോൾഡേഴ്സിന് അവബോധം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 21-12-2018-ലെ 15354/leg.C2/18/Law.Kerala Shops and Commercial Establishment (Amendment) Act 2018 അനുസരിച്ച് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമം തൊഴിൽ വകുപ്പു മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) അഭ്യസ്തവിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വർദ്ധിപ്പിച്ച് തൊഴിലിന് പ്രാപ്തരാക്കുന്നതിന് സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രൊഫഷണൽ ഗ്രൂമിങ്ങ് അക്കാദമി ഫോർ വിമൻ (റീച്ച്) പ്രവർത്തിക്കുന്നുണ്ട്.

(ഡി) രാജ്യത്ത് ആദ്യമായി അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി പ്രസവാവധി അനുവദിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ മാതൃകാപരമായ തീരുമാനം പ്രാബല്യത്തിൽ വരുത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. സർക്കാർ സർവ്വീസിൽ വനിതകളെ ഡ്രൈവർമാരായി നിയമിക്കുന്നതിന് 23-8-2019-ലെ സ.ഉ.(സാധാ)നമ്പർ 526/19/സാനീവ പ്രകാരം ഉത്തരവായിട്ടുണ്ട്.

## സ്വകാര്യ മേഖലയിലെ ക്ലിനിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം

20(*170) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രോഗനിർണ്ണയങ്ങൾക്കായുള്ള പരിശോധനകൾ നടത്തുന്ന സ്വകാര്യമേഖലയിലെ ക്ലിനിക്കൽ ലബോറട്ടറികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവിടെ പരിശോധനകൾ നടത്തുന്ന ജീവനക്കാർ സർക്കാർ സ്ഥാപനങ്ങളിലേതിനുതുല്യമായ അംഗീകൃതയോഗ്യതകൾ നേടിയവരാണോയെന്ന് പരിശോധിക്കുന്നതിനും നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള പരിശോധനകളും തുടർപരിശോധനകളും നടന്നു വരുന്നുണ്ടോ എന്നറിയിക്കാമോ;

(സി) പരിശോധനയുടെ ഭാഗമായി പിഴവുകൾ കണ്ടെത്തിയാൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ&ബി) ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ടീം ലാബുകൾ പരിശോധിക്കാറുണ്ട്. പ്രസ്തുത പരിശോധനാ ടീം ഇൻഫെക്ഷൻ കൺട്രോൾ പ്രാക്ടീസസ്, ലാബ് ടെക്നീഷ്യൻമാരുടെ യോഗ്യത, ബയോ മെഡിക്കൽ വെയ്സ്റ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമത, ലാബുകളുടെ മൊത്തത്തിലുള്ള ശുചിത്വം എന്നീ കാര്യങ്ങളാണ് ശ്രദ്ധിക്കുക. ഇതിൽ എന്തെങ്കിലും വീഴ്ച സംഭവിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരം പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യും.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ കേരളത്തിലെ സ്വകാര്യമേഖലയിലേതുൾപ്പെടെയുള്ള എല്ലാ മോഡേൺ മെഡിസിൻ സ്ഥാപനങ്ങളുടേയും ഓൺലൈൻ താത്കാലിക രജിസ്ട്രേഷൻ

ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ച് സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളുടേയും താത്കാലിക രജിസ്ട്രേഷൻ നടന്നു വരികയാണ്. താത്കാലിക രജിസ്ട്രേഷൻ വേളയിൽ ഓരോ ലാബും അതതു സ്ഥാപനങ്ങളുടെ പൂർണ്ണവിവരങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും സ്റ്റാഫുകളുടെ പേരും യോഗ്യതയും ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കണം. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച കോഴ്സുകളാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി 2 വർഷമാണ്. താൽകാലിക രജിസ്ട്രേഷൻ നൽകുന്നത് പ്രസ്തുത സ്ഥാപനങ്ങൾ അപ് ലോഡ് ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ്. താൽക്കാലിക രജിസ്ട്രേഷൻ നൽകുന്നതിന് മുൻപ് സ്ഥാപന പരിശോധന ആക്ട് പ്രകാരം നടത്തുന്നില്ല. താൽകാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ രണ്ട് വർഷത്തിനകം സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുൻപ് അസെസ്സർമാർ സ്ഥാപന പരിശോധന നടത്തുകയും ഉദ്ദേശിക്കുന്ന നിലവാരമുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

(സി) പബ്ലിക് ഹെൽത്ത് ആക്ടിന്റെ പരിധിയിൽ വരുന്ന വീഴ്ചകൾ ആണെങ്കിൽ പി.എച്ച്. ആക്ട് പ്രകാരമുള്ള തുടർനടപടി എടുക്കാവുന്നതാണ്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ ലാബുകൾ ഉൾപ്പെടെ അതത് സ്ഥാപനങ്ങളിലെ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഈ മാനദണ്ഡങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടുന്നതാണ്.

**കെ-ഫോൺ പദ്ധതി**

21(*171) <u>ശ്രീ. സി. എഫ്. തോമസ്:</u>
<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. പി. ജെ. ജോസഫ്:</u>
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കെ-ഫോൺ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലക്ഷ്യമിട്ടാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ജനങ്ങൾക്ക് മിതമായ നിരക്കിൽ ഇന്റർനെറ്റ് സേവനം നൽകുവാൻ കെ-ഫോൺ പദ്ധതിക്ക് കഴിയുമോയെന്ന് അറിയിക്കാമോ;

(ഡി) കെ-ഫോൺ പദ്ധതിയുമായി സഹകരിക്കുന്നത് ഏതെല്ലാം സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ & ബി) ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON). ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)- ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.)- ന്റെയും സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സിസ്റ്റം ഇന്റഗ്രേറ്റർ ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനാണ് കെ-ഫോൺ പദ്ധതി ലക്ഷ്യമിടുന്നത്.

(ഡി) കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്- ഉം കെ.എസ്.ഇ.ബി.എൽ.-ഉം ആണ് പദ്ധതിയുമായി സഹകരിക്കുന്നത്. കൂടാതെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ റെയിൽടെൽ, എൽ.എസ്.കേബിൾ, എസ്.ആർ.ഐ.റ്റി. എന്നീ കമ്പനികളടങ്ങുന്ന കൺസോർഷ്യമാണ് പ്രസ്തുത പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി പ്രവർത്തിക്കുന്നത്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ടം

22(*172) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബറിൽ നിർമ്മാണോദ്ഘാടനം നടത്തിയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ടം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ & ബി) കരാർ പ്രകാരം പദ്ധതിയുടെ പൂർത്തീകരണ തീയതി 2019 ഡിസംബർ 3 ആണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി താഴെ കൊടുത്തിരിക്കുന്നു.

പുലിമുട്ട് (break water) നിർമ്മാണം 3.1 കി. മീറ്ററിൽ 600 മീറ്റർ പൂർത്തീകരിച്ചു. ബെർത്തിനാവശ്യമായ മുഴുവൻ പൈലുകൾ സ്ഥാപിക്കുകയും 4598 പ്രീകാസ്റ്റ് യൂണിറ്റുകളുടെ (100%) നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീകാസ്റ്റ് യൂണിറ്റുകൾ ബെർത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഡ്രഡ്ജിംഗ് റിക്ലമേഷൻ ജോലികൾ 40% പൂർത്തീകരിച്ചു. തിരുവനന്തപുരം-നാഗർകോവിൽ റെയിൽ പാതയുമായി തുറമുഖത്തെ ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനായി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കിയ ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും. ദേശീയപാതയുമായി തുറമുഖത്തെ ബന്ധിപ്പിക്കുന്ന നാലുവരി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. തുറമുഖത്തേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള ശുദ്ധ ജലവിതരണ പദ്ധതി പൂർത്തീകരിച്ചു. വൈദ്യുതി വിതരണത്തിനുള്ള കാട്ടാക്കട-ബാലരാമപുരം 220 കെ.വി. വൈദ്യുതി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിക്ക് ആവശ്യമുള്ള 3 ടഗ്ഗുകളിൽ ഒരെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. രണ്ടെണ്ണത്തിന്റെ നിർമ്മാണം ജപ്പാനിൽ പുരോഗമിക്കുന്നു. 24 യാർഡ് ക്രെയിനുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും നിർമ്മാണം ചൈനയിൽ പുരോഗമിക്കുന്നു.

പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പുരോഗതി വിലയിരുത്തിയതിൽ നിന്നും നിർദ്ദിഷ്ട കാലാവധിയിൽ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് കരുതുന്നില്ലെന്ന് ഇൻഡിപെന്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ പാറ ലഭ്യമാകാത്തതാണ് പദ്ധതി വൈകാൻ കാരണമാകുന്നത്. കരാർ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്ന് നേരിട്ടും, സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടും ആവശ്യമായ പാറ കണ്ടെത്തുന്നതിന് നിർമ്മാണ കമ്പനി ശ്രമിച്ചുവരികയാണ്. ഇതിനാവശ്യമായ അനുമതികൾ നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. പാറയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മന്ത്രി തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി എത്രയും പെട്ടെന്ന് ആവശ്യമായ അനുമതികൾ നൽകാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതു കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും പാറ കണ്ടെത്തുന്നതിനുള്ള നടപടികളും കരാർ കമ്പനി സ്വീകരിച്ചുവരുന്നുണ്ട്.

കൺസഷൻ കരാറിന്റെ ക്ലോസ് 35.5 പ്രകാരം മുൻകാലത്തുണ്ടായ പ്രളയം, ഓഖി എന്നീ കാരണങ്ങളാൽ നിർമ്മാണ കാലാവധി നീട്ടി നൽകണമെന്നുള്ള നിർമ്മാണ കമ്പനിയുടെ ആവശ്യം സ്വീകരിച്ചിട്ടില്ല.

**ഗ്രാമങ്ങളിലെ അന്ധതാനിവാരണ പ്രവർത്തനങ്ങൾ**

23 (*173) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിലെ അന്ധതാനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആരോഗ്യ വകുപ്പിന് കീഴിൽ എത്ര വിഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2019-ൽ ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അനുവദിച്ച വിഷൻ സെന്ററുകൾ ഏതൊക്കെ ആണെന്നറിയിക്കാമോ;

(സി) പ്രസ്തുത വിഷൻ സെന്ററുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ടോ; എല്ലായിടത്തും നേത്ര പരിശോധകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെല്ലാം നേത്ര പരിശോധകരുടെ സേവനം ലഭ്യമാക്കുമോയെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഗ്രാമപ്രദേശങ്ങളിലെ അന്ധതാ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിന് കീഴിൽ സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും നേത്രപരിശോധനയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാണ്. എന്നാൽ അത്തരത്തിലുള്ള നേത്ര പരിശോധനാ സെന്ററുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള വിഷൻ സെന്ററുകൾ 76 എണ്ണം സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ 2019-20 ലേയ്ക്ക് 170 വിഷൻ സെന്ററുകളും അനുവദിച്ചിട്ടുണ്ട്.

(ബി) 2019-20-ൽ ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിൽ 170 വിഷൻ സെന്ററുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2019-20-ൽ അംഗീകാരം നൽകിയ 170 വിഷൻ സെന്ററുകൾക്ക് ഭരണാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. വിഷൻ സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടി ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ വിഷൻ സെന്ററുകളിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കുടുംബാരോഗ്യകേന്ദ്രങ്ങളിലെല്ലാം തന്നെ നേത്രപരിശോധകരുടെ സേവനം മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ ലഭ്യമാക്കിയിട്ടുള്ളതാണ്.

## ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരണം

24(*174) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. കെ. രാജൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉപഭോക്തൃ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷം ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഉണ്ട്. ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2019 സെപ്റ്റംബർ 3-ന് ദേശീയ തലത്തിൽ ചേർന്ന സംസ്ഥാന ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രിമാരുടെ യോഗത്തിലെ അജണ്ടയിൽ സ്വതന്ത്ര ഉപഭോക്തൃകാര്യ വകുപ്പ് ഡയറക്ടറേറ്റ് രൂപീകരണം ഉൾപ്പെടുത്തിയിരുന്നു.

(സി) ഉണ്ട്. ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് അനുമതി നല്കുന്ന മുറയ്ക്ക് ഓഫീസ് സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി 2 കോടി രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**പി.എസ്.സി.-യെ ശാക്തീകരിക്കുന്നതിന് നടപടി**

25(*175) ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി.-ക്ക് ആവശ്യത്തിന് ഫണ്ട് അനുവദിക്കാതെ പ്രവർത്തനം മന്ദീഭവിപ്പിച്ച ചിലർ വ്യാജാരോപണങ്ങൾ ആവർത്തിച്ച് ഉദ്യോഗാർത്ഥികൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് പ്രസ്തുത സ്ഥാപനത്തെ ദുർബ്ബലപ്പെടുത്താൻ നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.പി.എസ്.സി. സിവിൽ സർവ്വീസ് പരീക്ഷയിൽ പോലും ഇന്റർവ്യൂവിന് നൽകാവുന്ന മാർക്കിന് പരിധി നിശ്ചയിച്ചിട്ടില്ലെന്നിരിക്കെ കേരള പി.എസ്.സി.-ക്കെതിരെ ഇല്ലാക്കഥ പ്രചരിപ്പിച്ച് ഉദ്യോഗാർത്ഥികളിൽ അങ്കലാപ്പ് സൃഷ്ടിക്കാൻ ശ്രമിക്കുന്ന നീക്കം ജനമധ്യത്തിൽ തുറന്നു കാട്ടാൻ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.-യുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കുന്നതിനായി മാതൃഭാഷയിൽ കൂടി ചോദ്യങ്ങൾ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് (2011-2012 മുതൽ 2015-16 വരെ) പി.എസ്.സി.-ക്ക് ആകെ 563,26,58,000 രൂപയുടെ ഫണ്ട് അനുവദിച്ചപ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ (2016-17 മുതൽ 2019-2020 വരെ) ആകെ 774,57,00,000 രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കേരള പി.എസ്.സി. ഏറ്റവും സുതാര്യമായി തന്നെയാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ വസ്തുതാവിരുദ്ധമായ ആരോപണങ്ങൾ ചിലർ ഉന്നയിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ വരുമ്പോൾ പി.എസ്.സി. തന്നെ വ്യക്തമായ വിശദീകരണം നൽകി സംശയ ദൂരീകരണം നടത്താറുണ്ട്.

(സി) നിലവിൽ 10-ാം ക്ലാസ് വരെ അടിസ്ഥാനവിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്ക് മലയാളം മാധ്യമത്തിൽ തന്നെയാണ് പരീക്ഷകൾ നടത്തിവരുന്നത്. കൂടാതെ ഹയർ സെക്കന്ററി തലം വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകൾ ആവശ്യമില്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾകൂടി മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിന് മുകളിൽ വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകളും ആവശ്യമായ തസ്തികകളിൽ ചോദ്യങ്ങൾ മാതൃഭാഷയിൽ തയ്യാറാക്കുന്നതിന് നിലവിൽ മൊഴിമാറ്റം നടത്തുന്നത് സംബന്ധിച്ച് സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കി മലയാളം പദാവലി തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സാങ്കേതിക പദങ്ങൾക്ക് തത്തുല്യമായ മലയാള പദങ്ങൾ കണ്ടെത്തുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് എല്ലാ പരീക്ഷകൾക്കും മലയാളത്തിൽ കൂടി ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തുവാൻ കഴിയുന്നതാണ്.

**പ്രളയാനന്തര പുനർനിർമ്മാണം**

26(*176) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾക്ക് വേണ്ടത്ര വേഗം ഇല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-ലെ പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) മഹാപ്രളയത്തിന് ശേഷം 2019 ആഗസ്റ്റിലും ഒക്ടോബറിലും സംസ്ഥാനത്തുണ്ടായ കനത്ത മഴ പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തുടരെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെത്തന്നെ തകിടം മറിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾക്ക് വേണ്ടത്ര വേഗം ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് കഴിഞ്ഞ സാമ്പത്തികവർഷത്തെ പദ്ധതി പുനഃക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമ്മാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്.

കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതവും കാര്യക്ഷമവുമായ നിർവ്വഹണം ഉറപ്പാക്കുവാൻ സാധിക്കുന്ന ഏജൻസികളുടെയും വിദഗ്ദ്ധ കൺസൾട്ടന്റുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും

കാര്യക്ഷമമാക്കുന്നതിനും 9-11-2018, 23-5-2019-തീയതികളിലെ സർക്കാർ ഉത്തരവുകൾ മുഖേന ഒരു ത്രിതല ഭരണ സംവിധാനവും സമഗ്രമായ വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതികളിന്മേലുള്ള ഉന്നതാധികാര സമിതിയുടെ കാലാകാലങ്ങളിലുള്ള കൃത്യമായ വിലയിരുത്തലുകളും ഉപദേശക സമിതിയുടെ നിർദ്ദേശങ്ങളും നിർവ്വഹണ സമിതിയുടെയും ആർ.കെ.ഐ.-യുടെയും സമയോചിതമായ ഇടപെടലുകളും പുനർനിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ സഹായിക്കുന്നു. വിമർശനങ്ങൾക്കതീതമായ പ്രവർത്തനങ്ങളാണ് പുനർനിർമ്മാണ പ്രക്രിയയിൽ നടപ്പാക്കാൻ ശ്രമിച്ചുവരുന്നത്.

(ബി) പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ 31-10-2019 വരെയുള്ള കണക്ക് പ്രകാരം, തകർന്ന 17411 വീടുകളിൽ 8820 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സർക്കാർ സഹായത്തോടെ ഉടമകൾ സ്വന്തമായി നിർമ്മിച്ചതും കെയർ ഹോം പദ്ധതി, സ്പോൺസർമാർ എന്നിവ മുഖേന നിർമ്മിച്ചു നൽകിയതും ഇതിൽ ഉൾപ്പെടുന്നു.

15% മുതൽ 100% വരെ തകർച്ച നേരിട്ടതായി 428512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 412853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നല്കി തീർപ്പാക്കി.

1153 കുടുംബങ്ങൾ വിവിധ കാരണങ്ങളാൽ വീടുകളുടെ പുനർനിർമ്മാണം ആരംഭിച്ചിട്ടില്ല. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളെ തുടർച്ചയായ മഴ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ഡി) തുടരെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് കനത്ത വെല്ലുവിളി ഉയർത്തുന്നുണ്ട്. പ്രളയങ്ങളെത്തുടർന്നുള്ള പുനർനിർമ്മാണത്തിന് വൻ സാമ്പത്തിക മുതൽമുടക്ക് വേണ്ടതാണ്. 2018-ലും 2019-ലും ഉണ്ടായ മഴക്കെടുതിയും വെള്ളപ്പൊക്കവും വീടുകൾക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾക്കും കാർഷിക വിളകൾ, കന്നുകാലികൾ, ഉപജീവന മാർഗ്ഗങ്ങൾ, കച്ചവടം, ആവാസ വ്യവസ്ഥ, ജൈവവൈവിദ്ധ്യം മുതലായവയ്ക്കും വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കി. പ്രളയദുരന്തം സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതം, നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ

സർക്കാർ കൈക്കൊണ്ട നടപടികളെ ബാധിക്കാൻ ഇടയുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്തുന്നതിന് വായ്പാപരിധി ഉയർത്തുന്നതിനുമുള്ള ആവശ്യത്തിൻമേൽ കേന്ദ്രസർക്കാരിൽ നിന്നുള്ള തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല.

പ്രളയത്തെത്തുടർന്ന് 2018-19 വർഷത്തെ വാർഷിക പദ്ധതി പുനഃക്രമീകരിച്ചു കൂടിയായിരുന്നു അടിയന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയത്.

**വിധവകൾക്കായുള്ള സഹായ പദ്ധതികൾ**

27(*177) ശ്രീ. ഒ. ആർ. കേളു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിധവകൾക്കായി സഹായ ഹസ്തം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വിധവകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് അനുവദിക്കുന്നത്;

(സി) അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് ധനസഹായം നൽകുന്ന അഭയകിരണം പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അവിവാഹിതരായ അമ്മമാരുടെ ക്ഷേമത്തിനും പുനരധിവാസ ത്തിനുമായി ആരംഭിച്ച സ്നേഹസ്പർശം പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. 2018-19 വർഷം മുതൽ 'സഹായം ഹസ്തം' പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) വിധവകൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 30,000 രൂപ (ഒറ്റത്തവണ) ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് 'സഹായം ഹസ്തം' പദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നു.

(സി) ഉണ്ട്. 2017-18 വർഷം സംസ്ഥാനത്ത് നടപ്പിലാക്കിയ 'അഭയകിരണം' പദ്ധതിയുടെ തുടക്കത്തിൽ 200 ഗുണഭോക്താക്കൾക്കായി ആറുമാസ കാലത്തേയ്ക്ക് 12 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. 2018-19 വർഷം 69 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചത് കാരണം അധികമായി 42,45,000 രൂപയും ചേർത്ത് ആകെ 1,11,45,000 രൂപ (ഒരു കോടി പതിനൊന്ന് ലക്ഷത്തി നാൽപ്പത്തയ്യായിരം രൂപ മാത്രം) ചെലവഴിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും പ്രസ്തുത തുകയിൽ നിന്നും 1,09,97,000 രൂപ (ഒരു കോടി ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ മാത്രം) 776 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) അവിവാഹിതരായ അമ്മമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആരംഭിച്ച 'സ്നേഹസ്പർശം' പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പ്രതിമാസം 2,000 രൂപ നൽകിവരുന്നു. പ്രതിമാസം 1,000 രൂപയായിരുന്നത് 6-7-2018-ലെ സ.ഉ.(സാധാ)നമ്പർ 417/2018/സാ.നീ.വ. ഉത്തരവ് പ്രകാരം 2018 ഏപ്രിൽ മാസം മുതൽ മുൻകാല പ്രാബല്യത്തോടെ 2,000 രൂപയായി വർദ്ധിപ്പിച്ചു. അപേക്ഷകർ 60 വയസ്സിന് താഴെ പ്രായമുള്ളവരും പുനർവിവാഹിതരല്ലാത്തവരും സർക്കാരിന്റെ മറ്റ് പെൻഷൻ പദ്ധതികളുടെ പ്രയോജനം ലഭിക്കാത്ത അവിവാഹിത അമ്മമാരായിരിക്കണം. ഇക്കാര്യങ്ങൾ അതാത് സ്ഥലത്തെ ശിശു വികസന പദ്ധതി ആഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകൾ ആവശ്യമായ പരിശോധനയ്ക്കുശേഷം ധനസഹായത്തിനായി പരിഗണിക്കുന്നു. പെൻഷൻ ലഭിയ്ക്കുന്നവരുടെ ലൈഫ് സർട്ടിഫിക്കറ്റ് എല്ലാ വർഷവും സ്വീകരിക്കുകയും, മരണപ്പെടുകയോ, പുനർ വിവാഹിതരാകുകയോ ചെയ്താൽ സ്ഥലത്തെ ശിശു വികസന പദ്ധതി ഓഫീസർമാരുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗുണഭോക്താവിനെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നു.

**വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

28 (*178) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പ്രാരംഭ പ്രവർത്തനമാരംഭിച്ച വയനാട് മെഡിക്കൽ കോളേജ് സൗജന്യമായി ലഭിച്ച സ്ഥലത്ത് നിന്നും മാറ്റി

സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട മെഡിക്കൽ കോളേജിൽ ജില്ലയിലെ ആദിവാസി പിന്നോക്കസമുദായത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ പൂർണ്ണമായ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. നിലവിൽ ലഭ്യമായ ഭൂമിയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ പകരം വൈത്തിരി താലൂക്കിൽ ചുണ്ടേൽ വില്ലേജിലെ ചേലോട്ട് എസ്റ്റേറ്റിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) അനുയോജ്യമായ ഭൂമിയുടെ ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ച് സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി എത്രയും വേഗം വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

### ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള സോഷ്യൽ ഓഡിറ്റ്

29(*179) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രത നിയമം അനുശാസിക്കുന്ന പ്രകാരം സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; സോഷ്യൽ ഓഡിറ്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി നിയോഗിച്ചിട്ടുള്ളത് ഏത് ഏജൻസിയെയാണെന്ന് വ്യക്തമാക്കാമോ;

(സി) ടി.ഐ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ നടന്നിരുന്ന പൈലറ്റ് പ്രോജക്ട് പൂർത്തിയായിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് Tata Institute of Social Sciences (TISS) ന്റെ സഹായത്തോടെ നടത്തിയിട്ടുണ്ട്. ടി പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North) ന്റെ പരിധിയിലുള്ള 107, 114, 116, 77 എന്നീ റേഷൻ കടകളിലാണ് നടത്തിയത്.

പൊതുവിതരണ രംഗത്തെ നേട്ടങ്ങളായ പോർട്ടബിലിറ്റി, ഇ-പോസ് മെഷീൻ തുടങ്ങിയവയെക്കുറിച്ച് അവബോധം നൽകുക, റേഷൻ സാധനങ്ങളുടെ അളവും തൂക്കവും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, ഓരോ വിഭാഗം കാർഡുകൾക്ക് അർഹമായ റേഷൻ ധാന്യത്തിന്റെ അളവിനെക്കുറിച്ച് ബോധവാന്മാരാക്കുക, എ.എ.വൈ./മുൻഗണനാ വിഭാഗങ്ങൾക്ക് റേഷൻ സംബന്ധിച്ച ചൂഷണങ്ങളെക്കുറിച്ച് അറിവ് നൽകുക തുടങ്ങിയവയാണ് സോഷ്യൽ ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് Tata Institute of Social Sciences (TISS) എന്ന ഏജൻസിയെയാണ് നിയോഗിച്ചിരുന്നത്. സംസ്ഥാന വ്യാപകമായിട്ടുള്ള സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനുള്ള ഏജൻസിയായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

(സി) Tata Institute of Social Sciences (TISS) നടത്തിയ പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ആഗസ്റ്റ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ പറയുന്നവയാണ്:

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ ആനുകൂല്യങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കൽ
2. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-നെക്കുറിച്ച് പഞ്ചായത്ത് ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി ജീവനക്കാർ, ആശ വർക്കർമാർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ എന്നിവരെ ബോധവൽക്കരിക്കുക.
3. റേഷൻകടതല വിജിലൻസ് കമ്മിറ്റി രൂപീകരിക്കുക
4. പരിശോധനകൾ കർശനമാക്കുക

5. റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പരിശോധന കർശനമാക്കുക

6. വാതിൽപ്പടി വിതരണത്തിലെ തൂക്ക കൃത്യത ഉറപ്പ് വരുത്തുക

7. റേഷൻ കടകളിലെ നിലവിലെ ബില്ലിന്റെ ഫോർമാറ്റിൽ മാറ്റം വരുത്തുക

8. ഗുണഭോക്താവിന് പൈസ നൽകി റേഷൻകട ലൈസൻസി ഭക്ഷ്യധാന്യങ്ങൾ വാങ്ങി കരിഞ്ചന്തയിൽ വിൽക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

9. സുതാര്യത ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശക്തമാക്കുക

10. റേഷൻ വ്യാപാരിക്ക് പ്രതിമാസം ലഭിക്കുന്ന കമ്മീഷന്റെ വിവരങ്ങൾ അതാത് റേഷൻ കടയിൽ പ്രദർശിപ്പിക്കുക

11. പരാതിപരിഹാര സംവിധാനങ്ങൾ ശക്തമാക്കുക

12. പരാതി പരിഹാര അദാലത്തുകൾ സംഘടിപ്പിക്കുക

13. സോഷ്യൽ ആഡിറ്റുകൾ പതിവായി സംഘടിപ്പിക്കുക.

(ഡി) സോഷ്യൽ ഓഡിറ്റ് പൈലറ്റ് പ്രോജക്ട് സംബന്ധിച്ച റിപ്പോർട്ട് സർക്കാർ തലത്തിൽ വിലയിരുത്തുകയും അനുബന്ധ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു.

**മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ**

30 (*180) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ബി. സത്യൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യസുരക്ഷാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി പുതിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യസുരക്ഷ സംബന്ധിച്ച പരാതികൾക്ക് ഉടൻ പരിഹാരം കാണുന്നതിന് ക്യുക്ക് റെസ്പോൺസ് ടീം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നിരവധി നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. അവ താഴെ ചേർക്കുന്നു:

1. SNF@School (Safe and Nutritious Food @ School)

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് SNF@School. ഈ പദ്ധതി കഴിഞ്ഞ വർഷം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 297 സ്കൂളുകളിൽ നടപ്പിലാക്കി. ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട 420 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. SNF@Workplace (Safe and Nutritious Food @ Workplace)

സംസ്ഥാനത്തെ തൊഴിൽശാലകളിൽ സുരക്ഷിതവും പോഷകസമൃദ്ധവും ഗുണനിലവാരമുള്ളതുമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. Clean Fresh Fruits and Vegetable Markets

സംസ്ഥാനത്ത് വിഷരഹിതവും ഗുണമേന്മയുള്ളതുമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും മാർക്കറ്റുകളിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

4. RUCO (Repurpose Used Cooking Oil)

ഉപയോഗിച്ച ഭക്ഷ്യ എണ്ണയുടെ തുടർച്ചയായ ഉപയോഗം പല തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നതായി കണ്ടെത്തിയതിനാൽ ഇതിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി പ്രതിദിനം 50 ലിറ്ററിന് മുകളിൽ ഭക്ഷ്യഎണ്ണ ഉപയോഗിക്കുന്ന ഭക്ഷ്യസംരംഭകരിൽ നിന്നും ഉപയോഗിച്ചശേഷം മിച്ചമുള്ള എണ്ണ കേന്ദ്രഭക്ഷ്യസുരക്ഷാ അതോറിറ്റി അംഗീകരിച്ച ഏജൻസികൾ മുഖേന ശേഖരിച്ച് ബയോ ഡീസൽപോലുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി Food Safety and Standards Authority of India ആവിഷ്കരിച്ച പദ്ധതിയാണിത്. ഇത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. Hygiene Rating of Hotels & Restaurants

സംസ്ഥാനത്ത് ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ടി സ്ഥാപനങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന റേറ്റിംഗാണിത്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

6. Clean Street Food Hub

തട്ടുകടകളെയും ചെറുകിട ലഘു ഭക്ഷണശാലകളെയും കോർത്തിണക്കിക്കൊണ്ട് വൃത്തിയും ശുചിത്വവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പുവരുത്തി തദ്ദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് തനതായ കേരളീയ ഭക്ഷണം ഉറപ്പുവരുത്തുക എന്നതാണ് Clean street Food Hub പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

7. FoSTaC (Food Safety Training and Certification)

2006-ലെ ഭക്ഷ്യസുരക്ഷാ നിയമം വകുപ്പ് 16(3)h പ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളോ സംരംഭകരോ ആയവർക്ക് ദേശീയ ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന തരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഇത് സംസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു. 2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ സംസ്ഥാനത്ത് ഒട്ടാകെ ഇത്തരത്തിലുള്ള 87 ട്രെയിനിംഗ് പ്രോഗ്രാം നടന്നുകഴിഞ്ഞു.

8. Quick Response Team(QRT)

സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന Government Contact Centre (GCC) വഴി ലഭിക്കുന്ന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team(QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

ഇതുകൂടാതെ മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള 'ഓപ്പറേഷൻ സാഗർ റാണി', ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ മാതൃകാ ഗ്രാമപഞ്ചായത്ത് പദ്ധതി, ആരാധനാലയങ്ങൾ ഉൾപ്പെടെ ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന

സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിർദ്ദേശിച്ചപ്രകാരം നടപ്പിലാക്കി പുതിയ പദ്ധതിയായ "BHOG"(Blissfull Hygienic Offering to God), ശർക്കരയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ 'ഓപ്പറേഷൻ പനേല' എന്നീ പദ്ധതികളും വിജയകരമായി നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 11 ജില്ലകളിൽ കൂടി മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഭക്ഷ്യസുരക്ഷാ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്.

കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനവും ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick detection of Adulteration Test (പാൽ, ഭക്ഷ്യ എണ്ണകൾ) സംവിധാനവും ഭക്ഷ്യവസ്തുക്കളിലെ കൃത്രിമ കളർ കണ്ടെത്തുന്നതിനുള്ള സംവിധാനവും ഈ ലാബുകളിൽ നിലവിലുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ, ഭക്ഷ്യ എണ്ണകൾ എന്നിവ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തിവരുന്നു.

സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, അങ്കണവാടികൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷയെ സംബന്ധിക്കുന്ന ബോധവൽക്കരണ പരിപാടികളും ഭക്ഷ്യവസ്തുക്കളിലെ മായം എളുപ്പത്തിൽ കണ്ടെത്തുന്നതിനുള്ള ക്വിക്ക് അഡൽറ്ററേഷൻ ടെസ്റ്റുകളും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ച് നടത്തിവരുന്നു.

കഴിഞ്ഞ ഒരു വർഷമായി സംസ്ഥാനത്ത് ഒട്ടാകെ 4586 പരിശോധനകളും, 142 അവബോധന ക്ലാസ്സുകളും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ച് നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന Government Contact Centre (GCC) വഴി ലഭിക്കുന്ന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികളിൽ ഉടനടി പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടീമിനെ ഏർപ്പെടുത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചതനുസരിച്ച് രൂപവത്കരിക്കപ്പെട്ട Quick Response Team(QRT) സംവിധാനം എല്ലാ ജില്ലകളിലും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഭക്ഷ്യവിഷബാധ, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ടോൾഫ്രീ പരാതികൾ പൊതുജനങ്ങളിൽ നിന്നും നേരിട്ട് ലഭിക്കുന്ന പരാതികൾ എന്നിവയ്ക്ക് അടിയന്തര സ്വഭാവത്തിൽ പരിഹാരം കൈക്കൊള്ളുന്നതിന് രണ്ടംഗ ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥരെ വീതം ഒരു ടീമിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് Quick Response Team(QRT) സംവിധാനം പ്രവർത്തിക്കുന്നത്.

2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 2856 പരിശോധനകളും 38 ഭക്ഷ്യവിഷബാധയുമായി ബന്ധപ്പെട്ട പരിശോധനയും QRT സംവിധാനത്തിലൂടെ സംസ്ഥാനത്ത് ഒട്ടാകെ നടത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പി.എസ്.സി. പരീക്ഷകൾ മലയാളത്തിലാക്കുന്നതിന് നടപടി

1 (1900) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ ചോദ്യപേപ്പർ ഇംഗ്ലീഷിനോടൊപ്പം മലയാളത്തിലും നൽകുന്നതിന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) ചോദ്യപേപ്പർ മലയാളത്തിൽ തയ്യാറാക്കുന്നതിന് പി.എസ്.സി.-യെ സഹായിക്കുന്നതിനായി ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് സമിതി അംഗങ്ങളെന്ന് വ്യക്തമാക്കുമോ;

(സി) ചോദ്യപേപ്പർ മലയാളത്തിൽ തയ്യാറാക്കുമ്പോൾ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിക്കുവാൻ നിലവിലുള്ള സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാനാണ് പി.എസ്.സി. ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയുടെ ഇംഗ്ലീഷിലുള്ള ചോദ്യങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തി നൽകുന്നതിനുള്ള സംവിധാനങ്ങൾ പരിശോധിക്കുവാൻ മുഖ്യമന്ത്രി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മലയാള ഭാഷയിൽ സാങ്കേതിക പദങ്ങൾ കണ്ടെത്തുവാൻ വിവിധ സർവ്വകലാശാലകളിലെ വൈസ് ചാലൻസലർമാരെക്കൂടി ഉൾപ്പെടുത്തി സർക്കാർ ഒരു സമിതി രൂപവൽക്കരിച്ചിട്ടുണ്ട്.

(സി) തീരുമാനമെടുത്തിട്ടില്ല.

## സർക്കാർ പദ്ധതികൾ

2(1901) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നാൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുമെന്ന് ജനങ്ങൾക്ക് ഉറപ്പ് നൽകിയിരുന്നത്;

(ബി) നാളിതുവരെയായി ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കി തുടങ്ങുകയും ഏതൊക്കെ പദ്ധതികൾ തുടങ്ങാനായി ബന്ധപ്പെട്ടവരുടെ അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നാൽ നടപ്പിലാക്കുമെന്ന് വാഗ്ദാനം നൽകിയിരുന്ന നിരവധി പദ്ധതികൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇക്കാര്യങ്ങൾ വിശദമാക്കുന്ന പ്രോഗ്രസ്സ് റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു*. ഇത് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരസ്യ ഇനത്തിൽ ചെലവഴിച്ച തുക

3(T*1903) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരസ്യ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കിഫ്ബിയുടെ പ്രചരണത്തിനായി പരസ്യ ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ലോക കേരളസഭയുടെ പ്രചരണത്തിനായി പരസ്യയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരസ്യ ഇനത്തിൽ മുൻകാല കുടിശ്ശിക ഉൾപ്പെടെ ഏകദേശം 1,22,24,76,395 രൂപ (നൂറ്റി ഇരുപത്തി രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി ആറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 22,91,99,467 |
| 2017-18 | 43,44,66,678 |
| 2018-19 | 38,75,38,474 |
| 2019-20 | 17,12,71,776 |

(ബി) കിഫ്ബിയുടെ പരസ്യത്തിനായി 2019-ൽ ആകെ 26,09,027 രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി ആകെ 7,17,901 രൂപ (ഏഴ് ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ചു.

<u>വർഷം തിരിച്ചുള്ള കണക്ക്</u>

ഒന്നാം വാർഷികം - 1,06,143

രണ്ടാം വാർഷികം - 3,11,008

മൂന്നാം വാർഷികം - 3,00,750

(ഡി) ലോക കേരളസഭയുടെ പ്രചരണത്തിനായി പരസ്യ ഇനത്തിൽ ആകെ 24,44,049 രൂപ (ഇരുപത്തിനാല് ലക്ഷത്തി നാൽപത്തിനാലായിരത്തി നാൽപത്തി ഒൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**നവകേരള നിർമ്മിതിക്കായി ചെലവാക്കിയ തുക**

4 (1904) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നവകേരള നിർമ്മാണ പദ്ധതിയിൽ ഇതിനോടകം ഏതെല്ലാം പദ്ധതികൾക്ക് അനുമതി നൽകിയെന്നും അതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും എത്ര കോടി ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതികൾ പരിഗണിച്ചുവരുന്നു. ചുവടെപ്പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 13-8-2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

2. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കുകുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

4. വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

(3 മുതൽ 5 വരെ പദ്ധതികൾക്ക് വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഭരണാനുമതി) ഇതിനുപുറമെ ജലവിഭവം, തദ്ദേശ സ്വയംഭരണം, കൃഷി, മൃഗപരിപാലനം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുടെ പദ്ധതികൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടില്ല.

## കോടതി ഭാഷ മലയാളമാക്കാൻ നടപടി

5(T*1905) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതിഭാഷ മലയാളമാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കീഴ്കോടതികളിൽ പരിഭാഷകരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി 27-1-2019-ലെ സ.ഉ.(കൈ)നമ്പർ 12/2009/നിയമം എന്ന ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനും ബഹുമാനപ്പെട്ട നിയമ പാർലമെന്ററി കാര്യ വകുപ്പുമന്ത്രി അംഗവുമായുള്ള ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി. തുടർന്ന് 19-12-2013-ലെ സ.ഉ.(കൈ) നമ്പർ 223/2013/ നിയമം ഉത്തരവ് പ്രകാരം 12 അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രസ്തുത സമിതി വിപുലീകരിക്കുകയുണ്ടായി. ഉന്നതതല സമിതിയുടെ യോഗതീരുമാനമനുസരിച്ച് നിലവിൽ കീഴ് കോടതികളിലെ വ്യവഹാര ഭാഷ മലയാളമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) ഉന്നതതല സമിതിയുടെ 2018-ൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് ഒരു തുടക്കമെന്ന നിലയിൽ സംസ്ഥാനത്തെ കീഴ് കോടതികളിൽ 220 പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## ക്യാബിനറ്റ് പദവി

6 (1908) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു അധികാരസ്ഥാനത്തിന്റെ പ്രവർത്തന നിലവാരം ഉറപ്പു വരുത്തുവാൻ ക്യാബിനറ്റ് പദവി അനിവാര്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) ക്യാബിനറ്റ് പദവി അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയവും നിലപാടും വ്യക്തമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ക്യാബിനറ്റ് പദവിയോടെ കൂടുതൽ അധികാരസ്ഥാനങ്ങൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാർ ഒഴികെ എത്രയാളുകൾക്ക് ക്യാബിനറ്റ് പദവി നൽകിയിട്ടുണ്ടെന്നും ആയതിലേയ്ക്കായി ഓരോ വർഷവും എത്ര തുക ചെലവ് വരുമെന്നും അറിയിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാരിന് ഉചിതമെന്ന് കരുതുന്ന സാഹചര്യങ്ങളിലാണ് ക്യാബിനറ്റ് പദവി അനുവദിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവ.ചീഫ് വിപ്പ്, വൈസ് ചെയർമാൻ, പ്ലാനിംഗ് ബോർഡ് എന്നിവർ ഒഴികെ നാല് പേർക്ക് ക്യാബിനറ്റ് പദവി നൽകിയിട്ടുണ്ട്. ഇതിനായി ഓരോ വർഷവും ചെലവാകുന്ന തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**ആൾക്കൂട്ട ആക്രമണത്തിൽ മരണമടഞ്ഞ മധുവിന്റെ ആശ്രിതർക്കുള്ള സഹായങ്ങൾ**

7 (1910) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആൾക്കൂട്ട ആക്രമണത്തിനിരയായി മരണമടഞ്ഞ മധുവിന്റെ ആശ്രിതർക്കും കുടുംബത്തിനും എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രഖ്യാപിച്ച ഏതെങ്കിലും സഹായം ഇനി നൽകാൻ ബാക്കിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരേതന്റെ സഹോദരിയ്ക്ക് ആശ്രിതനിയമന വ്യവസ്ഥയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 24-2-2018-ലെ ജി.ഒ. (എം.എസ്.) നമ്പർ 71/2018/റവ. ഉത്തരവ് പ്രകാരം ആൾക്കൂട്ട ആക്രമണത്തിനിരയായി മരണമടഞ്ഞ മധുവിന്റെ മാതാവിന് 10,00,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആദിവാസി മേഖലയിൽ നിന്നുള്ള പ്രത്യേക റിക്രൂട്ട്മെന്റ് വഴി പോലീസ് സേനയിലേയ്ക്ക് നടത്തിയ നിയമനത്തിലൂടെ മധുവിന്റെ സഹോദരിക്ക് സിവിൽ പോലീസ് ഓഫീസർ ആയി നിയമനം ലഭിച്ചിട്ടുണ്ട്.

## ആറന്മുള മണ്ഡലത്തിന്റെ വികസനം

8(1913) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള മണ്ഡലത്തിന്റെ വികസനത്തിനായി സർക്കാരിന് സമർപ്പിച്ച മാസ്റ്റർ പ്ലാൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ക്യാബിനറ്റ് പദവിയും ആനുകൂല്യങ്ങളും

9 (1914) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാബിനറ്റ് പദവി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണ്; നിലവിലില്ലാതിരുന്ന ഏതെല്ലാം സ്ഥാനങ്ങളിലുള്ളവർക്കാണ് ഇപ്പോൾ ക്യാബിനറ്റ് പദവി നല്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ്, പ്രതിപക്ഷനേതാവ് എന്നിവരൊഴികെ ക്യാബിനറ്റ് പദവിയിലുള്ളവർക്കായി പ്രതിമാസം ശമ്പളം, അലവൻസുകൾ, മറ്റാനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; ഇതിനായി ഓരോരുത്തർക്കും എത്ര രൂപയാണ് പ്രതിമാസം ചെലവ് വരുന്നത്; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയതായി ഏതെങ്കിലും തരത്തിലുള്ള നിയമനങ്ങൾക്ക് ക്യാബിനറ്റ് റാങ്ക് നൽകുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവ. ചീഫ് വിപ്പ്, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ എന്നിവർക്ക് ക്യാബിനറ്റ് പദവി നിലവിലുണ്ട്. ആയത് കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ പറയുന്ന വ്യക്തികൾക്കുകൂടി ക്യാബിനറ്റ് പദവി അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ. ആർ. ബാലകൃഷ്ണപിള്ള | ചെയർമാൻ, കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ |
| 2 | ഡോ. എ. സമ്പത്ത് | സംസ്ഥാന സർക്കാരിന്റെ ന്യൂഡൽഹിയിലെ പ്രത്യേക പ്രതിനിധി |
| 3 | ശ്രീ. വി. എസ്. അച്ചുതാനന്ദൻ | ഭരണ പരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ |
| 4 | ശ്രീ. സി. പി. സുധാകര പ്രസാദ് | അഡ്വക്കേറ്റ് ജനറൽ, കേരള |

(ബി) ശ്രീ. ആർ. ബാലകൃഷ്ണപിള്ള നിലവിൽ ശമ്പളം കൈപ്പറ്റുന്നില്ല. അദ്ദേഹത്തിന് ചട്ടം അനുവദിക്കും പ്രകാരം യാത്രാപ്പടി മാത്രമാണ് അനുവദിച്ച് വരുന്നത്.

ഡോ. എ. സമ്പത്തിന് 92,423 രൂപ പ്രതിമാസ ശമ്പളമായി അനുവദിച്ചുവരുന്നു.

ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായ ശ്രീ. വി. എസ്. അച്യുതാനന്ദന് നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സംസ്ഥാനത്ത് ക്യാബിനറ്റ് പദവിയിലുള്ളവരുടെ എണ്ണം

10 (1915) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ക്യാബിനറ്റ് പദവിയിൽ എത്ര പേർ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര പേർക്ക് (തസ്തികയ്ക്ക്) പുതുതായി ക്യാബിനറ്റ് പദവി നൽകിയിട്ടുണ്ട്; അറിയിക്കാമോ;

(സി) അഡ്വക്കറ്റ് ജനറലിന് ക്യാബിനറ്റ് തസ്തിക അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; ഏതെങ്കിലും പഠനത്തിന്റെയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ അഡ്വക്കറ്റ് ജനറലിന് ക്യാബിനറ്റ് പദവി നൽകിയത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പുതുതായി ആർക്കെങ്കിലും ഇനി ക്യാബിനറ്റ് പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 27 പേർ.

(ബി) 5 പേർ.

(സി) അഡ്വക്കേറ്റ് ജനറലായ ശ്രീ. സി.പി. സുധകര പ്രസാദിന് പ്രസ്തുത പദവി വഹിക്കുന്ന കാലത്തേയ്ക്കാണ് അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ ക്യാബിനറ്റ് റാങ്കും പദവിയും അനുവദിച്ചിട്ടുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്യാബിനറ്റ് പദവിയുള്ളവർക്കായി ചെലവഴിച്ച തുക

11 (1916) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിൽ മന്ത്രിമാർക്ക് പുറമെ ക്യാബിനറ്റ് പദവിയിൽ എത്ര ഉദ്യോഗസ്ഥ-അനൗദ്യോഗസ്ഥർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അവർക്ക് ഓരോരുത്തർക്കും നൽകി വരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 2018-19 സാമ്പത്തിക വർഷം അവർക്ക് ഓരോരുത്തർക്കും വേണ്ടി ആകെ എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ഗവ. ചീഫ് വിപ്പ്, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ എന്നിവർക്കുപുറമെ നാല് പേർക്കുകൂടി ക്യാബിനറ്റ് പദവി അനുവദിച്ചിട്ടുണ്ട്.

(ബി) 1. ശ്രീ. ആർ. ബാലകൃഷ്ണപിള്ള നിലവിൽ ശമ്പളം കൈപ്പറ്റുന്നില്ല. അദ്ദേഹത്തിന് ചട്ടം അനുവദിക്കും പ്രകാരം യാത്രാപ്പടി മാത്രമാണ് അനുവദിച്ച് വരുന്നത്.

2. ഡോ. എ. സമ്പത്തിന് വിവിധ അലവൻസുകൾ അടക്കം 92,423 രൂപ പ്രതിമാസ ശമ്പളമായി അനുവദിച്ചുവരുന്നു.

3. ശ്രീ. വി. എസ്. അച്ചുതാനന്ദന് അനുവദിച്ചുവരുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

4. ശ്രീ. സി. പി. സുധാകര പ്രസാദിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെയാണ് ക്യാബിനറ്റ് പദവി നൽകിയിട്ടുള്ളത്.

(സി) ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് 2018-19 സാമ്പത്തിക വർഷം റ്റി.എ. ആന്റ് ഡി.എ. ഇനത്തിൽ 1,79,801 രൂപയും ശ്രീ. വി.എസ്. അച്ചുതാനന്ദന് അനുവദിച്ച ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

മറ്റ് വ്യക്തികൾ 2019-20 സാമ്പത്തിക വർഷത്തിൽ നിയമിതരായവരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ വിദേശ യാത്രകൾ

12 (1917) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ വിദേശ യാത്രകൾക്കായി മുഖ്യമന്ത്രിക്കും അദ്ദേഹത്തെ അനുഗമിച്ച ഉദ്യോഗസ്ഥർക്കും ബന്ധുമിത്രാദികൾക്കും വേണ്ടി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുകയുടെ വിശദമായ കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## പ്രൈവറ്റ് സെക്രട്ടറിമാരുടെ അധികാരങ്ങൾ

13(1919) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാരുടെ അധികാരങ്ങൾ എന്തൊക്കെയാണ്; ഇതുസംബന്ധിച്ച് റൂൾസ് ഓഫ് ബിസിനസ്സിലോ സെക്രട്ടേറിയേറ്റ് മാന്വലിലോ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(ബി) ഫയലുകളിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ പ്രൈവറ്റ് സെക്രട്ടറിമാർക്ക് എന്തൊക്കെ അധികാരം നൽകിയിട്ടുണ്ട്; അവർക്ക് ഫയലുകളിൽ അവരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിന് സാധിക്കുമോ എന്നറിയിക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ സംഘടിപ്പിക്കുന്ന അദാലത്തുകളിൽ പങ്കെടുക്കുന്നതിനും തീരുമാനങ്ങളെടുക്കുന്നതിനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുന്നതിനും അധികാരമുണ്ടോ;

(ഡി) 2019 ഫെബ്രുവരി 22-ന് ചേർന്ന മഹാത്മഗാന്ധി സർവ്വകലാശാല അദാലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുക്കുകയും അന്നത്തെ തീരുമാനം ഉൾക്കൊള്ളുന്ന മിനിട്ട്സിൽ അദ്ദേഹത്തിന്റെ പേര് രേഖപ്പെടുത്തുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമാനുസൃതമായ നടപടിയാണോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിലെ ഫയൽ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ്, കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസ്, കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ്. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാരുടെ അധികാരങ്ങൾ/ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് റൂൾസ് ഓഫ് ബിസിനസ്സിൽ വ്യവസ്ഥകളൊന്നും തന്നെയില്ല. എന്നാൽ കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ ഖണ്ഡിക 185, 186 പ്രകാരം ഇക്കാര്യത്തിൽ ചില പരാമർശങ്ങളുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) സർവ്വകലാശാല ചട്ടങ്ങളിൽ വ്യവസ്ഥയില്ല.

(ഡി) 2019 ഫെബ്രുവരി 22-ന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന അദാലത്തിലെ തീരുമാനങ്ങളെടുക്കുന്ന ബിസിനസ്സ് സെഷനിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുക്കുകയോ മിനിട്ട്സിൽ അദ്ദേഹത്തിന്റെ പേര് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത അദാലത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു.

## സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക ഇ-ഗവേണൻസിന്റെ ഭാഗമായി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയായി മാറ്റാൻ നടപടി

14 (1921) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഇ-ഗവേണൻസിന്റെ ഭാഗമായി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ നാമം കമ്പ്യൂട്ടർ അസിസ്റ്റന്റാക്കി മാറ്റണമെന്ന ശമ്പള കമ്മീഷന്റെ ശിപാർശ നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് സർവ്വീസിലെ ടൈപ്പിസ്റ്റ് തസ്തിക വെട്ടിക്കുറയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സർക്കാർ ഇപ്രകാരം തീരുമാനമെടുത്തിട്ടില്ല.

(ബി) ഈ കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(സി) ഇല്ല.

## സെക്രട്ടേറിയറ്റിലെ തസ്തികകളുടെയും കേഡർ സെക്രട്ടറിമാരുടെയും എണ്ണം

15 (1923) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവയിൽ നിലവിലുള്ള തസ്തികകളും അവയുടെ കേഡർ സ്ട്രെങ്ത്തും എത്രയാണ്;

(ബി) ഇതിൽ ഏതെല്ലാം തസ്തികയിൽ നിന്നുമാണ് മറ്റ് തസ്തികകളിലേക്ക് പ്രൊമോഷൻ അനുവദിക്കുന്നത്; പ്രൊമോഷൻ അനുപാതം ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മേൽപ്പറഞ്ഞ വകുപ്പുകളിൽ നിർത്തലാക്കിയ തസ്തികകളുടെയും പുതുതായി ആരംഭിച്ച തസ്തികകളുടെയും വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവയിൽ നിവിലുള്ള തസ്തികകളും അവയുടെ കേഡർ സ്ട്രെങ്ത്തും അനുബന്ധമായി* ചേർക്കുന്നു.

(ബി) പൊതുഭരണ വകുപ്പിലെ തസ്തികകളും പ്രൊമോഷൻ ലഭിക്കുന്ന തസ്തികകകളും അനുബന്ധം -2-ആയി* ചേർത്തിരിക്കുന്നു.

ധനകാര്യ വകുപ്പിലും പൊതുഭരണ വകുപ്പിലും അസിസ്റ്റന്റ് തസ്തികയിലേക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽനിന്ന് 4%-ഉം കമ്പ്യൂട്ടർ അസിസ്റ്റൻറ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും 20%-ഉം ബൈട്രാൻസ്ഫർ നിയമനം നൽകി വരുന്നു. കൂടാതെ കമ്പ്യൂട്ടർ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തികയിലേക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും 10% ബൈട്രാൻസ്ഫർ നിയമനവും നൽകി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മറ്റ് തസ്തികകളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് തൊട്ടു താഴെയുള്ള തസ്കികയിൽ നിന്നും പ്രൊമോഷൻ നൽകുകയാണ് ചെയ്യുന്നത്. ഇതിന് പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പൊതുഭരണ വകുപ്പിലും ധനകാര്യ വകുപ്പിലും തസ്തികകളൊന്നും നിർത്തലാക്കിയിട്ടില്ല. പൊതുഭരണ വകുപ്പിലും ധനകാര്യ വകുപ്പിലും പുതുതായി സൃഷ്ടിച്ച തസ്തികകൾ അനുബന്ധം -3 ആയി* ചേർത്തിരിക്കുന്നു.

**ഇ-ഓഫീസ് സംവിധാനത്തിൽ മാറ്റം**

16 (1924) ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഐ.സി. മുഖേന നടപ്പിലാക്കുന്ന ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന് വേഗതക്കുറവും കാലപ്പഴക്കം മൂലവും എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുമുണ്ടോ;

(ബി) പോരായ്മകൾ പരിഹരിക്കുന്നതിന് പകരം പുതിയ സംവിധാനം കൊണ്ടുവരുന്നതിനായി പുറത്ത് നിന്നുള്ള ഏജൻസികളെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കുന്നത് രഹസ്യ സ്വഭാവമുള്ള സർക്കാർ ഫയലുകളുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുത്താൻ ഇടയാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയർ തന്നെ അപ്ഡേറ്റ് ചെയ്ത് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19-1-2017-ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപ്പെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി.-യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി.-ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25-3-2017-ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തിര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18-4-2017-ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി. നൽകാതിരിക്കുയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറിതല കമ്മിറ്റിയുടെ 26-7-2017-ൽ കൂടിയ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കുംവേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസിംഗ് സോഫ്റ്റ്‌വെയർ ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങുന്നതിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്. പുതുതായി തെരഞ്ഞെടുക്കുന്ന സോഫ്റ്റ്‌വെയർ സ്റ്റേറ്റ് ഡേറ്റാ സെന്ററിലാണ് ഹോസ്റ്റ് ചെയ്യുന്നത് എന്നതിനാൽ ഫയലുകളുടെ രഹസ്യ സ്വഭാവം നഷ്ടപ്പെടുകയില്ല.

(സി) എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതികവിദ്യ കാലപ്പഴക്കമുള്ളതായതിനാലും സോഫ്റ്റ്‌വെയറിന്റെ സോഴ്സ് കോഡ് എൻ.ഐ.സി.-യുടെ കേന്ദ്ര ഘടകം സംസ്ഥാന ഘടകത്തിന് കൈമാറാൻ തയ്യാറാകാത്തതിനാലും അപ്ഡേറ്റ് ചെയ്ത് പ്രശ്നം പരിഹരിക്കുക അസാധ്യമാണ്.

**പഞ്ചിംഗ് സംവിധാനം**

17(1926) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും പഞ്ചിംഗ് നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് പൂർണ്ണമായും പഞ്ചിംഗ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) എല്ലാ വകുപ്പുകളിലും പഞ്ചിംഗ് നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സെക്രട്ടേറിയറ്റിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. ആയതുപ്രകാരം പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

18(1927) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ഓഫീസുകളിലാണ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം വിതരണം ചെയ്യുന്ന മറ്റ് എല്ലാ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ ആധാർ അധിഷ്ഠിത സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായവും സ്പാർക്ക് സംവിധാനമില്ലാത്ത ഓഫീസുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ വകുപ്പുകളിലെ അഴിമതി

19 (1928) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലും ജീവനക്കാർക്കിടയിലും നിലനിൽക്കുന്ന അഴിമതി പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരിലെ ചെറിയൊരു വിഭാഗം പൊതുജനങ്ങളിൽ നിന്നും നേരിട്ടും വിവിധ ഏജന്റുമാർ മുഖേനയും കൈക്കൂലി വാങ്ങുന്നത് കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന/ വിജിലൻസ് അന്വേഷണം എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്ത് വിജിലൻസ് ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ/ ആവശ്യമായ നടപടികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അഴിമതി തടയുന്നതിനുവേണ്ടി എല്ലാ സർക്കാർ വകുപ്പുകളിലെയും ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) കൈക്കൂലി വാങ്ങുന്നത് സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്ന് വേഗത്തിൽ അറിയിക്കുന്നതിനായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2017-ൽ വിജിലൻസ് വെബ്സൈറ്റ് നവീകരിക്കുകയും വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

**സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക**

20 (1929) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ യോഗ്യത എസ്.എസ്.എൽ.സി. വിജയം എന്നാക്കി പുതിയ വിജ്ഞാപനം നടത്തുകയും

ലാസ്റ്റ്ഗ്രേഡ് റൂൾസിൽ നിന്നും ഒഴിവാക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ തസ്തികയ്ക്ക് ഒരു പുതിയ പേര് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മന്ത്രിസഭ പാസ്സാക്കിയ സബോർഡിനേറ്റ് സർവ്വീസിൽ നിന്നും റോണിയോ ഓപ്പറേറ്റർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകൾ ഉൾപ്പെടെയുള്ളവ എടുത്തു മാറ്റപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റുമാർ ഏത് ക്ലാസ്സിൽ ഉൾപ്പെട്ട ജീവനക്കാരാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തസ്തികയ്ക്ക് പുതിയ പേര് നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ ചട്ടങ്ങളിൽ റോണിയോ ഓപ്പറേറ്റർ എന്ന തസ്തിക ഉൾപ്പെട്ടിട്ടില്ല. പകരം സമാന സ്വഭാവമുള്ള ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയാണ് സെക്രട്ടേറിയറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ളത്. 3-2-2016-ലെ സ.ഉ.(പി)നമ്പർ 8/2016/പൊ.ഭ.വ. പ്രകാരമുള്ള കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ, ലിഫ്റ്റ് ഓപ്പറേറ്റർ എന്നീ തസ്തികകൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ക്ലാസ് 4 ജീവനക്കാരാണ്.

## ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ സ്വകാര്യവത്കരണം

21(1930) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊച്ചി റിഫൈനറി സ്വകാര്യവത്കരണം നടത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഓഹരി വിറ്റഴിക്കൽ നടപടികളുമായി മുന്നോട്ടുപോകുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി.പി.സി.എൽ. കൊച്ചി റിഫൈനറി വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പെട്രോകെമിക്കൽ പാർക്ക് ഉൾപ്പെടെയുള്ള വൻകിട വ്യവസായ പ്രവർത്തനങ്ങൾക്ക് മുതൽ മുടക്കിയ സാഹചര്യത്തിൽ സ്വകാര്യവൽക്കരണ നടപടികൾ നിർത്തിവയ്ക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യവൽക്കരണത്തിനെതിരെ കേരള സർക്കാർ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 2019-20 -ൽ 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ ലക്ഷ്യമിടുന്ന എന്ന കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായി മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം ആരംഭിച്ചിട്ടുള്ളതായി അറിയുന്നു. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ സംഭാവന നൽകിവരുന്ന ബി.പിസി.എൽ- സ്വകാര്യവൽക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക നഷ്ടമായിരിക്കും ഉണ്ടാകുക.

കൊച്ചിൻ റിഫൈനറിയുടെ ഉൽപ്പന്നത്തെ ആശ്രയിച്ച് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ വികസനത്തേയും വ്യവസായവൽക്കരണത്തേയും പ്രതികൂലമായി ബാധിക്കുന്ന ബി.പി.സി.എൽ. സ്വകാര്യവൽക്കരണം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

**റീബിൽഡ് കേരള പദ്ധതിയുടെ ഓഫീസ് സംവിധാനം**

22 (1931) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി ആഫീസിന്റെ ഓർഗനൈസേഷൻ സ്ട്രക്ചർ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ആഫീസിന്റെ പ്രവർത്തനത്തിനായി നിയമിതരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ സ്ഥിരം/താൽക്കാലികം/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ ആഫീസിന്റെ പ്രവർത്തനത്തിനായി പ്രതിമാസം ചെലവാക്കുന്ന തുക ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ ആഫീസിന്റെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ചെലവായ തുക ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ചുവടെപ്പറയുന്ന തരത്തിലുള്ള സ്ഥാപനതല ചട്ടക്കൂടാണ് RKI-യ്ക്കുള്ളത്.

1. മന്ത്രിസഭ- പുനർനിർമ്മാണം സംബന്ധിച്ച നയപരമായ തീരുമാനങ്ങളും പദ്ധതി അംഗീകാരവും മന്ത്രിസഭയായിരിക്കും കൈകാര്യം ചെയ്യുന്നത്.

2. ഉപദേശക സമിതി- മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായ സമിതിയിൽ കേന്ദ്രമന്ത്രി, നാല് സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച എട്ട് പേർ, RKI ഇംപ്ലിമെന്റേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെടെ 20 പേർ അംഗങ്ങളായുണ്ട്. പുനർനിർമ്മാണ പദ്ധതികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകുന്നത് ഈ സമിതിയായിരിക്കും.

3. ഉന്നതാധികാര സമിതി (HLEC)- ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയിൽ, ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി ചെയർമാൻ, എട്ട് വകുപ്പ് സെക്രട്ടറിമാർ, മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ (മെമ്പർ സെക്രട്ടറി) ശ്രീ. ടി.കെ.എ. നായർ, ശ്രീ. കെ.എം. ചന്ദ്രശേഖർ എന്നിവർ അംഗങ്ങളാണ്. ഇംപ്ലിമെന്റേഷൻ കമ്മിറ്റി സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് അവ മന്ത്രിസഭയിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള അംഗീകാരം നൽകുക, മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ ഡി.പി.ആർ.-ന് അംഗീകാരം നൽകുക, പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവ HLEC-യുടെ ചുമതലകളിൽപ്പെടുന്നു. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതും പദ്ധതികളുടെ സുഗമമായ നിർവ്വഹണം ഉറപ്പാക്കുന്നതിന് മറ്റ് വകുപ്പുകളുമായി ഏകോപനം നടത്തുന്നതും HLEC-യാണ്.

4. ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി- മുൻ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം ചെയർമാനും മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ. എന്നിവർ അംഗങ്ങളുമായതാണ് ഈ സമിതി. പുനർനിർമ്മാണ പദ്ധതികളുടെ നിർവ്വഹണം, പദ്ധതി രേഖ/ഡി.പി.ആർ. തയ്യാറാക്കൽ അവ HLEC-ക്ക് സമർപ്പിക്കൽ തുടങ്ങിയവയാണ് ഈ സമിതിയുടെ ചുമതലകൾ.

കൂടാതെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ഭരണപരമായ പിന്തുണ നൽകുന്നതിനായി അഡീഷണൽ സെക്രട്ടറി, സെക്ഷൻ ഓഫീസർ, മൂന്ന് അസിസ്റ്റന്റുമാർ എന്നിവരടങ്ങുന്ന ആർ.കെ.ഐ. സെക്രട്ടേറിയറ്റും പ്രവർത്തിക്കുന്നു.

(ബി) ചുവടെപ്പറയുന്ന ഉദ്യോഗസ്ഥരാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനത്തിനായി നിയമിതരായിട്ടുള്ളത്.

ഗവ. പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ. വേണു വി. ഐ.എ.എസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചുമതല വഹിക്കുന്നു.

കൂടാതെ ഗവ. സെക്രട്ടേറിയറ്റിൽനിന്നുള്ള,

1. ശ്രീ. കെ. സുനിൽകുമാർ - ജോയിന്റ് സെക്രട്ടറി

2. ശ്രീ. നാഗിൻ എൻ- സെക്ഷൻ ഓഫീസർ

3. ശ്രീ. വി. വേണുഗോപാൽ - സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

4. ശ്രീ. ഷിനോജ് പി.ആർ - അസിസ്റ്റന്റ്

5. ശ്രീ. രാഹുൽ ചന്ദ്രശേഖരൻ - അസിസ്റ്റന്റ്

6. ശ്രീമതി ഭാമ കെ. സി - ഓഫീസ് അറ്റൻഡന്റ്

ഇവരെക്കൂടാതെ കരാർ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽനിന്നുള്ള വിദഗ്ധരായ അഞ്ച് പേർ കൺസൾട്ടന്റുമാരായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ ഓഫീസിന്റെ പ്രവർത്തനത്തിനായി നിലവിൽ പ്രതിമാസം ചെലവാകുന്ന തുക ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ഓഫീസ് വാടക – 156082

വാഹന വാടക – 32250

കൺസൾട്ടന്റുമാർക്കുള്ള ഓണറേറിയം -986342

(ഡി) ഓഫീസ് ഒരുക്കുന്നതിനായി നിലവിൽ പണം ചെലവഴിച്ചിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയി നിയമിച്ചുകൊണ്ട് ഓഫീസ് സജ്ജമാക്കൽ പ്രവൃത്തികൾക്ക് 67.54 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഓഫീസ് സജ്ജമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

**ആസൂത്രണ ബോർഡിലെ ഉന്നത തസ്തികയിലേക്കുള്ള നിയമനം**

23(1935) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.ഐ. നേതാക്കൾ ഉൾപ്പെട്ട പി.എസ്.സി. പരീക്ഷാ തട്ടിപ്പിന് പിന്നാലെ ആസൂത്രണ ബോർഡിലെ ഉന്നത തസ്തികയിലേക്കുള്ള നിയമനങ്ങളിൽ ക്രമക്കേട് നടന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസൂത്രണ ബോർഡ് ചീഫ് (സോഷ്യൽ സർവ്വീസ്), ചീഫ് പ്ലാനിംഗ് കോ-ഓർഡിനേഷൻ, ചീഫ് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് എന്നീ തസ്തികകളിലെ എഴുത്ത് പരീക്ഷയിൽ പിന്നിലായവരെ അഭിമുഖത്തിൽ മാർക്ക് കൂട്ടുതൽ നൽകി റാങ്ക് പട്ടികയിൽ മുന്നിലെത്തിച്ചുവെന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത തസ്തികകളുടെ അടിസ്ഥാന യോഗ്യത എന്തായിരുന്നു;

(ഡി) പ്രസ്തുത തസ്തികകളിലേക്കുള്ള ഇന്റർവ്യൂ ബോർഡിൽ അംഗങ്ങളായിരുന്നവർ ആരൊക്കെയാണ്?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പരാതി ലഭിച്ചിട്ടില്ല.

(സി) സംസ്ഥാന ആസൂത്രണ ബോർഡിലെ ചീഫ് (ഇക്കണോമിക് ഡിവിഷൻ), ചീഫ് (ഡിസ്ട്രിക്ട് പ്ലാനിംഗ് ഡിവിഷൻ) എന്നിവ 25-5-1994-ലെ ജി.ഒ.(എം.എസ്.) നമ്പർ 07/1994/ പ്ലാനിംഗ് പ്രകാരം യഥാക്രമം ചീഫ് (പ്ലാൻ കോ-ഓർഡിനേഷൻ ഡിവിഷൻ), ചീഫ് (ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ) എന്നിങ്ങനെ പുനർ നാമകരണം ചെയ്തിട്ടുണ്ട്. ചീഫ് (പ്ലാൻ കോ-ഓർഡിനേഷൻ ഡിവിഷൻ), ചീഫ് (ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ), ചീഫ് (സോഷ്യൽ സർവ്വീസ് ഡിവിഷൻ) എന്നീ തസ്തികകൾക്ക് കേരള സ്റ്റേറ്റ് പ്ലാനിംഗ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) വിഷയത്തിലെ വിദഗ്ദ്ധരും മെമ്പർമാരും വകുപ്പ് പ്രതിനിധിയും ചേർന്നതായിരുന്ന ഇന്റർവ്യൂ ബോർഡ്. Confidential ആയതിനാൽ പേര് വിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

## പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി

24 (1936) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുനസംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് അതിലെ അംഗങ്ങളെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അതോറിറ്റി യഥാസമയം പുനഃസംഘടിപ്പിക്കാത്തതുകാരണം വികസന പ്രവർത്തനങ്ങൾ അവതാളത്തിലാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കാണുമോ;

(സി) സംസ്ഥാനത്ത് വനത്തിലൂടെ കടന്നുപോകുന്ന ദേശീയപാതകൾക്ക് പരിസ്ഥിതി അനുമതി ലഭ്യമാകേണ്ടതിനാൽ ആയതു ലഭിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുനഃസംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ബാധകമല്ല.

(സി) Environment Impact Assessment Notification 2006 പ്രകാരം ദേശീയപാതകൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നത് കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി മന്ത്രാലയമാണ്. സംസ്ഥാനത്ത് ദേശീയപാതാ വിഭാഗത്തിൽ പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ട പുതിയ പ്രവൃത്തികൾ ഒന്നുംതന്നെ നിർമ്മാണത്തിലില്ല.

## സി.ആർ.ഇസഡ് ദൂരപരിധി

25(1938) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ് നിയമത്തിൽ ദൂരപരിധി ഇളവ് വരുത്തിയതായി കേന്ദ്രത്തിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള കത്തോ, വിജ്ഞാപനമോ ലഭിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ഇരുന്നൂറ് മീറ്റർ, അഞ്ഞൂറ് മീറ്റർ ദൂര പരിധി അമ്പത് മീറ്ററായി ചുരുക്കി ഇളവ് വരുത്തുന്നതിനായി ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സംസ്ഥാനത്ത് പുരോഗമിക്കുന്നത്; വിശദമാക്കാമോ;

(സി) അമ്പത് മീറ്ററിലേക്ക് ദൂരപരിധി കുറച്ച് കൊണ്ടുള്ള നിയമം എന്ന് പ്രാബല്യത്തിൽ വരുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. 18-1-2019-ലെ G.S.R. No. 37 (E) നമ്പർ വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) 2019-ലെ തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് ദൂരപരിധി ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരും.

2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനായി 20-8-2019-ലെ സ.ഉ.(സാധാ) നമ്പർ 80/19/പരി. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 1-3-2020-ന് മുമ്പ് 1:25000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനിന്റെ ഒരു സോഫ്റ്റ് കോപ്പിയും (Shape file) രണ്ട് ഹാർഡ് കോപ്പികളും അതിനുശേഷം 6 മാസത്തിനകം 1:4000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനും കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം കേരള തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. കേരള തീരദേശ പരിപാലന അതോറിറ്റി കാലാകാലങ്ങളിൽ നൽകുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം പരിഗണിക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 2011-ലെ തീരദേശ പരിപാലന പ്ലാനും 2019 കരട് തീരദേശ പരിപാലന പ്ലാനും തമ്മിൽ താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കേണ്ട ചുമതലയും 2019-ലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിക്കേണ്ട ചുമതലയും കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിനാണ്.

## തീരദേശ പരിപാലന നിയമം ലംഘിച്ച് മരടിൽ നിർമ്മിച്ച ഫ്ലാറ്റുകൾ

26(1939) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ തീരദേശ പരിപാലന നിയമം ലംഘിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച കേസ്സിൽ നിർമ്മാണത്തിന് അനുമതി നൽകിയ പഞ്ചായത്ത് ഭരണസമിതിക്കും ഉദ്യോഗസ്ഥർക്കുമെതിരെ വിജിലൻസ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരം;

(സി) തട്ടിപ്പിലൂടെ ഉദ്യോഗസ്ഥർ സാമ്പത്തികനേട്ടം ഉണ്ടാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ സ്വത്ത് കണ്ടുകെട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മരടിൽ തീരദേശ പരിപാലന നിയമം ലംഘിച്ച് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയ മരട് മുനിസിപ്പാലിറ്റി മുൻ സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ;

(1) വി.സി. 04/2015/ഇ.കെ.എം. [13 (1) (d) r/w 13 (2) of PC Act 1988 & Sec. 120-B, 420 r/w 34 IPC പ്രകാരം]

(2) വി.സി. 13/2015/ഇ.കെ.എം. [13 (1) (d) r/w 13 (2) of PC Act 1988 & Sec,120-B പ്രകാരം]

എന്നിങ്ങനെ 2 കേസ്സുകൾ അവയിൽ സൂചിപ്പിച്ചിട്ടുള്ള വകുപ്പുകൾ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) രണ്ട് കേസ്സുകളും അന്വേഷണത്തിലാണ്.

**കനോലി കനാലിലെ മലിനീകരണ നിയന്ത്രണം**

27 (1940) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കനോലി കനാലിലെ മലിനീകരണ നിയന്ത്രണത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കോഴിക്കോട് ഓഫീസ് എന്തെങ്കിലും ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആക്ഷൻ പ്ലാനിൽ പരാമർശിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ആക്ഷൻ പ്ലാൻ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കനോലി കനാലിന്റെ പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ചേർന്ന് ലാന്റ് യൂസ് സോഷ്യോ-ഇക്കണോമിക്, എൻവയോൺമെന്റൽ സർവ്വേ

നടത്തുകയുണ്ടായി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ കോഴിക്കോട് ഓഫീസിലെ ഉദ്യോഗസ്ഥരും ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും ചേർന്നാണ് എൻവയോൺമെന്റൽ സർവ്വേ നടത്തിയത്. കനോലി കനാലിലേയ്ക്ക് എരഞ്ഞിക്കൽ മുതൽ കല്ലായി വരെ എത്തിച്ചേരുന്ന ഡിസ്ചാർജ്ജ് പോയിന്റുകളാണ് പ്രധാനമായും കണ്ടെത്തിയത്. ചപ്പുചവറുകളും മലിനജലവും പൊതു ഓടകളിലൂടെ കനാലിലേയ്ക്ക് എത്തിച്ചേരുന്നതുകൊണ്ടാണ് കനോലി കനാൽ മലിനമാകുന്നതെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തി. കനോലി കനാലിന്റെ പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലാ ഭരണകൂടം നിർദ്ദേശിച്ചപ്രകാരം ഒരു ആക്ഷൻ പ്ലാൻ (പ്രൊപ്പോസൽ) ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ള മീറ്റിംഗുകളിൽ ബോർഡിന്റെ കോഴിക്കോട് ഓഫീസ് അവതരിപ്പിച്ചിരുന്നു.

(ബി) ആക്ഷൻ പ്ലാനിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പല വകുപ്പുകളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇവ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപന ചുമതല ജില്ലാ ഭരണകൂടത്തിനാണ്. കനാൽ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 27-4-2018 തീയതിയിൽ കളക്ടറേറ്റിൽ നടന്ന മീറ്റിംഗിൽ വാണിജ്യ സമുച്ചയങ്ങൾ, റെസ്റ്റോറന്റുകൾ, വീടുകൾ തുടങ്ങിയവയിൽ നിന്നുമുള്ള മലിനജലം പബ്ലിക് ഡ്രെയിനുകളിലൂടെ കനാലിലേയ്ക്ക് എത്തിച്ചേരുന്നത് തടയുന്നതിനായി ടി സ്ഥാപനങ്ങളിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് കളക്ടർ അഭിപ്രായപ്പെട്ടു.

നിലവിൽ വ്യവസായങ്ങൾ, ആശുപത്രികൾ, ഉത്തുംഗ പാർപ്പിട സമുച്ചയങ്ങൾ തുടങ്ങിയവയിൽ ഏർപ്പെടുത്തിയിട്ടുള്ള മലിനജല സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ പൊതു ഓടകളിലേയ്ക്ക് മലിനജലം ഒഴുക്കിവിടുന്നത് കണ്ടെത്താനായി ഹോട്ടലുകൾ, വാണിജ്യ സമുച്ചയങ്ങൾ തുടങ്ങിയവയിൽ പരിശോധന നടത്തുകയും മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ടി സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശം/ നോട്ടീസ് ബോർഡ് നൽകുകയും ചെയ്യുന്നുണ്ട്.

(സി) 16-1-2018-ൽ ബഹുമാനപ്പെട്ട കോഴിക്കോട് കോർപ്പറേഷൻ മേയറുടെ ചേമ്പറിൽ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ഒരു മീറ്റിംഗിൽ ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശപ്രകാരം കനാൽ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു ആക്ഷൻ പ്ലാൻ/പ്രൊപ്പോസൽ മലിനീകരണ നിയന്ത്രണ ബോർഡ് അവതരിപ്പിച്ചിരുന്നു. അനധികൃത ഡിസ്ചാർജ്ജുകൾ

തടയുക, വികേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഏർപ്പെടുത്തുക, വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ ശുദ്ധീകരിച്ച്/സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, ചാലുകൾ കനാലിലേയ്ക്ക് ചേരുന്ന ഭാഗങ്ങളിൽ delay pond ഏർപ്പെടുത്തുക, ചാലുകൾ ചേരുന്ന ജംഗ്ഷനിൽ ബാർ സ്ക്രീൻ/ഇന്റർ സെപ്റ്ററുകൾ ഏർപ്പെടുത്തുക, കനാൽ കൃത്യമായ സമയങ്ങളിൽ വൃത്തിയാക്കുക, കനാലിനിരുവശവും vertical screen-കൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പരിഹാരമാർഗ്ഗമായി അവതരിപ്പിച്ചത്. ഇതിന്റെ തുടർച്ചയായി 27-4-2018 തീയതിയിൽ കളക്ടറേറ്റിൽ നടന്ന കനോലി കനാലുമായി ബന്ധപ്പെട്ട മിറ്റിംഗിൽ വാണിജ്യ സമുച്ചയങ്ങൾ, റെസ്റ്റോറന്റുകൾ, വീടുകൾ, തുടങ്ങിയവയിൽനിന്നുമുള്ള മലിനജലം പബ്ലിക് ഡ്രെയിനുകളിലൂടെ കനാലിലേയ്ക്ക് എത്തിച്ചേരുന്നത് തടയുന്നതിനായി ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്ന് കളക്ടർ അഭിപ്രായപ്പെട്ടു. ആക്ഷൻ പ്ലാനിൽ പരാമർശിച്ച പ്രവൃത്തികൾ പല വകുപ്പുകളുമായി ബന്ധപ്പെട്ടിട്ടുള്ളതായതിനാൽ വകുപ്പുകൾക്ക് നിർദ്ദേശം നൽകി ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നത് ജില്ലാ ഭരണകൂടമാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

28 (1941) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എ.എസ്. നിയമനത്തിന് എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എ.എസ്. റൂളിൽ ഭേദഗതി വരുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് 29-12-2017-ൽ SRO 864/17 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിൽ എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഭേദഗതി വിജ്ഞാപനം SRO 464/19 പ്രകാരം 11-7-2019-ൽ പുറപ്പെടുവിക്കുകയുമുണ്ടായി. നിയമനം സംബന്ധിച്ച വിജ്ഞാപനത്തിനായുള്ള നടപടി സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം

29 (1942) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തന കാലാവധി എത്ര കാലത്തേയ്ക്കാണ് നിശ്ചയിച്ചിട്ടുള്ളത്;അറിയിക്കുമോ;

(സി) എത്ര ഇടക്കാല റിപ്പോർട്ടുകളാണ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; ഈ റിപ്പോർട്ടുകളിന്മേൽ നാളിതുവരെയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദ വിവരങ്ങൾ നൽകാമോ;

(ഡി) സർക്കാർ ഓഫീസുകളുടെ പ്രവൃത്തി ദിനങ്ങൾ കേന്ദ്ര സർക്കാർ ഓഫീസുകളുടെതുപോലെ ആഴ്ചയിൽ അഞ്ച് ദിവസമാക്കണമെന്ന് സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻ ശിപാർശ നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) കമ്മീഷന്റെ പ്രവർത്തന കാലാവധി നിശ്ചയിച്ചിട്ടില്ല.

(സി) ഭരണപരിഷ്കാര കമ്മീഷൻ നാല് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

1. വിജിലൻസ് സംവിധാനം - പരിഷ്കരണം.

2. Capacity Development of Civil Servants - Kerala

3 Welfare to Rights - Implementation of Select Legislations - A review

4. Personnel Reforms - Civil Service in Kerala

പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സർക്കാർ ഓഫീസുകളുടെ പ്രവൃത്തി സമയം ആഴ്ചയിൽ 5 ദിവസമായി നിജപ്പെടുത്തണമെന്ന് ഭരണപരിഷ്കാര കമ്മീഷന്റെ നാലാമത് റിപ്പോർട്ടിലെ (Personnel Reforms - Civil Service in Kerala) മൂന്നാം അദ്ധ്യായത്തിൽ (Spark and Service Matters) ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

## പി.എസ്.സി. പരീക്ഷാ നടത്തിപ്പ് അവശ്യ സർവ്വീസ് ആക്കുവാൻ നടപടി

30 (1945) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷ നടത്തിപ്പ് അവശ്യ സർവ്വീസ് ആയി പ്രഖ്യാപിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ;

(ബി) അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിനായി തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് സമാനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചാണോ അവശ്യ സർവ്വീസ് ആക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പരീക്ഷാ ഡ്യൂട്ടി അവശ്യ സർവ്വീസ് ആക്കുന്നതിന് വേറെ എന്തൊക്കെ നിബന്ധനകളാണ് കൂട്ടിച്ചേർക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഡ്യൂട്ടി സംബന്ധമായ നിർദ്ദേശങ്ങൾ അനുസരിക്കാത്തവർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) പി.എസ്.സി. പരീക്ഷാ നടത്തിപ്പ് സുഗമമായും സുതാര്യമായും നടത്തുന്നത് സംബന്ധിച്ച് പി.എസ്.സി. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പി.എസ്.സി. ചോദ്യബാങ്ക് രൂപീകരണം

31 (1947) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പരീക്ഷകൾക്കായി ചോദ്യബാങ്ക് രൂപീകരിക്കുന്ന കാര്യം പി.എസ്.സി.-യുടെ പരിഗണനയിലുണ്ടോ;

(ബി) 2016-ൽ തുടക്കമിട്ട ചോദ്യബാങ്ക് പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ച സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) പി.എസ്.സി. പരീക്ഷയുടെ ചോദ്യപേപ്പർ മലയാളത്തിലാക്കുമ്പോൾ അതിന്റെ രഹസ്യസ്വഭാവം നഷ്ടപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ചോദ്യബാങ്ക് രൂപീകരണം ഇതിന്റെ മുന്നോടിയായിട്ടാണോ വീണ്ടും കൊണ്ടുവരുവാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2016-ൽ ചോദ്യബാങ്കിന്റെ പ്രാഥമിക നടപടികൾ ആരംഭിക്കുകയും അതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി&ഡി) പി.എസ്.സി.-യുടെ ചോദ്യപേപ്പറിന്റെ രഹസ്യ സ്വഭാവം നഷ്ടപ്പെടാതിരിക്കുവാൻ ഇംഗ്ലീഷിലും മലയാളത്തിലും ഒരേ പോലെ ചോദ്യങ്ങൾ തയ്യാറാക്കാൻ കഴിവുള്ള വിഷയ വിദഗ്ധരുടെ പേര് വിവരങ്ങൾ ശേഖരിക്കുന്ന നടപടി പി.എസ്.സി. ആരംഭിച്ചിട്ടുണ്ട്.

## ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

32 (1949) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകളും നടത്താറുണ്ട്. 2020 കലണ്ടർ വർഷത്തെ പ്രതീക്ഷിത

ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യുവാൻ 20-9-2019-ലെ ഉ.പ.സി3/101/2019/ഉ.ഭ.പ.വ. നമ്പർ പരിപത്രത്തിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ പരീക്ഷ

33 (1950) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 237/2018) തസ്തികയിലേക്ക് എന്നാണ് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നാളിതുവരെയും പരീക്ഷ നടത്താത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികയിലേക്ക് എപ്പോൾ പരീക്ഷ നടത്താൻ സാധിക്കുമെന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 29-12-2018-ന്

(ബി&സി) പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയായാലുടൻ പരീക്ഷാ തീയതി നിശ്ചയിക്കുന്നതാണ്.

## പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

34 (1952) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2019 വർഷത്തിൽ പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ/പ്രതീക്ഷിത ഒഴിവുകൾ എന്നിവ വകുപ്പും തസ്തികയും തിരിച്ച് വിശദമാക്കാമോ?

ഉത്തരം

വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ട അനുസരിച്ചുള്ള ഗ്രേസ് മാർക്ക്

35 (1953) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സർവ്വകലാശാല കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് സ്പോർട്സ് ക്വാട്ട അനുസരിച്ചുള്ള ഗ്രേസ് മാർക്ക് നൽകാറുണ്ടോ; എങ്കിൽ മികച്ച വിജയം നേടാതെ ഇത്തരത്തിൽ ഗ്രേസ് മാർക്ക് ലഭിക്കുന്നതിലെ അപാകതമൂലം അനർഹരായ പല വിദ്യാർത്ഥികളും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടം നേടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി. നടത്തിയ പോലീസ് കോൺസ്റ്റബിൾ പരീക്ഷയിൽ തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ ഉദ്യോഗാർത്ഥികൾ ഈ ആനുകൂല്യം കൂടി നേടിയാണ് റാങ്ക് പട്ടികയിൽ മുൻനിരയിൽ എത്തിയതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള അനർഹമായ ആനുകൂല്യം കരസ്ഥമാക്കുന്നതിന് ഇടയാക്കിയവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 11-1-1978-ലെ ജി.ഒ.(എം.എസ്) നമ്പർ 21/1978/ജി.എ.ഡി. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള സ്പോർട്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. അധിക മാർക്ക് നൽകി വരുന്നത്.

(ബി&സി) ടി തസ്തികയുടെ റാങ്ക് പട്ടികയുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുകയാണ്. അന്വേഷണ റിപ്പോർട്ട് പ്രകാരം അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## കൃഷി ഓഫീസറുടെ പി.എസ്.സി. റാങ്ക് പട്ടിക

36(1954) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലുള്ള കൃഷി ഓഫീസറുടെ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്ന് എത്ര പേർക്ക് ഇതിനകം നിയമനം നൽകിക്കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ നിലവിലുള്ള കൃഷി ഓഫീസറുടെ പി.എസ്.സി. റാങ്ക് പട്ടികയിൽനിന്ന് 520 പേർക്ക് കൃഷി ഓഫീസറായി നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് പട്ടിക നിലവിൽ വന്നത് 24-7-2017-ലാണ്. റാങ്ക് പട്ടിക ടി തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് 3 വർഷവും നിലവിലിരിക്കുന്നതാണ്.

## ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിലെ പി.എസ്.സി. നിയമനങ്ങൾ

37 (1955) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള സ്കൂളുകളിൽ പി.എസ്.സി. മുഖേന നടത്തുന്ന അദ്ധ്യാപക നിയമനങ്ങൾ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രമായി നിജപ്പെടുത്തുന്നതിന് നിലവിലുള്ള ഏതൊക്കെ ചട്ടങ്ങളിലാണ് മാറ്റം വരുത്തേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഭാഷ കൈകാര്യം ചെയ്യാൻ അറിയാത്തവർ ഭാഷാ ന്യൂനപക്ഷങ്ങൾക്കായി ഉള്ള സ്കൂളുകളിൽ അദ്ധ്യാപകരായി പി.എസ്.സി. വഴി നിയമനം നേടുന്ന അവസ്ഥ അവസാനിപ്പിക്കുവാൻ ചട്ടങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.എസ്.സി. നിയമനങ്ങളിൽ നിലനിൽക്കുന്ന ഈ അനൗചിത്യം പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം XXXI -ലാണ് വിവിധ തലങ്ങളിലുള്ള അദ്ധ്യാപക നിയമനങ്ങളുടെ യോഗ്യതയെ സംബന്ധിച്ച് പരാമർശിക്കപ്പെടുന്നത്. ഇതിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ഈ വിഷയം പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## എച്ച്.എസ്.എസ്.റ്റി. ഹിസ്റ്ററി തസ്തികയിലെ റാങ്ക് ലിസ്റ്റ്

38 (1956) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി എച്ച്.എസ്.എസ്.റ്റി. ഹിസ്റ്ററി തസ്തികയിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്ന് ഇതിനകം എത്ര പേർക്ക് നിയമനം നൽകിക്കഴിഞ്ഞിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള ലിസ്റ്റിൽ നിന്നും 11 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 29-10-2020-ന് റാങ്ക് ലിസ്റ്റിന്റെ കാലാവധി അസാനിക്കുന്നതാണ്.

## കമ്പനി/കോർപ്പറേഷനിലെ വിവിധ തസ്തികളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ്

39(1957) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 399/2017, 400/2017 എന്നീ കാറ്റഗറി നമ്പറുകളിലായി പി.എസ്.സി. നടത്തിയ വിവിധ കമ്പനി കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ്, ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ, ക്ലാർക്ക് എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിനായുള്ള സാധ്യതാ ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത് എന്ന് വെളിപ്പെടുത്താമോ;

(ബി) വെരിഫിക്കേഷനുശേഷമുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് ഏതു ഓഫീസിനെയാണ് പി.എസ്.സി. ചുമതലപ്പെടുത്തിയത്;

(സി) മുൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞു എന്നതു പരിഗണിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 399/17 കാറ്റഗറി നമ്പരായുള്ള Junior Assistant/Cashier/Assistant Gr.II തസ്തികയുടെ സാധ്യതാ പട്ടിക 2-8-2019-നം വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേയ്ക്കുള്ള 400/2017 കാറ്റഗറി നമ്പരായുള്ള Junior Assistant/Cashier/Assistant Gr.II തസ്തികയുടെ സാധ്യതാ പട്ടിക 6-8-2019-നം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 399/2017 കാറ്റഗറി നമ്പരായുള്ള Junior Assistant/Cashier തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് കൊല്ലം റീജിയണൽ പി.എസ്.സി. ഓഫീസറെയും 400/2017 കാറ്റഗറി നമ്പറിലേയ്ക്കുള്ള റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് എറണാകുളം റീജിയണൽ ഓഫീസറെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) റാങ്ക് പട്ടിക അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## വുമൺ സിവിൽ പോലീസ് ഓഫീസർ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്

40(1958) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ (വുമൺ പോലീസ് കോൺസ്റ്റബിൾ)- വുമൺ പോലീസ് ബറ്റാലിയൻ (കാറ്റഗറി നമ്പർ 653/2017) നിയമനത്തിനുള്ള പി.എസ്.സി. ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഫിസിക്കൽ ടെസ്റ്റ് നാളിതുവരെ നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫിസിക്കൽ ടെസ്റ്റ് നടത്താൻ വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ;

(സി) റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടതും ശാരീരിക അളവെടുപ്പിൽ യോഗ്യത നേടിയതുമായവരുടെ കായികക്ഷമതാ പരീക്ഷ 2019 നവംബർ 15-ാം തീയതി മുതൽ ജില്ലാടിസ്ഥാനത്തിൽ നടത്തുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) കായികക്ഷമതാ പരീക്ഷ പൂർത്തിയായശേഷം റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിക്കുന്നതാണ്.

## പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടിക

41 (1960) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയിൽനിന്ന് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന നടപടി ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) കെ.എ.പി. നാലാം ബറ്റാലിയനിലെ എത്ര ഒഴിവുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് കോൺസ്റ്റബിൾ റാങ്ക് പട്ടികയുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുന്നതിനാൽ പ്രസ്തുത തസ്തികയുടെ റാങ്ക് പട്ടികകൾ താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്.

(ബി)133 പ്രതീക്ഷിത ഒഴിവുകൾ

## സിവിൽ എക്സൈസ് ഓഫീസർ റാങ്ക് പട്ടിക

42 (T* 1961) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ എക്സൈസ് ഓഫീസർ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അടുത്ത റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി വരെ ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 8-4-2019-ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്.

(ബി) 50 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പാലക്കാട് ജില്ലയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ

43 (1962) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വകുപ്പ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

ഉത്തരം

ഗ്രാമവികസന വകുപ്പ് (Rural Development), ഭൂനികുതി വകുപ്പ് (Land Revenue) എന്നീ വകുപ്പുകളിൽനിന്നും ഓരോ ഒഴിവുകൾ വീതം പ്രതീക്ഷിത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ലക്ചറർ (ഹോം സയൻസ്) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

44 (1963) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. 2018 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിച്ച കോളേജ് ലക്ചറർ (ഹോം സയൻസ്) റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് നേടിയ ഫൈറൂസ ടി. എന്ന ഉദ്യോഗാർത്ഥിക്ക് ഇതുവരെ നിയമനം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് പതിനാല് മാസം പിന്നിട്ടിട്ടും പ്രസ്തുത ഉദ്യോഗാർത്ഥിക്ക് നിയമനം നൽകുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിനും എത്രയും വേഗം ടിയാൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഹോം സയൻസ് (ചൈൽഡ് ഡെവലപ്മെന്റ്) തസ്തികയിലേയ്ക്ക് ഒരു ഒഴിവ് മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഒഴിവ് ഭിന്നശേഷി വിഭാഗത്തിന് അർഹതപ്പെട്ടതാണ്. ഫൈറൂസ ടി. എന്ന ഉദ്യോഗാർത്ഥിയുടെ നിയമന ശിപാർശ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടില്ല.

## തൃശ്ശൂർ ജില്ലയിലെ യു.പി. സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

45 (1964) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയ്ക്കായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കാമോ;

(ബി) റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കും മുൻപ് മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇതേ തസ്തികയിൽ പി.എസ്.സി. പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇല്ലായെങ്കിൽ ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റ് കാലാവധി നീട്ടി ഒഴിവുവരുന്ന തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4-1-2022-ന്.

(ബി) റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) റാങ്ക് പട്ടികയുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

## പാലക്കാട് ജില്ലയിൽ പി.എസ്.സി. മുഖാന്തരം അദ്ധ്യാപക നിയമനം

46 (1965) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പാലക്കാട് ജില്ലയിൽ എത്ര എച്ച്.എസ്.എ., എച്ച്.എസ്.എസ്.ടി. അദ്ധ്യാപകരെ പി.എസ്.സി. മുഖാന്തിരം നിയമിച്ചിട്ടുണ്ട് എന്നതിന്റെ വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പാലക്കാട് ജില്ലയിൽ നിയമിച്ച എച്ച്.എസ്.എ. അദ്ധ്യാപകരുടെ വിഷയം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| Sl.No. | Name of Category | Appointments given |
|---|---|---|
| 1 | HST Mathematics | 116 |
| 2 | HST Social Studies | 77 |
| 3 | HST physical Science | 53 |
| 4 | HST Natural Science | 39 |
| 5 | HST English | 46 |
| 6 | HST Mathematics (Tamil Medium) | 2 |
| 7 | HST Natural Science (Tamil Medium) | 2 |
| 8 | HST Malayalam | 62 |
| 9 | HST Hindi | 35 |
| 10 | HST Arabic | 09 |
| 11 | HST Sanskrit | 11 |
| 12 | HST Tamil | - |
| 13 | HST Urdu | - |
| 14 | Music Teacher (HS) | 13 |
| 15 | Drawing Teacher | 01 |
| 16 | Sewing Teacher (HS) | 02 |
| 17 | HST Arabic (PT) | 01 |
| 18 | HST Sanskrit (PT) | 01 |
| 19 | PET (UP) | 09 |
| 20 | PET (HS) | 15 |

ഹയർ സെക്കന്ററി വിഭാഗത്തിൽ എച്ച്.എസ്.എസ്.റ്റി.-മാരുടെ നിയമനം സംസ്ഥാനതലത്തിലാണ്. ആയതിനാൽ നിയമനം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

## പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

47 (1966) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലേയ്ക്ക് 9-7-2019-ന് നടന്ന ടൈപ്പിസ്റ്റ് ഗ്രേഡ്-2 (കാറ്റഗറി നമ്പർ 256/2018) പരീക്ഷ എഴുതുന്നതിനായി എത്രപേർ കൺഫർമേഷൻ നൽകിയിരുന്നെന്നും ഇതിൽ എത്ര പേർ പരീക്ഷ എഴുതിയെന്നും വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇതിലേക്കായി ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15301 (പതിനായ്യായിരത്തി മുന്നൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾ കൺഫർമേഷൻ നൽകുകയും അതിൽ 8795 (എണ്ണായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി അഞ്ച്) ഉദ്യോഗാർത്ഥികൾ പരീക്ഷയ്ക്ക് ഹാജരാവുകയും ചെയ്തിട്ടുണ്ട്.

(ബി) ഒൻപത് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിൽ സി.എ. തസ്തികയിലെ നിയമനം

48 (1967) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിന്നും നിയമനത്തിനായുള്ള ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 1-4-2019 മുതൽ 15-10-2019 വരെ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി തുടങ്ങിയവ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും നിയമനത്തിനായുള്ള ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നും 1-4-2019 മുതൽ 15-10-2019 വരെ പി.എസ്.സി.-യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തുകൊണ്ട് വകുപ്പുകളിൽനിന്നും വന്ന കത്തിന്റെയും പ്രൊഫോർമയുടെയും ബന്ധപ്പെട്ട രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഒഴിവ് ലഭിച്ച തീയതി | വകുപ്പ് | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | 11-4-2019 | ജി.എസ്.റ്റി. വകുപ്പ് | 1 |
| 2 | 3-5-2019 | നിയമസഭാ സെക്രട്ടേറിയറ്റ് | 1 |
| 3 | 3-5-2019 | പഞ്ചായത്ത് | 1 |
| 4 | 16-5-2019 | ആരോഗ്യ വകുപ്പ് | 1 |
| 5 | 20-6-2019 | ആരോഗ്യവിദ്യാഭ്യാസ വകുപ്പ് | 1 |
| 6 | 23-9-2019 | ആരോഗ്യവിദ്യാഭ്യാസ വകുപ്പ് | 2 |

**അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടിക**

49 (1968) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തിക നിയമനത്തിനായി കാറ്റഗറി നമ്പർ 444/2016 പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്ത് പരീക്ഷ നടത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്തമോ; റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അഗ്രികൾച്ചറൽ അസിസ്റ്റന്റ് (ഗ്രേഡ് II) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) OMR പരീക്ഷ 9-8-2017-ന് നടന്നു.

(ബി) ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുരോഗമിച്ചുവരുന്നു.

(സി) 86 (എൺപത്തി ആറ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അഗ്രികൾച്ചറൽ അസിസ്റ്റന്റ് ചുരുക്കപ്പട്ടിക**

50(1969) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. 2017 ആഗസ്റ്റിൽ നടത്തിയ അഗ്രികൾച്ചറൽ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 444/16) പരീക്ഷയുടെ ചുരുക്കപ്പട്ടിക ഇതുവരെ പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ;

(ബി) കൃഷിയിൽ ബിരുദയോഗ്യതയുള്ളവരെക്കൂടി ഉൾക്കൊള്ളിച്ചു കൊണ്ടാണോ പ്രസ്തുത ചുരുക്കപട്ടിക പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

(ബി) ഈ വിഷയത്തിൽ പി.എസ്.സി. അന്തിമ തീരുമാനം എടുത്തിട്ടില്ല.

**സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനങ്ങൾ**

51(T*1970) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേക്ക് അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേയ്ക്ക് അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷാ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളുടെ സർവ്വകലാശാല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സർവ്വകലാശാല | അസിസ്റ്റന്റ് | കമ്പ്യൂട്ടർ അസിസ്റ്റന്റ് |
|---|---|---|
| കേരള സർവ്വകലാശാല | 720 | 138 |
| മഹാത്മാഗാന്ധി സർവ്വകലാശാല | 332 | 105 |
| കാലിക്കട്ട് സർവ്വകലാശാല | 108 | 50 |
| കൊച്ചിശാസ്ത്രസാങ്കേതിക സർവ്വകലാശാല | 73 | 115 |
| ശ്രീ ശങ്കരാചാര്യ സർവ്വകലാശാല | 31 | 1 |
| കണ്ണൂർ സർവ്വകലാശാല | 171 | 6 |
| ന്യൂവാൽസ് | 4 | 1 |
| കേരള കാർഷിക സർവ്വകലാശാല | 281 | 179 |
| കേരള ഫിഷറീസ് & സമുദ്ര പഠന സർവ്വകലാശാല | 15 | 6 |
| കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല | 123 | 27 |
| കേരള ആരോഗ്യ സർവ്വകലാശാല | 122 | 10 |
| ആകെ | 1980 | 638 |

## ടൈപ്പിസ്റ്റ് ഗ്രേഡ് -II റാങ്ക് ലിസ്റ്റ്

52 (1971) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷൻ/ബോർഡ്/സൊസൈറ്റീസ് എന്നിവിടങ്ങളിൽ ധാരാളം ടൈപ്പിസ്റ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 451/2016 പ്രകാരം നടത്തിയ പി.എസ്.സി. പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ടി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും അടിയന്തിര നിർദ്ദേശം നൽകുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവിധ വകുപ്പുകൾ/കമ്പനി/കോർപ്പറേഷൻ/ബോർഡ്/ സൊസൈറ്റീസ് എന്നിവിടങ്ങളിൽ ഉണ്ടാകുന്ന നിലവിലുള്ളതും/പ്രതീക്ഷിതവുമായ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ നിയമനാധികാരികൾക്കും/വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡിമിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ 2020 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യുവാൻ 20-9-2019-ലെ ഉ.പ.സി.3/101/2019/ഉ.ഭ.പ.വ. നമ്പർ പരിപത്രത്തിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അന്തിമ ഘട്ടത്തിലാണ്.

## റേഡിയോഗ്രാഫർ ഗ്രേഡ് -II റാങ്ക് ലിസ്റ്റ്

53 (1972) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 189/2016 പ്രകാരം നിലവിൽ വന്ന ഹെൽത്ത് സർവ്വീസസ് റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ഇപ്പോൾ ഏതുവരെയായെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയമനത്തിന് ഇതുവരെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് പട്ടികയിൽനിന്നും 54-ാം റാങ്ക് വരെയുള്ള ഓപ്പൺ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നാളിതുവരെ എൻ.ജെ.ഡി. ഉൾപ്പെടെ 66 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കെ-ഫോൺ പദ്ധതി

54 (1974) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും, സൗജന്യ ഇന്റർനെറ്റ് സൗകര്യം ഒരുക്കുന്ന കെ-ഫോൺ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ സേവനദാതാക്കൾക്കും കെ-ഫോൺ നെറ്റ്‌വർക്ക് ഉപയോഗിച്ച് അവരുടെ സേവനം നൽകുന്നതിന് തീരുമാനമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; കിഫ്ബിയിൽനിന്നും ഇതിനായി എന്ത് തുകയാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, സ്കൂളുകൾ എന്നിവ കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനുദ്ദേശിക്കുന്ന കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിന് മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാന കേബിൾ ശൃംഖല പൂർണ്ണമായി സ്ഥാപിച്ചുകഴിഞ്ഞതിനുശേഷം സ്വകാര്യ സേവന ദാതാക്കൾക്കും കെ-ഫോൺ നെറ്റ്‌വർക്ക് ഉപയോഗിച്ച് സേവനം നൽകുന്നതിനുള്ള സാധ്യതയും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നു.

(സി) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ റെയിൽടെൽ, എൽ.എസ്. കേബിൾ, ശോഭാ റിനൈസെൻസ് ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (എസ്.ആർ.ഐ.റ്റി.) എന്നീ കമ്പനികൾ ഉൾപ്പെടുന്ന കൺസോർഷ്യത്തിനെയാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സിസ്റ്റം ഇന്റഗ്രേറ്ററായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) സംസ്ഥാന സർക്കാരിന്റെ ഇ-പ്രൊക്യൂർമെന്റ് പ്ലാറ്റ്ഫോമിലൂടെ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ വഴി ഏറ്റവും കുറഞ്ഞ തുകയായ 1531.68 കോടി (നികുതികൾ പുറമെ) രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനാണ് കരാർ നൽകിയിട്ടുള്ളത്. 1061.73 കോടി രൂപയാണ് കിഫ്ബി ധനസഹായമായി ലഭിക്കുന്നത്.

## അക്ഷയ കേന്ദ്രങ്ങളിലെ സേവന ഫീസ്

55 (1975) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്ന ഓരോ സേവനങ്ങൾക്കും തുക നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ 9-5-2018-ലെ സ.ഉ.(അച്ചടി) നമ്പർ 3/2018/വി.സ.വ., 20-8-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 21/2018/വി.സ.വ. എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം അനുബന്ധം -1, 2 ആയി ഉള്ളടക്കം ചെയ്യുന്നു. *

**വെള്ളൂർ പ്രദേശത്ത് പുതിയ അക്ഷയ കേന്ദ്രം**

56 (1976) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ പ്രദേശത്ത് അക്ഷയകേന്ദ്രം അനുവദിക്കുന്നതിന് സമർപ്പിച്ചിരുന്ന നമ്പർ AKS 1536/2018 പ്രകാരമുള്ള അപേക്ഷയിലെ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പയ്യന്നൂർ നഗരസഭാ പരിധിയിൽ വെള്ളൂർ പ്രദേശത്ത് നിലവിൽ അക്ഷയകേന്ദ്രം പ്രവർത്തിച്ചുവരുന്നതിനാൽ വെള്ളൂർ-മെട്ടമ്മൽ എന്ന ലൊക്കേഷൻ പരിഗണിക്കുന്നതിലേയ്ക്കായുള്ള നടപടി ആരംഭിക്കുകയും പുതിയ ലൊക്കേഷന് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനും അക്ഷയ ജില്ലാ ഓഫീസിൽനിന്നും ആവശ്യമായ റിപ്പോർട്ടുകൾ സഹിതം അക്ഷയ സ്റ്റേറ്റ് ഓഫീസ് മുഖേന സർക്കാർ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായുമുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നതിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനം, ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം എന്നിവ ആവശ്യമായിരുന്നതും ഒരു മുനിസിപ്പാലിറ്റിയിൽ അനുവദിക്കുന്ന പരമാവധി കേന്ദ്രങ്ങളുടെ എണ്ണം 6 ആയി നിജപ്പെടുത്തിയിരുന്നതും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രണ്ട് കേന്ദ്രങ്ങൾ തമ്മിൽ 2 കി.മീ. അകലം പാലിച്ചിരിക്കേണ്ടതുമാണ്. അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മേൽ വ്യവസ്ഥകൾ പ്രകാരമുള്ള ആധികാരിക രേഖകൾ സമർപ്പിക്കുന്നതിലുള്ള കാലതാമസമാണ് അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് വൈകുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമീണ റോഡുകൾ

57 (1979) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ (റീബിൽഡ് കേരള) ഏതൊക്കെ ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) എല്ലാ ജില്ലകളിലെയും റോഡുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കി ആർ.കെ.ഐ.-യ്ക്ക് സമർപ്പിച്ച റോഡുകളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായുള്ള 1800 കിലോമീറ്ററോളം ഗ്രാമീണ റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും ആദ്യഘട്ടത്തിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, ഇടുക്കി. വയനാട്, തൃശ്ശൂർ, പാലക്കാട് എന്നീ എട്ട് ജില്ലകളിലെ 605 കിലോമീറ്ററോളം ദൈർഘ്യം വരുന്ന റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ള റോഡുകളുടെ പരിശോധന പൂർത്തീകരിക്കേണ്ടതുണ്ട്.

### റീബിൽഡ് കേരളയിലെ പദ്ധതികൾ

58 (1980) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഏതെല്ലാം മേഖലയിലെ പദ്ധതികൾ ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിലേയ്ക്ക് തെരഞ്ഞെടുക്കുന്ന മേഖലകളും പദ്ധതികളും നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുംവിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നത് ലക്ഷ്യമിട്ട് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP)-ക്ക് രൂപം നൽകിയിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലൂന്നിയുള്ള പുനർനിർമ്മാണം സാധ്യമാക്കുന്നതിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP -യിൽ ഉൾപ്പെടുന്നു. ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീരവികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടാൻ ഉതകുന്ന പദ്ധതികൾക്കാണ് മുൻഗണന നൽകുന്നത്.

**പ്രളയത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനർനിർമ്മാണം**

59(1983) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ തകർന്ന പ്രദേശങ്ങളുടെ പുനർനിർമ്മാണത്തിനായി ലോക ബാങ്ക് സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വായ്പ എന്തൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) വായ്പാ തിരിച്ചടവ് കാലാവധി എത്ര വർഷമാണ്; അതിന്റെ പലിശ നിരക്ക് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽനിന്ന് 500 മില്ല്യൺ ഡോളർ വികസന നയ വായ്പ (DPL) സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോക ബാങ്കിൽനിന്ന് വികസന നയവായ്പകയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്.

(ബി) കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖയായി കേരള പുനർനിർമ്മാണ വികസന പദ്ധതി (Rebuild Kerala Development Programme, RKDP)-ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. RKDP-യിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളായ ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീരവികസനവും നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾക്കായാണ് വായ്പ തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ലോക ബാങ്കിൽനിന്നും ലഭ്യമായ 250 മില്യൺ ഡോളർ (1779.58 കോടി രൂപ) വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഭാഗം- എ കൺസഷണൽ വായ്പ | ഭാഗം - ബി നോൺ കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശനിരക്ക് | 1.25% വാർഷിക പലിശ | LIBOR + ലോക ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15-11-2024 മുതൽ 15-5-2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15-11-2024 മുതൽ 15-11-2043 വരെ 39 അർദ്ധവാർഷിക തവണകൾ |

**കാലവർഷക്കെടുതിയിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം**

60(1984) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കാലവർഷകെടുതിയിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് പത്ത് ലക്ഷം രൂപവരെ നഷ്ടപരിഹാരം നൽകുന്ന പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2019-ലെ കാലവർഷക്കെടുതിയിൽ ദുരന്തബാധിത കുടുംബമായി കണക്കാക്കി എത്ര കുടുംബങ്ങൾക്ക് സർക്കാർ പതിനായിരം രൂപ വീതം ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019-ലെ കാലവർഷക്കെടുതിയിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ കണക്കെടുപ്പ് നടന്നുവരുന്നു.

(ബി) 2019-ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങളും ആലപ്പുഴയിലെ ഗ്രുവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങളും ഉൾപ്പെടെ 31-10-2019 വരെ 129040 കുടുംബങ്ങൾക്ക് പതിനായിരം രൂപ വീതം നൽകിയിട്ടുണ്ട്.

## 2019-ലെ പ്രളയത്തിൽ ഉണ്ടായ നാശനഷ്ടം

61(1985) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ആഗസ്റ്റിലുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കേന്ദ്ര മാനദണ്ഡപ്രകാരം എത്ര കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത നഷ്ടം വിലയിരുത്തുവാനായി കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചിരുന്നോ;

(സി) എന്ത് നഷ്ടപരിഹാരമാണ് സംസ്ഥാനം ആവശ്യപ്പെട്ടത്; ഇതിനകം ലഭിച്ച കേന്ദ്ര സഹായം വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം 2101.881 കോടിയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്.

(ബി) പ്രസ്തുത നഷ്ടം വിലയിരുത്തുവാനായി കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിച്ചിരുന്നു.

(സി) ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം 2101.881 കോടിയുടെ സഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുള്ള മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ

നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രം അടിയന്തര സഹായം അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം

62 (1986) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷ നൽകുന്നവർക്ക് സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-5-2016 മുതൽ 29-10-2019 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് 3359.01 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരമാണ്:

| | |
|---|---|
| തിരുവനന്തപുരം | - 115.05 കോടി രൂപ |
| കൊല്ലം | - 99.35 കോടി രൂപ |
| പത്തനംതിട്ട | - 178.58 കോടി രൂപ |
| ആലപ്പുഴ | - 604.20 കോടി രൂപ |
| കോട്ടയം | - 211.38 കോടി രൂപ |
| ഇടുക്കി | - 161.40 കോടി രൂപ |
| എറണാകുളം | - 675.01 കോടി രൂപ |
| തൃശ്ശൂർ | - 436.46 കോടി രൂപ |
| പാലക്കാട് | - 130.23 കോടി രൂപ |
| മലപ്പുറം | - 134.67 കോടി രൂപ |

| | |
|---|---|
| കോഴിക്കോട് | - 85.71 കോടി രൂപ |
| കണ്ണൂർ | - 44.35 കോടി രൂപ |
| വയനാട് | - 75.10 കോടി രൂപ |
| കാസർഗോഡ് | - 93.59 കോടി രൂപ |

വിവിധ സ്ഥാപനങ്ങൾ വകുപ്പുകൾ - 313.93 കോടി രൂപ

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണം കാര്യക്ഷമമാകുന്നതിലേയ്ക്കായി 2018 ഏപ്രിൽ 1 മുതൽ ധനസഹായ വിതരണം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്ന സോഫ്റ്റ്‌വെയർ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനംവഴി ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ കീഴിൽ 'മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ടെക്നിക്കൽ സപ്പോർട്ട് സെൽ' പ്രവർത്തിച്ചുവരുന്നു. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് തലം വരെയും അക്ഷയ സെന്ററുകൾവഴി സ്വീകരിക്കുന്ന അപേക്ഷകളും അനുബന്ധ രേഖകളും ഓൺലൈൻവഴി സ്വീകരിച്ച് ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ സംവിധാനം കാലാനുസൃതമായി പരിഷ്കരിച്ചും ധനസഹായ വിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്.

**അവയവദാതാക്കൾക്ക് പ്രത്യേക സാമ്പത്തിക സഹായം**

63(1991) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാലഘട്ടത്തിന്റെ ആവശ്യകത പരിഗണിച്ച് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ജനങ്ങൾക്ക് താല്പര്യം വർദ്ധിപ്പിക്കുന്നതിനും അവയവദാതാക്കൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

ജീവിച്ചിരിക്കുന്നവരുടെ അവയവദാനം (Live donation) പ്രോത്സാഹിപ്പിക്കുന്നതിനും ജീവിച്ചിരിക്കുന്നവരുടെ അവയവദാനത്തിൽ അടുത്ത ബന്ധുവിന്റെ രക്തഗ്രൂപ്പ് ചേരാത്ത സാഹചര്യത്തിൽ അവയവം മാറ്റി നൽകി ചേരുന്ന അവയവം സ്വീകരിക്കുന്ന പ്രക്രിയ (Swap donation) പ്രോത്സാഹിപ്പിക്കുന്നതിനും ഒരു ലാഭേച്ഛയും കൂടാതെ പരോപകാര

തല്പരതയോടെയുള്ള അവയവദാനം (Altruistic donation) പ്രോത്സാഹിപ്പി ക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ 15-2-2018-ലെ സ.ഉ.(കൈ)നമ്പർ 26/2018/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പരോപകാര തല്പരതയോടെ അവയവദാനം നടത്തുന്നവർക്ക് ടി അവയവദാനത്തെത്തുടർന്നുള്ള കാലയളവിൽ ഉണ്ടാകുന്ന വരുമാനനഷ്ടം നികത്തുന്നതിനായി പ്രതിമാസം 50,000 രൂപ നിരക്കിൽ 3 മാസത്തേയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും സർക്കാരിന്റെ ഏതെങ്കിലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ടിയാളുടെ ജീവിതകാലം മുഴുവൻ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പ്രകൃതിദുരന്തങ്ങളിൽ സഹായിക്കുന്നതിൽ കേന്ദ്രസർക്കാർ നിലപാട്**

64(1992) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഉണ്ടായ പ്രളയദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾക്ക് വിധേയരായവരെ സഹായിക്കാനായി കേന്ദ്രസർക്കാരിനോട് എത്ര തുകയുടെ സഹായമാണ് സംസ്ഥാനസർക്കാർ അഭ്യർത്ഥിച്ചതെന്നും എത്ര തുകയുടെ സഹായം കേന്ദ്ര സർക്കാർ നാളിതുവരെ നല്കി എന്നും വ്യക്തമാക്കുമോ;

(ബി) വിദേശരാജ്യങ്ങൾ നൽകുന്ന സാമ്പത്തികസഹായവും പ്രവാസി മലയാളി സഹോദരങ്ങൾ നല്കുന്ന സഹായങ്ങളും വാങ്ങുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സഹായങ്ങൾ വാങ്ങുന്നതിന് കേന്ദ്രസർക്കാർ ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം തടസ്സങ്ങൾ ഉണ്ടാക്കി; വിശദാംശം വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിന്റെ തടസ്സങ്ങൾ മാറ്റുവാനായി സംസ്ഥാനസർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; കേന്ദ്രം ആയതിന് നടത്തിയ പ്രതികരണങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-17-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 992.5 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായം ആവശ്യപ്പെട്ടതിൽ 31.72 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര സർക്കാർ അനുവദിച്ചത്. ഓഖി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് 431 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായം

ആവശ്യപ്പെട്ടതിൽ 111.7 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര സർക്കാർ അനുവദിച്ചത്. 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 5616 കോടി രൂപയുടെ ദുരിതാശ്വാസ ധനസഹായം ആവശ്യപ്പെട്ടതിൽ 2904.85 കോടി രൂപയാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്ര സർക്കാർ അനുവദിച്ചത്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.881 കോടിയുടെ ദുരിതാശ്വാസ ധന സഹായത്തിനാണ് ആവശ്യപ്പെട്ടത്. ഈ ആവശ്യം കേന്ദ്ര സർക്കാർ പരിഗണനയിലാണ്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനകൾ സ്വീകരിക്കുന്നതിലേയ്ക്ക് പതിനെട്ടോളം ബാങ്കുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കുവേണ്ടി അക്കൗണ്ടുകൾ ആരംഭിക്കുകയും അനുബന്ധമായി പേമെന്റ് ഗേറ്റ് വേകൾ, മൊബൈൽ ആപ്പ്, മൊബൈൽ വാലറ്റ്, ക്യൂ.ആർ.കോഡ് എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതുവഴി വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെയുള്ള വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും സംഭാവനകൾ വാങ്ങാവുന്നതാണ്.

(സി&ഡി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതി സംബന്ധിച്ച ചർച്ചകൾക്കും ആയതിന് വിദേശ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക/സാങ്കേതിക സഹായ സഹകരണങ്ങൾ (ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ) അഭ്യർത്ഥിക്കുന്നതിനുമായി മുഖ്യമന്ത്രിയുടെയും വിവിധ മന്ത്രിമാരുടെയും നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് രണ്ടംഗ പ്രതിനിധി സംഘങ്ങൾ പ്രവാസി മലയാളികളുടെ സാന്നിദ്ധ്യം താരതമ്യേന കൂടുതലുള്ള വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിരുന്നു. എന്നാൽ പ്രസ്തുത യാത്രകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം തേടിയപ്പോൾ മുഖ്യമന്ത്രിയും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഉൾപ്പെടുന്ന രണ്ടംഗ സംഘത്തിന് യു.എ.ഇ. സന്ദർശിക്കുന്നതിനുള്ള അനുമതി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സാമ്പത്തികമോ മറ്റേതെങ്കിലും തരത്തിലുള്ള യാതൊരുവിധ സഹായവും യു.എ.ഇ. സർക്കാരിനോട് ആവശ്യപ്പെടരുതെന്നും അഥവാ അത്തരത്തിലുള്ള സഹായ വാഗ്ദാനം ലഭിച്ചാൽ സ്വീകരിക്കരുതെന്നും അപ്രകാരമുള്ള വാഗ്ദാനങ്ങളോ സഹായങ്ങളോ ഉണ്ടാവുകയാണെങ്കിൽ ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്നുമുള്ള കർശന ഉപാധികളോടെയാണ് പ്രസ്തുത യാത്രാനുമതി മുഖ്യമന്ത്രിക്കും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ലഭ്യമാക്കിയത്.

**ഉരുൾപൊട്ടൽ മേഖലയിൽ ഷെൽട്ടർ സംവിധാനം**

65 (1993) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉരുൾപൊട്ടൽ മേഖലയിൽ സന്ദിഗ്ധ ഘട്ടങ്ങളിൽ ആളുകളെ മാറ്റിപാർപ്പിക്കാൻ കൂടുതൽ പേരെ ഉൾക്കൊള്ളും വിധം സ്ഥിരം ഷെൽട്ടർ സംവിധാനം ഒരുക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ നിലവിൽ സർക്കാർ സംവിധാനത്തിൽ എവിടെയൊക്കെ ഷെൽട്ടർ സംവിധാനമുണ്ട് ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ നിലവിൽ വടകര താലൂക്കിൽ വടകര, മരുതോങ്കര എന്നിവിടങ്ങളിൽ സൈക്ലോൺ ഷെൽട്ടറുകളും വടകര താലൂക്കിലെ ഒഞ്ചിയം, കൊയിലാണ്ടി താലൂക്കിലെ ചേമഞ്ചേരി എന്നിവിടങ്ങളിൽ സർക്കാർ സംവിധാനത്തിൽ സുനാമി ഷെൽട്ടർ സംവിധാനങ്ങളുമുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ**

66(T* 1994) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ.) വകുപ്പിന്റെ 13-8-2019-ലെ കൈ. നമ്പർ 25/19 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളിൽ പ്രളയത്തിൽ തകർന്ന ചെങ്ങന്നൂർ മണ്ഡലത്തിലെ റോഡുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ റീബിൽഡ് കേരള പ്രോജക്ട് ഡയറക്ടറുടെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) അംഗീകാരം ലഭിച്ചിട്ടുണ്ട്. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള അട്ടൂർ-ചെങ്ങന്നൂർ റോഡും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള 12 റോഡുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ റോഡുകളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി പ്രത്യേക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപവൽക്കരിച്ചിട്ടുണ്ട്.

PMU-ന്റെ നേതൃത്വത്തിൽ പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം വിമാനത്താവളത്തിന്റെ കൈമാറ്റം**

67 (1996) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ് മറികടന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനി ഗ്രൂപ്പ് പുതുതായി രൂപീകരിച്ച കമ്പനിക്ക് കൈമാറുന്നതിനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിമാനത്താവളം കൈമാറുന്നതിനെതിരെ ഹൈക്കോടതിയിൽ നിലവിൽ കേസ്സുകളുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉയർന്ന തുക ക്വാട്ട് ചെയ്ത കമ്പനിക്ക് ലേലം ഉറപ്പിക്കുന്നതാണ് രീതിയെന്ന കേന്ദ്ര വ്യോമയാന സഹമന്ത്രിയുടെ ലോകസഭ ചോദ്യത്തിനുള്ള മറുപടി, അദാനി ഗ്രൂപ്പിന് വിമാനത്താവളം കൈമാറാനുള്ള നീക്കത്തിന്റെ ഭാഗമായി സർക്കാർ കണക്കിലെടുത്തിട്ടില്ലേ ; വ്യക്തമാക്കുമോ;

(ഡി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച റ്റിയാൽ എന്ന കമ്പനിയിൽ സർക്കാരിന്റെ ഷെയർ നിലവിലെത്രയാണ്; അറിയിക്കുമോ;

(ഇ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ് റ്റിയാലിൽ നിക്ഷിപ്തമാക്കുന്നതിന് കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുമോ; ഇതിനായി സംസ്ഥാനത്തെ എല്ലാ എം.പി.മാരുടെയും സഹകരണം തേടുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അദാനി എന്റർപ്രൈസിന് അവാർഡ് നൽകുന്നതിനെതിരെ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയുണ്ടായി. കോടതി വിധിക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

(ഡി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച റ്റിയാൽ എന്ന കമ്പനിയിൽ 100 രൂപ മുഖവിലയുള്ള 4500 ഷെയറാണ് സർക്കാരിനുള്ളത്.

(ഇ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ് റ്റിയാലിൽ നിക്ഷിപ്തമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു. ഇതിനായി സംസ്ഥാനത്തെ എം.പി.-മാരുടെ സഹകരണം തേടുന്നതാണ്.

**വിമാനത്താവളങ്ങളുടെ സ്വകാര്യവൽക്കരണം**

68(1997) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമാനത്താവളങ്ങൾ സ്വകാര്യവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്; ഇതിൽ കേന്ദ്രം എന്തെങ്കിലും അറിയിപ്പുകൾ സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ

പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിരുന്നു.

തിരുവനന്തപുരം വിമാനത്താവളത്തിന്റെ ബിഡിനുള്ള നടപടിക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV-ക്ക് 10% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിച്ച് ബിഡ് സംബന്ധമായ ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിരുന്നു. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിതമായ ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. എങ്കിലും സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്ത കമ്പനിക്ക് ബിഡ് ലഭിക്കുകയുണ്ടായില്ല. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി സ്വകാര്യവത്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര നീക്കത്തെ പ്രതിരോധിക്കുവാൻ ഫലപ്രദമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി KSIDC യുടെ നേതൃത്വത്തിൽ രൂപവത്കരിച്ച പ്രത്യേക കമ്പനിക്ക് വിമാനത്താവള നടത്തിപ്പിന്റെ ചുമതല നൽകുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്തണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് 27-2-2019-ന് കത്തും അയച്ചിരുന്നു.

അദാനി എന്റർപ്രൈസിന് അവാർഡ് നൽകുന്നതിന് എതിരെ കേരള സർക്കാരും കെ.എസ്.ഐ.ഡി.സി.- യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയുണ്ടായി. കോടതി വിധിക്ക് വിധേയമായിട്ടായിരിക്കും ടി അവാർഡ് എന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ലൈറ്റ് മെട്രോ

69(1998) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിന്റെ സ്വപ്ന പദ്ധതിയായ ലൈറ്റ് മെട്രോ പദ്ധതി ടെക്നോപാർക്ക് വരെ നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള അതിവേഗ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ലൈറ്റ് മെട്രോ പദ്ധതി അനന്തമായി നീണ്ട് പോകാതെ കേന്ദ്ര അംഗീകാരത്തിനായി സമർപ്പിച്ച് അടിയന്തരമായി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ അലൈൻമെന്റിനോട് ടെക്നോപാർക്കിനെ കൂടി ബന്ധിപ്പിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ദ്ധ ഏജൻസിയെ ചുമതലപ്പെടുത്താനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(സി) അലൈൻമെന്റിൽ ടെക്നോപാർക്ക് ഉൾപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമായ ശേഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## അന്തർസംസ്ഥാന നദീജല വിഷയം

70(1999) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല വിഷയത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുവാൻ വേണ്ടി സംസ്ഥാന സർക്കാർ ഉന്നയിക്കുന്ന പ്രധാന വസ്തുതകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) അന്തർ സംസ്ഥാന നദീജല വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടി 2019 സെപ്റ്റംബർ 25-ന് ചേർന്ന മുഖ്യമന്ത്രിതല യോഗത്തിൽ കേരളത്തിന് ഗുണകരമായി ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇന്റർ സ്റ്റേറ്റ് വാട്ടർ ഹബ്ബ് പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അന്തർ സംസ്ഥാന നദീജല വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ കേരളത്തിന് തമിഴ്നാടുമായാണ് തർക്കങ്ങളുള്ളത്. ഇതിൽ പ്രധാനമായും പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അനുവദനീയമായ ജലം ലഭ്യമാക്കൽ, പി.എ.പി. വ്യൂഹത്തിൽ തമിഴ്നാട് നടത്തുന്ന അനധികൃത നിർമ്മിതികൾ, അനധികൃത ഡൈവേർഷനുകൾ, പി.എ.പി. പ്രദേശത്ത് തമിഴ്നാടിന് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയും കെട്ടിടങ്ങളും തിരികെ ലഭ്യമാക്കൽ, കൂടാതെ കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിന് അനുവദിച്ച ജലം പ്രയോജനപ്പെടുത്തുന്നതിനായി ഭവാനി നദിയുടെ കൈവഴിയായ ശിരുവാണി നദിയിൽ കേരളം രൂപം കൊടുത്തിട്ടുള്ള അട്ടപ്പാടി വാലി ജലസേചന പദ്ധതി (AVIP) യിന്മേൽ തമിഴ്നാടിന്റെ എതിർപ്പ്, കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസി (NWDA) വിഭാവനം ചെയ്തിട്ടുള്ളതും തമിഴ്നാടിന് താൽപ്പര്യമുള്ളതുമായ നദീജലസംയോജന പദ്ധതിയായ പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയോടുള്ള കേരളത്തിന്റെ ശക്തമായ എതിർപ്പ്, മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ, അതിലെ പാട്ടക്കരാർ പുതുക്കൽ എന്നീ വസ്തുതകളാണ് അന്തർ സംസ്ഥാന വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനം നേരിടുന്നതും ഉന്നയിക്കുന്നതുമായ വിഷയങ്ങൾ.

(ബി) പറമ്പിക്കുളം - ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായ വാദമുഖങ്ങൾ ഉയർത്തി കേരളത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിക്കാറുണ്ട്. കരാറിൽ പറയുന്ന പ്രകാരം ജലവിതരണം നിയന്ത്രിക്കുന്നതിനുള്ള അധികാരം ജെ.ഡബ്ല്യു.ആർ.ബി-ൽ നിക്ഷിപ്തമാണെന്ന കാര്യത്തിൽ വ്യക്തത വരുത്തുവാൻ ശ്രമിക്കുന്നുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു. ഇതിനുപുറമെ

പി.എ.പി. വ്യൂഹത്തിൽ തമിഴ്നാട് നടത്തിയിട്ടുള്ള അനധികൃത നിർമ്മിതികൾ/ ഡൈവേർഷനുകൾ എന്നിവ JWRB യോഗത്തിൽ കേരളം ഉന്നയിക്കുകയും അതിൽ പ്രസ്തുത യോഗത്തിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ അവ തുടർ നടപടികൾക്കായി സർക്കാർ തലത്തിൽ തമിഴ്നാടിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പി.എ.പി.-യുമായി ബന്ധപ്പെട്ട് തമിഴ്നാടിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേരളം ഫയൽ ചെയ്തിട്ടുള്ള O.S No. 2/2013-ൽ, തമിഴ്നാട് പി.എ.പി. വ്യൂഹത്തിൽ നടത്തുന്ന അനധികൃത നിർമ്മിതികൾക്കെതിരെ കേരളം IA 107008/2018-ഉം IA 80167/2018-ഉം 2-1-2019-ൽ ഫയൽ ചെയ്യുകയുമുണ്ടായി. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതി നിയമിച്ചിട്ടുള്ള മുല്ലപ്പെരിയാർ സൂപ്പർവൈസറി കമ്മിറ്റിക്ക് മുമ്പാകെയും ജലശക്തി മന്ത്രാലയത്തിന് മുമ്പാകെയും കേരളം ഉന്നയിച്ചുവരുന്നു. ഇതിൽ ഉടനടി തുടർനടപടിയെടുക്കാൻ തമിഴ്നാടിനോട് ആവശ്യപ്പെട്ടുവരുന്നു. മുല്ലപ്പെരിയാർ ഡാമിലേയ്ക്കുള്ള വൈദ്യുത ബന്ധം പുനഃസ്ഥാപിക്കാൻ KSEBL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ പാട്ടക്കരാർ പുതുക്കുന്ന നടപടികളും AVIP-യുടെ പുതിയ DPR-നുമേലുള്ള ജലശക്തി മന്ത്രാലയത്തിന്റെ അനുമതി വാങ്ങുന്ന നടപടികളും പുരോഗമിച്ചുവരുന്നു. മേൽ വിഷയങ്ങളെല്ലാം തന്നെ തമിഴ്നാടുമായി 25-9-2019-ൽ തിരുവനന്തപുരത്ത് നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളം ഉന്നയിച്ചിരുന്നു.

(സി) 1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഇരു സംസ്ഥാനങ്ങളും 29-5-1970-ൽ ഒപ്പിട്ട പി.എ.പി. കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ കരാർ പുതുക്കണമെന്ന കേരളത്തിന്റെ നിരന്തര ആവശ്യത്തോട് തമിഴ്നാട് ഇതുവരെ അനുകൂലമായി പ്രതികരിച്ചിരുന്നില്ല. എന്നാൽ തമിഴ്നാട് 25-9-2019-ൽ നടന്ന ചർച്ചയിൽ കരാർ പുതുക്കുന്ന കാര്യം സമ്മതിക്കുകയും കരാർ പുതുക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോകാമെന്ന് തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ഇതിനായി സെക്രട്ടറിമാരുടെ തലത്തിലും ചീഫ് സെക്രട്ടറിമാരുടെ തലത്തിലും ചർച്ചയ്ക്കുള്ള സംവിധാനം ക്രമീകരിച്ചിട്ടുണ്ട്. ഇത് കേരളത്തെ സംബന്ധിച്ച് ഒരു പ്രധാന നേട്ടമായി കണക്കാക്കാവുന്നതാണ്. കൂടാതെ കരാറിൽ കേരളത്തിന് ഉറപ്പാക്കിയിരുന്ന മണക്കടവിലേയും പറമ്പിക്കുളത്തെയും ജലത്തിന്റെ അളവ് ഉറപ്പാക്കാമെന്നും തമിഴ്നാട് അറിയിച്ചിട്ടുണ്ട്. കൂടാതെ മുല്ലപ്പെരിയാറിന്റെ കാച്ച്മെന്റായ തേക്കടിയിൽ കേരള വനം വകുപ്പ് നിർമ്മിക്കുന്ന മെഗാ കാർ പാർക്കിംഗ് വിഷയത്തിൽ പ്രകടിപ്പിച്ചിരുന്ന എതിർപ്പ് പുനഃപരിശോധിക്കുന്നതാണെന്നും പ്രസ്തുത യോഗത്തിൽ തമിഴ്നാട് ഉറപ്പ് നൽകുകയുണ്ടായി.

(ഡി) പാലക്കാട് ഇന്റർ സ്റ്റേറ്റ് വാട്ടർ ഹബ്ബിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 80% പണികൾ പൂർത്തിയായിട്ടുണ്ട്. ഐ.എസ്.ഡബ്ല്യു. മ്യൂസിയം, ഡാറ്റാ ഇന്റർപ്രെറ്റേഷൻ സെന്റർ, ഇന്റർ സ്റ്റേറ്റ് വാട്ടർ ഡോക്യുമെന്റ്സ് ലൈബ്രറി എന്നീ സൗകര്യങ്ങൾ ഇതിൽ വിഭാവനം ചെയ്തിട്ടുണ്ട്. അന്തർസംസ്ഥാന നദീജല പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകൾക്കുപുറമെ പാലക്കാട് ജില്ലയിലെ മറ്റ് ജലസേചന പദ്ധതികളിലെ കാര്യക്ഷമമായ ജലവിനിയോഗത്തിന് കർഷകരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള Participatory Irrigation Management നടപ്പിലാക്കുന്നതിന് കർഷകരുമായുള്ള യോഗങ്ങൾ, വിവര സാങ്കേതികവിദ്യ കൂടി ഉപയോഗിച്ച് നടത്തുവാനുള്ള സൗകര്യങ്ങൾ എന്നിവയും ഐ.എസ്.ഡബ്ല്യു ഹബ്ബിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഐ.എസ്.ഡബ്ല്യൂ ഹബ്ബ് രണ്ടാം ഘട്ടത്തിൽ കോൺഫറൻസ് ഹാൾ, ഡൈനിംഗ് ഹാൾ, രണ്ട് വി.ഐ.പി. സ്യൂട്ട് എന്നിവ പദ്ധതിയിട്ടിട്ടുണ്ട്. ഡാം സുരക്ഷയുമായി ബന്ധപ്പെട്ട് എഞ്ചിനീയർമാർക്കും മറ്റുള്ളവർക്കുമുള്ള പരിശീലന പരിപാടികൾ, കർഷകർക്കുള്ള വിവിധ പരിശീലന പരിപാടികൾ എന്നിവയ്ക്കുള്ള സൗകര്യവും രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാനയാത്രാ നിരക്ക്**

71(2001) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സീസൺ കാലങ്ങളിൽ ഗൾഫ് രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്കും തിരിച്ചുമുള്ള വിമാന യാത്രാനിരക്ക് അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നത് കണക്കിലെടുത്ത് ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

നോർക്കയുടെ പ്രവാസി തിരിച്ചറിയൽ കാർഡുടമകൾക്കും കുടുംബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ യാത്രാനിരക്കിൽ 7 ശതമാനം ഇളവ് ലഭിക്കുന്നുണ്ട്. കൂടാതെ കുവൈറ്റ് എയർവേയ്സുമായും ചർച്ചകൾ നടത്തിവരുന്നുണ്ട്. അന്തിമഘട്ടത്തിലായ പ്രസ്തുത ചർച്ചകളിലൂടെ വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണത്തിന് ഒരു പരിധിവരെ ആശ്വാസം ലഭിക്കുന്നതാണ്.

സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക്

നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യുവലിന്മേൽ (ATF) ചുമത്തിയിരുന്ന (KGST) യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.

കൂടാതെ അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാനക്കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിമാനയാത്രാക്കൂലിയിൽ വൻവർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർവ്വീസുകളുടെ എണ്ണവും സീറ്റും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അധിക ആഭ്യന്തര അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

**മാവേലിക്കരയിൽ ലോക കേരളസഭയുടെ കേന്ദ്രം**

72(2002) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയുടെ കേന്ദ്രം മാവേലിക്കരയിൽ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വകയിരുത്തി അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി എസ്.പി.വി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസികൾക്കായി "ലോകകേരള കേന്ദ്രം" സ്ഥാപിക്കുന്നതിന് ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കണ്ണമംഗലം വില്ലേജിൽ 1/1, 1/8, 1/9, 1/10, 1/11 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട നോർക്ക വകുപ്പിന്റെ അധീനതയിലുള്ള 5 ഏക്കർ ഭൂമി അളന്നതിട്ടപ്പെടുത്തി അതിർത്തി വേർതിരിച്ച് താലൂക്ക് സർവ്വേയറുടെ മേൽനോട്ടത്തിൽ കല്ലുകൾ സ്ഥാപിക്കുകയും സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.

ബോട്ട്-ഇൻ-ലാൻഡായി (Bought-in-land) നോർക്ക വകുപ്പ് ഏറ്റെടുത്തിരുന്ന പ്രസ്തുത സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം നോർക്ക വകുപ്പിന്റെ കീഴിലാക്കുന്നതിനായി വില്ലേജ് രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വസ്തുവിലുള്ള അടിക്കാടും പാഴ്മരങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടി വനം വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. കാടുപിടിച്ചുകിടക്കുന്ന സ്ഥലം വെട്ടിത്തെളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് യോഗ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ആയതിലേയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഒരു കോടി 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിനകം ഒരു കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) ലോകകേരള കേന്ദ്രം സ്ഥാപിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

## ഇറാൻ പിടിച്ചെടുത്ത ബ്രിട്ടീഷ് കപ്പലിലെ മലയാളികളുടെ മോചനത്തിന് നടപടി

73(2003) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറാൻ പിടിച്ചെടുത്ത ബ്രിട്ടീഷ് കപ്പലിൽ ഉണ്ടായിരുന്ന മലയാളികളുടെ മോചനത്തിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ അവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്രം എന്തൊക്കെ നടപടി കൈക്കൊണ്ടുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇറാൻ പിടിച്ചെടുത്ത ബ്രിട്ടീഷ് കപ്പലിലെ മലയാളികളെ മോചിപ്പിച്ച് നാട്ടിൽ തിരികെ എത്തിക്കുന്നതിനുള്ള സഹായം അഭ്യർത്ഥിച്ചുകൊണ്ട് 21-7-2019-ന് മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് കത്തയച്ചിരുന്നു. കപ്പലിൽ കുടുങ്ങിക്കിടക്കുന്ന എല്ലാ ഇന്ത്യൻ പൗരൻമാരുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് മുൻഗണന നൽകിക്കൊണ്ട് ടിയാളുകളെ മോചിപ്പിച്ച് നാട്ടിൽ തിരികെ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി 8-8-2019-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രി അറിയിച്ചിരുന്നു.

## അപകടങ്ങൾ കുറയ്ക്കുന്നതിന് രാത്രികാല സ്പീഡ് ബ്രേക്കറുകൾ

74(2006) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ചും അമിതവേഗതയിലും വാഹനം ഓടിക്കുന്നതിനെത്തുടർന്ന് രാത്രികാലങ്ങളിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം വാഹനം ഓടിക്കുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം സ്ഥലങ്ങളിൽ രാത്രികാല സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | മദ്യപിച്ച് വാഹനം ഓടിക്കുന്നതിനെത്തുടർന്ന് രാത്രി കാലങ്ങളിലുണ്ടായ അപകടങ്ങൾ (18.00 hrs to 06.00 hrs) | അമിത വേഗതയിൽ വാഹനം ഓടിക്കുന്നതിനെത്തുടർന്ന് രാത്രി കാലങ്ങളിലുണ്ടായ അപകടങ്ങൾ (18.00 hrs to 06.00 hrs) |
|---|---|---|
| 2016 | 48 | 6665 |
| 2017 | 44 | 6323 |
| 2018 | 40 | 7245 |
| ആകെ | 132 | 20233 |

(ബി) വാഹന പരിശോധന നടത്തി മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ Alcohol Breath Analyzer ടെസ്റ്റ് നടത്തിയും വൈദ്യ പരിശോധന നടത്തിയും കണ്ടെത്തുന്നു. Vehicle Mounted Speed Radar, Speed Detection Camera മുതലായവ ഉപയോഗിച്ച് അമിത വേഗത്തിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നു.

(സി) വാഹനാപകടങ്ങൾ കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്പീഡ് ബ്രേക്കറുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

**ഒഴിഞ്ഞുകിടക്കുന്ന ഐ.എ.എസ്., ഐ.പി.എസ്. തസ്തികകൾ**

75(2007) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള ഐ.എ.എസ്., ഐ.പി.എസ്. കേഡറിലെ തസ്തികകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ അംഗീകൃത കേഡർ സ്ട്രെങ്ത് 231-ഉം ഐ.പി.എസ്.-ന്റേത് 172-ഉം ആണ്. സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള 126 ഐ.എ.എസ്. കേഡർ തസ്തികകളിൽ 49 എണ്ണവും 94 ഐ.പി.എസ്. കേഡർ തസ്തികകളിൽ 41 എണ്ണവും ഒഴിഞ്ഞുകിടപ്പുണ്ട്.

ഐ.എ.എസ്.-ൽ ഒഴിവുള്ള 49 കേഡർ തസ്തികകളിൽ 45 തസ്തികകളിലും ഐ.പി.എസ്.-ൽ ഒഴിവുള്ള 41 കേഡർ തസ്തികകളിൽ 6 തസ്തികകളിലും അധിക ചുമതല നൽകിയിട്ടുള്ളതിനാൽ നിലവിൽ ഐ.എ.എസ്.-ലും ഐ.പി.എസ്.-ലുമായി യഥാക്രമം 4-ഉം 35-ഉം കേഡർ തസ്തികകൾ മാത്രമാണ് ഫലത്തിൽ ഒഴിഞ്ഞുകിടക്കുന്നത്.

നിലവിലുള്ള കേഡർ തസ്തികകൾക്ക് പുറമെ ഐ.എ.എസ്.-ൽ 31-ഉം ഐ.പി.എസ്.-ൽ 33 ഉം എക്സ്-കേഡർ തസ്തികകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുമുണ്ട്.

**സമൂഹമാധ്യമങ്ങളിലൂടെ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ നടപടി**

76(2009) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റിലൂടെയും മറ്റ് സമൂഹമാധ്യമങ്ങളിലൂടെയും കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിക്കുന്നതും ആയത് കാണുന്നവരുടെ എണ്ണം കൂടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്താനും പ്രസ്തുത പ്രവണത ഇല്ലാതാക്കാനുമായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ആയതിന്റെ ഭാഗമായ 'ഓപ്പറേഷൻ പി ഹണ്ട് '-ന്റെ പ്രവർത്തന പുരോഗതിയും ആയത് പ്രകാരം എത്ര പേർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ടെലിഗ്രാം എന്നീ മാധ്യമങ്ങളിലൂടെയും ഇത്തരം ചിത്രങ്ങൾ പ്രചരിക്കുന്നതായി കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും ഇതു തടയുവാനായി എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) Operation P-Hunt എന്ന പേരിൽ ഇന്റർനെറ്റിലൂടെ ചൈൽഡ് പോണോഗ്രാഫി തടയുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരെ കണ്ടെത്താനും പ്രസ്തുത പ്രവണത ഇല്ലാതാക്കാനുമായി ജില്ലാടിസ്ഥാനത്തിലുള്ള സൈബർ സെല്ലിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. പ്രസ്തുത സെൽ സോഷ്യൽ മീഡിയ മുഖാന്തിരമുള്ള കുറ്റകൃത്യങ്ങൾ നിരന്തരം നിരീക്ഷിക്കുകയും കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവ തടയുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ ദുരുപയോഗം ചെയ്യുന്നതിനെതിരെ സമൂഹത്തെ ബോധവൽക്കരിക്കുന്നതിന് സൈബർ സെല്ലിന്റെ ആഭിമുഖ്യത്തിൽ സന്നദ്ധ സംഘടനകൾ, സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ മുതലായവയുമായി സഹകരിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു.

(സി) കേരള പോലീസ് 3 ഘട്ടങ്ങളിലായി നടത്തിയ Operation P-Hunt-ന്റെ ഭാഗമായി ആകെ 32 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 26 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(ഡി&ഇ) കരുതുന്നുണ്ട്. കേരള പോലീസ് 3 ഘട്ടങ്ങളിലായി നടത്തിയ Operation P-Hunt- ന്റെ ഭാഗമായി ആകെ 32 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും

26 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർ ഡോം, ജില്ലാതല സൈബർ സെല്ലുകൾ എന്നിവ മുഖേന നിരീക്ഷണം നടത്തിവരുന്നു. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC). ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പോലീസ് സേനാംഗങ്ങളുടെ അകാല മരണങ്ങൾ

77(2011) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്തകാലത്തായി പോലീസ് ഉദ്യോഗസ്ഥർ മാനസിക സമ്മർദ്ദം താങ്ങാനാവാതെ ഹൃദയാഘാതവും മറ്റും സംഭവിച്ച് അകാലത്തിൽ മരണപ്പെടുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള ആകസ്മിക മരണങ്ങൾ പോലീസ് സേനയിൽ വർദ്ധിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പോലീസ് സേനാംഗങ്ങളുടെ മനോവീര്യം തകർക്കുന്ന തരത്തിലുള്ള എന്തൊക്കെ പ്രവണതകളാണ് അവരുടെ തൊഴിലിടങ്ങളിൽ നിലനിൽക്കുന്നത് എന്ന് പരിശോധിക്കുമോ;

(ഡി) പോലീസ് സേനാംഗങ്ങളുടെ മനോബലം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ;എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) സേനാംഗങ്ങൾ മാനസിക സമ്മർദ്ദം താങ്ങാനാവാതെ ഹൃദയാഘാതവും മറ്റും സംഭവിച്ച് മരണപ്പെടുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) പോലീസ് സേനയിൽ ആകസ്മിക മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദൗർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഓരോ സന്ദർഭത്തിലും പോലീസ് ഉദ്യോഗസ്ഥരുടെ മരണകാരണം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. പരിഹാരശ്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് സേനാംഗങ്ങളുടെ ഇടയിൽ സൗഹാർദ്ദപരമായ തൊഴിൽ സംസ്കാരം നിലനിർത്തുകയെന്നതാണ് സർക്കാർ ലക്ഷ്യം. അതിനെതിരെയുള്ള പ്രവണത നിലനിൽക്കുന്നതായ സാഹചര്യം ഒഴിവാക്കപ്പെടുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ഡി) പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സ്ട്രെസ് കുറയ്ക്കുന്നതിന്റെ ഭാഗമായും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി സംസ്ഥാന പോലീസ് മേധാവി 16-9-2019-ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് 26/2019 പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിൽ പ്രവർത്തിച്ചുവരുന്ന Help and Assistants to Tackle Stress (HATS) മുഖേന ആവശ്യമായ പോലീസ് ഉദ്യോഗസ്ഥർക്ക് കൗൺസിലിംഗ് നടത്തിവരുന്നു.

**പോലീസ് സേനാംഗങ്ങളുടെ ആത്മഹത്യയുടെ കാരണങ്ങൾ**

78 (2013) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ പോലീസ് സേനയിൽ 18 പേർ ആത്മഹത്യ ചെയ്തുവെന്നും സമീപകാലത്ത് സ്വയം മരണം കൈവരിച്ച പോലീസ് സേനാംഗങ്ങൾ 66 പേരാണെന്നതും പരിശോധിക്കുകയുണ്ടായോ;

(ബി) 2015 മുതൽ ഓരോ വർഷവും ആത്മഹത്യ ചെയ്യുന്ന പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും ഇത് ദേശീയ ആത്മഹത്യാ നിരക്കിന്റെ ഇരട്ടിയിലധികമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമിത ജോലിഭാരവും മേലുദ്യോഗസ്ഥന്മാരുടെ അധികാര പ്രവണതകളും സൃഷ്ടിക്കുന്ന കടുത്ത മാനസിക സമ്മർദ്ദം ആത്മഹത്യക്ക് കാരണമാകുന്നു എന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ പോലീസ് സേനാംഗങ്ങൾ അനുഭവിക്കുന്ന മാനസിക സമ്മർദ്ദങ്ങളും അവയുടെ പരിഹാരങ്ങളും പഠിക്കുന്നതിന് പോലീസ് സേനാ വിഭാഗത്തിന് പുറത്ത് നിന്നുള്ള ഒരു സമിതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2018-ൽ പോലീസ് സേനയിലെ 13 പേരാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. ഈ സർക്കാരിന്റെ ഭരണകാലത്ത് 51 പോലീസ് സേനാംഗങ്ങളാണ് സ്വയം മരണം കൈവരിച്ചിട്ടുള്ളത്.

(ബി) 2015 വർഷത്തിൽ 7-ഉം 2016-ൽ 15-ഉം 2017-ൽ 14-ഉം 2018-ൽ 13-ഉം 2019-ൽ (28-10-2019 വരെ) 12-ഉം പോലീസുദ്യോഗസ്ഥരാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. എൻ.സി.ആർ.ബി.-യുടെ ക്രൈം ഇൻ ഇൻഡ്യ പ്രസിദ്ധീകരണം അനുസരിച്ച് 2015 വർഷത്തിൽ ദേശീയതലത്തിൽ ആത്മഹത്യ ചെയ്ത പോലീസുകാരുടെ എണ്ണം 167 ആണ്. ദേശീയ ആത്മഹത്യ നിരക്കിന്റെ ഇരട്ടിയിലധികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അമിത ജോലിഭാരവും മേലുദ്യോഗസ്ഥരുടെ അധികാരപ്രവണതകളും സൃഷ്ടിക്കുന്ന കടുത്ത മാനസിക സമ്മർദ്ദം ആത്മഹത്യയ്ക്ക് കാരണമായതായി കണ്ടെത്തിയിട്ടില്ല. എന്നിരുന്നാലും പോലീസ് ഉദ്യോഗസ്ഥരുടെ ജോലിസ്ഥലത്തെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും സ്ട്രസ് കുറയ്ക്കുന്നതിനും Help and Assistants to Tackle Stress (HATS) പോലുള്ള സംവിധാനങ്ങൾ മുഖേന ആവശ്യമായ പോലീസ് ഉദ്യോഗസ്ഥർക്ക് കൗൺസിലിംഗ് നടത്തിവരുന്നു.

(ഡി) നിലവിൽ പരിഗണനയിലില്ല. സേനക്കുള്ളിലെതന്നെ ഉദ്യോഗസ്ഥർ തങ്ങളുടെ കീഴ്ജീവനക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് അവർക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിനുള്ള സംവിധാനങ്ങൾ നൽകുന്നതാണ് ഇക്കാര്യത്തിൽ ഉചിതമാവുക.

## ഇടുക്കി, കോട്ടയം പോലീസ് സൂപ്രണ്ട് ഓഫീസ് പരിധിയിലെ സി.പി.ഒ. നിയമനം

79 (2015) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, കോട്ടയം പോലീസ് സൂപ്രണ്ട് ഓഫീസുകളുടെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലും ഡിവൈ.എസ്.പി. ഓഫീസുകളിലും എത്ര സി.പി.ഒ. തസ്തികകൾ നിലവിലുണ്ട്; ഇതിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ കെ.എ.പി. അഞ്ചാം ബറ്റാലിയനിൽ നിന്നും സി.പി.ഒ.-മാരെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) 2017 ജനുവരി മുതൽ 2019 സെപ്റ്റംബർ വരെ കെ.എ.പി. അഞ്ചാം ബറ്റാലിയനിലുള്ള എത്ര പേരെ പ്രസ്തുത ഓഫീസുകളിൽ സി.പി.ഒ. തസ്തികയിൽ നിയമിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പോലീസിലെ എസ്.എച്ച്.ഒ. സംവിധാനം

80 (2016) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളിൽ സി.ഐ. റാങ്കിലുള്ളവരെ ഇതിനകം സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) മാരായി നിയമിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ക്രമസമാധാനപാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേകമായി എസ്.ഐ.-മാരെ നിയമിക്കുന്നത് മുഴുവൻ സ്റ്റേഷനുകളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലെയും എസ്.എച്ച്.ഒ. തസ്തിക ഇൻസ്പെക്ടർ തസ്തികയായി ഉയർത്തിയിട്ടുണ്ട്. 1384 പോലീസ് ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരായി നിയമിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും എസ്.എച്ച്.ഒ. മാരായി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനാവശ്യമായ തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. അതിലേയ്ക്ക് അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകി നിയമനം പടിപടിയായി നടത്തുന്നതാണ്. ഇതേതുടർന്ന് സ്റ്റേഷനുകളിൽ ക്രമസമാധാനപാലനത്തിനും കുറ്റാന്വേഷണത്തിനും ചുമതല വേർതിരിച്ചുള്ള സംവിധാനം പൂർണ്ണതോതിലെത്തും.

## വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

81(2017) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായുള്ള പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) അനുയോജ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് മറ്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പോലീസ് സ്റ്റേഷൻ കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**കുറ്റാന്വേഷണത്തിന് ശാസ്ത്രീയ പരിശീലനം**

82(2018) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാന പോലീസിനെ കൂടുതൽ ജനസൗഹൃദപരമാക്കുന്നതിനും പോലീസിലെ അപൂർവ്വം ചിലരിൽ പ്രകടമാകുന്ന ദുഷ്പ്രവണത അവസാനിപ്പിക്കുന്നതിനും നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) കുറ്റാന്വേഷണത്തിന് ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിന് ഫലപ്രദമായ പരിശീലനം നൽകി മർദ്ദന രീതി അവസാനിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) ക്രമസമാധാനപാലനത്തിന് അത്യാധുനിക ഉപകരണങ്ങളും സംവിധാനവും ഏർപ്പെടുത്തുന്നതിനോടൊപ്പം പരിശീലന പദ്ധതി പുനഃസംഘടിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദപരമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളേയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പരാതികൾ സ്വീകരിക്കുന്നതിനായി പി.ആർ.ഒ. സംവിധാനം, റിസപ്ഷൻ സംവിധാനം, സീനിയർ സിറ്റിസൺ ഫ്രണ്ട്ലി ഓഫീസ്, വനിതാ ഹെൽപ്പ് ഡെസ്ക്, ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി സ്വൈരജീവിതം ഉറപ്പാക്കുന്നതിലേക്കായി പോലീസ് പൊതുജനബന്ധം കൂട്ടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിൽ അപൂർവ്വമായി കണ്ടുവരുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കുന്നതിനായി വകുപ്പുതലത്തിൽ കർശനമായ താക്കീതും സമയാസമയങ്ങളിൽ കൃത്യമായ നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ ഇത്തരം ആളുകൾക്കെതിരെ വകുപ്പുതല നടപടികളും നിയമനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. കേസന്വേഷണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിനായി ജില്ലകളിൽ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. ശാസ്ത്രീയമായ കുറ്റാന്വേഷണ പരിശീലനത്തിന്റെ ഭാഗമായി BPR&D-യുടെ സ്പോൺസർഷിപ്പിൽ Interrogation Techniques എന്ന വിഷയത്തിൽ രണ്ട് കോഴ്സുകൾ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു. കൂടാതെ എഫ്.എസ്.എൽ, കെമിക്കൽ ലാബ്, ഫിംഗർ പ്രിന്റ് ബ്യൂറോ, പോളിഗ്രാഫ് ടെസ്റ്റ്, നാർക്കോ അനാലിസിസ്, ബ്രെയിൻ മാപ്പിംഗ്, സി.ഡി.ആർ, ചെക്കിംഗ്, ഡി.എൻ.എ. പ്രൊഫൈൽ ടെസ്റ്റ്, സൈബർ ടെക്നിക് ഉപയോഗിച്ചുള്ള കുറ്റാന്വേഷണ രീതി എന്നിവ ഉപയോഗപ്പെടുത്തിവരുന്നു.

(സി) പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി സബ് ഇൻസ്പെക്ടർമാരുടെ ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പോലീസ് ഉദ്യോഗസ്ഥർക്ക് ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ നടത്തിവരുന്നു.

**പോലീസ് സഭയും സംസ്ഥാന പോലീസ് മേധാവിയുടെ അദാലത്തും**

83(2019) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ നിന്ന് നേരിട്ട് പരാതി സ്വീകരിക്കുവാനും, പരിഹാരം കാണുവാനും സംസ്ഥാന പോലീസ് മേധാവി എല്ലാ പോലീസ് ജില്ലകളിലും അദാലത്ത് നടത്തുവാൻ തീരുമാനിച്ചിരുന്നോ എന്നും ഏതെല്ലാം പോലീസ് ജില്ലകളിൽ അദാലത്ത് പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പോലീസ് ജില്ലകളിൽ അദാലത്ത് പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പോലീസ് ജില്ലയിലെയും അദാലത്തിൽ ലഭിച്ച പരാതികൾ എത്ര; അവയിൽ എത്രയെണ്ണം പരിഹരിച്ചു; പരിഹാരം ഉണ്ടാക്കാൻ കഴിയാത്ത പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അദാലത്തിൽ ഓരോ പോലീസ് ജില്ലയിൽ നിന്നും പോലീസ് സേനക്കെതിരെ എത്ര പരാതികൾ ലഭിച്ചു;

(ഇ) ഇതിന്റെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) പോലീസ് ഉദ്യോഗസ്ഥരുടെ പരാതിയും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ പോലീസ് സഭ സംഘടിപ്പിച്ചിരുന്നുവോ എന്ന് വിശദമാക്കാമോ; ഇത് എവിടെയെല്ലാം സംഘടിപ്പിച്ചുവെന്ന് അറിയിക്കാമോ;

(ജി) സംസ്ഥാന പോലീസ് മേധാവി സംഘടിപ്പിച്ച അദാലത്തിന് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എല്ലാ പോലീസ് ജില്ലകളിലും അദാലത്ത് നടത്തുവാൻ സംസ്ഥാന പോലീസ് മേധാവി തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൊല്ലം റൂറൽ, പത്തനംതിട്ട, ആലപ്പുഴ, കാസർഗോഡ് എന്നീ ജില്ലകളിൽ അദാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും അദാലത്ത് നടത്തുവാനുണ്ട്.

(സി)

| ജില്ല | ലഭിച്ച പരാതികളുടെ എണ്ണം | തീർപ്പാക്കിയ പരാതികളുടെ എണ്ണം |
|---|---|---|
| കൊല്ലം റൂറൽ | 207 | 159 |
| പത്തനംതിട്ട | 101 | 70 |
| ആലപ്പുഴ | 111 | 111 |
| കാസർഗോഡ് | 66 | 46 |

പരിഹരിക്കാൻ കഴിയാത്ത പരാതികൾ ഇതര വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ പരിഹാരം കാണേണ്ട വിഷയങ്ങളായതിനാൽ അവ ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) പ്രസ്തുത അദാലത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊല്ലം റൂറൽ ജില്ലയിൽനിന്നും 22 പരാതികളും പത്തനംതിട്ട ജില്ലയിൽനിന്നും നാലും ആലപ്പുഴ ജില്ലയിൽനിന്നും ഒന്നും കാസർഗോഡ് ജില്ലിയിൽനിന്നും എട്ട് പരാതികളും ലഭിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തി നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) അദാലത്ത് നടത്തിയ എല്ലാ ജില്ലകളിലും പോലീസ് സഭ സംഘടിപ്പിച്ചിരുന്നു.

(ജി) അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നാളിതുവരെ 2,61,309 രൂപ ചെലവായിട്ടുണ്ട്.

## തിരുവില്വാമല, പാഞ്ഞാൾ ഗവൺമെന്റ് ഹൈസ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ്

84 (2021) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി 2018-ൽ ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല, പാഞ്ഞാൾ എന്നീ ഗവ. ഹൈസ്കൂളുകൾ നൽകിയ അപേക്ഷയിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ ;

(ബി) പട്ടികജാതി-പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾ ധാരാളമായി പഠിക്കുന്ന ഈ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് അനുവദിയ്ക്കുന്നതിന് മുൻഗണന നൽകുമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ തിരുവില്വാമല, പാഞ്ഞാൾ എന്നീ ഗവൺമെന്റ് ഹൈസ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് പോലീസ് മേധാവിയിൽനിന്നും ലഭിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനം

85(2022) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തിയിട്ടുണ്ട്; ഇപ്രകാരം നിയമനം ലഭിച്ചവരുടെ പേരും നിയമനം നടത്തിയ തീയതിയും യൂണിറ്റും വിശദമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം നേരിട്ടുള്ള നിയമനത്തിൽപ്പെടുന്നതാണോ; എങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇങ്ങനെ നടത്തിയ നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ പരാതികളിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ -ഇ) വിവരം ശേഖരിച്ചുവരുന്നു.

## പെരിയ ഇരട്ടക്കൊലക്കേസ്

86(2023) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലക്കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് വിട്ടുകൊണ്ട് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ;

(ബി) പ്രസ്തുത കേസ്സിൽ പോലീസ് സമർപ്പിച്ച കുറ്റപത്രം റദ്ദാക്കിയ സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് മരിച്ചുപോയവരോടുള്ള നീതികേടും ജീവിച്ചിരിക്കുന്നവരോടുള്ള വെല്ലുവിളിയായും കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

(സി) നിയമപരമായ വശങ്ങൾ പരിശോധിച്ചതു പ്രകാരമാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

**സ്വാമി അഗ്നിവേശിനെ കയ്യേറ്റം ചെയ്ത സംഭവം**

87(2025) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സന്ദർശനത്തിനെത്തിയ സ്വാമി അഗ്നിവേശിനെ വർഗ്ഗീയ ലക്ഷ്യമുള്ള ചിലർ കയ്യേറ്റം ചെയ്തതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2-10-2019-ാം തീയതി പൂജപ്പുര നവരാത്രി ഉത്സവത്തോടനുബന്ധിച്ച് വൈദ്യമഹാസഭ സംഘടിപ്പിച്ച നാട്ടുവൈദ്യചികിത്സാ ക്യാമ്പ് ഉദ്ഘാടനം ചെയ്യാനെത്തിയ ന്യൂഡൽഹി സ്വദേശിയായ സ്വാമി അഗ്നിവേശിനെ കണ്ടാലറിയാവുന്ന 60 ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകർ തടസ്സപ്പെടുത്തിയതിലേയ്ക്ക് പൂജപ്പുര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1763/2019 U/s 143, 147, 149, 153 & 341 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**സാമൂഹ്യ മാധ്യമ ഗ്രൂപ്പുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ**

88(2026) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ മാധ്യമ ഗ്രൂപ്പുകളിലൂടെ കുട്ടികളുടെ അശ്ലീലചിത്രങ്ങൾ പങ്കുവയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം ചിത്രങ്ങൾ പങ്കുവയ്ക്കുന്നവരെ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത്തരം ചിത്രങ്ങൾ പങ്കുവെയ്ക്കുന്നതായി കണ്ടെത്തിയവർക്കെതിരെ ഈ വർഷം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) Operation P-Hunt എന്ന പേരിൽ ഇന്റർനെറ്റിലൂടെ ചൈൽഡ് പോണോഗ്രാഫി തടയുന്നതിനും ഇത്തരം പ്രവൃത്തികൾ നടത്തുന്നവരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) കേരള പോലീസ് മൂന്ന് ഘട്ടങ്ങളിലായി നടത്തിയ Operation P-Hunt-ന്റെ ഭാഗമായി ആകെ 32 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 26 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

## ലാലിക്കുട്ടന്റെ മരണവുമായി ബന്ധപ്പെട്ട കേസ്

89 (2028) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി, കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ നീലികുളം വാർഡിൽ സുജിത്ത് എന്ന് വിളിക്കുന്ന ലാലിക്കുട്ടന്റെ മരണവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തുവെന്നും ഈ കേസ്സിൽ സംശയിക്കപ്പെടുന്ന പ്രതികൾ എത്രയെന്നും വിശദമാക്കുമോ;

(ബി) കേസ്സുമായി ബന്ധപ്പെട്ട് എത്ര പേരുടെ സാക്ഷിമൊഴികൾ രേഖപ്പെടുത്തിയെന്നും മരിച്ച ലാലിക്കുട്ടന്റെ അച്ഛന്റെയും അമ്മയുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ;

(സി) ഈ കേസ്സിനോടനുബന്ധിച്ച് പ്രദേശത്ത് സംഘർഷ സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കേസ്സുമായി ബന്ധപ്പെട്ട എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) 48 പേരുടെ സാക്ഷിമൊഴികൾ രേഖപ്പെടുത്തിയിട്ടുണ്ട്. മരിച്ച ലാലിക്കുട്ടന്റെ അച്ഛന്റെയും അമ്മയുടെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) സംഘർഷ സാദ്ധ്യത കണക്കിലെടുത്ത് ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേസ് അന്വേഷണത്തിൽ കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിവാകുന്ന പക്ഷം അവരെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സാംസ്കാരിക പ്രവർത്തകർക്ക് മർദ്ദനം ഏറ്റതായ പരാതി

90 (2031) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീങ്കണ്ണിപാലി, കക്കാടുംപൊയിൽ എന്നിവിടങ്ങളിലുള്ള പാർക്ക്, തടയണ എന്നിവയിലെ നിയമലംഘനം നേരിട്ട് മനസ്സിലാക്കുവാനെത്തിയ സാംസ്കാരിക പ്രവർത്തകർക്ക് മർദ്ദനം ഏറ്റതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) സാംസ്കാരിക പ്രവർത്തകരെ കയ്യേറ്റം ചെയ്ത സംഭവത്തിൽ പോലീസ് വിവരമറിഞ്ഞിട്ടും സ്ഥലത്ത് വൈകിയാണ് എത്തിയതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവത്തിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു; അതിൽ എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) വിവരം അറിഞ്ഞയുടൻതന്നെ പോലീസ് സ്ഥലത്തെത്തിയിട്ടുള്ളതും കുറ്റക്കാർക്കെതിരെ സ്വമേധയാ കേസ് എടുത്തിട്ടുള്ളതുമാണ്.

(സി) പ്രസ്തുത സംഭവത്തിന് തിരുവമ്പാടി പോലീസ് സ്റ്റേഷനിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 421/19 U/S 143, 147, 341 r/w 149 IPC പ്രകാരമുള്ള കേസ്സിൽ കണ്ടാലറിയാവുന്ന നൂറോളം പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. അതിൽ ഒന്നു മുതൽ പത്തുവരെയുള്ള പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.

**കൊയിലാണ്ടിയിൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ**

91(2036) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബൂണൽ സംബന്ധിച്ച് എന്തെങ്കിലും പുതിയ ശിപാർശകൾ ഹൈക്കോടതിയിൽ നിന്നും സർക്കാരിലേക്ക് വന്നിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഹൈക്കോടതി ശിപാർശ ചെയ്ത മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകളിൽ കൊയിലാണ്ടി ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോടതികൾ സ്ഥാപിക്കുന്ന കാര്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) 2012-ൽ ഹൈക്കോടതി നൽകിയ ശിപാർശ പ്രകാരം തയ്യാറാക്കിയ മുൻഗണന ലിസ്റ്റിൽ പതിമൂന്നാമതായി കൊയിലാണ്ടി MACT ഉൾപ്പെട്ടിട്ടുണ്ട്. ഈ ലിസ്റ്റിൽനിന്നും പുതിയ MACT കോടതികൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പാറശ്ശാലയിൽ ഒരു പോലീസ് സബ്ഡിവിഷൻ**

92(2038) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തെക്കൻ മേഖലയായ പാറശ്ശാലയിൽ ഒരു പോലീസ് സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പുതുതായി പോലീസ് സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ക്രൈം സ്റ്റാറ്റിസ്റ്റിക്സ്, ക്രമസമാധാന പ്രശ്നങ്ങൾ, ഒരു സബ്ഡിവിഷന്റെ കീഴിലെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം തുടങ്ങിയവയാണ് പുതിയ പോലീസ് സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പോലീസ് വകുപ്പിന് ജില്ലകളിൽ പ്രവർത്തനം നടത്തുന്നതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | അനുവദിച്ച തുക ലക്ഷത്തിൽ | | |
|---|---|---|---|---|
| | | 2017-18 | 2018-19 | 2019-20 |
| 1 | Additional Room, Space | 500 | 200 | NIL |
| 2 | Toilet, Waiting Room | 108 | 80 | NIL |
| 3 | Disabled Friendly Toilet | 500 | 500 | 400 |

**ഇടുക്കി ജില്ലയിലെ പോലീസ് സേനയുടെ അംഗബലം**

93 (2039) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പോലീസ് സേനയുടെ അംഗബലത്തിലുള്ള കുറവ് കാരണം ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിലും കാര്യക്ഷമമായി പ്രവർത്തിക്കുവാൻ പ്രതിസന്ധി നേരിടുന്നു എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജില്ലയിലെ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുവാനുള്ള നടപടി വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇടുക്കി ജില്ലയിൽ മൂന്ന് പുതിയ പോലീസ് സ്റ്റേഷനുകളാണ് ഇക്കാലയളവിൽ ആരംഭിച്ചത്. ടൂറിസം മേഖലയിലെ സംരക്ഷണം എന്ന നിലയ്ക്ക് കൂടുതൽ അംഗബലം ആവശ്യമാണെന്നത് വസ്തുതയാണ്.

## കോതമംഗലം പോലീസ് സ്റ്റേഷൻ പുതുക്കിപ്പണിയുന്നതിന് നടപടി

94(2040) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-ൽ പണികഴിപ്പിച്ച 41 വർഷത്തിലധികം പഴക്കമുള്ള കോതമംഗലം പോലീസ് സ്റ്റേഷൻ കാലപ്പഴക്കത്താൽ ചോർന്നൊലിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഈ കെട്ടിടം പുതുക്കിപ്പണിയുന്നതിനും വിസിറ്റിംഗ് റൂം അടക്കം നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) താൽക്കാലികമായി ഈ ചോർച്ച പരിഹരിക്കുന്നതിന് റൂഫിങ്ങ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) കോതമംഗലം പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 19 പോലീസ് ജില്ലകൾക്കായി അറ്റകുറ്റപ്പണികൾ/നവീകരണ പ്രവൃത്തികൾ എന്നിവയ്ക്കായി സംസ്ഥാന പോലീസ് മേധാവി നൽകിയ പ്രൊപ്പോസലിൻമേൽ മുൻഗണനാ ക്രമത്തിൽ ശിപാർശകൾ സമർപ്പിക്കാനും കൂടുതൽ വിശദാംശങ്ങൾ സമർപ്പിക്കാനും പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പത്തനാപുരം പോലീസ് സ്റ്റേഷന്റെ അതിർത്തി മാറ്റം

95 (2042) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ പത്തനാപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ഉൾപ്പെട്ടിരുന്ന ജനവാസ പ്രദേശങ്ങൾ പുനലൂർ താലൂക്കിലെ പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വനമദ്ധ്യത്തിലുള്ള അച്ചൻകോവിൽ പോലീസ് സ്റ്റേഷന്റെ അധീനതയിലേക്ക് മാറ്റിയതിനെത്തുടർന്ന് ജനങ്ങൾ അനുഭവിക്കുന്ന ദുരിതം സംബന്ധിച്ച എം.എൽ.എ.-യുടെ പരാതി പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മുമ്പ് പത്തനാപുരം പോലീസ് സ്റ്റേഷന്റെ അധികാര അതിർത്തിയിലായിരുന്ന മേൽപ്പറഞ്ഞ പ്രദേശങ്ങൾ പത്തനാപുരം പോലീസ് സ്റ്റേഷന്റെ അധീനതയിൽത്തന്നെ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ബഹുമാനപ്പെട്ട പത്തനാപുരം എം.എൽ.എ. നൽകിയ പരാതി പരിശോധിക്കുകയും ഇതുസംബന്ധമായ കൂടുതൽ വിശദീകരണം സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

## തേഞ്ഞിപ്പലം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

96(2043) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേഞ്ഞിപ്പലം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് സ്ഥലമനുവദിച്ച് കാലിക്കറ്റ് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുക്കുകയും പ്രസ്തുത വിവരം ജില്ലാ പോലീസ് മേധാവിയെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) സ്ഥലം ലഭ്യമായ സാഹചര്യത്തിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് തുടർനടപടി സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ നടപടികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കരട് MoU (Memorandum of Understanding) യൂണിവേഴ്സിറ്റി രജിസ്ട്രാർ ജില്ലാ പോലീസ് മേധാവിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മലക്കപ്പാറയിൽ പോലീസ് സ്റ്റേഷൻ കെട്ടിടം

97(2044) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ മലക്കപ്പാറയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പോലീസ് സ്റ്റേഷൻ കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലക്കപ്പാറയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള 0.07285 ഹെക്ടർ സ്ഥലം കണ്ടെത്തുകയും നിർമ്മാണത്തിന് 145 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. 30% പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്.

(ബി) പോലീസ് സ്റ്റേഷൻ കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

**കോതമംഗലം പോലീസ് സ്റ്റേഷനിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം**

98(2046) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പോലീസ് സ്റ്റേഷനിലെയും ട്രാഫിക് സ്റ്റേഷനിലെയും ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോതമംഗലത്ത് നിലവിലുണ്ടായിരുന്ന എൽ.എസ്.ക്യൂ. (ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ്)-ഉം യു.എസ്.ക്യൂ. (അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ്) -ഉം പൊളിച്ചു മാറ്റിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏകദേശം രണ്ടര ഏക്കറോളം സ്ഥലസൗകര്യത്തിൽ നിലവിലുണ്ടായിരുന്ന ക്വാർട്ടേഴ്സുകൾ പൊളിച്ച സാഹചര്യത്തിൽ പുതിയ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഏകദേശം നൂറോളം വരുന്ന പോലീസുകാർക്കായി ഇവിടെ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ക്വാർട്ടേഴ്സുകൾ 27-10-2019 തീയതിയിൽ ലേലം ചെയ്ത് പൊളിച്ച് നീക്കം ചെയ്തിട്ടുണ്ട്.

(സി) പരിഗണനയിലുണ്ട്.

(ഡി) ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിഗണിക്കാവുന്നതാണ്.

**ഓച്ചിറ കാളകെട്ട് ഉത്സവവുമായി ബന്ധപ്പെട്ട കേസ്സുകൾ**

99 (2047) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തെട്ടാം ഓണം ഉത്സവത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷേത്രത്തിൽ നടന്ന കാളകെട്ട് ഉത്സവവുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസ്സുകളെടുത്തുവെന്നും ഏതെല്ലാം വകുപ്പുകൾ അനുസരിച്ചുള്ള കേസ്സുകളാണ് എടുത്തതെന്നും വിശദീകരിക്കുമോ;

(ബി) ആയതുമായി ബന്ധപ്പെട്ട് ദേശീയ പാതയിൽ എത്രസമയം ഗതാഗത തടസ്സമുണ്ടായെന്ന് വിശദീകരിക്കുമോ;

(സി) അമിത വലിപ്പത്തിലുള്ള കെട്ടുകാളകളെ എഴുന്നള്ളിക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ക്ഷേത്ര ഭരണസമിതിയും ബന്ധപ്പെട്ട വകുപ്പുകളും കാളകെട്ട് സമിതിയുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ വർഷത്തെ ഇരുപത്തെട്ടാം ഓണം ഉത്സവവുമായി ബന്ധപ്പെട്ട് ഓച്ചിറ ക്ഷേത്രത്തിൽ നടന്ന കാളകെട്ട് ഉത്സവത്തോടനുബന്ധിച്ച് കൊല്ലം സിറ്റി പോലീസ് പരിധിയിൽ ആകെ 18 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ CrPC സെക്ഷൻ 151 പ്രകാരം കേസ്സുകളും Cr.No.991/19 U/S 188, 283, 143, 147, 188, 149 IPC പ്രകാരം ഒരു കേസ്സും Cr.No.993/19 U/S 143, 147, 323, 332, 427, 149 IPC പ്രകാരം ഒരു കേസ്സും Cr.No.1001/19 U/S 341, 323, 324, 307, 34 IPC പ്രകാരം ഒരു കേസും ഉൾപ്പെടെ 18 കേസ്സുകൾ.

(ബി) 8-10-2019 ഉച്ചയ്ക്ക് 3.00 മണി മുതൽ 9-10-2019 രാവിലെ 8.00 മണിവരെ ഗതാഗത തടസ്സം ഉണ്ടായി.

(സി) അമിത വലിപ്പത്തിലും ഉയരത്തിലുമുള്ള കെട്ടുകാളകളെ എഴുന്നള്ളിക്കുന്നതുമൂലം പൊതുജനത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകളും മറ്റ് ക്രമസമാധാന പ്രശ്നങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ഏർപ്പെടുത്തുന്നതിനായി അടുത്ത വർഷത്തെ കാളകെട്ട് ഉത്സവത്തിന് മുമ്പായി ക്ഷേത്രഭരണ സമിതിയുടെയും കാളകെട്ട് സമിതികളുടെയും ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളുടെയും ഒരുമിച്ചുള്ള ഒരു യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ഇടുക്കി പോലീസ് സ്റ്റേഷൻ മാർച്ച്

100 (2049) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി പോലീസ് സ്റ്റേഷനിലേക്ക് എത്ര പോലീസ് സ്റ്റേഷൻ മാർച്ചുകളാണ് നടന്നിട്ടുള്ളതെന്നും ആയതിന്റെ പേരിൽ എത്ര കേസ്സുകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) അതിൽ ഏതെല്ലാം സ്റ്റേഷൻ മാർച്ചുകളിലാണ് സംഘടനകൾ/ വ്യക്തികൾക്കെതിരെ പോലീസ് കേസ് ചാർജ് ചെയ്തിട്ടുള്ളതെന്ന് വിശദാംശങ്ങൾ നൽകുമോ;

(സി) 2019 ജൂൺ 19-ന് ഇടുക്കി പോലീസ് സ്റ്റേഷനിലേക്ക് യു.ഡി.എഫ്. നടത്തിയ മാർച്ചിൽ എന്തെങ്കിലും അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം അക്രമങ്ങൾ/നാശനഷ്ടങ്ങൾ ആണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത മാർച്ചിൽ എത്ര ആളുകളുടെ പേരിലാണ് കേസ് ചാർജ്ജ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി പോലീസ് സ്റ്റേഷനിലേയ്ക്ക് രണ്ട് പോലീസ് സ്റ്റേഷൻ മാർച്ചുകൾ നടത്തിയിട്ടുണ്ട്. ഒരു പോലീസ് സ്റ്റേഷൻ മാർച്ചുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി-ഡി) 19-6-2019-ൽ യു.ഡി.എഫ് നടത്തിയ പോലീസ് സ്റ്റേഷൻ മാർച്ചിൽ ക്രൈം നമ്പർ 215/19 U/S 143, 147, 283, 188, 149 IPC ആയി ഇടുക്കി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 14 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട ഇടുക്കി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സി.സി. 473/19 ആയി വിചാരണയിലുമാണ്.

## നീണ്ടകര തുറമുഖം

101 (2050) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകര തുറമുഖത്തു നിന്നും മത്സ്യത്തൊഴിലാളികളുടെ ബോട്ടും ഡീസലും മോഷണം പോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതീവ സുരക്ഷാ പ്രാധാന്യമുള്ള നീണ്ടകര തുറമുഖത്തിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി നീണ്ടകര കോസ്റ്റൽ പൊലീസ് സ്റ്റേഷന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ പരിധിയിൽ നീണ്ടകര തുറമുഖത്തുനിന്നും 13-9-2019-ൽ ഫൈബർ വള്ളങ്ങളും ഇന്ധനവും മോഷണം പോയതുമായി ബന്ധപ്പെട്ട് ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 738/19 U/S 379 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) അതീവ സുരക്ഷാ പ്രാധാന്യമുള്ള നീണ്ടകര തുറമുഖത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടി സ്വീകരിച്ചുവരുന്നു:

1. തീരദേശ മേഖലകളിലും ഹാർബറുകളിലും ബോട്ട് യാർഡുകളിലും കടവുകളിലും പോലീസ് പട്രോളിംഗും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്.
2. തീരദേശ മേഖലയിലെ സുരക്ഷ മുൻനിർത്തി കടലോര ജാഗ്രതാ സമിതി മീറ്റിംഗുകളും നടത്തിവരുന്നുണ്ട്.
3. കോസ്റ്റൽ പോലീസിനെ തനത് ഡ്യൂട്ടികൾക്ക് മാത്രം നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സഹകരണത്തോടെ കോസ്റ്റൽ പോലീസിന് പരിശീലനം നടത്തിവരുന്നുണ്ട്.
4. നീണ്ടകര തീരദേശ മേഖലയിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ്, നിരീക്ഷണ ക്യാമറകൾ എന്നിവ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവം

102 (2051) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവത്തിൽ നടക്കുന്ന പോലീസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികൾ ആരെല്ലാമെന്നും ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണോയെന്നും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ സ്മാരകം തീയിടുവാനുണ്ടായ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട കേസ്സിന്റെ നമ്പരും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി 28-4-2016 തീയതിയിൽ ബഹുമാനപ്പെട്ട ആലപ്പുഴ JFMC-I-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും നിലവിൽ പ്രസ്തുത കേസ് SC 693/2016 പ്രകാരം ബഹുമാനപ്പെട്ട ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണയിലുമാണ്.

(ബി) പ്രസ്തുത കേസ്സിലേയ്ക്ക് അറസ്റ്റ് ചെയ്തത് ലതീഷ്. ബി. ചന്ദ്രൻ, പി. സാബു, ദീപുമോൻ, രാജേഷ്, പ്രമോദ് എന്നീ പ്രതികളെയാണ്. ഇവർ രാഷ്ട്രീയ പാർട്ടിയുടെ മുൻപ്രവർത്തകരാണെന്നാണ് പോലീസ് കണ്ടെത്തിയിട്ടുള്ളത്.

(സി) അക്കാലത്ത് പ്രദേശത്ത് നിലനിന്നിരുന്ന ചില അഭിപ്രായ വ്യത്യാസമാണ് ഇതിലേയ്ക്ക് നയിച്ചതെന്നാണ് പോലീസ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്.

(ഡി) നിലവിൽ പ്രസ്തുത കേസ് നം. SC 693/16 പ്രകാരം ബഹുമാനപ്പെട്ട ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണ നടന്നുവരികയാണ്.

**മാൽകോടെക്സ് മില്ലിലെ രാജിവച്ച ജീവനക്കാരന്റെ പരാതി**

103 (2052) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് മാനേജർ ആയിരുന്ന സഗീർ കാലടി കടുത്ത തൊഴിൽ പീഡനം ഏൽക്കേണ്ടി വന്നതിനാൽ ഇരുപതു വർഷം സർവ്വീസ് ബാക്കി നിൽക്കേ ജോലിയിൽ നിന്നു 2019 ജൂലൈ ഒന്നിന് രാജിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ പീഡനംമൂലം രാജിവച്ചിട്ടും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാത്തതും മാൽകോടെക്സ് എം.ഡി നടത്തിയ സാമ്പത്തിക അഴിമതിയും സംബന്ധിച്ച് സഗീർ കാലടി മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്ക് നൽകിയ പരാതിയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഈ വിഷയത്തിൽ അന്വേഷണം നടത്താൻ ഉത്തരവിടുമോ;

(സി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് മാനേജർ ആയിരുന്ന ശ്രീ. സഹീർ കാലടി പീഡനം ഏൽക്കേണ്ടി വന്നതിനാൽ രാജിവച്ചു എന്നുള്ള കാര്യം വസ്തുതാവിരുദ്ധമാണ്. ഉപരിപഠനത്തിനും സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിനും വേണ്ടി ദീർഘകാല ലീവിന് അപേക്ഷിച്ചത് നിരസിച്ചപ്പോൾ മെഡിക്കൽ ഗ്രൗണ്ടിൽ ലീവ് അപേക്ഷ മാറ്റി നൽകുകയും ലീവ് പാസ്സാക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ ശിപാർശ ലഭിക്കുന്നതിന് അയയ്ക്കുകയും മറുപടി ലഭിക്കുന്നതിന് മുമ്പേ ടിയാൻ സ്വമേധയാ രാജിവച്ചതാണ്.

(ബി) ആനുകൂല്യങ്ങൾ ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സഹീർ കാലടി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കൈത്തറി & വസ്ത്ര ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. രാജിവച്ചിട്ടും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയില്ല എന്നുള്ള പരാതി വസ്തുതാവിരുദ്ധമാണ്. രാജി സ്വീകരിച്ചുകൊണ്ട് ടിയാൾക്കയച്ച കത്തിൽതന്നെ എല്ലാ ആനുകൂല്യങ്ങളും മില്ലിൽ നേരിട്ട് ഹാജരായി കൈപ്പറ്റണമെന്ന് വ്യക്തമായി നിർദ്ദേശിച്ചിരുന്നെങ്കിലും ടിയാൻ നേരിട്ട് ഹാജരാകുകയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ അർഹതപ്പെട്ട തുക അയച്ചുതരണമെന്ന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ടിയാളുടെ ആനുകൂല്യം 30-10-2019-ന്റെ ചെക്ക് മുഖേന നൽകിയിട്ടുണ്ട്.

(സി) ടിയാൻ WP(C) No. 25781/10 നമ്പർ കേസ് ബഹു<u>മാ</u>നപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

**തെളിയിക്കപ്പെടാത്ത ക്രിമിനൽ കേസ്സുകൾ**

104(2053) <u>ശ്രീ. വി. ജോയി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷനുകളിൽ തെളിയിക്കപ്പെടാതെയുള്ള എത്ര ക്രിമിനൽ കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് തെളിയിക്കപ്പെടാതിരുന്ന കേസുകളിലെ എത്ര പ്രതികളെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അറസ്റ്റ് ചെയ്തുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തെളിയിക്കപ്പെടാതെയുള്ള 128 ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് വർക്കല മണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷനുകളിൽ തെളിയിക്കപ്പെടാതിരുന്ന കേസ്സുകളിൽ 11 പ്രതികളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അറസ്റ്റ് ചെയ്തിട്ടുണ്ട്.

**തീരദേശ പരിപാലന നിയമം ലംഘിച്ച കെട്ടിടങ്ങൾ**

105(2054) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം ലംഘിച്ച് മരടിൽ ഫ്ലാറ്റുകൾ നിർമ്മിക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഹോളി ഫെയ്ത്ത്, എച്ച്.ടു.ഒ, ആൽഫ ഫെറിൻ, ജെയിൻ കോറൽ റീഫ് എന്നീ ഫ്ലാറ്റ് നിർമ്മാതാക്കളുടെ ഓഫീസുകളിൽ നടത്തിയ റെയ്ഡിൽ ഫ്ലാറ്റുകൾക്ക് യു.എ.നമ്പർ ലഭിക്കുവാനുണ്ടായ സാഹചര്യം സംബന്ധിച്ച രേഖകൾ ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) സി.ആർ.ഇസഡ് 3-ൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത ഫ്ലാറ്റുകൾക്ക് സി.ആർ.ഇസഡ് 2 എന്ന് രേഖപ്പെടുത്തി മരട് പഞ്ചായത്ത് രേഖ നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഈ കേസ്സിൽ നിലവിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു; ആരൊക്കെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്; വിശദാമാക്കാമോ?

<u>ഉത്തരം</u>

(എ) കേസ്സുകളുടെ അന്വേഷണം പ്രാരംഭഘട്ടത്തിലാണ്. അന്വേഷണത്തിന്റെ ഭാഗമായി മരട് മുനിസിപ്പാലിറ്റി ഓഫീസിൽനിന്നും ബന്ധപ്പെട്ട കമ്പനികളുടെ ഓഫീസിൽനിന്നും ശേഖരിച്ച രേഖകൾ പരിശോധിച്ചും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്. തീരദേശ പരിപാലന നിയന്ത്രണ നോട്ടിഫിക്കേഷൻ പരിഗണിക്കാതെ 2006, 2007 കാലഘട്ടത്തിൽ ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുക വഴി മരട് പഞ്ചായത്തിലെ പ്രസ്തുത കാലഘട്ടത്തിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറ്റകരമായ വീഴ്ചയുണ്ടായി എന്ന് വ്യക്തമായതിനാൽ അവരെ കേസ്സിന്റെ പ്രതിപട്ടികയിൽ ചേർത്തിട്ടുള്ളതും

സെക്ഷൻ 120 (B) IPC, അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 13(1)(d), 13(2) of Prevention of Corruption Act 1988 എന്നീ കുറ്റവകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുള്ളതാണ്.

(ബി) ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് UA No. നൽകിയത് എന്നാണ് കാണുന്നത്.

(സി) ഇതുവരെയുള്ള അന്വേഷണത്തിൽ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) (I). ക്രൈം നമ്പർ 471/CB CU-II/EKM/R/2019 (പനങ്ങാട് പി.എസ്.ക്രൈം.1108/2019) എന്ന കേസ്സിൽ 5 പേരാണ് പ്രതിപ്പട്ടികയിലുള്ളത്.

1. സന്ദീപ് മേത്ത (Age 50/19), മാനേജിംഗ് ഡയറക്ടർ ജേയിൻ ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ ലിമിറ്റഡ്, സോമസുന്ദരം സ്ട്രീറ്റ്, ടി നഗർ, ചെന്നൈ.
2. നവീൻ (Age 40/19), S/o രഘുനാഥൻ, 6-C, ആസ്റ്റർ അവന്യൂ അപ്പാർട്ട്മെന്റ്, സൗത്ത് പൊന്നേത്ത് റോഡ്, കടവന്ത്ര, എറണാകുളം.
3. മുഹമ്മദ് അഷ്റഫ് (Age 59/19), S/o എ. ആർ. മുഹമ്മദ് ഇസ്മയിൽ, പുളിമൂട്ടിൽ നോർത്ത് വീട്, അലി മുഹമ്മദ് റോഡ്, ബസാർ പി.ഒ., ആലപ്പുഴ (മുൻ സെക്രട്ടറി, മരട് പഞ്ചായത്ത്).
4. പി. ഇ. ജോസഫ് (Age 65/19), S/o പി. കെ. ഈശി, എഴുപുന്നകരയിൽ പുതുപറമ്പത്തു വീട്, എഴുപുന്ന പി.ഒ, ആലപ്പുഴ (മുൻ ജൂനിയർ സൂപ്രണ്ട്, മരട് പഞ്ചായത്ത്)
5. ജയറാം നായിക് (Age 54/19), S/o ജി. രാജരത്ന നായിക്, തേരകത്ത് പറമ്പിൽ, കുത്തിയതോട് വില്ലേജ്, ചേർത്തല താലൂക്ക്, ആലപ്പുഴ ജില്ല (മുൻ ക്ലാർക്ക്, മരട് പഞ്ചായത്ത്)

ടി കേസിലെ 3-ഉം 4-ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും റിമാന്റിൽ കഴിഞ്ഞുവരുന്നതുമാണ്.

(II). ക്രൈം നമ്പർ 472/CB CU-II/EKM/R/2019 (പനങ്ങാട് പി.എസ്.ക്രൈം. 1109/2019) എന്ന കേസ്സിൽ 5 പേരാണ് പ്രതിപ്പട്ടികയിലുള്ളത്.

1. പോൾരാജ്, 26/2870A, പുത്തൻ പുരയ്ക്കൽ മനയത്ത് ലെയിൻ, തേവര (ഡയറക്ടർ, ആൽഫാ സെറീൻ അപ്പാർട്ട്മെന്റ്, ആൽഫാ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്).

2. മുഹമ്മദ് അഷ്റഫ് (Age 59/19), S/o എ. ആർ. മുഹമ്മദ് ഇസ്മയിൽ, പുളിമൂട്ടിൽ നോർത്ത് വീട്, അലി മുഹമ്മദ് റോഡ്, ബസാർ പി.ഒ, ആലപ്പുഴ (മുൻ സെക്രട്ടറി, മരട് പഞ്ചായത്ത്).

3. പി. ഇ. ജോസഫ് (Age 65/19), S/o പി. കെ. ഈശി, എഴുപുന്നകരയിൽ പുതുപറമ്പത്തു വീട്, എഴുപുന്ന പി.ഒ, ആലപ്പുഴ (മുൻ ജൂനിയർ സൂപ്രണ്ട്, മരട് പഞ്ചായത്ത്)

4. ജയറാം നായിക് (Age 54/19), S/o ജി. രാജരത്ന നായിക്, തേരകത്ത് പറമ്പിൽ, കുത്തിയതോട് വില്ലേജ്, ചേർത്തല താലൂക്ക്, ആലപ്പുഴ ജില്ല (മുൻ ക്ലാർക്ക്, മരട് പഞ്ചായത്ത്)

5. കെ. സി. ജോർജ് (Age 62/19), S/o കെ. കെ. ചെറിയാൻ, കുടക്കച്ചിവീട്, 45, ടാഗോർ നഗർ, കടവന്ത്ര, കൊച്ചി-20.

കേസ്സിലെ 2, 3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഒന്നാം പ്രതി കോടതിയിൽ കീഴടങ്ങിയിട്ടുള്ളതും 3 പ്രതികളും റിമാന്റിൽ കഴിഞ്ഞുവരുന്നതുമാണ്.

(III). ക്രൈം നമ്പർ 473/CB CU-II/EKM/R/2019 (മരട് പോലീസ് സ്റ്റേഷൻ ക്രൈം. 1293/2019) എന്ന കേസ്സിൽ 4 പേരാണ് പ്രതിപ്പട്ടികയിലുള്ളത്.

1. സാനി ഫ്രാൻസിസ്, മാനേജിംഗ് ഡയറക്ടർ, ഹോളിഫെയ്ത്ത് ബിൽഡേഴ്സ് ആന്റ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.

2. മുഹമ്മദ് അഷ്റഫ് (Age 59/19), S/o എ. ആർ. മുഹമ്മദ് ഇസ്മയിൽ, പുളിമൂട്ടിൽ നോർത്ത് വീട്, അലി മുഹമ്മദ് റോഡ്, ബസാർ പി.ഒ., ആലപ്പുഴ (മുൻ സെക്രട്ടറി മരട് പഞ്ചായത്ത്)

3. പി. ഇ. ജോസഫ് (Age 65/19), S/o പി. കെ. ഈശി, എഴുപുന്നകരയിൽ പുതുപറമ്പത്തുവീട്, എഴുപുന്ന പി.ഒ., ആലപ്പുഴ (മുൻ ജൂനിയർ സൂപ്രണ്ട്, മരട് പഞ്ചായത്ത്)

4. ജയറാം നായിക് (Age 54/19), S/o ജി. രാജരത്ന നായിക്, തേരകത്ത് പറമ്പിൽ, കുത്തിയതോട് വില്ലേജ്, ചേർത്തല താലൂക്ക്, ആലപ്പുഴ ജില്ല (മുൻ ക്ലാർക്ക്, മരട് പഞ്ചായത്ത്)

കേസിലെ 1,2,3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും പ്രസ്തുത പ്രതികൾ റിമാന്റിൽ കഴിഞ്ഞുവരുന്നതുമാണ്.

**മുതിർന്ന പൗരൻമാരുടെ ക്ഷേമം**

106 (2055) ശ്രീ. പി. ടി. എ. റഹീം :
പ്രൊഫ. കെ.യു. അരുണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) തങ്ങളുടെ അധികാരപരിധിയിൽ താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ അതത് പോലീസ് സ്റ്റേഷനുകൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും വയോജന സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുതിർന്ന പൗരൻമാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് The Maintenance and Welfare of Parents and Senior Citizens Act, 2007 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു. Kerala Maintenance and Welfare of Parents and Senior Citizens Act, 2009 പ്രകാരം മുതിർന്ന പൗരൻമാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് പോലീസിന്റെ കർത്തവ്യങ്ങളെക്കുറിച്ച് പോലീസ് ആസ്ഥാനത്തെ 11-3-2010-ലെ സർക്കുലർ നമ്പർ 16/2010 പ്രകാരം നിർദ്ദേശങ്ങൾ എല്ലാ യൂണിറ്റ് മേധാവികൾക്കും നൽകിയിട്ടുണ്ട്. മുതിർന്ന പൗരൻമാർ മാത്രം താമസിക്കുന്ന വീടുകളിൽ അവർക്ക് ഏതെങ്കിലും വിധത്തിലുള്ള അപകട സാദ്ധ്യതകളുണ്ടായാൽ അടിയന്തര ഘട്ടങ്ങളിൽ അടുത്ത വീട്ടുകാരെയോ പൊതുജനങ്ങളെയോ അറിയിക്കുന്നതിന് അത്തരം വീടുകളിൽ സർക്കാരിന്റെ 'Bell of Faith' പദ്ധതിയുടെ ഭാഗമായി അവർക്ക് സ്വയം പ്രവർത്തിക്കാവുന്ന അലാറം സ്ഥാപിച്ചിട്ടുണ്ട്.

മുതിർന്ന പൗരൻമാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ഓരോ പോലീസ് സ്റ്റേഷനിലേയും SI/Additional SI/ASI എന്നിവരിൽ ആരെയെങ്കിലും മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി designate ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മുതിർന്ന പൗരൻമാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം പോലീസ് ആസ്ഥാനത്തെ S1/204595/17 dated 30-1-2018 പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സന്ദേശത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു:

1. പോലീസ് ഉദ്യോഗസ്ഥർ അതാത് പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന മുതിർന്ന പൗരൻമാരുമായി ഇടപെടുക.

2. വീടുകൾ സന്ദർശിക്കുക

3. ആഴ്ചയവസാനം പരിപാടികൾ സംഘടിപ്പിക്കുക

4. മുതിർന്ന പൗരൻമാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും സഹായിക്കുകയും ചെയ്യുക.

5. പോലീസിനെ പെട്ടെന്ന് ബന്ധപ്പെടാനുള്ള Hotline system നടപ്പിലാക്കുക.

6. പോലീസിംഗിന് പുരോഗതിയുണ്ടാക്കാൻ മുതിർന്ന പൗരൻമാരുടെ ഉപദേശങ്ങൾ സ്വീകരിക്കുക.

മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുണ്ട്. അതാത് ബീറ്റ് ഏര്യകളിൽപ്പെട്ട സ്ഥലങ്ങളിൽ ബീറ്റ് ഓഫീസർമാർ മുതിർന്ന പൗരൻമാരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ പരാതികൾക്ക് അടിയന്തര പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ പരിധികളിലും ഉൾപ്പെട്ടിട്ടുള്ള മുതിർന്ന പൗരൻമാരുടെ വിവരങ്ങൾ ശേഖരിച്ച് ആയത് രജിസ്റ്റർ ഓഫ് സീനിയർ സിറ്റിസണിൽ സൂക്ഷിക്കുന്നു.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ "Innovative Scheme for Senior Citizen Helpline (Neighbourhood watch Hotline etc) in atleast 6 districts, consultation programme"-ന് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഇതേ സ്കീം നടപ്പിലാക്കുവാനായി 40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇവരുടെ ക്ഷേമകാര്യങ്ങൾ നോക്കുന്നതിനും മറ്റുമായി പോലീസ് സ്റ്റേഷനുകളിൽ "Elder Friendly Officer"-മാരെ

നിയമിച്ചിട്ടുണ്ട്. വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വാളണ്ടിയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും വൃദ്ധജനങ്ങളുടെ പേരും നമ്പരുകളും ശേഖരിച്ച് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുമുണ്ട്. കൂടാതെ രാത്രികാല പട്രോളിംഗ് നടത്തുന്ന സമയം മുതിർന്ന പൗരൻമാർ ഒറ്റയ്ക്ക് താമസിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു.

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

107 (2056) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ 2013 മുതൽ 2016 വരെ ലോൺ നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നിലവിലുണ്ടോ എന്നറിയിക്കാമോ;

(ബി) വിജിലൻസിൽ ഈ കേസ് അന്വേഷിക്കുന്നത് ഏത് സംഘമാണ്;

(സി) ഇതിന്റെ അന്വേഷണം ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എസ്.ഐ.യു-2 യൂണിറ്റിലെ പോലീസ് ഇൻസ്പെക്ടർ ശ്രീ. ജി. ബി. മുകേഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷണം നടത്തുന്നത്.

(സി) അന്വേഷണം പ്രാരംഭ ഘട്ടത്തിലാണ്.

## നെയ്യാറ്റിൻകര കുടുംബകോടതി

108(T* 2059) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതിനായി പൂർത്തീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; 2020 മാർച്ചിന് മുൻപ് കുടുംബ കോടതി ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കണമെന്ന ഒരു പ്രൊപ്പോസൽ 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) സർക്കാരിന് നൽകുകയുണ്ടായി.

സംസ്ഥാനത്ത് പുതിയ കുടുംബകോടതികൾ ആരംഭിക്കണമെന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കണമെന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

**ആശ്രിത നിയമനം സംബന്ധിച്ച്**

109 (2060) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുഡീഷ്യൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ശ്രീ. ഇ. കെ. പുഷ്പാംഗതന്റെ ആശ്രിതനായ അരുണിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഫയൽ നമ്പർ L4/76942/12/home പ്രകാരം താലൂക്ക് ഓഫീസിൽ നിന്നോ കോട്ടയം കളക്ടറേറ്റിൽ നിന്നോ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശ്രിത നിയമനം എത്രയും വേഗം സാധ്യമാകുന്നതിന് ആവശ്യമായ ഉത്തരവ് സർക്കാർ ഭാഗത്തു നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജുഡീഷ്യൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ഇ. കെ. പുഷ്പാംഗതന്റെ ആശ്രിതനായ പി. അരുണിന്റെ ആശ്രിത നിയമനത്തിനായുള്ള 9-5-2018-ലെ അപേക്ഷ എൽ1/172/2019-ആഭ്യന്തരം നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നതും അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി, 24-5-1999-ലെ സ.ഉ. (അച്ചടി) നമ്പർ 12/99/ഉ.ഭ.പ.വ ഉത്തരവിൻപ്രകാരം അന്വേഷണ റിപ്പോർട്ടിനായി കോട്ടയം ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2012 വർഷത്തിൽ ആഭ്യന്തര (എൽ) വകുപ്പിൽ എൽ4/ 76942/12/ആഭ്യന്തരം നമ്പരിൽ ഫയലുകളൊന്നും കൈകാര്യം ചെയ്തിട്ടില്ല. ഹൈക്കോടതി രജിസ്ട്രാറുടെ 29-11-2013-ലെ ഐ 4/76942/12 നമ്പർ ആമുഖ കത്ത് സഹിതം സർക്കാരിലേയ്ക്ക് സമർപ്പിക്കപ്പെട്ട ആര്യസേതു പാർവ്വതിയുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ ഉള്ളടക്കം ചെയ്തിരുന്ന വൈക്കം തഹസിൽദാറുടെ 8-2-2001-ലെ സി2-125/2000 നമ്പർ അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുബന്ധം* ഒന്നായും പ്രസ്തുത അപേക്ഷ പരിഗണിച്ച 112567/ എൽ1/13/ആഭ്യന്തരം നമ്പർ ഫയലിൽ കോട്ടയം ജില്ലാ കളക്ടർ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് അനുബന്ധം രണ്ടായും ചേർത്തിരിക്കുന്നു*.

(സി) സ. ഉ. (അച്ചടി) നമ്പർ 12/99/ഉ.ഭ.പ.വ. ഉത്തരവ് 41 ഖണ്ഡികയിൽ പരാമർശിക്കുന്ന ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് ജില്ലാ കളക്ടറുടെ ശിപാർശ സഹിതം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അഗ്നിരക്ഷാ നിലയങ്ങളിലെ അധികാരലംഘനം**

110(2061) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ 16-6-2017-ലെ G.O.(Rt)No.1574/2017/Home ഉത്തരവ് നിലനിൽക്കേ അഗ്നിരക്ഷാ നിലയങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ജനറൽ ഡയറി ഉൾപ്പെടെയുള്ള അധികാരങ്ങൾ ഫയർമാന് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇത്തരം ലംഘനം കേരളത്തിലെ ഏതൊക്കെ അഗ്നിരക്ഷാ നിലയങ്ങളിൽ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമലംഘകർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ജി.ഒ. (ആർ.റ്റി)നമ്പർ 1574/2017/ആഭ്യന്തരം, തീയതി 16-6-2017 പ്രകാരമുള്ള ഉത്തരവിൽ സ്റ്റേഷൻ ചാർജ്ജ് ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ഫയർമാൻമാർക്ക് നൽകരുതെന്ന് ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരെ മറികടന്ന് ഫയർമാൻമാർക്ക് സ്റ്റേഷൻ ചാർജ്ജ് നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലയത്തിൽ നടക്കുന്ന ദൈനംദിന കാര്യങ്ങൾ ജനറൽ ഡയറിയിൽ രേഖപ്പെടുത്തുന്നതിനായി സ്റ്റേഷൻ ചാർജ്ജുകാരൻ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു. സ്റ്റേഷൻ ചാർജ്ജുകാരനായ സ്റ്റേഷൻ ഓഫീസർ ചുമതലപ്പെടുത്തുന്ന പക്ഷം അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർക്കോ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ അഭാവത്തിൽ ലീഡിംഗ് ഫയർമാനോ, ലീഡിംഗ് ഫയർമാന്റെ അഭാവത്തിൽ ഫയർമാനോ, ജനറൽ ഡയറി ചാർജ്ജ് നൽകുന്നു. സ്റ്റേഷനുകളിൽ ഫയർമാൻമാരുടെ എണ്ണത്തേക്കാൾ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെ എണ്ണം കുറവാണ്. ആയതിനാൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാർക്ക് ജനറൽ ഡയറി ചാർജ്ജ് നൽകുന്നത് പ്രായോഗികമല്ല എന്ന് കണ്ട് ഫയർമാൻമാർക്ക് ജി.ഡി. ചാർജ്ജ് നൽകിവരുന്നുണ്ട്.

**അഗ്നിസുരക്ഷാ മാനദണ്ഡം പാലിക്കാത്ത കെട്ടിടങ്ങളുടെമേൽ നടപടി**

111(2062) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലുള്ള കെട്ടിടങ്ങളിൽ നിന്നും അഗ്നിബാധ റിപ്പോർട്ട് ചെയ്യുന്നതിനാൽ മതിയായ അഗ്നിസുരക്ഷാമാനദണ്ഡം പാലിക്കാത്ത കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പരിശോധനകളിൽ സുരക്ഷ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയവരുടെമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) അഗ്നിസുരക്ഷ ഒരുക്കുന്നതിൽ വീഴ്ചവരുത്തിയ കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

## വാണിജ്യ സ്ഥാപനങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനങ്ങൾ

112(2063) ശ്രീ. കെ. എം. ഷാജി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യസ്ഥാപനങ്ങളിൽ തുടർച്ചയായി അഗ്നിബാധ ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയ പല കെട്ടിടങ്ങളിലും അവ പ്രവർത്തനക്ഷമമല്ലെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിൽ തുടർച്ചയായി അഗ്നിബാധ ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ ഫയർ ഓഡിറ്റ് നടത്തുന്നുണ്ട്. പല വാണിജ്യ സ്ഥാപനങ്ങളും നിയമപരമായി ഒരുക്കേണ്ട സുരക്ഷാ സംവിധാനങ്ങൾപോലും ഒരുക്കിയിട്ടില്ലായെന്നും ചില സ്ഥാപനങ്ങളിൽ സുരക്ഷാസംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും അത് മതിയായ രീതിയിൽ അറ്റകുറ്റപ്പണി ചെയ്യാത്തതിനാൽ പ്രവർത്തനരഹിതമാണെന്നും കണ്ടെത്തുകയുണ്ടായി. നിയമപരമായ സുരക്ഷാസംവിധാനങ്ങൾ വാണിജ്യ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും സുരക്ഷാസംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലെ വാണിജ്യ സ്ഥാപനങ്ങളിൽ തുടർച്ചയായി അഗ്നിബാധ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അഗ്നിരക്ഷാ വകുപ്പ് അഗ്നിസുരക്ഷാ സംവിധാനം ഒരുക്കേണ്ട കെട്ടിടങ്ങളിൽ ആയത് ഒരുക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ കാലപ്പഴക്കം കാരണം പ്രവർത്തനരഹിതമായ അഗ്നിരക്ഷാ ഉപകരണങ്ങൾ കണ്ടെത്തുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയും

ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് അടിയന്തരമായി കാലികമാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(സി) അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**അടൂർ ഫയർ സ്റ്റേഷന് കെട്ടിടം**

113(2064) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ഫയർ സ്റ്റേഷന് നാളിതുവരെ സ്വന്തമായി കെട്ടിടമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെയും ഫണ്ട് ലഭ്യതയുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടൂർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി നിലവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ തുകയ്ക്ക് ആനുപാതികമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പന്തളത്ത് ഫയർ സ്റ്റേഷൻ**

114(2065) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുമായി ബന്ധപ്പെട്ട് ദേശീയപ്രാധാന്യമുള്ള തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞ പന്തളത്ത് ഫയർ ആന്റ് റെസ്ക്യൂ ആഫീസില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പന്തളത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പന്തളം നഗരസഭയിൽ കുരമ്പാല വില്ലേജിൽ ബ്ലോക്ക് നമ്പർ 2-ൽ റീസർവ്വേ നമ്പർ 96/2-ൽ 03.01.30 ഹെക്ടറിൽ വരുന്ന വസ്തുവിൽ ഉൾപ്പെട്ട പന്തളം നൂറനാട് റോഡിന്റെ കിഴക്ക് വശത്ത് കെ.എസ്.ഇ.ബി.എൽ. സബ് സ്റ്റേഷന്റെ വടക്ക് ഭാഗത്തായി കിടക്കുന്ന 22 സെന്റ് വസ്തുവും കിഴക്ക് വശത്ത് കിടക്കുന്ന 15 സെന്റ് വസ്തുവും 99.9 വർഷത്തേയ്ക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടുനൽകുകയും ഏതെങ്കിലും കാരണവശാൽ ഫയർ സ്റ്റേഷൻ പ്രവർത്തനം നിർത്തുകയാണെങ്കിൽ വസ്തുവും കെട്ടിടങ്ങളും നഗരസഭയ്ക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയിലും അഗ്നിരക്ഷാ വകുപ്പിന് വിട്ടുനൽകുന്നതിന് പന്തളം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം നഗരകാര്യ ഡയറക്ടറുടെ അംഗീകാരത്തിനായി പന്തളം നഗരസഭ അയച്ചിട്ടുള്ളതാണ്.

**ചാരുംമൂട് കേന്ദ്രീകരിച്ച് ഫയർ & റെസ്ക്യൂ സ്റ്റേഷൻ**

115 (2066) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് കേന്ദ്രീകരിച്ച് ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

ചാരുംമൂടിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.

**കാലടിയിൽ പുതിയ ഫയർ സ്റ്റേഷൻ**

116(2067) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ, കാലടി, ശൃംഗേരി മഠം, ഗുരുവായൂർ, ശബരിമല തുടങ്ങിയ തീർത്ഥാടക കേന്ദ്രങ്ങളിലേക്ക് പോകുന്ന ലക്ഷക്കണക്കിന് തീർത്ഥാടകരുടെ ഇടത്താവളമായ അങ്കമാലി മണ്ഡലത്തിലെ കാലടി കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല. പുതിയ അഗ്നിരക്ഷാ നിലയങ്ങൾ ആരംഭിക്കുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള മുൻഗണനാ പട്ടികയിൽ അങ്കമാലി മണ്ഡലത്തിലെ കാലടി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**നിലമ്പൂർ ഫയർ സ്റ്റേഷൻ**

117(2068) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫയർ സ്റ്റേഷന് കീഴിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് നടന്ന ദുരന്തങ്ങളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രകൃതി ദുരന്ത സാധ്യത ഏറെയുള്ള പോത്തുകല്ല്, വഴിക്കടവ്, മൂത്തേടം, എടക്കര, ചുങ്കത്തറ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി എടക്കര ആസ്ഥാനമായി ഫയർ സ്റ്റേഷൻ സ്ഥാപിക്കുമോ; വിശദമാക്കാമോ;

(സി) നിലമ്പൂർ ഫയർ സ്റ്റേഷനിൽ നിലമ്പൂരിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കൂടുതൽ ഫയർ ആന്റ് റെസ്ക്യൂ ഉപകരണങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ ഫയർ സ്റ്റേഷന്റെ കീഴിൽ കഴിഞ്ഞ 5 വർഷത്തിൽ നടന്ന ദുരന്തങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു:

1. 2015 -ലെ നാടുകാണി ഉരുൾപൊട്ടൽ
2. 2018 -ലെ മമ്പാടിൽ ഉണ്ടായ മണ്ണിടിച്ചിൽ
3. 2018-ലെ ചെട്ടിയാൻപാറ ഉരുൾപൊട്ടൽ
4. 2018-ലെ പ്രളയം
5. 2019 -ലെ കവളപ്പാറ ഉരുൾപൊട്ടൽ
6. 2019- ലെ പാതാർ ഉരുൾപൊട്ടൽ
7. 2019-ലെ ചിങ്കക്കല്ലിൽ ഉണ്ടായ മലവെള്ളപ്പാച്ചിൽ

(ബി) എടക്കര ആസ്ഥാനമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല.

(സി) നിലമ്പൂരിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് അഗ്നിശമന രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും നിലമ്പൂർ അഗ്നിരക്ഷാ നിലയത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2018-19 കാലയളവിൽ വിതരണം ചെയ്തിട്ടുള്ളതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | Fire Fighting Suits | 34Nos. |
| 2 | Gum Boot | 36Nos. |
| 3 | Rubber Dinghy with OB Engine | 1No. |
| 4 | Helmet with visor | 33Nos. |
| 5 | Scuba Set with Diving suits | 1No. |
| 6 | Rain coats | 33Nos. |
| 7 | Uniform Articles | 33Nos. |
| 8 | Scuba Van | 1No. |
| 9 | Search Light | 1No. |
| 10 | LED Torch | 3Nos. |
| 11 | Emergency Lamp | 4Nos. |
| 12 | Delivery Hose (synthetic) | 8Nos. |
| 13 | Delivery Hose (Rubber lined) | 15Nos. |

വകുപ്പിൽ പുതുതായി കൂടുതൽ ഉകരണങ്ങളും വാഹനങ്ങളും വാങ്ങുമ്പോൾ ലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ നിലമ്പൂർ അഗ്നിരക്ഷാ നിലയത്തിലേക്ക് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചെങ്ങന്നൂർ ഫയർ & റെസ്ക്യൂ സ്റ്റേഷൻ**

118(2069) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ച ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനം അനിവാര്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്ന് 26-9-2019-ന് ജി. 190901468 നമ്പറിൽ

ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പരിഗണനയ്ക്ക് അയച്ച ശിപാർശയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ബജറ്റ് വിഹിതം അനുദിക്കുന്നതിന് (2018-19 budget No.169 - 7 കോടി) സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി)ശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി വകുപ്പ് മേധാവിക്ക് കൈമാറിയിരുന്നു. ആയതിന്മേൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കി, പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## തേഞ്ഞിപ്പലം ഫയർ സ്റ്റേഷൻ

119(2070) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബഡ്ജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ള തേഞ്ഞിപ്പലം ഫയർ സ്റ്റേഷന് ഭരണാനുമതി നൽകാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിക്ക് നിലനിർത്തി തേഞ്ഞിപ്പലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ് സ്ഥലം അനുവദിക്കാൻ തയ്യാറായിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനമെടുക്കുകയും കരാറിൽ ഏർപ്പെടാൻ ഫയർ ആന്റ് റെസ്ക്യു വകുപ്പ് ജില്ലാ മേധാവിക്ക് യൂണിവേഴ്സിറ്റി കത്തെഴുതുകയും ചെയ്തിട്ടുണ്ടോ;

(ഇ) ഇതിനായി എം.ഒ.യു. തയ്യാറാക്കുന്നതുൾപ്പെടെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി വകുപ്പ് തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ തേഞ്ഞിപ്പലം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു. സർക്കാർ ഇക്കാര്യത്തിൽ അന്തിമ അനുമതി നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) സിൻഡിക്കേറ്റ് തീരുമാനം ജില്ലാ മേധാവിയെ അറിയിച്ചിട്ടുണ്ട്.

(ഇ) യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തീരുമാന പ്രകാരം കാലിക്കറ്റ് യൂണിവേഴ്സിറ്റി കോമ്പൗണ്ടിൽ 50 സെന്റ് സ്ഥലം ഭൂമിയുടെ ഉടമസ്ഥാവകാശം യൂണിവേഴ്സിറ്റിയിൽ നിലനിർത്തിക്കൊണ്ട് ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട്, എം.ഒ.യു. യൂണിവേഴ്സിറ്റി വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിലെ വ്യവസ്ഥകൾ വകുപ്പിന് സ്വീകാര്യമാണോ എന്നത് പരിശോധിച്ച് വരുന്നു.

## നാദാപുരത്തെ ജയിൽ നിർമ്മാണം

120(2071) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് അനുവദിച്ച ജയിലിന്റെ നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ജയിൽ നിർമ്മാണത്തിന് വളയത്ത് പോലീസ് വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നാദാപുരം മണ്ഡലത്തിൽ പുതിയ ജയിൽ നിർമ്മിക്കുന്നതിനായി വളയത്ത് പോലീസ് വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഉപാധികളില്ലാതെ ലഭ്യമാക്കുവാൻ സാധ്യമല്ലാത്തതിനാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മണ്ണന്തല പ്രസ്സിൽ ഇലക്ട്രിക്കൽ ജീവനക്കാരുടെ നിയമനം

121 (2072) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിന് കീഴിൽ രണ്ട് ഷിഫ്റ്റുകളായി പ്രവർത്തിച്ചുവരുന്ന ഹൈടെൻഷൻ വൈദ്യുതി സംവിധാനമുള്ള മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ വൈദ്യുതി സംബന്ധമായ നിയമാനുസൃത സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി ആവശ്യമായ എണ്ണത്തിലും യോഗ്യതയിലും ഉള്ള ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാരെ ജോലിക്ക് നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രസ്സിലെ ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർക്ക് സുരക്ഷിതമായി ജോലി ചെയ്യാനുള്ള സാഹചര്യം ഒരുക്കണമെന്നാവശ്യപ്പെട്ടുള്ള എന്തെങ്കിലും പരാതി നിലവിൽ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പരാതിയിൻമേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പരാതി ലഭിച്ചതിനെതുടർന്ന് പി.ഡബ്ല്യൂ.ഡി (ഇലക്ട്രിക്കൽ), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ ഓഫീസുകളുടെ ഉപദേശം ആരായുകയും വകുപ്പിൽതന്നെ കേരള ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന കോമ്പിറ്റൻസി സർട്ടിഫിക്കറ്റോ, ഇലക്ട്രിക്കൽ വർക്ക് പെർമിറ്റോ ഉള്ള വകുപ്പിലെ ജീവനക്കാർക്ക് ചുമതല നൽകാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. നിലവിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർ ഇലക്ട്രിസിറ്റി കോമ്പിറ്റൻസി ലൈസൻസ് ഉള്ളവരാണ്.

## വാട്ടർ ട്രെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട യോഗതീരുമാനം

122 (2074) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാട്ടർ ട്രെയിൻ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കെ-ഡിസ്ക് നടത്തിയ 30-1-2019-ലെ മീറ്റിംഗിലെ ഏഴ് തീരുമാനങ്ങളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മൂന്നാം നമ്പർ തീരുമാനപ്രകാരം പ്രൊഫ. നിക്കോളസിന് അയയ്ക്കുന്നതിനുള്ള കത്ത് കുര്യൻ ജോർജ് തയ്യാറാക്കി നൽകിയിരുന്നോ; ആയത് പ്രൊഫ. നിക്കോളസിന്റെ നിർദ്ദേശത്തിനായി അയച്ചിരുന്നോ എന്നും അദ്ദേഹത്തിന്റെ അഭിപ്രായം ലഭിച്ചിരുന്നോ എന്നും വിശദമാക്കാമോ;

(സി) മേൽകത്ത് പ്രൊഫ. നിക്കോളസിന്റെ അഭിപ്രായത്തിനായി അയച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 30-1-2019-ലെ യോഗത്തിനുശേഷം പദ്ധതിയെക്കുറിച്ച് നടത്തിയ വിശകലനത്തിൽ പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച് ചില ആശങ്കകൾ ഉയർന്ന സാഹചര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ ഇൻലാന്റ് നാവിഗേഷൻ പ്രവൃത്തികൾ

123 (2076) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ ചുമതലയിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കുമോ; വിശദീകരിക്കുമോ;

(ബി) ടി.എസ്. കനാലിന്റെ ആഴം കൂട്ടുന്നതിന് ഡ്രഡ്ജ് ചെയ്യാൻ പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി മണ്ഡലത്തിലെ ടി.എസ്. കനാലിന്റെ തകർന്ന സംരക്ഷണ ഭിത്തികൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സുനാമി ഫണ്ട് ഉപയോഗിച്ചുള്ള വർക്കുകളും സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ചുള്ള വർക്കുകളും കരുനാഗപ്പള്ളി മണ്ഡലത്തിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പുവഴി നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*

(ബി&സി) ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുള്ള കൊല്ലം-കോഴിക്കോട് ജലപാതയിൽ ഉൾപ്പെടുന്നതാണ് കരുനാഗപ്പള്ളി മണ്ഡലത്തിലെ ടി.എസ്. കനാൽ. ദേശീയ ജലപാതയുടെ ഡ്രെഡ്ജിങ്ങും നിർമ്മാണ നവീകരണ പ്രവൃത്തികളും കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) മുഖേനയാണ് നടപ്പിലാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടികൾ

124(2077) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വിദേശ നിക്ഷേപമാണ് ഇതിനകം കൊണ്ടുവരുവാൻ സാധിച്ചതെന്ന് അറിയിക്കാമോ;

(സി) ഏതൊക്കെ മേഖലകളിലാണ് ഇപ്രകാരം നിക്ഷേപം കൊണ്ടുവന്നത് എന്നും ഇതിലൂടെ എത്ര പേർക്ക് പുതിയതായി തൊഴിൽ ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ പുരോഗതി മുന്നിൽക്കണ്ട് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 -ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിരുന്നു. വ്യവസായം ആരംഭിക്കുന്നവർക്ക് ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നിലവിൽ വന്നിട്ടുണ്ട്. 15-ഓളം വകുപ്പുകളിൽ നിന്ന് കാലതാമസം ഇല്ലാതെ സേവനം ലഭ്യമാക്കുന്നതിന് Common Application Form (CAF), ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് K-SWIFT-ന്റെ സവിശേഷതകൾ. എന്നാൽ പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ സമീപകാലത്ത് കൂടുതൽ വ്യവസായ നിക്ഷേപത്തിനായി നിയമനിർമ്മാണം നടത്തിയിരുന്നു. ആ പരിഷ്കാരങ്ങളുടെ ചുവട് പിടിച്ച് 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതുമായ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ നിയമങ്ങൾ/ ചട്ടങ്ങൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവ നേടുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ നൽകുന്നതിനായി ഒരു സ്വയം സാക്ഷ്യപത്രം നൽകുന്നതനുസരിച്ച് അപേക്ഷകന് ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപ്രകാരമുള്ള

കാലാവധിക്കുശേഷം നിയമത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതാണ്. കൂടാതെ 10 കോടി രൂപയിൽ നിക്ഷേപം ഉള്ളതും എല്ലാ കാറ്റഗറിയിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിനായി നിലവിലുള്ള "1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിന്" ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു.

(ബി&സി) പ്രവാസി വ്യവസായികളെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് 2019 ഒക്ടോബറിലെ മുഖ്യമന്ത്രിയുടെ സന്ദർശനം അവസരമൊരുക്കി. ദുബായിലെ മലയാളി ചാർട്ടേഡ് അക്കൗണ്ടന്റുമാരുമായും വിവിധ സംഘടനാ പ്രതിനിധികളുമായും മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും ചർച്ച നടത്തി. കൂടാതെ നിക്ഷേപം നടത്താൻ താൽപ്പര്യമുള്ളവരുമായി നേരിട്ടും നടത്തിയ ചർച്ചകളെ തുടർന്ന് എയർക്രാഫ്റ്റ് സ്പെയർ പാർട്ട്സ് നിർമ്മാണത്തിനും സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ മേഖലകളിലും നിക്ഷേപം നടത്താൻ അവർ താൽപ്പര്യം പ്രകടിപ്പിച്ചു. UAE പൗരന്മാർ, പ്രവാസി ഇന്ത്യക്കാരായ പ്രമുഖ വ്യക്തികളുമായി മറ്റൊരു ചർച്ചയും നടത്തുകയുണ്ടായി. അതിനെതുടർന്ന് DP World Vice President 500 മില്യൺ യു.എസ്. ഡോളറിന്റെ നിക്ഷേപം വാഗ്ദാനം ചെയ്യുകയുണ്ടായി. ഇതുൾപ്പെടെ ചർച്ചകളിലൂടെയുണ്ടായിട്ടുള്ളതായ നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർ നടപടിയായി കൊച്ചിയിൽ ആഗോള നിക്ഷേപ സംഗമം നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

കേരള വ്യവസായ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും ഭക്ഷ്യസംസ്കരണ അനുബന്ധ മേഖലകളിൽ 10 ചെറുകിട ഇടത്തരം വ്യവസായികളും അടങ്ങുന്ന ഒരു സംഘം സെപ്റ്റംബർ 25 മുതൽ 28 വരെ നേപ്പാളിൽ നടന്ന Food Tech Asia-യിൽ പങ്കെടുത്തതിനെത്തുടർന്ന് കേരളത്തിലെ നിക്ഷേപ അവസരങ്ങളെക്കുറിച്ച് വിവരിക്കുവാനും മറ്റ് വിദേശ രാജ്യങ്ങളിലെ സാങ്കേതിക വിദ്യ വിതരണ സേവനങ്ങളെപ്പറ്റി മനസ്സിലാക്കാനും സാധിച്ചു.

**അടൂർ ജനറൽ ആശുപത്രി വികസനം**

125(2078) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ജനറൽ ആശുപത്രിയിൽ സ്ഥലപരിമിതിമൂലം വികസനം സാധ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയോട് ചേർന്നുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ് ജലവിഭവ വകുപ്പിന്റെ സ്ഥലത്തേക്ക് മാറ്റുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി ആലോചനായോഗം വിളിക്കുമോ;

(സി) ആയതിനായി ഇതിനകം നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ആശുപത്രിയോട് ചേർന്നുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസ് ജലവിഭവ വകുപ്പിന്റെ സ്ഥലത്തേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് അനുമതിക്കായി 589/ഇ 2/2017/ആ.കു.വ. അനൗദ്യോഗിക കത്ത് പ്രകാരം റവന്യൂ വകുപ്പിന് ശിപാർശ നൽകുകയുണ്ടായി. തുടർന്ന് ടി കോളേജ് ജലവിഭവ വകുപ്പിന്റെ കെ.ഐ.പി. കനാൽ പുറമ്പോക്കിൽപ്പെട്ട പെരിങ്ങനാട് വില്ലേജിൽ സ്ഥിതിചെയ്യുന്ന 66.17 ആർ വസ്തുവിലേയ്ക്ക് മാറ്റുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും ജലവിഭവവകുപ്പിന്റെയും അനുമതി ലഭിക്കുന്നതിനായുള്ള നിർദ്ദേശം റവന്യൂ വകുപ്പിൽ പരിശോധനയിലാണ്.

**ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ നിയമനം**

126(2079) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയിൽ കാറ്റഗറി നമ്പർ 541/2017 പ്രകാരമുള്ള പരീക്ഷയുടെ ചുരുക്കപ്പട്ടികയിൽ ഭിന്നശേഷി ബാക്ക് ലോഗ് ഒഴിവുകൾക്ക് ആനുപാതികമായി ഭിന്നശേഷി (ലോക്കോമോട്ടോർ/സെറിബ്രൽ പാൾസി) ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി പുതുക്കിയ പട്ടിക പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഡോ. ചിഞ്ചു ഏലിയാസ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ വിധി പകർപ്പ് എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ടി വിഷയവുമായി ബന്ധപ്പെട്ട് ഡോ. അബ്ദുൾ റസാക്കും കൂട്ടരും ബഹുമാനപ്പെട്ട KAT മുമ്പാകെ ഫയൽ ചെയ്ത OA (Ekm)1501/2019-ൽ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിധിന്യായത്തിൽ നടപടി എടുക്കേണ്ടത് പി.എസ്.സി. ആയതിനാൽ തുടർനടപടി സ്വീകരിക്കുന്നതിനായി വിധിപകർപ്പ് പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്.

(സി) തുടർനടപടികൾക്കായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**പ്രാദേശിക മാധ്യമ പ്രവർത്തകർക്കുള്ള ക്ഷേമനിധി**

127(2080) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് എന്തെങ്കിലും ക്ഷേമനിധിയോ ചികിത്സാ ആനുകൂല്യങ്ങളോ ലഭ്യമാണോയെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് കൂടി ക്ഷേമനിധി, ചികിത്സാ ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രാദേശിക മാധ്യമപ്രവർത്തകർക്ക് 2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികൾക്ക് 19-8-2019-ലെ സ.ഉ. (സാധാ) നമ്പർ 1005/2019/തൊഴിൽ പ്രകാരം ടി പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി നൽകുന്നതാണ്.

## ഓരോ വർഷവും കൂടുതലായി അനുഭവപ്പെടുന്ന രോഗങ്ങൾ

128 (2081) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷകാലയളവിൽ ഓരോവർഷവും കൂടുതലായി അനുഭവപ്പെടുന്ന രോഗങ്ങൾ ഏതെല്ലാമെന്നും ഇതുമൂലം ഓരോവർഷവും എത്ര പേർ വീതം ശരാശരി മരണപ്പെടുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രോഗങ്ങളിൽ കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്നത് ഏതെല്ലാമെന്നും, ഇവയിൽ നിന്ന് ജനസംരക്ഷണത്തിനായി ആരോഗ്യ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ കണക്കുകൾ പ്രകാരം ഈ വർഷം നാളിതുവരെ ചിക്കൻ പോക്സ് എത്ര പേർക്ക് ഉണ്ടായിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട് എത്ര പേർ മരണപ്പെട്ടുവെന്നും, നടപ്പുവർഷം രോഗവർദ്ധനവിനായി സംഭവിച്ച കാര്യങ്ങളെന്തെന്ന് പഠനവിധേയമാക്കിയോ എന്നും ഭാവിയിൽ അതിന് പ്രതിരോധം തീർക്കാൻ എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്ത് വർഷത്തെ രോഗവിവരപ്പട്ടികയും രോഗം ബാധിച്ച് മരണമടഞ്ഞവരുടെ കണക്കും അനുബന്ധമായി ചേർക്കുന്നു. *

(ബി) കൊതുകുജന്യ രോഗങ്ങളായ ഡെങ്കിപ്പനി, ചിക്കൻ ഗുനിയ, മലമ്പനി തുടങ്ങിയവയും ജലജന്യ രോഗങ്ങളായ മഞ്ഞപ്പിത്തം (എ), കോളറ തുടങ്ങിയവയും വായുജന്യരോഗങ്ങളായ ചിക്കൻപോക്സ്, H1N1 തുടങ്ങിയവയുടെ നിരക്ക് കാലാവസ്ഥാ വ്യതിയാനത്തെ സ്വാധീനിക്കുന്നവയാണ്. ഇവയിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് "ആരോഗ്യജാഗ്രത" എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ-നിയന്ത്രണ കർമ്മ പരിപാടി നടപ്പിലാക്കി വരുന്നു.

(സി) ഈ വർഷം നാളിതുവരെ 24821 പേർക്ക് ചിക്കൻപോക്സ് പിടിപെടുകയും 17 പേർ ഇതുമൂലം മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ചിക്കൻപോക്സിന് ഫലപ്രദമായ ആന്റിവൈറൽ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ശരിയായ രീതിയിൽ ചികിത്സ ലഭ്യമാക്കാനും രോഗം പടരുന്നത് തടയാനും ആവശ്യമായ ബോധവത്കരണവും മറ്റ് നടപടികളും ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അന്ധതാ നിവാരണ പ്രവർത്തനങ്ങൾ**

129(2082) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ച വിഷൻ സെന്ററുകളിൽ തിമിരം, ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി തുടങ്ങി അന്ധതയ്ക്ക് കാരണമായ രോഗങ്ങൾ പ്രാരംഭത്തിലെ കണ്ടെത്തുന്നതിന് സംവിധാനങ്ങൾ ലഭ്യമാണോ;

(ബി) വിഷൻ സെന്ററുകളിൽ എല്ലാ ദിവസവും നേത്ര പരിശോധകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) അന്ധതാ നിവാരണത്തിനുവേണ്ടി സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, താലൂക്ക് ആശുപത്രികളിലും ഒപ്റ്റോമെടിസ്റ്റ്മാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അന്ധതാ നിവാരണത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളിലെ വിഷൻ സെന്ററുകളിൽ തിമിരം, ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി തുടങ്ങിയ രോഗങ്ങൾ പ്രാരംഭത്തിലെ കണ്ടെത്തുന്നതിനുള്ള സേവനങ്ങൾ ലഭ്യമാണ്.

(ബി) വിഷൻ സെന്ററുകളിൽ മാസത്തിലെ നിശ്ചിത ദിവസങ്ങളിൽ നേത്ര പരിശോധകരുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി 23-9-2019-ലെ G.O. (Ms) 136/2019/ H&FWD പ്രകാരം ജില്ല/ജനറൽ/താലൂക്കതല ആശുപത്രികളിലേയ്ക്ക് ഒപ്റ്റോമെടിസ്റ്റിന്റെ 7 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് അന്ധതാ നിവാരണത്തിനായി ദേശീയ അന്ധതാ കാഴ്ച വൈകല്യ നിയന്ത്രണ പദ്ധതികളുടെ ഭാഗമായി ആരോഗ്യ വകുപ്പ് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്, ജില്ല, ജനറൽ ആശുപത്രികൾ എന്നിവയിൽ നേത്ര പരിശോധനയ്ക്കുള്ള സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിലും എല്ലാ ജനറൽ ആശുപത്രികളിലും കാഴ്ച വൈകല്യം, തിമിരം,

ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി തുടങ്ങിയ നേത്ര സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സ ലഭ്യമാണ്. കൂടാതെ എല്ലാ ജില്ലകളിലും സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധന, സൗജന്യ കണ്ണട വിതരണം എന്നിവ നടത്തിവരുന്നു. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗ്രാമങ്ങളിൽ നേത്രരോഗ പരിശോധനകൾ നടത്തി ചികിത്സ ആവശ്യമായവർക്ക് ചികിത്സ ലഭ്യമാക്കിവരുന്നു. കൂടാതെ നേത്ര സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

## കൈസന്നൂർ ഫോറസ്റ്റ് ഡിസീസ്

130(2083) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈസന്നൂർ ഫോറസ്റ്റ് ഡിസീസ് (കെ.എഫ്.ഡി.) റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ, എത്ര പേർക്കെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രോഗസ്ഥിരീകരണത്തിനും ചികിത്സയ്ക്കും എന്തൊക്കെ ക്രമീകരണങ്ങളാണ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഒരുക്കിയിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2019-ൽ വയനാട് ജില്ലയിൽ 7-ഉം മലപ്പുറം ജില്ലയിൽ ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ ജില്ല/താലൂക്ക് ആശുപത്രികളിൽ കെ.എഫ്.ഡി. (കുരങ്ങ് പനി) ചികിത്സയ്ക്ക് സംവിധാനമുണ്ട്. രോഗം സങ്കീർണ്ണമായാൽ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്ത് വിദഗ്ദ്ധ ചികിത്സ നൽകിവരുന്നു. രോഗം സ്ഥിരീകരിക്കുന്നതിന് എം.സി.വി.ആർ. (മണിപ്പാൽ) യൂണിറ്റിലും ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റിലും സംവിധാനമുണ്ട്. കൂടാതെ രോഗസാധ്യത കൂടിയവർക്ക് വാക്സിനേഷനും നൽകിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ രോഗനിരീക്ഷണവും ബോധവത്കരണവും നടത്തുന്നുണ്ട്. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ രോഗം പരത്തുന്ന 'ടിക്ക' കളുടെ നിരീക്ഷണവും നിയന്ത്രണവും നടത്തുന്നു. കുരങ്ങുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പങ്കാളിത്തവും ഉറപ്പാക്കുന്നു.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

131(2084) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അർഹരായ മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തുന്നതിനും, കാർഡ് പുതുക്കാത്തവർക്ക് പുതുക്കുന്നതിന് അവസരം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലെ ലിസ്റ്റിൽ ഇല്ലാത്ത, മാരക രോഗങ്ങൾ ബാധിച്ച് ചികിത്സ തേടുന്നവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷ്വറൻസ് കാർഡ് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ 31-03-2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ/ ചിസ് കാർഡ് കൈവശം ഉള്ളവരെയും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011-ൽ ഉൾപ്പെടുന്ന ദുർബ്ബല വിഭാഗം ജനങ്ങളെയാണ് 2019-20 സാമ്പത്തിക വർഷം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നത്.

## ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം

132(2085) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാർ ഉത്തരവുണ്ടായിട്ടും ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം പ്രാബല്യത്തിൽ കൊണ്ടുവരാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്നും ഈ തടസ്സങ്ങൾ നീക്കാൻ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ സർക്കാർ ഉത്തരവ് പ്രകാരം ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം പ്രാബല്യത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 26-10-2015-ലെ സ.ഉ.(എം.എസ്.) 239/2015/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാലത്തും പോസ്റ്റ്മോർട്ടം നടത്താമെന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു. *

(ബി&സി) രാത്രികാല പോസ്റ്റ്മോർട്ടം നടത്താനാവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, കൃത്രിമവെളിച്ചം എന്നിവയുടെ അപര്യാപ്തത രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് പ്രധാന തടസ്സമായി നിലകൊള്ളുന്നുണ്ട്. എന്നാൽ അവയവദാനവുമായി ബന്ധപ്പെട്ട കേസ്സുകളിലും മെഡിക്കോ ലീഗൽ കോഡ് പ്രകാരം ലോ ആന്റ് ഓർഡർ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട കേസ്സുകളിലും സമയക്രമം നോക്കാതെതന്നെ ഇപ്പോഴും പോസ്റ്റ്മോർട്ടം നടത്തുന്നുണ്ട്.

(ഡി) തടസ്സങ്ങൾ പരിഹരിച്ച് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കി പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ഹീമോഫീലിയ രോഗികൾക്ക് മരുന്നുകൾ സൗജന്യമായി നൽകാൻ നടപടി

133(2087) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ കാരുണ്യ ഫാർമസികൾ വഴി ആജീവനാന്തം സൗജന്യമായി നൽകാൻ തീരുമാനിച്ചിരുന്നോ;

(ബി) രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ശരീരത്തിലില്ലാത്തതുമൂലം സന്ധികളിലും ആന്തരികാവയവങ്ങളിലും അടിക്കടി രക്തസ്രാവമുണ്ടാകുന്ന ഈ രോഗം മരണത്തിനുവരെ കാരണമായേക്കുമെന്നത് പരിശോധിക്കുകയുണ്ടായോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ കാരുണ്യ ഫാർമസികളിൽ ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുകൾ ഒന്നുംതന്നെ ഇപ്പോൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മരുന്ന് വിതരണം ചെയ്തിരുന്ന കമ്പനികൾക്ക് സർക്കാർ ഭീമമായ തുക കുടിശ്ശിക വരുത്തിയതാണോ അവർ മരുന്ന് വിതരണം നിർത്തിവയ്ക്കാൻ കാരണമെന്ന് വെളിപ്പെടുത്താമോ;

(ഇ) അല്ലെങ്കിൽ മുൻകാലങ്ങളിലെന്നപോലെ ഇവർക്ക് ആവശ്യമായ മരുന്ന് സൗജന്യമായി ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിരുന്നു.

(ബി) രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങൾ ശരീരത്തിൽ ഇല്ലാത്തതുമൂലം സന്ധികളിലും ആന്തരികാവയവങ്ങളിലും അടിക്കടി രക്തസ്രാവമുണ്ടാകുന്ന ഈ രോഗം മരണത്തിനുവരെ കാരണമായേക്കാമെന്നത് ശാസ്ത്രീയമായ വസ്തുതയാണ്.

(സി) കാരുണ്യ ഫാർമസികളിൽ ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമാണ്. ഹീമോഫീലിയ ഫാക്ടറുകളുടെ നിലവിലെ ശേഖരം താഴെകൊടുക്കുന്നു.

| Sl No | DRUG NAME | TOTAL STOCK (nos) as on 29-10-19 |
|---|---|---|
| 1 | FACTOR IX-IMMUNINE 600 IU INJ | 1897 |
| 2 | FACTOR VII-NOVO SEVEN 1 MG INJ | 171 |
| 3 | FACTOR VIII-HEMOGIL M 250-400IU INJ 10 ML | 2214 |
| 4 | FACTOR VIII-IMMUNATE 250 IU(WITH VON WILLIBRAND FACTOR) INJ | 145 |
| 5 | FEIBA INJ | 415 |

(ഡി) വിതരണം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

(ഇ) സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി മരുന്ന് നൽകുന്ന പദ്ധതി നിവിലുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി 6-8-2019-ലെ ജി.ഒ. (എം.എസ്.) 122/2019/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്ക് 2020 മാർച്ച് 31 വരെ കോർപ്പറേഷൻ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മഴക്കെടുതിമൂലമുള്ള രോഗപ്രതിരോധ ജാഗ്രതാ പ്രവർത്തനം**

134(2088) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴക്കെടുതിമൂലമുള്ള രോഗപ്രതിരോധം മുന്നിൽ കണ്ട് ആരോഗ്യ വകുപ്പ് എന്തെല്ലാം ജാഗ്രതാ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

" ആരോഗ്യ ജാഗ്രത" എന്നപേരിൽ പ്രതിദിനം പ്രതിരോധത്തിനായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി പ്രവർത്തന കലണ്ടർ പ്രകാരം ആരോഗ്യ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു.

ഇതിൽ മഴക്കാലപൂർവ്വ ശുചീകരണം, രോഗപ്രതിരോധത്തിനും ബോധവത്കരണത്തിനുമുള്ള ക്യാമ്പയിനുകൾ, മലമ്പനി, ഡെങ്കിപ്പനി നിവാരണ ദിന-മാസാചരണങ്ങൾ, ജലജന്യ രോഗങ്ങൾക്കെതിരെ വാരാചരണം, ദ്വൈവാരാചരണം തുടങ്ങിയവ നടത്തി വരുന്നുണ്ട്.

ഇതുകൂടാതെ രോഗനിരീക്ഷണം, കൊതുകുനിരീക്ഷണം, ചികിത്സ, മെഡിക്കൽ ക്യാമ്പുകൾ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയും കാര്യക്ഷമമായി നടത്തി വരുന്നുണ്ട്.

മഴക്കെടുതികൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. പ്രളയസമയത്തും അതിനുശേഷവും ജനങ്ങളും ആരോഗ്യ പ്രവർത്തകരും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

**മെഡിക്കൽ ഉപകരണങ്ങളുടെ വില നിയന്ത്രണവും ഗുണമേന്മയും**

135(2089) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ മെഡിക്കൽ ഉപകരണങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ;

(ബി) മെഡിക്കൽ ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധനയ്ക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര അവശ്യ വസ്തു നിയമത്തിന് കീഴിൽ (Essential Commodities Act) നിയമനിർമ്മാണം നടത്തിയിട്ടുള്ള Drug Price Control Order 2013 പ്രകാരം ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (NPPA)-യാണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ച് ഉറപ്പിക്കുന്നത്. ഇവയുടെ വില നിശ്ചയിക്കുന്നതിൽ സംസ്ഥാന സർക്കാരിന് അധികാര പരിധിയില്ല. രാജ്യത്ത് ലഭ്യമാകുന്ന അവശ്യ മെഡിക്കൽ ഉപകരണങ്ങളിൽ Cardiac Stents-കൾക്കും (base metal stents, drug eluting stent) Orthopedic Knee Implant-കൾക്കും മാത്രമേ NPPA വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ളൂ. NPPA നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് ഇവ വിൽക്കപ്പെടുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്താറുണ്ട്. വില നിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം, നിയമം ലംഘിക്കുന്നവർക്കെതിരെ Essential Commodities Act അനുശാസിക്കുന്ന പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും കൂടാതെ വില നിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി NPPA-യെ അറിയിക്കുകയും ചെയ്യുന്നു.

(ബി) മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം/വിൽപ്പന നിയന്ത്രിക്കുന്നതിലേയ്ക്കായി Drugs & Cosmetics Act 1940-ന്റെ പരിധിയിൽ, കേന്ദ്ര സർക്കാർ 2017-ൽ നിയമഭേദഗതി വഴി പുതിയതായി Medical Device Rules ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഉപയോഗമനുസരിച്ച് മെഡിക്കൽ ഡിവൈസസുകളെ നാല് കാറ്റഗറിയായി തരംതിരിച്ചാണ് നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. ഈ നിയമപ്രകാരം മെഡിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി National Institute of Biologicals, Noida, Delhi; Central Drugs Testing Laboratory, Chennai, Kolkata, Mumbai Regional Drugs Testing Laboratory, Guwahati എന്നീ സ്ഥാപനങ്ങളാണ് കേന്ദ്ര സർക്കാർ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്.

## സംസ്ഥാനത്തെ ജനങ്ങളുടെ രോഗവിവരങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം

136(2090) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ ജനങ്ങളുടെ രോഗവിവരങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഏത് ഏജൻസിക്കാണ് വിവരശേഖരണം നടത്തുവാൻ അനുമതി നൽകിയത്; എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിവരശേഖരണം മറ്റ് സ്വകാര്യ ഏജൻസികൾക്ക് ലഭിക്കാതിരിക്കുവാൻ എന്തൊക്കെ സുരക്ഷാമാർഗ്ഗങ്ങളാണ് വകുപ്പ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരശേഖരണം നടത്തിയിട്ടുണ്ട്. രോഗവിവരങ്ങളെ സംബന്ധിച്ച പ്രതിദിന/പ്രതിവാര റിപ്പോർട്ടുകൾ ആരോഗ്യ വകുപ്പിന്റെ സംയോജിത രോഗ നിരീക്ഷണ പരിപാടിയുടെ (ഐ.ഡി.എസ്.പി.) ഭാഗമായി ശേഖരിക്കുകയും ക്രോഡീകരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംയോജിത രോഗനിരീക്ഷണ പരിപാടി (ഐ.ഡി.എസ്.പി.)-ക്കാണ് വിവരശേഖരണം നടത്തുവാൻ അനുമതി നൽകിയിട്ടുള്ളത്.

(സി) ഓരോ ദിവസവും ലഭ്യമാകുന്ന വിവരങ്ങൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്.

## ആരോഗ്യമേഖലയിലെ വെല്ലുവിളികൾ

137(2091) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിൽ ആരോഗ്യമേഖല എത്തിയെന്ന് അവകാശപ്പെടുമ്പോഴും സംസ്ഥാനത്ത് മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിൽ പുതിയ

വൈറസ് ബാധകൾ ഉണ്ടാകുന്നത് ആരോഗ്യ രംഗത്ത് കടുത്ത വെല്ലുവിളി ഉണ്ടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വെല്ലുവിളി നേരിടുന്നതിനും സംസ്ഥാനത്തെ ആരോഗ്യ മേഖലയെ കൂടുതൽ ശാക്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണം ശരിയായ രീതിയിൽ നടത്താത്തതാണ് ആരോഗ്യമേഖലയിൽ ഭീഷണി സൃഷ്ടിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ എന്തൊക്കെ ഇടപെടലുകളാണ് വകുപ്പ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശക്തമായ മേൽനോട്ടം വഹിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിപ വൈറസ് ഉൾപ്പെടെ പുതിയതരം വൈറസ് ബാധകൾ ഉണ്ടാകുന്നത് വെല്ലുവിളിയാണെങ്കിലും ആരോഗ്യ വകുപ്പ് അടിയന്തരമായി ഇടപെട്ട് കാര്യക്ഷമമായ രീതിയിൽ അത്തരം രോഗങ്ങൾക്കെതിരെ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

(ബി) വൈറസ് ബാധ ഉണ്ടാകുന്നവർക്ക് ഏതു രോഗമാണെന്ന് സ്ഥിരീകരണം നടത്തി അനുയോജ്യമായ ചികിത്സ ലഭ്യമാക്കുന്നു. രോഗം മറ്റുള്ളവരിലേയ്ക്ക് പകരാതിരിക്കാൻ അണുനശീകരണം, വ്യക്തിഗത സുരക്ഷ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നു. വിദഗ്ദ്ധ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി ദ്രുതകർമ്മസേനായോഗവും കാര്യകാരണ വിശകലനവും നടത്തി ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നു.

(സി) പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് നടത്തിവരുന്ന 'ആരോഗ്യജാഗ്രത' എന്ന വാർഷിക കർമ്മ പരിപാടിയുടെ ഭാഗമായി മഴക്കാലപൂർവ്വ ശുചീകരണവും നടത്തിയിരുന്നു. ഈ വർഷം ആരോഗ്യ വകുപ്പിന്റെ 'പ്രതിദിനം പ്രതിരോധം' പരിപാടിയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആരോഗ്യ സുരക്ഷയ്ക്ക് 'മാലിന്യമുക്ത പരിസരം' പരിപാടിയും നടപ്പിലാക്കിയിരുന്നു.

(ഡി) മഴക്കാലപൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇതര വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും സംസ്ഥാന തലത്തിലും അതുകൂടാതെ ജില്ലാ തലങ്ങളിലും യോഗങ്ങൾ നടത്തിയിരുന്നു. ജില്ലാ ചാർജ്ജുള്ള മന്ത്രിമാരുടെ അ od ധ്യക്ഷതയിൽ ജില്ലാ കളക്ടർ ഇത്തരം പ്രവർത്തനങ്ങൾ അവലോകനം നടത്തിയിരുന്നു. അതനുസരിച്ചുള്ള കർമ്മപദ്ധതികളാണ് നടപ്പാക്കിവരുന്നത്.

## വൃക്ക രോഗികൾക്ക് സാമ്പത്തിക സഹായം

138(2092) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ പദ്ധതി നിർത്തലാക്കിയതുമൂലം, ഡയാലിസിസ് ചെയ്തുവരുന്ന വൃക്കരോഗികൾക്ക് സാമ്പത്തിക സഹായം ലഭ്യമാവുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയനുസരിച്ച് (KASP) 5 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം വൃക്കരോഗം ഉൾപ്പെടെയുള്ള രോഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് 6-8-2019-ലെ സ.ഉ. (കൈ) 122/2019/ആ.കു.വ പ്രകാരം കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം 31-3-2020 വരെ ലഭിക്കുന്നതാണ്.

## മെഡിക്കൽ ഷോപ്പുകളിൽ ഫാർമസി ഇൻസ്പെക്ടർമാർ ആവശ്യമായ പരിശോധന നടത്താത്തത്

139(2093) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1948-ലെ ഫാർമസി ആക്ട് പ്രകാരം മുഴുവൻ സമയ ഫാർമസിസ്റ്റ് ഇല്ലാതെ മരുന്ന് വിൽപ്പന നടത്തുന്നത് കുറ്റകരമായിട്ടും സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിൽ ബന്ധപ്പെട്ടവർ ആവശ്യമായ പരിശോധന നടത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പല ജില്ലകളിലും മെഡിക്കൽ ഷോപ്പുകളിൽ പരിശോധന നടത്തേണ്ട ഫാർമസി ഇൻസ്പെക്ടർമാർ ഇല്ലാത്തത് പരിശോധനകളെ ബാധിക്കുന്നുണ്ട് എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ മേഖലയിൽ കാര്യമായ പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940-ലെ നിബന്ധനകൾ പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ടി നിയമത്തിൽ ഡോക്ടറുടെ കുറിപ്പടി പ്രകാരമുള്ള മരുന്നുകൾ രോഗികൾക്ക് ഡിസ്പെൻസ് ചെയ്യുന്നത് ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ മേൽനോട്ടത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയതിൻപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മെഡിക്കൽ ഷോപ്പുകളിലും രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. 1948-ലെ ഫാർമസി ആക്ട് മുഖ്യമായും ഫാർമസിസ്റ്റുകളുടെ രജിസ്ട്രേഷനും രജിസ്ട്രേഷൻ നിബന്ധനകൾ പ്രകാരം, ഫാർമസിസ്റ്റുകൾ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടിയുള്ള നിയമമാണ്. ഇപ്രകാരം ഉറപ്പ് വരുത്തുന്നത് സംസ്ഥാന ഫാർമസി കൗൺസിൽ നിയമിക്കുന്ന ഫാർമസി ഇൻസ്പെക്ടർമാരാണ്.

(ബി&സി) 2018-ലെ കേരള ഫാർമസി ഇലക്ഷനോടനുബന്ധിച്ച് ഫാർമസി ഇൻസ്പെക്ടർമാരുടെ സേവനം നിർത്തിവച്ചിരുന്നു. പുതിയതായി ഫാർമസി ഇൻസ്പെകർമാരെ നിയമിക്കുന്നതിനുള്ള നടപടി പരിശോധിച്ചു വരുന്നു.

**സമ്പുഷ്ട കേരളം പദ്ധതി**

140(2094) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് സമ്പുഷ്ട കേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി സംസ്ഥാന വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സമ്പുഷ്ട കേരളം പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഒരു ഏകോപിത ജീവിതചക്ര ഫലാധിഷ്ഠിത സമീപനം സ്വീകരിച്ചുകൊണ്ട് പോഷണ ന്യൂനതകൾ പരിഹരിക്കുക എന്നതാണ് സമ്പുഷ്ട കേരളം ലക്ഷ്യമാക്കുന്നത്. ജീവിതചക്ര സമീപനത്തിന്റെ ഭാഗമായി കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 0-6 വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്. അങ്കണവാടികൾ മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ പോഷണ ന്യൂനതകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണെങ്കിലും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ മറ്റ് പല പരിപാടികളുടെയും പങ്ക് തുല്യ പ്രാധാന്യമർഹിക്കുന്നു. ആരോഗ്യ പരിരക്ഷ, ശുദ്ധമായ കുടിവെള്ള ലഭ്യത, ശുചിത്വ സംവിധാനങ്ങൾ, ശുചിത്വ പരിപാലനം, അമ്മമാർക്കുള്ള ബോധവത്കരണം, വിദ്യാഭ്യാസ പരിപാടികൾ, അമ്മമാരുടെ വിദ്യാഭ്യാസ നിലവാരം, ദാരിദ്ര്യം എന്നിങ്ങനെയുള്ള പല ഘടകങ്ങളും വർദ്ധിത പോഷണ നിലവാരത്തിനെ സാരമായി ബാധിക്കുന്നവയാണ്. ദേശീയതലത്തിൽ പോഷണ ന്യൂനതയുടെ അളവ് കുറയ്ക്കുന്നതിന് മേൽപ്പറഞ്ഞ ഘടകങ്ങളുടെ അപര്യാപ്തത പരിഹരിച്ചുകൊണ്ടുള്ള സേവനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വീടുവീടാന്തരം ലഭ്യമാക്കുക എന്നത് അനിവാര്യമാണ്. ലക്ഷ്യമിട്ടുള്ള ജനവിഭാഗത്തിന്റെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി ലഭ്യമായിട്ടുള്ള പോഷണ സംബന്ധിയായ എല്ലാ പദ്ധതികളുടെയും ഏകോപനമാണ് പോഷണ ദൗത്യത്തിന്റെ നേട്ടംളുൺ. അങ്കണവാടി സേവനങ്ങൾ, പ്രധാനമന്ത്രി മാതൃവന്ദന യോജന, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), ജനനി സുരക്ഷ യോജന, ദേശീയ ആരോഗ്യ ദൗത്യം (NHM), അനീമിയ മുക്ത് ഭാരത്, ഇന്ദ്രധനുഷ്, സ്വച്ഛ് ഭാരത് മിഷൻ, പൊതുവിതരണ സംവിധാനം (PDS), തൊഴിലുറപ്പ് പദ്ധതി, കുടിവെള്ള വിതരണം, ശുചിമുറി നിർമ്മാണം തുടങ്ങി വൈവിദ്ധ്യമാർന്ന പല പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

(ബി) സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്മാർട്ട് ഫോണുകളും വളർച്ച നിരീക്ഷണ ഉപകരണങ്ങളും എല്ലാ ജില്ലകളിലും എത്തിയിട്ടുണ്ട്. സ്മാർട്ട് ഫോൺ കോൺഫിഗറേഷൻ, പരിശീലനം എന്നിവ നടന്നുകൊണ്ടിരിക്കുകയാണ്.

പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 7765.28 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നാളിതുവരെ 1941.32 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 8950 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' പദ്ധതി

141(2095) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' എന്ന പദ്ധതിയിൽ നാളിതുവരെ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ആർക്കെങ്കിലും ചികിത്സാ ധനസഹായം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അവരുടെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3884 രോഗികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. *

(ബി) വയനാട് ജില്ലയിൽ 31 പേർക്കാണ് ഈ കാലയളവിനുള്ളിൽ ധനസഹായം അനുവദിച്ചിട്ടുള്ളത്.

(സി) പട്ടിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

## 'പ്രോജക്ട് ഓട്ടിസം'

142(2096) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഓട്ടിസം രോഗത്തിന് പരിഹാരമായി 'പ്രോജക്ട് ഓട്ടിസം' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം എന്തെല്ലാമാണ് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തുടക്കത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഏതെല്ലാം തരത്തിലുള്ള ചികിത്സാ രീതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായി വിദേശത്തും കേരളത്തിനുപുറത്തും പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ "സ്പെക്ട്രം" എന്ന പേരിൽ ഓട്ടിസം ഉള്ളവർക്കായി ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ ഒരു പീഡിയാട്രീഷൻ നോഡൽ ഓഫീസറായി പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലൂടെ സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ തുടങ്ങിയവ ലഭ്യമാണ്. കൂടാതെ ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തെറാപ്പികളും പരിശീലനങ്ങളും നൽകുന്നതിനും ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ (NIPMR) ആധുനിക സംവിധാനങ്ങളോടുകൂടിയ റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. ഓട്ടിസം ബാധിതരായ കുട്ടികളുടെയും ബുദ്ധിപരമായ വൈകല്യങ്ങൾ ഉള്ള കുട്ടികളുടെയും രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നതിനായി 'പേരന്റ് എംപവർമെന്റ് പ്രോഗ്രാം' എന്ന പേരിൽ ഒരു പരിശീലന പരിപാടി മലപ്പുറം ജില്ലയിൽ പൈലറ്റായി ഈ വർഷം നടപ്പാക്കുന്നതാണ്. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതിയും സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കേളേജുകളിലും കോഴിക്കോട് ഇംഹാൻസിലും പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഓട്ടിസം സെന്ററുകളിലൂടെ ഓട്ടിസം സ്ക്രീനിംഗ്, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ഡെവലപ്‌മെന്റ് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സോഷ്യൽ വർക്കറുടെയും സേവനം എന്നിവ ലഭ്യമാണ്.

(ഡി) നിലവിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിൽ കേരളത്തിന് പുറത്ത് പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനവും NIPMR -ൽ വിദേശത്ത് പരിശീലനം ലഭിച്ച ഡോക്ടറുടെ സേവനവും ലഭ്യമാണ്.

## ഹൃദ്യം പദ്ധതി

143(2097) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ എത്ര കുട്ടികൾക്കാണ് ചികിത്സ ലഭ്യമാക്കിയത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഹൃദ്യം പദ്ധതിയിൽ ചികിത്സ ലഭിക്കുന്നതിന് പ്രത്യേക വരുമാന പരിധിയുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ ലഭ്യമായ കുട്ടികളുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 159 |
| കൊല്ലം | 104 |
| പത്തനംതിട്ട | 43 |
| ആലപ്പുഴ | 68 |
| കോട്ടയം | 28 |
| ഇടുക്കി | 28 |
| എറണാകുളം | 96 |
| തൃശ്ശൂർ | 105 |

| | |
|---|---|
| പാലക്കാട് | 152 |
| മലപ്പുറം | 270 |
| കോഴിക്കോട് | 153 |
| വയനാട് | 54 |
| കണ്ണൂർ | 122 |
| കാസർഗോഡ് | 59 |
| ആകെ | 1441 |

(ബി) ഹൃദ്യം പദ്ധതിയിൽ ചികിത്സ ലഭിക്കുന്നതിന് പ്രത്യേക വരുമാന പരിധിയില്ല. ഹൃദ്യം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന 18 വയസ്സിന് താഴെയുള്ള കേരളീയരായ കുട്ടികൾക്ക് മാത്രമാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നത്.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

144(2098) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരാത്തവർക്ക് പ്രീമിയം തുക മുഴുവൻ ഗുണഭോക്താവ് തന്നെ വഹിച്ച് പദ്ധതിയിൽ അംഗമാകാൻ അവസരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) നിലവിൽ സാധുതയുള്ള ആർ.എസ്.ബി.വൈ./ചിസ് കാർഡ് ഉള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ദുർബല വിഭാഗമായി കണ്ടെത്തിയവർക്കും ഏപ്രിൽ 1, 2019 മുതൽ സെപ്റ്റംബർ 2019 വരെ പുതിയ കാർഡിൽ അംഗമാകാൻ അവസരം ഉണ്ടായിരുന്നു. നിലവിലെ കണക്കുകൾ പ്രകാരം പദ്ധതിയിൽ അർഹരായ കുടുംബങ്ങളിൽ 98.57% കുടുംബങ്ങളും പുതിയ പദ്ധതിയിൽ ചേർന്ന് ആനുകൂല്യത്തിന് അർഹത നേടിയിട്ടുണ്ട്.

(ബി) ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## കാരുണ്യ ചികിത്സാ പദ്ധതി

145(2099) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ പദ്ധതിക്ക് പകരമായി നടപ്പിലാക്കാൻ നിശ്ചയിച്ച സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്നും അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 2019 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരികയും നാളിതുവരെ 4136610 കുടുംബങ്ങൾ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുമെന്ന് പ്രതീക്ഷിച്ച വിഭാഗങ്ങളുടെ 98.57% ആകുന്നു ഇത്. കാരുണ്യ ചികിത്സാ പദ്ധതി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നത് കോമ്പ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള-ചിയാക് (Comprehensive Health Insurance Agency Kerala-CHIAK) എന്ന തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ സ്ഥാപിതമായ ഏജൻസി മുഖേനയാണ്. ഇതിന്റെ കാര്യാലയം തിരുവനന്തപുരം വഴുതക്കാട് ട്രാൻസ് ടവർ ബിൽഡിംഗിലെ ഏഴാം നിലയിൽ പ്രവർത്തിക്കുന്നു.

## കാരുണ്യ പദ്ധതിയും ആയുഷ്മാൻ ഭാരത് പദ്ധതിയും

146(2101) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കി വരുന്ന കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുമായി ബന്ധമുണ്ടോ;

(ബി) എങ്കിൽ ഏത് രീതിയിലാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) രണ്ട് പദ്ധതികളിലേക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങളിൽ വ്യത്യാസം ഉണ്ടോ;

(ഡി) കേന്ദ്ര പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഈ മാനദണ്ഡങ്ങൾ അവലംബിക്കുകയാണെങ്കിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽനിന്നും കൂടുതൽ ഗുണഭോക്താക്കൾ പുറന്തള്ളപ്പെടുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ. പദ്ധതിക്ക് പകരമായി ആവിഷ്കരിച്ച പദ്ധതിയാണ് ആയുഷ്മാൻ ഭാരത്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച പദ്ധതിയാണ് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (KASP). ഈ പദ്ധതിവഴി ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാത്തെ 19 ലക്ഷത്തിലധികം കുടുംബങ്ങൾക്കുകൂടി ലഭിക്കുന്നു. ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ 21 ലക്ഷം കുടുബങ്ങൾക്കാണ് ലഭ്യമാകുന്നത്. അങ്ങനെ സംസ്ഥാനത്ത് 40 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു.

(ബി) ഇരു പദ്ധതികളും ഒരേ ആനുകൂല്യമാണ് ലഭ്യമാക്കുന്നത്. ഇതിൽ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച കേരളത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നു. കേന്ദ്രം അംഗീകരിക്കാത്ത എന്നാൽ സംസ്ഥാന സർക്കാർ ദുർബ്ബലവിഭാഗങ്ങളായി കണക്കാക്കുന്ന ജനങ്ങൾക്ക് സംസ്ഥാന പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)-യിൽ ചേർത്ത് ആയുഷ്മാൻ ഭാരത് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തെ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നു. നിലവിൽ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ വരുന്ന കുടുംബങ്ങളുടെ പ്രീമിയം തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. എന്നിരുന്നാലും പ്രീമിയം തുകയായി പരമാവധി 631.2 രൂപ മാത്രമാണ് കേന്ദ്രം വഹിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുള്ളതിനാൽ പ്രീമിയം തുകയുടെ 60%-മോ 631.2 രൂപയോ ഏതാണോ കുറവ് അതായിരിക്കും കേന്ദ്ര വിഹിതമായി ലഭിക്കുക. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി സംസ്ഥാനം ഉൾപ്പെടുത്തിയ 19 ലക്ഷം കുടുംബങ്ങളുടെ മുഴുവൻ പ്രീമിയവും സംസ്ഥാനം വഹിക്കുന്നു.

(സി) നിലവിൽ 31-3-2019-ൽ സാധുതയുള്ള ആർ.എസ്.ബി.വൈ/ചിസ് സ്മാർട്ട് കാർഡ് കൈവശം ഉള്ളവർക്കും 2011-ൽ നടന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC)-ൽ ദുർബ്ബല വിഭാഗങ്ങളായി കണ്ടെത്തിയവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. പുതുതായി ആരെയും ഈ വർഷം (2019-20) ഉൾപ്പെടുത്തുന്നില്ല. അതായത് ആർ.എസ്.ബി.വൈ. വിഭാഗത്തിലും SECC -ൽ ദുർബ്ബല വിഭാഗമായവർക്കും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ പുതിയ കാർഡ് സ്വീകരിക്കാവുന്നതും സംസ്ഥാന സർക്കാർ ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ച ചിസ് കാർഡ് ഉള്ളവർക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതിയുടെ അംഗത്വ കാർഡ് ലഭിക്കുന്നു.

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിലെ അംഗങ്ങളുടെ പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. അതുകൊണ്ടുതന്നെ അംഗങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനത്തിന് പൂർണ്ണമായ അധികാരം ഉണ്ട്. അതുകൊണ്ട് കേന്ദ്ര പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ ഏതുതന്നെ ആയാലും ആയത് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗങ്ങൾ പുറത്തുപോകാൻ സാധിക്കില്ല. കേന്ദ്ര വിഹിതം ലഭിക്കുന്നത് കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമുള്ള കുടുംബങ്ങൾക്ക് മാത്രമാണ്. നിലവിൽ ആർ.എസ്.ബി.വൈ. പദ്ധതിയിലുള്ള 21 ലക്ഷം കുടുംബങ്ങൾക്കും SECC 2011-ലെ ദുർബ്ബല വിഭാഗങ്ങൾക്കും മാത്രമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. കൂടാതെ കേന്ദ്ര സർക്കാർ അംഗീകരിച്ച ഗുണഭോക്തൃ വിഭാഗങ്ങൾക്കും കേന്ദ്ര വിഹിതം ലഭിക്കും. പ്രസ്തുത വിഭാഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## നാട്ടിക മണ്ഡലത്തിലെ ആരോഗ്യ പദ്ധതികൾ

147(2102) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതുപ്രകാരം നാട്ടിക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി രോഗീ സൗഹൃദമാക്കുന്നതിനായി 'ആർദ്രം' പദ്ധതിയും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി 'ആരോഗ്യജാഗ്രത' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്ഷയം, മലമ്പനി, മന്ത്, കുഷ്ഠരോഗം, കാലാഅസർ, എച്ച്.ഐ.വി. തുടങ്ങിയവ നിവാരണം ചെയ്യുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഹെൽത്തി കേരള ക്യാമ്പയിൻ പരിശോധനകൾ വഴി പകർച്ചവ്യാധി സാഹചര്യം സൃഷ്ടിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ രോഗനിരീക്ഷണം കാര്യക്ഷമമാക്കാൻ ഇന്റഗ്രേറ്റഡ് ഹെൽത്ത് ഇൻഫർമേഷൻ പ്ലാറ്റ്ഫോം എന്ന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ വൈകുന്നേരം 6 മണിവരെ ആക്കുകയും നഴ്സസ് പ്രീചെക്ക്അപ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലീരോഗ ക്ലിനിക്കുകൾ (അമൃതം ആരോഗ്യം) ആസ്ത്മ, ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്കുകൾ, മാനസിക രോഗ പരിചരണത്തിനുള്ള ' ആശ്വാസ്' ക്ലിനിക്കുകൾ, നഴ്സുമാരുടെ സ്ഥാപനതല out reach programme തുടങ്ങിയവ നടത്തിവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുക, ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുക, ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 'ആർദ്രം' പദ്ധതി പ്രകാരം ഒന്നാംഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പാറളം/തളിക്കുളം എന്നിവ തെരഞ്ഞെടുത്തു. ഈ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ- 1, ഫാർമസിസ്റ്റ്-1 എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 'ആർദ്രം' രണ്ടാംഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം നാട്ടികയെ ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പ്രാഥമികാരോഗ്യ കേന്ദ്രം നാട്ടികയിൽ ഹെമറ്റോളജി അനലൈസർ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15.50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു. പഞ്ചായത്തിന് ലഭിച്ച ആർദ്രം പുരസ്കാരം 2 ലക്ഷം രൂപ ഉപയോഗിച്ച് ടൈൽ വർക്കും നടത്തിവരുന്നു. ആർദ്രം ഒന്നാംഘട്ടത്തിൽപ്പെട്ട കുടുംബാരോഗ്യകേന്ദ്രം പാറളം 13,97,500 രൂപയുടെയും തളിക്കുളം കുടുംബാരോഗ്യകേന്ദ്രം 13,97,000 രൂപയുടെയും

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തളിക്കുളം കുടുംബാരോഗ്യ കേന്ദ്രത്തിലെ വെള്ളക്കെട്ട് തീർക്കുന്നതിനായി 20 ലക്ഷം രൂപയുടെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ലാന്റ് ഫില്ലിംഗ്, കാന നിർമ്മാണം, കുളംനിർമ്മാണം എന്നിവ നടത്തി. സാമൂഹികാരോഗ്യ കേന്ദ്രം, അന്തിക്കാടിന് എം.എൽ.എ.യുടെ പദ്ധതി പ്രകാരം 50 ലക്ഷം രൂപയുടെ ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. തൃപ്രയാർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ മെയിൽ വാർഡ്-25 ലക്ഷം രൂപ (ബ്ലോക്ക് ഫണ്ട്), ഫീമെയിൽ വാർഡ്- 25 ലക്ഷം രൂപ (എം.എൽ.എ. ഫണ്ട്) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രം വലപ്പാട് ബ്ലോക്ക് മുഖേന ജെറിയാട്രിക് വാർഡ് നിർമ്മിച്ചു. ഇതുകൂടാതെ ഡെന്റൽ യൂണിറ്റിലേയ്ക്ക് 2 ഡെന്റൽ ചെയറുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**ഓട്ടിസം ബാധിതർക്കുള്ള ക്ഷേമ പദ്ധതികൾ**

148(2103) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടിസം ബാധിതർക്കായി നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഓട്ടിസം ബാധിതർക്ക് സാധ്യമായ തൊഴിൽപരിശീലനം നൽകി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(സി) ഓട്ടിസം ബാധിതർക്ക് മികച്ച പരിചരണത്തിലൂടെയും ചികിത്സയിലൂടെയും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി എല്ലാ മെഡിക്കൽ കോളേജുകളിലും ഓട്ടിസം സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഓട്ടിസം ബാധിതർക്കുവേണ്ടി പ്രവർത്തിക്കുന്ന സ്വകാര്യ തെറാപ്പി സെന്ററുകൾക്ക് പ്രവർത്തന മാനദണ്ഡം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓട്ടിസം ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) ഓട്ടിസം ബാധിതർക്ക് NGO സഹകരണത്തോടെ തൊഴിൽ പരിശീലനം, പകൽ പരിപാലനം, വിവരസാങ്കേതിക വിദ്യയിലൂടെ പരിശീലനം എന്നിവ നൽകി വരുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന "സ്പെക്ട്രം" എന്ന പേരിൽ ഓട്ടിസം ഉള്ളവർക്കായി ഒരു പദ്ധതി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തെറാപ്പികളും പരിശീലനങ്ങളും നൽകുന്നതിനും ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ (NIPMR) ആധുനിക സംവിധാനങ്ങളോടുകൂടിയ റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകളോടൊപ്പം എല്ലാത്തരം അംഗപരിമിതികളുള്ള കുട്ടികൾക്കും അനുയോജ്യമായ തെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു.

(ബി) ഓട്ടിസം ബാധിതർക്ക് NGO സഹകരണത്തോടെ തൊഴിൽ പരിശീലനം, പകൽ പരിപാലനം, വിവരസാങ്കേതിക വിദ്യയിലൂടെ പരിശീലനം തുടങ്ങിയ സാധ്യമായ തൊഴിൽ പരിശീലനം നൽകി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആയതിലേയ്ക്കായി അതിജീവനം സമഗ്ര പദ്ധതിയും നടപ്പ് സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്നു.

ഓട്ടിസം ബാധിതരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസ്, തൃശ്ശൂരിലെ NIPMR എന്നീ സ്ഥാപനങ്ങളിലും നിലവിൽ ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്നു.

(ഡി) ഓട്ടിസം ബാധിതർക്കുവേണ്ടി പ്രവർത്തിക്കുന്ന തെറാപ്പി സെന്ററുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വകാര്യ തെറാപ്പി സെന്ററുകളും പാലിക്കേണ്ട മിനിമം സ്റ്റാൻഡേർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ. മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസ്, തൃശ്ശൂരിലെ NIPMR എന്നീ സ്ഥാപനങ്ങളിലും നിലവിൽ ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓട്ടിസം ബാധിച്ച എല്ലാ കുട്ടികൾക്കും സൗജന്യമായിട്ടാണ് ചികിത്സ ലഭ്യമാക്കുന്നത്.

## പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

149(2105) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിന് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയാണ് ഈ പദ്ധതി പ്രകാരം നൽകിവരുന്നതെന്ന് അറിയിക്കുമോ;

(സി) ഏതെല്ലാം ആശുപത്രികൾ മുഖേനയാണ് ചികിത്സ നൽകുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ആർ.ബി.എസ്.കെ., ഹൃദ്യം, ആരോഗ്യകിരണം എന്നീ പദ്ധതികൾ വഴി പതിനെട്ട് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നിലവിലുണ്ട്.

ആർ.ബി.എസ്.കെ.

ആർ.ബി.എസ്.കെ. എന്ന പേരിൽ 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും സേവനങ്ങളും തീർത്തും സൗജന്യമാക്കിയിരിക്കുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾവഴിയും മെഡിക്കൽ കോളേജുകൾ ശ്രീചിത്ര ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാസേവനങ്ങൾ തികച്ചും സൗജന്യമാക്കി. നവജാത ശിശുക്കളിൽ ജന്മനാ ഉണ്ടാകുന്ന ജനിതകരോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്.

<u>ഹൃദ്യം</u>

സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ് വെയർ (Hridyam.in) വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

ആർ.ബി.എസ്.കെ. ഹൃദ്യം പദ്ധതികളുടെ ഗുണഭോക്താവ് ആകുന്നതിന് വരുമാന പരിധി ബാധകമല്ല. 18 വയസ്സിന് താഴെയുള്ള ഏതൊരു കുട്ടിക്കും പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭ്യമാകും.

<u>ആരോഗ്യകിരണം</u>

18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികളും ആരോഗ്യകിരണം പദ്ധതിയുടെ ഗുണഭോക്താക്കളാണ്. എല്ലാ ആദായനികുതിദായകർ, സർക്കാർ ഉദ്യോഗസ്ഥരുടെ മക്കൾ തുടങ്ങിയവർക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല.

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കാൻസർ സുരക്ഷാ, താലോലം എന്നീ പദ്ധതികൾ പ്രകാരം 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു *.

(സി) എല്ലാ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും പ്രസ്തുത പദ്ധതികൾ ലഭ്യമാണ്. തിരുവനന്തപുരം ശ്രീചിത്രാ ആശുപത്രിയെ ആർ.ബി.എസ്.കെ. പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എസ്.എ.റ്റി., തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട്, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം വഴിയും ഹൃദ്യം പദ്ധതി നടന്നുവരുന്നു. ഹൃദ്യം പദ്ധതിക്കായി സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊച്ചി, ആസ്റ്റർ മെഡിസിറ്റി, കൊച്ചി, ലിസ്സി ഹോസ്പിറ്റൽ, എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല, മിംമ്സ് ആശുപത്രി, കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് മാത്രമായി ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാൻസർ സുരക്ഷാ പദ്ധതിക്കുള്ള തുക

150(2107) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ സുരക്ഷാ പദ്ധതിക്കാവശ്യമായ തുക സംസ്ഥാന സർക്കാരാണോ, കേന്ദ്രസർക്കാരാണോ അതോ സംയുക്തമായാണോ നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) നാഷണൽ ഹെൽത്ത് മിഷന്റെ ആർ.ബി.എസ്.കെ. പദ്ധതിയുടെ ഫണ്ട് ഇതിലേയ്ക്കായി ഉപയോഗിക്കുന്നുണ്ടെങ്കിൽ എത്ര തുകയാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാൻസർ സുരക്ഷാ പദ്ധതിക്കാവശ്യമായ തുക സംസ്ഥാന സർക്കാരാണ് നൽകി വരുന്നത്.

(ബി) നാഷണൽ ഹെൽത്ത് മിഷന്റെ ആർ.ബി.എസ്.കെ. പദ്ധതിയുടെ ഫണ്ട് കാൻസർ സുരക്ഷാ പദ്ധതിക്ക് ഉപയോഗിക്കുന്നില്ല.

(സി) കാൻസർ സുരക്ഷാ പദ്ധതിക്കായി വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെഡിക്കൽ കോളേജുകൾ | - 2,42,59,053 |
| മലബാർ കാൻസർ സെന്റർ | - 4,73,85,987 |
| റീജിയണൽ കാൻസർ സെന്റർ | - 49,76,50,022 |

## ദേശീയപാതയിലെ അപകടങ്ങളിലെ മരണനിരക്ക് കുറയ്ക്കുന്നതിന് പദ്ധതി

151(2108) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതയിലെ അപകടങ്ങളിലെ മരണനിരക്ക് കുറയ്ക്കുന്നതിന് സഹായകമായ നിലയിൽ എന്തെല്ലാം പദ്ധതികൾ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കി എന്ന് അറിയിക്കുമോ;

(ബി) കനിവ് ആംബുലൻസുകളുടെ സേവനങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) എത്ര ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ പാതകളിലൂൾപ്പെടെ റോഡ് അപകടങ്ങളിൽ ഉണ്ടാകുന്ന മരണനിരക്ക് കുറയ്ക്കുവാനായി കനിവ് 108 എന്ന പേരിൽ എമർജൻസി ആംബുലൻസ് സംവിധാനം ഏർപ്പെടുത്തി. 315 ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ-നാഷണൽ ഹൈവേസ് എന്ന പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തീകരിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ-നാഷണൽ ഹൈവേസ് എന്ന പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം സംബന്ധിച്ചുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ KSTP മുഖേന Safe Corridor പദ്ധതി പ്രകാരം എം.സി. റോഡിലെ അടൂർ-കഴക്കൂട്ടം റോഡിൽ ജനറൽ ആശുപത്രി, അടൂർ, താലൂക്ക് ആശുപത്രി കൊട്ടാരക്കര, പ്രാഥമികാരോഗ്യ കേന്ദ്രം വാമനപുരം, സാമൂഹികാരോഗ്യം കന്യാകുളങ്ങര എന്നീ സ്ഥാപനങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും രണ്ട് ആംബുലൻസുകൾക്കും അനുമതി ലഭ്യമായിട്ടുണ്ട്.

(ബി) സംസ്ഥാനത്താകമാനം അപകടങ്ങളിൽപ്പെടുന്ന ഏതൊരു വ്യക്തിയേയും സമയബന്ധിതമായി പ്രഥമശുശ്രൂഷകൾക്കുശേഷം അടിയന്തര ചികിത്സ ലഭിക്കുന്നതിന് ആശുപത്രികളിൽ എത്തിക്കുക എന്നുള്ളതും റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുക എന്നുള്ളതും കേരള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. ആയതിനായി സംസ്ഥാനത്തൊട്ടാകെ അത്യാധുനിക സൗജന്യ ആംബുലൻസുകളുടെ ശൃംഖല ഒരുക്കുവാനാണ് കനിവ് 108 എന്ന പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 108 എന്ന ടോൾഫ്രീ നമ്പർ വഴിയോ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ കേന്ദ്രീകൃത കോൾ സെന്ററിന്റെ സഹായത്തോടെ സൗജന്യ ആംബുലൻസ് സേവനം പ്രാപ്യമാക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ

ഏകോപിപ്പിച്ചിരിക്കുന്നത്. കനിവ് 108 എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ നടപ്പിൽ വരുത്തുന്ന ആംബുലൻസ് ശൃംഖലയിൽ അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളും പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ധരും അടങ്ങിയ 315 ആംബുലൻസുകളുടെ സേവനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ വാഹനങ്ങൾ എല്ലാംതന്നെ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചവയാണ്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള കേന്ദ്രീകൃത കോൾ സെന്റർ മുഖേനയാണ് പ്രസ്തുത വാഹനങ്ങളെ നിയന്ത്രിക്കുന്നത്. പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ഈ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽനിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെ അടുത്ത് എത്തിച്ച് പരിശോധനയ്ക്കുശേഷം വേണ്ട ചികിത്സ കിട്ടുന്ന ആശുപത്രി തെരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവ്വീസ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വാഹനങ്ങളുടെ പ്രവർത്തനം 2 ആയി തരംതിരിക്കുന്നു. 24 മണിക്കൂർ പ്രവർത്തനം നടത്തുന്ന ആംബുലൻസുകളും രാവിലെ 8 മുതൽ രാത്രി 8 വരെ പ്രവർത്തനം നടത്തുന്ന ആംബുലൻസുകളും. പകൽ സമയങ്ങളിൽ എല്ലാ ആംബുലൻസുകളും സർവ്വീസ് നടത്തുന്നതായിരിക്കും.

(സി) 315 ആംബുലൻസുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആംബുലൻസുകളിൽ 150 എണ്ണം 24 മണിക്കൂർ സേവനം നടത്തുന്നതും 165 എണ്ണം 12 മണിക്കൂർ സേവനം നടത്തുന്നതുമായിരിക്കും.

## കൗമാരക്കാരിലെ മാനസിക പ്രശ്നങ്ങൾക്ക് ചികിത്സയും പ്രതിരോധവും

152(2109) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരിൽ കാണുന്ന ആത്മഹത്യാ പ്രവണത, വിഷാദം, ആക്രമണസ്വഭാവം, മയക്കുമരുന്ന് ഉപയോഗം എന്നിവ ഉൾപ്പെടെയുള്ള മാനസിക പ്രശ്നങ്ങൾക്കെതിരെ ആരോഗ്യ വകുപ്പിന്റെ സൈക്ക്യാട്രി വിഭാഗം നടത്തിവരുന്ന ചികിത്സയും പ്രതിരോധ പ്രവർത്തനങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സ്കൂൾ, കോളേജ് തലങ്ങളിൽ പ്രസ്തുത മാനസിക പ്രശ്ന നിർണ്ണയത്തിനും പ്രതിരോധത്തിനും കാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടികളിലെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം, ആത്മഹത്യ പ്രവണത എന്നീ പ്രയാസങ്ങൾ പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ 'സ്കൂൾ മാനസികാരോഗ്യപദ്ധതിയും' മാനസികപ്രശ്നങ്ങളും വൈകല്യങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യകേന്ദ്രത്തിൽ ചികിത്സയും മറ്റ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി 'സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി'യും വിഷാദ രോഗമുള്ളവരെ കണ്ടെത്താനും മാനസികാരോഗ്യ പ്രഥമ ശുശ്രൂഷ നൽകുവാനുമുള്ള പരിശീലനം, വിഷാദ രോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം, ജില്ലാ മാനസികാരോഗ്യ പരിപാടിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യാനുള്ള സംവിധാനം എന്നിവ നൽകുന്നതിനായി 'ആശ്വാസം' പദ്ധതിയും സമൂഹത്തിൽ ആത്മഹത്യാ പ്രതിരോധത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക, പരിശീലനം നൽകുക എന്നിവ വഴി സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് കുറയ്ക്കുവാനായി 'ആത്മഹര്യാ പ്രതിരോധ പദ്ധതി'യും 24x7 ടെലഫോൺ കൗൺസിലിംഗ് സേവനം നൽകുന്ന 'ദിശ' എന്ന പദ്ധതിയും പ്രവർത്തിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന 'വിമുക്തി' പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) സ്കൂൾ തലത്തിൽ മാനസികാരോഗ്യ പരിശീലനം ലഭിച്ച ടീച്ചർമാർ, സ്കൂൾ കൗൺസിലർമാർ, സ്കൂൾ ഹെൽത്ത് നഴ്സുമാർ എന്നിവർ സ്കൂൾ കുട്ടികൾക്ക് മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയും ആത്മഹത്യാ പ്രതിരോധത്തിനെക്കുറിച്ചും ബോധവത്കരണം നടത്തുന്നുണ്ട്.

**കുട്ടികൾക്കുള്ള ചികിത്സാ പദ്ധതികൾ**

153(2110) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വരുന്ന മാരകമായ രോഗങ്ങളുടെ ചികിത്സയ്ക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം R.B.S.K. പദ്ധതി കൂടുതൽ വിപുലമായി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി എല്ലാ പ്രസവാശുപത്രികളിലും "ശലഭം കോമ്പ്രഹെൻസീവ് ന്യബോൺ സ്ക്രീനിംഗ് പദ്ധതിയും", ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് " ഹൃദ്യം" എന്ന പദ്ധതിയും പുതുതായി ആരംഭിച്ചു.

പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികളായ കാൻസർ സുരക്ഷാ പദ്ധതിയും താലോലം പദ്ധതിയും നിലവിലുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

**മങ്കട മണ്ഡലത്തിലെ ആർദ്രം പദ്ധതി**

154(2111) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പി.എച്ച്.സി.-കൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പി.എച്ച്.സി.-കൾക്ക് ഇത്തരം മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2018-19 ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി, അങ്ങാടിപ്പുറം, പുഴക്കാട്ടിരി, മൂർക്കനാട് എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി. രജിസ്ട്രേഷൻ സൗകര്യങ്ങൾ, രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൽട്ടേഷൻ മുറികൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗകര്യം, വിഷാദരോഗത്തിനുള്ള ആശ്വാസ് ക്ലിനിക്, ശ്വാസകോശരോഗ ചികിത്സയ്ക്ക് ശ്വാസ് ക്ലിനിക്കുകൾ, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും കൗൺസിലിംഗ്, വൈകിട്ട് ആറ് മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകും.

(സി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത പാങ് കുടുംബാരോഗ്യകേന്ദ്രത്തിൽ ആർദ്രം മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ സിവിൽ വർക്കുകൾ പൂർത്തിയാകുന്നമുറയ്ക്കും നിയമനം നടത്തുന്നമുറയ്ക്കും സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

**ആർദ്രം പദ്ധതിവഴി പുതിയ സേവനങ്ങൾ**

155(2113) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പുതിയതായി ഉൾപ്പെടുത്തിയതെന്ന് വിശദമാക്കുമോ;

(ബി) കൂടുതലായി നൽകുന്ന സേവനം എന്നുമുതൽ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബാരോഗ്യകേന്ദ്രങ്ങളിലെ സേവന മേഖലകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ വൈകുന്നേരം 6 മണിവരെ ആക്കുകയും നഴ്സസ് പ്രീ-ചെക്ക് അപ് കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലീരോഗ ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' നഴ്സുമാരുടെ സ്ഥാപനതല 'ഔട്ട് റീച്ച് പ്രോഗ്രാം' തുടങ്ങിയവ നടത്തി വരുന്നു. ഈ സ്ഥാപനങ്ങളിലേയ്ക്ക് ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുകയും ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്യുകയുണ്ടായി. ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക, ഫീൽഡ് പ്രവർത്തനങ്ങളും ഉപകേന്ദ്ര പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടന്നുവരുന്നു. ടി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ എല്ലാ സ്ഥാപനങ്ങളിലും പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി**

156(2115) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയിൽ കോങ്ങാട് സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ മങ്കര, കല്ലടിക്കോട് എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഇവിടെ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണം, സാംക്രമികരോഗ നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ട്. ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ചികിത്സിക്കാൻ ശ്വാസ് ക്ലിനിക്ക്, വിഷാദ രോഗത്തിനായി ആശ്വാസ് ക്ലിനിക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, കാരാക്കുർശ്ശി, കേരളശ്ശേരി, മണ്ണൂർ എന്നീ പി.എച്ച്.സി.-കളെയും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തെയും കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതിൽ കാഞ്ഞിരപ്പുഴ പി.എച്ച്.സി., മണ്ണൂർ പി.എച്ച്.സി. എന്നിവയ്ക്ക് 14 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. കാരാക്കുർശ്ശി, കേരളശ്ശേരി, പറളി എന്നീ സ്ഥാപനങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ട് മുഖേന 15.50 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് തെരഞ്ഞെടുത്ത 504 ആരോഗ്യകേന്ദ്രങ്ങളിലേക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള ഉത്തരവ് ഇറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ബ്ലോക്കുതല സി.എച്ച്.സി.-കളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാനത്തെ 152 ബ്ലോക്കുതല സി.എച്ച്.സി.-കളിൽ 76 എണ്ണം ഈ വർഷം രോഗീ സൗഹൃദ രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസ്തുത പട്ടികയിൽ കോങ്ങാട് സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ ആർദ്രം പദ്ധതി**

157(2116) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പി.എച്ച്.സി.-കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഓരോ കേന്ദ്രത്തിന്റെയും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) ഈ നിർമ്മാണങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങൾ സജ്ജമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

1. പ്രാഥമികാരോഗ്യകേന്ദ്രം, കടവൂർ
2. പ്രാഥമികാരോഗ്യകേന്ദ്രം, പിണ്ടിമന
3. പ്രാഥമികാരോഗ്യകേന്ദ്രം, ചെറുവട്ടൂർ
4. പ്രാഥമികാരോഗ്യകേന്ദ്രം, കോട്ടപ്പടി
5. പ്രാഥമികാരോഗ്യകേന്ദ്രം, പുന്നേക്കാട്

(ബി) കോട്ടപ്പടി, കടവൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് നടന്നുവരുന്നു.

(സി) നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രാഥമികാരോഗ്യകേന്ദ്രം, കടവൂർ- നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.
2. പ്രാഥമികാരോഗ്യകേന്ദ്രം, പിണ്ടിമന
3. പ്രാഥമികാരോഗ്യകേന്ദ്രം, ചെറുവട്ടൂർ
4. പ്രാഥമികാരോഗ്യകേന്ദ്രം, പുന്നേക്കാട്

   } ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

5. പ്രാഥമികാരോഗ്യകേന്ദ്രം, കോട്ടപ്പടി -90% നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. സീലിംഗ് ജോലികൾ പുരോഗമിക്കുന്നു.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഈ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പരിയാരം മെഡിക്കൽ കോളേജ് നവീകരണം**

158(2117) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനുശേഷം ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ കോളേജ് നവീകരണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഉപകരണങ്ങൾ പലതും കാലപ്പഴക്കം വന്നതും വേണ്ടത്ര പ്രവർത്തനസജ്ജമല്ലാത്തതുമാണെന്നത് കണക്കിലെടുത്ത് ഇവ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പല വകുപ്പുകളിലും ആവശ്യത്തിന് വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം മൂലം രോഗികൾക്കുണ്ടാകുന്ന ചികിത്സാ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2-3-2019-ൽ വിളംബരം ചെയ്ത കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) 2019-ലെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരം പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നു. മെഡിക്കൽ കോളേജിന്റെ ഭരണ നിർവ്വഹണം സുഗമമാക്കുന്നതിനായി പ്രിൻസിപ്പാൾ തസ്തികയുൾപ്പെടെ 11 തസ്തികകൾ തുടർന്ന് സൃഷ്ടിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി മെഡിക്കൽ കോളേജിൽ നടപ്പിലാക്കി വരുന്നു. കിടത്തി ചികിത്സിക്കുന്ന ജനറൽ വാർഡിലെ രോഗികൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ലഭിക്കുന്ന മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ട്. ഒ.പി.-യിൽ എത്തുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് അഞ്ചു ദിവസത്തെ മരുന്നും സൗജന്യമായി നൽകുന്നു. പരിയാരം മെഡിക്കൽ കോളേജിന് വേണ്ടി "2210-05-105-80" എന്ന ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചു നൽകി. പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ 21,24,64,000 രൂപ അധിക ചെലവിനത്തിൽ അനുവദിച്ച് ഉത്തരവായി. ജീവനക്കാർക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി 2019-20 ജൂൺ മാസത്തെ സപ്ലിമെന്ററി ഡിമാൻഡ് ഗ്രാന്റിൽ ഒരു ടോക്കൺ പ്രൊവിഷൻ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. 24-9-2019-ലെ സ.ഉ.(സാധാ) നമ്പർ 2289/2019/ആ.കു.വ. പ്രകാരം ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി രജിസ്ട്രേഷൻ അന്തിമഘട്ടത്തിലാണ്. 2019-20 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്., പി.ജി. ബിരുദം തുടങ്ങിയ എല്ലാ മെഡിക്കൽ പ്രവേശനത്തിനുമുള്ള ഫീസ് പൂർണ്ണമായും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സമാനമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ആസ്തിബാധ്യതകൾ തിട്ടപ്പെടുത്തുന്നതിനായി 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ഓർഡിനൻസിലെ (2019-ലെ 24) 7-ാം വകുപ്പുപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് ശ്രീ. സുധാകരൻ മുത്തറിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിന്റെ ഭാഗമാക്കുന്നതിലേയ്ക്കുള്ള നടപടി പുരോഗമിച്ചുവരികയാണ്.

(ബി) കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി കണ്ണൂർ മെഡിക്കൽ കോളേജിന്റെ നവീകരണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. ഇതിൽ ട്രോമാകെയർ, എമർജൻസി ബ്ലോക്ക്, കാർഡിയോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ ഉൾപ്പെടുന്നു. ആശുപത്രിയുടെ പെയിന്റിംഗ് ഉൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾക്ക് 15 കോടി രൂപയും ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിനായി 3 കോടി രൂപയും ഉൾപ്പെടുത്തുന്നതിന് 2020-21-ലെ ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ ഒ.പി. ക്ലിനിക്കിലും റിസപ്ഷനിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 1,47,76,660.26 രൂപയുടെ വർക്കിംഗ് ഗ്രൂപ്പിന് അംഗീകാരം നൽകിയിട്ടുണ്ട്. പഴയ ഡയാലിസിസ് മെഷീനുകൾ മാറ്റണമെന്ന കാര്യം ഉയർന്നുവന്നതിനെ തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. റ്റി. വി. രാജേഷ് തന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും 76 ലക്ഷം രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് 10 ഡയാലിസിസ് മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 2020-21-ലെ ബഡ്ജറ്റ് തയ്യാറാക്കിയതിൽ, കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന് പ്രത്യേക പാക്കേജ് ഉൾപ്പെടുത്തി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും മെയിന്റനൻസ് പ്രവൃത്തി ചെയ്യുന്നതിനുമുള്ള തുക പാക്കേജിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന്റെ പ്രവർത്തന മികവിനും പി.ജി., യു.ജി. വിദ്യാർത്ഥികളുടെ അധ്യയനം മെച്ചപ്പെടുത്തുന്നതിനുമായി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായ ഡോ. എൻ. റോയി-ക്ക് ടിയാന്റെ പ്രിൻസിപ്പാൾ തസ്തികയിലെ ഔദ്യോഗിക ചുമതലകൾക്ക് തടസ്സം വരാത്ത രീതിയിൽ കോളേജിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം പരിഗണിച്ച് തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ ന്യൂറോസർജറി വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. പ്രകാശൻ കെ., കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അജിത് എസ്. എന്നിവരെ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്. മറ്റ് പല വകുപ്പുകളിലും ആവശ്യത്തിന് വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം

159(2118) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ പ്രവേശനം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആരംഭിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക എത്രയാണെന്നും ഇതിനകം എത്ര രൂപ ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചെന്നും ആ തുക ലഭ്യമായത് എവിടെനിന്നാണെന്നും ഇനി എത്ര രൂപ ഏതെല്ലാം നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമുണ്ടെന്നും അത് എവിടെനിന്ന് ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണത്തിലുണ്ടായിരുന്ന ഇന്റേണൽ റോഡുകളുടെയും കുഴൽ കിണറുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അക്കാദമിക്ക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം 90%-വും രണ്ടാംഘട്ടത്തിലുള്ള ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 25%-വും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി ഏകദേശം 385 കോടി രൂപയുടെ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 30 കോടി രൂപ അനുവദിച്ചിരുന്നു. ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണത്തിന് 58.18 കോടി രൂപ നബാർഡ് ധനസഹായം

ഉൾപ്പെടെ 95.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി 8 കോടി രൂപയുടെയും ഫാക്കൽറ്റികളുടെ ക്വാർട്ടേഴ്സിന്റെയും ലേഡീസ് ഹോസ്റ്റലിന്റെയും നിർമ്മാണത്തിനായി 29.01 കോടി രൂപയുടെയും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ആയത് നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ഇന്റേണൽ റോഡുകളുടെ നിർമ്മാണത്തിനായി 1.10 കോടി രൂപ പദ്ധതി വിഹിതമായും അക്കാദമിക് ബ്ലോക്കിന്റെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 19.73 കോടി രൂപ കാസർഗോഡ് വികസന പാക്കേജിൽ നിന്നും ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 10.73 കോടി രൂപ നബാർഡ് ധനസഹായമായും നാളിതുവരെ നിർമ്മാണ ഏജൻസിക്കും കരാറുകാരനുമായി നൽകിയിട്ടുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സമുച്ചയം, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, ജല വിതരണ സംവിധാനം, ചുറ്റുമതിൽ എന്നിവയുടെ പ്രവൃത്തി പദ്ധതി വിഹിതം/കാസർഗോഡ് വികസന പാക്കേജ് എന്നിവയിലുൾപ്പെടുത്തി നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പാരിപ്പള്ളി മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗം പൂർണ്ണ സജ്ജമാക്കാൻ നടപടി

160(2119) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കാൻ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം പൂർണ്ണ സജ്ജമാക്കാൻ ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കുവാനുണ്ടെന്ന് വിശദമാക്കാമോ;

(സി) എല്ലാ സൗകര്യങ്ങളുമൊരുക്കി കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണമായി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കാൻ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കൈക്കൊണ്ടു വരികയാണ്.

(ബി) കാർഡിയോളജി വിഭാഗം പൂർണ്ണ സജ്ജമാക്കുന്നതിന്റെ ഭാഗമായി "കാത്ത് ലാബ് സ്ഥാപിച്ച് അതിന്റെ പരിശോധനയും കാലിബിറേഷനും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വൈദ്യുത ക്രമീകരണങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 8 കിടക്കകളുള്ള തീവ്രപരിചരണ വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, രണ്ടാം വാർഡിൽ നിന്നും കാത്ത് ലാബിലേയ്ക്കുള്ള ഇടനാഴിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, ETO Sterilizer സ്ഥാപിക്കൽ, Medical gas pipe line system manifold-ന്റെ കാത്ത് ലാബിലേയ്ക്കുള്ള ബന്ധിപ്പിക്കൽ എന്നിവ പൂർത്തികരിക്കുവാനുണ്ട്.

(സി) അടിസ്ഥാനസൗകര്യ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്കും അദ്ധ്യപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ട് നിയമനം നടക്കുകയും ചെയ്യുന്ന മുറയ്ക്കും ഈ വിഭാഗത്തിന്റെ പ്രവർത്തനം പൂർണ്ണസജ്ജമാകുന്നതാണ്.

**ആർട്ടിഫിഷ്യൽ ലിംബ് സെന്ററിൽ കോബ്ലർ തസ്തിക**

161(2120) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജിലെ ആർട്ടിഫിഷ്യൽ ലിംബ് സെന്ററിൽ കോബ്ലർ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് മെഡിക്കൽ കോളേജിലെ സോണൽ ലിംബ് ഫിറ്റിംഗ് സെന്ററിൽ 4 കോബ്ലർ തസ്തിക സൃഷ്ടിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

162(2121) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) കൂടുതൽ ആശുപത്രികളിൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ചുവടെപ്പറയുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തിവരുന്നു.

| | |
|---|---|
| തിരുവനന്തപുരം മെഡിക്കൽ കോളേജ് | -വൃക്ക |
| കോട്ടയം മെഡിക്കൽ കോളേജ് | -വൃക്ക, ഹൃദയം |
| ആലപ്പുഴ മെഡിക്കൽ കോളേജ് | -വൃക്ക |
| കോഴിക്കോട് മെഡിക്കൽ കോളേജ് | -വൃക്ക |

(ബി) അവയവമാറ്റ ശസ്ത്രക്രിയയ്ക്കാവശ്യമായ സൗകര്യങ്ങൾ ഉറപ്പ് വരുത്തി നിശ്ചിത മാതൃകയിൽ അതാത് സ്ഥാപന മേധാവികൾ അപേക്ഷ സമർപ്പിക്കുന്നതിനനുസരിച്ച് വിദഗ്ധ സമിതിയെ നിയോഗിച്ച് സൗകര്യങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിച്ച് വിലയിരുത്തിയശേഷമാണ് അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ആശുപത്രികൾക്ക് അനുമതി നൽകുന്നത്. സ്ഥാപന മേധാവികളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ്

163(2122) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജില്ലാ ആശുപത്രികളിൽ പുതിയതായി കാത്ത് ലാബ് സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നീ സർക്കാർ ആശുപത്രികളിൽ കാത്ത് ലാബ് ചികിത്സാ സൗകര്യം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നീ ആശുപത്രികളിൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാത്ത് ലാബ് അടുത്ത 6 മാസക്കാലയളവിനുള്ളിൽ സ്ഥാപിക്കാൻ കഴിയുന്നതാണ്. കോഴിക്കോട് ജനറൽ ആശുപത്രിയിൽ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ അനുവദിച്ച കാത്ത് ലാബ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**മുനമ്പം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ലബോറട്ടറി സൗകര്യം**

164(2123) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ സി.എസ്.ആർ. സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് മുനമ്പം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ലബോറട്ടറി സൗകര്യം ഒരുക്കുന്നതിനുള്ള പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ലാബ് ടെക്നീഷ്യൻ അടക്കമുള്ള അനുബന്ധ ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മുനമ്പം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ലബോറട്ടറി സൗകര്യം ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ 26-10-2019-ൽ ഉദ്ഘാടനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ ജീവനക്കാരുടെ നിയമനം സംബന്ധിച്ച നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ**

165(2124) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 64,70,61,384 രൂപയുടെ ഭരണാനുമതി 24-8-2019 -ലെ ജി. ഒ. (ആർ.റ്റി.) നമ്പർ 2074/2019/ആ.കു.വ. പ്രകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല സർക്കാർ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെയാണ് (SPV-Special Purpose Vehicle) ഏൽപ്പിച്ചിരിക്കുന്നത്. അതോടൊപ്പം എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 പ്രകാരം 69,39,844 രൂപയ്ക്ക് ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തി ഈ ആശുപത്രിയിൽ പുരോഗമിച്ചുവരുന്നു. എം.സി.എച്ച്. ബ്ലോക്ക് നിർമ്മാണത്തിനായി എൻ.എച്ച്.എം. പദ്ധതി പ്രകാരം 3.15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. എൻ.എച്ച്.എം., കെ.ഇ.എൽ. (KEL) എന്നീ ഏജൻസി വഴി നടപ്പാക്കുന്ന ടി നിർമ്മാണ പ്രവൃത്തിയും പുരോഗമിച്ചുവരുന്നു.

## പാങ് പി.എച്ച്.സി.-ക്ക് ലഭ്യമായ നേട്ടങ്ങളും സൗകര്യങ്ങളും

166(2125) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട മണ്ഡലത്തിലെ പാങ് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ടോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി പാങ് പി.എച്ച്.സി.-ക്ക് ലഭ്യമായ നേട്ടങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പി.എച്ച്.സി.-കൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത മാനദണ്ഡങ്ങൾ പാങ് പി.എച്ച്.സി.-യിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പാങ് പി.എച്ച്.സി.-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ പാങ് പി.എച്ച്.സി.-യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ വൈകുന്നേരം വരെ ഒ.പി., മെച്ചപ്പെട്ട ഒ.പി. രജിസ്ട്രേഷൻ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ മുറികൾ, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, നഴ്സസ് പ്രീ ചെക്കും കൗൺസിലിംഗും, പ്രാരംഭ ട്രയാജ് ഏരിയ, വയോജന-ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റ് എന്നീ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) കുടുംബാരോഗ്യകേന്ദ്രമാക്കുന്ന കേന്ദ്രങ്ങൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള സംവിധാനങ്ങളും അധിക ചികിത്സാ സേവനങ്ങളും ലഭ്യമാക്കാനുള്ള സൗകര്യങ്ങളുമാണ് ഒരുക്കിവരുന്നത്. വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം, സൗകര്യങ്ങളുള്ള രജിസ്ട്രേഷൻ കൗണ്ടർ, ടോക്കൺ സിസ്റ്റം തുടങ്ങിയവയും സ്വകാര്യതയുള്ള കൺസൾട്ടേഷൻ റൂം, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് റൂം, നെബുലൈസേഷൻ കോർണർ, എൻ.സി.ഡി. ശ്വാസ്, ആശ്വാസം ക്ലിനിക്കുകൾക്കുള്ള സൗകര്യം, ഇമ്മ്യൂണൈസേഷൻ റൂം, ബ്രെസ്റ്റ് ഫീഡിംഗ് ഏരിയ, രോഗികൾക്കുള്ള ടോയ്‌ലെറ്റ്, ഡ്രെയിനേജ്, കുടിവെള്ള സംവിധാനം, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള ടെലിവിഷൻ സംവിധാനങ്ങൾ, പബ്ലിക് ഹെൽത്ത് ഏരിയ, കോൺഫറൻസ് ഹാൾ, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം എന്നീ സൗകര്യങ്ങളുമാണ് വേണ്ടത്. ഈ സൗകര്യങ്ങളെല്ലാം പാങ് കുടുംബാരോഗ്യകേന്ദ്രത്തിൽ ലഭ്യമായിട്ടുണ്ട്.

## നിരണം പ്രാഥമികാരോഗ്യകേന്ദ്രം

167(2127) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരണം പ്രാഥമികാരോഗ്യ കേന്ദ്രത്തിനായി എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തിൽ അനുവദിച്ച കുടുംബാരോഗ്യ കേന്ദ്രം പുതുതായി പണികഴിക്കുന്ന കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിരണം പ്രാഥമികാരോഗ്യകേന്ദ്രത്തിനായി എം.എൽ.എ.- യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ഒ.പി. കെട്ടിടത്തിന്റെ അടിത്തറയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. ഭിത്തികെട്ടുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) ഒ.പി. കെട്ടിടത്തിന്റെ പണി തീരുന്ന മുറയ്ക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതാണ്.

## റാന്നി താലൂക്കാശുപത്രിയുടെ വികസനം

168(2128) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതു ഘട്ടം വരെയായി; എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി നൽകിയിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) സ്ഥലം ഏറ്റെടുപ്പിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നടപടികൾ പൂർത്തിയാക്കി എപ്പോൾ സ്ഥലം ഏറ്റെടുക്കാനാവും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) റാന്നി താലൂക്കാശുപത്രിയുടെ വികസനത്തിനായി നിലവിലുള്ള സ്ഥലത്തോട് ചേർന്ന് 25 സെന്റ് സ്ഥലം വാങ്ങുന്നതിന് 65 ലക്ഷം രൂപ ആവശ്യമുണ്ട്. റാന്നി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മതിയായ തുക ലഭ്യമല്ലാത്തതിനാൽ RSBY ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

## റാന്നി താലൂക്കാശുപത്രിക്ക് പുതിയ ഒ.പി. ബ്ലോക്ക്

169(2129) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിക്ക് 2019-20 ബജറ്റിൽ ഉൾപ്പെടുത്തി പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് റാന്നി എം.എൽ.എ. നൽകിയ കത്ത്, ഫണ്ട് ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റാന്നി താലൂക്കാശുപത്രിക്ക് ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തി 2019-20 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ധനകാര്യ വകുപ്പിന് കൈമാറിയിട്ടില്ല. ആയത് 448/ഇ 2/18/ആ.കു.വ. എന്ന ഫയൽ പ്രകാരം വിശദമായ റിപ്പോർട്ടിനായി 26-9-2018-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കൈമാറിയിരിക്കുകയാണ്.

**മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിലെ ഭൗതിക സൗകര്യങ്ങൾ**

170(2132) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ തൈറോയിഡ് ടെസ്റ്റ് സൗകര്യം കൂടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധനകൾ നടത്തി ഫലങ്ങൾ നൽകുന്നതിനും ലാബിൽ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനറേറ്റർ സൗകര്യം ഇല്ലാത്തതുമൂലം വൈദ്യുതി തടസ്സമുണ്ടാകുമ്പോൾ സാമ്പിളുകൾ ശേഖരിക്കുവാനും ലാബിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ടെസ്റ്റ് ചെയ്യുന്നതിനുള്ള റീഎജന്റുകൾ ലാബിൽ ലഭ്യമായിട്ടുണ്ട്. ഒരു ലാബ് ടെക്നീഷ്യനെ കൂടി നിയമിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ എൻ.എച്ച്.എം.-ന് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. ടി സ്ഥാപനത്തിലേയ്ക്ക് ജനറേറ്റർ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

171(2133) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും മറ്റ് ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) താലൂക്ക് ആശുപത്രിക്ക് അനുസൃതമായി ഇവിടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും അതിനനുസരിച്ച് ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ടോ; ഇവിടെ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം നൽകുമോ;

(സി) നിലവിലുള്ള ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അവ മോണിറ്റർ ചെയ്യുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും മറ്റ് ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| അനുവദിച്ച തസ്തികകൾ | അനുവദിച്ച തസ്തികകളുടെ എണ്ണം | നിലവിൽ ഉള്ളത് |
|---|---|---|
| (1) | (2) | (3) |
| സൂപ്രണ്ട് | 1 | 1 |
| ലേ സെക്രട്ടറി & ട്രഷറർ | 1 | 1 |
| മെഡിക്കൽ കൺസൾട്ടന്റ് | 1 | 1 |
| ജൂനിയർ കൺസൾട്ടന്റ് | 14 | 13 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 | 4 |
| അസിസ്റ്റന്റ് ഡെന്റൽ സർജൻ | 1 | 1 |

| (1) | (2) | (3) |
|---|---|---|
| നഴ്സിംഗ് സൂപ്രണ്ട് | 1 | 1 |
| ഹെഡ് നഴ്സ് | 4 | 4 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് 1, ഗ്രേഡ് 2 | 17 | 15 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1, ഗ്രേഡ് 2 | 4 | 3 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 1 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 | 1 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് 1, ഗ്രേഡ് 2 | 4 | 4 |
| ക്ലാർക്ക്/ സീനിയർ ക്ലാർക്ക് | 3 | 2 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 | 0 |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| റേഡിയോഗ്രാഫർ ഗ്രേഡ് 2 | 1 | 1 |
| എക്സ്റേ അറ്റന്റർ | 1 | 1 |
| ഡ്രൈവർ | 1 | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 14 | 13 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 | 2 | 2 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 11 | 10 |
| പാർട്ട് ടൈം സ്വീപ്പർ | 2 | 2 |
| ഡെന്റൽ മെക്കാനിക് | 1 | 1 |

(ബി) ടി ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയതിനുശേഷം പുതുതായി 26 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി സ്ഥാപനം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആർദ്രം മാനദണ്ഡമനുസരിച്ച് 3 തസ്തികകൾ കൂടി നിലവിൽ സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1
2. സ്റ്റാഫ് നഴ്സ് - 2
3. ലാബ് ടെക്നീഷ്യൻ- 1
4. ക്ലാർക്ക് - 1
5. ക്ലാർക്ക് ടൈപ്പിസ്റ്റ്- 1
6. നഴ്സിംഗ് അസിസ്റ്റന്റ് - 1
7. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II - 1

(സി) നിലവിലുള്ള ജീവനക്കാർ ആരും തന്നെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നില്ല.

**ദേശമംഗലം കുടുംബാരോഗ്യ കേന്ദ്രം**

172(2134) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ദേശമംഗലം പി. എച്ച്. സി. കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനുശേഷം ഏതെങ്കിലും തരത്തിലുള്ള വികസനനിർമ്മാണ പ്രവൃത്തികൾ ദേശമംഗലം ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് അവിടെ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; ദേശമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒ.പി. വിഭാഗത്തിൽ ഒരു ദിവസം ശരാശരി എത്തുന്ന രോഗികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 28-3-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 845/2017/ആ.കു.വ. പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി.

(ബി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനുശേഷം വികസന നിർമ്മാണ പ്രവൃത്തികൾക്കായി ദേശമംഗലം ഗ്രാമപഞ്ചായത്ത് ഫണ്ട് നൽകിയിട്ടില്ല. പഞ്ചായത്ത് ഒരു വർഷത്തേയ്ക്ക് ഒരു ഫാർമസിസ്റ്റിനെ നിയമിച്ചിരുന്നു.

(സി) കഴിഞ്ഞ ഒരു വർഷ കാലയളവിലെ (സെപ്റ്റംബർ 2018 മുതൽ സെപ്റ്റംബർ 2019 വരെ) ശരാശരി ഒരു ദിവസത്തെ ഒ.പി. 221 ആണ്.

(ഡി)

| | |
|---|---|
| ഡോക്ടർ | 4 |
| സ്റ്റാഫ് നഴ്സ് | 4 |
| ജെ.പി.എച്ച്.എൻ. | 4 |
| ജെ.എച്ച്.ഐ. | 3 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ഫാർമസിസ്റ്റ് | 2 |
| ക്ലാർക്ക് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | 2 |
| ലാബ് ടെക്നീഷ്യൻ | 1 |
| എൽ.എച്ച്.ഐ. | 1 |

ഒഴിവ് എൽ.എച്ച്.ഐ.-1, നഴ്സിംഗ് അസിസ്റ്റന്റ്-1.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 ജീവനക്കാരിൽ അർഹരായവർക്ക് പബ്ലിക് ഹെൽത്ത് നഴ്സ് പ്രൊമോഷൻ നൽകുന്നതിനായി ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ നടന്നുവരുന്നുണ്ട്. ട്രെയിനിംഗ് കഴിഞ്ഞ് റിപ്പോർട്ട് ചെയ്യുന്നതോടുകൂടി ഒഴിവുകൾ നികത്താൻ കഴിയുന്നതാണ്.

നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവ് നികത്തുന്നതിനായി 24-9-2019 മുതൽ വരവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽനിന്നും ഒരു നഴ്സിംഗ് അസിസ്റ്റന്റിനെ ജോലി ക്രമീകരണം വ്യവസ്ഥയിൽ നിയോഗിച്ചിട്ടുണ്ട്.

## ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

173(2135) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 13-8-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2690/2012/ആ.കു.വ. പ്രകാരം ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനായി 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക 4-2-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 403/14/ആ.കു.വ. പ്രകാരം നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ആലപ്പുഴ പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റും സ്ഥല പരിശോധനയും നടത്തി ടെണ്ടർ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(ബി) 50,00,000 രൂപ (അൻപത് ലക്ഷം രൂപ) പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റും സ്ഥല പരിശോധനയും നടത്തിയതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനം

174(2136) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപുരം പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് മുമ്പുള്ള ജീവനക്കാരുടെ വിവരം തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ആയതിന് ശേഷമുള്ള അധിക തസ്തികയുടെ വിവരം ലഭ്യമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനുശേഷമുള്ള ജീവനക്കാരുടെ വിവരം, തസ്തിക തിരിച്ച് വ്യക്തമാക്കാമോ; അടിസ്ഥാന സൗകര്യങ്ങളിൽ വന്ന മാറ്റം കൂടി വ്യക്തമാക്കാമോ;

(സി) പി.എച്ച്.സി.- കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ എത്ര അധിക തസ്തികകൾ ആണ് ഒരു സ്ഥലത്ത് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുമാരപുരം കുടുംബാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) കുമാരപുരം പി.എച്ച്.സി.-യിൽ നിലവിലുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 1 |
| 2 | ക്ലാർക്ക് | 1 |
| 3 | ഓഫീസ് അറ്റന്റന്റ് | 1 |
| 4 | ഫാർമസിസ്റ്റ് | 1 |
| 5 | സ്റ്റാഫ് നഴ്സ് | 4 |
| 6 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 7 | ആശുപത്രി അറ്റന്റന്റ് ഗ്രേഡ്-I | 1 |
| 8 | ആശുപത്രി അറ്റന്റന്റ് ഗ്രേഡ്-II | 2 |
| 9 | പി.റ്റി.എസ്. | 1 |
| 10 | ജെ.എച്ച്.ഐ. | 2 |
| 11 | ജെ.പി.എച്ച്.എൻ. | 2 |

കുമാരപുരം പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിലേയ്ക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിന്റെ സ്ഥാപനം തിരിച്ചുള്ള ഉത്തരവിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ

വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് തുക അനുവദിച്ചതിൽ കുമാരപുരം പി.എച്ച്.സി.-ക്ക് 14 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം. മുഖേന നിർമ്മാണ പ്ര വൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ വർഷം സൃഷ്ടിച്ച 1000 തസ്തികകൾ, പുതുതായി തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലുള്ള തസ്തികകൾ, പഞ്ചായത്ത് വഴിയുള്ള താത്കാലിക നിയമനങ്ങൾ, നിലവിലെ പ്രവർത്തന സ്ഥിതി (രോഗികളുടെ എണ്ണം), പ്രാദേശിക പിന്നോക്കാവസ്ഥകൾ തുടങ്ങിയ ഘടകങ്ങൾക്ക് പരിഗണന നൽകിക്കൊണ്ട് കുടുംബാരോഗ്യ മാനദണ്ഡവും കണക്കിലെടുത്താണ് തസ്തികകൾ അനുവദിക്കുന്നത്.

(ഡി) രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കുമാരപുരം പി.എച്ച്.സി.-ക്ക് 14 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം. മുഖേന നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആലത്തൂർ താലൂക്കാസ്ഥാനാശുപത്രിക്ക് ഡയാലിസിസ് സെന്റർ**

175(2137) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിക്ക് ഡയാലിസിസ് സെന്റർ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സെന്ററിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; സെന്റർ എന്നുമുതൽ പ്രവർത്തനക്ഷമമാകും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഡയാലിസിസ് കേന്ദ്രം കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി മുഖാന്തരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പണി പൂർത്തിയാക്കി ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്ത് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(സി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് പ്രതിദിനം 15000 ലിറ്ററോളം ജലം ആവശ്യമാണ്. ഗ്രാമപഞ്ചായത്തിൽനിന്നും ഒരു കുഴൽക്കിണർ പൂർത്തിയാക്കി നൽകുകയും കുടിവെള്ള കണക്ഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതിലൂടെ ലഭിക്കുന്ന ജലം ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കുവാൻ പര്യാപ്തമാകില്ല. ജലലഭ്യത ഉറപ്പുവരുത്തിയശേഷം ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കും.

## മാവേലിക്കര ആയുർവേദാശുപത്രി

176(2138) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾക്കുമായി തുക അനുവദിക്കുന്നതിനായി എം. എൽ. എ.-യുടെ കത്ത് ഉൾപ്പെടെ നൽകിയ എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിക്ക് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(സി) ഇതിനുവേണ്ടി അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ആയുർവേദാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അനുബന്ധ ഉപകരണങ്ങൾക്കുമായി തുക അനുവദിക്കുന്നതിനായി എം.എൽ.എ.-യുടെ കത്ത് ഉൾപ്പെടെ നൽകിയ എസ്റ്റിമേറ്റ് തുടർനടപടിക്കായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പദവി ഉയർത്തുന്നത് സംബന്ധിച്ച് നഗരസഭ തീരുമാനം ലഭ്യമാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) 2019-20-ൽ ഫണ്ട് അനുവദിച്ചിട്ടില്ല.

**കാട്ടാക്കട പനയംകോട് ഹെൽത്ത് സബ് സെന്റർ**

177(2143) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പനയംകോട് ഒരു പുതിയ ഹെൽത്ത് സബ് സെന്റർ അനുവദിക്കുന്നത് സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത സബ് സെന്റർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 25-5-2012-ലെ പി.17029/59/2012/എൻ.ആർ. എച്ച്.എം. 4 നമ്പരായുള്ള കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം 31-3-2012 തീയതിയിൽ നിലവിലുള്ള സബ് സെന്ററുകളുടെ എണ്ണത്തിന് മാത്രമായി കേന്ദ്ര സഹായം പരിധി ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീയതിയിൽ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകൾക്ക് മാത്രമാണ് കേന്ദ്ര സഹായം നൽകി വരുന്നത്. 31-3-2012 തീയതിയിൽ നിലവിലുള്ള തസ്തികകൾക്ക് അധികമായി സബ് സെന്ററുകളോ തസ്തികകളോ സദ്ധ്യമാകണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കാട്ടാക്കട നിയോജക മണ്ഡലത്തിലെ പനയംകോട് ഒരു പുതിയ ഹെൽത്ത് സബ് സെന്റർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**ബാലുശ്ശേരി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

178(2145) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രൈമറി ഹെൽത്ത് സെന്ററുകളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇതിനായി എന്തെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്; ഈ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാർ ഉദ്ദേശിക്കുന്ന രീതിയിൽ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ, കായണ്ണ, അത്തോളി, എരമംഗലം, പനങ്ങാട് എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കോട്ടൂർ പി.എച്ച്.സി.-യിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. നടുവണ്ണൂർ പി.എച്ച്.സി.-യിൽ ഒ.പി. രജിസ്ട്രേഷൻ, പ്രീ ചെക്ക്, ഒബ്സർവേഷൻ, ഫീഡിംഗ് റൂം, ലാബ്, സാമ്പിൾ കളക്ഷൻ, ലാബ് വെയിറ്റിംഗ് ഏരിയ, ഫാർമസി, ഫാർമസി സ്റ്റോർ എന്നീ സൗകര്യങ്ങൾ ഒരുക്കി പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്ക് എന്നീ പ്രവൃത്തികൾ നടന്നുവരുന്നു.

കായണ്ണ പി.എച്ച്.സി.-യിൽ വെയിറ്റിംഗ് ഏരിയ, ഒ.പി. രജിസ്ട്രേഷൻ, പ്രീ ചെക്ക്, ഒ.പി. ഒബ്സർവേഷൻ, സാമ്പിൾ കളക്ഷൻ, ലാബ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്ക് എന്നിവ നടന്നുവരുന്നു.

അത്തോളി പി.എച്ച്.സി.-യിൽ വെയിറ്റിംഗ് ഏരിയ, ഒ.പി. രജിസ്ട്രേഷൻ, പ്രീ ചെക്ക്, ഒ.പി. ഒബ്സർവേഷൻ, ഫീഡിംഗ് റൂം, ലാബ്, സാമ്പിൾ കളക്ഷൻ, നഴ്സിംഗ് സ്റ്റേഷൻ, അംഗപരിമിതർക്കുള്ള ശുചിമുറി എന്നീ സൗകര്യങ്ങൾ ഒരുക്കി പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്ക് എന്നിവ ചെയ്തുവരുന്നു.

എരമംഗലം പി.എച്ച്.സി.-യിൽ നിലവിലുള്ള കെട്ടിടത്തിന് ഒന്നാം നിലയും കോണിപ്പടിയും നിർമ്മിച്ച് ഇലക്ട്രിക്കൽ വർക്ക് ചെയ്തുവരുന്നു.

പനങ്ങാട് പി.എച്ച്.സി.-യിൽ പുതുതായി നിർമ്മിച്ച ഒ.പി. ബ്ലോക്കിന് പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്ക് എന്നിവ ചെയ്തുവരുന്നു.

(സി) സിവിൽ വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റാഫുകളെ ഡിപ്പാർട്ട്മെന്റ്/പഞ്ചായത്ത്/എൻ.എച്ച്.എം. മുഖേന നിയമിക്കുന്ന മുറയ്ക്കും പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

## കടയ്ക്കൽ താലൂക്കാശുപത്രിയിൽ അനധികൃതമായി ഡോക്ടർ ജോലി ചെയ്ത സംഭവം

179(2146) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ 17-10-2019-ന് പുലർച്ചെ ആരോഗ്യ വകുപ്പിന്റെ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ ഡ്യൂട്ടി ഡോക്ടർക്ക് പകരം യോഗ്യതയില്ലാത്തതും സർവ്വീസിലോ കരാർ അടിസ്ഥാനത്തിലോ നിയമനം ഇല്ലാത്തതുമായ അപരൻ ഡോക്ടറെ പിടികൂടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഡോക്ടർക്ക് പകരമാണ് അപരൻ ജോലി ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ അപരനായി ജോലി ചെയ്തതിന് ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത അപരനെ ജോലി ചെയ്യാൻ അനുവദിച്ച ആശുപത്രി സൂപ്രണ്ടിനും ആർ.എം.ഒ.-ക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് ഇത്തരത്തിൽ ഡ്യൂട്ടി ഡോക്ടർക്ക് പകരം അപരന്മാർ ജോലി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പരിശോധന നടത്തിയ ആരോഗ്യ വകുപ്പ് വിജിലൻസ് അഡീഷണൽ ഡയറക്ടർ ഡോ. ശ്രീലതയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-എഫ്) കൊല്ലം ജില്ലയിലെ കടയ്ക്കൽ താലൂക്കാശുപത്രിയിൽ 17-10-2019-ന് ആരോഗ്യ വകുപ്പ് അഡീഷണൽ (വിജിലൻസ്) ഡയറക്ടർ നടത്തിയ പരിശോധനയിൽ, മുൻപ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ടി ആശുപത്രിയിൽ ജോലി ചെയ്തിരുന്നയാളും എന്നാൽ ആരോഗ്യ വകുപ്പിൽ സ്ഥിരം നിയമനം നേടിയിട്ടില്ലാത്തയാളുമായ ഒരു ഡോക്ടർ ജോലി ചെയ്തിരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനുശേഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. സമാനമായ ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് വേറെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## മലയിൻകീഴ് ആശുപത്രിയുടെ ഭൗതിക സംവിധാനങ്ങൾ

180(2148) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്കിന്റെ ആസ്ഥാന ആശുപത്രിയായ മലയിൻകീഴ് ആശുപത്രിയുടെ ഭൗതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ആയതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനം കിഫ്ബിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 18-3-2019-ലെ ജി.ഒ.(ആർ.ടി.) നമ്പർ 694/2019/ആ.കു.വ. പ്രകാരം കിറ്റ്കോയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കൺസെപ്റ്റ് നോട്ട് തയ്യാറാക്കി വരുന്നു. ഇത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ചാണ് ഭരണാനുമതി നൽകുന്നത്. ഭരണാനുമതി നൽകിയശേഷം സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് വിശദമായ പരിശോധനകൾക്ക് ശേഷമാണ് കിഫ്ബി അനുമതി നൽകുന്നത്. കിഫ്ബി അന്തിമ അനുമതി ലഭ്യമായശേഷമാണ് പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള ടെണ്ടർ നടപടി ആരംഭിക്കുക.

## മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ കുടുംബാരോഗ്യ കേന്ദ്രം

181(2149) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ കുടുംബാരോഗ്യ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ; എങ്കിൽ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ നേമം ബ്ലോക്ക് പഞ്ചായത്തിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിലാണ് മലയിൻകീഴ്

താലൂക്കാശുപത്രി പ്രവർത്തിച്ചുവരുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി മലയിൻകീഴ് സി.എച്ച്.സി.-യെ 2018-ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്. 20 വാർഡുകളുള്ള ടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 38781 ആണ്. മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ടി താലൂക്കാശുപത്രി ഒഴികെ മറ്റ് സി.എച്ച്.സി.-യോ പി.എച്ച്.സി.-യോ പ്രവർത്തിക്കുന്നില്ല. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## വെറ്റിലപ്പാറ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിന് നടപടി

182(2150) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി കോളനികളും തോട്ടം മേഖലകളും ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനോ കിടത്തി ചികിത്സാ സൗകര്യത്തോടെ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ അനുവദിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സി.-യിലെ ദിവസേനയുള്ള ശരാശരി ഒ.പി. 200-ൽ താഴെയാണ്. നിലവിൽ 50 സെന്റ് സ്ഥലത്താണ് ഈ പി.എച്ച്.സി. പ്രവർത്തിക്കുന്നത്. ടി പ്രദേശത്തെ ജനസംഖ്യ 11215 ആണ്. ഇതിൽ 1647 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. 14 ട്രൈബൽ കോളനികളാണ് നിലവിലുള്ളത്. ഒരു ഡോക്ടർ ഉൾപ്പെടെ 22 ജീവനക്കാരുടെ സേവനം ടി സ്ഥാപനത്തിൽ ലഭ്യമാകുന്നുണ്ട്. കൂടാതെ, ട്രൈബൽ മൊബൈൽ യൂണിറ്റിന്റെ സഹായത്തോടെ ആഴ്ചതോറും കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. ആദിവാസി കോളനികളിൽ സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ ക്യാമ്പുകൾ, യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം, സി.ഒ.പി.ഡി. ക്ലിനിക്, മെന്റൽ ഹെൽത്ത് പ്രോഗ്രാം, എൻ.സി.ഡി. ക്ലിനിക്, വയോജനങ്ങൾക്കുള്ള ക്ലിനിക്, ആന്റിനേറ്റൽ ക്ലിനിക്, ദേശീയ അന്ധതാ നിവാരണ പ്രോഗ്രാം തുടങ്ങിയ എല്ലാ ആരോഗ്യ സേവന പ്രവർത്തനങ്ങളും പൊതുജനാരോഗ്യം ലക്ഷ്യമാക്കി നടത്തിവരുന്നു.

സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ

ക്രമീകരിക്കുന്നതിനായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വെറ്റിലപ്പാറ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റി ഉത്തരവായിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ 504 സ്ഥാപനങ്ങളിലേയ്ക്കുമായി 1000 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. (ഡോക്ടർമാർ- 400, സ്റ്റാഫ് നഴ്സ്- 400, ലാബ് ടെക്നീഷ്യൻ- 200). അതിന്റെ സ്ഥാപനം തിരിച്ച് ഉത്തരവിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെറ്റിലപ്പാറ പി.എച്ച്.സി.-യോട് ചേർന്നുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച 65 ലക്ഷം രൂപ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. ടി നിർമ്മാണ പ്രവൃത്തി കോസ്റ്റ് ഫോർഡ് എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കൂടാതെ, ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ ടി സ്ഥാപനത്തിലേയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം. ഫണ്ടിൽനിന്നും 15.50 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനം എഫ്.എച്ച്.സി.-യായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ ഫിസിയാട്രിസ്റ്റ് തസ്തിക

183(2151) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് വിലയിരുത്തുന്നുണ്ടോ;

(ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ ഫിസിയാട്രിസ്റ്റ് തസ്തികയിലെ രണ്ട് ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഫിസിയാട്രിസ്റ്റ് ഇല്ലാത്തതിനാൽ ആധുനിക ലേസർ ഉപകരണങ്ങൾ കേടാവാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പി.എം.ആർ. വിഭാഗത്തിലെ രണ്ട് ഡോക്ടർമാരിൽ ഒരാൾ പ്രസവാവധിയിലും രണ്ടാമത്തെ ഡോക്ടർ ജോലി ക്രമീകരണ വ്യവസ്ഥയിൽ തിരുവനന്തപുരം ജനറൽ

ആശുപത്രിയിലുമാണ്. എന്നാൽ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പി.എം.ആർ. വിഭാഗത്തിൽ ഒ.പി. ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും ടി വിഭാഗത്തിൽ ഉപയോഗിക്കുന്ന ഇ.എം.ജി. മെഷീൻ ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ഉപകരണങ്ങൾ ഉപയോഗ ശൂന്യമായിരിക്കുകയാണെന്നും ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത ആശുപത്രിയിൽനിന്നും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിതയായിരുന്ന പി.എം.ആർ. വിഭാഗം കൺസൾട്ടന്റ് ഡോ. സിന്ധുജ എൻ.എസ്.-ന് ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പി.എം.ആർ. വിഭാഗത്തിന്റെ പ്രവർത്തന ചുമതലകൂടി നൽകിക്കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

## തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ശുചിമുറി സൗകര്യം

184(2152) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഓപ്പറേഷൻ ബ്ലോക്കിനോട് ചേർന്നുള്ള എല്ലാ സൂപ്പർ സ്പെഷ്യാലിറ്റി വാർഡുകളിലും ശുചിമുറി സൗകര്യവും വാഷ് ബെയ്സിൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എല്ലാ വാർഡുകളിലും അടിയന്തരമായി ഈ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഓപ്പറേഷൻ ബ്ലോക്കിനോട് ചേർന്നുള്ള എല്ലാ സ്പെഷ്യാലിറ്റി വാർഡുകളിലും ശുചിമുറി സൗകര്യവും വാഷ് ബെയ്സിൻ സൗകര്യവും നിലവിലുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിലെ ഫാർമസിസ്റ്റ് തസ്തിക

185(2153) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഫാർമസിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്: ഇതിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഫാർമസിസ്റ്റുകൾ ആശുപത്രി സ്റ്റോർ കസ്റ്റോഡിയൻ ആയതുകൊണ്ട് സ്റ്റോർ ഡ്യൂട്ടിക്ക് പ്രത്യേക സമയം അനുവദിച്ചിട്ടുണ്ടോ; ആ സമയത്ത് മരുന്ന് നൽകുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിൽ ഫാർമസിസ്റ്റുമാരുടെ ഡ്യൂട്ടി സമയം എത്ര മണിക്കൂറാണ്; ഇവർക്ക് ഉച്ച ഭക്ഷണത്തിന് പ്രത്യേക സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽനിന്നും ഫാർമസിസ്റ്റിന്റെ ആവശ്യമുണ്ടായിരുന്ന 150 കുടുംബാരോഗ്യ കേന്ദ്രങ്ങളിലായി 150 ഫാർമസിസ്റ്റിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഒഴിവ് ജില്ല തിരിച്ച് വിശദമാക്കുന്നു.

| ജില്ല | ഗ്രേഡ് I ഒഴിവ് | ഗ്രേഡ് II ഒഴിവ് |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 9 | 5 |
| കൊല്ലം | 2 | 0 |
| പത്തനംതിട്ട | 0 | 6 |
| ആലപ്പുഴ | 1 | 5 |
| ഇടുക്കി | 7 | 3 |
| കോട്ടയം | 0 | 2 |
| എറണാകുളം | 3 | 0 |
| തൃശ്ശൂർ | 2 | 8 |
| പാലക്കാട് | 4 | 0 |

| (1) | (2) | (3) |
|---|---|---|
| മലപ്പുറം | 12 | 6 |
| കോഴിക്കോട് | 0 | 5 |
| വയനാട് | 8 | 0 |
| കണ്ണൂർ | 10 | 3 |
| കാസർഗോഡ് | 5 | 6 |
| ആകെ | 63 | 49 |

ഫാർമസിസ്റ്റ് ഗ്രേഡ് I-ന്റെ ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രേഡ് II-ന്റെ ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(സി) ഫാർമസിസ്റ്റുകൾ ആശുപത്രി സ്റ്റോർ കസ്റ്റോഡിയൻ ആയതിനാൽ സ്റ്റോർ ഡ്യൂട്ടിക്ക് പ്രത്യേക സമയം അനുവദിച്ചിട്ടില്ല. ആ സമയത്ത് മരുന്ന് നൽകുന്നതിന് പകരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മരുന്ന് നൽകുന്നതും സ്റ്റോർ ചുമതല നിർവ്വഹിക്കുന്നതും അതത് തസ്തികയിലുള്ള ഫാർമസിസ്റ്റുകളുടെ ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

(ഡി) ഒരു ഫാർമസിസ്റ്റ് മാത്രമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയും 2 ഫാർമസിസ്റ്റുമാരുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരാൾക്ക് രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെയും മറ്റൊരാൾക്ക് രാവിലെ 10 മണി മുതൽ വൈകുന്നേരം 6 മണി വരെയും മാറി മാറി ജോലി നോക്കുന്ന തരത്തിലാണ് ഫാർമസിസ്റ്റുമാരുടെ ജോലി സമയം ക്രമീകരിച്ചിരിക്കുന്നത്. ഇവർക്ക് ഉച്ച ഭക്ഷണത്തിന് പ്രത്യേക സമയം ക്രമീകരിച്ചിട്ടില്ല.

## മോഡേൺ മെഡിസിൻ/ആയുർവേദ/ഹോമിയോ മേഖലകളിൽ പുതിയ തസ്തികകൾ

186(2154) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോഡേൺ മെഡിസിൻ/ ആയുർവേദ/ഹോമിയോ മേഖലകളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോഡേൺ മെഡിസിൻ മേഖലയിൽ നാളിതുവരെ ആരോഗ്യ വകുപ്പിന് കീഴിൽ 3159 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1797 തസ്തികകളും ഹോമിയോപ്പതി വകുപ്പിൽ 10 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളും ഭാരതീയ ചികിത്സാ വകുപ്പിൽ 101 സ്ഥിരം തസ്തികകളും 8 താത്കാലിക തസ്തികകളും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 64 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കാറ്റഗറി തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ആരോഗ്യ വകുപ്പിലെ ആശ്രിത നിയമനം**

187(2155) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ എത്ര പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളത്; അറിയിക്കാമോ;

(സി) ആശ്രിത നിയമനം ആകെ ഒഴിവുകളുടെ അഞ്ച് ശതമാനം എന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിന് നിലവിൽ കാത്തിരിപ്പ് പട്ടികയുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകാമോ; ഇതിൽ ഓരോരുത്തരും എത്ര കാലമായി ആശ്രിത നിയമനത്തിന് സർക്കാർ ഉത്തരവായിട്ടും കാത്തിരിക്കുന്നവരാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തസ്തികകളിലായി ആരോഗ്യവകുപ്പിൽ 169 പേർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 16 പേർക്കും ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ഒരാൾക്കും ആശ്രിത നിയമനം നൽകിയിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 24-12-1999-ലെ സ.ഉ. (അച്ചടി) 12/1999/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ആരോഗ്യവകുപ്പിൽ ആശ്രിത നിയമനം നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മേൽ സൂചിപ്പിച്ച 24-12-1999-ലെ ഉത്തരവ് പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന ലോവർ ഡിവിഷൻ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ പരേതൻ ജോലി ചെയ്തിരുന്ന വകുപ്പിൽ നിലവിൽ ഒഴിവുകൾ ഉള്ളപക്ഷം അത്തരം ഒഴിവുകളിലോ, ഒഴിവുകൾ നിലവിലില്ലാത്തപക്ഷം തൊട്ടടുത്ത് സംഭവിക്കുന്ന ഒഴിവുകളിലോ ആശ്രിത നിയമനം നൽകേണ്ടതാണ്. ഒഴിവുകളുടെ അഭാവം നിമിത്തം അത്തരം നിയമനം സാദ്ധ്യമാകാത്ത പക്ഷം, അത്തരം നിയമനം പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് വഴി നടത്തേണ്ടതാണ്. പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് വഴിയുള്ള ഇത്തരം നിയമനങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി എല്ലാ വകുപ്പുതലവന്മാരും നിയമനാധികാരികളും തങ്ങളുടെ വകുപ്പിൽ പ്രതിവർഷം സംഭവിക്കാനിടയുള്ള ഒഴിവുകളുടെ 5 ശതമാനം പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടും നിയമനം ലഭിക്കുവാൻ ബാക്കിയുള്ള, ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ഉദ്യോഗാർത്ഥികളുടെ കാത്തിരുപ്പ് പട്ടിക അനുബന്ധമായി ചേർക്കുന്നു*. ഡ്രഗ്സ് കൺട്രോളർ വകുപ്പിൽ നിലവിൽ കാത്തിരുപ്പ് പട്ടികയില്ല.

## പാലക്കാട് ജില്ലാ ആശുപത്രിയിൽ കെയർ ടേക്കർമാരുടെ നിയമനം

188(2157) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വഴിയിൽ ഉപേക്ഷിക്കപ്പെട്ട ബന്ധുക്കൾ ഇല്ലാത്ത രോഗബാധിതരായവരെ പോലീസ് ആശുപത്രിയിൽ എത്തിച്ചശേഷം ആശുപത്രിയിൽ ഒപ്പം നിന്ന് ഇവരെ പരിചരിക്കുവാൻ ആരുമില്ലാത്തതിനാൽ ഇവരെ കുളിപ്പിക്കുന്നതും ശുചിമുറിയിൽ കൊണ്ടുപോകേണ്ടതും ഭക്ഷണം നൽകേണ്ടതും ആശുപത്രി ജീവനക്കാരാണെന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലാ ആശുപത്രിയിൽ താൽക്കാലിക അടിസ്ഥാനത്തിലെങ്കിലും കെയർടേക്കർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

പാലക്കാട് ജില്ലാ ആശുപത്രിയിൽ അനാഥരായ രോഗികളെ പരിചരിക്കാനുള്ള ബുദ്ധിമുട്ടുകളും മാനവശേഷിക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ ആശുപത്രി ജീവനക്കാർ ഇവരെ കുളിപ്പിക്കുകയും പ്രാഥമിക കാര്യങ്ങൾക്ക് സഹായിക്കുകയും ഭക്ഷണം നൽകുകയും ചെയ്തുവരുന്നുണ്ട്. എന്നാലും പരസഹായം ആവശ്യമുള്ള രോഗികളാകുമ്പോൾ 24 മണിക്കൂറും പരിചരിക്കുവാൻ സഹായം ആവശ്യമുള്ളതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ കെയർ ടേക്കർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**തിരുവില്വാമല സി.എച്ച്.സി.-യിലെ തസ്തിക**

189(2158) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല സി.എച്ച്.സി.-യിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല സി.എച്ച്.സി.-യിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദാംശങ്ങൾ

| Category | Sanctioned Post |
|---|---|
| (1) | (2) |
| Civil Surgeon | 1 |
| Assistant Surgeon | 3 |
| Health Supervisor | 1 |
| PHN Supervisor | 1 |
| Head Nurse | 1 |
| Staff Nurse Grade 1/II | 4 |

| (1) | (2) |
|---|---|
| Pharmacist Grade I | 1 |
| Senior Clerk | 2 |
| Office Attendant Grade I | 1 |
| Driver Grade II | 1 |
| Lab Technician | 2 |
| Optometrist Grade I | 1 |
| Nursing Assistant | 3 |
| Hospital Attendant Grade II | 4 |
| Part time cleaner | 1 |

(ബി) മേൽ തസ്തികകളിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ 3 തസ്തികയും ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും പാർട്ട് ടൈം ക്ലീനറുടെ ഒരു തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി പി.എസ്.സി.-യിലേയ്ക്ക് എൻ.ഒ.സി.-ക്ക് അപേക്ഷിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സമാരുടെ രണ്ട് ഒഴിവിലേയ്ക്ക് പുതിയ പി.എസ്.സി. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റാഫ് നഴ്സിന്റെ ഒരു ഒഴിവിലേയ്ക്ക് ചേലക്കര താലൂക്ക് ആശുപത്രിയിൽനിന്നും ഒരാളെ സ്ഥലം മാറ്റി നൽകിയിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ എൻ.എച്ച്.എം. മുഖേന ഒരു ലാബ് ടെക്നീഷ്യനെ നിയമിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എണ്ണം

190(2159) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എണ്ണം ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ഇവാലുവേഷൻ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം എത്രയെന്നും ഈ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പേരുവിവരങ്ങളും ഏത് സ്ഥാപനത്തിലാണ് ജോലി ചെയ്യുന്നതെന്നും അറിയിക്കാമോ;

(സി) സ്പെഷ്യൽ റൂൾ പ്രകാരമുള്ള അനുവദനീയമായ അനുപാതം (1:3) അനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ ജെ.എച്ച്.ഐ. ഗ്രേഡ്-2 തസ്തികയിൽ ബൈ ട്രാൻസ്ഫർ നിയമനത്തിലൂടെ ജോലി ചെയ്യാൻ കഴിയുന്നവരുടെ എണ്ണം പരമാവധി എത്രയെന്ന് വിശദമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്ന ജെ.എച്ച്.ഐ.-മാരുടെ പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും ഗ്രേഡ് തിരിച്ച് നൽകാമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ ജെ.എച്ച്.ഐ. തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്നും അവ ഏതൊക്കെ സ്ഥാപനങ്ങളിലാണെന്നും ഗ്രേഡ് തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27-7-2019-ലെ ഇ.ജി2/40/2016/ ആ.വ.ഡ. എന്ന പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ജെ.എച്ച്.ഐ. ഗ്രേഡ്-2 തസ്തികയിൽ നിന്നും ജെ.എച്ച്.ഐ. ഗ്രേഡ്-1 തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് എത്ര പേരുടെ വിവരങ്ങളാണ് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1-156

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 - 156

(ബി) അഞ്ച്. ടി തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പേര് വിവരങ്ങളും സ്ഥാപനവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | സ്ഥാപനം |
|---|---|---|
| 1 | അരുൺ ആരെൻസി | ആരോഗ്യവകുപ്പ് ആസ്ഥാന കാര്യാലയം |
| 2 | എം.എ. അജിത് കുമാർ | |
| 3 | കെ. മുഹമ്മദ് സക്കീർ | |
| 4 | പി. പ്രവീൺ കുമാർ | |
| 5 | എ. ആർ. ഷിറോസ് | |

(സി) 39 എണ്ണം.

(ഡി) തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്ന ജെ.എച്ച്.ഐ.-മാരുടെ പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം എ-യായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ നിലവിൽ ഒഴിവില്ല.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 തസ്തികയിൽ 10 ഒഴിവുകളാണ് നിലവിലുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | സാമൂഹികാരോഗ്യ കേന്ദ്രം, മണമ്പൂർ | 2 |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം, മലയടി | 1 |
| 3 | പ്രാഥമികാരോഗ്യ കേന്ദ്രം,കരവാരം | 1 |
| 4 | പ്രാഥമികാരോഗ്യ കേന്ദ്രം, പെരിങ്ങമല | 1 |
| 5 | പ്രാഥമികാരോഗ്യ കേന്ദ്രം, കീഴാറ്റിങ്ങൽ | 1 |
| 6 | കുടുംബാരോഗ്യ കേന്ദ്രം, ചെമ്മരുതി | 1 |
| 7 | കുടുംബാരോഗ്യ കേന്ദ്രം, കിളിമാനൂർ | 1 |
| 8 | സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളനാട് | 1 |
| 9 | താലൂക്ക് ആശുപത്രി, വിതുര | 1 |
| | ആകെ | 10 |

(എഫ്) 32 പേരുടെ. ആയതിന്റെ പകർപ്പ് അനുബന്ധം ബി-യായി ചേർക്കുന്നു.*

## ഒപ്റ്റോമെട്രിസ്റ്റുമാരുടെ നിയമനം

191(2160) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഒപ്റ്റോമെട്രിസ്റ്റുമാരെ നിയമിക്കാത്തതുമൂലം അന്ധതാനിവാരണ പ്രവർത്തനങ്ങൾ തകിടം മറിയുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പല ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റുമാരില്ലാത്തതിനാൽ വിലയേറിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാകാതെ തുരുമ്പെടുത്ത് നശിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി വഴിയോ ദേശീയ ആരോഗ്യ ദൗത്യം വഴിയോ താൽക്കാലികമായി ഒപ്റ്റോമെട്രിസ്റ്റുമാരെ നിയമിച്ച് പ്രശ്നപരിഹാരം കാണുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒപ്റ്റോമെട്രിസ്റ്റിന്റെ 7 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**മായം കലർന്ന ഭക്ഷ്യവസ്തുക്കളുടെ വിവരങ്ങൾ വെബ്സൈറ്റിൽ**

192(2161) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുന്ന മായം കലർന്ന ഭക്ഷ്യവസ്തുക്കളുടെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് മുഖ്യവിവരാവകാശ കമ്മീഷണർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ലാബുകളിൽ പരിശോധന നടത്തി നിലവാരമില്ലാത്തതും മായം കലർന്നതും വ്യാജവുമായ ഭക്ഷ്യവസ്തുക്കളാണെന്ന് കണ്ടെത്തുന്നവയുടെ പേരും ബ്രാന്റും നിർമ്മാതാക്കളുടെ വിവരങ്ങളും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും അതുസംബന്ധിച്ച് മാധ്യമങ്ങൾ വഴി പ്രചരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) എ.പി. നമ്പർ 1452 (1)/2019/എസ്.ഐ.സി. (ഫയൽ നമ്പർ 12447/എസ്.ഐ.സി.-ജി4/2019) നമ്പർ ഹർജിയിന്മേൽ സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ ശ്രീ. വിൻസൻ എം. പോൾ 6-9-2019-ൽ

പുറപ്പെടുവിച്ച ഉത്തരവിൽ പൊതുജനാരോഗ്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിട്ടുള്ള വിവരങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കേണ്ട ചുമതലയും ഉത്തരവാദിത്വവും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ഭക്ഷ്യവസ്തുക്കൾ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ഭക്ഷ്യവസ്തുവിന്റെ ബ്രാൻഡും നിർമ്മാതാവിന്റെ വിവരവും ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും ഭക്ഷ്യവസ്തുക്കളുടെ ഫോട്ടോ സഹിതം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ വിവരങ്ങൾ പത്രമാധ്യമങ്ങളിലൂടെ വാർത്താക്കുറിപ്പായും പ്രസിദ്ധീകരിക്കുന്നുണ്ട്.

**ഭക്ഷ്യ വസ്തുക്കളിലെ മായം സംബന്ധിച്ച കേസ്സുകൾ**

193(2162) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അറവുശാലകളിൽ നിന്ന് ലഭിക്കുന്ന മൃഗക്കൊഴുപ്പ് ഉരുക്കി മായം കലർത്തിയ എണ്ണ ബേക്കറി പലഹാര നിർമ്മാണത്തിന് ഉപയോഗിക്കുന്നതായി വന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതും പഴകിയ ഭക്ഷണങ്ങൾ വിൽക്കുന്നതും സംബന്ധിച്ച് എത്ര കേസ്സുകളാണ് ഈ സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിവരിക്കാമോ; മുനിസിപ്പൽ പ്രദേശത്ത് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഒട്ടാകെ ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ 1441 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 422 പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം വാർത്തകളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിയെങ്കിലും അത്തരം കേസ്സുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 17 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 3 പ്രോസിക്യൂഷൻ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞവയിൽ 9 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും ഒരു പ്രോസിക്യൂഷൻ കേസ്സുമാണ് മുനിസിപ്പൽ പ്രദേശത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്ബ് പദ്ധതി

194(2163) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തട്ടുകടകളെയും ചെറുകിട ലഘു ഭക്ഷണശാലകളെയും കോർത്തിണക്കിക്കൊണ്ട് വൃത്തിയും ശുചിത്വവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പുവരുത്തി തദ്ദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾക്ക് തനതായ കേരളീയ ഭക്ഷണം ഉറപ്പുവരുത്തുക എന്നതാണ് Clean Street Food Hub പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ ആയത് നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

## ഹോട്ടലുകളിൽ മാലിന്യ സംസ്കരണത്തിന് സംവിധാനങ്ങൾ

195(2164) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ വേണ്ടത്ര വേസ്റ്റ് മാനേജ്മെന്റും ഡ്രെയിനേജ് സംവിധാനങ്ങളും ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടലുകളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(സി) നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള ഹോട്ടലുകൾ മാലിന്യം റോഡിലേക്കും പൊതുയിടങ്ങളിലേക്കും ഒഴുക്കി വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഹോട്ടലുകളിൽ കൂടുതൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചില ഹോട്ടലുകളിൽ വേണ്ടത്ര വേസ്റ്റ് മാനേജ്മെന്റും ഡ്രെയിനേജ് സംവിധാനങ്ങളും ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിച്ച് ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ പോരായ്മകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് അത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. തുടർ പരിശോധനയിൽ പോരായ്മകൾ പരിഹരിക്കാത്തതായി കണ്ടെത്തുന്ന പക്ഷം സ്ഥാപനം അടച്ച് പൂട്ടുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഹോട്ടലുകളിലെ ശുചിത്വം പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തിവരുന്നു. ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി ഹെൽത്ത് കേരള ക്യാമ്പയിൻ വഴി ഹോട്ടലുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനകളിൽ ശുചിത്വമില്ലായ്മ കാണുന്നപക്ഷം സ്ഥാപനത്തിന് നോട്ടീസ് നൽകുകയും താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്പ്പിക്കുകയും ചെയ്യുന്നു. തുടർന്ന് പോരായ്മകൾ പരിഹരിച്ചു എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം പ്രവർത്തനം തുടരുവാൻ അനുമതി നൽകുകയാണ് ചെയ്തുവരുന്നത്.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം നിഷ്കർഷിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്നുമുണ്ട്.

## ഭക്ഷ്യസുരക്ഷാ പരിശോധന കാര്യക്ഷമമാക്കാൻ നടപടി

196(2165) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് മികവ് കൈവരിക്കാനായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ പൊതു വിപണിയിൽ ജൈവരീതിയിൽ ഉല്പാദിപ്പിച്ചതെന്ന പേരിൽ ലഭിക്കുന്നവയുൾപ്പെടെയുള്ള പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനികളുടെയും ആരോഗ്യത്തിന് ഹാനികരമായ രാസസംരക്ഷണോപാധികളുടെയും സാന്നിധ്യമുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന ശക്തിപ്പെടുത്താൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ;

(സി) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ മാതൃക പഞ്ചായത്ത് പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് നടത്തിയ പരിശോധനയിൽ നക്ഷത്ര പദവിയുള്ള ഹോട്ടലുകളിൽ പോലും ഭക്ഷ്യയോഗ്യമല്ലാത്ത ആഹാര പദാർത്ഥങ്ങൾ കണ്ടെത്തിയ സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ പരിശോധന കൂടുതൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് മികവ് കൈവരിക്കാനായിട്ടുണ്ട്.

(ബി) ജൈവരീതിയിൽ ഉത്പാദിപ്പിച്ചതെന്ന പേരിൽ വിപണിയിൽ ലഭ്യമായ പച്ചക്കറി, പഴങ്ങൾ തുടങ്ങിയവയുടെ സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ ക്യാരറ്റിലും കാശ്മീരി ചില്ലിയിലും മാത്രമാണ് കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളത്. എന്നിരുന്നാലും പച്ചക്കറികളിലെയും പഴങ്ങളിലെയും കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള പരിശോധനകൾ തുടർന്നുവരികയാണ്.

(സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതിയാണിത്. 2016-17-ൽ 50 ഗ്രാമപഞ്ചായത്തുകളിലും 2017-18-ൽ 100 ഗ്രാമപഞ്ചായത്തുകളിലും 2018-19-ൽ 120 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം 126 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്:

1. ഗ്രാമപഞ്ചായത്തുകളിലെ ഭക്ഷണ ഉൽപ്പാദന, വിതരണവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന തരത്തിലുള്ള ലൈസൻസ്/രജിസ്ട്രേഷൻ ഉറപ്പാക്കുക.

2. മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകളിലെ പൊതു ടാപ്പുകളിലെയും പൊതു കിണറുകളിലെയും വെള്ളത്തിന്റെ ഗുണനിലവാരം ലാബുകളിൽ പരിശോധിച്ച് ഉറപ്പുവരുത്തുക.

3. സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, കാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുക.

4. ഗ്രാമപഞ്ചായത്തുകളിലെ ചെറുകിട, വൻകിട ഭക്ഷ്യ വ്യാപാരികൾ, ഹോട്ടലുകൾ, കാന്റീനുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികളെക്കുറിച്ച് വിദഗ്ദ്ധരുടെ ക്ലാസ്സുകൾ നടത്തുക.

(ഡി) നക്ഷത്ര പദവിയുള്ള ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പരിശോധിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**നിപ വൈറസ് ബാധ തടയുന്നതിനുവേണ്ടി പദ്ധതികൾ**

197(2166) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നിപ വൈറസ് ബാധ ഈ വർഷവും സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രസ്തുത വൈറസിന്റെ കാഠിന്യം കണക്കിലെടുത്ത് ഇത് തടയുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

## ഉത്തരം

2018-ൽ നിപ വൈറസ് ബാധ ഉണ്ടായതിനുശേഷം 2019-ലെ "ആരോഗ്യജാഗ്രത" എന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയിൽ ഈ രോഗത്തിനെതിരെ പ്രതിരോധ ബോധവൽക്കരണ പരിപാടികളും ആശുപത്രികളിൽ അണുനശീകരണ പ്രവർത്തനങ്ങളും പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരികയായിരുന്നു. മാത്രമല്ല നിപ വൈറസ് പരത്തുന്ന വവ്വാലുകളുടെ പ്രജനന സമയത്ത് വേണ്ട ജാഗ്രത പുലർത്തുവാനും രോഗനിരീക്ഷണം കാര്യക്ഷമമാക്കുവാനും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. നിപ പ്രതിരോധ നിയന്ത്രണങ്ങൾക്കുള്ള മാർഗ്ഗരേഖകളും എല്ലാ ജില്ലകൾക്കും ലഭ്യമാക്കിയിരുന്നു.

2019-ൽ ഒരാൾക്ക് ഈ രോഗം വീണ്ടും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ മെഡിക്കൽ കോളേജിൽ നിപ സംശയിക്കുന്നവർക്ക് പ്രത്യേകം ഐസൊലേഷൻ വാർഡ് സജ്ജീകരിക്കുവാൻ നിർദ്ദേശിച്ചു. അണുനശീകരണ പ്രവർത്തനങ്ങളും മാലിന്യ നിർമ്മാർജ്ജനവും വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളും ഊർജ്ജിതപ്പെടുത്തി. സംസ്ഥാന ദ്രുത കർമ്മസേന യോഗം ചേർന്ന് ചികിത്സാ മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റം വരുത്തി ഡി.എം.ഒ.-മാർക്കും മെഡിക്കൽ കോളേജുകൾക്കും ലഭ്യമാക്കി, വിദഗ്ധ ഗവേഷണ കേന്ദ്രങ്ങളുടെയും വിവിധ വകുപ്പുകളുടെയും പങ്കാളിത്തവും ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ, മരുന്നിന്റെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. നിപ പ്രതിരോധിക്കുന്നതിന് പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റ് വഴിയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പത്ര -ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ലഭ്യമാക്കിയിട്ടുണ്ട്.

## എൻ.എ.ബി.എച്ച്. അംഗീകാരമുള്ള ആശുപത്രികൾ

198(2167) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ആശുപത്രികൾക്കാണ് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുള്ളത്; ഇവയ്ക്ക് അംഗീകാരം ലഭിച്ച വർഷം വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം സർക്കാർ ആശുപത്രികൾക്കാണ് എൻ.എ.ബി.എച്ച്. അംഗീകാരം ഉള്ളതെന്ന് അറിയിക്കാമോ;

(സി) എൻ.എ.ബി.എച്ച്. അംഗീകാരം ഉണ്ടായിരുന്ന ആശുപത്രികൾക്ക് അത് നഷ്ടപ്പെടുന്നതിനും അംഗീകാരം പുതുക്കി ലഭിക്കാത്തതിനുമുള്ള കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ച ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ആശുപത്രി | ലഭിച്ച വർഷം |
|---|---|---|
| 1 | ജനറൽ ആശുപത്രി, എറണാകുളം | 2017 |
| 2 | സാമൂഹിക ആരോഗ്യ കേന്ദ്രം, പാണ്ടിപ്പള്ളി, എറണാകുളം | 2015 |
| 3 | ഡബ്ല്യു. & സി. കോഴിക്കോട് | 2013 |
| 4 | താലൂക്ക് ആശുപത്രി, ചേർത്തല, ആലപ്പുഴ | 2012 |
| 5 | ഡബ്ല്യു. & സി. തൈക്കാട്, തിരുവനന്തപുരം | 2012 |
| 6 | ജില്ലാ ആശുപത്രി, കണ്ണൂർ (പ്രീ അക്രെഡിറ്റേഷൻ എൻട്രി ലെവൽ) | 2015 |
| 7 | റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം | 2014 |

(ബി) 1. ജനറൽ ആശുപത്രി, എറണാകുളം

2. ഡബ്ല്യു. & സി., കോഴിക്കോട്

(സി) 2013-ൽ കേന്ദ്ര സർക്കാർ അക്രെഡിറ്റേഷൻ പ്രോസസ്സായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (NQAS) ആരംഭിച്ചു. NQAS എന്നത് NABH പോലെ ISQUA (International Standard of Quality) അംഗീകരിച്ച അക്രെഡിറ്റേഷൻ ആണ്.

NQAS ആരംഭിച്ചതോടുകൂടി സ്വതന്ത്ര ഏജൻസിയായി QCI നടത്തുന്ന NABH അക്രെഡിറ്റേഷൻ സർക്കാർ ആശുപത്രികൾ എടുക്കുന്നതിനുള്ള സാമ്പത്തിക സഹായം നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) R.O.P.യിലൂടെ നൽകുന്നത് അവസാനിപ്പിച്ചിരിക്കുന്നു. NABH എടുക്കുന്നതിന് പ്രതിവർഷം അസെസ്സ്മെന്റ് ഫീസും അതുകൂടാതെ അക്രെഡിറ്റേഷൻ ഫീസായ മൂന്ന് ലക്ഷം രൂപയും ഓരോ ആശുപത്രിക്കും NABH-ന്റെ നടത്തിപ്പുകാരായ

സ്വതന്ത്ര ഏജൻസിയായ QCI-ക്ക് നൽകേണ്ടതാണ്. ഇത് സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നു. അതേസമയം ഭാരത് സർക്കാർ നൽകുന്ന NQAS അക്രെഡിറ്റേഷൻ നേടുകയാണെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രതിവർഷം ഒരു കിടക്കയ്ക്ക് 10,000 രൂപ എന്നനിലയിൽ ഇൻസെന്റീവ് ലഭിക്കുന്നതാണ്. അതുകൊണ്ടുതന്നെ സർക്കാർ ഇപ്പോൾ NABH-നെ പോലെ ISQUA അംഗീകരിച്ച NQAS അക്രെഡിറ്റേഷൻ എടുക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ഇതുവരെ സംസ്ഥാനത്തെ 55 ആശുപത്രികൾക്ക് NQAS അക്രെഡിറ്റേഷൻ ലഭിച്ചുകഴിഞ്ഞു. 13 ആശുപത്രികൾ റിസൾട്ടിനായി കാത്തിരിക്കുകയാണ്. ഈ സാമ്പത്തിക വർഷാവസാനത്തോടെ 140 ആശുപത്രികൾ എങ്കിലും NQAS അക്രെഡിറ്റേഷൻ നേടി എടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## കായംകുളം താലൂക്കാശുപത്രി

199(2169) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ 2016, 2017, 2018, 2019 വർഷങ്ങളിൽ നാളിതുവരെ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ ആശുപത്രികളുടെ വികസനത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കായംകുളം താലൂക്കാശുപത്രിയിൽ 2016, 2017, 2018, 2019 വർഷങ്ങളിൽ നാളിതുവരെ ആശുപത്രി വികസന സമിതി മുഖാന്തരം ലഭിച്ച വരുമാനത്തിന്റെ കണക്ക്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| 1 | 2016-17 | 45,18,493 രൂപ |
| 2 | 2017-18 | 62,63,032 രൂപ |
| 3 | 2018-19 | 80,57,022 രൂപ |
| 4 | 2019 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ | 47,97,735 രൂപ |

ദേശീയ ആരോഗ്യ മിഷൻ ആശുപത്രിയിലേയ്ക്ക് അനുവദിച്ച തുക

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| 1 | 2016-17 | 4,99,000 രൂപ |
| 2 | 2017-18 | 9,90,000 രൂപ |
| 3 | 2018-19 | 13,42,000 രൂപ |
| 4 | 2019 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ | 9,38,700 രൂപ |

ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം ലഭിച്ച തുക

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| 1 | 2016-17 | 87,72,165 രൂപ |
| 2 | 2017-18 | 83,54,742 രൂപ |
| 3 | 2018-19 | 1,05,45,372 രൂപ |
| 4 | 2019 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ | 63,02,523 രൂപ |

(ബി) ആശുപത്രിയുടെ വികസനത്തിനായി ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

ആശുപത്രി വികസന സമിതി മുഖാന്തിരം ചെലവാക്കിയ തുക

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| 1 | 2016-17 | 42,15,381 രൂപ |
| 2 | 2017-18 | 5,39,07,641 രൂപ |
| 3 | 2018-19 | 79,55,881 രൂപ |
| 4 | 2019 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ | 58,28,532 രൂപ |

ദേശീയ ആരോഗ്യ മിഷൻ മുഖാന്തിരം ചെലവാക്കിയ തുക

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| 1 | 2016-17 | 4,98,928 രൂപ |
| 2 | 2017-18 | 9,89,902 രൂപ |
| 3 | 2018-19 | 12,13,415 രൂപ |
| 4 | 2019 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ | 5,38,295 രൂപ |

ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം ചെലവാക്കിയ തുക

| ക്രമ നമ്പർ | സാമ്പത്തിക വർഷം | വരവ് |
|---|---|---|
| 1 | 2016-17 | 66,53,004 രൂപ |
| 2 | 2017-18 | 83,69,464.5 രൂപ |
| 3 | 2018-19 | 93,35,322 രൂപ |
| 4 | 2019 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ | 36,25,391 രൂപ |

## ചാലക്കുടി കൊരട്ടി പഞ്ചായത്തിലെ ആരോഗ്യമേഖലയിലെ വികസനം

200(2170) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്തിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വക 100 ഏക്കറിലധികം വരുന്ന സ്ഥലത്ത് ആധുനിക ചികിത്സാ കേന്ദ്രമോ ആരോഗ്യമേഖലയിലെ പ്രധാന വികസന കേന്ദ്രമോ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്തിലെ ഗാന്ധിഗ്രാമം ത്വക്ക് രോഗാശുപത്രിയിൽ ആരോഗ്യ വകുപ്പിന്റെ മനുഷ്യവിഭവശേഷി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണി പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഗ്രൗണ്ട് ഫ്ലോർ, 2nd ഫ്ലോർ ഒന്നാം ഘട്ടം പണി പൂർത്തിയായി. രണ്ടാം ഘട്ടം പൂർത്തിയായിവരുന്നു. കൂടാതെ, സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടതുപ്രകാരം ആശുപത്രി അന്തേവാസികൾക്ക് സേവനം കാര്യക്ഷമമായി ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട 17 കോടി രൂപയുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ നബാർഡ് അംഗീകരിക്കുകയും ഭരണാനുമതി നൽകി സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡർ വിഭാഗം**

201(2172) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡർ വിഭജിച്ച് പബ്ലിക് ഹെൽത്ത് കേഡർ എന്നും മെഡിക്കൽ സർവ്വീസ് കേഡർ എന്നും രണ്ടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പാക്കുമ്പോൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും എന്തെല്ലാം മാറ്റങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാലാവസ്ഥാ ജന്യരോഗങ്ങളും പകർച്ച വ്യാധികളും ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ പൊതുജനാരോഗ്യ വിഭാഗം (പബ്ലിക് ഹെൽത്ത് കേഡർ) എന്ന പുതിയ വിഭാഗം ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ മെഡിക്കൽ സർവ്വീസസ് കേഡർ, പൊതുജനാരോഗ്യ കേഡർ എന്ന് വിഭജിച്ചുകൊണ്ടാണ് ഇത്തരത്തിൽ രൂപീകൃതമായത്. മെഡിക്കൽ ഓഫീസർമാർക്ക് ഇപ്പോൾ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിൽ ഇതിനനുസൃതമായി ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആശുപത്രികളുടെ ഭരണപരമായ കാര്യങ്ങളുടെ ഒപ്പം

പൊതുജനാരോഗ്യ പരിപാടികളും നടത്തിക്കൊണ്ട് പോകേണ്ടതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ടും സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധികളിന്മേൽ നിയന്ത്രണം വരുത്തേണ്ട നടപടികളുടെ ഗൗരവവും ആവശ്യകതയും കണക്കിലെടുത്തുകൊണ്ടുമാണ് നിലവിലുള്ള കേഡറിനെ വിഭജിക്കുന്നതിനുള്ള ശിപാർശ വിഭാവനം ചെയ്തിരിക്കുന്നത്.

**ആശാ വർക്കർമാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ**

202(2173) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാവർക്കർമാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ അനുവദിക്കണമെന്നഭ്യർത്ഥിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 20-9-2019-ലെ എഫ്ഡബ്ല്യൂ/325/2019/എച്ച്. നമ്പർ കത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) തുച്ഛമായ വേതനത്തിൽ ജോലി നോക്കുന്ന ആശാവർക്കർമാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങളും സൗജന്യ ഇൻഷ്വറൻസും അനുവദിക്കുന്നതിന് വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കറുകുറ്റി പഞ്ചായത്തിലെ ആശാപ്രവർത്തക സമർപ്പിച്ച നിവേദനത്തിന്മേൽ ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ തേടുകയുണ്ടായി.

(ബി & സി) സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ദേശീയ ആരോഗ്യ ദൗത്യം ഡയറക്ടർ 29-10-2019-ലെ NHM/1362/JC(SD)/2019/SPMSU കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു. ആശമാർക്ക് സ്ഥിരമായ വേതനമല്ല നൽകുന്നത്. മറിച്ച് സംസ്ഥാന സർക്കാർ നൽകുന്ന ഓണറേറിയവും വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുമാണ്. ആയതിനാൽ ആശാപ്രവർത്തകർ ഇ.എസ്.ഐ. പരിധിക്കുള്ളിൽ വരുന്നവരല്ല. എന്നാൽ ഇൻഷ്വറൻസ് പരിരക്ഷ NHM വഴി നൽകുന്നുണ്ട്.

### റേഡിയോഗ്രാഫർ ഗ്രേഡ്- II ഒഴിവുകൾ

203(2174) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവ്വീസിൽ വിവിധ ആശുപത്രികളിൽ റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകളുണ്ട് എന്നറിയിക്കുമോ;

(ബി) റേഡിയോഗ്രാഫർ ഗ്രേഡ് II ഹെൽത്ത് സർവ്വീസ് (കാറ്റഗറി നമ്പർ 189/2016) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) റേഡിയോഗ്രാഫർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

### ആശാ വർക്കർമാരുടെ സേവനം

204(2175) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശാ വർക്കർമാരുടെ സേവനം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ആശാ വർക്കർമാർക്ക് നിലവിൽ എത്ര രൂപയാണ് വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രൈവർ, ഓഫീസ് അസിസ്റ്റന്റ്, പാർട്ട്ടൈം സ്വീപ്പർ എന്നിവർക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ദിവസവേതനം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സമൂഹത്തെ, പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാവർക്കർമാരുടെ പ്രധാന ഉത്തരവാദിത്വം. ആശാ പ്രവർത്തകരുടെ ചുമതലകൾ താഴെ പറയുന്നവയാണ്:

- സാമൂഹിക ബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.
- ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക.
- ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക.

- ഗർഭകാലശുശ്രൂഷയും ടി-ടി, (IFA) എന്നിവയും ലഭ്യമാക്കുക.
- ജനനീ സുരക്ഷ യോജനയുടെ പ്രയോജനം ലഭ്യമാക്കുക.
- കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക.
- പ്രാദേശിക ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.
- പകർച്ചവ്യാധി നിയന്ത്രണം, കൊതുക് നിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുക.
- നവജാതശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.
- നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

(ബി) 2016-17-ൽ 1000 രൂപയിൽനിന്ന് 1500 രൂപയായും 2017-18-ൽ 2000 രൂപയായും 2018-19-ൽ 4000 രൂപയായും 2019-20-ൽ 4500 രൂപയുമായി ഓണറേറിയം ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ 4500 രൂപയാണ് ആശാ വർക്കർമാർക്ക് പ്രതിമാസ ഓണറേറിയമായി നൽകുന്നത്. ഇതുകൂടാതെ, ചാക്രിക (Rotation basis) അടിസ്ഥാനത്തിലുള്ള ഭവന സന്ദർശകർക്ക് പ്രതിമാസം 2000 രൂപ നിശ്ചിത ഇൻസെന്റീവും നൽകിവരുന്നു. ഇതിനുപുറമെ, ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽനിന്നും 1500 രൂപ മുതൽ 2000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശമാർക്ക് ലഭിക്കുന്നുണ്ട്. ഈ വിധത്തിൽ 8000 മുതൽ 11,000 രൂപ വരെ പ്രതിമാസം ആശമാർക്ക് ലഭിക്കുന്നതാണ്.

(സി)

| ക്രമ നമ്പർ | തസ്തിക | ദിവസ വേതനം | പരമാവധി തുക |
|---|---|---|---|
| 1 | ഡ്രൈവർ | 715 | 19670 |
| 2 | ഓഫീസ് അസിസ്റ്റന്റ് | 740 | 20760 |
| 3 | പാർട്ട് ടൈം സ്വീപ്പർ | 200 | 6000 |

## ദേശീയ കുടുംബക്ഷേമ പദ്ധതി

205(T*2176) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹനാഥൻ മരണപ്പെട്ടാൽ കുടുംബത്തെ സഹായിക്കുന്നതിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയായ എൻ.എഫ്.ബി.എസ്. (ദേശീയ കുടുംബക്ഷേമ പദ്ധതി) പ്രകാരം അപേക്ഷ സ്വീകരിച്ച വകയിൽ ഓരോ ജില്ലയിലും എത്ര തുക വീതം നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്നും എത്ര തുക സംസ്ഥാന സർക്കാരിന് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ തുക അനുവദിക്കാത്ത സാഹചര്യത്തിൽ അപേക്ഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തുക (രൂപയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 14,23,75,000 |
| 2 | കൊല്ലം | 14,37,40,000 |
| 3 | പത്തനംതിട്ട | 3,78,40,000 |
| 4 | ആലപ്പുഴ | 10,16,35,000 |
| 5 | കോട്ടയം | 7,00,00,000 |
| 6 | ഇടുക്കി | 1,78,75,000 |
| 7 | എറണാകുളം | 16,86,60,000 |
| 8 | തൃശ്ശൂർ | 9,89,05,000 |
| 9 | പാലക്കാട് | 10,42,40,000 |
| 10 | മലപ്പുറം | 12,67,00,000 |
| 11 | കോഴിക്കോട് | 7,27,30,000 |
| 12 | വയനാട് | 3,27,00,000 |
| 13 | കണ്ണൂർ | 6,16,60,000 |
| 14 | കാസർഗോഡ് | 4,23,40,000 |
| | ആകെ | 1,22,14,00,000 |

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി & സി) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിലെ (2018 ഒക്ടോബർ മുതൽ 2019 മാർച്ച് മാസം വരെയുള്ളത്) വിഹിതം കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും അടുത്ത പാദത്തിലേയ്ക്കുള്ള സംസ്ഥാന സർക്കാർ ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിലുമാണ് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. 2019-20 വർഷത്തെ ശിപാർശയും 2018-19 രണ്ടാം പാദം അനുവദിച്ച തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആശാ വർക്കർമാർ**

206(2177) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശാവർക്കർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ഇവരുടെ ഓണറേറിയം തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ പ്രതിമാസ വേതനമായി എത്ര രൂപയാണ് ഇവർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശാ വർക്കർമാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 പ്രാവശ്യം ഓണറേറിയം തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2016-17-ൽ 1,000 രൂപയിൽനിന്നും 1,500 രൂപയായും 2017-18-ൽ 2,000 രൂപയായും 2018-19-ൽ 4000 രൂപയായും 2019-20-ൽ 4,500 രൂപയായുമായാണ് ഓണറേറിയം ഉയർത്തിയത്.

(ബി) 2019-20-ൽ 4,500 രൂപയാണ് ആശമാർക്ക് പ്രതിമാസ ഓണറേറിയമായി നൽകുന്നത്. ഇതുകൂടാതെ ചാക്രിക (Rotation basis) അടിസ്ഥാനത്തിലുള്ള ഭവന സന്ദർശകർക്ക് പ്രതിമാസം 2,000 രൂപ നിശ്ചിത ഇൻസെന്റീവും നൽകിവരുന്നു. ഇതിനുപുറമെ, ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽനിന്നും 1,500 രൂപ മുതൽ 2,000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശമാർക്ക് ലഭിക്കുന്നുണ്ട്. ഈ വിധത്തിൽ 8,000 മുതൽ 11,000 രൂപ വരെ പ്രതിമാസം ആശമാർക്ക് ലഭിക്കുന്നതാണ്.

## പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം

207(2178) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുമോ; വ്യക്തമാക്കുമോ;

(സി) പാരാമെഡിക്കൽ സ്ഥാപനങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും നിലവാരം ഉറപ്പാക്കുന്നതിന് സമഗ്ര നിയമനിർമ്മാണത്തിന് തയ്യാറാകുമോ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ നിലവാരം ഉറപ്പാക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെയും ആരോഗ്യ വകുപ്പ് ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധ സമിതികളുടെ പരിശോധനയ്ക്ക് ശേഷമാണ് പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുവാൻ അംഗീകാരം നൽകുന്നത്. പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്കായി ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിച്ചിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സിന്റെ നിലവാരം ഉറപ്പാക്കുന്നതിനായി അക്കാദമിക് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പാരാമെഡിക്കൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാല വാർഷിക പരിശോധന നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ നിലവാരം ഉറപ്പാക്കുന്നതിന് കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് പ്രാക്ടീസ് നടത്താൻ അനുവാദം

208(2179) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മെഡിക്കൽ ബിരുദങ്ങൾ നേടി സംസ്ഥാനത്ത് എത്തുന്ന മെഡിക്കൽ ബിരുദധാരികളുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബിരുദ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ അറിയുന്നതിന് എന്തൊക്കെ പരിശോധനാ മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) വിദേശത്ത് ഓഫ് കാമ്പസ് വിദ്യാഭ്യാസം വഴിയും വിദൂര വിദ്യാഭ്യാസ സംവിധാനം വഴിയും മെഡിക്കൽ ബിരുദം കരസ്ഥമാക്കുന്നവരെ സംസ്ഥാനത്ത് പ്രാക്ടീസ് നടത്താൻ അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിദേശ വിദ്യാഭ്യാസം നേടിയ മെഡിക്കൽ ബിരുദധാരികൾക്ക് സംസ്ഥാനത്ത് ഇന്റേൺഷിപ്പ് നിർബന്ധമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) വിദേശ രാജ്യങ്ങളിൽനിന്നും മെഡിക്കൽ ബിരുദം നേടി സംസ്ഥാനത്ത് എത്തുന്നവർ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനായി അപേക്ഷിക്കുന്ന സമയത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ വിദ്യാഭ്യാസ രേഖകളുടെയും പഠന കാലയളവിലെ പാസ്പോർട്ടിന്റെയും അസ്സൽ പരിശോധനാ വിധേയമാക്കുന്നുണ്ട്. പ്രസ്തുത രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിനായി അതാത് +2 ബോർഡ്, എം.സി.ഐ., നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, എംബസി/ ഹൈക്കമ്മീഷൻ, ഇന്റേൺഷിപ്പ് ചെയ്ത സ്ഥാപനം എന്നിവിടങ്ങളിലേയ്ക്ക് വെരിഫിക്കേഷനായി അയച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നു. പ്രസ്തുത വെരിഫിക്കേഷൻ റിപ്പോർട്ടുകൾ എം.സി.ഐ.-യുടെ സ്ക്രീനിംഗ് ടെസ്റ്റ് റെഗുലേഷൻസ്-2002, ക്ലോസ് 4(1) പ്രകാരം, ഓരോ രാജ്യത്തിലെയും പ്രൈമറി മെഡിക്കൽ ക്വാളിഫിക്കേഷൻ

പ്രസ്തുത രാജ്യത്ത് പ്രാക്ടീസ് ചെയ്യാവുന്ന യോഗ്യതയാണെന്ന് ആ രാജ്യത്തെ ഇന്ത്യൻ എംബസി/ഹൈക്കമ്മീഷൻ മുഖേന സാക്ഷ്യപ്പെടുത്തി നൽകുന്ന രേഖകളും റ്റി.സി.എം.സി. നിയോഗിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി നൽകുന്ന ശിപാർശ കൗൺസിൽ അംഗീകരിച്ചതിനുശേഷം മാത്രമാണ് രജിസ്ട്രേഷനുകൾ നൽകാറുള്ളത്.

(സി) ഓഫ് കാമ്പസ് മുഖേന മെഡിക്കൽ ബിരുദം നേടിയിട്ടുള്ള വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് കോടതി വിധികളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ, അത്തരം അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും അത് ആരോഗ്യ മേഖലയ്ക്ക് ഗുണകരമല്ലെന്ന് കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ ഓഫ് കാമ്പസ് രീതിയിൽ മെഡിക്കൽ ബിരുദം നേടി വരുന്നവർക്ക് രജിസ്ട്രേഷൻ അനുവദിക്കേണ്ടതില്ലെന്ന് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം പത്രമാധ്യമങ്ങൾ മുഖേന പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. വിദേശ മെഡിക്കൽ ബിരുദം നേടി ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ സ്ഥിര രജിസ്ട്രേഷനായി 1-1-2018 മുതൽ അപേക്ഷ സമർപ്പിക്കുന്നവർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള കേരളത്തിലോ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തോ ഉള്ള സ്ഥാപനത്തിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പരിശീലനം പൂർത്തീകരിക്കേണ്ടതുണ്ട്.

## വിദേശ രാജ്യങ്ങളിലെ എം.ബി.ബി.എസ്. പഠനം

209(2180) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്ന് എം. ബി. ബി. എസ്. ബിരുദം കരസ്ഥമാക്കിയവർക്ക് സംസ്ഥാനത്ത് ചികിത്സ നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളിലെ എം. ബി. ബി. എസ്. പഠനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകാനിടയുള്ള ചൂഷണങ്ങൾ തടയുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽനിന്ന് മെഡിക്കൽ ബിരുദം നേടുന്നവർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്ക്രീനിംഗ് ടെസ്റ്റ് റെഗുലേഷൻസ് 2002-ലെ മാനദണ്ഡപ്രകാരം നടത്തുന്ന ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ് എക്സാമിനേഷൻ (FMGE) പാസ്സാകേണ്ടതുണ്ട്. കൂടാതെ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള രാജ്യത്തെ ഒരു സ്ഥാപനത്തിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പരിശീലനവും പൂർത്തീകരിച്ചിട്ടുള്ളവർക്ക് നിശ്ചിത ഫീസ് അടച്ച് ട്രാവൻകൂർ - കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ സ്ഥിര രജിസ്ട്രേഷനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത ഉറപ്പുവരുത്തി ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ അനുവദിക്കുന്നു. ടി രജിസ്ട്രേഷൻ ഉള്ളവർക്ക് സംസ്ഥാനത്ത് ചികിത്സ നടത്താവുന്നതാണ്.

(ബി) വിദേശ മെഡിക്കൽ ബിരുദം നേടാനാഗ്രഹിക്കുന്നവർ ഏജന്റുമാർ നൽകുന്ന തെറ്റായ വിവരങ്ങളിൽ വഞ്ചിതരാകരുതെന്ന് കാണിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കോഴ്സിന്റെ അംഗീകാരം, കോഴ്സ് കാലാവധി, ഫീസ് മുതലായവയുടെ അന്വേഷണം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ, ഓരോ വർഷവും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിദേശ മെഡിക്കൽ കോളേജുകളുടെ ലിസ്റ്റും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കാറുണ്ട്.

## ഫാർമസി വ്യവസായരംഗം ശക്തമാക്കാൻ നടപടി

210(2181) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസി കോളേജുകളിൽ പി.ജി. കോഴ്സ് ആരംഭിക്കുന്നതിന്റെ ഭാഗമായി ഫാർമസ്യൂട്ടിക്കൽ അനാലിസിസ് കോഴ്സ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഡ്രഗ് ടെസ്റ്റിംഗ് ലാബ് ആരംഭിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആയത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഫാർമസി വ്യവസായരംഗത്തെ ഗുണനിലവാര പരിശോധന ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ; ആയതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫാർമസ്യൂട്ടിക്കൽ അനാലിസിസ് പി.ജി. കോഴ്സ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തും സംസ്ഥാന സർക്കാരിന്റെ മരുന്ന് പരിശോധന ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തിച്ച് വരുന്നുണ്ട്. 1-6-2019 മുതൽ തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ പുതിയതായി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ പഴശ്ശി പ്രോജക്റ്റിന്റെ ഉടമസ്ഥതയിലുള്ള 34 സെന്റ് സ്ഥലം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കൈമാറുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ സ്ഥലം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഏറ്റെടുക്കുന്നതിന്റെ പ്രാരംഭഘട്ടത്തിലാണ്.

പത്തനംതിട്ട ജില്ലയിൽ കോന്നിയിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തുടങ്ങുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സ്ഥലം അനുവദിച്ച് കിട്ടിയിട്ടുണ്ട്. കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള തുടർനടപടികൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

(സി) 2014 വരെ സംസ്ഥാനത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി മാത്രമാണ് ഉണ്ടായിരുന്നത്. 2014-2019-ന് ഇടയിൽ എറണാകുളത്തും തൃശ്ശൂരും ഓരോ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾകൂടി പ്രവർത്തനസജ്ജമായതോടെ വിപണിയിൽനിന്ന് കൂടുതൽ മരുന്നുകൾ ശേഖരിച്ച് ഗുണപരിശോധന നടത്തുവാൻ സാധ്യമായിട്ടുണ്ട്. നിരന്തരമായി സ്ഥാപന പരിശോധനകളിലൂടെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ പ്രതിപാദിക്കുന്ന Misbranded, Adulterated Spurious എന്നീ മരുന്നുകൾ ഒന്നുംതന്നെ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇത്തരം മരുന്നുകൾ കണ്ടെത്തിയാൽ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

## സർക്കാർ മേഖലയിലെ നഴ്സിംഗ് കോളേജുകൾ

211(2182) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര നഴ്സിംഗ് കോളേജുകളാണ് പ്രവർത്തിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) പുതിയതായി ഏതെങ്കിലും നഴ്സിംഗ് കോളേജുകൾ സർക്കാർ തലത്തിൽ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 7 നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലാണ് നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നത്.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളായ കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിൽ പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള ഭൗതിക സാഹചര്യം ഒരുക്കൽ, തസ്തിക സൃഷ്ടിക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്.

## വനിതാ വികസന കോർപ്പറേഷൻ

212(2183) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ ഏതൊക്കെ സർക്കാർ അന്വേഷണ ഏജൻസികൾ പരിശോധനകൾ നടത്തിയിട്ടുണ്ടെന്നറിയിക്കാമോ; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണ ഏജൻസികൾ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കോർപ്പറേഷൻ പുതിയതായി നടപ്പിലാക്കിയ എന്തെങ്കിലും പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത കോർപ്പറേഷൻ ആരംഭിച്ച ഏതൊക്കെ പദ്ധതികൾ നിർത്തലാക്കി; എങ്കിൽ നിർത്തലാക്കാനുള്ള സാഹചര്യം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നീ ഏജൻസികൾ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സുരക്ഷ@സ്കൂൾ, ഷീ ഒപ്റ്റിക്കൽസ്, സന്ദേശ് വൺ, കുടിവെള്ള ശുദ്ധീകരണം തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഷീ ഒപ്റ്റിക്കൽസ്, സന്ദേശ് വൺ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നില്ല.

PPP മോഡലിൽ ആവിഷ്കരിക്കപ്പെട്ട ഈ രണ്ട് പദ്ധതികളെക്കുറിച്ച് നിരവധി പരാതികൾ ലഭിച്ചിരുന്നു. പ്രാഥമിക പരിശോധനയിൽ സ്വകാര്യ ഏജൻസികളുമായി ഏർപ്പെട്ടിരിക്കുന്ന കരാറുകളിൽ നിരവധി അപാകതകൾ കണ്ടെത്തി. പ്രധാനമായും പൊതുമേഖലാ സ്ഥാപനമായ കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യത്തിനോട് വിരുദ്ധമായ കരാറുകളാണ് ഇവയെന്ന് കണ്ടെത്തിയിരുന്നു. ഈ പദ്ധതികൾ പ്രകാരം സംരംഭകത്വ വായ്പ സ്വീകരിച്ച വനിതകൾ ഭീമമായ തുകയ്ക്ക് കടക്കാരായി എന്നതിനപ്പുറം അവരുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനോ ഉപജീവനമാർഗ്ഗം നൽകുന്നതിനോ പ്രാപ്തമായ രീതിയിൽ ആയിരുന്നില്ല പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്.

കൂടാതെ, കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് ഏകദേശം 2 കോടിയോളം രൂപ (മുതൽ ഇനത്തിൽ മാത്രമായി) തിരിച്ച് കിട്ടാൻ പ്രയാസമായ രീതിയിൽ പുറത്തേയ്ക്ക് പോകുന്നതിനും ടി പദ്ധതികൾ ഇടയാക്കിയിട്ടുണ്ട്. നിരവധി പരാതികൾ ലഭിച്ചിരുന്നത് കൂടാതെ പത്ര മാധ്യമങ്ങളിലൂടെ ആരോപണങ്ങളും ഉന്നയിക്കപ്പെട്ടിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് നിർത്തിവച്ചു.

## സ്പെഷ്യൽ സ്കൂളുകൾക്ക് പാക്കേജ്

213(2184) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗക്കാർക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കുമോ;

(ബി) സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാക്കേജ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ ഭൗതികവും അക്കാദമികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 27-11-2017-ൽ ബഹു മാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഇത്തരം സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് സാമൂഹ്യനീതി, ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്നതിന് തീരുമാനിച്ചിരുന്നു.

സ്പെഷ്യൽ സ്കൂളുകൾക്കായി സാമൂഹ്യനീതി വകുപ്പ് തയ്യാറാക്കിയ സമഗ്ര പാക്കേജ് നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളെ കുട്ടികളുടെ എണ്ണം, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ, ലഭ്യമാക്കുന്ന സേവനങ്ങൾ എന്നിവ അനുസരിച്ച് A, B, C ഗ്രേഡുകളായി തിരിച്ചും പ്രസ്തുത ഗ്രേഡുകളിൽ ഉൾപ്പെടാത്തതും നിലവിൽ രജിസ്ട്രേഷൻ ലഭ്യമായിട്ടുള്ളതും പൊതുവിദ്യാഭ്യാസ ഡയറക്ടർ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതുമായ സ്പെഷ്യൽ സ്കൂളുകളെ D ഗ്രേഡിൽ ഉൾപ്പെടുത്തി സ്പെഷ്യൽ സ്കൂളുകളുടെ കാറ്റഗറൈസേഷൻ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക തുക A, B, C, ഗ്രേഡഡ് സ്കൂളുകൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

## സാമൂഹ്യനീതി രംഗത്തെ പരിഷ്കാരങ്ങൾ

214(2185) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമൂഹ്യനീതി രംഗത്ത് നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കിയതുമൂലം പുതിയതായി ലഭ്യമായ സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-6-2017-ലെ സ.ഉ.(കൈ) നമ്പർ 24/2017/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. രണ്ട് വകുപ്പുകളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ

215(2186) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിപുലമായ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇവർക്കുള്ള തിരിച്ചറിയൽ കാർഡിന്റെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിവിധ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരിച്ചറിയൽ കാർഡ് വിതരണം

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. നിലവിൽ ഓൺലൈൻ സംവിധാനത്തിലൂടെയാണ് തിരിച്ചറിയൽ കാർഡ് നൽകിവരുന്നത്. നിലവിൽ നാനൂറോളം പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

2. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

3. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്

നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി വരുന്നു. സ്കൂൾ തലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയുമാണ് സ്കോളർഷിപ്പ് തുക.

4. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി

ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും ഭൂരിഭാഗം വ്യക്തികളും കുടുംബത്തിൽനിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിച്ചിട്ടുണ്ട്.

5. സംരംഭകത്വ വികസന പരിശീലന പരിപാടി

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിന് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി അതിജീവനത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാർ സ്ഥാപനമായ C-STED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് ഈ പരിശീലനം നൽകിയിട്ടുള്ളത്.

6. എച്ച്.ഐ.വി. സീറോ സർവ്വെലൻസ് സെന്റർ

സംസ്ഥാനത്ത് ആകമാനമുള്ള ട്രാൻസ്ജെൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്.

അത്തരം തൊഴിൽ ചെയ്യേണ്ടിവരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ എച്ച്.ഐ.വി. വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി തിരുവനന്തപുരത്ത് എച്ച്.ഐ.വി. സീറോ സർവ്വെയലൻസ് സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. സെന്ററിന്റെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്.

എറണാകുളം, കാസർഗോഡ് ജില്ലകളിൽ കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. 24X7 ഹെൽപ്പ് ലൈൻ

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

- കമ്മ്യൂണിറ്റി കൗൺസിലറുടെ സേവനം ഏത് സമയത്തും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നതാണ്.
- ലഭിക്കുന്ന പരാതികൾക്കെതിരെ ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.
- പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് ആയത് എത്തിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നു.

8. ബ്യൂട്ടീഷൻ പരിശീലന പരിപാടി

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആന്റ് ചാരിറ്റബിൾ സൊസൈറ്റിയും (എറണാകുളം) സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തുന്ന ബ്യൂട്ടീഷൻ പരിശീലന പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

9. തയ്യൽ മെഷീൻ വിതരണ പദ്ധതി

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും വിധേയരാകേണ്ടിവരുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനരധിവാസം ഉറപ്പാക്കേണ്ടതുണ്ട്.

- ആയതുപ്രകാരം തയ്യൽ പഠിച്ച് പ്രവൃത്തി പരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.
- സംസ്ഥാനത്ത് 100 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ നൽകുവാൻ ആണ് തീരുമാനിച്ചിരിക്കുന്നത്.
- മെഷീനുകൾ ജില്ലകളിൽ വിതരണം ചെയ്യുന്നു.

10. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർ വ്യക്തികൾ ചെലവാക്കേണ്ടി വരുന്നുണ്ട്.

പുരുഷനിൽനിന്ന് സ്ത്രീയിലേയ്ക്കും സ്ത്രീയിൽനിന്ന് പുരുഷനിലേയ്ക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിവരുന്നത്.

11. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർ ചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേയ്ക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റ് അനുബന്ധ

ചെലവുകൾക്കുമായി ഒരു നിശ്ചിത തുക വകുപ്പ് വകയിരുത്തിയിട്ടുണ്ട്. പ്രതിമാസം 3000 രൂപയാണ് വകുപ്പ് നൽകിവരുന്നത്.

- ഓരോ മാസവും നിശ്ചിത തുക ലഭിക്കുന്നതുമൂലം ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യം നല്ല രീതിയിൽ നിലനിർത്തുന്നതിനായി സഹായകരമാകും.
- ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയും അർഹരായവർക്ക് ധനസഹായം വിതരണം ചെയ്തുവരികയും ചെയ്യുന്നു.

12. സ്വയംതൊഴിൽ ധനസഹായം

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനരധിവാസം ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി ഇവർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഒരു വ്യക്തിക്ക് 50,000 രൂപ എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നിലവിൽ 62 പേർക്ക് ആദ്യഗഡുവും 8 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

13. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായുള്ള പദ്ധതിയാണിത്.

- വനിതാ വികസന കോർപ്പറേഷൻ മുഖേന ആയിരിക്കും തുക നൽകപ്പെടുക.
- ഒരു സംരംഭകർക്കോ സംരംഭകത്വത്തിനോ 3 ലക്ഷം രൂപ വരെ ആയിരിക്കും നൽകുക.
- പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 അംഗങ്ങൾക്കായിരിക്കും തുക നൽകുക.
- പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ കണ്ടെത്തി ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയംപര്യാപ്തരാക്കാൻ കഴിയും.
- 30 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

14. ഡ്രൈവിംഗ് പരിശീലനം

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നു.

- ഒരു ജില്ലയിൽ 5 വീതം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനാണ് പ്രാരംഭഘട്ട തീരുമാനം.
- ഇതിൻപ്രകാരം 14 ജില്ലകളിലും അപേക്ഷ സ്വീകരിക്കുകയും ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.
- 2018 മാർച്ച് മാസം തന്നെ പരിശീലന പരിപാടിക്കുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.
- പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

15. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്കാണ് ഈ പദ്ധതി ലഭ്യമാകുന്നത്.

- 30,000 രൂപയാണ് ധനസഹായമായി ലഭ്യമാകുന്നത്.
- വിവാഹശേഷം 6 മാസത്തിന് ശേഷവും ഒരു വർഷത്തിനകവും ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

16. ബോധവൽക്കരണ പരിപാടികൾ

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് നേരെ തികഞ്ഞ അവഗണനയാണ് പലപ്പോഴും പൊതുസമൂഹം വച്ചുപുലർത്തുന്നത്. സമൂഹനിർമ്മിതിയിൽ അദ്ധ്യാപകർക്കും പോലീസുകാർക്കും സർക്കാർ ജീവനക്കാർക്കും വലിയ പങ്കുണ്ടെന്നിരിക്കെ ചിലരുടെ ഭാഗത്തുനിന്നും വിവേചനപരമായ ഇടപെടൽ ഉണ്ടാകുന്നു എന്നത് ദയനീയമാണ്. ഭരണഘടന

അനുശാസിക്കുന്ന മൗലികാവകാശങ്ങൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ലഭിക്കേണ്ടതാണ്.

- സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും കുടുംബശ്രീ പ്രവർത്തകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു.
- സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 10 വീതം സ്കൂളുകളും കോളേജുകളും തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

17. കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ

കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

- പ്രാരംഭ ഘട്ടമെന്ന നിലയിൽ കേരളത്തിൽ 5 കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ 2 കെയർ ഹോമുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

18. ട്രാൻസ്ജെൻഡർ കലോത്സവം

ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി വകുപ്പ് മുഖേന സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായുള്ള വകുപ്പുതല നടപടികൾ പൂർത്തിയായിട്ടുണ്ട്. വർണ്ണപ്പകിട്ട് 2019 എന്ന പേരിൽ 2019 നവംബർ 8, 9 തീയതികളിൽ നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

19. അഡ്വക്കസി ക്യാമ്പയിൻ

പൊതുസമൂഹം ഇത്തരം ജീവിതങ്ങൾ അനുഭവിക്കുന്ന മാനസിക ശാരീരിക വെല്ലുവിളികളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും ഇനിയും മനസ്സിലാക്കേണ്ടതുണ്ട്. ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവിക്കാൻ എല്ലാ വിഭാഗം മനുഷ്യർക്കും ഒരുപോലെയുള്ള അവകാശമാണുള്ളതെന്ന പൊതുബോധത്തെ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അഡ്വക്കസി ക്യാമ്പയിൻ C-dit മുഖേന നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

20. <u>നൈപുണ്യ വികസന പരിശീലന പരിപാടി</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിക്കുന്നത്. സർക്കാർ/സർക്കാരിതര ഏജൻസി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

21. <u>ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം</u>

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം അനുവദിച്ച സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒരു കോഴ്സിന് 2 സീറ്റ് വീതമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. എറണാകുളം മഹാരാജാസ് കോളേജിലാണ് ആദ്യമായി പഠിതാക്കൾ സംവരണ സീറ്റിലൂടെ അഡ്മിഷൻ നേടിയത്.

22. <u>പി.എസ്.സി. പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചു</u>

പി.എസ്.സി. പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി പുരുഷൻ, സ്ത്രീ എന്നതിനൊപ്പം ട്രാൻസ്ജെൻഡർ കോളം കൂടി ഉൾപ്പെടുത്തുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2019 ജനുവരി മാസം മുതൽ ഇത് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പൊതുനിയമനങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ കൂടി ഉൾപ്പെടുത്തി ചരിത്രം കുറിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുന്നു.

23. <u>ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ കോളം</u>

മോട്ടോർ വാഹന വകുപ്പ് മുഖേന നൽകുന്ന ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തം സ്വത്വം വെളിപ്പെടുത്തി ലൈസൻസ് ലഭ്യമാക്കുന്നതിന് എല്ലാ നടപടികളും വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായുള്ള എല്ലാ അപേക്ഷാ ഫോമുകളിലും ട്രാൻസ്ജെൻഡർ കോളം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

24. <u>ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സൗഹൃദ ടോയ്ലെറ്റുകൾ സ്ഥാപിക്കാൻ അനുമതി</u>

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ട്രാൻസ്ജെൻഡർ സൗഹൃദ ടോയ്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഠിതാക്കളുള്ള എറണാകുളം മഹാരാജാസ് കോളേജിൽ ട്രാൻസ്മാൻ, ട്രാൻസ് വുമൺ എന്നിവർക്കായി രണ്ട് സൗഹൃദ ടോയ്ലെറ്റുകളാണ് സ്ഥാപിക്കുന്നത്.

(ബി) 'എ'-യിൽ പ്രതിപാദിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 2235-60-200-64 (P) ശീർഷകത്തിൽ 450 ലക്ഷം രൂപയും 2235-60-200-92 (P) ശീർഷകത്തിൽ 60 വയസ്സിന് മുകളിലുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ക്ഷേമ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രായോഗികത ഉറപ്പു വരുത്തുന്നതിനുമായി വിപുലമായ കർമ്മ പദ്ധതിക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാന ജസ്റ്റിസ് ബോർഡ്, ജില്ലാ ജസ്റ്റിസ് ബോർഡുകൾ, ട്രാൻസ്ജെൻഡർ സെൽ എന്നിവയുടെ സഹായ സഹകരണങ്ങൾ വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ, ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ളതും വിശ്വാസ്യതയുള്ളതുമായ NGO/CBO-കളെ ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(സി) തിരിച്ചറിയൽ കാർഡിന്റെ വിതരണം പൂർത്തിയായിട്ടില്ല. നിലവിൽ നാനൂറോളം പേർക്ക് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. തങ്ങളുടെ സ്വത്വം തിരിച്ചറിഞ്ഞ് തിരിച്ചറിയൽ കാർഡ് നേടുന്നതിന് ധാരാളം പേർ മുന്നോട്ട് വരുന്നുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽനിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിച്ചുകൊണ്ടുള്ള പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നു.

## മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സഹായം

216(2187) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മഠത്തിൽ ഹൗസിൽ ശ്രീ. അജിത്ത് കുമാറിന്റെ മകൾ അമേയ അജിത്തിന്റെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സഹായം നല്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച നിവേദനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കുട്ടിക്ക് അടിയന്തരമായി ചികിത്സാ സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രീ. അജിത് കുമാർ, മകളുടെ മജ്ജ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ധനസഹായം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 'വി കെയർ' പദ്ധതിയിൽ പരിഗണിക്കുകയും മജ്ജ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കുവേണ്ടി 15 ലക്ഷം രൂപ അനുവദിച്ച് സി.എം.സി. വെല്ലൂർ ആശുപത്രിക്ക് കത്ത് നൽകുകയും ചെയ്തു. എന്നാൽ ശസ്ത്രക്രിയയ്ക്ക് വേണ്ടിയുള്ള നടപടികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ 15-9-2019-ന് കുട്ടി മരണപ്പെട്ടു.

**ആർ.എസ്.ബി.വൈ. പദ്ധതി**

217(2188) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.ബി.വൈ. പദ്ധതിയിലുൾപ്പെട്ടിരുന്ന കുടുംബങ്ങളെ എ.ബി. കെ.എ.എസ്.പി. (ആയുഷ്മാൻ ഭാരത്-കാരുണ്യ) പദ്ധതിയിലാക്കി പുതുക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ചികിത്സാനുകൂല്യം ലഭ്യമാകുന്നതിനായി ഓരോ അംഗങ്ങൾക്കും പ്രത്യേകം ഫോട്ടോ കാർഡ് നൽകുവാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ശയ്യാവലംബികളായ രോഗികൾക്കും പെട്ടെന്ന് ആശുപത്രിയിൽ കിടത്തി ചികിത്സ വേണ്ടി വരുന്നവർക്കും പ്രസ്തുത ഫോട്ടോ കാർഡ് ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ എൻറോൾമെന്റ് ക്യാമ്പ് സംഘടിപ്പിക്കുകയും കുടുംബശ്രീ പ്രവർത്തകർ മുഖേന ഗുണഭോക്താക്കളെ പ്രസ്തുത ക്യാമ്പിൽ എത്തിക്കുകയും ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു. പത്ര മാധ്യമങ്ങൾ വഴി യഥാസമയം എൻറോൾമെന്റ് സംബന്ധമായ അറിയിപ്പുകൾ ജനങ്ങളിലേയ്ക്ക് എത്തിച്ചിരുന്നു. നിലവിൽ കണക്കാക്കിയിരുന്ന ഗുണഭോക്താക്കളിൽ 98.57 ശതമാനം കുടുംബങ്ങളും കാർഡ് സ്വീകരിച്ചുകഴിഞ്ഞു. അംഗത്വം നേടിയ കുടുംബത്തിലെ മറ്റ് അംഗങ്ങൾക്ക് പദ്ധതിക്കായി ജില്ലാ തലത്തിൽ ഒരുക്കിയ സെന്ററിൽ ഫോട്ടോ പതിച്ച കാർഡ് സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു.

(ബി) ആശുപത്രി കേന്ദ്രീകരിച്ച് എമർജൻസി സെന്ററുകൾ പ്രവർത്തിച്ച് കിടത്തി ചികിത്സ ഉടൻ വേണ്ടുന്ന രോഗികൾക്ക് കാർഡ് നൽകുന്നതിനുള്ള സൗകര്യം ഒരുക്കി ശയ്യാവലംബികളായ രോഗികൾക്കും മൊബൈൽ എൻറോൾമെന്റ് കിറ്റ് വഴി ആവശ്യപ്പെടുന്നതിനനുസരിച്ച് വീടുകളിൽ ചെന്ന് കാർഡ് നൽകുന്ന സംവിധാനവും ഏർപ്പെടുത്തിയിരുന്നു.

## നേർവഴി പദ്ധതി

218(2189) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഏതുവർഷം മുതലാണ് നേർവഴി പദ്ധതി പ്രവർത്തനം ആരംഭിച്ചതെന്നും ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിലവിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും എത്ര രൂപ ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്ത് ഈ പദ്ധതിയുടെ പ്രവർത്തനംകൊണ്ട് എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന പ്രധാന സാമൂഹ്യ നിയമമാണ് Probation of Offenders Act-1958. കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനുള്ള സ്ഥാപനേതര സമ്പ്രദായം എന്ന നിലയിലും കുറ്റവാളികളിൽ ഗുണകരമായ സ്വഭാവ മാറ്റം വരുത്തുവാൻ ഉതകുന്ന മാനുഷികവും ശാസ്ത്രീയവുമായ സമീപനരീതി എന്ന നിലയിലും പ്രൊബേഷൻ സംവിധാനം കാര്യക്ഷമ മാക്കുന്നതിനായി രൂപം നൽകിയ നേർവഴി പദ്ധതി 2014-15 മുതൽ നടപ്പിലാക്കി വരുന്നു. നേർവഴി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നല്ലനടപ്പിന് അനുയോജ്യരായ കുറ്റാരോപിതരെ കണ്ടെത്തുക.
2. നല്ലനടപ്പിലൂടെ ഒരാളെ പരിവർത്തനപ്പെടുത്തുവാൻ കഴിയുന്നതാണോ യെന്ന് വ്യക്തമാക്കാൻ ഉതകുന്ന സമഗ്ര അന്വേഷണ റിപ്പോർട്ടുകൾ കോടതികളിൽ എത്തിക്കുക.
3. തെരഞ്ഞെടുക്കുന്ന കുറ്റവാളികൾക്കും കുറ്റാരോപിതർക്കും ആവശ്യമാകുന്ന സമയത്ത് മനഃശാസ്ത്രപരമായ ഇടപെടൽ നടത്തുക.

4. നല്ലനടപ്പിലുള്ളവരുടെ സാമൂഹ്യ പുനരേകീകരണം സാധ്യമാക്കാനുതകുന്ന ജീവിത മാർഗ്ഗങ്ങൾ കണ്ടെത്തിക്കൊടുക്കുന്നതിനായി കൃത്യമായ മേൽനോട്ടം സാധ്യമാക്കുക.
5. നല്ലനടപ്പിലുള്ളവർ വീണ്ടും കുറ്റകൃത്യത്തിൽപ്പെടുന്നതിനെ ഒഴിവാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുക.
6. ജയിലുകളിലെ ആൾപ്പെരുപ്പം കുറയ്ക്കുക.
7. ക്രിമിനൽ ജസ്റ്റിസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

(ബി) ഇതിലേയ്ക്കായി പുതിയതായി സർക്കാർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതാണ്. എന്നാൽ ടി പദ്ധതിക്കായി 14 ജില്ലകളിലേയ്ക്കും 14 പ്രൊബേഷൻ അസിസ്റ്റന്റുമാരെ 20,000 രൂപ വീതം ഓണറേറിയം നൽകി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, നടപ്പു സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും 5 വീതം വോളണ്ടറി സോഷ്യൽ വർക്കർമാരെ അവർ നിർവ്വഹിക്കുന്ന സേവനങ്ങൾക്ക് ആനുപാതികമായി പരമാവധി 5000 രൂപ ഓണറേറിയം നിശ്ചയിച്ച് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) നേർവഴി പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

Details of Expenditure

| | Year | Expenditure |
|---|---|---|
| Pilot phase | 2014-15 | 9,60,000 |
| I phase | 2017-18 | 8,42,667 |
| II phase | 2018-19 | 11,23,400 |
| III & IV phase | 2019-20 | 30,79,300 |
| Total | | 60,05,367 |

(ഡി) ജില്ല തിരിച്ചുള്ള നിലവി ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 37 |
| 2 | കൊല്ലം | 51 |
| 3 | പത്തനംതിട്ട | 16 |
| 4 | ആലപ്പുഴ | 30 |
| 5 | കോട്ടയം | 26 |
| 6 | ഇടുക്കി | 24 |
| 7 | എറണാകുളം | 12 |
| 8 | തൃശ്ശൂർ | 12 |
| 9 | പാലക്കാട് | 9 |
| 10 | മലപ്പുറം | 29 |
| 11 | കോഴിക്കോട് | 26 |
| 12 | വയനാട് | 29 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 10 |
| | ആകെ | 323 |

**ട്രാൻസ്ജെൻഡർ ക്ഷേമത്തിനായുള്ള മഴവില്ല് പദ്ധതി**

219(2190) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള മഴവില്ല് എന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നിലവിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എത്രയാണെന്നും ഇനി എത്രപേരെ ഇതിൽ ഉൾപ്പെടുത്താനുണ്ടെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ നൽകുന്ന തൊഴിൽ പരിശീലനങ്ങളേതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇത് വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ഉന്നതിയ്ക്കായി സർക്കാർ ഇടപെടൽ ശക്തമാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർവ്വതോന്മുഖമായ പുരോഗതിക്കായുള്ള സാമൂഹ്യനീതി വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു അമ്പ്രല്ല സ്കീമാണ് മഴവില്ല് പദ്ധതി. പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി ആരംഭിക്കുകയും ഓൺലൈൻ സംവിധാനം മുഖേന നിലവിൽ നാനൂറോളം പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി മുഖേന സമന്വയ തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽനിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി ഹോസ്റ്റൽ ഫീസായി ധനസഹായം നൽകുന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു.

ഈ സമൂഹത്തിന്റെ തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യേണ്ടിവരുന്നവർക്ക് എച്ച്.ഐ.വി. ഉൾപ്പെടെ പല ആരോഗ്യ പ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ എച്ച്.ഐ.വി. വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി തിരുവനന്തപുരത്ത് എച്ച്.ഐ.വി. സീറോ സർവ്വെയലൻസ് സെന്റർ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം, കാസർഗോഡ് ജില്ലകളിൽക്കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകി വരുന്ന പദ്ധതി വകുപ്പ് നടപ്പാക്കി വരുന്നു. എസ്.ആർ.എസ്.

(ലിംഗമാറ്റ ശസ്ത്രക്രിയ) കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർ ചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയും അനുബന്ധമായി നടപ്പാക്കി വരുന്നു. ക്രൈസിസിൽ അകപ്പെടുന്ന/ എസ്.ആർ.എസ്. സർജറിക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് നിലവിൽ 5 ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിൽ 2 ഹോമുകൾ (തിരുവനന്തപുരം, എറണാകുളം) പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി വകുപ്പിൽ നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ, അതിജീവനത്തിന് ട്രാൻസ്ജെൻഡർ സമൂഹത്തിനെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി, ബ്യൂട്ടീഷ്യൻ പരിശീലന പദ്ധതി, തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി, സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ടുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായി വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി, സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി എന്നിവ വിജയകരമായി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും സർക്കാർ ജീവനക്കാരെയും അധ്യാപകരെയും കുടുംബശ്രീ പ്രവർത്തകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി വകുപ്പ് മുഖേന സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം നടത്തുന്നതിന് തീരുമാനം കൈക്കൊള്ളുകയും വർണ്ണപ്പകിട്ട് 2019 എന്ന പേരിൽ 2019 നവംബർ 8, 9 തീയതികളിൽ ആയത് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവിക്കാൻ എല്ലാ വിഭാഗം മനുഷ്യർക്കും ഒരുപോലെയുള്ള അവകാശമാണുള്ളതെന്ന പൊതുബോധത്തെ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അഡ്വക്കസി ക്യാമ്പയിൻ C-dit മുഖേന നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, മഴവില്ല്

പദ്ധതി കൂടുതൽ കാര്യക്ഷമമായി ഗുണഭോക്താക്കളിലെത്തിക്കുന്നതിനായി ട്രാൻസ്ജെൻഡർ വിഭാഗക്കാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ട്രാൻസ്ജെൻഡർ സെൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ബി) നിലവിൽ ഏകദേശം 380 ഗുണഭോക്താക്കളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ട്രാൻസ്ജെൻഡർ ഐ.ഡി. കാർഡുള്ള വ്യക്തികളെ അവരുടെ അപേക്ഷയുടെയും അർഹതയുടെയും അടിസ്ഥാനത്തിലാണ് മഴവില്ല് പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നത്. തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികളായവർക്കും ട്രാൻസ്ജെൻഡർ വ്യക്തിയാണെന്നുള്ള സെൽഫ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യത്തിനുള്ള ധനസഹായം എന്നിവ അനുവദിച്ചുവരുന്നു. വകുപ്പ് നടപ്പാക്കി വരുന്ന ക്ഷേമപദ്ധതികളുടെ ഫലമായി സ്വത്വം വെളിപ്പെടുത്തി തിരിച്ചറിയൽ കാർഡ് നേടുന്നതിന് ധാരാളം പേർ മുന്നോട്ട് വരുന്നുണ്ട്. ടിയാളുകളെയും കൂടി ഉൾപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികളെയും പദ്ധതിക്ക് കീഴിൽ കൊണ്ടുവരിക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം.

(സി) അതിജീവനത്തിന് ട്രാൻസ്ജെൻഡർ സമൂഹത്തിനെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി, ബ്യൂട്ടീഷ്യൻ പരിശീലന പദ്ധതി, തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി, സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചുകൊണ്ടുള്ള സ്വയം തൊഴിൽ ധനസഹായ പദ്ധതി, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായി വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി, സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി എന്നിവ വിജയകരമായി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിന് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അതിജീവനത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനായി വിവിധ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ഉന്നതിക്കായി ട്രാൻസ്ജെൻഡർ പോളിസി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ടി വിഭാഗക്കാരുടെ സാമൂഹിക പുനരധിവാസം ഉറപ്പാക്കുന്നതിനുള്ള ശക്തമായ ഇടപെടൽ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

**കഷ്ടത അനുഭവിക്കുന്ന സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ**

220(2191) ശ്രീ. കെ. രാജൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഷ്ടത അനുഭവിക്കുന്ന സ്ത്രീകൾക്ക് വിവിധ പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറുന്നതിന് അടിയന്തര സഹായം നല്കുന്നതിന് വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) അതിജീവിക എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതി ഏതൊക്കെ വിഭാഗങ്ങളിലുള്ള സ്ത്രീകൾക്കാണ് ആശ്വാസമാകുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി ധനസഹായം സംബന്ധിച്ചും പദ്ധതി ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് അടിയന്തര ധനസഹായം നൽകുന്ന 'അതിജീവിക' പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഗുണഭോക്താക്കൾ

- ഭർത്താവ്/കുട്ടികൾ/കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പ് രോഗിയുള്ള കുടുംബം
- പ്രകൃതി ദുരന്തത്താലോ, മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ട്/നാശം സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- കട ബാധ്യതമൂലം കുടുംബനാഥ ജപ്തി ഭീഷണി നേരിടുന്ന കുടുംബം
- ഭർത്താവിന്റെ അസുഖം/വിയോഗംമൂലം മക്കളുടെ പഠനത്തിനും ആശ്രിതരുടെ ചികിത്സയ്ക്കും ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീ

അർഹതാ മാനദണ്ഡം

അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം 50,000 രൂപയ്ക്ക് താഴെയായിരിക്കണം. അപേക്ഷകർക്ക് പ്രായപൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കൾ ഉണ്ടായിരിക്കരുത്.

(സി) ജില്ലാ വനിതാ ശിശു വികസന ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിമൺ പ്രൊട്ടക്ഷൻ ഓഫീസർ, പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ എന്നിവർക്ക് അപേക്ഷ സ്വീകരിക്കാവുന്നതും ഇവ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് കൈമാറാവുന്നതുമാണ്. ലഭ്യമായ അപേക്ഷകളിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ വിശദമായ അന്വേഷണം നടത്തി സർക്കാരിൽനിന്നും ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചവരെ ഒഴിവാക്കി അപേക്ഷയിൽ പറഞ്ഞവിധം ദുരിതമനുഭവിക്കുന്നവരാണെന്ന് ഉറപ്പ് വരുത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. ജില്ലാതല കമ്മിറ്റി (ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി) കൂടി അപേക്ഷകൾ പരിഗണിച്ച് ധനസഹായത്തിന് വനിതാ ശിശു വികസന ഡയറക്ടർക്ക് ശിപാർശ ചെയ്യുന്നു. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് സംസ്ഥാന സമിതിയുടെ അംഗീകാരത്തോടെ പരമാവധി 50,000 രൂപ വരെ (ഒറ്റത്തവണ) ധനസഹായം അനുവദിച്ചുനൽകുന്നു.

## തൃശ്ശൂർ ജില്ലാ വനിത ശിശുക്ഷേമ ഓഫീസ്

221(2192) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ വനിത ശിശുക്ഷേമ ഓഫീസിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള ടോയ്‌ലെറ്റുകൾ ഉപയോഗ യോഗ്യമല്ലാത്ത നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ടോയ്‌ലെറ്റുകൾ ഉപയോഗയോഗ്യമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉപയോഗ യോഗ്യമല്ലാതിരുന്ന ടോയ്‌ലെറ്റുകളുടെ തകരാറുകൾ പരിഹരിച്ച് ഇപ്പോൾ ഉപയോഗ യോഗ്യമാക്കിയിട്ടുണ്ട്.

**സമ്പുഷ്ടകേരളം പദ്ധതി**

222(2193) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പുഷ്ടകേരളം പദ്ധതിയിലൂടെ വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാർ മുന്നോട്ട് വച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(സി) എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കാമോ; പദ്ധതിക്ക് കേന്ദ്രസർക്കാർ നൽകുന്ന സാമ്പത്തിക സഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒരു ഏകോപിത, ജീവിതചക്ര, ഫലാധിഷ്ഠിത സമീപനം സ്വീകരിച്ചുകൊണ്ട് പോഷണ ന്യൂനതകൾ പരിഹരിക്കുക എന്നതാണ് സമ്പുഷ്ട കേരളം ലക്ഷ്യമാക്കുന്നത്. ജീവിതചക്ര സമീപനത്തിന്റെ ഭാഗമായി കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 0-6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷണ വൈകല്യങ്ങൾ പരിഹരിച്ച് ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണ് ഈ പോഷണ ദൗത്യം ഊന്നൽ നൽകുന്നത്. ഒരു കുഞ്ഞിന്റെ ജീവിതത്തിലെ പ്രഥമ സഹസ്ര ദിനങ്ങൾ- ഗർഭാവസ്ഥയിലെ 9 മാസം, സമ്പൂർണ്ണ മുലയൂട്ടൽ കാലമായ 6 മാസം, തുടർന്ന് 2 വയസ്സ് വരെയുള്ള 18 മാസം- അതിന്റെ പോഷണ ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിൽ അതിപ്രധാനമായ ഒരു കാലഘട്ടമാണ്. ഈ കാലഘട്ടത്തിലെ സമയോജിത ഇടപെടൽ മുഖേന ജനന ഭാരം വർദ്ധിപ്പിക്കുന്നതിനും ശിശു മരണ നിരക്ക്, മാതൃ മരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനും സാധിക്കും. കുഞ്ഞിന് 3 വയസ്സ് തികയുന്നത് വരെയുള്ള അടുത്ത ഒരു വർഷക്കാലത്തെ തുടർച്ചയായ ഇടപെടലും പരിചരണവും മുഖേന അതിന്റെ ആദ്യ ആയിരം ദിനങ്ങളിൽ നേടിയ ആരോഗ്യ പോഷണ നിലവാരം നിലനിർത്തുകയോ വർദ്ധിപ്പിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നു. തുടർന്ന് 3 വയസ്സ് മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നാം നൽകുന്ന നിരന്തരമായ ശ്രദ്ധയും പരിചരണവും അവരുടെ സർവ്വതോന്മുഖമായ വികസനത്തിന് അടിത്തറ പാകുന്നു. അങ്കണവാടികൾ മുഖേന നൽകിവരുന്ന വിവിധ സേവനങ്ങൾ പോഷണ ന്യൂനതകൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണെങ്കിലും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ മറ്റ് പല പരിപാടികളുടെയും പങ്ക് തുല്യ പ്രാധാന്യമർഹിക്കുന്നു.

ആരോഗ്യ പരിരക്ഷ, ശുദ്ധമായ കുടിവെള്ള ലഭ്യത, ശുചിത്വ സംവിധാനങ്ങൾ, ശുചിത്വ പരിപാലനം, അമ്മമാർക്കുള്ള ബോധവൽക്കരണം, വിദ്യാഭ്യാസ പരിപാടികൾ, അമ്മമാരുടെ വിദ്യാഭ്യാസ നിലവാരം, ദാരിദ്ര്യം എന്നിങ്ങനെയുള്ള പല ഘടകങ്ങളും വർദ്ധിത പോഷണ നിലവാരത്തിനെ സാരമായി ബാധിക്കുന്നവയാണ്. ദേശീയതലത്തിൽ പോഷണ ന്യൂനതയുടെ അളവ് കുറയ്ക്കുന്നതിന് മേൽപ്പറഞ്ഞ ഘടകങ്ങളുടെ അപര്യാപ്തത പരിഹരിച്ചുകൊണ്ടുള്ള സേവനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വീട് വീടാന്തരം ലഭ്യമാക്കുക എന്നത് അനിവാര്യമാണ്. പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ള ജനവിഭാഗത്തിന്റെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ലഭ്യമായിട്ടുള്ള പോഷണ സംബന്ധിയായ എല്ലാ പദ്ധതികളുടെയും ഏകോപനമാണ് പോഷണ ദൗത്യത്തിന്റെ നെടുംതൂൺ. അങ്കണവാടി സേവനങ്ങൾ, പ്രധാനമന്ത്രി മാതൃവന്ദന യോജന, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), ജനനി സുരക്ഷാ യോജന, ദേശീയ ആരോഗ്യ ദൗത്യം (NHM), അനീമിയ മുക്ത് ഭാരത്, ഇന്ദ്രധനുഷ്, സ്വച്ഛ് ഭാരത് മിഷൻ, പൊതു വിതരണ സംവിധാനം (PDS), തൊഴിലുറപ്പ് പദ്ധതി, കുടിവെള്ള വിതരണം, ശുചിമുറി നിർമ്മാണം തുടങ്ങി വൈവിദ്ധ്യമാർന്ന പല പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

(ബി) പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ യാതൊന്നും തന്നെ മുന്നോട്ട് വച്ചിട്ടില്ല. പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ കൈവരിക്കാൻ നൽകിയിരിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | ടാർജറ്റ് |
|---|---|---|
| 1 | 0-6 വയസ്സ് വരെയുള്ള കുട്ടികളിലെ വളർച്ചാ മുരടിപ്പ് ഒഴിവാക്കുകയും അതിന്റെ നിരക്ക് കുറച്ചുകൊണ്ട് വരികയും ചെയ്യുക. | പ്രതിവർഷം 2 ശതമാനം നിരക്കിൽ 3 വർഷംകൊണ്ട് 6 ശതമാനം കുറയ്ക്കുക. |
| 2 | 0-6 പ്രായപരിധിയിലെ കുട്ടികളിലെ തൂക്കക്കുറവ് ഒഴിവാക്കുകയും തോത് കുറച്ചുകൊണ്ട് വരികയും ചെയ്യുക. | പ്രതിവർഷം 2 ശതമാനം നിരക്കിൽ 3 വർഷംകൊണ്ട് 6 ശതമാനം കുറയ്ക്കുക. |
| 3 | 6 മാസം മുതൽ 59 മാസം വരെയുള്ള കുട്ടികളിലെ വിളർച്ചാ നിരക്ക് കുറയ്ക്കുക | പ്രതിവർഷം 2 ശതമാനം നിരക്കിൽ 3 വർഷംകൊണ്ട് 9 ശതമാനം കുറയ്ക്കുക. |
| 4 | 15-49 വയസ്സ് പ്രായപരിധിയിലെ കൗമാര പ്രായക്കാരായ പെൺകുട്ടികളുടെയും സ്ത്രീകളുടെയും വിളർച്ചാ നിരക്ക് കുറയ്ക്കുക. | പ്രതിവർഷം 2 ശതമാനം നിരക്കിൽ 3 വർഷംകൊണ്ട് 6 ശതമാനം കുറയ്ക്കുക. |
| 5 | ജനനഭാരം കുറഞ്ഞ കുട്ടികളുടെ എണ്ണം കുറയ്ക്കുക. | പ്രതിവർഷം 2 ശതമാനം നിരക്കിൽ 3 വർഷംകൊണ്ട് 6 ശതമാനം കുറയ്ക്കുക. |

(സി) നിലവിൽ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരികയാണ്. പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 7765.28 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നാളിതുവരെ 1941.32 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 8950 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**അങ്കണവാടി ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം**

223(2194) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വാങ്ങലിലും വിതരണത്തിലും ലക്ഷങ്ങളുടെ അഴിമതി നടന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വിജിലൻസ് വകുപ്പ് ഓപ്പറേഷൻ വെൽഫയർ എന്ന പേരിൽ വിവിധ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വാങ്ങലിലും വിതരണത്തിലും നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് 04-10-2019-ന് സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ വെൽഫെയർ" എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനകളിൽ ചില അങ്കണവാടികളിൽ അഴിമതി നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മിന്നൽ പരിശോധനയുടെ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:

1. ഓഫീസ് രേഖകളും ഫയലുകളും കൃത്യമായി അപ്ഡേറ്റ് ചെയ്തതായി കാണുന്നില്ല.
2. Cash book, Stock Issue Register, Stock Receipt, Cash Declaration Register എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
3. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ വിശദാംശങ്ങൾ മിനിറ്റ്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നതായി കാണുന്നില്ല.

4. അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ മാസവും കൂടുന്നില്ല.

5. ICDS-ന്റെ കൈവശം സൂക്ഷിക്കുന്ന രജിസ്റ്ററുകളും അങ്കണവാടികളിലുള്ള രജിസ്റ്ററുകളും ശരിയായ രീതിയിൽ അപ്‌ഡേറ്റ് ചെയ്യുന്നില്ല.

6. ഗർഭിണികളായ വനിതകൾക്ക് പ്രസവശേഷം സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ മെറ്റേണിറ്റി ബെനിഫിറ്റ് പ്രോഗ്രാം പദ്ധതി പ്രകാരം ലഭിക്കേണ്ട 5000 രൂപ ലഭിക്കുന്നതിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ യഥാവിധി റിപ്പോർട്ട് നൽകാത്തതുമൂലം അർഹരായവർക്ക് ആനുകൂല്യങ്ങൾ നഷ്ടമാകുന്നതായി കണ്ടെത്തി.

(സി) മിന്നൽ പരിശോധനാ റിപ്പോർട്ടുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളിൽ തയ്യാറായി വരുന്നുണ്ട്. ആയത് ലഭിച്ച് സൂക്ഷ്മ പരിശോധന നടത്തിയാൽ മാത്രമേ കൃത്യമായ ക്രമക്കേടുകളും അഴിമതികളും കണ്ടെത്താൻ സാധിക്കുകയുള്ളൂ.

**മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതി**

224(2195) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് സ്ഥലം നിർദ്ദേശിച്ചിരുന്ന വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡയറി ഡെവലപ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുംമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്നിവ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിൽ പെൻഡിംഗിലുള്ള ഫയൽ നടപടി ത്വരിതപ്പെടുത്തി, പ്രൊപ്പോസൽ സമർപ്പിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും ഇനിയും കാലതാമസം ഉണ്ടാക്കാതെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് കണ്ടെത്തിയ ഭൂമി വനിതാ ശിശു വികസന വകുപ്പിന് കൈമാറുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിൽനിന്നും വനിതാ ശിശു വികസന വകുപ്പിന് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**നാട്ടിക മണ്ഡലത്തിലെ അങ്കണവാടികൾ**

225(2196) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിൽ എത്ര അങ്കണവാടികൾ ഉണ്ടെന്നും സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക മണ്ഡലത്തിൽ ഏതെല്ലാം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നാട്ടിക മണ്ഡലത്തിൽ 235 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവയിൽ 56 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക നിയോജക മണ്ഡലത്തിലെ 12 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. അങ്കണവാടികളുടെ വിശദാംശം ഉത്തരവിന്റെ പകർപ്പ് സഹിതം ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| ക്രമ നമ്പർ | ICDS പ്രോജക്ട് | അങ്കണവാടി സെന്റർ നമ്പർ | ഉത്തരവ് നമ്പരും തീയതിയും |
|---|---|---|---|
| 1 | തളിക്കുളം | 108 | ICDS/A7-16237/15 dt.20-6-2017 |
| 2 | തളിക്കുളം | 66 | ICDS/A7-16237/15 dt.20-6-2017 |
| 3 | അന്തിക്കാട് | 59 | ICDS/A7-16237/15 dt. 30-8-2018 |
| 4 | അന്തിക്കാട് | 108 | ICDS/A7-16237/15 dt. 30-8-2018 |
| 5 | അന്തിക്കാട് | 24 | ICDS/A7-16237/15 dt.20-6-2017 |
| 6 | അന്തിക്കാട് | 107 | ICDS/A7-16237/15 dt.20-6-2017 |
| 7 | ചേർപ്പ് | 30 | ICDS/A7-16237/15 dt.20-6-2017 |
| 8 | ചേർപ്പ് | 87 | ICDS/A7-16237/15 dt.20-6-2017 |
| 9 | ചേർപ്പ് | 4 | ICDS/A7-16237/15 dt. 30-8-2018 |
| 10 | ചേർപ്പ് | 11 | ICDS/A7-16237/15 dt. 30-8-2018 |
| 11 | ചേർപ്പ് | 27 | ICDS/A7-16237/15 dt. 30-8-2018 |
| 12 | ചേർപ്പ് | 91 | ICDS/A7-16237/15 dt. 30-8-2018 |

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ**

226(2197) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) ആയതിന്റെ പഞ്ചായത്ത്/കോർപ്പറേഷൻ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഇവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ ആകെ 199 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിലെ 199 അങ്കണവാടി സെന്ററുകളുടെ പഞ്ചായത്ത്/കോർപ്പറേഷൻ തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത്/കോർപ്പറേഷൻ | പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | മാടക്കത്തറ | 25 |
| 2 | നടത്തറ | 30 |
| 3 | പാണഞ്ചേരി | 50 |
| 4 | പൂഞ്ഞാർ | 52 |
| 5 | തൃശ്ശൂർ കോർപ്പറേഷൻ | 42 |

(സി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ

| ക്രമ നമ്പർ | പഞ്ചായത്ത്/ കോർപ്പറേഷൻ | സ്വന്തമായികെട്ടിടമില്ലാത്ത അങ്കണവാടികൾ | |
|---|---|---|---|
| | | സെന്റർ നമ്പർ | എണ്ണം |
| 1 | മാടക്കത്തറ | 22, 24 | 2 |
| 2 | നടത്തറ | 156, 157 | 2 |
| 3 | പൂഞ്ഞാർ | 99, 107, 125, 127 | 4 |
| 4 | തൃശ്ശൂർ കോർപ്പറേഷൻ | 47, 51, 53, 54, 87, 91, 105, 113, 114, 115, 116 | 11 |

## ചാലക്കുടി മണ്ഡലത്തിലെ മാതൃകാ അങ്കണവാടികൾ

227(2198) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് മാതൃകാ അങ്കണവാടികളിൽ ഏർപ്പെടുത്തുക; വിശദമാക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ ചാലക്കുടി, കൊടകര ബ്ലോക്കുകളിൽപ്പെട്ട ഏതെല്ലാം അങ്കണവാടികളിലാണ് ഈ പദ്ധതി അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) മണ്ഡലത്തിലെ കൂടുതൽ അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി മാറ്റുന്നതിനും അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി വീതം സ്ഥാപിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ടായിരുന്നു. 10 സെന്റ് സ്ഥലത്ത് 1584 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ക്ലാസ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, ശിശു സൗഹൃദ ടോയ്‌ലെറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലെറ്റ്, വാഷ് ഏരിയ എന്നീ സൗകര്യങ്ങൾ ഇരുനിലയിലുള്ള മാതൃക അങ്കണവാടി കെട്ടിടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊടകര ICDS-ന്റെ പരിധിയിലുള്ള കൊടകര ഗ്രാമപഞ്ചായത്തിലെ 4-ാം നമ്പർ അങ്കണവാടിയെ മാതൃക അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ടി അങ്കണവാടി മാതൃകാ അങ്കണവാടിയായി പ്രവർത്തിച്ചുവരുന്നു.

(സി) സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ച സാഹചര്യത്തിൽ ചാലക്കുടി നിയോജക മണ്ഡലത്തിൽ മാതൃകാ അങ്കണവാടികൾക്ക് പകരം LSGD/MLA ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആധുനിക സൗകര്യങ്ങളുള്ള സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടി**

228(2199) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ നിന്ന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്മാർട്ട് അങ്കണവാടി പദ്ധതിപ്രകാരം കെട്ടിടനിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാവേലിക്കര നിയോജകമണ്ഡലത്തിലെ ഭരണിക്കാവ് ഐ.സി.ഡി.എസ്.-ന്റെ പരിധിയിലുള്ള പാലമേൽ ഗ്രാമപഞ്ചായത്തിലെ 93-ാം നമ്പർ അങ്കണവാടിയെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**വികലാംഗ പെൻഷൻ**

229(2200) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര തരം വികലാംഗ പെൻഷനുണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ തരം വികലാംഗ പെൻഷന്റെയും അർഹത/മാനദണ്ഡങ്ങൾ (വൈകല്യം, തോത്) എന്നിവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഓരോ തരം വികലാംഗ പെൻഷന്റെയും പ്രായപരിധി, വരുമാനപരിധി എന്നിവ വ്യക്തമാക്കാമോ;

(ഡി) വരുമാന പരിധി നോക്കാതെ അർഹതപ്പെട്ട എല്ലാ വികലാംഗർക്കും/ ഭിന്നശേഷിക്കാർക്കും പെൻഷൻ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷനാണ് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഉൾപ്പെടുത്തി നൽകിവരുന്നത്. പ്രസ്തുത പെൻഷനെ 40 ശതമാനം മുതൽ 80 ശതമാനം വരെ വൈകല്യമുള്ളവർ, 80 ശതമാനത്തിന് മുകളിൽ വൈകല്യമുള്ളവർ എന്നിങ്ങനെ രണ്ട് ഉപവിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

(ബി) വികലാംഗ പെൻഷൻ ലഭിച്ച് വരുന്നവരിൽ 80 ശതമാനത്തിൽ താഴെ വൈകല്യം ഉള്ളവർക്ക് പ്രതിമാസം 1200 രൂപയും 80 ശതമാനവും അതിന് മുകളിലും വൈകല്യം ഉള്ളവർക്ക് പ്രതിമാസം 1300 രൂപയും വികലാംഗ പെൻഷനായി ലഭിക്കാൻ അർഹരാണ്.

6-9-1982-ലെ ജി.ഒ.(പി.) നമ്പർ 154/82/LA&SWD ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന ശാരീരിക വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

1. അസ്ഥി സംബന്ധമായ വികലാംഗത്വം ഉള്ളവർക്ക് 40 ശതമാനമോ അതിന് മുകളിലോ വികലാംഗത്വം ഉണ്ടായിരിക്കണം.

2. അന്ധത നിർണ്ണയിക്കുന്നത് കാഴ്ച ശക്തിയും കാഴ്ച മണ്ഡലവും പരിഗണിച്ചാണ്.

(a) പൂർണ്ണ അന്ധതയുള്ള വ്യക്തികൾ

(b) തിരുത്തൽ ലെൻസുകൾ ഉപയോഗിച്ചാലും കാഴ്ച ശക്തി 6/60 അല്ലെങ്കിൽ 20/200 സ്നെല്ലനിൽ കവിയാത്തവർ

(c) കാഴ്ച മണ്ഡലത്തിന്റെ പരിധി 20 ഡിഗ്രിയോ അതിൽ കുറവോ കോണിന് കീഴിലുള്ള വ്യക്തികൾ

3. 90 ഡെസിബലിൽ കൂടുതൽ കേൾവിശക്തിക്ക് നഷ്ടം സംഭവിച്ചവർ

4. സ്ഥിരമായി മാനസിക വൈകല്യമുള്ള, ഐ.ക്യൂ. (intellegence quotient) 50-ൽ താഴെയുള്ളവർ

(സി) നിലവിൽ സംസ്ഥാനത്ത് നൽകിവരുന്ന വികലാംഗ പെൻഷന് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.

(ഡി) വരുമാന പരിധി നോക്കാതെ എല്ലാ വികലാംഗർക്കും വികലാംഗ പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കാൻ പദ്ധതികൾ**

230(2201) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഡിഫറന്റ് ആർട്ട് സെന്റർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശാധിഷ്ഠിത സാമൂഹ്യ മുന്നേറ്റം ഉറപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി പൊതുജന സേവനം നൽകുന്ന കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള പദ്ധതി'. അപ്രകാരം ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതുകെട്ടിടങ്ങളും അവയിൽ റാമ്പുകൾ, കൈവരികൾ, ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശൗചാലയം, ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്, മലപ്പുറം ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ പോളിംഗ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട, തൃശ്ശൂർ, കൊല്ലം, എറണാകുളം, കോട്ടയം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായും എറണാകുളം ജില്ലയിലെ കളക്ടറേറ്റിന് ചുറ്റുമുള്ള റോഡ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനായും തുക അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ 'ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി 859.59 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രസർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടമായി 4,29,98,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 23 പൊതുകെട്ടിടങ്ങൾകൂടി ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഓട്ടിസം ഉൾപ്പെടെയുള്ള ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികൾക്കായി sensory stimulation സാധ്യമാക്കുന്നതിലേയ്ക്കായി sensory garden ഉൾപ്പെടെയുള്ള ബാരിയർ ഫ്രീ പാർക്ക് തിരുവനന്തപുരം ജില്ലയിൽ മ്യൂസിയത്തിനുള്ളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

സംസ്ഥാനത്തെ എല്ലാ സർക്കാർ വെബ്സൈറ്റും ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി Kerala State IT Mission-ന്റെ സഹായത്തോടെ നടപടി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഒരു ബസ് സ്റ്റാൻഡ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിലും സാമൂഹ്യനീതിക്കുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ മാസം മുതൽ നടപ്പാക്കി വരുന്നു. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള സമഗ്ര ജീവിതചക്ര സമീപനമാണ് 'അനുയാത്ര'-യിൽ സ്വീകരിച്ചിട്ടുള്ളത്.

കൂടാതെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ആസ്ഥാന മന്ദിരം ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി നിലവിലുള്ള റാമ്പിന് പുറമേ disabled friendly lift, toilet എന്നിവ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ ചലന സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം എന്നിവ ഉറപ്പുവരുത്തുന്നതിനായി 96 ഇനം സഹായ ഉപകരണങ്ങൾ സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം ചെയ്തുവരുന്നു.

കാഴ്ച പരിമിതി നേരിടുന്നവരുടെ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിനായി വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്‌വെയറോടുകൂടിയ ലാപ്ടോപ്പ്, സ്മാർട്ട് ഫോൺ എന്നിവ വിതരണം ചെയ്യുന്ന കാഴ്ച പദ്ധതി നടപ്പാക്കി വരുന്നു.

ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതിനായി ശുഭയാത്രാ എന്നപേരിൽ മുച്ചക്രവാഹനം / ഇലക്ട്രോണിക് വീൽ ചെയർ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) സർഗ്ഗാത്മക കഴിവുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാമിഷൻ, കേരള മാജിക് അക്കാദമിയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'ഡിഫറന്റ് ആർട്ട് സെന്റർ'.

**ഭിന്നശേഷി പെൻഷനുള്ള വാർഷിക വരുമാന പരിധി**

231(2202) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് പെൻഷൻ ലഭിക്കുന്നതിന് കുടുംബത്തിന്റെ വാർഷിക വരുമാന പരിധി എത്ര തുകയായാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭാര്യയും ഭർത്താവും ഭിന്നശേഷിക്കാരായവർ അടങ്ങിയ കുടുംബത്തിലെ മറ്റേതെങ്കിലും വ്യക്തി സർവ്വീസ് പെൻഷൻ വാങ്ങുന്നുണ്ടെങ്കിൽ കുടുംബ വാർഷിക വരുമാനം അധികമാണെന്നതിനാൽ ഭിന്നശേഷിക്കാരായ ദമ്പതികൾക്ക് പെൻഷൻ കിട്ടുന്നില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാര്യയും ഭർത്താവും ഭിന്നശേഷിക്കാരാണെങ്കിൽ കുടുംബത്തിന്റെ വാർഷിക വരുമാനം പരിഗണിക്കാതെ ഇവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ ലഭിക്കുന്നതിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത് എന്ന് ഉത്തരവായിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാതിരിക്കുകയാണെങ്കിൽ മാത്രമേ പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

(സി) ഭിന്നശേഷിക്കാർക്ക് കുടുംബ വാർഷിക വരുമാനം പരിഗണിക്കാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സൈക്കോളജിക്കൽ അസെസ്സ്മെന്റ് സർട്ടിഫിക്കറ്റ്**

232(2203) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഠന വൈകല്യമുള്ള കുട്ടികൾക്ക് സി.ബി.എസ്.ഇ. സ്കൂളുകളിൽ പരീക്ഷ എഴുതുന്നതിന് ഒരു സഹായിയെ ലഭിക്കുന്നതിനായുള്ള സൈക്കോളജിക്കൽ അസെസ്സ്മെന്റ് സർട്ടിഫിക്കറ്റ് കിട്ടുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ ജില്ലകളിലും ഏകീകൃത അപേക്ഷാ മാതൃക നടപ്പിലാക്കുകയും പരീക്ഷ ആരംഭിക്കുന്നതിന് മുൻപുതന്നെ അപേക്ഷകൾ സ്വീകരിച്ച് പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) Rights of Persons with Disabilities Act 2016 അനുസരിച്ചാണ് നിലവിൽ പഠന വൈകല്യ സർട്ടിഫിക്കേഷൻ ബോർഡുകൾ നടന്നു കൊണ്ടിരിക്കേണ്ടതും സർട്ടിഫിക്കറ്റുകൾ നൽകി വരുന്നതും. Rights of Persons with Disabilities Act 2016 പ്രകാരം ഏകീകൃത മാതൃക ഉണ്ട്. സംസ്ഥാനത്ത് പതിനാല് ജില്ലകളിലും പഠന വൈകല്യ ബോർഡുകൾ നടക്കുന്നതിലും സർട്ടിഫിക്കറ്റ് നൽകുന്നതിലും കാലതാമസം നേരിടുന്നില്ല.

**അംഗപരിമിതർക്ക് ഇലക്ട്രോണിക് വീൽചെയർ**

233(2204) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി നടക്കാൻ സാധിക്കാത്ത അംഗപരിമിതർക്ക് ഇലക്ട്രോണിക് വീൽചെയർ നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. സ്വന്തമായി നടക്കാൻ സാധിക്കാത്ത ഭിന്നശേഷിക്കാർക്ക് സർക്കാർ സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ഇലക്ട്രോണിക് വീൽചെയർ ഉൾപ്പെടെയുള്ള സഹായ ഉപകരണ വിതരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഇലക്ട്രോണിക് വീൽചെയർ വിതരണത്തിന് മാത്രമായി 'ശുഭയാത്ര' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

40 വയസ്സിന് മുകളിൽ ചലന പരിമിതിയുള്ള സ്ഥിര ഭിന്നശേഷിക്കാരും മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷിത്വ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും ഇലക്ട്രോണിക് വീൽചെയർ സ്വന്തമായി പ്രവർത്തിക്കാൻ കഴിയുമെന്ന് വിദഗ്ദ്ധ ഡോക്ടർമാർ സർട്ടിഫൈ ചെയ്യുന്നവരും 8 വർഷത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽനിന്നോ വീൽചെയർ/സ്കൂട്ടർ ലഭിച്ചിട്ടില്ലാത്തവരെയുമാണ് ടി പദ്ധതിയിൽ പരിഗണിക്കുന്നത്.

## ട്രാൻസ്ജെൻഡർ നയം

234(2205) ശ്രീ. അബ്ദുൽ ഹമീദ്. പി.:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ട്രാൻസ്ജെൻഡർ നയം വിശദമാക്കാമോ;

(ബി) സമൂഹത്തിൽ ട്രാൻസ്ജെൻഡറുകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രാൻസ്ജെൻഡറുകാരെ സ്ത്രീയോ പുരുഷനോ ആയി കണക്കാക്കാൻ സാധിക്കുമെന്ന് പഠനങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ലിംഗമാറ്റ ശസ്ത്രക്രിയ്ക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ തുകയും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ;

(ഇ) ട്രാൻസ്ജെൻഡറുകാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ഹോസ്റ്റൽ സൗകര്യം നിലവിലില്ലാത്തതിനാൽ അവർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന് നിലവിൽ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 22-9-2015-ലെ G.O.(Ms) No. 61/2015/SJD പ്രകാരം അംഗീകരിച്ച് നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ നയം ട്രാൻസ്ജെൻഡർ വിഭാഗം നേരിടുന്ന വിവേചനം അവസാനിപ്പിച്ച് തുല്യ അവകാശങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. പ്രസ്തുത നയത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സമത്വത്തിനുള്ള അവകാശം

തുല്യമായ സാമൂഹിക-സാമ്പത്തിക അവസരങ്ങളും സേവനങ്ങളും ലഭ്യമാക്കുക. വിദ്യാഭ്യാസം, സർക്കാർ നിയമനങ്ങൾ എന്നിവയിൽ സംവരണം ആരോഗ്യമേഖലയിൽ സേവനം ഉറപ്പാക്കൽ, തൊഴിൽ അവസരങ്ങളിൽ തുല്യ പങ്കാളിത്തം എന്നിവ ഇതിൽ പെടുന്നു.

2. ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം

സ്വയം 'സ്വത്വം' വെളിപ്പെടുത്താനും ഇഷ്ടമുള്ള വസ്ത്രങ്ങൾ ധരിക്കാനുമുള്ള അവകാശം.

3. ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അവകാശം

നിയമത്തിന് കീഴെ തുല്യ പരിചരണത്തിനുള്ള അവകാശം, സമൂഹത്തിൽനിന്നുള്ള പീഡനങ്ങളിൽനിന്നും വിമുക്തമായി ജീവിക്കാനുള്ള അവകാശം.

4. വികസന കാര്യങ്ങളിൽ തുല്യ ശബ്ദവും പങ്കാളിത്തവും

എല്ലാ വികസന പദ്ധതികളിലും പങ്കാളികളാകാനും അതിൽനിന്നും ആനുകൂല്യം ലഭിക്കാനുമുള്ള അവകാശം, തീരുമാനങ്ങൾ കൈക്കൊള്ളുന്ന എല്ലാ വേദികളിലും തുല്യ അവകാശം.

(ബി) സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി സ്വത്വം വെളിപ്പെടുത്തി ട്രാൻസ്ജെൻഡറായി ജീവിക്കാൻ നിരവധി പേർ മുന്നോട്ട് വരുന്നുണ്ട്.

(സി) ലിംഗത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ വിഭാഗക്കാരോട് വിവേചനം നടത്തരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലനിൽക്കുന്നതിനാൽ സ്ത്രീയോ പുരുഷനോ ആയി കണക്കാക്കാൻ സാധിക്കുമെന്ന വിഷയത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ഡി) കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർ വ്യക്തികൾ ചെലവാക്കേണ്ടി വരുന്നുണ്ട്. പുരുഷനിൽനിന്ന് സ്ത്രീയിലേയ്ക്കും സ്ത്രീയിൽനിന്ന് പുരുഷനിലേയ്ക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിവരുന്നത്. 15-11-2018-ലെ സ.ഉ. (സാധാ) നമ്പർ 657/2018/ സാ.നീ.വ. പ്രകാരം 2018-19 സാമ്പത്തിക വർഷം പ്രാരംഭ ഘട്ടമെന്ന നിലയിൽ 10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്ക് 2 ലക്ഷം രൂപ ക്രമത്തിൽ ആകെ 20 ലക്ഷം രൂപ വകയിരുത്തുകയും ആയതുപ്രകാരം 19 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നു. 20-5-2019-ലെ സ.ഉ.(സാധാ) നമ്പർ 243/2019/സാനീവ പ്രകാരം വിവിധ

ഘട്ടങ്ങളിലായി നടക്കുന്ന എസ്.ആർ.എസ്. സർജറിക്ക് എത്ര തവണ എന്ന് കണക്കാക്കാതെ പരമാവധി 2 ലക്ഷം രൂപവരെ നൽകാം എന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതിക്കായി 48,11,370 രൂപ വകയിരുത്തുകയും പരമാവധി അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. ട്രാൻസ്ജെൻഡർ ഐ.ഡി. കാർഡുള്ള വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയുടെ ചികിത്സാ റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം, ചെലവായ തുക സംബന്ധിച്ച ബില്ലുകളുടെ പകർപ്പുകൾ എന്നിവ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ സമർപ്പിക്കണം. ഡയറക്ടറേറ്റ് തലത്തിൽ വിദഗ്ദ്ധരുടെ ഒരു ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ധനസഹായം അർഹതാവിധേയമായി അനുവദിച്ചുവരുന്നു.

(ഇ) ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും, ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽനിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4,000 രൂപ അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കി വരുന്നു. ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതും സ്ഥാപനമേധാവി കൗണ്ടർസൈൻ ചെയ്തിട്ടുള്ളതുമായ സർട്ടിഫിക്കറ്റ് അഥവാ ഐ.ഡി. കാർഡുള്ളവർക്ക് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സാക്ഷ്യപത്രം, കെട്ടിട ഉടമയുടെ സാക്ഷ്യപത്രം എന്നിവ സഹിതം നിശ്ചിത പ്രൊഫോർമയിൽ അപേക്ഷിക്കാവുന്നതാണ്. പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല.

**ഭിന്നശേഷിക്കാർക്കുള്ള ഇൻസൈറ്റ് പദ്ധതി**

235(2206) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസൈറ്റ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് ആർക്കെങ്കിലും ചുമതല നൽകിയിട്ടുണ്ടോ; ആയതിന്റെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ:

(സി) ഭിന്നശേഷിക്കാർക്ക് ഉപകാരപ്രദമാണെങ്കിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സമൂഹത്തിൽ കാഴ്ചവൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ അവരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി സമൂഹത്തിൽ ഇടപെടുന്നതിന് സാഹചര്യം ഒരുക്കുന്നതിനായി ഐ.ടി. മിഷൻ നടപ്പിലാക്കി വന്നിരുന്ന പദ്ധതിയാണ് 'ഇൻസൈറ്റ്'.

NGO-യായ SPACE മുഖേന ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനായി ഇൻസൈറ്റ് പ്രോജക്ട് ഉണ്ടായിരുന്നു. 2009-ൽ ഐ.ടി. മിഷന്റെ സഹായത്തോടെയും 2014 മുതൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് മുഖേന സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെയും ഈ പ്രോജക്ട് 2016-17 വർഷംവരെ നടത്തിയിരുന്നു.

INSIGHT പദ്ധതിയെ സംബന്ധിച്ചും ആയതിന്റെ നടത്തിപ്പിലെ ക്രമക്കേടുകളെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് KFB വഴി നടപ്പിലാക്കിവന്നിരുന്ന സർക്കാർ പദ്ധതിയായ INSIGHT പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് KFB-യുമായുള്ള കരാർ റദ്ദ് ചെയ്യുവാനും കാഴ്ചവൈകല്യമുള്ള വളരെയധികം ആളുകൾക്ക് പ്രയോജനം നൽകാവുന്ന INSIGHT എന്ന സർക്കാർ പദ്ധതി താൽപ്പര്യപത്രം വിളിച്ച് പരിചയമുള്ള സ്കിൽ ഡെവലപ്മെന്റ് ഏജൻസികളിൽക്കൂടി ജില്ലാ തലത്തിൽ എല്ലാ വർഷവും നടത്താനും KFB-ക്ക് അധികമായി നൽകിയിട്ടുള്ള തുക പദ്ധതി നടത്തിപ്പിനായി വാടകയിനത്തിൽ കൈപ്പറ്റിയതും ഉൾപ്പെടെയുള്ള 18% പലിശ ഉൾപ്പെടെ തിരിച്ചുപിടിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതിനും വിജിലൻസ് അന്വേഷണം നടത്തുന്നതിനും ആവശ്യപ്പെട്ടിരുന്നു. ടി ഉത്തരവിനെതിരെ KFB കോടതിയെ സമീപിച്ചിട്ടുള്ളതും കോടതി വ്യവഹാരങ്ങൾ നടന്നുവരുന്നതുമാണ്. നിലവിൽ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന് പദ്ധതി അംഗീകാരമില്ല.

(ബി) ഇൻസൈറ്റ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് തിരുവനന്തപുരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷ (GIFT)-നെ ചുമതലപ്പെടുത്തിയിരുന്നു. പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ചില നിർദ്ദേശങ്ങൾ നൽകുക മാത്രമാണുണ്ടായത്. പ്രോജക്ട് തുടർന്ന് നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ മാത്രമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

(സി) ഇൻസൈറ്റ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ NGO-കൾ മുഖേന ഭിന്നശേഷി മേഖലയിലെ പദ്ധതികൾ നടത്തുന്നതിന് തയ്യാറാക്കിയ 'അതിജീവനം' സമഗ്ര പദ്ധതിയിലെ മാതൃക പ്രോജക്ട് ആയി ഈ പദ്ധതി ഉൾപ്പെടുത്തി EOI ക്ഷണിച്ചിരുന്നു. ഇതുപ്രകാരം തൃശ്ശൂർ ആസ്ഥാനമായുള്ള ഓട്ടിസം സെന്റർ 15 പേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എന്നാൽ കാഴ്ചപരിമിതർക്കായി ഈ പദ്ധതി നടത്തുന്നതിനായി NGO-കൾ ആരുംതന്നെ പ്രോജക്ട് നൽകിയിരുന്നില്ല.

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

236(2207) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ (കെ.എസ്.എസ്.എം.) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മിഷന്റെ എക്സിക്യൂട്ടീവ് ഓഫീസർ, പ്രോഗ്രാം കോർഡിനേറ്റർ എന്നീ തസ്തികകളിലേയ്ക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത യോഗ്യതകൾ ഉള്ള വ്യക്തികളെയാണോ പ്രസ്തുത സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇവരെ നിയമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.എസ്.എം.-ൽ ജോലിയിൽ നിന്നും പിരിച്ചുവിട്ടവർ ആരെങ്കിലും ഇപ്പോൾ അവിടെ പ്രോജക്ട് കോർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ഇവർ ആരെല്ലാമാണെന്നും മുൻപ് ഇവരെ പിരിച്ചു വിടാനുണ്ടായ സാഹചര്യമെന്താണെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെടുന്ന സ്ത്രീകൾ, ഗുരുതര രോഗാവസ്ഥയിലുള്ളവർ എന്നിവർക്കുവേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കുകയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം ഒരു സാമൂഹ്യശാസ്ത്രജ്ഞനോ ഭരണ പ്രാവീണ്യമുള്ള ഒരു ഉദ്യോഗസ്ഥനെയോ ആണ് മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിക്കേണ്ടത്. കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യതകൾ നിശ്ചയിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

(സി) ജോലിയിൽനിന്നും പിരിച്ചുവിട്ടവർ ആരുംതന്നെ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ പ്രോജക്ട് കോർഡിനേറ്റർ തസ്തകയിൽ ജോലി ചെയ്യുന്നില്ല.

## അഗതി മന്ദിരങ്ങൾ

237(2208) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന സർക്കാർ അഗതി മന്ദിരങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ സംവിധാനങ്ങൾ, സേവനങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ അഗതി മന്ദിരങ്ങളിൽ ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) 1) വൃദ്ധസദനം, തൃശ്ശൂർ

2) പ്രത്യാശാ ഭവൻ, തൃശ്ശൂർ (സ്ത്രീകൾ)

3) ആശാഭവൻ, തൃശ്ശൂർ (പുരുഷന്മാർ)

(ബി) വൃദ്ധസദനം:- സംസ്ഥാനത്തെ വൃദ്ധസദനത്തിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന മ്യൂസിക് തെറാപ്പി, മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി, താമസക്കാരുടെ ആയുർവ്വേദ ചികിത്സയ്ക്കായിട്ടുള്ള വയോഅമൃതം പദ്ധതി, വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും സ്വയംതൊഴിൽ പരിശീലിക്കുന്നതിനും ചെറുവരുമാനാധിഷ്ഠിത സംരംഭങ്ങൾ, താമസക്കാർക്ക് ശാരീരിക-മാനസികാരോഗ്യത്തിനായി നടപ്പാക്കുന്ന യോഗാ തെറാപ്പി, ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന Psychosocial Care in Elderly Persons in Old Age Homes, ദമ്പതികൾക്ക് താമസിക്കുവാൻ പ്രത്യേകം മുറി, എല്ലാ താമസക്കാർക്കും പ്രത്യേകം ലോക്കർ സംവിധാനം, വൃദ്ധസദനങ്ങളിലെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിന് പ്രാധാന്യം നൽകുന്ന തരത്തിൽ സേവന സന്നദ്ധരായ സംഘടനകളുടെ സഹായത്തോടുകൂടി വിനോദങ്ങളുടെ ഭാഗമായി ചെറുയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നു.

<u>പ്രത്യാശാ ഭവൻ:-</u> മാനസിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സ് കഴിഞ്ഞ അഗതികളോ നിരാലംബരോ ആയ സ്ത്രീകളുടെ സംരക്ഷണം, പരിശീലനം, ക്ഷേമം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. താമസക്കാരിൽ ചിലർ സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്നുണ്ട്. സർക്കാർ മാനസിക രോഗാശുപത്രിയിൽനിന്നും ഒരു ഡോക്ടർ സ്ഥിരമായി താമസക്കാരെ പരിശോധിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. റേഡിയോ, ടെലിവിഷൻ സൗകര്യങ്ങൾ, താമസക്കാരുടെ ശാരീരിക-മാനസികാരോഗ്യത്തിനായി യോഗാ തെറാപ്പി, ഉല്ലാസത്തിനായി സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി വിനോദയാത്രകൾ എന്നിവ അന്തേവാസികൾക്ക് ലഭ്യമാക്കുന്നു.

<u>ആശാഭവൻ:-</u> മാനസികരോഗ ചികിത്സയിലൂടെ നിയന്ത്രണ വിധേയരായവരും ബന്ധുക്കളാരും സ്വീകരിക്കാത്തവരുമായ പതിനെട്ട് വയസ്സ് കഴിഞ്ഞവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനും പുനരധിവാസത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. താമസക്കാരുടെ ശാരീരിക-മാനസികാരോഗ്യത്തിനായി സ്ഥിരമായി യോഗാ തെറാപ്പി നൽകിവരുന്നുണ്ട്. കൂടാതെ ക്യാരംസ്, ബാഡ്മിന്റൺ എന്നിവയ്ക്കുള്ള സൗകര്യം സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ട്. പകൽ സമയങ്ങളിൽ വിവിധ തരത്തിലുള്ള സ്വയംതൊഴിലുകൾ അഭ്യസിക്കുന്നുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വിനോദയാത്രകൾ സംഘടപ്പിക്കാറുണ്ട്. ടെലിവിഷൻ കാണുന്നതിനുള്ള സൗകര്യം, താമസക്കാരുടെ സാധനങ്ങൾ വെവ്വേറെ സൂക്ഷിക്കാനുള്ള സൗകര്യം എന്നിവ ഏർപ്പാടാക്കിയിട്ടുണ്ട്. താമസക്കാരുടെ ആരോഗ്യ പരിശോധനയ്ക്കായി മാസത്തിൽ 2 തവണ മെഡിക്കൽ ഓഫീസറുടെ (പാർട് ടൈം) സേവനം ലഭ്യമാണ്.

(സി) <u>നടപടിക്രമങ്ങൾ:-</u> അപേക്ഷകർ നേരിട്ട് സ്ഥാപനത്തിലെത്തി സൂപ്രണ്ടിന് മുൻപാകെ അപേക്ഷ സമർപ്പിക്കാം. തപാൽമൂലമോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ/നിർദ്ദേശങ്ങൾ എന്നിവ മുഖാന്തരം പ്രവേശനം അനുവദിക്കാം. മേൽ സൂചിപ്പിച്ചിട്ടുള്ള ഏത് മാർഗ്ഗത്തിലൂടെ ലഭിക്കുന്ന അപേക്ഷയാണെങ്കിലും സ്ഥാപന സൂപ്രണ്ട്, സോഷ്യൽ വർക്കർ, കൗൺസിലർ എന്നിവർ ചേർന്ന് പ്രവേശനം ആഗ്രഹിക്കുന്ന വ്യക്തിയുമായി നേരിൽ സംസാരിച്ചശേഷം സംരക്ഷണത്തിനുള്ള ആവശ്യകത, അർഹത എന്നിവ മനസ്സിലാക്കിയശേഷം അതത് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അംഗീകാരത്തിന് വിധേയമായി സ്ഥാപന സൂപ്രണ്ടിന് പ്രവേശനം അനുവദിക്കാവുന്നതാണ്. പ്രവേശനം സംബന്ധിച്ച് സർക്കാർ അംഗീകരിച്ച മാനേജ്മെന്റ് മാന്വൽ പ്രകാരമാണ് പ്രവേശനം നടത്തിവരുന്നത്.

## വയലത്തലയിലെ സർക്കാർ വയോജന മന്ദിരത്തിന്റെ സ്ഥലം

238(2209) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വയലത്തലയിൽ പ്രവർത്തിക്കുന്ന സർക്കാർ വയോജന മന്ദിരത്തിൽ (ഓൾഡ് ഏജ് ഹോം) എത്ര അന്തേവാസികൾക്കുള്ള സൗകര്യമാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര പേർ ഇവിടെ അന്തേവാസികളായി ഉണ്ട്;

(സി) വയോജന മന്ദിരത്തിന്റെ ഇപ്പോഴത്തെ കെട്ടിടം എന്നു നിർമ്മിച്ചതാണ്; എത്ര ഭൂമിയാണ് വയോജന മന്ദിരത്തിനായി ലഭിച്ചിട്ടുള്ളത്;

(ഡി) വയോജന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യത്തിനായി പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ നിന്നും 30 സെന്റ് സ്ഥലം ആവശ്യപ്പെട്ട് നൽകിയ കത്ത് ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളത്; സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ച നടപടികൾ, ഓരോ ഓഫീസിലും ഇതിനായി ആരംഭിച്ച ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട വയലത്തല ഗവൺമെന്റ് വൃദ്ധസദനത്തിന്റെ Sanctioned Strength 100 ആണ്. എന്നാൽ പരമാവധി 50 പേരെ താമസിപ്പിക്കാവുന്ന സൗകര്യങ്ങളാണ് നിലവിലുള്ളത്.

(ബി) 47 പേർ.

(സി) 2010-ൽ. 20 ആർ 30 ച.മീ. ഭൂമിയിൽ വയോജന മന്ദിരവും ചിൽഡ്രൻസ് ഹോമും പ്രവർത്തിച്ചുവരുന്നു.

(ഡി) സാമൂഹ്യനീതി ഡയറക്ടർ ഇതുസംബന്ധിച്ച ശിപാർശ ഫയൽ നമ്പർ ജി.2-11863/14 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും സർക്കാർ സി1/433/2017/സാ.നീ.വ. നമ്പർ ഫയലിൽ പ്രസ്തുത ശിപാർശ പരിശോധിക്കുകയും ജലവിഭവ വകുപ്പിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട് II തിരുവനന്തപുരത്തിനോട് ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് IRI/188/2018/WRD നമ്പർ ഫയൽ മുഖേന പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകുന്ന ധനസഹായം**

239(2210) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര കോടി രൂപയുടെ സഹായങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ദുരിതബാധിതരുടെ കടബാധ്യതകൾ ഒഴിവാക്കാൻ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് എൻഡോസൾഫാൻ സെൽ മുഖാന്തരം ദുരിതബാധിതർക്കായി 56.76 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വിവിധ പദ്ധതികളിലൂടെ അനുവദിച്ച ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | സ്നേഹസാന്ത്വനം പദ്ധതി | 30,71,49,720 രൂപ |
| 2. | എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി | 1,15,03,000 രൂപ |
| 3. | സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി | 2,41,22,301 രൂപ |

(ബി) 6,56,80,655 രൂപ (ആറ് കോടി അൻപത്തിയാറ് ലക്ഷത്തി എൺപതിനായിരത്തി അറുന്നൂറ്റി അൻപത്തിയഞ്ച് രൂപ മാത്രം).

**മാവേലി സ്റ്റോറുകൾ വഴി ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ**

240(2211) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകരിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങി സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി കുറഞ്ഞ വിലയിൽ സാധാരണക്കാരന് ലഭ്യമാക്കി വന്നിരുന്ന പദ്ധതി തുടരുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി ഉല്പന്നങ്ങളുടെ ഗുണമേന്മയും ഏകീകൃത വിലയും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ സംരംഭകരിൽനിന്നും ഉൽപ്പന്നങ്ങൾ വാങ്ങി സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി കുറഞ്ഞ വിലയിൽ സാധാരണക്കാരന് ലഭ്യമാക്കുന്ന പദ്ധതി തുടർന്നുവരുന്നു.

(ബി) പ്രസ്തുത നടപടിക്രമങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കി ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും ഏകീകൃത വിലയും ഉറപ്പുവരുത്താൻ കമ്പനികളെ LLC (Locally Listed Company) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, ഹെഡ് ഓഫീസ് തലത്തിൽ വില നിശ്ചയിക്കുകയും ഉൽപ്പന്നങ്ങൾ CFRD (Council for Food Research & Development) ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

**വിശപ്പുരഹിത സംസ്ഥാനമാക്കാൻ പദ്ധതികൾ**

241(2212) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിശപ്പ് രഹിത കേരളം പദ്ധതിക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നും ഇത് എത്രയായി വിപുലീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശപ്പുരഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായിട്ടാണ് 2017-18 സാമ്പത്തിക വർഷം മുതൽ വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നടപ്പാക്കിയിട്ടുള്ള ടി പദ്ധതി മുഖേന അശരണരായ കിടപ്പ് രോഗികൾക്ക് ഭക്ഷണം വീട്ടിലെത്തിച്ച് നൽകുകയും സുഭിക്ഷ ഉച്ചഭക്ഷണശാലയിൽനിന്നും അഗതികൾക്ക് സൗജന്യ കൂപ്പൺ മുഖേനയും മറ്റ് ആവശ്യക്കാർക്ക് 20 രൂപ നിരക്കിലും ഊണ് നൽകിവരുന്നു.

(ബി) വിശപ്പുരഹിത കേരളം പദ്ധതിക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇല്ല; പദ്ധതി ക്രമമായി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ പദ്ധതി ആലപ്പുഴ ജില്ലയിൽ രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. അശരണരായ കിടപ്പുരോഗികൾക്ക് ഭക്ഷണം വീട്ടിലെത്തിച്ചു നൽകുന്ന പദ്ധതിയിൽ 70 പേർ നിലവിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സുഭിക്ഷ ഉച്ചഭക്ഷണശാലയിൽനിന്നും ദിവസവും 300 ഊണ് 20 രൂപ നിരക്കിലും അഗതികൾക്ക് സൗജന്യ കൂപ്പൺ മുഖേനയും ഉച്ചഭക്ഷണം നൽകുന്നു.

## വിശപ്പുരഹിത കേരളം പദ്ധതി

242(2213) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ സർക്കാർ ആവിഷ്കരിച്ച വിശപ്പ് രഹിത കേരളം പദ്ധതി ലക്ഷ്യം കണ്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്രയവും വരുമാനവുമില്ലാത്തവർക്ക് സൗജന്യമായും അർഹരായ മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും ദിവസം ഒരു നേരത്തെ ഭക്ഷണം നൽകുന്നതിന് സർക്കാർ ആവിഷ്കരിച്ചതായിരുന്നോ ഈ പദ്ധതിയെന്നറിയിക്കാമോ;

(സി) ഫണ്ടിന്റെ അഭാവവും ഉദ്യോഗസ്ഥതലത്തിലെ വീഴ്ചകളും പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുമെന്ന സർക്കാർ പ്രഖ്യാപനത്തെ തകിടം മറിക്കുകയുണ്ടായോ; വിശദമാക്കാമോ?

ഉത്തരം

(എ) വിശപ്പുരഹിത കേരളം പദ്ധതി ലക്ഷ്യം കണ്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം, കൊല്ലം ജില്ലകളിൽക്കൂടി ടി പദ്ധതി ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നൽകുകവഴി സമൂഹത്തിൽനിന്ന് വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ഇല്ല. ആലപ്പുഴ ജില്ലയിൽ ആരംഭിച്ച വിശപ്പുരഹിത കേരളം പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, കോട്ടയം, കൊല്ലം ജില്ലകളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ പ്രവൃത്തിപരിചയമുള്ള സർക്കാർ/ സർക്കാരിതര സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടി നടപ്പാക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

## വിശപ്പുരഹിത കേരളം പദ്ധതി

243 (2214) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രയവും വരുമാനമാർഗ്ഗവുമില്ലാത്തവർക്ക് സൗജന്യമായും, അർഹരായ മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും ഒരു നേരമെങ്കിലും ഭക്ഷണം നൽകുന്നതിനായി ആവിഷ്കരിച്ച വിശപ്പുരഹിത കേരളം പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഏതൊക്കെ ജില്ലകളിലാണ് നിലവിൽ പദ്ധതി പ്രാവർത്തികമാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനും പദ്ധതി വിപുലപ്പെടുത്തുന്നതിനും സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിശപ്പുരഹിത കേരളം പദ്ധതി ആലപ്പുഴ ജില്ലയിൽ ആരംഭിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽക്കൂടി പദ്ധതി ആരംഭിക്കുന്നതിന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. കോട്ടയം, കൊല്ലം ജില്ലകളിൽക്കൂടി പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷം വിശപ്പുരഹിത കേരളം പദ്ധതിക്കായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾക്ക് ഒരു കോടി രൂപ വീതവും ആലപ്പുഴ ജില്ലയ്ക്ക് 20 ലക്ഷം രൂപയും അനുവദിച്ചിരുന്നു. പദ്ധതി ആരംഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയ്ക്ക് 70 ലക്ഷം രൂപ അനുവദിച്ചതിനുപുറമേ

പദ്ധതിയുടെ തുടർനടത്തിപ്പിനും വിപുലീകരണത്തിനുമായിട്ടാണ് 2018-19 വർഷം 20 ലക്ഷം രൂപ കൂടി അനുവദിച്ചത്. ആലപ്പുഴ ജില്ലയ്ക്ക് മൊത്തം നൽകിയ 90 ലക്ഷം രൂപയിൽ 24,66,199 രൂപ ഇതിനകം ചെലവാക്കിയിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ പദ്ധതി നിലവിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ പദ്ധതി ഉടൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലും കോട്ടയം, കൊല്ലം ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലുമാണ്. പദ്ധതി ക്രമമായി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## നെഞ്ചുരോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ചഭക്ഷണ വിതരണം

244(2215) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് അരി അനുവദിച്ചിരുന്നത് എന്നുമുതലാണെന്നും ആയതു എന്നുമുതൽ നിർത്തിവച്ചുവെന്നും വിശദീകരിക്കുമോ ;

(ബി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അരി നല്കിയിരുന്നതെന്നും ഏതു സാഹചര്യത്തിലാണ് വിതരണം നിർത്തിവച്ചതെന്നും വിശദീകരിക്കുമോ ;

(സി) നെഞ്ചുരോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് ഉച്ച ഭക്ഷണത്തിനുള്ള അരി സൗജന്യമായി വിതരണം ചെയ്യുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ ?

### ഉത്തരം

(എ) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ കിടപ്പ് രോഗികൾക്ക് 1989 മുതലാണ് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് അരി അനുവദിച്ചിരുന്നത്. ആയത് 12/2018 മുതൽ നിർത്തിവച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽവരുന്നതിനുമുൻപ് എ.പി.എൽ. വിഹിതത്തിന്റെ നീക്കിയിരിപ്പിൽനിന്നാണ് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് മുഖേന അരി നൽകിയിരുന്നത്. എന്നാൽ നിലവിൽ എ.പി.എൽ. നീക്കിയിരിപ്പ് വിതരണത്തിന് അപര്യാപ്തമായതിനാലാണ് ടി പെർമിറ്റുകൾ പുതുക്കി നൽകാത്തത്.

(സി) കേന്ദ്ര സർക്കാരിന്റെ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻസ് & ഹോസ്റ്റൽ സ്കീമിന്റെ പുതുക്കിയ പദ്ധതിയിൽ ഇത്തരം സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഭക്ഷ്യധാന്യം മിതമായ നിരക്കിൽ വിതരണം ചെയ്യാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

**റേഷൻ കടകളിലെ അളവ് തൂക്ക കൃത്രിമം തടയുന്നതിന് നടപടി**

245(2216) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല റേഷൻ കടകളിലും ഇപ്പോഴും അളവ് തൂക്കത്തിൽ കൃത്രിമം നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അളവ് തൂക്കത്തിൽ കൃത്രിമം കാണിക്കുന്നവരെ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷ നടപ്പിലാക്കുന്നതിനുമായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുന്നുണ്ടെന്നും അതിലെ ഡിസ്‌പ്ലേ ബോർഡ് ഉപഭോക്താവ് കാണുന്ന വിധത്തിലാണെന്ന് ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ അടിയന്തരമായി നടപടി സ്വീകരിക്കാറുണ്ട്. അളവ് തൂക്കത്തിൽ കൃത്രിമം കാണിക്കുന്നവരെ കണ്ടെത്തുന്നതിന് റേഷൻ കടകളിൽ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ കർശന പരിശോധന നടത്തുന്നുണ്ട്. കൃത്രിമം കണ്ടെത്തിയാൽ ആയതിന്റെ ഗൗരവമനുസരിച്ച് പിഴ ചുമത്തുന്നതുൾപ്പെടെ, 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1968-ലെ മണ്ണെണ്ണ നിയന്ത്രണ ഉത്തരവ് എന്നിവയിലെ വകുപ്പുകൾ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കൂടാതെ പരിശോധന നടത്തുമ്പോൾ അളവ് തൂക്ക വകുപ്പ് സീൽ ചെയ്ത ഇലക്ട്രോണിക് വെയിംഗ് ബാലൻസ് കാർഡുടമകൾ കാണത്തക്ക വിധമാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്.

(സി) എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിച്ച് വരുന്നതും ആയതിന്റെ ഡിസ്‌പ്ലേ ബോർഡ് ഉപഭോക്താവ് കാണുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**റേഷൻ കാർഡ് മുൻഗണനാ പട്ടിക**

246(2217) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി അർഹരായ എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അർഹരായ എത്രപേരെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; എങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 3348 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അർഹത പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ബി) ആകെ 2223 പേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പഞ്ചായത്ത് | എണ്ണം |
|---|---|
| കിഴക്കഞ്ചേരി | 301 |
| കുഴൽമന്ദം | 299 |
| തേങ്കുറിശ്ശി | 321 |
| എരിമയൂർ | 348 |
| മേലാർക്കോട് | 325 |
| ആലത്തൂർ | 242 |
| വടക്കഞ്ചേരി | 387 |
| ആകെ | 2223 |

## ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി

247(2218) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാനക്കാർക്ക് റേഷൻ ലഭ്യത ഉറപ്പാക്കാനായുള്ള "ഒരു രാജ്യം ഒരു റേഷൻ കാർഡ്" എന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയർക്ക് റേഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടാകാനിടയുണ്ടോ; വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിയ വിലയിരുത്തൽ എന്തൊക്കെയാണ്; വിശദമാക്കാമോ?

(ബി) ഈ പദ്ധതി നടപ്പിലായാൽ മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുള്ള കേരളീയർക്ക് റേഷൻ നിഷേധിക്കപ്പെടുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാനാകും; വിശദമാക്കാമോ;

(സി) എല്ലാ കേരളീയർക്കും റേഷൻ ലഭ്യമാക്കുന്നതിന് അനുയോജ്യമായ നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ പ്രധാന ഘടകമായ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണത്തിലെ IMPDS(Integrated Management in Public Distribution System)-മായി ബന്ധപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ് 'ഒരു രാജ്യം ഒരു റേഷൻ കാർഡ് എന്നത്. ആയത് നാഷണൽ പോർട്ടബിലിറ്റി മുഖേന സാധ്യമാക്കുന്നതിനായി 2019 ഒക്ടോബർ 1-ന് കേരള-കർണാടക ക്ലസ്റ്റർ രീതിയിൽ പൈലറ്റ് പദ്ധതി നടത്തുകയും ചെയ്തിട്ടുണ്ട്.

നാഷണൽ പോർട്ടബിലിറ്റി സംബന്ധിച്ച് കേന്ദ്ര സർക്കാർ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായിരിക്കണം (അന്ത്യോദയ അന്ന യോജന, മുൻഗണന), ഇ-പോസ് സ്ഥാപിച്ചിട്ടില്ലാത്ത റേഷൻ കടയിലെ അംഗമാകാൻ പാടില്ല, സംസ്ഥാന പദ്ധതികളിലെ ഗുണഭോക്താവ് ആകാനും പാടില്ല.

2. ഗുണഭോക്താവിന്റെ ആധാർ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിരിക്കണം.

3. ഗുണഭോക്താവിന്റെ കുടുംബത്തിന് ഒന്നിലധികം റേഷൻ കാർഡ് ഉണ്ടാകാൻ പാടില്ല.

4. ഗുണഭോക്താവ് ഒന്നിലധികം റേഷൻ കാർഡിൽ അംഗമാകാൻ പാടില്ല.

ആയതിനാൽ മറ്റ് സംസ്ഥാനങ്ങളിലെ കേരളീയർക്ക് റേഷൻ ലഭിക്കുന്നതിന് തടസ്സം വരുന്നില്ല.

(ബി) നാഷണൽ പോർട്ടബിലിറ്റി നടപ്പാകുമ്പോൾ റേഷൻ നിഷേധിക്കപ്പെടില്ല. പ്രസ്തുത സംവിധാനമുപയോഗിച്ച് എ.എ.വൈ./പി.എച്ച്.എച്ച്. കാർഡുകളിൽ ഉൾപ്പെട്ടവർക്ക് ഏത് സംസ്ഥാനത്തുനിന്നും വാങ്ങാം എന്ന അധിക സൗകര്യം ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. പൊതുവിഭാഗം, പൊതുവിഭാഗം (സബ്സിഡി) എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടില്ല.

(സി) നിലവിൽ റേഷൻ കാർഡുള്ള എല്ലാ കേരളീയർക്കും റേഷൻ ലഭ്യമാക്കിവരുന്നുണ്ട്.

## പുതിയ റേഷൻ കാർഡ് അനുവദിക്കാൻ നടപടി

248(2219) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിന് അപേക്ഷ നൽകിയ എല്ലാവർക്കും റേഷൻ കാർഡ് അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) റേഷൻ കാർഡിന് അപേക്ഷ നൽകിയവർക്ക് ഇനിയും റേഷൻ കാർഡ് നൽകാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ;

(സി) റേഷൻ കാർഡ് ഇതുവരെ അനുവദിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ അപേക്ഷ ലഭിച്ചിട്ടും റേഷൻ കാർഡ് നൽകാത്തവരുടെ പട്ടിക താലൂക്ക് തിരിച്ച് അറിയിക്കാമോ?

### ഉത്തരം

(എ) റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ 93.23% അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്.

(ബി&സി) അടിയന്തര പ്രാധാന്യമുള്ള ആധാർ സീഡിംഗ് തുടങ്ങിയ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുള്ളതിനാലും ഓരോ

ദിവസവും റേഷൻ കാർഡിനുള്ള അപേക്ഷകൾ ലഭ്യമാകുന്നതിനാലും കാർഡ് വിതരണം പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

(ഡി)

| താലൂക്ക് | | കാർഡ് ലഭിക്കാത്തവരുടെ എണ്ണം |
|---|---|---|
| തിരൂരങ്ങാടി | - | 408 |
| പെരിന്തൽമണ്ണ | - | 300 |
| ഏറനാട് | - | 271 |
| തിരൂർ | - | 1468 |
| കൊണ്ടോട്ടി | - | ഇല്ല |
| പൊന്നാനി | - | ഇല്ല |
| നിലമ്പൂർ | - | ഇല്ല |
| ആകെ | - | 2447 |

**പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് നടപടി**

249 (2220) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ പുതുതായി എത്ര റേഷൻകാർഡിന് അപേക്ഷ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അപേക്ഷയുടെ അടിസ്ഥാനത്തിൽ എത്ര പുതിയ റേഷൻ കാർഡ് അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പുതിയ റേഷൻ കാർഡുകൾ അനുവദിച്ചുനൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അപേക്ഷകർക്കെല്ലാം എന്നത്തേയ്ക്ക് റേഷൻ കാർഡ് നൽകാനാവും എന്ന് പറയാമോ;

(ഇ) വീടും വസ്തുവും ഇല്ലാത്തവർക്ക് ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പദ്ധതികളിൽ അംഗമാകുന്നതിന് റേഷൻ കാർഡ് ഇല്ലാത്തത് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്കായി എന്ത് ബദൽ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ കാലയളവിൽ പുതുതായി റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളും അതിൽ അനുവദിച്ചവയും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | ആകെ ലഭിച്ച അപേക്ഷ | അനുവദിച്ച റേഷൻ കാർഡുകൾ |
|---|---|---|
| തിരുവനന്തപുരം | 68118 | 65285 |
| കൊല്ലം | 53426 | 50018 |
| പത്തനംതിട്ട | 21895 | 20967 |
| ആലപ്പുഴ | 36583 | 33897 |
| കോട്ടയം | 29798 | 28334 |
| ഇടുക്കി | 26841 | 24643 |
| എറണാകുളം | 50729 | 49322 |
| തൃശ്ശൂർ | 56342 | 52335 |
| പാലക്കാട് | 74938 | 65642 |
| മലപ്പുറം | 107203 | 97804 |
| കോഴിക്കോട് | 59926 | 54811 |
| വയനാട് | 20842 | 18968 |
| കണ്ണൂർ | 56053 | 51443 |
| കാസർഗോഡ് | 36026 | 32891 |
| ആകെ | 698720 | 646360 |

(സി&ഡി) റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാല് വർഷക്കാലമായി റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ സ്വീകരിച്ചിരുന്നില്ല. 2018, ജൂൺ മുതൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ സ്വീകരിച്ചുതുടങ്ങി. നാളിതുവരെ ലഭ്യമായിട്ടുള്ള 36.77 ലക്ഷം അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകൾ വളരെ കൂടുതലായതിനാൽ അന്വേഷണം നടത്തി അടിയന്തരമായി തീർപ്പുകൽപ്പിച്ച് പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. ലൈഫ് ഭവന പദ്ധതിയിൽ അംഗമാകുന്നതിനുവേണ്ടി ലഭിക്കുന്ന റേഷൻ കാർഡ് അപേക്ഷകൾക്ക് മുന്തിയ പരിഗണന നൽകി കാർഡ് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് നിർബന്ധമാക്കരുതെന്ന നിർദ്ദേശവും ബന്ധപ്പെട്ട വകുപ്പുകൾ നൽകിയിട്ടുണ്ട്.

**വയനാട് ജില്ലയിൽ പുതുതായി വിതരണം ചെയ്ത റേഷൻ കാർഡുകൾ**

250(2221) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എത്ര റേഷൻ കാർഡുകൾ പുതുതായി വിതരണം ചെയ്തിട്ടുണ്ട്;

(ബി) ജില്ലയിലെ താലൂക്ക് തിരിച്ചുള്ള പുതിയ റേഷൻ കാർഡിന്റെ കണക്ക് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ മാരക രോഗം പിടിപെട്ട എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി റേഷൻ കാർഡ് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റിനല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 19100 റേഷൻ കാർഡുകൾ.

| | | |
|---|---|---|
| (ബി) വൈത്തിരി | - | 7016 |
| സുൽത്താൻബത്തേരി | - | 6554 |
| മാനന്തവാടി | - | 5530 |

(സി) 2932 കാർഡുകൾ സ്റ്റേറ്റ് പ്രയോറിറ്റിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**ആറന്മുള മണ്ഡലത്തിലെ ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾ**

251(2222) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിൽ ബി.പി.എൽ. വിഭാഗത്തിൽ എത്ര റേഷൻ കാർഡ് ഉടമകളുണ്ട്;

(ബി) അനർഹരെ പ്രസ്തുത പട്ടികയിൽ നിന്നൊഴിവാക്കി, അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലൂടെയാണ് പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറന്മുള മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിൽ ആകെ 24165 (എ.എ.വൈ. - 4507, പ്രയോറിറ്റി - 19658) റേഷൻ കാർഡുകൾ ഉണ്ട്.

(ബി) പരിശോധനയിൽ അനർഹമാണെന്ന് കണ്ടെത്തിയ 1779 എ.ഐ.വൈ. കാർഡുകളും 2,080 പി.എച്ച്.എച്ച്. കാർഡുകളും മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കുകയും അർഹതയുള്ളവരെ ഉൾപ്പെടുത്തിവരികയും ചെയ്യുന്നു.

**വൈത്തിരി താലൂക്കിൽ റേഷൻ കാർഡില്ലാത്ത ആദിവാസി കുടുംബങ്ങൾ**

252(2223) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിൽ റേഷൻ കാർഡില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് റേഷൻ കാർഡ് അനുവദിച്ചുനൽകുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) വൈത്തിരി താലൂക്കിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും പ്രൊമോട്ടർമാരുടെയും സഹായത്തോടെ ട്രൈബൽ കോളനികളിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും റേഷൻ കാർഡില്ലാത്ത എല്ലാവർക്കും റേഷൻ കാർഡ് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കാർഡില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർക്കെങ്കിലും കാർഡ് ഇല്ലായെന്ന് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ വേണ്ട നടപടി ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

## മുൻഗണന കാർഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡം

253(2224) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ കാർഡുകൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) ഇതിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) എ.എ.വൈ. കാർഡുകൾ ഏതെല്ലാം വിഭാഗക്കാർക്കാണ് നൽകി വരുന്നതെന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇവർക്ക് ലഭ്യമാകുന്നതെന്നും അറിയിയ്ക്കാമോ;

(ഡി) മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തയ്യറാക്കിയ മാനദണ്ഡ പ്രകാരം ബി. പി. എൽ. പട്ടികയിലുള്ള എല്ലാ കുടുംബങ്ങളെയും മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയത് പ്രകാരം തയ്യാറാക്കിയ അന്തിമ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് നൽകിയിരുന്നു. ആയതുപ്രകാരം സംസ്ഥാനത്താകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കി. പരിശോധനയിൽ 30 മാർക്കോ അതിൽക്കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികയിൽ നാളിതുവരെ 3,96,071 (29-10-2019) കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഏകദേശം 17 ലക്ഷം അംഗങ്ങൾ) ടി പട്ടികയ്ക്ക് പുറമെ അടിയന്തര പ്രാധാന്യമുള്ള കേസ്സുകളിൽ, ഗുരുതരമായ രോഗങ്ങൾ, അടിയന്തര ചികിത്സ ആവശ്യമുള്ളവർ എന്നിവർക്ക് മാനുഷിക പരിഗണന നൽകി മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്നവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 10(എ) പ്രകാരമുള്ള കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരമാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിന് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

(സി) അന്ത്യോദയ അന്ന യോജന (എ.എ.വൈ.) പദ്ധതിയിൽ താഴെ പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും.

ഇതുകൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, കാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.എ.വൈ. ഗുണഭോക്താക്കൾക്ക് പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും ഉൾപ്പെടെ 35 കിലോ ഭക്ഷ്യധാന്യങ്ങളും 1 കിലോ പഞ്ചസാരയും നൽകിവരുന്നു.

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തയ്യാറാക്കിയ മാനദണ്ഡപ്രകാരം ബി.പി.എൽ. പട്ടികയിലുള്ള എല്ലാ കുടുംബങ്ങൾക്കും ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 20 മാർക്ക് വെയിറ്റേജായി അനുവദിക്കുന്നുണ്ട്. പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികകളിൽ ഏതാനും താലൂക്കുകൾ ഒഴികെ മറ്റ് താലൂക്കുകളിലെ പട്ടികകളിൽനിന്നും മുഴുവൻ കുടുംബങ്ങളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. രണ്ടാം ഘട്ടമെന്ന നിലയിൽ വീണ്ടും അപേക്ഷകൾ സ്വീകരിച്ച് പരിശോധനകൾ നടത്തി സാദ്ധ്യതാപട്ടിക തയ്യാറാക്കിവരുന്നു.

**അനർഹമായി റേഷൻ വിഹിതം വാങ്ങുന്നവർ**

254(2225) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായി മുൻഗണനാ, എ.എ.വൈ, പൊതുവിഭാഗം (സബ്സിഡി) എന്നീ കാർഡുകൾ കൈവശം വച്ച് റേഷൻവിഹിതം വാങ്ങുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കുമോ;

(ബി) കൊട്ടാരക്കര താലൂക്കിൽ ഈ പട്ടികയിൽപ്പെട്ട എത്ര അനർഹരെ കണ്ടെത്തി എന്നുള്ളതിന്റെ വിശദാംശങ്ങളും അവർക്കെതിരെ സ്വീകരിച്ച നടപടികളും വിവരിക്കാമോ?

ഉത്തരം

(എ) വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊട്ടാരക്കര താലൂക്കിൽ ഇതിനകം 33 പേരുടെ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 2,28,806 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**മുൻഗണനാ വിഭാഗം റേഷൻ കാർഡ്**

255(2226) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ കുടുംബങ്ങൾക്ക് മുൻഗണനാ വിഭാഗം റേഷൻ കാർഡ് ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) അനർഹരായി മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ കൈവശം വച്ച് ഉപയോഗിച്ചിരുന്നവരെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്ന് വിശദമാക്കാമോ;

(സി) അർഹരായവർക്ക് മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്.

മുൻഗണനാ പട്ടികയിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് അകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികകളിൽ ഏതാനും താലൂക്കുകൾ ഒഴികെ മറ്റ് താലൂക്കുകളിലെ പട്ടികകളിൽനിന്നും മുഴുവൻ കുടുംബങ്ങളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. രണ്ടാം ഘട്ടമെന്ന നിലയിൽ വീണ്ടും അപേക്ഷകൾ സ്വീകരിച്ച് പരിശോധനകൾ നടത്തി സാദ്ധ്യതാപട്ടിക തയ്യാറാക്കിവരുന്നു.

ഇതിനുപുറമെ, മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും കുടുംബത്തിലെ ആർക്കെങ്കിലും മാരക രോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക-മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവയിൽ ഏതെങ്കിലും ഉള്ള പക്ഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കാർഡ് നൽകിവരുന്നു. ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ട ഗുരുതര രോഗബാധിതർക്കും അടിയന്തര ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന സീൽ പതിച്ച് മുൻഗണനാ വിഭാഗത്തിനുള്ളതുപോലെ ചികിത്സാ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇത്തരത്തിൽ ഗുരുതരമായ രോഗങ്ങൾ, അടിയന്തര ചികിത്സ ആവശ്യമുള്ളവർ എന്നിവർക്ക് മാനുഷിക പരിഗണന നൽകി മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിവരുന്നു.

സ്വമേധയാ സറണ്ടർ ചെയ്തതിനുപുറമെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സ്വന്തമായി നാലുചക്ര വാഹനങ്ങൾ ഉള്ളവരുടെ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽനിന്നും ലഭ്യമാക്കുകയും ടി ഡാറ്റകളുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തുകയും ഫീൽഡുതല പരിശോധനകളിലൂടെ അനർഹമാണെന്ന് ബോധ്യപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡുതല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)* കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടി തുടർന്നുവരുന്നു. കൂടാതെ, വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2019 സെപ്റ്റംബർ മാസം 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്.

ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹമാണെന്ന് കണ്ടെത്തുന്ന പക്ഷം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗം റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

**വൈത്തിരി താലൂക്കിലെ റേഷൻ മുൻഗണനാ വിഭാഗക്കാർ**

256(2227) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിൽ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകരിൽ നിന്ന് എത്രപേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ; ഇനി എത്ര പേരെ കൂടി ഉൾപ്പെടുത്താനാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ആകെ ലഭിച്ച 14894 അപേക്ഷകളിൽ 2333 പേരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകൾ അനുസരിച്ച് മാത്രമേ അർഹരായവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ എത്രപേരെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുമെന്ന് മുൻകൂട്ടി പറയാൻ കഴിയില്ല.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്**

257(2228) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭ്യമാകുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത വിഭാഗക്കാർക്ക് റേഷൻ കാർഡ് ലഭ്യമാകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗക്കാർക്ക് നൽകി വരുന്ന താൽക്കാലിക റേഷൻ കാർഡിന് പകരം സ്ഥിരം റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകിവരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽക്കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരികയും ചെയ്യുന്നു.

(സി) നിലവിൽ താൽക്കാലിക റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നില്ല.

## ബയോമെട്രിക് വിവരങ്ങൾ ചോരുന്നത് സംബന്ധിച്ച്

258(2229) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സ്വദേശിനിയുടെ വിരലടയാളം പതിപ്പിച്ച് തിരുവനന്തപുരം സ്വദേശി റേഷൻ വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളുടെ ആധാർ നമ്പർ വഴി ശേഖരിച്ച ബയോമെട്രിക് വിവരങ്ങൾ ചോരുന്നു എന്ന ഗുരുതരമായ പിഴവ് വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായത് ഗൗരവമായി കാണുമോ; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) 1103029248 എന്ന റേഷൻ കാർഡുടമ ആയ ശ്രീമതി നിഷയുടെ പേരിൽ 1103029348 നമ്പർ കാർഡുടമയായ ശ്രീമതി ഗീതയുടെ വിരലടയാളം എടുക്കുകയും ആയത് ആതന്റിക്കേറ്റ് ചെയ്യപ്പെടുകയും ചെയ്തു എന്ന ഒരു പിശക് തിരുത്തുകയും ശ്രീമതി നിഷയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ടിയാളുടെ വിഹിതം പുനഃസ്ഥാപിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഒരാളുടെ പേര് സെലക്ട് ചെയ്ത് വേറൊരാളുടെ വിരലടയാളം ആതന്റിക്കേറ്റ് ചെയ്തത് ഗുരുതരമായ പിഴവ് തന്നെയാണ്. ഈ വിഷയം കൂടുതൽ പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന UIDAI-യ്ക്ക് കൈമാറിയിട്ടുണ്ട്.

## ഭൂമിയില്ലാത്തവരെ മുൻഗണനാ കാർഡിൽ ഉൾപ്പെടുത്താൻ നടപടി

259(2230) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ, സ്വന്തമായി ഭൂമിയില്ലാത്തവരെ റേഷൻ കാർഡിൽ പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമൂലം സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സ്ഥിതിവിശേഷം നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരക്കാർക്ക് ഇതിലൂടെ ആവശ്യത്തിന് റേഷൻ സാധനങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം അറിയാമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ കാർഡിൽ തിരുത്തൽ വരുത്തുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണെന്നുമുള്ളത് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരക്കാരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയാൽ മാത്രമേ NFSA പ്രകാരമുള്ള റേഷൻ സാധനങ്ങൾക്ക് അർഹതയുണ്ടാകുകയുള്ളൂ. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനായി അപേക്ഷകൾ സ്വീകരിക്കുകയും ആയതിന്മേൽ അദാലത്തുകൾ സംഘടിപ്പിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ഉള്ളവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കുന്നതുവഴി ലഭിക്കുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തിവരുന്നു. ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ ഭൂമിയില്ലാത്ത കുടുംബത്തിന് 10 മാർക്ക് വെയിറ്റേജ് വഴി ലഭിക്കുന്നു.

(സി) ഭൂമിയില്ലാത്തവരിൽനിന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ ലഭ്യമായ മൊത്തം അപേക്ഷകൾ - 257

<u>പഞ്ചായത്ത് അടിസ്ഥാനത്തിൽ</u>

| | | |
|---|---|---|
| വെള്ളറട | - | 112 |
| പാറശ്ശാല | - | 90 |
| കുന്നത്തുകാൽ | - | 30 |
| കൊല്ലയിൽ | - | 25 |
| മറ്റ് പഞ്ചായത്തുകൾ | - | ഇല്ല |
| ആകെ | - | 257 |

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാൻ അർഹരാണെന്ന് കണ്ടെത്തിയവരെ ഒഴിവുകൾ വരുന്ന മുറയ്ക്ക് ടി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

**റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർ**

260(2231) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡുതല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)* കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരുടെ പട്ടിക പരിശോധിച്ച് പ്രസ്തുത ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകി, വിശദീകരണം വാങ്ങി ടി കാർഡുകളെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയോ കാർഡ് റദ്ദ് ചെയ്യുകയോ ചെയ്യുന്നതാണ്.

**മുൻഗണനാ പട്ടികയിൽ അർഹരെ ഉൾപ്പെടുത്തുന്നതിന് നടപടി**

261(2232) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരെ വരെ ഒഴിവാക്കി അർഹരായവരെ ഉൾപ്പെടുത്തുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) തളിപ്പറമ്പ് താലൂക്ക് സപ്ലൈസ് ഓഫീസ് പരിധിയിൽ അനർഹരാണെന്ന് കണ്ടെത്തിയ എത്ര പേരെയാണ് ഒഴിവാക്കിയത്; അറിയിക്കാമോ;

(സി) പ്രസ്തുത സപ്ലൈസ് ഓഫീസ് പരിധിയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷയാണ് ലഭിച്ചിട്ടുള്ളതെന്നും; എത്രപേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അനർഹരായവർ സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമെ, മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സ്വന്തമായി നാലുചക്ര വാഹനങ്ങൾ ഉള്ളവരുടെ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽനിന്നും ലഭ്യമാക്കുകയും ടി ഡേറ്റകളുമായി അർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തുകയും ഫീൽഡുതല പരിശോധനകളിലൂടെ അനർഹമാണെന്ന് ബോധ്യപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡുതല പരിശോധന നടത്തി, സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)* കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണവകുപ്പിന്റെ സഹായത്തോടെ, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും നടപടി തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോള വില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2019 സെപ്റ്റംബർ മാസം 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്.

(ബി) 3197 കുടുംബങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

(സി) ആകെ ലഭിച്ച 17682 അപേക്ഷകളിൽനിന്നും 3663 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റേഷൻ കടകൾ സർക്കാർ നേരിട്ട് നടത്താൻ നടപടി

262(2233) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീട്ടെയിൽ റേഷൻ ഡീലർമാരെ ഒഴിവാക്കി റേഷൻ കടകൾ സർക്കാർ നേരിട്ട് നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

റേഷൻ ഡീലർമാരെ ഒഴിവാക്കി റേഷൻ കടകൾ സർക്കാർ നേരിട്ട് നടത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## പുതിയ റേഷൻ കട അനുവദിക്കൽ

263(2234) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആവശ്യമായ സ്ഥലത്ത് പുതിയ റേഷൻ കട അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻ കടകളുടെ ക്രമീകരണം പുരോഗമിച്ചുവരുന്നതുകൊണ്ടും 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനാലും പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് തൽക്കാലം പരിഗണനയിലില്ല.

## റേഷൻ കടകളുടെ ലൈസൻസ്

264(2235) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, ഏറനാട് താലൂക്കുകളിൽ എത്ര റേഷൻ കടകളുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര വർഷമായി സസ്പെൻഷനിൽ തുടരുന്ന റേഷൻകടകളുടെ ലൈസൻസുകളാണ് റദ്ദാക്കാറുള്ളത്; വ്യക്തമാക്കാമോ;

(സി) നിശ്ചിത കാലാവധി കഴിഞ്ഞിട്ടും സസ്പെൻഷൻ പിൻവലിക്കാത്ത റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്ത് പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) സസ്പെൻഷനിലുള്ള റേഷൻ കടകളിലെ ഗുണഭോക്താക്കളെ ഏത് റേഷൻ കടകൾക്ക് കീഴിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇങ്ങനെ ഉൾപ്പെടുത്തിയിട്ട് എത്ര വർഷമായി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റേഷൻ കടകളിലെ അഴിമതിയെ തുടർന്ന് ലൈസൻസ് രണ്ട് തവണ റദ്ദ് ചെയ്താൽ ലൈസൻസിയുടെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്യേണ്ടതല്ലേ; ഇത്തരം നടപടി എടുത്ത എത്ര റേഷൻ കടകൾ മലപ്പുറം ജില്ലയിൽ ഉണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ, ഏറനാട് താലൂക്കുകളിലായി 34 റേഷൻ കടകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| നിലമ്പൂർ | - | 15 |
| ഏറനാട് | - | 19 |

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സസ്പെൻഷൻ കാലാവധി പരിഗണിച്ചല്ല, ക്രമക്കേടുകൾക്കനുസൃതമായാണ് ലൈസൻസ് റദ്ദാക്കാറുള്ളത്.

(സി) ഇല്ല.

(ഡി) മറ്റ് റേഷൻ കടകളിൽ അറ്റാച്ച് ചെയ്ത് നിലവിലുള്ള സ്ഥലത്തുതന്നെ റേഷൻകട പ്രവർത്തിക്കുന്ന രീതിയാണ് അവലംബിച്ചുപോരുന്നത്. അറ്റാച്ച് ചെയ്ത് പ്രവർത്തിക്കാൻ മറ്റ് റേഷൻ കടകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കട നടത്തുന്നതിന് താൽക്കാലിക ലൈസൻസിയെ ചുമതലപ്പെടുത്താറുണ്ട്.

(ഇ) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിലെ എ.ആർ.ഡി. 44 എന്ന കടയുടെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടി

265(2236) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങൾ പലപ്പോഴും ഗുണനിലവാരമില്ലാത്തതും ഭക്ഷ്യയോഗ്യമല്ലാത്തതുമാണെന്നുള്ള പരാതി ഉണ്ടാകുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) എൻ.എഫ്.എസ്.എഫ് ഗോഡൗണുകളിൽ ഫസ്റ്റ് ഇൻ ഔട്ട് മെത്തേഡ് കർശനമായി പിൻതുടരാത്തതാണ് റേഷൻ സാധനങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ മെത്തേഡ് ഉറപ്പാക്കുന്നതിന് എന്ത് ഇടപെടലുകളാണ് നടത്തുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ. ഗോഡൗണിൽനിന്നും ലഭ്യമാക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് ചില അവസരങ്ങളിൽ പരാതി ലഭിക്കാറുണ്ട്. നിർദ്ദിഷ്ട രീതിയിലുള്ള ഗുണനിലവാര പരിശോധനകൾ ഔദ്യോഗികമായി നടന്നാൽപ്പോലും പൊട്ടിവീണ ഭക്ഷ്യ ധാന്യങ്ങൾ ഉൾപ്പെടുന്ന ചാക്കുകൾ ലഭ്യമാക്കുന്നത് പരാതികൾക്ക് ഇടയാകാറുണ്ട്.

(ബി) എഫ്.സി.ഐ.-യിൽനിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എഫ്.സി.ഐ. തലത്തിൽത്തന്നെ പരിശോധനാ സംവിധാനങ്ങളുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്ക് എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകൾ ടി ഉദ്യോഗസ്ഥർ നിർവ്വഹിക്കുകയും കീടനിയന്ത്രണത്തിനുവേണ്ട സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും റേഷൻ കടകളിലേയ്ക്ക് അയയ്ക്കുന്ന ഭക്ഷ്യധാന്യങ്ങൾ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്

നടപടി സ്വീകരിക്കുന്നുണ്ട്. മില്ലുകളിൽനിന്നും വിട്ടെടുക്കുന്ന സി.എം.ആർ. അരിയുടെ ഗുണനിലവാരം കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ മില്ലുകളിൽ പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്. സപ്ലൈകോയുടെ ഗോഡൗണുകളിൽ എത്തുമ്പോൾ ടി സ്റ്റോക്ക് ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് വീണ്ടും ഗുണനിലവാരം ഉറപ്പാക്കുന്നു.

(സി) ഇല്ല. എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് (FIFO) രീതി കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഉറപ്പാക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ കർശനമായി പരിശോധനകൾ നടത്താറുണ്ട്.

**കണയന്നൂർ താലൂക്കിൽ ചളിക്കവട്ടത്ത് പുതിയ റേഷൻകട**

266(2237) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ചളിക്കവട്ടം പ്രദേശത്ത് പുതിയ റേഷൻകട അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ, പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ചളിക്കവട്ടം പ്രദേശത്ത് പുതിയ റേഷൻകട അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ച നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതിന്റെ ഭാഗമായി റേഷൻ കാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻ കടകളുടെ ക്രമീകരണം പുരോഗമിച്ചുവരുന്നതുകൊണ്ടും 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനാലും പുതിയ റേഷൻ കടകൾ അനുവദിക്കുന്നത് തൽക്കാലം പരിഗണനയിലില്ല.

## റേഷൻകടകളുടെ നവീകരണവും വൈവിദ്ധ്യവത്കരണവും

267(2238) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ നവീകരണത്തിനായും അവയുടെ വൈവിദ്ധ്യവൽക്കരണങ്ങൾക്കും ഉപഭോക്താക്കൾക്ക് റേഷൻ ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര റേഷൻ കടകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം നവീകരിച്ചുവെന്നും ഇതിനായി എന്തുചെലവ് വേണ്ടിവന്നുവെന്നും വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എന്തെല്ലാം ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ വിവിധ കുറ്റകൃത്യങ്ങൾ നടത്തിയ എത്ര റേഷൻ കടകൾ കണ്ടെത്തിയിട്ടുണ്ട്; അവർക്കെതിരെ എന്തുനടപടികൾ സ്വീകരിച്ചു; എത്ര കടയുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും ഒരു ഏകീകൃത മാതൃക നൽകി റേഷൻ കടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതനുമായി സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻ കടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻ കടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു.

റേഷൻകടകൾ നവീകരണം താഴെപ്പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്:

1. ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിച്ചു.

2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/വിലവിവരപ്പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിച്ചു.

3. കടയുടെ ഉൾവശം വൈറ്റ്‌വാഷ് ചെയ്തു.

4. ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്തു.

റേഷൻ കടകളുടെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാകുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻകടകൾവഴി വിതരണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നുണ്ട്.

റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള 14295 റേഷൻ കടകളിൽ അംഗീകാരം റദ്ദ് ചെയ്യപ്പെട്ടതും ലൈസൻസി മരണപ്പെട്ട് പുനർനിയമനം നടത്താത്തതും റേഷൻ വ്യാപാരം തുടർന്നും നടത്തുവാൻ താൽപ്പര്യമില്ല എന്ന് അറിയിച്ചിട്ടുള്ളതുമായ റേഷൻ കടകൾ ഒഴികെയുള്ള 13029 റേഷൻ കടകൾ നവീകരിച്ചിട്ടുണ്ട്. ഒരു റേഷൻ കടയ്ക്ക് 2500 രൂപ എന്ന നിരക്കിൽ 3,25,72,500 രൂപ (മൂന്ന് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽനിന്നും സഹായങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-പോസ് സംവിധാനം

268(2239) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണം മാന്വൽ ആയി നടത്താൻ വകുപ്പ് അനുമതി നൽകാറുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം അനുമതി നൽകാറുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-പോസ് സംവിധാനം നിലവിൽ വന്നശേഷം ഏതൊക്കെ മാസങ്ങളിൽ ഇപ്രകാരം അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇ-പോസ് മെഷീൻ ഇടയ്ക്കിടെ തകരാറിലാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയം തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ റേഷൻ വിതരണം മുടങ്ങാതിരിക്കാൻ മാനുവൽ ആയി വിതരണം നടത്താൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിരലടയാളം, ഒ.റ്റി.പി. എന്നിവ മുഖേന വിതരണം സാധ്യമാകാത്ത സാഹചര്യങ്ങളിലും മാനുവൽ ആയി വിതരണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കണക്ടിവിറ്റി തകരാർ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി മാനുവൽ ആയി റേഷൻ വിതരണം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കണക്ടിവിറ്റി പ്രശ്നവും സാങ്കേതിക തകരാറുകളുമാണ് പ്രധാനമായും കണ്ടെത്തിയിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഇ-പോസ് സംവിധാനത്തിന്റെ പരിശോധന

269(2240) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണന/മുൻഗണനേതര വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് കൃത്യമായി ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകൾ വഴി ലഭിക്കുന്നതിന് വേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള ഇ-പോസ് സംവിധാനം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ക്രമക്കേടുകൾ കണ്ടെത്തിയ കേസ്സുകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-പോസ് സംവിധാനം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനായി എല്ലാ മാസങ്ങളിലും താലൂക്കുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന റേഷൻ ഡിപ്പോയിലെ കാർഡുടമകളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തി, ഇ-പോസ് മെഷീനിലെ വിവരങ്ങളുമായി ഒത്തുനോക്കി ഫീൽഡ് പരിശോധനയും നടത്താറുണ്ട്.

(ബി) ക്രമക്കേട് കണ്ടെത്തുന്ന കേസ്സുകളിൽ 1966-ലെ കേരളാ റേഷനിംഗ് ഓർഡറിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാ നടപടികളായ അംഗീകാരം താൽക്കാലികമായി റദ്ദാക്കൽ, പിഴത്തുക ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇ-പോസ് സംവിധാനത്തിന്റെ സെർവർ തകരാർ**

270(2241) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കരിഞ്ചന്ത തടയാൻ നടപ്പിലാക്കിയ ഇ-പോസ് സംവിധാനത്തിന്റെ പ്രവർത്തനം ഫലപ്രദമാണോ; ഇതിന്റെ സെർവർ ഇടയ്ക്കിടെ തകരാറിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) റേഷൻ കാർഡ് ഉപഭോക്താവിന്റെ വിരലടയാളം രേഖപ്പെടുത്തിയാൽ മാത്രം തുറക്കേണ്ട റേഷൻ വിതരണ പേജ് കടയുടമയുടെ വിരൽ അടയാളം കൊടുത്താൽ പോലും ലഭിക്കുന്നതായുള്ള പരാതികൾ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; സെർവറിന്റെ ഈ പോരായ്മ പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഇ-പോസ് സംവിധാനം ഏർപ്പെടുത്താൻ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത തുക ചെലവഴിച്ചിട്ടും ഈ സെർവറിന്റെ പ്രവർത്തനം ഫലപ്രദമല്ലെങ്കിൽ സർക്കാരിനുണ്ടായ നഷ്ടം എങ്ങനെ നികത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫലപ്രദമാണ്. എന്നാൽ ആധാർ ആതന്റിക്കേഷൻ ചിലപ്പോൾ പരാജയപ്പെടുന്നതായി ഏതാനും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെർവർ തകരാറിലായിട്ടില്ല.

(ബി) കാർഡുടമയ്ക്ക് പകരം കടയുടമയുടെ വിരലടയാളം പതിക്കുകയാണെങ്കിൽ ആതന്റിക്കേഷൻ പരാജയപ്പെടുകയും മാനുവൽ മോഡിലേയ്ക്ക് മാറുകയും ചെയ്യാറുണ്ട്. ഇപ്രകാരമുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. കടയുടമയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സെർവറിന്റെ പോരായ്മമൂലം അല്ല സംഭവിക്കുന്നത്. കാർഡുടമയുടെ വിരലടയാളം പതിക്കുമ്പോൾ പരാജയപ്പെടുന്നതായി പരാതികൾ ഈയിടെ ലഭിക്കുന്നുണ്ട്. ഈ വിഷയം ആധാർ യൂസർ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ പരിശോധിച്ചുവരുന്നുണ്ട്.

(സി) ഇ-പോസ് സംവിധാനം ഏർപ്പെടുത്തുവാൻ 54.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സെർവറിന്റെ പ്രവർത്തനം ഫലപ്രദമാണ്.

## ഇ-പോസ് സംവിധാനത്തിലൂടെയുള്ള റേഷൻ വിതരണം

271(2242) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ അർഹതപ്പെട്ട ഗുണഭോക്താക്കളിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഇ-പോസ് മെഷീനുകൾ എപ്രകാരമാണ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് സംവിധാനം മുഖേന റേഷൻ വിതരണം നടത്താൻ സാധിച്ചിട്ടുണ്ടോ;

(സി) ഇ-പോസ് സംവിധാനത്തിലൂടെയുള്ള വിതരണത്തിന് ശേഷം മിച്ചം വരുന്ന റേഷൻ സാധനങ്ങൾ അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഇപ്രകാരം റേഷൻ സാധനങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ താമസിക്കുന്ന അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും പ്രത്യേക പരിഗണന ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതുമൂലം സുതാര്യത ഉറപ്പുവരുത്താൻ സാധിക്കും. കൂടാതെ ഓരോ കാർഡുടമയും വാങ്ങുന്ന റേഷൻ സംബന്ധിച്ച

വിവരങ്ങളും സ്റ്റോക്കിന്റെ ലഭ്യത, സ്റ്റോക്ക് മൂവ്മെന്റ് എന്നിവ തത്സമയംതന്നെ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും.

(ബി) ഉണ്ട്. എന്നാൽ കണക്ടിവിറ്റി ലഭ്യമല്ലാത്തതുമൂലം ഏതാനും റേഷൻ കടകളിൽ ഇ-പോസ് മെഷീൻ പ്രവർത്തനക്ഷമമല്ല.

(സി&ഡി) മിച്ചം വരുന്ന റേഷൻ സാധനങ്ങൾ അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും നൽകാൻ വ്യവസ്ഥയില്ല. എന്നാൽ അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കും ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിന് ഒരു പദ്ധതി നിലവിലുണ്ട്.

**ആധാർ നമ്പർ ചോർത്തി റേഷൻ തട്ടിയെടുക്കുന്ന പരാതി**

272(2243) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ . എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബയോമെടിക് സംവിധാനത്തിലൂടെ വ്യാജവിരലടയാളം പതിപ്പിച്ചും ആധാർ നമ്പർ ചോർത്തിയും സംസ്ഥാനത്ത് റേഷൻ തട്ടിയെടുക്കുന്നത് സംബന്ധിച്ച പരാതികളെന്തെങ്കിലും വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ലഭിച്ച രേഖാമൂലമുള്ളതും അല്ലാത്തതുമായ പരാതികൾ വകുപ്പ് അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻ ഉപഭോക്താക്കളുടെ ആധാർ വിവരങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ സെർവറിൽ നിന്നും ചോർന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 1103029248 എന്ന റേഷൻ കാർഡുടമയായ ശ്രീമതി നിഷയുടെ പേരിൽ 1103029348 നമ്പർ കാർഡുടമയായ ശ്രീമതി ഗീതയുടെ വിരലടയാളം എടുക്കുകയും ആയത് ആതന്റിക്കേറ്റ് ചെയ്യപ്പെടുകയും ചെയ്തു എന്ന ഒരു പിശക് പറ്റിയിട്ടുണ്ട്. ആയത് സംബന്ധിച്ച് ശ്രീമതി നിഷയുടെ പരാതി ലഭിച്ചിട്ടുണ്ട്. ടിയാളുടെ വിഹിതം പുനഃസ്ഥാപിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ വിഷയം കൂടുതൽ പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന UIDAI-യ്ക്ക് കൈമാറിയിട്ടുണ്ട്.

(സി) ഇല്ല.

## റേഷൻ കടകളിൽനിന്ന് വിതരണം ചെയ്യുന്ന സാധനങ്ങൾ

273(2244) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന സാധനങ്ങൾ വളരെ കാര്യക്ഷമവും സുതാര്യവുമാണെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും (കണക്ടിവിറ്റി ലഭ്യമാകാത്ത ഏതാനും റേഷൻ കടകളിലൊഴികെ) ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തിവരുന്നു. ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതുമൂലം സുതാര്യത ഉറപ്പുവരുത്താൻ സാധിക്കും. കൂടാതെ ഓരോ കാർഡുടമയും വാങ്ങുന്ന റേഷൻ സംബന്ധിച്ച വിവരങ്ങളും സ്റ്റോക്കിന്റെ ലഭ്യത, സ്റ്റോക്ക് മൂവ്മെന്റ് എന്നിവ തത്സമയംതന്നെ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും.

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

274(2245) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലൂടെ പുഴുവരിച്ചതും മോശമായതുമായ സാധനങ്ങൾ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം റേഷൻ വിതരണം നിരീക്ഷിക്കാനും പരിശോധിക്കാനും അധികാരമുള്ള ഭക്ഷ്യ കമ്മീഷന്റെ ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റോടെയാണോ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത്; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അപൂർവ്വമായാണെങ്കിലും ചില സന്ദർഭങ്ങളിൽ മോശപ്പെട്ട ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽ വന്നിട്ടുള്ള എല്ലാ കേസ്സുകൾക്കും പരിഹാരവും ഉണ്ടാക്കിയിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ച് സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യം എഫ്.സി.ഐ.-യിൽനിന്നും അരിമില്ലുകളിൽനിന്നും വിട്ടെടുത്ത് എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ സൂക്ഷിച്ച് റേഷൻ കടകളിൽ വാതിൽപ്പടി വിതരണം വരെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ നോഡൽ ഏജൻസിയായി ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.-യിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും എ.ആർ.ഡി.-കളിലും FIFO (First In First Out) രീതി കർശനമായും പിന്തുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷന് നൽകിയിട്ടില്ല.

## പൊതുവിതരണം സുതാര്യമാക്കുന്നതിന് നടപടി

275(2246) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണം സുതാര്യവും കാര്യക്ഷമവും അഴിമതി രഹിതവുമായിരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പരാതി പരിഹാരത്തിനായി നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി ഒരു സുതാര്യത പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ റേഷൻ കടകൾ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്തുവരികയും ചെയ്യുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 7-1-2017-ലെ 1/17 സർക്കുലർ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1955-ലെ അവശ്യ സാധന നിയമം എന്നിവ അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനതല പരിശോധനാ സംഘം ഗോഡൗണുകളിലും റേഷൻ കടകളിലും പരിശോധന നടത്തിവരുന്നു.

റേഷൻ കടകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വേളയിൽ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ ഉപഭോക്താക്കളുടെ പ്രതിമാസ റേഷൻ വിഹിതം സംബന്ധിക്കുന്ന വിവരങ്ങൾ എസ്.എം.എസ്. ആയി അറിയിക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടൽവഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നടപ്പിൽ വരുത്തിയിട്ടുള്ള pg.civilsupplies എന്ന വെബ്സൈറ്റിലൂടെ ജനങ്ങൾക്ക് റേഷൻ സംവിധാനവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ, ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുംപ്രകാരം District Grievance Redressal Officer (DGRO)മാരെയും ഭക്ഷ്യ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്. കൂടാതെ ഉണഭോക്താക്കൾക്ക് 1967 എന്ന ടോൾ ഫ്രീ നമ്പരിലും പരാതികൾക്ക് പരിഹാരം കാണാവുന്നതാണ്.

(സി) ഉണ്ട്. സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് സെക്രട്ടറി-II നോഡൽ ഓഫീസറായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനത്തെ റേഷൻ കടകളിലൂടെ നടത്തുന്ന എല്ലാ ഇടപാടുകളും ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളും epos.kerala.gov.in, civilsupplieskerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാകുന്നതാണ്.

## രോഗികൾക്ക് റേഷൻ മുൻഗണന

276(2247) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാൻസർ, കരൾ രോഗങ്ങൾ, നട്ടെല്ല് തകർന്ന് കിടപ്പിലായവർ തുടങ്ങിയവർക്ക് റേഷൻ മുൻഗണന ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും കുടുംബത്തിലെ ആർക്കെങ്കിലും മാരക രോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക-മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവയിൽ ഏതെങ്കിലുമുള്ള പക്ഷം

മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കാർഡ് നൽകിവരുന്നു. ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ട ഗുരുതര രോഗബാധിതർക്കും അടിയന്തര ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' എന്ന സീൽ പതിച്ച് മുൻഗണനാ വിഭാഗത്തിനുള്ളതുപോലെ ചികിത്സാ ആനുകൂല്യങ്ങൾ നൽകിവരുന്നു.

## 2019-ലെ പ്രളയം

277(2248) ശ്രീ. കെ. രാജൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയം സംസ്ഥാനത്തെ പൊതുവിതരണ രംഗത്തെ ഏതൊക്കെ തരത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രളയ സമയത്ത് പ്രളയബാധിതരായ ജനങ്ങൾക്ക് അന്നത്തിന് മുട്ടുണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രളയ സമയത്ത് ജനങ്ങൾക്ക് ആശ്വാസം നല്കുന്നതിനായി ഭക്ഷ്യ വകുപ്പ് എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2019-ലെ പ്രളയം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ പൊതുവിതരണ രംഗത്തെ ബാധിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിലെ ചില താലൂക്കുകളിൽ 2019-ലെ പ്രളയം ഭാഗികമായി ബാധിച്ചിട്ടുണ്ട്. കുട്ടനാട് താലൂക്കിലെ 8 റേഷൻ ഡിപ്പോകളിൽ വെള്ളം കയറി സ്റ്റോക്ക് ഭാഗികമായി നശിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ 8 റേഷൻ കടകളിൽ വെള്ളം കയറിയതിനെത്തുടർന്ന് ഭക്ഷ്യധാന്യങ്ങൾ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റേണ്ടിവന്നു. ഇടുക്കി ജില്ലയിൽ 9 കടകളിൽ വെള്ളം കയറുകയും 20122 കി.ഗ്രാം ഭക്ഷ്യധാന്യവും 109 കി.ഗ്രാം ആട്ടയും 28 കി.ഗ്രാം പഞ്ചസാരയും 20 ലിറ്റർ മണ്ണെണ്ണയും ഉപയോഗശൂന്യമായി. എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലെ 2 റേഷൻകട, കുന്നത്തുനാട്, കോതമംഗലം താലൂക്കുകളിലെ ഓരോ റേഷൻകട, മൂവാറ്റുപുഴ താലൂക്കിലെ തൃക്കളത്തൂരിലുള്ള എൻ.എഫ്.എസ്.എ. ഗോഡൗൺ എന്നിവിടങ്ങളിൽ വെള്ളം കയറി സ്റ്റോക്ക് നശിച്ചുപോയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പല റേഷൻ കടകളിലെയും റേഷൻ സാധനങ്ങൾ സുരക്ഷിത സ്ഥാനത്തേയ്ക്ക്

മാറ്റുകയുണ്ടായി. കൊടുങ്ങല്ലൂർ താലൂക്കിലെ 1015 കി.ഗ്രാം അരി, 200 കി.ഗ്രാം ഗോതമ്പ്, തലപ്പിള്ളി താലൂക്കിൽ 0.05 മെ.ടൺ അരി എന്നിവ നശിക്കുകയുണ്ടായി. പാലക്കാട് ജില്ലയിൽ 11 റേഷൻ കടകളിലായി 12.947 മെ.ടൺ അരി, 2.211 മെ.ടൺ ഗോതമ്പ്, 0.227 മെ.ടൺ പഞ്ചസാര, 504 കി.ഗ്രാം ആട്ട, 47.5 ലിറ്റർ മണ്ണെണ്ണ എന്നിവ നശിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ റേഷൻ കടകളിൽ വെള്ളം കയറി സ്റ്റോക്ക് നശിക്കുകയും റേഷൻ കടകൾ താൽക്കാലികമായി മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. വയനാട് ജില്ലയിൽ 15 റേഷൻകടകളിൽ വെള്ളം കയറി 14080 കി.ഗ്രാം അരിയും, 2940 കി.ഗ്രാം ഗോതമ്പും 605.5 ലിറ്റർ മണ്ണെണ്ണയും 415 കി.ഗ്രാം പഞ്ചസാരയും 250 പായ്ക്കറ്റ് ആട്ടയും നശിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ 39 റേഷൻകടകളിലും വടകര താലൂക്കിലെ എൻ.എഫ്.എസ്.എ. ഗോഡൗണിലും വെള്ളം കയറി സ്റ്റോക്കിന് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ എൻ.എഫ്.എസ്.എ. ഡിപ്പോകളിലും റേഷൻ കടകളിലും വെള്ളം കയറി 16,01,545 രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 63 വില്ലേജുകളെ ഭാഗികമായി ബാധിച്ചു. സപ്ലൈകോയുടെ 39 വിൽപ്പനശാലകളിലെ വിൽപ്പനയെ 2019-ലെ പ്രളയം പ്രതികൂലമായി ബാധിക്കുകയുണ്ടായി. കൂടാതെ, സപ്ലൈകോയിലെ കോട്ടയം ഡിപ്പോയിലും വെള്ളം കയറുകയും 43,15,305 രൂപയുടെ ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ ആകെ 43,41,504.59 രൂപയുടെ നാശനഷ്ടങ്ങൾ പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ, തൃക്കളത്തൂർ, പനമണ്ണ, ചാലിശ്ശേരി, മണ്ണാർക്കാട്, എടക്കര, വടകര, സുൽത്താൻബത്തേരി, തലശ്ശേരി, ഇരിട്ടി, വെള്ളയിൽ എന്നീ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലായി ആകെ 3441.853 ക്വിന്റൽ അരി, 531.8302 ക്വിന്റൽ ഗോതമ്പ്, 55.2 ക്വിന്റൽ പഞ്ചസാര, 16.45 ക്വിന്റൽ ആട്ട എന്നിവ നശിച്ചിട്ടുണ്ട്.

(ബി) പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയിരുന്നു. കൂടാതെ പ്രളയ ബാധിത വില്ലേജുകളിലെ മുഴുവൻ റേഷൻ കാർഡുടമകൾക്കും റേഷൻ കടകൾ വഴി ഒരു മാസത്തെ റേഷൻ സൗജന്യമായി വിതരണം ചെയ്തു. 2019-ലെ പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ച പ്രദേശങ്ങളിലെ, 8-8-2019 മുതൽ 12-8-2019 വരെ പ്രവർത്തിച്ച 1624 ദുരിതാശ്വാസ ക്യാമ്പുകളിൽ വേണ്ടിവന്ന ഭക്ഷ്യവസ്തുക്കളും മറ്റ് അവശ്യ സാധനങ്ങളും റവന്യൂ അധികാരികളുടെ ആവശ്യപ്രകാരം സപ്ലൈകോ ഡിപ്പോ/ഔട്ട്ലെറ്റുകൾ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. 5,41,34,664.92 രൂപയുടെ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) പ്രളയബാധിത വില്ലേജുകളിലെ റേഷൻകടകളിലൂടെ എല്ലാ വിഭാഗങ്ങളിലെയും കാർഡുടമകൾക്ക് സെപ്റ്റംബർ മാസത്തെ റേഷൻ വിഹിതം സൗജന്യമായി നൽകി. സപ്ലൈകോ ഔട്ട്‌ലെറ്റുകൾ മുഖേന ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങളും അവശ്യവസ്തുക്കളും കൂടാതെ എൽ.പി.ജി., മണ്ണെണ്ണ എന്നിവയും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. നെറ്റ്‌വർക്ക് സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ റേഷൻ വിതരണം മാനുവലായി നടത്തുന്നതിന് അനുവദിച്ചു. വാതിൽപ്പടി വിതരണം തടസ്സപ്പെടാതെ എല്ലാ റേഷൻ ഡിപ്പോകളിലും ആവശ്യത്തിനുള്ള സ്റ്റോക്കുണ്ടെന്ന് ഉറപ്പുവരുത്തി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലും ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളിലും 24 മണിക്കൂർ കൺട്രോൾ റൂം പ്രവർത്തിക്കുകയും ജില്ലകളിലെ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളും അവധി ദിവസങ്ങളിലും തുറന്നുപ്രവർത്തിച്ചു. കൂടാതെ, അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ സപ്ലൈകോ ഡിപ്പോകളും/വിൽപ്പനശാലകളും അവശ്യ വസ്തുക്കളുടെ വിതരണം തടസ്സം കൂടാതെ നടത്തിയിട്ടുണ്ട്.

## പുതിയ മാവേലി സ്റ്റോറുകൾ

278(2249) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പുതിയതായി തുടങ്ങിയ മാവേലി സ്റ്റോറുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 41 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

## സപ്ലൈകോ വിജിലൻസ് അന്വേഷണം

279(2250) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാവേലിസ്റ്റോറുകളിൽ കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്യാൻ സൂക്ഷിച്ചിരുന്ന സബ്സിഡി ഭക്ഷ്യധാന്യങ്ങൾ

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരിഞ്ചന്തയിലേക്ക് കടത്തിയതുമായി ബന്ധപ്പെട്ട് സപ്ലൈകോ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ കഴിഞ്ഞ ഓണക്കാലത്ത് വിതരണം ചെയ്യുവാൻ സൂക്ഷിച്ചിരുന്ന സബ്സിഡി ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിലേയ്ക്ക് കടത്തിയതുമായി ബന്ധപ്പെട്ട് പരാതികളോ ആക്ഷേപങ്ങളോ നിലവിലില്ല.

## നാട്ടിക മണ്ഡലത്തിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്

280(2251) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക മണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; എങ്കിൽ വിശദാംശം അറിയിക്കാമോ ;

(ബി) നാട്ടിക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) നാട്ടിക മണ്ഡലത്തിൽ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. രോഗബാധിതരായവരുടെ റേഷൻ കാർഡുകൾ അർഹതയുടെ അടിസ്ഥാനത്തിൽ ചികിത്സാർത്ഥം മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നുണ്ട്. കൂടാതെ അപേക്ഷ പരിഗണിച്ച് അന്വേഷണം പൂർത്തീകരിച്ച നോൺ പ്രയോറിറ്റി കാർഡുകൾ പ്രയോറിറ്റി, എ.എ.വൈ.-യിലേയ്ക്കും മാറ്റി നൽകിവരുന്നു. 1832 അനർഹരെ കണ്ടെത്തുകയും പ്രയോറിറ്റി വിഭാഗത്തിലുള്ള അനർഹരായ കാർഡുടമകളെ നോൺ പ്രയോറിറ്റിയിലേയ്ക്ക് പരിവർത്തനം ചെയ്യുംവരുന്നു.

ടി മണ്ഡലത്തിലെ ചേർപ്പ് പഞ്ചായത്തിൽ രണ്ട് സൂപ്പർ മാർക്കറ്റുകളും മറ്റെല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു. എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിച്ചുവരുന്നതിനാൽ

കഴിഞ്ഞ 3 വർഷത്തിനിടെ പുതിയ വിൽപ്പനശാലകൾ ആരംഭിച്ചിട്ടില്ല. വിറ്റുവരവിന്റെ അടിസ്ഥാനത്തിലും സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിപ്പിക്കാനുതകുന്ന കെട്ടിടങ്ങൾ ലഭ്യമാകുന്നതനുസരിച്ചും മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

## പാലക്കാട് ജില്ലയിലെ നെല്ലുസംഭരണ കുടിശ്ശിക

281(2252) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ നെല്ലുസംഭരണം നടത്തിയ വകയിൽ പാലക്കാട് ജില്ലയിൽ കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക കൊടുത്തു തീർത്തിട്ടുണ്ടോ; വിശദാംശങ്ങൾ മണ്ഡലം തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

ഉണ്ട്. പാലക്കാട് ജില്ലയിൽ കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ചിറ്റൂരിൽ സപ്ലൈകോ താലൂക്ക് ഡിപ്പോ

282(2253) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ സപ്ലൈകോ താലൂക്ക് ഡിപ്പോ നിലവിൽ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിറ്റൂർ താലൂക്കിൽ എത്ര മാവേലി സ്റ്റോറുകളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ മറ്റെല്ലാ താലൂക്കുകളിലും ഉള്ളതുപോലെ ചിറ്റൂർ താലൂക്കിലും സപ്ലൈകോ ഡിപ്പോ അടിയന്തരമായി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ താലൂക്കിൽ പ്രത്യേക സപ്ലൈകോ ഡിപ്പോ പ്രവർത്തിക്കുന്നില്ലെങ്കിലും ടി താലൂക്കിലെ ആവശ്യകത കണക്കിലെടുത്ത് പാലക്കാട് ഡിപ്പോയുടെ ഒരു എക്സ്റ്റൻഷൻ ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചിറ്റൂർ താലൂക്കിൽ 14 മാവേലി സ്റ്റോറുകളുണ്ട്.

(സി) സംസ്ഥാനത്തെ 77 താലൂക്കുകളിൽ 56 താലൂക്കുകളിലാണ് സപ്ലൈകോ താലൂക്ക് ഡിപ്പോകൾ പ്രവർത്തിക്കുന്നത്. ചിറ്റൂർ സബ് ഡിപ്പോ താലൂക്ക് ഡിപ്പോ ആയി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## നെടുമങ്ങാട് സപ്ലൈകൊ ഡിപ്പോയിലെ അഴിമതി

283(2254) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സപ്ലൈകോ ഡിപ്പോയിൽ ഇ-ടെൻഡർ വഴി കഴിഞ്ഞ ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണത്തിനെത്തിയ അരിയും കഴിഞ്ഞ ഏപ്രിലിൽ വിതരണത്തിനെത്തിയ ഉഴുന്നും കരിഞ്ചന്തയിൽ ഉയർന്ന വിലയ്ക്ക് വിറ്റതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേട് നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പരാതി ലഭിച്ചിട്ടുണ്ട്. വിഷയത്തിൽ സപ്ലൈകോ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ജീവനക്കാരനെ സസ്പെന്റ് ചെയ്യുകയും ടി കാലയളവിലെ ഡിപ്പോ മാനേജർക്കെതിരെ കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം തുടരുന്നു.

## വാണിയമ്പാറയിൽ പുതിയ മാവേലി സ്റ്റോർ

284(2255) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ വാണിയമ്പാറയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പരിഗണനയിലുണ്ട്. അനുയോജ്യമായ കെട്ടിട സൗകര്യം, അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ട് എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട പഞ്ചായത്തിന്റെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്കും സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വിപണന സാധ്യത പരിശോധിച്ചും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം**

285(2256) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തലംവരെയുള്ള ഓഫീസുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ആയത് എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല. എന്നാൽ സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ കെൽട്രോൺ മുഖേന പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോയുടെ മറ്റ് സ്ഥാപനങ്ങളായ മേഖലാ ഓഫീസുകളിലും ഡിപ്പോ തലത്തിലും ഔട്ട്‌ലെറ്റുകളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ആരംഭിക്കുന്നതിനായി http//attendance.gov.in സൈറ്റിൽ ഡിപ്പാർട്ട്മെന്റ് രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 30-8-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 5090/2019/പൊതുഭരണ വകുപ്പ് പ്രകാരം സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ഓഫീസുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി ടി യൂണിറ്റുകളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള ചെലവ് റവന്യൂ വകുപ്പ് വഹിക്കേണ്ടതാണ് എന്നും വിവിധ ഡയറക്ടറേറ്റുകൾ, മിനി സിവിൽ സ്റ്റേഷൻ

എന്നിവിടങ്ങളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന്റെ മേൽനോട്ടം പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കേണ്ടതും ആയതിനുള്ള ചെലവ് ടി ഓഫീസ് മേധാവികൾ ആനുപാതികമായി വഹിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ നൽകിയ പ്രൊഫോർമയിൽ പൊതുവിതരണ വകുപ്പിന് കീഴിലുള്ള ഓഫീസുകളെ സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്നവ, മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നവ, വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എന്നിങ്ങനെ കണക്കെടുത്ത് കെൽട്രോണിന് നൽകിയിട്ടുണ്ട്.

## നെല്ല് സംഭരണം

286(T*2257) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് മില്ലുടമകളുമായി കരാറിൽ ഏർപ്പെടുന്നതിന് ഉണ്ടാകുന്ന അനിശ്ചിതത്വംമൂലം നെൽകർഷകർ വലിയ പ്രതിസന്ധി നേരിടുന്നുണ്ടെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നെല്ല് സംഭരണത്തിനായി കർഷകർക്ക് ഗുണകരമായ രീതിയിലുള്ള ഒരു സ്ഥിരം സംവിധാനമായിട്ടാണ് സപ്ലൈകോ പ്രവർത്തിക്കുന്നത്. എന്നാൽ സപ്ലൈകോ ഉടമസ്ഥതയിൽ മില്ലുകൾ ഇല്ലാത്തതിനാൽ നെല്ല് ഏറ്റെടുക്കുന്നതിനും സംസ്കരിക്കുന്നതിനും സ്വകാര്യ മില്ലുകളെ ആശ്രയിക്കേണ്ടതായിവരുന്നു. ഈ മില്ലുടമകളുമായി കരാർ ഒപ്പിട്ട് എല്ലാ സീസണുകളിലും സപ്ലൈകോ നെല്ല് സംഭരണം സുഗമമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിൽ മില്ലുകൾ തുടങ്ങുന്നതും സംസ്ഥാനത്തിന് പുറത്തുള്ള മില്ലുകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതും സജീവ പരിഗണനയിലാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## നെല്ല് സംഭരണം

287(2258) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സീസണിൽ നെല്ല് സംഭരണം വൈകിയതുമൂലം കർഷകർ ബുദ്ധിമുട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ല് സംഭരണം വൈകുവാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കിലോഗ്രാമിന് എത്ര തുക വച്ചാണ് നെല്ല് സംഭരിക്കുന്നതെന്നും എത്ര ലക്ഷം ടൺ ആണ് ഈ സീസണിൽ സംഭരിക്കുവാൻ കഴിഞ്ഞതെന്നും വെളിപ്പെടുത്താമോ;

(ഡി) നെല്ല് സംഭരിക്കുന്ന വകയിൽ കർഷകർക്ക് ലഭിക്കുവാനുള്ള തുക കാലതാമസം കൂടാതെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നെല്ല് സംഭരണത്തിനായി കരാറിൽ ഏർപ്പെടുന്നതിനുള്ള സ്വകാര്യ മില്ലുടമകളുടെ നിസ്സഹകരണമാണ് നെല്ല് സംഭരണം വൈകിയതിനുള്ള കാരണം. എന്നാൽ മില്ലുടമകളുമായിട്ടുള്ള തർക്കം പരിഹരിച്ച് കരാർ ഒപ്പുവച്ച് നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്.

(സി) കിലോഗ്രാമിന് 26.95 രൂപ നിരക്കിലാണ് ഈ സീസണിൽ നെല്ല് സംഭരിക്കുന്നത്. ഈ സീസണിൽ 28-10-2019 വരെ 3995.421 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) നെല്ല് സംഭരിക്കുന്ന ഇനത്തിൽ കർഷകർക്ക് ലഭിക്കാനുള്ള തുക കാലതാമസം കൂടാതെ ലഭിക്കുന്നതിന് പി.ആർ.എസ്. വായ്പ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

## നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

288(2259) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ സീസണിൽ എത്ര ടൺ നെല്ലാണ് പാലക്കാട് ജില്ലയിൽ സംഭരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് കൊടുക്കേണ്ട പണം സമയബന്ധിതമായി നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് ഇതിനോടകംതന്നെ 45 മില്ലുകളുമായി സപ്ലൈകോ കരാർ ഒപ്പുവച്ചിട്ടുണ്ട്. ഇതിനുപുറമെ, സംസ്ഥാനത്തിന് പുറത്തുള്ള മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് കൂടുതൽ മില്ലുകളെ ഈ പദ്ധതിയുടെ ഭാഗമാക്കി നെല്ല് സംഭരണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ സീസണിൽ 28-10-2019 വരെ 2379 ടൺ നെല്ല് പാലക്കാട് ജില്ലയിൽനിന്ന് സംഭരിച്ചിട്ടുണ്ട്.

(സി) നെല്ല് സംഭരിക്കുന്ന ഇനത്തിൽ കർഷകർക്ക് ലഭിക്കാനുള്ള തുക കാലതാമസം കൂടാതെ ലഭിക്കുന്നതിന് പി.ആർ.എസ്. വായ്പാ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കാലതാമസമില്ലാതെതന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നു.

## നെല്ല് സംഭരണത്തിനായുള്ള പദ്ധതികൾ

289(T*2260) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നെല്ല് സംഭരണത്തിനായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രയോജനം ഏതെല്ലാം ജില്ലകളിലെ കർഷകർക്കാണ് ലഭിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരമുള്ള നെല്ല് സംഭരണമാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം കേരളത്തിലെ 14 ജില്ലകളിലുമുള്ള നെൽ കർഷകർക്ക് ലഭിക്കുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണം

290(2261) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ ഓരോ വർഷവും എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് കൊടുക്കാനുള്ള മുഴുവൻ തുകയും കൊടുത്തു തീർത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ തൃശ്ശൂർ ജില്ലയിൽ ഓരോ സീസണിലും സംഭരിച്ചിട്ടുള്ള നെല്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സീസൺ | സംഭരിച്ച നെല്ല് (മെട്രിക് ടൺ) |
|---|---|
| 2016-17 | 58641.291 |
| 2017-18 | 77782.825 |
| 2018-19 | 98740.403 |
| 2019-20 (28-10-2019 വരെ) | 67.91 |

(ബി) തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2018-19 സീസൺ വരെയുള്ള മുഴുവൻ തുകകളും കർഷകർക്ക് നൽകിയിട്ടുണ്ട്. നിലവിൽ സംഭരണം ആരംഭിച്ച 2019-20 സീസണിന്റെ സംഭരണ വില കൊടുക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഭക്ഷ്യധാന്യങ്ങളുടെ ശേഖരണം

291(2262) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വർദ്ധിച്ച വരുന്ന ഉൽപാദനത്തിന്റെയും സംഭരണത്തിന്റെയും അനുപാതത്തിൽ ശേഖരണ ശേഷി വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഭക്ഷ്യധാന്യ ശേഖരണത്തിനായി സർക്കാർ പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി.) മാതൃക നടപ്പിലാക്കുന്നുണ്ടോ;

(സി) വെയർഹൗസിംഗ് ഡെവലപ്മെന്റ് ആന്റ് റെഗുലേറ്ററി അതോറിറ്റി (ഡബ്ല്യു.ഡി.ആർ.എ.) ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) സ്റ്റോറേജ് ഗ്യാപ് നിലവിലുള്ളതും എന്നാൽ ഉപഭോഗം കൂടിയതുമായ സ്ഥലങ്ങളിൽ ഗോഡൗണുകൾ സ്ഥാപിക്കുവാൻ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എൻ.എഫ്.എസ്.എ. നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സാധനങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സപ്ലൈകോയുടെ കൈവശമുള്ള സ്ഥലങ്ങളിൽ ഗോഡൗൺ നിർമ്മിക്കുന്നതിന് പദ്ധതി ഇനത്തിൽ 2017-18 കാലയളവിൽ 20 കോടി രൂപയും 2018-19 കാലയളവിൽ 10 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. വലിയതുറ, കൊല്ലം, തിരുവല്ല, ഇടപ്പള്ളി, കൊച്ചി എന്നിവിടങ്ങളിലാണ് ഗോഡൗൺ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ വലിയതുറ, കൊല്ലം, തിരുവല്ല എന്നിവിടങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൊച്ചിയിൽ വിശദമായ പ്ലാൻ, ഡിസൈൻ തുടങ്ങിയവ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇടപ്പള്ളിയിൽ ഗോഡൗണിന് ഉദ്ദേശിച്ച സ്ഥലത്തേയ്ക്ക് റോഡ് സൗകര്യത്തിന്റെ അപര്യാപ്തതമൂലം നടപടി ആരംഭിച്ചിട്ടില്ല.

(ബി) ടി പദ്ധതി നിലവിലില്ല.

(സി) വെയർഹൗസിംഗ് രംഗത്ത് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും നടപടി സുതാര്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് വെയർഹൗസിംഗ് ഡെവലപ്മെന്റ് ആന്റ് റെഗുലേറ്റിംഗ് അതോറിറ്റി നിർവ്വഹിക്കുന്നത്.

(ഡി) സ്റ്റോറേജ് ഗ്യാപ്പ് നിലവിലുള്ളതും ഉപഭോഗം കൂടിയതുമായ സ്ഥലങ്ങളിൽ ഗോഡൗണുകൾ സ്ഥാപിക്കുവാൻ നിലവിൽ പദ്ധതിയില്ല.

**അങ്കമാലിയിൽ ലീഗൽ മെട്രോളജി ഓഫീസ്**

292(2263) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ അങ്കമാലി കേന്ദ്രീകരിച്ച് ലീഗൽ മെട്രോളജി (അളവ്-തൂക്ക)വകുപ്പിന്റെ പ്രാദേശിക ഓഫീസ് ഇല്ലാത്തതിനാൽ

ഓട്ടോറിക്ഷാക്കാരും ഭക്ഷ്യവ്യാപാരി വ്യവസായികളും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലി കേന്ദ്രീകരിച്ച് അളവ് തൂക്ക വകുപ്പിന്റെ പ്രാദേശിക ഓഫീസ് ആരംഭിക്കുന്നതിന് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) അങ്കമാലി കേന്ദ്രീകരിച്ച് അളവ് തൂക്ക വകുപ്പിന്റെ പ്രാദേശിക ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിഷയം പരിശോധിച്ചുവരികയാണ്.

**വിഴിഞ്ഞം പദ്ധതി**

293 (2264) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

കരാർ പ്രകാരം പദ്ധതിയുടെ പൂർത്തീകരണ തീയതി 2019, ഡിസംബർ 3 ആണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി താഴെ കൊടുത്തിരിക്കുന്നു.

പുലിമുട്ട് (break water) നിർമ്മാണം 3.1 കി.മീറ്ററിൽ 600 മീറ്റർ പൂർത്തീകരിച്ചു. ബെർത്തിനാവശ്യമായ മുഴുവൻ പൈലുകൾ സ്ഥാപിക്കുകയും 4598 പ്രീകാസ്റ്റ് യൂണിറ്റുകളുടെ (100%) നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീകാസ്റ്റ് യൂണിറ്റുകൾ ബെർത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഡ്രഡ്ജിംഗ് റിക്ലമേഷൻ ജോലികൾ 40% പൂർത്തീകരിച്ചു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പുരോഗതി വിലയിരുത്തിയതിൽനിന്നും നിർദ്ദിഷ്ട കാലാവധിയിൽ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് കരുതുന്നില്ലെന്ന് ഇൻഡിപെൻഡന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൺസഷൻ കരാറിന്റെ ക്ലോസ് 35.5 പ്രകാരം മുൻകാലത്തുണ്ടായ പ്രളയം, ഓഖി എന്നീ കാരണങ്ങളാൽ നിർമ്മാണ കാലാവധി നീട്ടി നൽകണമെന്നുള്ള നിർമ്മാണ കമ്പനിയുടെ ആവശ്യം സ്വീകരിച്ചിട്ടില്ല.

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കരാർ ലംഘനം**

294(2265) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് അദാനി കമ്പനി ഏതെങ്കിലും തരത്തിൽ എഗ്രിമെന്റ് വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലെ വ്യവസ്ഥകൾ പ്രകാരം എഗ്രിമെന്റ് ലംഘിച്ചിട്ടുണ്ടെങ്കിൽ എത്ര തുക നഷ്ടപരിഹാര ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കരാർ വ്യവസ്ഥയനുസരിച്ച് കൺസഷൻ കാലയളവ് ആരംഭിച്ച് 690-ാം ദിവസത്തിനുള്ളിൽ പദ്ധതിയുടെ സാമ്പത്തിക പാക്കേജിൽ പ്രതിപാദിച്ചിട്ടുള്ള പ്രോജക്ട് തുകയുടെ 25 ശതമാനം തുകയെങ്കിലും കരാർ കമ്പനി പദ്ധതിക്കായി ചെലവഴിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് (നാഴികക്കല്ല്-II). എന്നാൽ, കരാർ കമ്പനി ലഭ്യമാക്കിയ രേഖകൾ (ഓഡിറ്ററുടെ സർട്ടിഫിക്കറ്റ്) പ്രകാരം ടി നാഴികക്കല്ല് കൈവരിക്കുന്നതിനാവശ്യമായ തുക 690 ദിവസത്തിനുള്ളിൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടില്ലായിരുന്നു. ഇത് കരാർ വ്യവസ്ഥയുടെ ലംഘനമായതിനാൽ നാഴികക്കല്ല് കൈവരിക്കുന്നതിലുണ്ടായ കാലതാമസത്തിന് പ്രതിദിനം 12 ലക്ഷം രൂപ എന്ന നിരക്കിൽ അദാനി കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥ പ്രകാരം 18.96 കോടി രൂപ പിഴ ഈടാക്കുന്നതിനുള്ള നോട്ടീസ് കരാർ കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ചെലവുകൾ സംബന്ധിച്ച കണക്കിനോടൊപ്പം തങ്ങൾ ധനകാര്യസ്ഥാപനത്തിൽനിന്നും എടുത്തിട്ടുള്ള Letter of Credit കൂടി പരിഗണിച്ച് പിഴ ചുമത്തുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് അദാനി കമ്പനി കത്ത് നൽകിയിരുന്നു. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതി - പുനരധിവാസ പാക്കേജ്**

295(2266) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പുനരധിവാസ പാക്കേജ് ഉണ്ടാക്കിയിരുന്നോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) അതിൽ എന്തൊക്കെ കാര്യങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്കുള്ള പുനരധിവാസ കാര്യങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പദ്ധതിമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നവർക്ക് 39.34 കോടി രൂപയുടെ നഷ്ടപരിഹാര പുനരുദ്ധാരണ പാക്കേജാണ് റവന്യൂ ഡിവിഷണൽ ഓഫീസർ (RDO) ചെയർമാനും ഫിഷറീസ് ജോയിന്റ് ഡയറക്ടർ കൺവീനറുമായിട്ടുള്ള ഉപജീവന ആഘാത നിർണ്ണയ സമിതി (Livelihood Impact Appraisal Committee - LIAC) ശിപാർശ ചെയ്തത്. പാക്കേജിന്റെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

- പദ്ധതി പ്രദേശത്തെ ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി തൊഴിലാളികൾ എന്നിവർക്ക് തുറമുഖ നിർമ്മാണ സമയമായ മൂന്ന് വർഷക്കാലത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത കാലയളവിൽ സാമ്പത്തിക സഹായം.

- പദ്ധതിയുടെ ബ്രേക്ക് വാട്ടർ നിർമ്മാണ കാലയളവായ രണ്ട് വർഷക്കാലത്തേയ്ക്ക് പദ്ധതി പ്രദേശത്തെ കട്ടമരം, മോട്ടോർ ഘടിപ്പിച്ച യാനങ്ങൾ എന്നിവയുടെ ഉടമകൾക്ക് സാമ്പത്തിക സഹായം.

- തുറമുഖത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മുല്ലൂർ മേഖലയിലെ ചിപ്പി/ലോബ്സ്റ്റർ തടം നഷ്ടപ്പെടുന്നതിനാൽ ടി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കടൽക്കൂട് മത്സ്യകൃഷി (Cage Culture) പരിശീലിപ്പിക്കുന്ന പദ്ധതി.

- പദ്ധതി പ്രദേശത്തെ റിസോർട്ടുകളിലെയും ചെറുകിട കച്ചവട സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ പുനരധിവാസ സഹായം.

(സി&ഡി) LIAC അപ്പീൽ കമ്മിറ്റി ശിപാർശ ചെയ്തപ്രകാരം സർക്കാർ അനുവദിച്ച ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗുണഭോക്തൃ വിഭാഗം | എണ്ണം | ലഭ്യമാകുന്ന സാമ്പത്തിക സഹായം(തുക കോടിയിൽ) |
|---|---|---|---|
| 1 | ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ | 261 | 12.34 |
| 2 | കരമടി തൊഴിലാളികൾ | 856 | 52.13 |
| 3 | മോട്ടോർ ഘടിപ്പിക്കാത്ത യാനം (കട്ടമരം) ഉടമകൾ | 121 | 1.00 |
| 4 | മോട്ടോർ ഘടിപ്പിച്ച യാനം ഉടമകൾ | 1220 | 12.48 |
| 5 | വനിതാ സ്വയം സഹായ സംഘങ്ങൾ | 33 | 0.08 |
| 6 | റിസോർട്ട് ജീവനക്കാർ | 211 | 6.08 |
| | ആകെ | 2621 | 83.11 |

**തീരദേശ കപ്പൽ ഗതാഗതം**

296(2267) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് 'ഡിലോയിറ്റ്' നടത്തിയ പഠനം സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കണ്ടെയ്നർ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ കൊല്ലം, അഴീക്കൽ തുറമുഖങ്ങളിൽ ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചു. നിലവിലുള്ള സർവ്വീസുകൾ നിലനിർത്തുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ശ്രമങ്ങൾ നടത്തിവരികയാണ്. സംസ്ഥാനത്ത്

തീരദേശ കപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്‍ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വെയിംഗ് മെഷീൻ, ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഡിലോയിറ്റ് സമർപ്പിച്ച പഠന റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.*

## കേരള മാരിടൈം ബോർഡ് ചെയർമാന്റെയും അംഗങ്ങളുടെയും വിദേശയാത്ര

297(2268) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് ചെയർമാനും അംഗങ്ങളും ഏതൊക്കെ തരത്തിലുള്ള ആനുകൂല്യങ്ങളാണ് കൈപ്പറ്റുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെയർമാനും അംഗങ്ങളും വിദേശ രാജ്യങ്ങളിൽ ഔദ്യോഗിക യാത്ര നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് സർക്കാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള മാരിടൈം ബോർഡിലെ അംഗങ്ങൾ സിറ്റിംഗ് ഫീസ് കൈപ്പറ്റിയിട്ടുണ്ട്.

(ബി) ചെയർമാനും അംഗങ്ങളും മാരിടൈം ബോർഡുമായി ബന്ധപ്പെട്ട ഔദ്യോഗിക കാര്യത്തിന് വിദേശ രാജ്യങ്ങളിൽ യാത്ര ചെയ്തിട്ടില്ല.

(സി&ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

298(2269) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ എന്തൊക്കെ ധനസഹായമാണ് നൽകുന്നത്; വിശദമാക്കുമോ;

(ബി) സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് കേന്ദ്രസഹായം ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഏതൊക്കെ ഘടകങ്ങൾ വികസിപ്പിക്കുന്നതിനാണ് ഇപ്രകാരം കേന്ദ്രസഹായം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'സാഗർമാല'. തുറമുഖങ്ങളുടെ ആധുനികവത്കരണം, തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായവത്കരണം, കണക്ടിവിറ്റി, തീരദേശത്തെ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നിലവിൽ 'സാഗർമാലയിൽ' ഉൾപ്പെടുത്തി Coastal Berth, Dredging, Breakwater, Modernisation, Connectivity എന്നീ components-ന് 50% വരെ സാമ്പത്തിക സഹായം ലഭിക്കും.

(ബി) 'സാഗർമാല' പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം പോർട്ടിന്റെ ആദ്യ ഘട്ടമായ 101 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം പൂർത്തിയായി വരികയാണ്. 18.5 കോടി രൂപയാണ് ആദ്യ ഘട്ട നിർമ്മാണത്തിനുവേണ്ടി കണക്കാക്കിയിരിക്കുന്ന ചെലവ്. 'സാഗർമാല' പദ്ധതിയിലെ Coastal Berth Scheme-ൽ ഉൾപ്പെടുത്തി പ്രസ്തുത പ്രോജക്ടിന് കേന്ദ്ര സർക്കാർ 7.23 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

അഴീക്കലിൽ തുറമുഖം വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ കരട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയുമാണ്. അതനുസരിച്ച് 'Azhikkal Port Limited' എന്ന കമ്പനി രൂപീകരിച്ച് TEFR, DPR എന്നിവ തയ്യാറാക്കുന്നതിനും EIA Study നടത്തുന്നതിനുമായി കൺസൾട്ടന്റിനെ നിയോഗിച്ചിരിക്കുകയാണ്.

കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് വികസനത്തിനുവേണ്ടി സമർപ്പിച്ച 3 പ്രൊപ്പോസലുകൾക്ക് 'സാഗർമാല'യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) തുറമുഖങ്ങളുടെ ആധുനികവത്കരണം, തുറമുഖങ്ങളുമായി ബന്ധപ്പെട്ട വ്യവസായവത്കരണം, കണക്ടിവിറ്റി, തീരദേശത്തെ ജനവിഭാഗങ്ങളുടെ സമഗ്ര വികസനം എന്നിവയാണ് ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾ. നിലവിൽ 'സാഗർമാല'യിൽ ഉൾപ്പെടുത്തി Coastal Berth, Dredging, Breakwater, Modernisation, Connectivity എന്നീ components-ന് 50% വരെ സാമ്പത്തിക സഹായം ലഭിക്കും.

## കേരള മാരിടൈം ബോർഡ് ആക്ട് ഭേദഗതി

299(2270) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് ആക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ

(ബി) എങ്കിൽ, ആയതിനുള്ള ശിപാർശ നിയമ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ശിപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) കേരള മാരിടൈം ബോർഡ് ആക്ടിലെ ചില സെക്ഷനുകളിൽ അന്തർലീനമായിരിക്കുന്ന വൈരുദ്ധ്യങ്ങൾ നിയമ വകുപ്പിന്റെ സഹായത്തോടെ പുനഃപരിശോധിക്കുകയാണ്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

## ചന്തപ്പുരയിൽ തെയ്യം മ്യൂസിയം

300(2271) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ മ്യൂസിയം വകുപ്പിന് കീഴിൽ ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുടെ അധീനതയിലുണ്ടായിരുന്ന 90 സെന്റ് ഭൂമി ലഭ്യമാക്കി സർക്കാരിന്റെ ആയിരം ദിവസത്തെ ആഘോഷ പരിപാടിയിൽ ഉൾപ്പെടുത്തി 22-2-2019-ൽ ശിലാസ്ഥാപന കർമ്മം നടത്തി. തെയ്യം മ്യൂസിയത്തിന്റെ പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. ലഭ്യമാക്കി തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

**പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് പുരാവസ്തു വകുപ്പ് സംരക്ഷണം**

301(2272) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് പ്രവർത്തിച്ചിരുന്ന പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ആയതു സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി)വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് പ്രവർത്തിച്ചിരുന്ന പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ പ്രാഥമിക പരിശോധനകൾ നടത്തിയിരുന്നു. പ്രസ്തുത പരിശോധനയിൽ നിർമ്മിതിക്ക് നൂറ് വർഷം പഴക്കം ആയിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, യഥാർത്ഥ നിർമ്മിതി ഒട്ടനവധി കൂട്ടിച്ചേർക്കലുകൾക്കും നവീകരണങ്ങൾക്കും വിധേയമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ പുരാവസ്തു വകുപ്പിന് പാങ്ങോട് പോലീസ് സ്റ്റേഷൻ കെട്ടിടത്തെ വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിന് പുരാവസ്തു സംരക്ഷണ നിയമപ്രകാരം വ്യവസ്ഥയില്ല.

## പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം

302(2273) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ചെങ്ങന്നൂർ മണ്ഡലത്തിലെ ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രത്തിന് പ്രളയത്തിൽ ഏറെ നാശനഷ്ടങ്ങൾ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ പരിശോധനയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച തീരുമാനങ്ങളും നടപടികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചെങ്ങന്നൂർ മണ്ഡലത്തിലെ ശാസ്താംകുളങ്ങര നരസിംഹസ്വാമി ക്ഷേത്രം കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി 1969-ൽത്തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. 2018-ലെ മഹാപ്രളയത്തിൽ നരസിംഹസ്വാമി ക്ഷേത്രത്തിൽ വെള്ളം കയറുകയുണ്ടായി. എന്നാൽ സംരക്ഷിത സ്മാരകത്തിന് സാരമായ നാശനഷ്ടങ്ങൾ എന്തെങ്കിലും സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുരാവസ്തു വകുപ്പിലെ വിദഗ്ദ്ധർ നരസിംഹസ്വാമി ക്ഷേത്രം പരിശോധിക്കുകയും നരസിംഹസ്വാമി ക്ഷേത്രത്തിന്റെ പടിപ്പുരയ്ക്ക് സംഭവിച്ച ജീർണ്ണതയും മറ്റും ഒഴിവാക്കാനും സമഗ്ര സംരക്ഷണ പ്രവൃത്തികൾക്കുമായി 17,00,000 (പതിനേഴ് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തി ഇ-ടെണ്ടർ ചെയ്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്.

## കൃഷ്ണപുരം കൊട്ടാരത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

303(2274) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൃഷ്ണപുരം കൊട്ടാരത്തിൽ നടപ്പാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും ഇതിനുവേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കൃഷ്ണപുരം കൊട്ടാരത്തിലെ ഘടനാപരമായ സമഗ്ര സംരക്ഷണ പ്രവൃത്തികൾ 2017-18 സാമ്പത്തിക

വർഷത്തിൽ പുരാവസ്തു വകുപ്പ് നടത്തിയിട്ടുണ്ട്. ഇതിനായി 49.75 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

കൊട്ടാരത്തിന്റെയും പരിസരത്തിന്റെയും സുരക്ഷാ പ്രാധാന്യം കണക്കിലെടുത്ത് CCTV ക്യാമറ 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുകയുണ്ടായി. ഇതിനായി 60.69 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതുപോലെ 2018-19 സാമ്പത്തിക വർഷത്തിൽ അഗ്നിരക്ഷാ ഉപകരണങ്ങൾ മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവയും നടപ്പിലാക്കി. ഇവയ്ക്കായി 15,89,797 രൂപ ചെലവഴിച്ചിട്ടുണ്ട്. സന്ദർശക സൗകര്യാർത്ഥം കൊട്ടാര പരിസരം പൂർണ്ണമായും സൗന്ദര്യവൽക്കരണം നടത്തി. 2018-19 സാമ്പത്തിക വർഷം നടത്തിയ ഈ പദ്ധതിയിൽ പുൽത്തകിടികൾ, ഇരിപ്പിട സൗകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തി. ഇതിനായി 61.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമാക്കാൻ നടപടി

304(2275) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) പ്രസ്തുത ക്ഷേത്രത്തിന്റെ റവന്യൂ വിശദവിവരം ജില്ലാ കലക്ടറിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് ജില്ലാ കലക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച പുരാവസ്തു വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ എ 2 -1458/2018/ഡി.എ. നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന തുടർനടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാനുള്ള നടപടി പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) മലപ്പുറം ജില്ലാ കളക്ടറോട് റവന്യൂ വിശദവിവരം ആവശ്യപ്പെട്ടിരുന്നു. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നെറുങ്കൈതക്കോട്ട ഭഗവതി ക്ഷേത്രം പഴശ്ശിരാജ മ്യൂസിയം ചാർജ്ജ് ഓഫീസർ പരിശോധിച്ചിരുന്നു. ചാർജ്ജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്ഷേത്രത്തിന്റെ പുരാവസ്തു പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് റവന്യൂ വിശദവിവരത്തിനായി മലപ്പുറം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ**

305(2276) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

26-12-2017-ലെ GO (P) 5/2017/CAD നമ്പരായ അന്തിമ വിജ്ഞാപന പ്രകാരം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള മാളയിലെ യഹൂദ സിനഗോഗും യഹൂദ സെമിത്തേരിയും സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

മാളയിലെ യഹൂദ സിനഗോഗും യഹൂദ സെമിത്തേരിയും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്മാരകങ്ങൾക്ക് അടിയന്തര സംരക്ഷണ പ്രവൃത്തികളുടെ ആവശ്യം കാണുന്നില്ല. സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമാകുന്ന വേളയിൽ പുരാവസ്തു വകുപ്പ് ആയത് നിർവ്വഹിക്കുന്നതാണ്.

**പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ**

306(2277) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തുവകുപ്പിന് കീഴിൽ എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്തിന്റെ വികസനത്തിനായി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള സർക്കാർ കെട്ടിടങ്ങൾ/ സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമാണ് എന്നുള്ള വിവരം നൽകാമോ?

ഉത്തരം

(എ) കേരളത്തിന്റെ ചരിത്ര പൈതൃക ശേഷിപ്പുകളെ സംരക്ഷിച്ച് നിർത്തുക, അതേപ്പറ്റി ആധികാരിക പഠനങ്ങൾ നടത്തുക, പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നിവയൊക്കെയാണ് പുരാവസ്തു വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. കേരളത്തിലെ ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും അത് വരുംതലമുറയ്ക്ക് കൈമാറുന്നതിലേയ്ക്കുമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, ഇടുക്കി, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ജില്ല തിരിച്ചുള്ള പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പുരോഗതി അനുബന്ധം-എ ആയി നൽകുന്നു.*

(ബി) രണ്ട് രീതിയിലാണ് പുരാവസ്തു വകുപ്പിന് നിലവിൽ സംരക്ഷിത സ്മാരകങ്ങൾ ഉള്ളത്.

1. വില നൽകിയോ അല്ലാതെയോ ഏറ്റെടുക്കപ്പെട്ട സ്മാരകങ്ങൾ.

2. ഉടമസ്ഥാവകാശം ഇല്ലാതെതന്നെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്മാരകങ്ങൾ.

രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന സംരക്ഷിത സ്മാരകങ്ങളിൽ സർക്കാർ അധീനതയിലുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതുമായ നിർമ്മിതികളുണ്ട്.

ചില സർക്കാർ വകുപ്പുകളുടെ കാര്യാലയങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ട നിർമ്മിതികളിലാണ് പ്രവർത്തിക്കുന്നത്. അനന്തവിലാസം കൊട്ടാരം തിരുവനന്തപുരം - സാംസ്കാരികകാര്യ വകുപ്പിന്റെ വകുപ്പദ്ധ്യക്ഷ കാര്യാലയം, പുരാവസ്തു വകുപ്പിന്റെ വകുപ്പദ്ധ്യക്ഷ കാര്യാലയം - സുന്ദരവിലാസം കൊട്ടാരം, സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, എറണാകുളം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം, തിരുവനന്തപുരം, Kerala Medical Service Co-operation LTD-ന്റെ ജില്ലാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആസ്ഥാനം - ഇരട്ടച്ചിറ കോവിലകം, തൃശ്ശൂർ തുടങ്ങിയവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുന്ന നിർമ്മിതികളിലാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. പുരാവസ്തു വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന 11 മ്യൂസിയങ്ങളിൽ 10 എണ്ണവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളാണ്. ശേഷിക്കുന്ന കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം പ്രവർത്തിക്കുന്ന മന്ദിരം മ്യൂസിയം മൃഗശാലാ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളത് സർക്കാർ കെട്ടിടവും സ്ഥലവുമാണ്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളിൽ സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളുടെ കണക്ക് അനുബന്ധം-ബി ആയി നൽകുന്നു.*

**പുരാവസ്തു വകുപ്പ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

307(2278) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുരാവസ്തു വകുപ്പ് വർക്കല മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;എങ്കിൽ ആയത് വിശദമാക്കാമോ?

ഉത്തരം

പുരാവസ്തു വകുപ്പ് വർക്കല മണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(1902, 1906, 1907, 1909, 1911, 1912, 1918, 1920,1922, 1925, 1932, 1933, 1934, 1937, 1943, 1944, 1946, 1948, 1951, 1959, 1973, 1977, 1978, 1981, 1982, 1987, 1988, 1989, 1990, 1995, 2000, 2004, 2005, 2008, 2010, 2012, 2014, 2020, 2024, 2027, 2029, 2030, 2032, 2033, 2034, 2035, 2037, 2041, 2045, 2048, 2057, 2058, 2073, 2075, 2086, 2100, 2104, 2106, 2112, 2114, 2126, 2130, 2131, 2139, 2140, 2141, 2142, 2144, 2147, 2156, 2168, 2171 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

10.00 A.M.]

## II അടിയന്തരപ്രമേയം

### യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്ത സംഭവം

മി. സ്പീക്കർ: കോഴിക്കോട് പന്തീരാങ്കാവിൽ മാവോയിസ്റ്റ് ലഘുലേഖ കൈവശംവച്ചുവെന്നാരോപിച്ച് 2 വിദ്യാർത്ഥികളെ യു.എ.പി.എ. (Unlawful Activities (Prevention) Act) ചുമത്തി പോലീസ് അറസ്റ്റ് ചെയ്തതുമൂലം പൊതുസമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കഴിഞ്ഞ നവംബർ മാസം ഒന്നാം തീയതി പന്തീരാങ്കാവ് പോലീസ് പട്രോളിംഗ് ഡ്യൂട്ടി നടത്തിവരവെ വൈകുന്നേരം 6.45-ന് പെരുമണ്ണ പാറമ്മൽ പ്രദേശത്ത് മൂന്നുപേർ ഇരുട്ടിൽ മറഞ്ഞു നിൽക്കുകയും ഒരാൾ പോലീസിനെ കണ്ടപ്പോൾ ഓടിപ്പോകുകയും ചെയ്തു. തുടർന്ന് കൂടെയുണ്ടായിരുന്നവരെ തടഞ്ഞുനിർത്തി ചോദ്യം ചെയ്തെങ്കിലും വ്യക്തമായ മറുപടി പോലീസിന് ലഭിച്ചില്ല. പിന്നീട് ഇവരെ കണ്ടെത്തുകയും അതിലൊരാളായ അലൻ ഷുഹൈബിന്റെ ഷോൾഡർ ബാഗിലും രണ്ടാമൻ താഹ ഫസലിന്റെ കൈവശവും മാവോയിസ്റ്റ് അനുകൂല പ്രസ്താവനകളും നോട്ടീസുകളും പുസ്തകങ്ങളും മറ്റും കാണപ്പെട്ടു. ടിയാന്മാർ മാവോയിസ്റ്റ് പ്രവർത്തകരാണെന്ന ധാരണയിലാണ് വൈകുന്നേരം 7.00 മണിക്ക് അറസ്റ്റ് ചെയ്തതെന്ന് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരുടെ പക്കൽ കാണപ്പെട്ട വസ്തുക്കളും മോട്ടോർ സൈക്കിളും ബന്തവസിലെടുത്ത് 7.30-ന് സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്ന് പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം 507/19 നമ്പരായി യു.എ.പി.എ. 20, 38, 39 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. തുടർന്ന് അന്നേദിവസം രാത്രി കോഴിക്കോട് പന്നിയങ്കരയിലുള്ള അലൻ ഷുഹൈബിന്റെ വീട് സമീപവാസികളായ സാക്ഷികളുടെ സാന്നിധ്യത്തിൽ പരിശോധന നടത്തിയതിൽ ഒരു ഫോൺ കണ്ടെത്തിയിട്ടുണ്ട്. താഹ ഫസലിന്റെ വീട് പരിശോധിക്കുന്ന സമയം ടിയാൻ മാവോയിസ്റ്റ് അനുകൂല മുദ്രാവാക്യങ്ങൾ വിളിക്കുകയും ടിയാന്റെ വീട്ടിൽനിന്നും മാവോയിസ്റ്റ് അനുകൂല ലഘുലേഖകൾ, പുസ്തകങ്ങൾ, ബാനറുകൾ, മെമ്മറി കാർഡുകൾ, ലാപ്ടോപ്പ് തുടങ്ങിയവ കണ്ടെത്തുകയും ചെയ്തു. പോലീസ് കോടതിയിൽ ഹാജരാക്കിയ ഇവർക്ക്

കോടതി റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരികയാണ്. കേസ്സിന്റെ അന്വേഷണം നടന്നുവരുന്നു. പാലക്കാട് മാവോയിസ്റ്റ്-പോലീസ് ഏറ്റുമുട്ടലിനെതിരെ പ്രതിഷേധിച്ചവരെയാണ് അറസ്റ്റ് ചെയ്തതെന്ന അടിയന്തര പ്രമേയ നോട്ടീസിലെ ആരോപണം വസ്തുതാപരമല്ല. യു.എ.പി.എ. നിയമം ദുരുപയോഗപ്പെടുത്തുന്നത് ഒരു കാരണവശാലും സർക്കാർ അംഗീകരിക്കില്ല. ഇപ്പോഴുണ്ടായ സംഭവത്തിൽ കൃത്യമായ പരിശോധന നടത്തി മാത്രമേ മുന്നോട്ട് പോകുകയുള്ളൂ. നിലവിലുള്ള നിയമ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെപ്പറഞ്ഞ ഉത്തരത്തിന് ജനയുഗം ദിനപ്പത്രത്തിന്റെ ഇന്നത്തെ എഡിറ്റോറിയലിൽ ഒരു മറുപടിയുണ്ട്. അവർ പറയുന്നത്, "ചിന്തിക്കുന്നവന്റെ വായനാമുറി പരിശോധിച്ച് കരിനിയമം ചാർത്തുന്നത് ശരിയല്ല" എന്നാണ്. ഇവരുടെ കയ്യിൽ മാവോയിസ്റ്റ് അനുകൂല പ്രസ്താവനകൾ ഉണ്ടായിരുന്നുവെന്ന് അങ്ങ് പറഞ്ഞു. ഒരു പ്രസ്താവന കൈവശം വച്ചാലുടനെ യു.എ.പി.എ. അനുസരിച്ച് അറസ്റ്റ് ചെയ്യാൻ സാധിക്കുമോ? അങ്ങനെ ചുമത്തണമെങ്കിൽ അതിന് ചില നിബന്ധനകളില്ലേ? കോഴിക്കോട് തിരുവണ്ണൂർ പാലാട്ട് നഗറിൽ മണിപ്പൂരി വീട്ടിൽ അലൻ ഷുഹൈബ്, താഹ ഫസൽ എന്നീ രണ്ടുപേരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. മൂന്നാമതൊരാളെക്കൂടി കിട്ടാനുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞത്. 2019-ലെ യു.എ.പി.എ. ഭേദഗതിയിലെ സെക്ഷൻ 20, 38, 39 എന്നീ മൂന്ന് വകുപ്പുകൾ വച്ച് കേസ്സെടുത്തെന്നാണ് അങ്ങ് പറയുന്നത്. ശ്രീ. അമിത് ഷായുടെ പ്രസ്തുത അമെന്റ്മെന്റ് അനുസരിച്ച് വ്യക്തികളെപ്പോലും terrorist ആയി പ്രഖ്യാപിക്കാം. പ്രസ്തുത അമെന്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവർക്കെതിരെ യു.എ.പി.എ. ചുമത്തിയതെന്ന യാഥാർത്ഥ്യം നമുക്ക് മറക്കാൻ പറ്റുമോ? ഈ അമെന്റ്മെന്റ് ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ; യു.എ.പി.എ.-യ്ക്കെതിരെ സമരം ചെയ്ത് നടന്നവരല്ലേ നിങ്ങൾ? യു.എ.പി.എ.-യെക്കുറിച്ച് സി.പി.ഐ.(എം) -ന്റെ കമ്മിറ്റികൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇന്നത്തെ പത്രങ്ങളിലുണ്ട്. അതിനെക്കുറിച്ചൊന്നും ഞാൻ വിശദീകരിക്കുന്നില്ല. അങ്ങേയ്ക്ക് അതിൽ വിയോജിപ്പുണ്ടെന്ന് ഇന്നത്തെ മാതൃഭൂമി പത്രത്തിലുണ്ട്. കേസ് നിലനിൽക്കുമോയെന്ന് പോലീസ് പരിശോധിക്കുമെന്ന് പറഞ്ഞതായിട്ടാണ് മാധ്യമങ്ങളിൽ വന്നത്. എങ്ങനെ പരിശോധിക്കാനാണ്? ഒരിക്കൽ എഫ്.ഐ.ആർ. എടുത്ത് കോടതിയുടെ മുമ്പിലെത്തിയാൽ നേരത്തെയുള്ള നിയമമനുസരിച്ചാണെങ്കിൽ എസ്.പി. റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥനു മാത്രമേ അന്വേഷണം നടത്താൻ സാധിക്കുമായിരുന്നുള്ളൂ. പക്ഷെ യു.എ.പി.എ.

amendment-ലെ 43-ാം വകുപ്പുപ്രകാരം എസ്.പി. റാങ്കിന് താഴെയുള്ള ഉദ്യോഗസ്ഥരിൽ ആർക്കുവേണമെങ്കിലും ഇതിനേക്കുറിച്ച് അന്വേഷണം നടത്താം. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിൽ പുനഃപരിശോധന നടത്തുമെന്ന് പറയാൻ മുഖ്യമന്ത്രിക്ക് എങ്ങനെയാണ് സാധിക്കുന്നത്? പുനഃപരിശോധന നടത്താൻ നിയമപരമായി വശമുണ്ടെന്ന് അങ്ങേയ്ക്ക് ഈ സഭയെ convince ചെയ്യിക്കുവാൻ സാധിക്കുമോ? സാധ്യമല്ലാത്തൊരു കാര്യത്തെക്കുറിച്ച് ആളുകൾ ഇവിടെ കൂടുതൽ ചർച്ച ചെയ്തുകഴിഞ്ഞപ്പോൾ അങ്ങ് പറഞ്ഞൊരു വാദഗതി എന്നല്ലാതെ ഞാനതിൽ മറ്റൊന്നും കാണുന്നില്ല. ശ്രീ. അമിത് ഷായുടെ amendment-ൽ അർബൻ മാവോയിസ്റ്റുകളെന്ന ഒരു പുതിയ വിഭാഗത്തെ ചേർത്തിരിക്കുകയാണ്, നഗര മാവോയിസ്റ്റുകൾ. നഗര മാവോയിസ്റ്റുകളുടെ കണക്കിലാണ് ഈ കുട്ടികളും വന്നുപെട്ടിരിക്കുന്നത്. Currently, there is no provision in the UAPA or any other legislation to designate an individual as a terrorist. ഇത്തരം ഒബ്സർവേഷനൊക്കെ നിലനിൽക്കുമ്പോഴാണ് സംസ്ഥാനത്ത് ഇതുപോലൊരു നടപടിയുണ്ടാകുന്നത്. ഞങ്ങൾ മാവോയിസ്റ്റുകളുടെ അക്രമസ്വഭാവത്തോട് യോജിക്കുന്നില്ല. ഞങ്ങളതിന് അനുകൂലമായി നിൽക്കുന്നവരുമല്ല. നിങ്ങളുടെ ഭരണകാലത്തും ഇതെല്ലാമുണ്ടായില്ലേയെന്ന് മറുപടി പറയുമ്പോൾ വേണമെങ്കിൽ അങ്ങേയ്ക്ക് പറയാം. ആ വാദഗതി നിലനിൽക്കുകയില്ല. ഞങ്ങൾ അതിനെയൊന്നും അനുകൂലിക്കുന്നില്ല. നിലമ്പൂർ കാടുകളിൽ രണ്ട് ആളുകളെ വെടിവച്ചുകൊന്നു. വൈത്തിരിയിൽ സി. പി. ജലീലിനെ കൊന്നു. കുപ്പു രാജനേയും അജിതയേയും നിലമ്പൂർ വനത്തിലെ കൂരാകൂരിരുട്ടിന് തുല്യമായൊരന്തരീക്ഷത്തിലാണ് വെടിവച്ചു കൊന്നത്. അട്ടപ്പാടിയിൽ നാല് ആളുകളെ വെടിവച്ചുകൊന്നതിൽ ഏറ്റവും അവസാനമായി കൊന്നത് മണിവാസകം എന്ന ആളിനെയാണ്. മണിവാസകത്തെക്കുറിച്ച് മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വാർത്തയെന്താണ്? എഴുന്നേറ്റ് നടക്കാൻപോലും നിവൃത്തിയില്ലാത്ത സാധുമനുഷ്യനായ മണിവാസകത്തെയാണ് വെടിവച്ചുകൊന്നത്. അവരെ കീഴടക്കി അറസ്റ്റ് ചെയ്തിരുന്നുവെങ്കിൽ അംഗീകരിക്കാമായിരുന്നു. കേരളത്തിൽ ഇതുപോലെയുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. സി.പി.ഐ.-യുടെ അന്വേഷണ സംഘം പ്രസ്തുത സ്ഥലം സന്ദർശിച്ചശേഷം റിപ്പോർട്ട് ചെയ്തിരിക്കുന്നത് 'മണിവാസകത്തിന്റെ കാലുകൾ ഒടിഞ്ഞിട്ടുണ്ടെന്നാണ്'. അങ്ങ് അതിനെക്കുറിച്ചൊന്നും മിണ്ടിയില്ല. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധി സംഘം അവരുടെ കമ്മിറ്റിയുടെ തീരുമാനപ്രകാരമായിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു, അവിടെപ്പോയി അന്വേഷിച്ചതിനുശേഷം പറയുകയുണ്ടായി, മണിവാസകത്തിന്റെ കാല് ഒടിഞ്ഞിട്ടുണ്ട്, അതിൽ വീഴ്ചയുടെ ലക്ഷണമൊന്നും

കാണുന്നില്ല എന്ന്. ഇങ്ങനെ പറഞ്ഞാൽ തല്ലിയൊടിച്ച എന്നല്ലേ മനസ്സിലാക്കേണ്ടത്. മണിവാസകത്തിന്റെ തലയിൽനിന്നാണ് വെടിയുണ്ട കണ്ടെത്തിയത്. പോയിന്റ് ബ്ലാങ്കിൽ വെടിവയ്ക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ ചെയ്യുത് നീതിയാണെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ഒരു സംഘട്ടനത്തിന്റെ അന്തരീക്ഷത്തിൽ സ്വയം രക്ഷപ്പെടുന്നതിനുവേണ്ടി പോലീസ് നിറയൊഴിച്ചാൽ അതിന് വേറൊരു വാദഗതിയുണ്ട്, സെൽഫ് ഡിഫൻസ്. ഇക്കാര്യത്തിൽ ഏത് സെൽഫ് ഡിഫൻസാണ് വാദിക്കാൻ കഴിയുക? മറ്റുള്ളവരുടെ ശരീരത്തിന്റെ പിൻഭാഗത്താണ് വെടിയേറ്റതെന്നാണ് മാധ്യമങ്ങളിലെ വാർത്ത. ഇത് നീതീകരിക്കത്തക്ക കാര്യമാണോ? സ്വാഭാവികമായും മാവോയിസത്തെ ജനങ്ങൾക്ക് കൂടുതൽ തൃപ്തികരമാണെന്ന് വരുത്തുന്നതിനുമാത്രമേ ഗവൺമെന്റിന്റെ ഈ നടപടികൊണ്ട് കഴിയൂ. സത്യത്തിൽ ഗവൺമെന്റ് മാവോയിസത്തെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ജനകീയ വികാരം അവർക്കനുകൂലമായി സാവകാശം മാറ്റിക്കൊടുക്കുകയാണ്. അതുകൊണ്ടാണ് ഇതുപോലുള്ള ക്രൂരമായ നടപടികൾ നടത്തുന്നത്. നവോത്ഥാനത്തെക്കുറിച്ചും സ്ത്രീ സുരക്ഷിതത്വത്തെക്കുറിച്ചും വാചാലമാകുന്ന ഈ ഗവൺമെന്റ്, നവോത്ഥാന പ്രസ്ഥാനവും വനിതാമതിലും കെട്ടുന്ന ഈ ഗവൺമെന്റ്, ഒരു സ്ത്രീയെ പോയിന്റ് ബ്ലാങ്കിൽ വെടിവച്ച് കൊല്ലുമ്പോൾ അത് ഈ കേരളത്തിലാണെന്നുള്ള യാഥാർത്ഥ്യം മറക്കാൻ പറ്റുമോ? അവരുടെ ശരീരത്തിൽ നിന്ന് ബുള്ളറ്റ് കിട്ടിയിട്ടുണ്ടോ? ഇല്ല. എന്താ കാരണം? ബുള്ളറ്റ് ശരീരത്തിൽ കയറി മറ്റൊരു സ്ഥലത്തുകൂടെ അത് തെറിച്ചുപോയി. ആ ബുള്ളറ്റ് ശരീരത്തിലുണ്ടായിരുന്നില്ല. അതിന്റെ അർത്ഥം കൊല്ലണമെന്നുള്ള ഉദ്ദേശത്തോടുകൂടി പോയിന്റ് ബ്ലാങ്കിൽ വെടിവച്ചുവെന്നല്ലേ മനസ്സിലാക്കേണ്ടത്. പോലീസിനെതിരെ അവർ 30 റൗണ്ട് വെടിയുതിർത്തു എന്നാണ് പോലീസ് വിശദീകരിക്കുന്നത്. ആറ് മാസം പ്രായമുള്ള ഒരു കുട്ടി ഈ ഊരിലുണ്ടായിരുന്നുവെന്നുള്ള കാര്യം സത്യമല്ലേ? അതെല്ലാം മാധ്യമങ്ങളിൽ വന്നിട്ടുണ്ടല്ലോ; 30 റൗണ്ട് വെടിയുതിർത്ത ആളുകൾ ആരൊക്കെയാണെന്നുള്ളത് അറിയില്ലേ? മണിവാസകം ഉൾപ്പെടെയുള്ള മാവോയിസ്റ്റുകൾ കീഴടങ്ങാൻ തയ്യാറായിരുന്നുവെന്നാണ് പോലീസും മാവോയിസ്റ്റുകളുമായി നടത്തിയ ചർച്ചയ്ക്ക് നേതൃത്വം നൽകിയ ശിവാനി പറയുന്നത്. അവർ കീഴടങ്ങാനും നിയമത്തിന്റെ മുന്നിൽ വരാനും തയ്യാറായിരുന്നു. കീഴടങ്ങാൻ തയ്യാറായ ഇവരെ കസ്റ്റഡിയിലെടുത്ത് വെടിവച്ചുകൊന്നതാണ് ഇവിടത്തെ പ്രധാനപ്രശ്നം. സാംസ്കാരിക സമ്പന്നമായ ഒരു സംസ്ഥാനത്ത് നടത്താൻ കഴിയുന്ന കാര്യമാണോ? വയോധികനായ മണിവാസകത്തെ കസ്റ്റഡിയിലെടുത്ത് അതിക്രൂരമായി മർദ്ദിച്ചു. ഈ ഗവൺമെന്റിന്റെ പോലീസ്, വ്യാജതെളിവുകളുണ്ടാക്കിയെന്ന്

സി.പി.ഐ.-യുടെ പ്രതിനിധിസംഘം പറയുകയാണ്. അവരുടെ പ്രസ്താവനയുടെ ഡീറ്റെയിൽസ് എന്റെ കയ്യിലുണ്ട്. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ആരാണ് വ്യാജ തെളിവുണ്ടാക്കിയത്? പോലീസ് ചെയ്തുവെന്ന് പറഞ്ഞാൽ പോലീസ് ഉദ്യോഗസ്ഥനാണോ; പോലീസ് ഉദ്യോഗസ്ഥൻ ചെയ്യുന്ന കാര്യത്തിൽ ഭരണ നേതൃത്വത്തിന് ഉത്തരവാദിത്വമില്ലേ? പോലീസിനെതിരെ ഒരു നടപടിയും എടുത്തിട്ടില്ലല്ലോ. ഇക്കാര്യങ്ങൾ ചെയ്ത ഏതെങ്കിലും പോലീസുകാർക്കെതിരെ നടപടിയുണ്ടോ? ഒരു നടപടിയുമില്ലെങ്കിൽ അതിനർത്ഥം ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഈ ഗവൺമെന്റിന് ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നുതന്നെയാണ്. ഈ മന്ത്രിസഭയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ നാല് പ്രതിനിധികളുണ്ടല്ലോ, നിങ്ങളുടെ കൂടി അഭിപ്രായമായിട്ടാണ് ഞാനത് കണക്കാക്കുന്നത്. കളക്ടീവ് റെസ്പോൺസിബിലിറ്റി ഇല്ലാതെപോയി, അതാണ് സംസ്ഥാനത്ത് ഇപ്പോഴുണ്ടാകുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u> : സർ,....

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.... ലെറ്റ് ഹിം സ്പീക്ക്....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, മണിവാസകത്തെ പോലീസ് പിടികൂടി വെടിവച്ചുകൊന്നുവെന്ന് സി.പി.ഐ. അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പ്രകാശ് ബാബു പറഞ്ഞതായി മലയാള മനോരമയിൽ വാർത്ത വന്നിരുന്നു. ഏറ്റുമുട്ടലിന്റെ വീഡിയോ പോലീസുണ്ടാക്കിയത് വ്യാജമായിട്ടാണെന്നാണ് സി.പി.ഐ. പറയുന്നത്. രണ്ട് പ്രശ്നങ്ങളാണ് ഇവിടെയുള്ളത്. ഒരാളെ വെടിവച്ചുകൊല്ലുന്നു; അതിനുശേഷം വ്യാജതെളിവുണ്ടാക്കുന്നു. എന്നിട്ട് സംസ്ഥാനത്ത് നിയമസമാധാനം തകർക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു. അട്ടപ്പാടിയിൽ മാവോയിസ്റ്റ് നേതാവ് മണിവാസകത്തെ കസ്റ്റഡിയിലെടുത്ത് വെടിവച്ച് കൊല്ലുകയായിരുന്നു വെന്നാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നത്. വ്യാജ ഏറ്റുമുട്ടൽ മാത്രമല്ല അത് ന്യായീകരിക്കാൻ വ്യാജതെളിവുമുണ്ടാക്കി. അങ്ങനെ കള്ളത്തെളിവ് ഉണ്ടാക്കുന്ന സർക്കാരായി ഈ സർക്കാർ മാറിയിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സംസ്ഥാനത്ത് ഇതിനുമുമ്പും ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. നാല് പേരെ കൊന്നതല്ലേ; വ്യാജ ഏറ്റുമുട്ടലുണ്ടായി എന്ന് പറഞ്ഞതല്ലേ. ....(ബഹളം)...... ദയവായി അങ്ങ് ശാന്തമായി ഇത് കേൾക്കു.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ പ്രഖ്യാപിതമായ ഒരു നയമുണ്ട്. അതിൽനിന്നും പുറകോട്ട് പോകരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്കറിയില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ ഇന്റർഫിയറൻസ് നടത്തിയിട്ടൊരു കാര്യവുമില്ല.

മി. സ്പീക്കർ: സമയമായെന്ന് മാത്രമേ പറഞ്ഞുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോഴിക്കോട് തിരുനെല്ലി കാടുകളിൽ നക്സൽ ആക്രമണമുണ്ടായി. ആ ആക്രമണത്തിൽ കുന്നിക്കൽ നാരായണൻ, മന്ദാകിനി നാരായണൻ, ശ്രീമതി കെ. അജിത, ശ്രീ. ഫിലിപ്പ് എം. പ്രസാദ് എന്നീ നാല് ആളുകളെയും പോലീസ് പിടികൂടിയതാണ്. കേരളത്തിൽ അന്നൊരു തോക്കില്ലാത്തതുകൊണ്ടാണോ അവരെ വെടിവച്ചുകൊല്ലാത്തത്? അല്ല. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. അങ്ങനെ വന്നു. ശ്രീമതി കെ. അജിത ഇപ്പോഴും വളരെ സജീവമായി നിൽക്കുകയല്ലേ. ശ്രീ. ഫിലിപ്പ് എം. പ്രസാദ് എന്റെ ഒരു സുഹൃത്താണ്, സജീവമായി പൊതുപ്രവർത്തനത്തിൽ നിൽക്കുകയല്ലേ? അവരെ ഞങ്ങൾ നേരെ കൊണ്ടുവരികയായിരുന്നു. വെടിവച്ചല്ല കൊണ്ടുവന്നത്. നേരെമറിച്ച് അവരെ നിയമത്തിന് മുന്നിൽ കീഴടങ്ങുവാൻ, നിയമപരമായി പൊതുജനമധ്യത്തിൽ കൊണ്ടുവരുന്നതിനുവേണ്ട നടപടിയാണെടുത്തത്. അതുമാത്രമല്ല മഹാത്മാ ഗാന്ധിയെ വെടിവച്ചുകൊന്ന നാഥുറാം വിനായക് ഗോഡ്സയെപ്പോലും തോക്കില്ലാത്തതുകൊണ്ടാണോ ആളുകൾ തിരിച്ച് വെടിവയ്ക്കാതിരുന്നത്? ഇവരെ നമ്മുടെ കൂട്ടത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്താതെ യു.എ.പി.എ. അനുസരിച്ച് അറസ്റ്റ് ചെയ്യുകയാണ് ചെയ്തത്. ഈ കരിനിയമം അങ്ങ് അംഗീകരിക്കുന്നുണ്ടോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. ശ്രീ. എ. എൻ. ഷംസീർ, അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. വീണ്ടും വീണ്ടും ചോദ്യം ചോദിക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ കരിനിയമം കേരളത്തിലെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി അംഗീകരിക്കുന്നുണ്ടോ എന്നാണ് എനിക്ക് അങ്ങയോട് നേരിട്ട് ചോദിക്കാനുള്ളത്. അങ്ങ് ഈ നടപടിയിൽ നിന്ന് ഈ കുട്ടികളെ രക്ഷപ്പെടുത്താനുള്ള ശ്രമമാണോ നടത്തുന്നത്? ആ കുടുംബം ഏതെന്നറിയുമോ? അത് സാവിത്രി ടീച്ചറിന്റെ കുടുംബമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു പ്രമുഖയായ പ്രവർത്തകയായിരുന്നു സാവിത്രി ടീച്ചർ. അവരും അവരുടെ മക്കളുമെല്ലാം ചിരപുരാതന കമ്മ്യൂണിസ്റ്റ് കുടുംബത്തിൽപ്പെട്ടവരാണ്. അവർക്കെതിരെ നിഷ്ഠൂരമായ നടപടിയിലേക്ക് പോയത് ഈ സമൂഹം ഒരിക്കലും അംഗീകരിക്കുമെന്ന് തോന്നുന്നില്ല. യു.എ.പി.എ. ചുമത്തുന്നതിന് ഞങ്ങൾ എതിരല്ല. ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചൊരു ചോദ്യം, എത്ര ആളുകൾക്കെതിരെ

യു.എ.പി.എ. ചുമത്തിയിട്ടുണ്ടെന്നാണ്. ഞങ്ങൾ ചുമത്തിയിട്ടുള്ള എല്ലാ കേസ്സുകളുടെയും ലിസ്റ്റ് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഞങ്ങളുടെ ഭരണകാലത്ത് മൂന്ന് കേസ്സുകളിൽപ്പെട്ട പ്രതികൾക്കെതിരെയാണ് യു.എ.പി.എ. ചുമത്തിയിട്ടുള്ളത്. ക്രൈം നമ്പർ 780/2014 കതിരൂർ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 165/2015 കണ്ണവം പോലീസ് സ്റ്റേഷൻ, ക്രൈം നം. 364/2015 കൊളവല്ലൂർ പോലീസ് സ്റ്റേഷൻ ആക്രമണം എന്നിവയാണത്. ഇതുപോലെ കൊലപാതക കേസ്സുകളിൽപ്പെട്ട പ്രതികൾക്കെതിരായിട്ടാണ് ആ കാലഘട്ടത്തിൽ യു.എ.പി.എ. ചുമത്തേണ്ടി വന്നത്. അതിനെതിരായി നാട്ടിൽ ബന്ദും എല്ലാവിധത്തിലുമുള്ള പ്രക്ഷോഭവും നിങ്ങൾ നടത്തിയില്ലേ? ആ ആളുകളാണ് ഇന്ന് യു.എ.പി.എ. ചുമത്തി നമ്മുടെ സമൂഹത്തിൽ രണ്ട് ചെറുപ്പക്കാരെ, മുഖ്യമന്ത്രിയുടെ ഭാഷ കടമെടുത്ത് പറഞ്ഞാൽ കയ്യിൽ കടലാസ് വച്ചിരുന്ന എന്നുള്ള കാരണത്താൽ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി, യു.എ.പി.എ. ചുമത്തി ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് കൺക്ലൂഡ് ചെയ്യൂ....പ്ലീസ്.....പതിനഞ്ച് മിനിട്ടായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ട് പേർ ഡി.വൈ.എഫ്.ഐ.-യുടെ ആളുകളാണ്. നിങ്ങൾക്കത് പ്രശ്നമേ അല്ല. നിങ്ങൾക്ക് ഇവിടെ ഇങ്ങനെ ഇരുന്നാൽ മതി. അതിനപ്പുറത്ത് ഒന്നും അറിയേണ്ട. ...ബഹളം......

മി. സ്പീക്കർ: പ്ലീസ്... ശ്രീ. എ. എൻ. ഷംസീർ അങ്ങ് സീറ്റിൽ ഇരിക്കു....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കയ്യിലൊരു ലഘുലേഖ വച്ചതിന്റെ പേരിൽ രണ്ട് സഹപ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് യു.എ.പി.എ. ചുമത്തിയിട്ട് അനങ്ങാതിരിക്കുന്ന ആളുകളോട് നല്ല നമസ്കാരം പറയുകയാണ്. ...(ബഹളം)... നിങ്ങൾക്ക് എന്ത് ഡി.വൈ.എഫ്.ഐ; എന്ത് പാർട്ടി സ്നേഹം?

മി.സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിവിടെ ഈ വാൾ ഓങ്ങിയിട്ടേയുള്ളൂ. ഇന്നിപ്പോൾ അവർക്കെതിരെ എടുത്ത ഈ നിയമം രാഷ്ട്രീയവിരോധം തീർക്കുന്നതിനുവേണ്ടി കേരളത്തിലെ മറ്റു രാഷ്ട്രീയ പാർട്ടികൾക്കെതിരെ വിനിയോഗിക്കുന്നതിന് ഒരു മടിയും ഈ ഗവൺമെന്റ് കാണിക്കില്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒട്ടേറെ കാര്യങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. 1967-ൽ ആയിരുന്നു യു.എ.പി.എ. സംസ്ഥാനത്ത് നിലവിൽ വന്നത്. അത് കൊണ്ടുവന്നതാ രായിരുന്നുവെന്നത് ഞാൻ പ്രത്യേകമായി പറയേണ്ടതില്ല. 1967-ൽ അന്നത്തെ ഭരണനേതൃത്വത്തിന്റെ സൃഷ്ടിയായിരുന്ന യു.എ.പി.എ. 2004 മുതൽ 2014 വരെ കോൺഗ്രസ് പാർട്ടി അധികാരത്തിലിരിക്കുമ്പോൾ മൂന്നുതവണ (2004, 2008, 2012 എന്നീ കാലയളവിൽ) ഭേദഗതി ചെയ്യുകയുണ്ടായി. 2019-ൽ ബി.ജെ.പി. സർക്കാർ യു.എ.പി.എ. പ്രകാരം ഒരു വ്യക്തിയെ ഭീകരവാദിയായി പ്രഖ്യാപിക്കാമെന്ന ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തി. ഇതിനെതിരെ പാർലമെന്റിൽ ഏറ്റവും ശക്തിയായി പ്രതിഷേധിച്ചത് അംഗബലത്തിൽ കുറവാണെങ്കിലും ഇടതുപക്ഷമായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം നിയമങ്ങൾ ദുരുപയോഗപ്പെട്ട ത്താതിരിക്കാൻ കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. യു.എ.പി.എ. കേസ്സുകൾ ജില്ലാ പോലീസ് മേധാവിയുടെ അനുമതിയോടുകൂടി മാത്രമേ എടുക്കാൻ പാടുള്ളൂ. ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി പ്രോസിക്യൂഷൻ അനുമതിയും നിയമപരമായ ഉപദേശവും നേടി സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. യു.എ.പി.എ. കേസ്സുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്നത് അവലോകനം നടത്തുന്നതിനായി നേരത്തെയുള്ളതിൽനിന്നും വ്യത്യസ്തമായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി (നിലവിൽ ജസ്റ്റിസ് പി. എസ്. ഗോപിനാഥൻ) അദ്ധ്യക്ഷനായി 5-1-2018-ലെ ഉത്തരവുപ്രകാരം യു.എ.പി.എ. അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ആഭ്യന്തരവകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ഐ.ജി. ഇന്റേണൽ സെക്യൂരിറ്റി എന്നിവർ ഇതിലെ അംഗങ്ങളാണ്. ആ കമ്മിറ്റിയുടെ ശിപാർശ പ്രകാരം മാത്രമേ സർക്കാർ യു.എ.പി.എ. കേസ്സുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകുകയുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന എല്ലാ യു.എ.പി.എ. കേസ്സുകളിലും പ്രോസിക്യൂഷൻ അനുമതി തേടുന്നതിനുമുൻപ് പോലീസ് മേധാവിയുടെ തലത്തിൽ ഒരാവർത്തികൂടി പരിശോധിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരമുള്ള പരിശോധനയ്ക്കുശേഷം മാത്രമാണ് യു.എ.പി.എ. പ്രകാരമുള്ള കേസ്സുകൾ

പ്രോസിക്യൂഷൻ അനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കപ്പെടുന്നത്. മുൻസർക്കാരിന്റെ കാലത്ത് യു.എ.പി.എ. ചുമത്തിയിരുന്ന 6 കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിശോധനയ്ക്ക് വിധേയമാക്കി റദ്ദാക്കിയിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കുന്നതിനു മുൻപുതന്നെ ഇത്തരം കേസ്സുകൾ റിവ്യൂ നടത്തിയശേഷമാണ് അനുമതി നൽകിയിട്ടുള്ളത്. യു.എ.പി.എ. അതോറിറ്റി പരിഗണിച്ച എട്ട് കേസ്സുകളിൽ വേണ്ടത്ര തെളിവുകളുടെ അഭാവത്തിൽ സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയില്ല. ഇവിടെ ഒരു കാര്യം ഓർക്കുന്നത് നല്ലതാണ്, നിയമം കർക്കശമാക്കാനുള്ള ഭേദഗതി 2008-ൽ കൊണ്ടുവന്നത് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയും കോൺഗ്രസ് നേതാവുമായ ശ്രീ. പി. ചിദംബരമായിരുന്നു. അക്കാലത്ത് കേരളത്തിൽ 6 കേന്ദ്ര മന്ത്രിമാരും 14 എം.പി.-മാരും യു.ഡി.എഫ്-നുണ്ടായിരുന്നു. എൽ.ഡി.എഫ്.-ന് അന്ന് നാലുപേർ മാത്രമാണുണ്ടായിരുന്നത്. അവരാണ് ഇത് പാസ്സാക്കരുതെന്ന് ശക്തിയുക്തം വാദിച്ചത്. ഇവിടെ തീരുന്നില്ല, വീണ്ടും ഭേദഗതി കൊണ്ടുവന്നത് ശ്രീ. അമിത്ഷാ ആഭ്യന്തര വകുപ്പുമന്ത്രിയായപ്പോഴാണ്. കേരളത്തിൽനിന്ന് എൽ.ഡി.എഫ്.-ന് ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും അദ്ദേഹം അതിനെ ശക്തിയുക്തം എതിർത്തു. ഇതിനെ എതിർത്തതിന്റെ പേരിൽ രാജ്യദ്രോഹികളെന്ന വിളിപോലും ഞങ്ങൾക്ക് കേൾക്കേണ്ടിവന്നു. യു.ഡി.എഫ്.- ൽ 19 പേരുണ്ടായിരുന്നതിൽ, പതിനഞ്ചുപേർ കോൺഗ്രസ്. അതിലെ ഒരു കോൺഗ്രസ് അംഗംപോലും ഇതിനെ എതിർത്ത് വോട്ട് ചെയ്തില്ല. ....(ബഹളം).... കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വ്യാപകമായി നിയമത്തെ ദുരുപയോഗം ചെയ്യുകയായിരുന്നു. രാഷ്ട്രീയ കേസ്സുകളിൽപ്പോലും യു.എ.പി.എ. ചുമത്തുകയുണ്ടായി. അക്കാലത്ത് സി.പി.ഐ.(എം) പ്രവർത്തകരെയും നേതാക്കളെയും യു.എ.പി.എ. ചുമത്തി വേട്ടയാടിയത് പ്രത്യേകം ഓർക്കേണ്ടതാണ്. നേരത്തെ TADA ഉപയോഗിച്ച് രാഷ്ട്രീയ നേതാക്കളെ വേട്ടയാടിയതുപോലെയാണ് ഇടതുപക്ഷ നേതാക്കൾക്കെതിരെ വേട്ടയാടലുണ്ടായതെന്ന് നാം ഓർക്കേണ്ടതായിട്ടുണ്ട്.

ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഞങ്ങളുടെ ഭരണകാലത്തെക്കുറിച്ച് ചില കാര്യങ്ങൾ നേരത്തെ പറയുകയുണ്ടായി. അതിന് മറുപടി പറഞ്ഞില്ലെങ്കിൽ അദ്ദേഹത്തോടുകാണിക്കുന്ന നീതികേടാകുമെന്നതുകൊണ്ട് അതുകൂടി പറയാമെന്നാണ് കരുതുന്നത്. 18-3-2013-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ ഒരു ഉത്തരമുണ്ട്.; മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

ഇതിനായി പ്രത്യേകം പോലീസുകാരെ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? അദ്ദേഹം നൽകിയ ഉത്തരം, Kerala Anti-Terrorist Squad-എന്ന പ്രത്യേക സുരക്ഷാസേന രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. 2013-ൽ ഇതുസംബന്ധിച്ച ആലോചന തുടങ്ങി. Unlawful Activities (Prevention) Act എന്നൊരു ആക്ട് നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ നിയമമനുസരിച്ച് സംസ്ഥാനത്ത് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? എന്ന ചോദ്യത്തിന് 25-3-2013-ൽ അദ്ദേഹം പറഞ്ഞ മറുപടി, ഈ നിയമമനുസരിച്ച് സംസ്ഥാനത്ത് 87 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട് 13 പേരെയും മത മൗലികവാദപ്രവർത്തനവുമായി ബന്ധപ്പെട്ട് 74 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. രാഷ്ട്രീയ സംഭവങ്ങളിൽ യു.എ.പി.എ. ചുമത്തിയിരുന്നു. രാഷ്ട്രീയ കൊലപാതകങ്ങളായി സർക്കാർ കരുതിയിരുന്നത് എത്രയാണ്; ഇവയിൽ ഏതെങ്കിലും കേസിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ടോ; ഇവയിൽ ഏതെല്ലാം കേസ്സുകൾ സി.ബി.ഐ-യ്ക്ക് വിടുകയുണ്ടായി; തുടങ്ങിയ ചോദ്യങ്ങൾക്ക് ശ്രീ. രമേശ് ചെന്നിത്തല കൊടുത്ത മറുപടി, ഈ സർക്കാരിന്റെ കാലയളവിൽ 1686 കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യുകയും അതിൽ 29 എണ്ണം രാഷ്ട്രീയ കൊലപാതകവും മൂന്ന് കേസ്സുകളിൽ യു.എ.പി.എ. ചുമത്തുകയും അവയിൽ (കതിരൂർ പി.എസ്. ക്രൈം നമ്പർ 750/14) ഒരെണ്ണം സി.ബി.ഐ.-യ്ക്ക് വിടുകയുമുണ്ടായി എന്നാണ്. 134 കേസ്സുകൾ യു.എ.പി.എ. വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്തുവെന്ന് വേറൊരു ചോദ്യത്തിനുള്ള മറുപടിയായി 8-2-2016-ന് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞിട്ടുണ്ട്. 134 കേസ്സുകളുടെ ജില്ലതിരിച്ചുള്ള വിവരവും അദ്ദേഹം കൊടുക്കുന്നുണ്ട്. ഇത്തരത്തിൽ നേരത്തെ ഇത് എങ്ങനെയെല്ലാം ഉപയോഗിച്ചു, ഏതെല്ലാം തരത്തിൽ തെറ്റായി ഉപയോഗിക്കപ്പെടുകയുണ്ടായി എന്ന് കേരളം അന്ന് അനുഭവിച്ചതാണ്. യു.എ.പി.എ.-യ്ക്കെതിരെ ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസ്താവന നടത്തുമ്പോൾ, അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും നേതാക്കളും അധികാരത്തിൽ ഇരിക്കുമ്പോഴാണ് ഇതുപോലെയുള്ള നിയമങ്ങളുടെ പരമ്പരയുണ്ടായതെന്ന കാര്യം നമ്മൾ മറക്കാൻ പാടില്ല. സ്വതന്ത്ര ഭാരതത്തിൽ കരുതൽ തടങ്കൽ നിയമത്തിനെതിരെ ആദ്യമായി നിയമയുദ്ധം നടത്തിയത് എ.കെ.ജി.-യായിരുന്നു. അതാണ് എ.കെ. ഗോപാലൻ vs. സ്റ്റേറ്റ് ഓഫ് മദ്രാസ് എന്ന കേസിലെ സുപ്രീംകോടതി വിധി. അന്നത്തെ കോൺഗ്രസ് ഗവൺമെന്റ് നിർമ്മിച്ച കരുതൽ തടങ്കൽ നിയമം ഭരണഘടനയുടെ മൗലികാവകാശങ്ങൾ ലംഘിക്കുന്നുവെന്നായിരുന്നു വിധിയുടെ സത്ത. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന എ.കെ.ജി.-യാണ് കരുതൽ തടങ്കൽ നിയമപ്രകാരം തടവിലായത്. അതിനെതിരെയാണ് അദ്ദേഹം കോടതിയെ സമീപിച്ചത്. ആ കേസിൽ ഭാഗികവിജയം മാത്രമാണ് ലഭിച്ചത്. എന്നാൽ അന്ന് ജസ്റ്റിസ് ഫസൽ

അലി നടത്തിയ ന്യൂനപക്ഷ വിധിയുണ്ട്. അത് എ.കെ.ജി. ഉന്നയിച്ച വാദങ്ങളെ അംഗീകരിക്കുന്നതായിരുന്നു. വർഷങ്ങൾക്കുശേഷം ന്യൂനപക്ഷ വിധിയായിരുന്നു ശരിയെന്ന് ആധാർ കേസ് എന്ന് പരക്കെ അറിയപ്പെടുന്ന പുട്ടസ്വാമി Vs. യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസ്സിന്റെ വിധിയിൽ സുപ്രീംകോടതി പറയുകയും ചെയ്തു. അവിടെ തീരുന്നില്ല, യു.എ.പി.എ. നിയമം കോൺഗ്രസ് പിന്നീട് നിർമ്മിക്കുകയാണ്. ഇവിടെ 'MISA' എന്നറിയപ്പെടുന്ന കരിനിയമമുണ്ടായിരുന്നു. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായമായി എന്നും നിലനിൽക്കുന്ന ഒന്നാണത്. അന്നാണ് മനുഷ്യന്റെ മൗലികാവകാശത്തിൽ ഏറ്റവും പ്രധാനമായ, ജീവിക്കാനുള്ള അവകാശം നിലനിൽക്കുന്നില്ലെന്ന് ഗവൺമെന്റ് വാദിച്ചത്. അന്ന് അടിയന്തരാവസ്ഥക്കാലമാണ്. ജീവിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാനായി കോടതിയിൽ ഹേബിയസ് കോർപ്പസ് ഹർജി ഫയൽ ചെയ്യാൻപോലും ഒരു പൗരന് സ്വാതന്ത്ര്യമില്ല എന്നാണ് അന്നത്തെ കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ജബൽപൂർ Vs. ശിവകാന്ത് ശുക്ല എന്ന കേസിൽ വാദിച്ചത്. അക്കാലത്ത് സുപ്രീംകോടതിയും ആ നിലപാട് അംഗീകരിച്ചുവെന്നുള്ളതാണ് അതിന്റെ നിർഭാഗ്യകരമായ വശം. പ്രസ്തുത കേസിൽ, ജീവിക്കാനുള്ള അവകാശം പ്രാഥമിക മനുഷ്യാവകാശമാണെന്ന് പ്രഖ്യാപിച്ച് ഭൂരിപക്ഷത്തിൽനിന്നും വിയോജിച്ച് വിധിയെഴുതിയ ജസ്റ്റിസ് എച്ച്.ആർ. ഖന്നയെ ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് പദവിയിൽനിന്നും സീനിയോറിറ്റി ഉണ്ടായിട്ടും മാറ്റിനിർത്തി. ഇന്ന് യു.എ.പി.എ.-യ്ക്കെതിരെ വായ്ത്താരി നടത്തുന്നവർ കേന്ദ്രത്തിൽ ഭരണത്തിലുള്ളപ്പോൾ സ്വീകരിച്ച നിലപാടാണിത്. യു.എ.പി.എ. ഇല്ലാതെതന്നെ മുൻകാലങ്ങളിൽ എങ്ങനെയെല്ലാം ഇത് പ്രാവർത്തിക മാക്കിയിരുന്നു എന്നാണ് ഇവിടെ കാണുന്നത്. 1987-ൽ 'TADA' (Terrorist and Disruptive Activities (Prevention) Act) പാസ്സാക്കിയതും കോൺഗ്രസ് സർക്കാരാണ്. പുട്ടസ്വാമി vs. യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിൽ നേരത്തെ പറഞ്ഞ വിധി തെറ്റായിരുന്നുവെന്ന് സുപ്രീംകോടതി തന്നെ തുറന്നുപറഞ്ഞു. അവർക്ക് പറ്റിയ തെറ്റ് പിന്നീട് പറയുകയുണ്ടായി. ഭീകരവാദത്തിനെതിരെ നിലവിലുള്ള നിയമങ്ങൾ അപ്രാപ്യമാണെന്ന വാദം ഉയർത്തിയാണ് 'TADA' പാസ്സാക്കിയത്. ഒരു പൗരനെ അറസ്റ്റ് ചെയ്താൽ 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്ന നിബന്ധനപോലും ഈ നിയമത്തിലില്ലായിരുന്നു.TADA-യുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ടവരുടെ വ്യക്തിപരമായ കാര്യങ്ങൾ എനിക്കിപ്പോൾ ഓർക്കാൻ പറ്റുമെങ്കിലും സമയച്ചുരുക്കംകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ആരെയെല്ലാമാണ് അറസ്റ്റ് ചെയ്തത്; സി.പി.ഐ.(എം)-ന്റെ ഉത്തമരായ പ്രവർത്തകരെയും നേതാക്കളെയുമായിരുന്നു ഈ ഭീകര നിയമത്തിന്റെ പേരിൽ അറസ്റ്റ് ചെയ്ത് തടങ്കലിലിട്ടത്. കുറ്റക്കാരനെന്ന നിഗമനം പ്രതിചേർക്കപ്പെടുന്ന ആൾ വാദിച്ച് മറികടക്കണം എന്നാണ് ഈ നിയമം അനുശാസിച്ചിരുന്നത്.

വ്യാപകമായി ദുരുപയോഗം ചെയ്ത ഈ നിയമത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ രണ്ട് ശതമാനത്തിൽ താഴെയായിരുന്നു എന്നാണ് പൊതുമണ്ഡലത്തിലെ വിവരം. പിന്നീട് ബി.ജെ.പി. സർക്കാർ കൊണ്ടുവന്ന 'POTA' (The Prevention of Terrorism Act) -യും വ്യാപകമായ ദുരുപയോഗത്തിന്റെ പേരിൽ മാറ്റേണ്ടിവന്നു. പിന്നീട് 1967-ൽ യു.എ.പി.എ. വരികയാണ്. ഇതാണ് മൂന്നുതവണ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഭേദഗതി ചെയ്യുന്നത്. ഈ നിയമത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരെല്ലാം ഭീകരവാദി കളായിരുന്നോ എന്നുള്ളത് ധാരാളം പരിശോധനകൾക്ക് വിധേയമായിട്ടുണ്ട്. ഡോ. ബിനായക് സെൻ എന്ന ഭിഷഗ്വരനെ ഛത്തീസ്ഗഢിലെ കോൺഗ്രസ് സർക്കാർ ലഘുലേഖകളും പുസ്തകങ്ങളും കൈവശം വച്ചതിന്റെ പേരിൽ അറസ്റ്റ് ചെയ്തതും അദ്ദേഹത്തിന് ജീവപര്യന്തം ശിക്ഷ ലഭിച്ചതും ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണ്. പ്രസ്തുത കേസിൽ അദ്ദേഹത്തിന് ജാമ്യമനുവദിച്ചുകൊണ്ട് സുപ്രീംകോടതി നടത്തിയ പരാമർശങ്ങൾ ഇവിടെ ആവർത്തിക്കുന്നില്ല. ഈ പറയുന്നതൊന്നും യു.എ.പി.എ. എന്ന നിയമത്തെ ഏതെങ്കിലും ഉദ്യോഗസ്ഥർ തെറ്റായി പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അതിനെ ന്യായീകരിക്കാനല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, യു.എ.പി.എ. നിയമം ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ അകാരണമായി ചുമത്തിയാൽ അതിനെ ന്യായീകരിക്കുന്നില്ലെന്ന് അങ്ങിപ്പോൾ പറഞ്ഞു. അങ്ങനെയെങ്കിൽ കോഴിക്കോട് രണ്ട് ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കുനേരെ യു.എ.പി.എ. ചുമത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; അതുസംബന്ധിച്ച് സഭയിൽ അങ്ങേയ്ക്ക് ഉറപ്പ് നൽകാമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ടുള്ള കാര്യം ഞാൻ പറയാം. 1950-ലെ കരുതൽ തടങ്കൽ നിയമം മുതൽ ഇന്നുവരെയുള്ള എല്ലാ കരിനിയമങ്ങൾക്കുമെതിരെ ദൃഢമായ രാഷ്ട്രീയ നിലപാടാണ് ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഈ നിയമങ്ങളെല്ലാം ജനാധിപത്യ ഭാരതത്തിൽ നിർമ്മിക്കുകയും അതിലൂടെ അമിതാധികാര തേർവാഴ്ച നടത്തിയതും കോൺഗ്രസ് ആയിരുന്നുവെന്ന് നാം ഓർക്കണം. അവരുടെ വഴി ബി.ജെ.പി.-യും പിൻതുടരുകയാണ്. വൈകിയെങ്കിലും ഈ കരിനിയമങ്ങൾക്കെതിരെ നിലപാട് സ്വീകരിക്കാൻ ഇപ്പോഴെങ്കിലും കോൺഗ്രസ് തയ്യാറായാൽ അത് സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ പാർലമെന്റിൽ ഈ നിയമം പാസ്സാക്കുന്ന ഘട്ടത്തിലെല്ലാം ബി.ജെ.പി.-യോടൊപ്പമാണ് കോൺഗ്രസ് നിന്നതെന്ന കാര്യം മറക്കരുത്. അതുകൊണ്ടാണ് ഇവരുടെ ഉദ്ദേശ്യശുദ്ധിയിൽ നിഷ്പക്ഷമതികൾക്കു പോലും സംശയം വരുന്നത്. യു.എ.പി.എ. കൊണ്ടുവന്നത് നിങ്ങൾ; കർക്കശമായ വകുപ്പുകൾ ചേർത്ത് ആ നിയമം കൂടുതൽ കർക്കശമാക്കിയത് നിങ്ങൾ; ഇത് പാസ്സാക്കരുതെന്ന് ഇടതുപക്ഷ എം.പി.-മാർ പാർലമെന്റിൽ വാദിച്ചപ്പോൾ

അതിനെ എതിർത്ത് കരിനിയമങ്ങൾക്കുവേണ്ടി നിലകൊണ്ടതും നിങ്ങളുടെ എം.പി.-മാർ തന്നെ. പിന്നീട് ഇതേ നിയമത്തിന് ഭേദഗതി കൊണ്ടുവന്നത് ഇപ്പോഴത്തെ ബി.ജെ.പി. സർക്കാരാണ്. എന്നാൽ പ്രതിപക്ഷത്തിരിക്കുന്ന കോൺഗ്രസിലെ ഒരംഗംപോലും അതിനെ ശക്തമായി എതിർക്കാൻ തയ്യാറായില്ല. നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് മാത്രമേ അവർക്ക് വിയോജിപ്പുള്ളൂ. നിയമത്തിന്റെ രാഷ്ട്രീയ ഉള്ളടക്കത്തെ എതിർക്കാൻ ഇടതുപക്ഷം മാത്രമേയുണ്ടായിരുന്നുള്ളൂ. ഈ ചരിത്രം ആർക്കും അറിയില്ലെന്ന മട്ടിൽ കോൺഗ്രസ് ഒരു പൗരാവകാശ സംരക്ഷക വേഷം കെട്ടേണ്ടതില്ല. ജനാധിപത്യ അവകാശ സംരക്ഷകരെന്ന മുഖംമൂടി അണിയുകയുംവേണ്ട. മാവോയിസ്റ്റുകളെ ന്യായീകരിക്കാൻ നിങ്ങൾ പുറപ്പെട്ടത് ഞെട്ടിക്കുന്ന കാര്യമാണ്. ഇവിടെ നിരവധി വാദഗതികളാണ് അദ്ദേഹം ഇതിനായി ഉയർത്തിയത്. 2012-13-ൽ പശ്ചിമബംഗാളിൽ നൂറ്റിയിരുപതോളം ഇടതുപക്ഷ പ്രവർത്തകരെ നിഷ്ഠൂരമായി കൊലപ്പെടുത്തിയത് ഇതേ മാവോയിസ്റ്റുകളായിരുന്നു. അവരെ ആട്ടിൻകുട്ടികളായി ചിത്രീകരിക്കേണ്ട. മനുഷ്യാവകാശങ്ങളുടെയും പൗരാവകാശങ്ങളുടെയും തുടർച്ചയായ ലംഘനം മാത്രമാണ് കോൺഗ്രസ് എന്ന പ്രസ്ഥാനത്തിന്റെ കൈമുതൽ. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ച കാര്യം, നേരത്തെയുണ്ടായ സംഭവങ്ങളിൽ സറണ്ടർ ചെയ്യാൻ വന്നവരെയാണ് ഇത്തരത്തിൽ കസ്റ്റഡിയിലെടുത്ത് വെടിവച്ചുകൊല്ലുന്ന നിലയുണ്ടായതെന്നാണ്. എന്തൊരു പവിത്രീകരിക്കലാണിത്! ഇങ്ങനെ മാവോയിസ്റ്റുകളെ പരിശുദ്ധരാക്കാൻ പുറപ്പെടുന്നതിന്റെ അർത്ഥമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,...

മി. സ്പീക്കർ: പ്ലീസ്...ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ ആരും ബഹളമുണ്ടാക്കിയില്ലല്ലോ.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ സറണ്ടർ ചെയ്യാൻ ഒട്ടേറെ നടപടിക്രമങ്ങളുണ്ട്. അതുമായി ബന്ധപ്പെട്ട ഒരു നടപടിയും സ്വീകരിച്ചിരുന്നില്ലെന്നത് നാം കാണണം. ആവശ്യമായ ആയുധങ്ങളോടുകൂടി വന്ന് പോലീസിനെ കാണുമ്പോൾത്തന്നെ അവർക്കുനേരെ വെടിവച്ചവർ. പോലീസിന് പരിക്കേൽക്കാത്തതിനായിരുന്നു അന്നത്തെ ഖേദം. ഇപ്പോൾ എഴുന്നേറ്റ് നടക്കാൻ സാധിക്കാത്തയാളെ തല്ലിപ്പരിക്കേൽപ്പിച്ച് കാലും ഒടിച്ച് വെടിവച്ച് കൊന്നു എന്നായി വാദം. എന്താണ് ഇതിന്റെ ഉദ്ദേശ്യം; ആരെയാണ് ന്യായീകരിക്കുന്നത്? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്തിനാണ് ഇത്തരത്തിൽ ഒരു നിലപാട് എടുത്തതെന്ന് ഒരു തരത്തിലും എനിക്ക് പിടികിട്ടുന്നില്ല. ഇവിടെ മാവോയിസ്റ്റുകളാരാണെന്ന് അദ്ദേഹത്തിന് നല്ല ഓർമ്മയുണ്ടാകുമല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ...പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ: ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. അവിടെ ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, ഛത്തീസ്ഗഢിലെ ബസ്താറിൽ 2010-ൽ 75 സി.ആർ.പി.എഫ്. ജവാൻമാരെയാണ് ഒറ്റയടിക്ക് കൊന്നത്. അദ്ദേഹം അത് മറന്ന് പോകാനിടയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,...

മി. സ്പീക്കർ: അങ്ങ് എഴുതി തന്നാൽ അവസരം തരാം. അങ്ങ് ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, 2014 മാർച്ചിൽ സുഖ്മ ജില്ലയിൽ 11 സി.ആർ.പി.എഫ്. ജവാൻമാരെയും 4 പോലീസുകാരെയും കൊന്നതും മാവോയിസ്റ്റുകൾ തന്നെയായിരുന്നു. 2017 ഏപ്രിൽ മാസത്തിൽ 25 സി.ആർ.പി.എഫ്. ജവാൻമാരെ സുഖ്മയിൽ കൊന്നതും ഇതേ പരിശുദ്ധാത്മാക്കളായിരുന്നു. 2018-ൽ മഹാരാഷ്ട്ര, ഛത്തീസ്ഗഢ്, ഒറീസ്സ, ബീഹാർ എന്നിവിടങ്ങളിലെല്ലാം നിരവധി ആക്രമണങ്ങൾ നടന്നു. ബീഹാറിൽ 12 ഗ്രാമീണരെയായിരുന്നു വെടിവച്ച് കൊന്നത്. ഇത്തരമൊരു അവസ്ഥ കേരളത്തിൽ ഈ ഘട്ടത്തിലെങ്കിലും ഉണ്ടാകട്ടെയെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഗ്രഹിക്കുകയാണോ? അതിന്റെ ഭാഗമായിട്ടാണോ ഇങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞത്. എന്തിനാണ് ഇവരെ പവിത്രീകരിക്കാൻ പുറപ്പെട്ടത്; എന്തിനാണ് ഇവരെ പരിശുദ്ധാത്മാക്കളാക്കി മാറ്റുന്നത്? അവർ കീഴടങ്ങാൻ തയ്യാറായി വരികയാണെങ്കിൽ അതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ വച്ചിട്ടുണ്ട്. അത് സ്വീകരിക്കുകയും ചെയ്യും. അക്കാര്യം സംബന്ധിച്ച് കൂടുതൽ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കാത്തത് മജിസ്റ്റീരിയൽ അന്വേഷണം നടക്കുന്ന ഒരു കേസ്സിന്റെ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നത് ഭംഗിയല്ല എന്നുള്ളതു കൊണ്ടാണ്. പറഞ്ഞ കാര്യങ്ങൾക്കുള്ള മറുപടി ഇല്ലാത്തതു കൊണ്ടല്ല, ഞാൻ ഇപ്പോൾ അത് പറയുന്നില്ല.

അവിടെ രണ്ട് ചെറുപ്പക്കാരെ അറസ്റ്റ് ചെയ്ത പ്രശ്നമുണ്ട്. അതിൽ നേരത്തെതന്നെ അത്തരം പ്രശ്നങ്ങളിലുള്ള നിലപാട് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഗൗരവമായി പരിശോധിക്കുകയും ആ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള നിലപാട് സർക്കാർ സ്വീകരിക്കുകയും ചെയ്യും. ജസ്റ്റിസ് ഗോപിനാഥൻ ചെയർമാനായിട്ടുള്ള അതോറിറ്റിയുടെ പരിശോധനയും നടക്കും. ആ പരിശോധനയുടെ ഭാഗമായും നിലപാടുകളെടുക്കും. ഇപ്പോൾ അത് അന്വേഷണത്തിലാണ്. അതിന്റെ ഭാഗമായുള്ള നിലപാടും സ്വീകരിക്കും. അക്കാര്യത്തിൽ ഒരു കാര്യം ഉറപ്പാണ്. ഒരു തരത്തിലും ഇത്തരമൊരു കരിനിയമം ദുരുപയോഗം ചെയ്യാൻ സർക്കാർ സമ്മതിക്കില്ല. അതുതന്നെയാണ് നൽകാനുള്ള ഉറപ്പ്. അതുകൊണ്ടുതന്നെ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രശ്നം ഉദിക്കുന്നില്ലെന്നാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഏഴുപേരെ വെടിവച്ചുകൊന്നതിലുള്ള കുറ്റബോധംകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25 മിനിട്ട് നേരം നീണ്ട ഒരു പ്രസംഗം നടത്തി ഈ വാദഗതികളൊക്കെ ഉന്നയിച്ചത്. ഞാനൊരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ കോൺഗ്രസോ, യു.ഡി.എഫോ, ഇന്ത്യയിലെ കോൺഗ്രസോ ഒരിക്കലും മാവോയിസ്റ്റ് അക്രമപ്രവർത്തനങ്ങളെ ന്യായീകരിച്ചിട്ടില്ല, ഞങ്ങൾ ഇപ്പോഴും ന്യായീകരിക്കുന്നില്ല, നാളെയും ന്യായീകരിക്കുകയില്ല. മാവോയിസ്റ്റുകൾ ഏറ്റവും കൂടുതൽ കൊലപ്പെടുത്തിയിട്ടുള്ളത് ഞങ്ങളുടെ നേതാക്കളെയും പ്രവർത്തകരെയുമാണെന്ന കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുന്നു. ഛത്തീസ്ഗഢിൽ വിദ്യാധരൻ ശുക്ല, പി.സി.സി. പ്രസിഡന്റ് ഉൾപ്പെടെ നിരവധി നേതാക്കളെ വെടിവച്ചുകൊന്നതും മാവോയിസ്റ്റുകളാണ്. ഛത്തീസ്ഗഢ് സംസ്ഥാനം മദ്ധ്യപ്രദേശ് ആയിരുന്ന സമയത്ത് എനിക്ക് അവിടത്തെ ചാർജ്ജുണ്ടായിരുന്നു. അങ്ങ് പറഞ്ഞതുപോലെ ബാസ്തർ അല്ല, ബാസ്തർ, ദണ്ഡേവാഡ തുടങ്ങിയ സ്ഥലങ്ങളിൽ അങ്ങയുടെ പാർട്ടിയേക്കാൾ സി.പി.ഐ.-യ്ക്കായിരുന്നു ശക്തിയുണ്ടായിരുന്നത്. അവിടെ നടന്നു കൊണ്ടിരിക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളെ ഏറ്റവും ശക്തമായി എതിർത്തത് അന്നത്തെ കോൺഗ്രസ് പാർട്ടിയും ഗവൺമെന്റുമായിരുന്നു. അതൊക്കെ ചരിത്രമാണ്. തീവ്രവാദ പ്രവർത്തനങ്ങളെയും മാവോയിസ്റ്റുകളെയും നേരിടുന്ന കാര്യത്തിൽ കാലാകാലങ്ങളിൽ നിയമങ്ങൾ രാജ്യത്തുണ്ടായിട്ടുണ്ട്. അങ്ങ് ഇവിടെ വിശദീകരിച്ച നിരവധി നിയമങ്ങൾ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ട്. ആ നിയമങ്ങൾ രാജ്യസുരക്ഷയ്ക്കും തീവ്രവാദ പ്രവർത്തനങ്ങളെയും ചാരപ്രവർത്തനങ്ങളെയും തടയുന്നതിനും രാജ്യത്തിന്റെ സുരക്ഷിതത്വവും ദേശീയഐക്യവും അഖണ്ഡതയും മതേതരത്വവും നിലനിർത്തുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങളുടെ ഭാഗമായാണ് കൊണ്ടുവന്നിട്ടുള്ളത്. ഏതൊരു രാജ്യത്തിനും സുരക്ഷിതത്വത്തിനുവേണ്ടി നിയമങ്ങളുണ്ടാക്കേണ്ടിവരികയും പാർലമെന്റ് അവയൊക്കെ പാസ്സാക്കുകയും ചെയ്യാറുണ്ട്. ആ നിയമങ്ങൾ ദുരുപയോഗപ്പെടുത്തുന്നതിന് എതിരായാണ് ഞങ്ങളുടെ നിലപാട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ; 2019-ൽ നരേന്ദ്ര മോദി ഗവൺമെന്റിൽ, ശ്രീ. അമിത് ഷാ യു.എ.പി.എ.-യിൽ ഒരു അമെന്റ്മെന്റ് കൊണ്ടുവന്നു, ഒരു വ്യക്തിയെ വേണമെങ്കിൽ ടെററിസ്റ്റായി പ്രഖ്യാപിക്കാം,

അതിന് പ്രൂഫ് പോലും വേണ്ടായെന്ന്. അങ്ങുപറഞ്ഞത് വാസ്തവവിരുദ്ധമായ കാര്യമാണ്. പാർലമെന്റിൽ അത് ചർച്ചയ്ക്കുവന്നപ്പോൾ ഏറ്റവും ശക്തമായി എതിർത്തത് ശ്രീ. പി. ചിദംബരമായിരുന്നു. പാർലമെന്റിൽ ശ്രീ. പി. ചിദംബരം നടത്തിയ പ്രസംഗം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവിലേക്കായി ഉദ്ധരിക്കാം."There will be serious repercussions in naming an individual a terrorist.....this amendment will be struck down. It is unconstitutional. If this bill is passed then we will move to the building that is a kilometer from here " he said. കൂടുതൽ കാര്യങ്ങൾ അദ്ദേഹം പറയുന്നുണ്ട്. അത് ഞാൻ പറയുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, യു.എ.പി.എ.-യുടെ കാര്യത്തിൽ സെലക്ട് കമ്മിറ്റിക്കുവിടണമെന്ന ന്യായം പറഞ്ഞുകൊണ്ടായിരുന്നു കോൺഗ്രസ് നിലപാടെടുത്തത്. എന്നാൽ ശക്തമായി എതിർക്കാൻ ശ്രമിച്ചില്ല. അതേസമയം എൻ.ഐ.എ.-യുടെ ഭേദഗതി അവതരിപ്പിച്ചപ്പോൾ ആ ബില്ലിനെ കോൺഗ്രസ് പൂർണ്ണമായി അനുകൂലിക്കുകയും ചെയ്തു. യു.എ.പി.എ. സെലക്ട് കമ്മിറ്റിക്കുവിടണമെന്ന് പറഞ്ഞുകൊണ്ടായിരുന്നു നിലപാടെടുത്തത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ഈ നിയമസഭയിൽ നിരവധി തവണ അംഗമായിരുന്ന ഒരാളല്ലേ. ബിൽ സെലക്ട് കമ്മിറ്റിക്ക് വിടുക, പൊതുജനാഭിപ്രായത്തിന് വിടുക, അങ്ങനെയല്ലേ നടപടിക്രമങ്ങൾ? അങ്ങനെയല്ലേ നമ്മൾ എതിർക്കേണ്ടത്? മാത്രമല്ല അങ്ങൊരു തെറ്റുകൂടി പറഞ്ഞു. പാർലമെന്റിൽ ഇതിന്റെ ചർച്ച വന്ന സന്ദർഭത്തിൽ കോൺഗ്രസിന്റെ എം.പി.-മാർ അന്ന് വാക്കൗട്ട് ചെയ്തു. അന്ന് ശ്രീ. എ. എം. ആരിഫും ഞങ്ങളോടൊപ്പം വാക്കൗട്ട് ചെയ്തതാണ്. എതിർത്ത് വോട്ടൊന്നും ചെയ്തില്ല. എതിർത്ത് വോട്ട് ചെയ്തത് മുസ്ലീം ലീഗിലെ രണ്ട് മെമ്പർമാരാണ്. വസ്തുതാപരമായ പിശകാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. മുസ്ലീം ലീഗിലെ രണ്ട് എം.പി.-മാർ എതിരായി വോട്ട് ചെയ്തെങ്കിലും ശ്രീ. എ. എം. ആരിഫ് അടക്കം, യു.പി.എ.-യിലെ അംഗങ്ങൾ വാക്കൗട്ട് ചെയ്യുകയാണ് ചെയ്തത്. അങ്ങ് പരിശോധിച്ചാൽ മതി. തമിഴ്നാട്ടിലെ സി.പി.ഐ.(എം) മെമ്പർമാരും വാക്കൗട്ട് ചെയ്തു.

അന്ന് ശ്രീ. അമിത് ഷാ കൊണ്ടുവന്ന 2019-ലെ ഭേദഗതിയെ കോൺഗ്രസ് പാർട്ടി ശക്തമായി എതിർത്തു. ആ നിലപാടുമായി മുന്നോട്ടുപോകുന്നു. രാജ്യസുരക്ഷയ്ക്കുവേണ്ടിയോ തീവ്രവാദപ്രവർത്തനങ്ങളെ തടയാൻ വേണ്ടിയോ ഇവിടെ നിയമനിർമ്മാണങ്ങൾ കൊണ്ടുവരേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അത് ഞങ്ങൾ നിറവേറ്റിയിട്ടുണ്ട്. യു.എ.പി.എ. കൊണ്ടുവന്നത് കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റാണ്. ആ നിയമത്തെ

ദുരുപയോഗപ്പെടുത്തുന്ന എന്നുള്ളതാണ് പ്രശ്നം. ഒരു ലഘുലേഖ കയ്യിൽ വച്ചുവെന്നതിന്റെ പേരിൽ യു.എ.പി.എ. ചുമത്തിയ ആദ്യത്തെ സംസ്ഥാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഭരിക്കുന്ന കേരളമാണ്. കോഴിക്കോട്ടുനിന്നും കുട്ടികളെ പിടിച്ച സംഭവം ഇത്രയും ശ്രദ്ധയാകർഷിക്കാനുള്ള കാരണമെന്താണ്? ഡോ. ടി. എം. തോമസ് ഐസക് ആ വീട്ടിൽ പോയിരുന്നു, അദ്ദേഹത്തിന്റെ സുഹൃത്തിന്റെ മകനാണെന്നാണ് ഞാൻ പത്രത്തിൽ വായിച്ചത്. സജിതാ മഠത്തിൽ, സബിതാ മഠത്തിൽ അവരുടെ കുടുംബം മുഴുവൻ സി.പി.ഐ.(എം) ആണ്. അങ്ങയുടെ നടപടിക്കെതിരായി ശ്രീ. എം. എ. ബേബിയും ശ്രീ. എ. വിജയരാഘവനും പാർട്ടിയും വന്നില്ലേ; അങ്ങയെ ന്യായീകരിക്കാൻ ആരാണ് മുന്നോട്ടുവന്നത്? അങ്ങയെ പേടിച്ച് അവർ ഒരു കാര്യം കൂടി പറഞ്ഞു, പോലീസിന്റെ കുറ്റമാണെന്ന്. പരോക്ഷമായി കേരളത്തിന്റെ സി.പി.ഐ.(എം)-ന്റെ ഉന്നത നേതാക്കൾ മുഴുവൻ പോലീസ് നടപടിയെ എതിർക്കുകയാണ് ചെയ്തത്. കൂടെ ഒരു വാചകവുംകൂടി ചേർത്തു, പോലീസിന്റെ കുറ്റം. പോലീസിന്റെ കുറ്റമാണെങ്കിൽ ആർക്കാണ് ഉത്തരവാദിത്വം; പ്രതിപക്ഷത്തിരിക്കുന്നവർക്കാണോ? അങ്ങയുടെ പ്രസംഗം കേട്ടാൽ തോന്നുന്നത് ഞങ്ങളുടെ ഭാഗത്തുള്ള കുഴപ്പം കൊണ്ടാണ് ശ്രീ. ലോക്നാഥ് ബെഹ്റയുടെ പോലീസ് ആളുകളുടെമേൽ കുതിരകയറുന്നതും വെടിവച്ചുകൊല്ലുന്നതും UAPA ചുമത്തുന്നതുമെന്നുമാണ്. കൂടാതെ ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമാണ് ഇപ്പോഴത്തെ ആഭ്യന്തര വകുപ്പുമന്ത്രിമാരെന്നും.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, യു.എ.പി.എ. വിഷയത്തിൽ ലോക്സഭയിലെടുത്ത നിലപാടിനെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. അങ്ങയുടെ പ്രസ്താവനയിൽ വസ്തുതാപരമായ ഒരു പിശകുണ്ട്. രാജ്യസഭയിൽ കോൺഗ്രസ് യു.എ.പി.എ. ഭേദഗതി ബില്ലിനെ അനുകൂലിച്ചു വോട്ടുചെയ്യുകയാണ് ചെയ്തതെന്ന കാര്യം അങ്ങ് മറച്ചുവയ്ക്കുകയാണോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പാർലമെന്റിൽ എന്താണ് നടന്നതെന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ പരിശോധിച്ചിട്ട് പറഞ്ഞാൽ മതി. ഗോപിനാഥൻ കമ്മിറ്റിയെ നിയോഗിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് ആക്ടിൽ തന്നെയുള്ളതാണ്. ഗോപിനാഥൻ കമ്മിറ്റി, യു.എ.പി.എ. കേസ്സുകൾ പുനഃപരിശോധിക്കാനുള്ള കമ്മിറ്റിയല്ല. അങ്ങേയ്ക്ക് ഇത് ആരാണ് എഴുതിത്തന്നതെന്ന് എനിക്കറിയില്ല. യു.എ.പി.എ. നിയമത്തിലെ സെക്ഷൻ 45 പ്രകാരം പോലീസ് അന്വേഷണത്തിനുശേഷം കേസ്സുകൾ പരിശോധിച്ച് പ്രതികൾക്കെതിരെ വിചാരണാനുമതി നൽകാമോ ഇല്ലയോ എന്ന് സർക്കാരിനോട് ശിപാർശ ചെയ്യുന്ന അതോറിറ്റിയെ നിയമിക്കാം. അതുപ്രകാരം നിയമിക്കപ്പെട്ട അതോറിറ്റിയാണ് ഗോപിനാഥൻ കമ്മിറ്റി. അത് നിങ്ങൾ നിയോഗിച്ച കമ്മിറ്റിയല്ല, യു.എ.പി.എ.-യിലുള്ളതാണ്. 5-1-2018-ലാണ് ജസ്റ്റിസ്

പി. എസ്. ഗോപിനാഥൻ അദ്ധ്യക്ഷനായ കമ്മിറ്റി നിലവിൽ വന്നത്. ഞങ്ങളുടെ ഭരണകാലത്ത് നിയമ വകുപ്പുസെക്രട്ടറിയായിരുന്ന ഇക്കാര്യം നിർവ്വഹിച്ചിരുന്നത്. യു.എ.പി.എ. കേസ്സുകൾ പുനഃപരിശോധന നടത്താൻ ഈ കമ്മിറ്റിക്ക് അധികാരമില്ല. വിചാരണ നടത്താൻ അനുമതി നൽകാമോ ഇല്ലയോ എന്ന കാര്യത്തിൽ സർക്കാരിനോട് ശിപാർശ ചെയ്യാനുള്ള പരിമിതമായ അധികാരം മാത്രമേയുള്ളൂ. ഞങ്ങളുടെ ഭരണകാലത്ത് നിയമ സെക്രട്ടറിയായിരുന്നു എങ്കിൽ ഇപ്പോൾ അങ്ങയുടെ ഭരണകാലത്ത് ഒരു റിട്ടയേർഡ് ജസ്റ്റിസിനെ വച്ചുവെന്ന് മാത്രമേയുള്ളൂ. ശിപാർശ ചെയ്യാൻവേണ്ടി കേസ്സുകൾ പരിശോധിക്കാമെന്നുമാത്രം, അല്ലാതെ കമ്മീഷൻ കൂടുതൽ കാര്യങ്ങൾ നിർവ്വഹിക്കുന്നില്ല, വലിയ അധികാരങ്ങളൊന്നുമില്ല, തെറ്റായ ധാരണയാണത്.

അലൻ ഷുഹൈബിന്റെയും താഹ ഫസലിന്റെയും കേസ്സുകൾ ഗോപിനാഥൻ കമ്മിറ്റി പുനഃപരിശോധിക്കുമെന്നാണ് ഇപ്പോൾ മാധ്യമ വാർത്തകളിലൂടെ അറിയുന്നത്. ഇത് വസ്തുതാപരമായി നിലനിൽക്കുന്നതല്ല. കാരണം ഗോപിനാഥൻ കമ്മിറ്റിയുടെ ഉത്തരവാദിത്വം പുനഃപരിശോധനയല്ല. മറ്റ് പ്രതികൾക്കെതിരെ വിചാരണ നടത്താൻ അനുമതി നൽകണമോ വേണ്ടയോ എന്നുള്ള ശിപാർശ മാത്രമാണ്. ഇത് യു.എ.പി.എ. നിയമത്തിലെ സെക്ഷൻ 45 ആണ്. അങ്ങയെ ഇത് ആരാണ് ബോധ്യപ്പെടുത്തിയതെന്ന് എനിക്കറിയില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട ജസ്റ്റിസ് പി. എസ്. ഗോപിനാഥൻ ഇന്നലെ നടത്തിയ പ്രസ്താവനകൾ ഇന്നലെതന്നെ ടെലിവിഷനുകളിൽ വന്നു, പത്രത്തിലുമുണ്ട്. യു.എ.പി.എ.യുടെ പേരിൽ ഒരു പ്രാഥമിക കേസ്സെടുത്തതുകൊണ്ട് അത് അന്തിമമായി നിലനിൽക്കേണ്ട കാര്യമില്ലെന്നും പരിശോധിച്ച് വിചാരണയ്ക്കായി കോടതിയിൽ കൊണ്ടുപോകണോ വേണ്ടയോയെന്ന് തീരുമാനിക്കാൻ സമിതിയും ഗവൺമെന്റും ഉണ്ടെന്നും പറഞ്ഞു. അതുതന്നെയാണ് അങ്ങും പറയുന്നത്. വിചാരണ നടത്തണോ വേണ്ടയോ; വിചാരണ വേണ്ടെങ്കിൽ കേസ് അവിടെ അവസാനിക്കും. അതാണ് നിയമം. അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത് ജസ്റ്റിസ് പി. എസ്. ഗോപിനാഥന്റെ സ്റ്റേറ്റ്മെന്റാണ്. യു.എ.പി.എ.-യുടെ പ്രൊവിഷന്റെ ഭാഗമായുള്ള ഒരു സമിതിയാണ് അത്. പ്രോസിക്യൂഷൻ സാംഗ്ഷൻ കൊടുക്കണോ വേണ്ടയോ എന്ന് അവർ തീരുമാനിക്കും. അത് പ്രൊസീഡ്യുവറാണ്. ഇവിടെ എന്താണ് സംഭവിച്ചിരിക്കുന്നത്? ഈ ലേഖനം കയ്യിൽ വച്ചുവെന്നതിന്റെ പേരിൽ രണ്ട് ചെറുപ്പക്കാരെ ജയിലിൽ ഇട്ടിരിക്കുകയാണ്. അതിന് ആര് ഉത്തരം പറയും? പ്രോസിക്യൂഷൻ സാംഗ്ഷൻ പിന്നീടല്ലേ വരുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, എൽ.എൽ.ബി. പഠിച്ച് പാസ്സായിട്ടുള്ള ആളാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ. സെക്ഷൻ 45 അനുസരിച്ച് വിചാരണയ്ക്ക് വിടണോ വേണ്ടയോ എന്ന് സർക്കാരിന്റെ അനുവാദം ചോദിക്കുന്ന വളരെ പരിമിതമായ അധികാരം മാത്രമേ ജസ്റ്റിസ് ഗോപിനാഥൻ കമ്മിറ്റിക്കുള്ളൂ. രണ്ട് ചെറുപ്പക്കാരെ എഫ്.ഐ.ആർ. ചുമത്തി ജയിലിൽ അടച്ചിരിക്കുകയാണ്. അത് ശ്രീ. അമിത് ഷാ കൊണ്ടുവന്ന പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ തീവ്രവാദമായി പ്രഖ്യാപിക്കുന്ന മട്ടിലാണ് പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രയും പറഞ്ഞിട്ടും അശോക് യാദവെന്ന ഐ.ജി.യുടെ പ്രസ്താവനകൂടി വായിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയില്ലേ? ഡിക്രൂസിന്റെ കുടുംബത്തിൽപ്പെട്ടവരുടെ പേരിലാണ് കേസ് എടുത്തിരിക്കുന്നത്. ഡി.വൈ.എഫ്.ഐ.-കാരായതുകൊണ്ട് ഞങ്ങൾക്ക് പറയരുതെന്നുണ്ടോ? 1968-ൽ ബർദാൻ വിപ്ലവപ്ലീനത്തിൽ വച്ച് ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ടുള്ള ജനകീയ വിപ്ലവത്തിന് സി.പി.ഐ.(എം) നേതൃത്വം നൽകണമെന്ന് വാദിച്ചുകൊണ്ട് അന്നത്തെ പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവ് ടി. നാഗറെഡ്ഡി അവതരിപ്പിച്ച രേഖയെ അനുകൂലിച്ച് കേരളത്തിൽനിന്ന് വോട്ട് ചെയ്തത് മൂന്നുപേരാണ്. പാട്യം ഗോപാലൻ, എം. വി. രാഘവൻ, മൂന്നാമത്തെ ആൾ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ. ഇത് എം. വി. രാഘവന്റെ "ഒരു ജന്മം" എന്ന ആത്മകഥയിൽ അദ്ദേഹം വ്യക്തമായി പറയുന്നുണ്ട്. അന്ന് നാഗറെഡ്ഡിയോടൊപ്പം ജനകീയ വിപ്ലവലൈനിനുവേണ്ടി വോട്ട് ചെയ്തയാളാണ് ലഘുലേഖ കയ്യിൽവച്ചു എന്നോരോപിച്ച് രണ്ട് ചെറുപ്പക്കാരായ കമ്മ്യൂണിസ്റ്റുകാരെ യു.എ.പി.എ.-യുടെ അടിസ്ഥാനത്തിൽ അകത്താക്കിയിരിക്കുന്നത്. ഇതാണ് ചരിത്രം. ഈ ചരിത്രരേഖകളോട് അങ്ങ് പുറംതിരിഞ്ഞുനിൽക്കുകയാണ്. അങ്ങ് ഇപ്പോൾ പറയുന്നതെന്താണ്? ഇവർ ആട്ടിൻകുട്ടികളാണോ, മാലാഖമാരാണോ, വിശുദ്ധന്മാരാണോ എന്നാണ്. ഞങ്ങളാരും മാലാഖമാരുടെയോ ആട്ടിൻ കുട്ടികളുടെയോ വിശുദ്ധാത്മാക്കളുടെയോ പരിവേഷം ഇവർക്ക് ചാർത്തിക്കൊടുത്തിട്ടില്ല. നിങ്ങളുടെ പാർട്ടിയിൽ നിന്നാണ് കൂടുതൽ മാവോയിസ്റ്റുകൾ പോയിട്ടുള്ളത്. നിങ്ങളുടെ സിദ്ധാന്തത്തിൽ വിശ്വസിച്ചു വന്നയാളുകളാണ് പിന്നീട് മാവോയിസ്റ്റുകളായി രൂപപരിണാമം ചെയ്തിട്ടുള്ള തെന്നുള്ള കാര്യം അങ്ങ് മറക്കരുത്. പ്രത്യയശാസ്ത്രപരമായ അപഭ്രംശമുണ്ടായത് നിങ്ങൾക്കാണ്. ആ അപഭ്രംശത്തിൽ നിന്നുണ്ടായതാണ് ഈ കമ്മ്യൂണിസ്റ്റ് മാവോയിസ്റ്റ് പ്രസ്ഥാനങ്ങൾ. അല്ലെങ്കിൽ ചരിത്രം പരിശോധിക്കട്ടെ. കോൺഗ്രസിൽ നിന്നും ആരും പോയതല്ല. അവരുടെ അക്രമപ്രവർത്തനങ്ങളെ ന്യായീകരിക്കണമെന്നോ അവരെ നേരിടേണ്ടെന്നോ അവരുടെ മേൽ നിയമനടപടികൾ സ്വീകരിക്കേണ്ടെന്നോ ഞങ്ങളാരും പറഞ്ഞിട്ടില്ല. പക്ഷെ കേരളത്തിൽ ഏഴുപേരെ വെടിവച്ചുകൊന്ന ഒരു ഗവൺമെന്റ് എന്ന നിലയിൽ പൊതുസമൂഹത്തോട് പറയാനുള്ള ഒരു ബാദ്ധ്യത നിങ്ങൾക്കുണ്ട്.

11.00 A.M.]

ഏതെങ്കിലും ഒരു പോലീസുകാരന് വെടി കൊണ്ടോ എന്ന ചോദ്യം അങ്ങ് ഇന്നും ആവർത്തിച്ചു. അതിനുള്ള മറുപടി ശ്രീ. കാനം രാജേന്ദ്രൻ നൽകിയിട്ടുണ്ട്. ശ്രീ. നരേന്ദ്ര മോദി ചോദിച്ചതും ഇതാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ചോദിച്ചതിന് ഇസ്രത്ത് ജഹാൻ വ്യാജ ഏറ്റുമുട്ടൽ കേസിൽ അന്ന് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. നരേന്ദ്ര മോദി ചോദിച്ചതും ഇത് തന്നെയാണെന്നാണ് ശ്രീ. കാനം രാജേന്ദ്രൻ പ്രതികരിച്ചത്. ഗുജറാത്തിൽ ശ്രീ. നരേന്ദ്ര മോദി മുഖ്യമന്ത്രിയായിരുന്നപ്പോൾ, 'പോലീസുകാർക്ക് പരിക്ക് പറ്റാത്തതിലാണോ നിങ്ങൾക്ക് ദു:ഖമെന്നാണ് ചോദിച്ചത്. ഞാൻ വേദനിക്കുന്നു. കേരളത്തിന്റെ മുഖ്യമന്ത്രിയായ ശ്രീ. പിണറായി വിജയൻ, ശ്രീ. നരേന്ദ്ര മോദിയുടെ വാക്കുകൾ കടമെടുത്തുകൊണ്ടാണ് ശ്രീ. എൻ. ഷംസുദ്ദീനോട് മറുപടി പറഞ്ഞത്. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞതൊക്കെ ജനങ്ങൾ കേട്ടതാണ്. ഞാൻ പറയേണ്ട കാര്യമൊന്നുമില്ല. ശ്രീ. പ്രകാശ് ബാബു, ശ്രീ. മുഹമ്മദ് മുഹസിൻ. പി., ശ്രീ. ഇ. കെ. വിജയൻ എന്നിവർ സംഭവസ്ഥലം സന്ദർശിച്ചതിനുശേഷം എന്താണ് പറഞ്ഞത്? ശ്രീ. പ്രകാശ് ബാബു സത്യം വെളിപ്പെടുത്തി. മാവോയിസ്റ്റ് മണിവാസകത്തെ കസ്റ്റഡിയിലെടുത്ത് ഭീകരമായി മർദ്ദിച്ചതിനുശേഷം വെടിവച്ച് കൊല്ലുകയാണെന്നാണ് പറഞ്ഞത്. കേരളം ഭരിക്കുന്ന രണ്ടാമത്തെ പാർട്ടിയായ സി.പി.ഐ. കേരളത്തിന്റെ മുഖ്യമന്ത്രിയോട് പറഞ്ഞത്, അവിടെ പോയപ്പോൾ ഞങ്ങൾക്ക് മനസ്സിലായി, മണിവാസകത്തെ പിടിച്ചുകൊണ്ടുപോയി മർദ്ദിച്ച് പോയിന്റ് ബ്ലാങ്കിന്റെ തൊട്ടടുത്ത് വച്ച് വെടിവെച്ചുകൊല്ലുകയാണെന്ന് പറഞ്ഞാൽ കൊലപാതക കുറ്റത്തിന് മുഖ്യമന്ത്രിയുടെ പേരിൽ കേസ്സെടുക്കേണ്ട സംഭവമല്ലേയിത്? ഇത് പറഞ്ഞത് ആരാണ്? അങ്ങയുടെ തൊട്ടടുത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടിയുടെ അസിസ്റ്റന്റ് സെക്രട്ടറിയാണ് പറഞ്ഞത്. ഭരണം നടത്തുന്ന ഒന്നാമത്തെ കക്ഷിയുടെ നിയന്ത്രണത്തിലുള്ള പോലീസ് മനുഷ്യരെ പിടികൂടി വെടിവച്ച് കൊല്ലുകയാണെന്ന് ഭരണപക്ഷത്തെ രണ്ടാമത്തെ കക്ഷി പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് പച്ചക്കള്ളമാണെന്നാണ് ശ്രീ. പ്രകാശ് ബാബു, ശ്രീ. ഇ. കെ. വിജയൻ, ശ്രീ. മുഹമ്മദ് മുഹസിൻ പി. എന്നിവർ പറഞ്ഞത്. ഇക്കാര്യത്തിൽ അങ്ങേയ്ക്ക് എന്ത് മറുപടിയാണ് പറയാനുള്ളത്? അങ്ങ് ഇതുസംബന്ധിച്ച് ഒരക്ഷരം പറഞ്ഞില്ല. ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ എന്ത് ധാർമ്മിക അവകാശമാണുള്ളത്? മാവോയിസ്റ്റുകൾക്കെതിരെ എന്നും നടപടി സ്വീകരിച്ചിട്ടുള്ള പ്രസ്ഥാനം കോൺഗ്രസ്സാണെന്ന് ഞാൻ ആദ്യമേ പറഞ്ഞു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇടപെട്ട് സംസാരിച്ചപ്പോൾ ഫിലിപ്പ് എം. പ്രസാദ്, അജിത,

രൂപേഷ്, ഷൈനി, കെ. വേണു എന്നിവർ നമ്മുടെ നാട്ടിൽ സാമൂഹ്യ പ്രവർത്തകരായും സ്ത്രീവിമോചന പ്രസ്ഥാനങ്ങളിലുമായി പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞു. മാനസാന്തരം വന്നിട്ടില്ലെങ്കിൽ അവരുടേതായ നിലപാടുകളെടുത്ത് കാണും. അവരെയാരും ഇവിടെ വെടിവച്ച് കൊന്നില്ല. ഏഴ് പേരെ വെടിവച്ച് കൊലപ്പെടുത്തിയത് കേരള ചരിത്രത്തിലെ കറുത്ത അദ്ധ്യായമാണെന്ന് നാളെ ചരിത്രം രേഖപ്പെടുത്തും. പോലീസ് നടപടി ജനാധിപത്യവിരുദ്ധവും നിയമവിരുദ്ധവുമാണ്. ആദ്യം മാവോയിസ്റ്റുകളാണ് വെടിവച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ശ്രീ. പ്രകാശ് ബാബു പറഞ്ഞത് അങ്ങനെയല്ല, ആദ്യം പോലീസാണ് വെടിവച്ചതെന്നാണ്. ആര് പറയുന്നത് വിശ്വസിക്കണം? ഈ സംഭവത്തിലെ വസ്തുതകൾ പുറത്തുവരണമെങ്കിൽ മജിസ്റ്റീരിൽ എൻക്വയറി കൊണ്ട് സാധ്യമാകില്ല. ജുഡീഷ്യൽ അന്വേഷണം കൊണ്ടുമാത്രമേ വസ്തുതകൾ പുറത്തുവരികയുള്ളൂ. ജുഡീഷ്യൽ അന്വേഷണത്തിന് അങ്ങ് തയ്യാറുണ്ടോ?

കോഴിക്കോട് സംഭവിച്ചത് എന്താണ്? ഡോ. ടി. എം. തോമസ് ഐസക് ആ വീടുകളിൽ പോയതാണല്ലോ; ഈ കുട്ടികളും അവരുടെ വീട്ടുകാർ മുഴുവനും മാവോയിസ്റ്റുകളാണോയെന്ന് അദ്ദേഹം പറയട്ടെ; ഞങ്ങൾക്കൊക്കെ അവരുടെ കുടുംബത്തെ അറിയാം. അവരൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരാണ്. സി.പി.ഐ.(എം) കോഴിക്കോട് സൗത്ത് ഏരിയ കമ്മിറ്റി പോലീസ് നടപടി നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി പ്രമേയം പാസ്സാക്കി. കേരള ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിക്കെതിരെ ഏരിയാ കമ്മിറ്റി പ്രമേയം പാസ്സാക്കുന്നത് ആദ്യത്തെ സംഭവമാണ്. ജില്ലാ സെക്രട്ടറി ആദ്യമായിട്ടാണ് പോലീസ് നടപടിയെ വിമർശിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിക്കെതിരെ പാർട്ടി സെക്രട്ടേറിയറ്റ് പുറത്തിറക്കുന്നത്. അതിന്റെകൂടെ പോലീസിന്റെ നടപടി സർക്കാർ തിരുത്തുമെന്ന വാചകം കൂടി എഴുതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഡി.ജി.പി.-ക്കും അങ്ങയുടെ ഉപദേശകർക്കും കൊടുത്തിരിക്കുന്ന അമിതാധികാരം ഭരണകൂട ഭീകരതയായി വളർന്നു വരുന്നുവെന്നുള്ള യാഥാർത്ഥ്യം കാണാൻ തയ്യാറാകണം. യു.എ.പി.എ. ചുമത്തിയത് ശരിയല്ലായെന്നും പോലീസ് അത് തിരുത്തണമെന്നുമാണ് ഇടതുമുന്നണി കൺവീനർ ശ്രീ. വിജയരാഘവൻ പറഞ്ഞത്. ശ്രീ. എ. കെ. ബാലനും യു.എ.പി.എ. ചുമത്തിയത് തിരുത്തണമെന്ന് പറഞ്ഞു. സംസ്ഥാന സെക്രട്ടേറിയറ്റ് പോലും ശ്രീ. പിണറായി വിജയന്റെ നടപടിയെ ന്യായീകരിക്കുന്നില്ല. മുഖ്യമന്ത്രിയെ പാർട്ടിതന്നെ തള്ളിപ്പറഞ്ഞിരിക്കുന്നു എന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. ഞങ്ങൾ മാവോയിസ്റ്റുകളെ ന്യായീകരിക്കുന്നില്ല. പക്ഷെ, പൗരാവകാശങ്ങൾ ലംഘിക്കപ്പെടുകയാണെങ്കിൽ, ഭരണകൂടം ഭീകരതയുടെ രൂപം

അണിയുകയാണെങ്കിൽ അതിനെ ചോദ്യം ചെയ്യേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. അത് ആര് വിലക്കിയാലും ഞങ്ങൾ നിർബാധം തുടരുകതന്നെ ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിക്കെതിരെ സി.പി.ഐ. മാത്രമല്ല, സി.പി.ഐ.(എം)-ൽ നിന്നുപോലും ശക്തമായ വിമർശനം ഉണ്ടായിരിക്കുന്നുവെന്ന് പറയുമ്പോഴും അങ്ങ് തിരുത്താൻ തയ്യാറല്ല, ഇപ്പോഴും "അങ്ങ് പിടിച്ച മുയലിന് മൂന്ന് കൊമ്പ് "എന്ന മട്ടിൽ നിൽക്കുകയാണ്. യു.എ.പി.എ. വലിയ തോതിൽ ദുരുപയോഗം ചെയ്യുന്ന നിയമമാണെന്നും സംസ്ഥാനത്ത് സാധാരണഗതിയിൽ ഉപയോഗിക്കേണ്ട കാര്യമില്ലെന്നും ശ്രീ. പിണറായി വിജയൻ പ്രസംഗിച്ച ഒരു പഴയ വീഡിയോ ഇന്ന് എല്ലാ സോഷ്യൽ മീഡിയയിലും വൈറലായി പ്രചരിക്കുന്നുണ്ട്. മലയാളിയായ ശ്രീ. മുരളി കണ്ണമ്പിള്ളിയെ മഹാരാഷ്ട്രയിൽ വച്ചാണ് അറസ്റ്റ് ചെയ്യുന്നത്. അന്ന് അറസ്റ്റ് ചെയ്തപ്പോൾ മുംബൈ ഹൈക്കോടതിയിലാണ് കേസ് വന്നത്. ജാമ്യാപേക്ഷ വന്നപ്പോൾ 'ഒരാൾക്കെതിരെ ഭീകരവാദിയായി കേസ് എടുക്കണമെങ്കിൽ അയാൾ ഭീകരസംഘടനയിൽ അംഗമായാൽ പോരാ, ഭീകരകൃത്യത്തിൽ പങ്കെടുത്തുവെന്ന് തെളിയേണ്ടതുണ്ട് എന്നുപറഞ്ഞാണ് മുംബൈ ഹൈക്കോടതി മുരളി കണ്ണമ്പിള്ളിക്ക് ജാമ്യം നൽകിവിട്ടത്.

അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ എന്റെ കാലത്തും യു.എ.പി.എ. കേസ്സുകൾ ചുമത്തിയിട്ടുണ്ടെന്ന് പറഞ്ഞു. അത് ശരിയാണ്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് മനോജ് വധക്കേസ്സിലാണ് യു.എ.പി.എ. ചുമത്തിയത്. യു.എ.പി.എ. സെക്ഷൻ 15 അനുസരിച്ച് ഏതെങ്കിലും പ്രദേശത്ത് ബോംബെറിഞ്ഞ് ഭീകരാവസ്ഥ സൃഷ്ടിക്കുകയോ, ഒരാളെ കൊല്ലുകയോ, ജനങ്ങൾക്ക് ഭീതിയുണ്ടാകത്തക്ക നിലയിൽ പ്രവർത്തനം നടത്തുകയോ ചെയ്താൽ അവർക്കെതിരെ യു.എ.പി.എ. ചുമത്താമെന്ന് വ്യക്തമായി പറയുന്നുണ്ട്. ആർ.എസ്.എസ്.- കാരനെ കൊന്നാലും സി.പി.ഐ.(എം)-കാരനെ കൊന്നാലും കോൺഗ്രസുകാരനെ കൊന്നാലും... (ബഹളം).... കൊല്ലപ്പെട്ടത് ഏത് പാർട്ടിക്കാരനാണെന്ന് നോക്കിയല്ല, അല്ലെങ്കിൽ കൊന്നത് ആരാണെന്ന് നോക്കിയല്ല നിയമം പ്രവർത്തിക്കുന്നത്. ഇക്കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ; ആഭ്യന്തര വകുപ്പ് ഏതെങ്കിലും പാർട്ടി ആറ്റിറ്റ്യൂഡിന്റെ അടിസ്ഥാനത്തിലാണോ പ്രവർത്തിക്കുന്നത്? അങ്ങനെ പറ്റില്ല. യു.എ.പി.എ.-യുടെ സെക്ഷൻ 15 അനുസരിച്ച്, ബോംബെറിഞ്ഞ്, അവിടെ ഭീതിജനകമായ അന്തരീക്ഷമുണ്ടാക്കി, കൊലപാതകമുണ്ടായാൽ യു.എ.പി.എ. ചുമത്തും. അന്ന് യു.എ.പി.എ.-യ്ക്കെതിരായി നിങ്ങൾ വലിയ പ്രക്ഷോഭങ്ങളുണ്ടാക്കി. ഞങ്ങളുടെ കാലത്ത് കൊലപാതക കേസ്സുകൾ, അക്രമങ്ങൾ, ഭീതിജനകമായ അന്തരീക്ഷമുണ്ടാക്കുന്ന സന്ദർഭങ്ങൾ....

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ആർ.എസ്.എസ്.-കാർക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആർ.എസ്.എസ്. ആണെങ്കിലും സി.പി.ഐ.(എം) ആണെങ്കിലും അത് വേണ്ടിവരും. .........(ബഹളം)...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിൽ ഇരിക്കു....... അങ്ങ് പ്രസംഗം അവസാനിപ്പിക്കു.......(ബഹളം)..........ഇത് സഭയാണ്. നിങ്ങൾതന്നെ പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട അംഗം എ. പ്രദീപ്കുമാറും ശ്രീ. എ. എൻ. ഷംസീറും കാണിക്കുന്ന ഈ വാശി യു.എ.പി.എ. ചുമത്തിയ ഡി.വൈ.എഫ്.ഐ.-കാർക്കുവേണ്ടി ആയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അവർക്കുവേണ്ടി വാദിച്ചിരുന്നുവെങ്കിൽ എനിക്ക് മനസ്സിലാകുമായിരുന്നു. എന്നോട് കാണിക്കുന്ന രോഷം, യു.എ.പി.എ. ചുമത്തി ജയിലിലടച്ച നടപടിക്കെതിരെയായിരുന്നു നിങ്ങൾക്കുണ്ടാകേണ്ടത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ഡി.വൈ.എഫ്.ഐ. പ്രവർത്തകരോട് വലിയ സ്നേഹവും ബഹുമാനവും തോന്നിത്തുടങ്ങിയല്ലേ? ഗവൺമെന്റ് ശരിയായ ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. അത് രാഷ്ട്രീയം നോക്കിയിട്ടല്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്.-ഉം നയം വ്യക്തമാക്കിയിട്ടുണ്ട്. പിന്നെ നിങ്ങൾ എന്തിനുവേണ്ടിയാണ് ഇത്തരത്തിൽ വ്യായാമം നടത്തിക്കൊണ്ടിരിക്കുന്നത്; ദുരുദ്ദേശപരമായി, വസ്തുതകളെ തെറ്റായ നിലയിലേയ്ക്ക് തിരിച്ചുവിടുന്നതിനുവേണ്ടിയുള്ള നടപടികളല്ലേ അങ്ങ് തുടർന്നുകൊണ്ടിരിക്കുന്നത്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നാസി പ്രസ്ഥാനത്തിനെതിരായി കവി പാസ്റ്റർ മാർട്ടിൻ നീമൊളർ എഴുതിയ കവിതയാണ് ശ്രീ. ഇ. പി.ജയരാജന്റെ മറുപടിയായി എനിക്ക് നൽകാനുള്ളത്.

' ആദ്യം അവർ കമ്മ്യൂണിസ്റ്റുകളെ തേടി വന്നു
ഞാനൊന്നും മിണ്ടിയില്ല.
കാരണം, ഞാനൊരു കമ്മ്യൂണിസ്റ്റ് അല്ലായിരുന്നു
പിന്നീട് അവർ തൊഴിലാളികളെ തേടി വന്നു
അപ്പോഴും ഞാനൊന്നും മിണ്ടിയില്ല.

കാരണം, ഞാനൊരു തൊഴിലാളി ആയിരുന്നില്ല.

പിന്നീട് അവർ ജൂതരെ തേടി വന്നു

ഞാനൊന്നും മിണ്ടിയില്ല.

കാരണം, ഞാനൊരു ജൂതനായിരുന്നില്ല.

ഒടുവിൽ അവർ എന്നെ തേടി വന്നു

അപ്പോൾ എനിക്ക് വേണ്ടി സംസാരിക്കാൻ

ആരും അവശേഷിച്ചിട്ടുണ്ടായിരുന്നില്ല......'.

ഞങ്ങൾ അതുകൊണ്ട് പറയുന്നു, ഇപ്പോഴും അവർ കമ്മ്യൂണിസ്റ്റുകളെ തേടി വന്നുകൊണ്ടിരിക്കുന്നു. ******* ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, യു.എ.പി.എ. ചുമത്തി പോലീസ് അറസ്റ്റ് ചെയ്ത അലൻ ഷുഹൈബിന്റെ മുറിയിലെ അലമാരയിലൊട്ടിച്ചിട്ടുള്ള സ്റ്റിക്കർ "എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും" എന്നാണ്. എന്നാൽ അലൻ ഷുഹൈബിനെത്തന്നെ ശരിയാക്കിക്കൊണ്ടുള്ള സർക്കാരാണ് ഇവിടെ അധികാരത്തിൽ വന്നത്. എന്റെ നിയോജകമണ്ഡലത്തിലെ സി.പി.ഐ.(എം) തിരുവണ്ണൂർ ബ്രാഞ്ച് കമ്മിറ്റി അംഗമായ അലൻ ഷുഹൈബും പാറമേൽ ബ്രാഞ്ച് കമ്മിറ്റി അംഗമായ താഹ ഫസലും വിദ്യാർത്ഥികളാണ്. ഒരാൾ നിയമവും മറ്റൊരാൾ ജേർണലിസവും പഠിക്കുന്നു. ഇവർക്കെതിരെ എന്തിനാണ് യു.എ.പി.എ. ചുമത്തിയതെന്നുള്ളതിനെക്കുറിച്ച് അവർക്കാർക്കും മനസ്സിലാകുന്നില്ല. കമ്മ്യൂണിസ്റ്റ് ആശയമുള്ള കലാകാരിയാണ് ശ്രീമതി സജിതാ മഠത്തിൽ. അവരുടെ സഹോദരി ശ്രീമതി സബിതാ മഠത്തിലിന്റെ മകനാണ് അലൻ ഷുഹൈബ്. ശ്രീമതി സജിതാ മഠത്തിൽ ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തിരിക്കുന്ന വരികൾ വായിച്ചാൽ വേദനിപ്പിക്കുന്നവയാണ്. "നിനക്കായി വസ്തുങ്ങളെടുത്തുവയ്ക്കുമ്പോൾ നിന്റെ ചുവന്ന മുണ്ടുകൾ എന്നെ ഭയപ്പെടുത്തുന്നു. ഇനി വെള്ള മുണ്ടുകൾ മതിയല്ലേ; രാത്രി പുസ്തകം വായിച്ചുറങ്ങുണ്ടേ; ഏത് പുസ്തകമാണ് ബാഗിൽ വയ്ക്കേണ്ടത്; അല്ലെങ്കിൽ നീ ഇനിയൊന്നും വായിക്കണ്ട, പുസ്തകം നിനക്കെത്തിക്കാൻതന്നെ

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 6236/ഇ.ബി/2019/നി.സെ തീയതി 7-11-2019) രേഖയിൽ നിന്നും നീക്കം ചെയ്തു.

ഭയം തോന്നുന്നു. നമുക്കിനി രാഷ്ട്രീയ ചർച്ചകൾ നടത്തേണ്ട വാവേ, നിയമം പഠിക്കാൻ റാങ്കുമായി പുറപ്പെട്ട നീയിനി നിയമത്തിന്റെ കുരുക്കഴിച്ചഴിച്ച് ഇനിയെത്ര നാൾ" എന്ന് ചോദിക്കുന്നത് ശ്രീമതി സജിതാ മഠത്തിൽ ആണ്. വാളയാർ കേസ്സിലും മാവോയിസ്റ്റ് വേട്ടയിലും പോലീസ് ക്രിമിനലുകളുടെയും ബ്യൂറോക്രാറ്റുകളുടെയും മേൽ ഈ സർക്കാരിന് നിയന്ത്രണമില്ലെന്നും ഭരണകൂട ഭീകരത ഏറെ അനുഭവിച്ച അനുയായികളുള്ള പാർട്ടിക്ക് ഇക്കാര്യത്തിൽ ഒരു ചുക്കും ചെയ്യാൻ പറ്റാത്തത് അത്യന്തം പ്രതിഷേധാർഹമാണെന്നും നിങ്ങൾക്കുവേണ്ടി ധാരാളം സിനിമകളെടുക്കുകയും നിങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും നിങ്ങളെ പ്രകീർത്തിക്കുകയും ചെയ്തിട്ടുള്ള ശ്രീ. ആഷിക് അബു പറയുന്നു. യു.എ.പി.എ. നിയമമാക്കുന്നതിനെതിരെ ശക്തമായിനിന്ന പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ യു.എ.പി.എ.-യുടെ ഇപ്പോഴത്തെ അതോറിറ്റി ചീഫ് ജസ്റ്റീസ് പി. സി. ഗോപിനാഥൻ ശ്യാം ബാലകൃഷ്ണന്റെ കേസ്സിനെക്കുറിച്ച് പറയുകയുണ്ടായി. ശ്യാം ബാലകൃഷ്ണനും ഇതുപോലെ യു.എ.പി.എ. ചുമത്തിയെങ്കിലും ശ്യാം ബാലകൃഷ്ണന് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കണമെന്നായിരുന്നു സിംഗിൾ ബെഞ്ചിന്റെ വിധി. അതിനെതിരെ ഈ ഗവൺമെന്റ് ഡിവിഷൻ ബെഞ്ചിൽ പോയതെന്തിനാണ്? യു.എ.പി.എ.-യ്ക്കെതിരായി ഒരു വിധി വരുമ്പോൾ അതിനെ അംഗീകരിക്കുന്നതിനുപകരം അത് ചാർത്തിയേ മതിയാകൂവെന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ ഡിവിഷൻ ബെഞ്ചിൽ പോയി. ഒരു ലക്ഷം രൂപ കൊടുക്കണമെന്ന് മാത്രമല്ല ഏത് പോലീസുകാരനാണോ ആ കേസ്സെടുത്തത് അയാളുടെ കയ്യിൽനിന്നും പ്രസ്തുത തുക വാങ്ങിക്കൊടുക്കണമെന്നാണ് ഡിവിഷൻ ബെഞ്ച് പറഞ്ഞത്. അപ്പോഴും നിർത്തിയില്ല. നിങ്ങൾ സുപ്രീംകോടതിയിലേയ്ക്ക് പോയി. അവിടെ എന്തിനാണ് പോയത്? യു.എ.പി.എ. നടപ്പിലാക്കിയേ മതിയാകൂ എന്ന വാശിയോടെ ഈ ഗവൺമെന്റ് പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആരാണ് യു.എ.പി.എ.-യ്ക്ക് അനുകൂലം; ആരാണ് പ്രതികൂലം എന്നുള്ളതിന് ഈ കോടതിവിധികൾ മാത്രം മതിയെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. യഥാർത്ഥത്തിൽ വസ്തുതകൾക്ക് വിരുദ്ധമായ കാര്യമാണ് പറയാൻ ശ്രമിക്കുന്നത്. കോൺഗ്രസ് ബോയ്ക്കോട്ട് ചെയ്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗങ്ങൾ ലോക്സഭയിൽ എതിർത്ത് വോട്ട് ചെയ്തിട്ടില്ല. നിങ്ങൾ എന്തുകൊണ്ട് യു.എ.പി.എ.-യെ എതിർത്ത് വോട്ട് ചെയ്തില്ല? അവിടെ മുസ്ലീം ലീഗ് എതിർത്ത് വോട്ട് ചെയ്തു. എന്നാൽ രാജ്യസഭയിൽ നിങ്ങൾ മറ്റൊരു നിലപാടെടുത്തു. അപ്പോൾ യു.എ.പി.എ. ചുമത്തുന്നതിനെ എതിർക്കുന്ന സമയത്തും നിങ്ങളുടെ മനോഭാവം വേറെയാണെന്ന് ഇവിടെ ബോദ്ധ്യപ്പെടുന്നുണ്ട്. യു.എ.പി.എ. അതോറിറ്റി ചീഫ് പറയുന്നത് വളരെ ഗൗരവമായി ശ്രദ്ധിക്കേണ്ട

ഒന്നാണ്. പോലീസ് പറയുന്നതും എഴുതുന്നതും അനുസരിച്ചുമാത്രമേ 45(2) സെക്ഷൻ പ്രകാരം അദ്ദേഹത്തിന് നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ. അതിൽ പോലീസ് കൃത്യമായി എന്തെങ്കിലും എഴുതിയിട്ടുണ്ടെങ്കിൽ അതിനു വിരുദ്ധമായി അദ്ദേഹത്തിന് നിലപാടെടുക്കാൻ സാധിക്കുകയില്ല. യു.എ.പി.എ. ചുമത്തിയത് തന്നിഷ്ടപ്രകാരം പോലീസ് ചെയ്തിട്ടുള്ള വീഴ്ചയാണെന്നും യാതൊരു കാരണവശാലും അത് അംഗീകരിക്കില്ലെന്നും സർക്കാർ അത് തിരുത്തുകതന്നെ ചെയ്യുമെന്നുമാണ് ശ്രീ. പി. ജയരാജൻ പറഞ്ഞത്. സർക്കാർ എന്ന് ഉദ്ദേശിക്കുന്നത് ശ്രീ. പി. ജയരാജനാണോ അതോ ശ്രീ. പിണറായി വിജയനാണോ എന്ന് എനിക്കറിയില്ല. ഏതായാലും സർക്കാർ തിരുത്തുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. പോലീസിന് തെറ്റു പറ്റിയിട്ടുണ്ടെങ്കിൽ സർക്കാർ തിരുത്തുമെന്ന് സർവ്വശ്രീ എ. കെ. ബാലനും ജി. സുധാകരനും പറഞ്ഞിട്ടുണ്ട്. മാവോയിസ്റ്റ് വേട്ടയെ ഫെയ്ക്ക് എൻകൗണ്ടർ എന്നുപറഞ്ഞത് ഞങ്ങളാരുമല്ല, ജനയുഗം ദിനപ്പത്രമാണ്. ഇതിൽ അതിശക്തമായി പറഞ്ഞ കാര്യമാണ് ഈ രണ്ട് വിദ്യാർത്ഥികളുടെ കയ്യിൽനിന്ന് പിടിച്ചെടുത്തിട്ടുള്ള pamphlet-ലും പറഞ്ഞിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ജനയുഗം ദിനപ്പത്രം ഒരു pamphlet-ആയി പരിഗണിക്കുന്നുണ്ടെങ്കിൽ അതിന്റെ ചീഫ് എഡിറ്റർ ആയ ശ്രീ. കാനം രാജേന്ദ്രന്റെ പേരിലും യു.എ.പി.എ. ചുമത്തേണ്ടി വരുമെന്നുള്ളതാണ് ഇതിൽ എടുത്തുപറയേണ്ട കാര്യം. Pamphlet കൈവശം വച്ചതുകൊണ്ടുമാത്രം ഒരാളെ യു.എ.പി.എ. ചുമത്താൻ പാടില്ലെന്ന് പറഞ്ഞിരിക്കുന്നത് ഇപ്പോഴത്തെ യു.എ.പി.എ.-യുടെ അതോറിറ്റി ചീഫ് ആണ്. ഇക്കാര്യങ്ങളൊക്കെ മുഖവിലയ്ക്കെടുത്തുകൊണ്ട് അനുകൂലമായ രീതിയിൽ ഒരു സമീപനമെടുക്കുന്നതിനു പകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോഴും പോലീസ് എഴുതിക്കൊടുത്തതു തന്നെയാണ് വായിച്ചിട്ടുള്ളതെന്ന സാഹചര്യത്തിൽ ഈ രണ്ട് വിദ്യാർത്ഥികളുടെ ഭാവി ഏതെല്ലാം രീതിയിൽ കഷ്ടപ്പാടുകളിലേയ്ക്കെത്തിക്കുമെന്നുള്ളത് മാർക്സിസ്റ്റ് പാർട്ടിതന്നെ ചിന്തിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അങ്ങയുടെ പിതാവ് ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന സമയത്ത് സഖാവ് വർഗ്ഗീസിന്റെ കണ്ണ് ചൂഴ്ന്നെടുത്ത് വെടിവച്ചുകൊന്ന സമയത്ത് കാണാത്ത ഒരു ധാർമ്മികരോഷം ഇപ്പോൾ ഈ വിഷയവുമായി ബന്ധപ്പെട്ട് എങ്ങനെയാണ് വരുന്നത്? ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായി മറുപടി പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും ഗവൺമെന്റിന്റെയും നയമെന്താണ്; ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് യു.എ.പി.എ. ചുമത്തുന്ന അവസരത്തിൽ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ

എന്തൊക്കെയാണ്? അതിലേതെങ്കിലും രൂപത്തിലുള്ള വ്യതിയാനം വന്നിട്ടുണ്ടെങ്കിൽ ശക്തമായ പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. അതുതന്നെയാണ് ഞങ്ങളും പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ. ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല. കാരണം, ഇപ്പോൾത്തന്നെ ചർച്ചയ്ക്കുള്ള സമയമെടുത്തിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, വർഗ്ഗീസിന്റെ കാര്യത്തിനുള്ള മറുപടി അന്ന് എന്റെ പിതാവ് പറഞ്ഞിട്ടുണ്ട്. അന്നത്തെ രേഖയെടുത്ത് പരിശോധിക്കാം. ആ മറുപടിയുടെ കൂട്ടത്തിൽ സി. അച്യുതമേനോനും പറഞ്ഞിട്ടുണ്ട്. അത് വേണമെങ്കിൽ സി.പി.ഐ. അംഗങ്ങളോട് ചോദിക്കാം. അതുകൊണ്ട് അതിനുള്ള മറുപടിയൊന്നും ഇപ്പോൾ പറയേണ്ട ആവശ്യമില്ല. അക്കാര്യത്തിൽ നിങ്ങൾ ഏതെങ്കിലുമൊരു തെറ്റിന്റെ മറപിടിച്ചുകൊണ്ട് ഞങ്ങൾക്ക് നൂറ് തെറ്റ് ചെയ്യാമെന്ന് പറയുന്ന ന്യായമാണ് ഇവിടെ നിരത്തുന്നതെങ്കിൽ അതിവിടെ വിലപ്പോകില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ചർച്ച നടന്നല്ലോ. വാക്കൗട്ട് സ്പീച്ചിൽ അരമണിക്കൂർ നേരം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചു. ......(ബഹളം)...

ശ്രീ. പി. കെ. ബഷീർ: സർ, ........ ......(ബഹളം)........

മി.സ്പീക്കർ: അങ്ങനെയാണെങ്കിൽ ഈ വിഷയം സംബന്ധിച്ച് ചർച്ച നടത്തിയാൽ മതിയല്ലോ. ഒന്നരമണിക്കൂർ ആയില്ലേ; അരമണിക്കൂർ മാത്രമേ സംസാരിച്ചുള്ളൂ. ഇനി വാക്കൗട്ട് സ്പീച്ച് പ്രൊട്ടസ്റ്റ് മാർക്ക് ചെയ്ത് പോകാനേ കഴിയൂ. ഇത്രയും ദീർഘമായ പ്രസംഗം നടത്താൻ കഴിയില്ല. പ്രീസിഡന്റ് ഇപ്പോഴില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇവിടെ എപ്പോഴാണ് മാവോയിസ്റ്റ് ആശയത്തിന് പ്രസക്തിയുണ്ടാകുന്നത്? കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ജില്ലകളിലും ഭരണമേയില്ല; പല ജില്ലകളും ഇത്തരം മൂവ്മെന്റ്സിന്റെ കൈകളിലാണ്. അവിടെ പ്രവേശിക്കാൻപോലും കഴിയില്ല. കേരളത്തിൽ ഈ നീക്കങ്ങൾ നടക്കുന്നത് എവിടെയാണ്? ഞാൻ ഒരു ട്രൈബൽ സ്കൂളിന്റെ ഹോസ്റ്റലിൽ രാത്രി കിടന്നു, നല്ല തണുപ്പുള്ള സമയമായിരുന്നു. അവിടെ കുട്ടികൾ പുതയ്ക്കാനൊന്നുമില്ലാതെ തണുത്തുവിറച്ച് മുറിയുടെ ഒരു മൂലയ്ക്ക് അട്ടിയിട്ട്

കിടക്കുകയായിരുന്നു. 'പശു വീട്ടിലും ആദിവാസി അവരുണ്ടാക്കിയ കുടിലിലുമാണെന്ന് ' മുൻ എം. എൽ. എ. ഒ. ലൂക്കോസ് പറയുമായിരുന്നു. മറയൂർ, കാന്തല്ലൂർ, വട്ടവട എന്നിവ പിന്നോക്ക പ്രദേശങ്ങളാണ്. അവിടത്തെ പഴയ വീടുകളിൽ ഒരു മുറിയോ രണ്ടുമുറിയോ മാത്രമേയുള്ളൂവെങ്കിലും സുരക്ഷിതമാണ്. ഗവൺമെന്റ് പുതുതായി നിർമ്മിച്ചുകൊടുത്ത ഏതെങ്കിലും വീട്ടിൽ താമസിക്കാൻ കഴിയുമോ? അതിൽ ബഹുഭൂരിപക്ഷം വാർക്ക കെട്ടിടങ്ങളും ചോർന്നൊലിക്കുന്നവയാണ്. അവിടത്തെ ഹൗസിംഗ് സ്കീമിലെ വീടുകളിൽ ബഹുഭൂരിപക്ഷവും പരാജയപ്പെട്ടിരിക്കുകയാണ്. ഇന്നും അതാണ് സ്ഥിതി. അവർ താമസിക്കുന്ന വീടുകൾ നനയാതിരിക്കണ്ടേ; ട്രൈബൽ ഹോസ്റ്റലിലെങ്കിലും അവരുടെ കുട്ടികൾക്ക് പുതയ്ക്കാനുള്ള കമ്പിളി കൊടുക്കണ്ടേ; ഇതൊന്നുമില്ലാത്ത സാഹചര്യത്തിലാണ് മാവോയിസ്റ്റുകൾ കടന്നുചെല്ലാനിടയാകുന്നത്. മാവോയിസ്റ്റുകൾക്ക് കടന്നുചെല്ലാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നത് നമ്മുടെ സമൂഹം തന്നെയാണ്. പട്ടിണി, മാൽന്യൂട്രീഷൻ, ധരിക്കാൻ വസ്ത്രങ്ങളില്ല, വീടുകൾ മുഴുവൻ ചോർന്നൊലിക്കുന്നു, ഗവൺമെന്റ് സ്കീമിലുള്ള വീടുകൾ മുഴുവൻ പരാജയപ്പെടുന്നു. ഇതൊക്കെയാണ് സ്ഥിതി.

മി. സ്പീക്കർ: You are not discussing. ഡിസ്കസ് ചെയ്യാത്തതിലുള്ള പ്രൊട്ടസ്റ്റാണ് അങ്ങ് മാർക്ക് ചെയ്യുന്നത്; അതിനുള്ള സമയമെടുത്താൽ മതി.

ശ്രീ. പി. ജെ. ജോസഫ്: സർ, മറ്റംഗങ്ങൾ ഇവിടെ 5-ഉം 10-ഉം മിനിറ്റ് സംസാരിച്ചു. ഞാൻ 2 മിനിറ്റെടുത്തപ്പോൾ അങ്ങ് എന്തിനാണ് ഇങ്ങനെ അസഹിഷ്ണുത കാണിക്കുന്നത്?

മി. സ്പീക്കർ: രണ്ടല്ല, രണ്ടര മിനിറ്റായി.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ സംസ്ഥാനത്ത് മാവോയിസ്റ്റുകളെ വെടിവച്ച് കൊന്ന് തീർക്കാൻ സാധിക്കില്ല. അവരുടെ പട്ടിണി മാറ്റണം, വീടുകൾ ചോർന്നൊലിക്കുന്നത് അവസാനിപ്പിക്കണം, കുട്ടികൾക്ക് ഭക്ഷണം കൊടുക്കണം. ഈ സാഹചര്യങ്ങൾ ഒഴിവാക്കുകയാണ് വേണ്ടത്. ഇത്തരം കാര്യങ്ങൾ വിശദമായി ഈ സഭ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കഴിഞ്ഞ 6-ാം മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നൽകിയ മറുപടിയിൽ റിട്ടയേർഡ് ഹൈക്കോടതി

ജഡ്ജിയെ അദ്ധ്യക്ഷനാക്കി സർക്കാർ സമിതി സംഘടിപ്പിക്കുകയും പ്രസ്തുത സമിതിയുടെ ശിപാർശ പ്രകാരം മാത്രമാണ് നിലവിൽ യു.എ.പി.എ. കേസ്സുകളിൽ തുടർനടപടികൾ കൈക്കൊള്ളുന്നതും എന്നാണ് പറഞ്ഞിട്ടുള്ളത്. അതുതന്നെയാണ് ഇവിടെ ന്യായവാദങ്ങളായി ഗവൺമെന്റ് ഉന്നയിച്ചു കൊണ്ടിരിക്കുന്നത്. ഇവിടെ സി.പി.ഐ.(എം)-ഉം അതിന്റെ നേതാക്കളും പോലീസിന്റെ ശ്രദ്ധക്കുറവാണെന്നുള്ള നിലയിൽ പലതവണ ഈ വിഷയത്തെ പോലീസിന്റെ തലയിലേയ്ക്ക് കെട്ടിവയ്ക്കാനുള്ള ശ്രമമാണ് നടത്തുന്നത്. പോലീസിനെ നിയന്ത്രിക്കുന്നത് ഗവൺമെന്റാണെന്നുള്ള കാര്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം സർക്കാരിന് തന്നെയാണെന്നാണ് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. പോലീസിന്റെ അമിത അധികാര പ്രയോഗമാണ് ഇവിടെ കാണുന്നത്. സംശയത്തിന്റെ നിഴലിൽ മാത്രം യു.എ.പി.എ. ചുമത്തുന്നത് പോലീസിന്റെ പ്രൊഫഷണലിസത്തിന് ചേരുന്ന ഒന്നല്ല. യു.എ.പി.എ.യെ കരിനിയമമായി കണക്കാക്കുമ്പോൾ, അതിനെ എതിർക്കുമ്പോൾ, അത് ദുരുപയോഗപ്പെടുത്താനുള്ള സാഹചര്യമുണ്ടാകുമെന്ന് വിവിധ രാഷ്ട്രീയ പാർട്ടികൾ ആവർത്തിച്ച് ഉന്നയിക്കുമ്പോൾ അതിന്റെ പ്രത്യക്ഷമായ ഉദാഹരണം ഈ ഗവൺമെന്റിന്റെ കീഴിൽ സംസ്ഥാനത്ത് സംജാതമായിരിക്കുന്നു. ഇത് അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ ഒഴിവാക്കുമെന്ന് പറയുമ്പോഴും യു.എ.പി.എ. ചുമത്തിയോ എന്നതാണ് പ്രസക്തമായ കാര്യം. പോലീസിന്റെയും ഗവൺമെന്റിന്റെയും വീഴ്ചയാണ് ഇതിൽ സംഭവിച്ചിരിക്കുന്നത്. പോലീസ് മേധാവിയുടെ പരിശോധനയിൽ, യു.എ.പി.എ. ചുമത്തിയ 42 കേസ്സുകൾ നിലനില്ക്കുന്നില്ലെന്ന് കണ്ടെത്തിയിരിക്കുന്നു. യു.എ.പി.എ. ചുമത്തുന്നതിനുവേണ്ടി ഒരുപാട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അവയൊന്നും പാലിക്കപ്പെട്ടിട്ടില്ല. ഇത് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം തന്നെയായിരുന്നു. ഇതുസംബന്ധിച്ച് മുന്നണിയിലെ രണ്ടാമത്തെ കക്ഷിക്കും സി.പി.ഐ.(എം)-നും വ്യത്യസ്തമായ അഭിപ്രായമുണ്ട്. അത് ഈ സഭയ്ക്ക് പൊതുവെ അനുകൂലമായ വികാരമുണ്ടാക്കുന്ന വിഷയമായിരുന്നു; അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർ, ഈ ഇഷ്യുവിൽ യു.എ.പി.എ. ആയാലും POTA ആയാലും MISA (Maintenance of Internal Security Act) ആയാലും ജനാധിപത്യ വ്യവസ്ഥിതിയിൽ ഇത്തരം വ്യവസ്ഥകൾ ചിലപ്പോൾ

അനിവാര്യമായി വന്നേക്കാം. അത് എവിടെ അല്ലെ ചെയ്യുന്ന എന്നതിലാണ് പ്രശ്നമുള്ളത്. ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെന്റല്ല സംസ്ഥാനത്തുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പാർട്ടി ഒരു നിലപാട് സ്വീകരിക്കുകയും രണ്ടാമത്തെ കക്ഷി വേറൊരു നിലപാട് സ്വീകരിക്കുകയും ചെയ്യുമ്പോൾ കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു സംവിധാനത്തിൽ പൗരന്മാരുടെ അവകാശങ്ങൾ സുരക്ഷിതമായിരിക്കില്ല എന്ന സാഹചര്യത്തിൽ ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മയക്കുമരുന്ന് വ്യാപാരം തടയുന്നതിന് കർമ്മപദ്ധതി

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഒരു രാജ്യത്തെ ജനങ്ങളെയും യുവത്വത്തെയും കീഴടക്കുന്നതിന് മയക്കുമരുന്നുകൾ നിർബാധം എത്തിക്കുകയെന്നുള്ളതാണ് ഏറ്റവും വലിയ ആയുധം. അങ്ങനെയാണ് ചൈനയെ ബ്രിട്ടീഷ് സാമ്രാജ്യത്വം മയക്കുമരുന്നിന് അടിമയാക്കിയതും കറുപ്പ് തിന്ന് മയങ്ങിക്കിടക്കുന്ന ഒരു ജനതയാക്കി മാറ്റിയതും. ഇന്ത്യയിൽ ഇന്ന് മയക്കുമരുന്നിന്റെ ഉപയോഗം കൂടിവരികയാണ്. മയക്കുമരുന്നുമായി ബന്ധപ്പെട്ട് പരിഭ്രമമുണ്ടാക്കുന്ന വാർത്തകളാണ് സംസ്ഥാനത്ത് പലപ്പോഴും വന്നു കൊണ്ടിരിക്കുന്നത്. 2008-ൽ 508 കേസ്സുകളാണ് ഉണ്ടായിരുന്നതെങ്കിൽ 10 വർഷം കഴിഞ്ഞ് 2018-ൽ അത് 8,700 ആയി. ചിലപ്പോൾ ഇതിന്റെ ഉപയോഗം അതിലും കൂടുതലായിരിക്കാനാണ് സാധ്യത. ഇപ്പോൾ വ്യാപകമായ മയക്കുമരുന്ന് ശൃംഖല സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. കേരളത്തിൽ വിദ്യാർത്ഥികളെയാണ് അതിന് പ്രധാനമായി ഉപയോഗിക്കുന്നത്. വിദ്യാർത്ഥികളെ ഉപയോഗിച്ച് മയക്കുമരുന്ന് ഉപയോഗവും വിതരണവും നടന്നുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട ഘടകം ഇതിൽനിന്ന് പെട്ടെന്ന് തുക ലഭിക്കുന്നുവെന്നതാണ്. വിദ്യാർത്ഥികളെ സംബന്ധിച്ചാണെങ്കിൽ, പെട്ടെന്ന് തുക ലഭിക്കുമ്പോൾ അത് മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാം. കൂടാതെ ഒരു കിലോ ഗ്രാമിന് താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന വകുപ്പാണ് ഇപ്പോഴുള്ളത്. ഇതിൽ കേന്ദ്ര ഗവൺമെന്റിന് തീരുമാനിക്കാവുന്ന ഒരു

കാര്യം, ഒരു കിലോ കഞ്ചാവ് എന്നുള്ള അളവ് കുറയ്ക്കുക എന്നതാണ്. കേരള ഗവൺമെന്റ് പലതവണയായി ശിപാർശ ചെയ്തിട്ടുണ്ട്. പക്ഷെ ഇന്നുവരെ അതിനെക്കുറിച്ച് ഗൗരവമായ ഒരു സമീപനം കേന്ദ്രഗവൺമെന്റ് കൈക്കൊണ്ടിട്ടില്ല. കഞ്ചാവിൽ തുടങ്ങി രൂക്ഷമായ മയക്കുമരുന്നുകളിലേയ്ക്ക് കേരളത്തിലെ യുവജനങ്ങളെ മാറ്റിക്കൊണ്ടുപോകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇതിനെതിരൊയി ഗവൺമെന്റ് വളരെ ഫലപ്രദമായ നടപടികൾ പലതും സ്വീകരിച്ചിട്ടുണ്ട്. 'വിമുക്തി' എന്ന പേരിൽ കുട്ടികളുടെയും ജനങ്ങളുടെയും ഇടയിൽ ഇതിനെതിരായി വലിയ പ്രചരണം നടത്തുന്നതിനുള്ള പരിശ്രമം നടക്കുന്നുണ്ട്. എന്നാൽ, അതിനെയെല്ലാം അതിജീവിച്ച് കേരളത്തിൽ മയക്കുമരുന്നിന്റെ വ്യാപനം ഉണ്ടാകുന്നുവെന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ വിഷയനിർണ്ണയ സമിതി ഇതുസംബന്ധിച്ച് പരിശോധന നടത്തി വളരെ വ്യാപകമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂളുകളുടെയും കോളേജുകളുടെയും പരിസരങ്ങളിൽ കുട്ടികൾ പുറത്തുവരുന്ന സമയത്ത്, രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവുമാണ് മയക്കുമരുന്ന് വിൽപ്പന ഏറ്റവും കൂടുതൽ നടക്കുന്നത്. ഈ സമയത്ത് സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് സംശയാസ്പദമായി പ്രവർത്തിക്കുന്നവർ, കുട്ടികൾ കൂട്ടമായി നിൽക്കുന്ന കടകൾ എന്നിവ പരിശോധിക്കാനും യൂണിഫോമിട്ട പോലീസുകാരെയും മഫ്തി പോലീസുകാരെയും എക്സൈസുകാരെയും ഈ സ്ഥലങ്ങളിൽ അവിടവിടെ പോസ്റ്റ് ചെയ്യാനും ആ സ്കൂളുകളും കോളേജുകളും നിരീക്ഷിക്കാനുമുള്ള സൗകര്യങ്ങളുണ്ടാകണമെന്നത് പ്രധാനപ്പെട്ടൊരു നിർദ്ദേശമാണ്. അത് വളരെ പ്രധാനപ്പെട്ട ഒരു പ്രതിരോധ പ്രവർത്തനമാണ്. അതുപോലെ നിർദ്ദാക്ഷിണ്യം നടപടിയെടുക്കാനും കഴിയണം.

കേരളത്തിലെത്തുന്ന മയക്കുമരുന്നിന്റെ എൻട്രി പോയിന്റുകൾ എവിടെയാണ് ? തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന ഭാഗങ്ങളിൽനിന്നാണ് മയക്കുമരുന്ന് വരുന്നതെന്നാണ് സാധാരണഗതിയിൽ എല്ലാവരും വിശ്വസിക്കുന്നത്. എന്നാൽ ഇവിടെനിന്നും കാലിയായി വരുന്ന ലോറികളിലും ബസ്സുകളിലുമാണ് മയക്കുമരുന്ന് കടത്തിക്കൊണ്ടുവരുന്നത്. എൻട്രി പോയിന്റുകളിൽ കർശന പരിശോധന നടത്താൻ സാധിക്കണം. അതുമാത്രമല്ല, വ്യാപകമായ പ്രചരണവും ഇക്കാര്യത്തിലുണ്ടാകണം. ഇത് എക്സൈസ് വകുപ്പിന്റെ മാത്രമായ പ്രചരണമല്ല, ഉത്തരവാദിത്വവുമല്ല. വിദ്യാഭ്യാസം, എക്സൈസ്, പോലീസ് തുടങ്ങി എല്ലാ വകുപ്പുകൾക്കും ഉത്തരവാദിത്വമുണ്ട്. അവരെല്ലാം ചേർന്നുള്ള ഒരു വലിയ പ്രചരണം നടത്തണം.

കേരളം പല കാര്യങ്ങളിലും വലിയ അവബോധമുണ്ടാക്കി മുന്നോട്ടുപോയി. സിഗററ്റിന്റെ ഉപയോഗം കുറയ്ക്കുന്നതിൽ വലിയ മുന്നേറ്റം നടത്തി. ജനസംഖ്യാ നിയന്ത്രണം നടത്തി; ബേബി ഫുഡ്ഡിനെ കെട്ടുകെട്ടിച്ചു; അതെല്ലാം നേടിയത് എങ്ങനെയാണ്? വ്യാപകമായ പ്രചരണത്തിലൂടെയും വലിയ തോതിൽ ബഹുജന സംഘടനകളെ അണിനിരത്തി അതിന്റെ പിന്നിൽ പ്രവർത്തിപ്പിച്ചതിന്റെയും ഫലമായിട്ടാണ്. ഗവൺമെന്റിന്റെ ഇനിഷ്യേറ്റീവ് മാത്രമോ അല്ലെങ്കിൽ ഏതെങ്കിലും വകുപ്പിന്റെ മുൻകയ്യോ കൊണ്ടല്ല, ജനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായിട്ടാണ് സാക്ഷരതാ യജ്ഞത്തിൽ വലിയ വിജയം കൈവരിക്കാൻ കഴിഞ്ഞത്.

അതുപോലെ, 'വിമുക്തി' എന്നത് എക്സൈസ് വകുപ്പിന്റെ മാത്രമായ കാര്യമാകരുത്. കേരള ജനത ഏറ്റെടുക്കുന്ന വലിയൊരു പ്രസ്ഥാനമാക്കി വിമുക്തിയെ വളർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിയണം. അതിന് കഴിയണമെങ്കിൽ ഈ വകുപ്പുകളുടെയെല്ലാം ഫലപ്രദമായ ഏകോപനവും സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളുമുണ്ടാകണം. സാധാരണക്കാരും പാവപ്പെട്ടവരും താമസിക്കുന്ന ബഹുഭൂരിപക്ഷം കോളനികളും മയക്കുമരുന്നിന്റെ കേന്ദ്രങ്ങളാണ്. അവിടെയുള്ള ചെറുപ്പക്കാർ മയക്കുമരുന്ന് ഉപയോഗിക്കുന്നുവെന്ന് മാത്രമല്ല വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. അവരെ രാവിലെ അറസ്റ്റ് ചെയ്തുകൊണ്ടുപോയാൽ വൈകുന്നേരം വീണ്ടും അവർ അവിടെവന്ന് കച്ചവടം ചെയ്യുന്നുണ്ട്. ഇതെല്ലാം അവസാനിപ്പിക്കാനുള്ള ബോധപൂർവ്വമായ പ്രചരണം വേണം. The Narcotic Drugs and Psychotropic Substances Act ഭേദഗതി ചെയ്യാൻ കേന്ദ്രഗവൺമെന്റിനുമേൽ അതിശക്തമായ സമ്മർദ്ദം കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഒരുവശത്ത് ശക്തമായ നിയമവും മറുവശത്ത് ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവേണം ഇതിനെ നേരിടേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തെ കേന്ദ്രമാക്കി വിദേശത്തേയ്ക്ക് മയക്കുമരുന്ന് കടത്തുന്നതിനുവേണ്ട വലിയ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്ന വാർത്തകളുണ്ട്. അതായത്, കേരളത്തിൽ നിന്ന് ഗൾഫ് രാജ്യങ്ങളിലേയ്ക്കും മാലിദ്വീപിലേയ്ക്കും വ്യാപകമായ തോതിൽ മയക്കുമരുന്ന് പോകുന്നുവെന്ന വാർത്തകൾ പുറത്തുവരുന്നുണ്ട്. ഇതിന്റെ നിജസ്ഥിതി എന്താണെന്ന് അറിയാനും താൽപ്പര്യമുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വളരെ ഗൗരവമുള്ളൊരു സാമൂഹ്യപ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ വിശകലനം ചെയ്ത് സംസാരിച്ചത്. വിവിധ സാമൂഹ്യമാധ്യമങ്ങൾ, dark web തുടങ്ങിയവ

ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിവിധ നിരീക്ഷണ സംവിധാനങ്ങളുപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് നിയമനടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമായി നടത്തിവരുന്നു. ചില പ്രത്യേക വെബ്സൈറ്റ് മുഖേന കെമിക്കലുകൾ ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ ഓൺലൈനായി വാങ്ങാൻ കഴിയുമെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാറിമാറിയുള്ള വിലാസങ്ങളിലൂടെയും വെബ്സൈറ്റുകളിലൂടെയുമാണ് ഈ പ്രവർത്തനം നടക്കുന്നത്. എന്നാൽ ഈ മയക്കുമരുന്ന് ശൃംഖല സംസ്ഥാനത്ത് വ്യാപകമോ ശക്തമോ അല്ല. അവയെ ചെറുക്കാനുള്ള ഫലപ്രദമായ പ്രവർത്തനം ബഹുജന പിന്തുണയോടെ എക്സൈസ് വകുപ്പ് വിമുക്തിമിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ വിപണനത്തെ സംബന്ധിച്ചും സോഷ്യൽ മീഡിയയിൽ വർദ്ധിച്ചുവരുന്ന പ്രചാരണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വകുപ്പ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. കൂടാതെ സമീപകാലത്ത് കണ്ടെടുത്ത ഏതാനും മയക്കുമരുന്ന് കേസ്സുകളിൽ അന്താരാഷ്ട്രബന്ധം സംശയിക്കുന്നുണ്ട്. ഇത്തരം കേസ്സുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിന് കേന്ദ്ര അന്വേഷണ ഏജൻസികളുടെ സഹായം ആവശ്യമുണ്ട്. ആയതിലേയ്ക്കായി Narcotic Control Bureau, കേന്ദ്ര ഇന്റലിജൻസ് ഏജൻസി തുടങ്ങിയവയുടെ സഹായം തേടുന്നുണ്ട്. ഓൺലൈൻ സംവിധാനം വഴി സംസ്ഥാനത്തെ കൊറിയർ/പാഴ്സൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ വേൾഡ് വൈഡ് എക്സ്പ്രസ് കൊറിയർ സർവ്വീസ് വഴി കടത്താൻ ശ്രമിച്ച 26 കിലോ MDMA (Methylene-dioxy-methamphetamine) പിടിച്ചെടുത്ത് രണ്ട് പ്രതികളെ അറസ്റ്റുചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പത്തനംതിട്ട ജില്ലയിൽ ആലപ്പി പാഴ്സൽ സർവ്വീസ് ശാഖ പരിശോധിച്ച് 762 പായ്ക്കറ്റ് മയക്കുമരുന്ന് ഗുളികകൾ കണ്ടെടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. 'ഗ്ലാസ്സിലെ നുരയും പ്ലേറ്റിലെ കറിയും' എന്ന ഫേസ്ബുക്ക് കൂട്ടായ്മയിലൂടെ ലഹരി ഉപയോഗം പ്രോൽസാഹിപ്പിച്ച കുറ്റത്തിനും കൂപ്പൺ മുഖാന്തരം പണപ്പിരിവ് നടത്തി ഡി.ജെ. പാർട്ടി സംഘടിപ്പിച്ച് മദ്യവിൽപ്പന നടത്തിയ കുറ്റത്തിനും അബ്കാരി ആക്ടിലെ 55(H), 55(I) എന്നീ വകുപ്പുകൾ പ്രകാരം ഗ്രൂപ്പിന്റെ അഡ്മിനായ അജിത്കുമാറിനും മറ്റ് മോഡറേറ്റർക്കുമെതിരെ തിരുവനന്തപുരത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജനമൈത്രി പോലീസ് മാതൃകയിൽ എക്സൈസ് വകുപ്പിൽ നാല് സ്ഥലങ്ങളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നതിനു പുറമെ മയക്കുമരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗം ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എക്സൈസ് ഉദ്യോഗസ്ഥർ കൺവീനറായിട്ടുള്ള ബോധവൽക്കരണ വിമുക്തി കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ജനകീയ കമ്മിറ്റികളിലൂടെ മയക്കുമരുന്ന് വിപണനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനവും ശക്തിപ്പെടുത്തുന്നു. സന്നദ്ധ സംഘടനകളുടെയും വിവിധ ക്ലബ്ബുകളുടെയും സഹായത്തോടെ ലഹരിക്കെതിരായ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികളും ഊർജ്ജിതമായി നടന്നുവരുന്നു. നൂതന സാങ്കേതിക വിദ്യകളിലൂടെ ഓൺലൈൻ മുഖേന പണം കൈമാറ്റം ചെയ്ത് മയക്കുമരുന്ന് എത്തിക്കുന്ന ശൃംഖലകളെ നിരീക്ഷിക്കുന്നതിനും അവയുടെ പ്രവർത്തനം സംസ്ഥാനത്ത് തടയുന്നതിനുമായി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ലഹരിമുക്ത കേരളം കെട്ടിപ്പടുക്കുന്നതിനുള്ള "നാളത്തെ കേരളം ലഹരിമുക്ത കേരളം" എന്ന തീവ്ര ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിക്കും വിമുക്തി മിഷൻ രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ, സ്കൂളുകളും പരിസരവും നിരീക്ഷിക്കുന്നതിനുള്ള എല്ലാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തു നിന്നും നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനത്തെ പിടികൂടിയിട്ടുണ്ടെങ്കിൽ ആ സ്ഥാപനം അടച്ചുപൂട്ടാനുള്ള നടപടികൾ ബന്ധപ്പെട്ട അധികൃതർ സ്വീകരിക്കണമെന്ന കർശന നിർദ്ദേശവും നൽകിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ലഹരിവിമുക്തമാക്കുന്നതിന് വിമുക്തി എന്ന പ്രസ്ഥാനത്തിലൂടെ എല്ലാ ജനവിഭാഗങ്ങളെയും സഹകരിപ്പിച്ച് കൂട്ടുത്തരവാദിത്വം സമൂഹത്തിനുവേണ്ടി നിർവ്വഹിക്കാനാണ് ശ്രമിക്കുന്നത്. അയൽക്കൂട്ടതല സമിതികളെയും കുടുംബശ്രീ യൂണിറ്റുകളെയും ബന്ധപ്പെടുത്തി അതിവിപുലമായ നിലയിൽ കുടുംബങ്ങളിലേയ്ക്കും വ്യക്തികളിലേയ്ക്കും ഈ സന്ദേശം എത്തിക്കുന്നതിനുള്ള പ്രചരണ പരിപാടികൾക്ക് ആവശ്യമായ നടപടികൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഇന്റർനെറ്റ് ഉപയോഗം കേരളത്തിൽ ഈ മേഖലയിൽ വ്യാപകമല്ല എന്നുപറയുന്നത് എത്രമാത്രം ശരിയാകുമെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. കാരണം, ലോകമെമ്പാടും ആധുനിക സംവിധാനങ്ങളുള്ള രാജ്യങ്ങളിൽപ്പോലും ഇത് crack ചെയ്യാൻ സാധിക്കുന്നില്ല. ഇന്റർനെറ്റ് ഉപയോഗിച്ച് മയക്കുമരുന്നുകൾ എത്തിക്കുന്നതും വിതരണം ചെയ്യുന്നതും ഉപയോഗിക്കുന്നതും പിടികൂടാൻ സാധിക്കുന്നില്ല. പലരാജ്യങ്ങളും കഠിനമായി പരിശ്രമിക്കുന്നുണ്ടെങ്കിലും അതിന്റെ അറ്റത്തുപോലും എത്താൻ സാധിക്കുന്നില്ല എന്നുള്ളതാണ് റിപ്പോർട്ട്. കേരളത്തിൽ ഇത് വ്യാപകമല്ല എന്നൊരു നിലപാടിലേയ്ക്ക് നമ്മൾ എത്തുന്നതിനുമുമ്പ് ഇത് പരിശോധിക്കാൻ ആവശ്യമായ സാങ്കേതികവിദ്യ സ്വായത്തമാക്കാനും ഉപയോഗിക്കാനും ഇത് crack ചെയ്ത് തടയാനും കഴിയുന്ന വിദഗ്ദ്ധരായവർ നമുക്കുണ്ടാകണം. അങ്ങനെയൊരു സംവിധാനം നിലവിലുണ്ടോ; എക്സൈസ് വകുപ്പ് രൂപീകരിച്ചിരിക്കുന്ന ക്രൈംബ്രാഞ്ച് ഈ മേഖലയിലേയ്ക്ക് കൂടുതൽ ശ്രദ്ധിക്കുമോ; ക്രൈംബ്രാഞ്ചിനെ ഉപയോഗിച്ച് എന്തൊക്കെ കാര്യങ്ങളാണ് എക്സൈസ് വകുപ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതും വിശദമായ പരിശോധന നടത്തിയതിലൂടെയുള്ള അനുഭവങ്ങളുമാണ് ഞാൻ ഇവിടെ വ്യക്തമാക്കിയത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ മുന്നിൽ വരുന്ന ഏതൊരു പരാതിയും അഭിപ്രായവും വളരെ ഗൗരവത്തോടുകൂടി പരിഗണിക്കുന്നതിനും ആവശ്യമായ പരിശോധനകൾ നടത്തുന്നതിനും തയ്യാറാണ്. കേരളത്തിലെ സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുകയാണ് വേണ്ടത്, അല്ലാതെ ജനങ്ങളുടെയിടയിൽ വെറുതെ ഭയപ്പെടുത്തുന്ന നിലയിലുള്ള നിലപാടോ സമീപനങ്ങളോ സ്വീകരിക്കാൻ പാടില്ല. വരുന്ന വസ്തുതകൾ അതുപോലെ പരിശോധിച്ച് യാഥാർത്ഥ്യം എന്താണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ശ്രമമാണ് നടത്തേണ്ടത്. ആ ഉത്തരവാദിത്വമാണ് ഗവൺമെന്റ് ഇവിടെ നിർവ്വഹിക്കാൻ ശ്രമിക്കുന്നത്. എക്സൈസ് വകുപ്പിലെ പ്രധാനപ്പെട്ട കേസ്സുകളിന്മേൽ അന്വേഷണം നടത്തുകയെന്നത് ലക്ഷ്യം വച്ചുകൊണ്ടാണ് ക്രൈംബ്രാഞ്ച് രൂപീകരിച്ചത്. സംസ്ഥാനത്ത് ഇതിനോടകംതന്നെ ഗവൺമെന്റ് തീരുമാനപ്രകാരം ക്രൈംബ്രാഞ്ച് രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ആസ്ഥാനം എറണാകുളത്താണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. NDPS അടക്കമുള്ള കേസ്സുകളുടെ അന്വേഷണച്ചുമതല

ക്രൈംബ്രാഞ്ചിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ള സാധ്യമായ മേഖലകളിലേയ്ക്ക് ക്രൈംബ്രാഞ്ചിന്റെ പരിശോധനയും അന്വേഷണവും വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ക്രൈംബ്രാഞ്ചിന്റെ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തണം, അതിന്റെ അംഗബലവും മറ്റ് സംവിധാനങ്ങളും ശക്തിപ്പെടുത്തണം. ഇതെല്ലാം ഒത്തുചേരുമ്പോഴാണ് പ്രതീക്ഷയ്ക്കനുസരിച്ച് ഈ സംവിധാനം പ്രവർത്തിപ്പിക്കാനാകുന്നത്. ആ ലക്ഷ്യം വച്ചുകൊണ്ടു തന്നെയാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നത്.

## (2) കായികാദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാനത്തെ കായിക അദ്ധ്യാപകർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിനുവേണ്ടി സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. കായികാദ്ധ്യാപകരുടെ ശമ്പള തുല്യതാപ്രശ്നം പരിഹരിക്കുക, യു.പി., എച്ച്.എസ്.എസ്. തസ്തിക നിർണ്ണയത്തിന്റെ മാനദണ്ഡം കുറയ്ക്കുക എന്നിവ ഉൾപ്പെടെയുള്ള പ്രധാന ആവശ്യങ്ങളിന്മേൽ സർക്കാരിന്റെ തീരുമാനം ലഭിക്കുന്നതിനുവേണ്ടിയാണ് ഇവർ സമരം ചെയ്യുന്നത്. സംസ്ഥാനത്തെ 5306 എച്ച്.എസ്.എസ്., യു.പി. സ്കൂളുകളിലായി 2034 അദ്ധ്യാപകർ മാത്രമാണുള്ളത്. ഇപ്പോൾ 500 കുട്ടികൾക്ക് ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപകൻ എന്ന അനുപാതം തിരുത്തി യു.പി. വിഭാഗത്തിൽ 200 കുട്ടികൾക്ക് ഒരു കായികാദ്ധ്യാപകൻ എന്ന നിലയിലേയ്ക്ക് ഇതിന്റെ പുനർനിർണ്ണയം നടത്തണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഹയർസെക്കണ്ടറി വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തികയില്ല. യുക്തമായ അനുപാതം നിശ്ചയിച്ച് ഹയർ സെക്കണ്ടറി വിഭാഗത്തിലും കായികാദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം. എച്ച്.എസ്.എസ്. വിഭാഗത്തിൽ പത്താം ക്ലാസ് പരിഗണിച്ച് തസ്തിക നിർണ്ണയിക്കുന്നതിനുവേണ്ട തീരുമാനമെടുക്കണം. സ്പെഷ്യലിസ്റ്റ് വിഭാഗം എന്നതുമാറ്റി ജനറൽ അദ്ധ്യാപകർ എന്നാക്കണമെന്നുള്ളതാണ് മറ്റൊരാവശ്യം. അങ്ങേയ്ക്ക് ഇതിന്റെ ബാക്കി സാരാംശങ്ങൾ അറിയാമെന്നുള്ളതു കൊണ്ട് വിശദീകരിക്കുന്നില്ല. കായികാദ്ധ്യാപകരുടെ സമരം നിലനിൽക്കുന്നതു മൂലം കേരളത്തിന്റെ കായിക മികവിന് കളങ്കമുണ്ടാക്കുന്ന നിരവധി സംഭവങ്ങൾ ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. പാലായിൽ നടന്ന സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിനിടെ ഹാമർ തലയിൽ വീണ് അഫീൽ ജോൺസൺ മരിച്ച

സംഭവം നമ്മുടെ മുമ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ദുഃഖാനുഭവമായി നിൽക്കുകയാണ്. ജാവലിൻ ത്രോയിലും ഹാമർ ത്രോയിലും ഒരേസമയം വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങളില്ലാതെ നടത്തുന്ന നടപടിയാണ് ഇതുപോലുള്ള അപകടം ക്ഷണിച്ചുവരുത്തിയത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇത് നടത്തിപ്പുകാരുടെ വീഴ്ച തന്നെയാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അപകട മരണത്തിനുശേഷം ആ കുട്ടിയുടെ കാൾലിസ്റ്റ് മായ്ച്ചുകളയുന്നതിനുവേണ്ടി ശ്രമം നടത്തി. മാധ്യമങ്ങളിൽ വന്ന വാർത്ത മായ്ച്ചുകളഞ്ഞു എന്നുള്ളതാണ്. റെക്കോർഡ് തിരുത്തുന്നതിനു വേണ്ടി ബോധപൂർവ്വം നടത്തിയ ഒരു ശ്രമമായിട്ടാണ് ഇത് സമൂഹം കാണുന്നത്. ജൂനിയർ അത്‌ലറ്റിക് മീറ്റിൽ വോളണ്ടിയറായി എത്താൻ സംഘാടകർ അഫീൽ ജോൺസനോട് ആവശ്യപ്പെട്ടിരുന്നതായും എന്നാൽ അപകടം നടന്നതിനുശേഷം ആ കുട്ടി വോളണ്ടിയർ അല്ലായിരുന്നുവെന്ന് വരുത്തിത്തീർക്കാൻ തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായി ഫോൺ ലോക്കുതുറന്ന് കാൾലിസ്റ്റ് മായ്ക്കുകയായിരുന്നു എന്നതാണ് സമൂഹത്തിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയം. ഇതുപോലെതന്നെ കിളിമാനൂരിലും മേളയ്ക്കിടയിൽ കുട്ടികൾ തമ്മിൽ ഏറ്റുമുട്ടിയത് മറ്റൊരു പ്രശ്നമായി നിൽക്കുകയാണ്. കായികമേളയിൽ വേണ്ടത്ര ക്രമീകരണം നടത്തുന്നില്ല. നവംബറിൽ നടക്കേണ്ട സംസ്ഥാന കായികമേളയ്ക്ക് മുമ്പായി ഈ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ദേശീയ സ്കൂൾ ഗെയിംസിൽ കേരളം എല്ലാക്കാലത്തും ഗോൾഡ് മെഡലും അതോടൊപ്പം ട്രോഫികളും നേടാറുണ്ടെങ്കിലും അതിനാവശ്യമായ ട്രെയിനിംഗ് കുട്ടികൾക്ക് ലഭിക്കുന്നില്ല എന്നത് പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിലെ ട്രാക്കുകളും സംവിധാനങ്ങളുമെല്ലാം ഒട്ടും യോഗ്യതാപൂർണ്ണമല്ല എന്ന നില മാറിവന്നത് നാഷണൽ ഗെയിംസ് വന്നതിനുശേഷമാണെന്ന് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിക്കറിയാം. 1200 കോടി രൂപയുടെ നാഷണൽ ഗെയിംസ് സ്റ്റേഡിയങ്ങളും അനുബന്ധ വികസനങ്ങളുമാണ് നടന്നത്. ഇവിടെ കുട്ടികൾക്ക് ചെറുപ്പത്തിൽത്തന്നെ നല്ല ട്രെയിനിംഗ് ലഭിക്കണം. 'Catch them young' എന്നതാണ് സ്പോർട്സ് രംഗത്ത് വിദഗ്ദ്ധരായ ആളുകൾ കണ്ടെത്തിയിട്ടുള്ള ഒരു നടപടി. അവർക്ക് കിട്ടുന്ന സാദ്ധ്യത ഇല്ലാതാകുകയാണ്. സ്കൂളുകളിൽ തയ്യൽ ടീച്ചറെയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും നിയമിക്കുന്നതുപോലെ കായികാദ്ധ്യാപകരെയും നിയമിക്കാൻ തീരുമാനിച്ചാൽ അതിന്റെ ഫലം കുട്ടികൾക്ക് ലഭിക്കും. അതുകൊണ്ട് ഇതൊരു സ്പെഷ്യൽ കേസായി

പരിഗണിക്കണം. ഇന്ത്യയിൽ കേരളമാണ് എല്ലാ കാര്യത്തിലും മുൻപന്തിയിൽ നിൽക്കുന്നത്. സ്പോർട്സ്, ഗെയിംസ് എന്നീ മേഖലകളിൽ കേരളം ഇന്ത്യയ്ക്ക് വഴികാട്ടിയാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. കേരളത്തിന് കിട്ടിയ മെഡലുകൾ നോക്കിയാലും കേരളത്തിന്റെ അഭിമാനപാത്രങ്ങളായ വിദഗ്ദ്ധരായ കായിക താരങ്ങളെ നോക്കിയാലും ഇവരെല്ലാം സ്കൂൾ ഗെയിംസ് വഴി ഉയർന്നു വന്നിട്ടുള്ളതാണെന്ന് കാണാൻ കഴിയും. ഇന്നത്തെ അവസ്ഥയനുസരിച്ച് അവരുടെ വളർച്ച മുരടിച്ചുപോകുന്ന സാഹചര്യമുണ്ടാകരുത്. കേരളത്തിൽ അവർക്ക് മതിയായ ട്രെയിനിംഗ് കൊടുക്കുന്നതിന് സൗകര്യമില്ലാത്തതുകൊണ്ട് ഒരു സ്റ്റേജ് എത്തിക്കഴിയുമ്പോൾ അവരെ വിദേശത്തേക്കയച്ച് ട്രെയിനിംഗ് നൽകുന്നതിനുവേണ്ടി ശ്രമിക്കുകയോ അല്ലെങ്കിൽ വിദേശ ട്രെയിനികളെ ഇവിടെ കൊണ്ടുവരികയോ ആണ് ചെയ്യുന്നത്. കേരളം പണ്ട് നിന്നയിടത്തുതന്നെ നിൽക്കുകയാണ്. കെട്ടിയ കുറ്റിയിൽത്തന്നെ നിന്ന് വട്ടം കറങ്ങുകയാണ് നമ്മുടെ സ്കൂൾ ഗെയിംസ്. അത് മാറണം. ഇക്കാര്യത്തിൽ പുതിയ കാഴ്ചപ്പാടും ഉയർന്ന ചിന്തയും ഉണ്ടാകണം. കേരളത്തിലെ കുട്ടികളെ സംരക്ഷിക്കത്തക്ക വിധത്തിൽ സ്കൂളിൽ വച്ചുതന്നെ നല്ല ട്രെയിനിംഗ് നൽകുന്നതിനുവേണ്ടി കായികാദ്ധ്യാപകരുടെ സേവനംകൂടി വിനിയോഗിച്ച് അവർക്ക് കൂടുതൽ സൗകര്യം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, കെ.ഇ.ആർ. അദ്ധ്യായം-23 ചട്ടം (3) പ്രകാരം കായികാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതേ അദ്ധ്യായത്തിലെ ചട്ടം 6 ബി (എ), ചട്ടം 6(4) എന്നിവ പ്രകാരമാണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം നടന്നുവരുന്നത്. ആയതുപ്രകാരം അഞ്ഞൂറോ അതിൽ കൂടുതലോ കുട്ടികളുണ്ടെങ്കിൽ യു.പി. വിഭാഗത്തിലും ആഴ്ചയിൽ 5 പിരീഡെങ്കിലും ഉണ്ടെങ്കിൽ ഹൈസ്കൂളിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിച്ചുവരുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറഞ്ഞതിന്റെ ഭാഗമായി പല സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും പല സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെയും ക്ലബ് ചെയ്ത് നിലനിർത്തേണ്ട സാഹചര്യം വരികയുമുണ്ടായി. ഇത് നേരത്തെയുണ്ടായ പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ അദ്ധ്യാപക തസ്തിക അനുവദിക്കാനും നിലനിൽക്കുന്നവരെ നിലനിർത്താനും സാധിക്കാതെവന്ന സാഹചര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ

വന്നശേഷമുള്ള 7-9-2017-ലെ ഉത്തരവ് പ്രകാരം 2017-18 അദ്ധ്യയനവർഷം തസ്തിക നഷ്ടംമൂലം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ പുറത്തുപോകുന്നത് ഒഴിവാക്കാനായി യു.പി. വിഭാഗത്തിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കേരളത്തിലാദ്യമായി 1:300 ആയി പുനഃക്രമീകരിച്ച് ഉത്തരവായി. അതോടൊപ്പം യു.പി. വിഭാഗത്തിൽ ടി അനുപാതം കണക്കാക്കുമ്പോൾ തസ്തിക നഷ്ടപ്പെടുന്നവരുണ്ടെങ്കിൽ അവരെ പ്രസ്തുത സ്കൂളിലെ എൽ.പി. വിഭാഗംകൂടി കണക്കിലെടുത്ത് സംരക്ഷണം നൽകാനും ഉത്തരവായിട്ടുണ്ട്. വിവിധ തരത്തിൽ, എങ്ങനെയൊക്കെ അവരെ അവിടെ നിലനിർത്താമെന്നതിനുള്ള എല്ലാ സാദ്ധ്യതകളും ചെയ്തിരിക്കുകയാണ്. ഹൈസ്കൂൾ വിഭാഗം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സംരക്ഷണത്തിന് പത്താം ക്ലാസ്സിലെ പിരീഡുകളുടെ എണ്ണംകൂടി പരിഗണിക്കാനും യു.പി. വിഭാഗം കൂടിയുള്ള ഹൈസ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പ്രസ്തുത സ്കൂളിലെ യു.പി. വിഭാഗത്തിൽക്കൂടി ക്ലബ്ബ് ചെയ്ത് സംരക്ഷിക്കാനും ഉത്തരവായി. തുടർന്ന്, സർക്കാർ 23-7-2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ ആനുകൂല്യം 2018-19, 2019-20 വർഷത്തേയ്ക്ക് ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സർവ്വീസിലുള്ള മുഴുവൻ കായിക അദ്ധ്യാപകർക്കും സംരക്ഷണം നൽകിയിട്ടുണ്ട്. നിലവിലുള്ള അദ്ധ്യാപകരുടെ ജോലിക്ക് ഒരു പ്രശ്നവുമില്ല, അവർക്ക് പൂർണ്ണ സംരക്ഷണം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം കായികാദ്ധ്യാപകരുടെ മറ്റ് ചില ആവശ്യങ്ങളെയും ആനുകൂല്യങ്ങളെയുംപറ്റി പറഞ്ഞിരുന്നു. അത്തരത്തിലുള്ള നിരവധി ആവശ്യങ്ങൾ അവരും ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യങ്ങൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ 15-6-2019, 17-7-2019 എന്നീ തീയതികളിൽ കായികാദ്ധ്യാപക സംഘടനകളും മറ്റ് അദ്ധ്യാപക സംഘടനകളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ലഭ്യമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. നേരത്തെ അങ്ങ് പറഞ്ഞ പല പ്രശ്നങ്ങളും വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തിയ പദ്ധതിയോ പരിപാടികളോ അല്ല, അതിന് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്. എങ്കിലും അതെല്ലാം ഒരു പാഠമായി എടുക്കുന്നു. മറ്റൊരു കാര്യം പറഞ്ഞത്, കെട്ടിയ കുറ്റിയിൽ കേരളം തിരിയുന്നുവെന്നാണ്, അങ്ങനെയല്ല ചെയ്യുന്നത്. വിദ്യാഭ്യാസ രംഗത്ത് പൊതുവിൽ ഇന്ത്യയുടെ ചരിത്രത്തിൽത്തന്നെ ഏറ്റവും കൂടുതൽ പോയിന്റ് നേടിയാണ് കേരളം ഒന്നാം സ്ഥാനത്തെത്തിയത്. അതുപോലെ കായിക-ശാസ്ത്ര രംഗങ്ങളിൽ വലിയ നേട്ടങ്ങളാണ് കേരളം കൈവരിച്ചു കൊണ്ടിരിക്കുന്നത്. എങ്കിലും ഇനിയും നമ്മൾ മുന്നേറേണ്ടതായിട്ടുണ്ട്. 'ടാലന്റ് ലാബ്' എന്ന സങ്കൽപ്പം കേരളത്തിൽ, ഒരുപക്ഷെ

നമ്മുടെ രാജ്യത്തുതന്നെ ആദ്യമായിട്ടാണ് ഇങ്ങനെയൊരു ആശയം introduce ചെയ്തിരിക്കുന്നത്. ഒരു കുട്ടിയുടെ പ്രതിഭ അളക്കുന്ന രീതിയാണ് 'ടാലന്റ് ലാബ്' കൊണ്ടുദ്ദേശിക്കുന്നത്. കൊച്ചു കുട്ടികളിലെ സർഗ്ഗശേഷിയും കായികശേഷിയും അക്കാദമിക മികവും പ്രത്യേകമായി തിരിച്ചറിഞ്ഞ് 'ചൈൽഡ് സെന്റേർഡ് എഡ്യൂക്കേഷൻ' എന്ന സങ്കൽപ്പം വികസിപ്പിച്ച് ഏറ്റവും ചെറുപ്രായത്തിൽത്തന്നെ ആ കുട്ടിയുടെ കായികശേഷി തിരിച്ചറിഞ്ഞ് വളർത്താനുള്ള ശ്രമം നടക്കുന്നുണ്ട്. അതുമാത്രമല്ല, കണ്ണൂരിൽ കായികോത്സവം നടക്കാൻ പോകുകയാണ്, അതിനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. അത്തരത്തിലുള്ള കായികോത്സവത്തിനുശേഷം കായിക വകുപ്പുമായി സഹകരിച്ച് അതിൽനിന്നും കണ്ടെത്തുന്ന പ്രതിഭകൾക്ക് കൂടുതൽ പരിശീലനം നൽകി അവരെ കായിക താരങ്ങളാക്കി വളർത്താനുള്ള നടപടിയാണ് നടന്നുവരുന്നത്. ഇന്നലെ ശാസ്ത്രോത്സവം നടന്നു. കേരളത്തിൽ ആദ്യമായി അതിൽനിന്നും മുപ്പത് പ്രതിഭകളെ കണ്ടെത്തി, അതിൽ ഭാവിയിൽ ശാസ്ത്രജ്ഞരാകാൻ കഴിവുള്ളവർക്കുള്ള തുടർപരിശീലനവും അവർക്കുള്ള ഇൻപുട്ടും നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. അങ്ങനെ ലോകത്ത് ഏറ്റവും നല്ല പ്രതിഭകളെ വളർത്തിയെടുക്കാനുള്ള ശ്രമമാണ് വിദ്യാഭ്യാസ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിൽ അങ്ങ് പറഞ്ഞ സാങ്കേതിക വശത്തെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. പക്ഷെ സ്പോർട്സിനെ സാങ്കേതികമായി നോക്കാതെ, ഈ രംഗത്ത് വളർന്നുവരാൻ കഴിയുന്ന ആളുകൾക്ക് മാക്സിമം സപ്പോർട്ട് നൽകാൻ സാധിക്കണം. അതിനായി വിദ്യാഭ്യാസ വകുപ്പും കായിക വകുപ്പും യോജിച്ച് സ്കൂൾ കുട്ടികളെ ഉന്നത തലത്തിലേയ്ക്ക് ഉയർന്നുപോകാൻ സാധിക്കത്തക്കവിധത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗം ആരായുമോ? കേരളത്തിൽ അതിനുള്ള ചില സൗകര്യങ്ങൾ കായിക വകുപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. പക്ഷെ ഈ സ്കൂളുകളിൽനിന്നും വരുന്ന കുട്ടികൾക്ക് ഇതിന്റെ തുടർപ്രവർത്തനം മുന്നോട്ട് പോകുന്നതിനുവേണ്ടി രണ്ട് വകുപ്പുകളും യോജിച്ച് പ്രോത്സാഹനം നൽകുന്നതിനുള്ള നടപടിയുണ്ടാകുമോ; നവംബറിൽ സംസ്ഥാന കായികമേള നടക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. ഞാൻ ഉന്നയിച്ച കാര്യങ്ങൾക്ക് ഈ കായിക മേളയ്ക്കുമുമ്പുതന്നെ ഒരു പരിഹാരമുണ്ടാക്കുന്നതിന് നടപടിയെടുക്കുമോ? ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ അഭിപ്രായമെന്താണ്?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കായികോത്സവം അടുത്ത മാസം 16, 17, 18 തീയതികളിൽ കണ്ണൂരിൽ വച്ച് നടക്കുകയാണ്. ഒരുപക്ഷെ കേരളത്തിൽ ഇതുവരെ നടന്നിട്ടുള്ളതിൽ നല്ലൊരു കായികോത്സവമായി മാറാനുള്ള സാധ്യതയുണ്ട്. അതിന്റെ എല്ലാ പശ്ചാത്തല സൗകര്യങ്ങളും വിദ്യാഭ്യാസ വകുപ്പും കണ്ണൂർ ജില്ലയിലുള്ള അതിന്റെ സ്വാഗത സംഘവും ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിൽനിന്നും നമ്മൾ കണ്ടെത്തുന്ന പ്രതിഭകളെ കായിക വകുപ്പിന്റെകൂടി സഹായത്തോടെ ലഭ്യമായ എല്ലാ സാധ്യതകളും ഉപയോഗിച്ച് പരമാവധി പരിശീലനം നൽകി, നല്ല കായിക താരങ്ങളായി വളർത്തും. ആ രംഗത്ത് കായിക വകുപ്പും വിദ്യാഭ്യാസ വകുപ്പും ഒറ്റവകുപ്പിനെപ്പോലെ ഉദ്ഗ്രഥിക്കപ്പെട്ട് ലയിച്ചുചേർന്ന് പ്രവർത്തിക്കുമെന്ന കാര്യം ഞാൻ ഉറപ്പുനൽകുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ശരിയായ നിരീക്ഷണം തന്നെയാണ്. ഭാവിയിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകാനായി വിദ്യാലയങ്ങളിൽ പരിശീലകരെ നിശ്ചയിക്കാൻ കഴിയുന്ന കാര്യം തീർച്ചയായും പരിഗണിക്കപ്പെടേണ്ടതാണ്. അടുത്ത വർഷംമുതൽ സ്കൂളുകളിൽ യോഗ പരിശീലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പം കായിക വകുപ്പ് കേരളത്തിലെ കുട്ടികൾക്ക്-പരിശീലനത്തിനായുള്ള ചെലവുകൾക്ക് പ്രത്യേകമായി സ്കോളർഷിപ്പ് നൽകുന്നുണ്ട്. ആ തുക ഇപ്പോൾ വിദ്യാലയങ്ങളുടെ പേരിലാണ് നൽകിക്കൊണ്ടിരിക്കുന്നത്. കുട്ടികളെ വേണ്ടത്ര പരിഗണിക്കുന്നില്ലെന്നുള്ള പരാതികൂടി കണക്കിലെടുത്ത് പ്രസ്തുത സ്കോളർഷിപ്പ് തുക, 2020 ജനുവരി 1-ാം തീയതി മുതൽ കുട്ടികളുടെ അക്കൗണ്ടുകളിലേയ്ക്ക് തന്നെ നേരിട്ട് നൽകുന്നതാണ്. അങ്ങനെ വരുമ്പോൾ കുട്ടികൾക്ക് വളരെ ആശ്വാസമായിരിക്കും. അവർക്ക് പോഷകസമൃദ്ധമായ ആഹാരം കഴിച്ച് കൂടുതൽ പ്രയത്നിക്കാനും പരിശീലനം നേടാനും കഴിയും. അതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പും കായിക വകുപ്പും ഈ രംഗത്ത് പരസ്പരം ചർച്ചചെയ്ത് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

## IV സബ്മിഷൻ

### (1) <u>ദേശീയപാത 766-ലെ യാത്രാനിരോധനം</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, കോഴിക്കോട്-കൊല്ലഗൽ ദേശീയ പാതയിൽ രാത്രിയാത്രാ നിരോധനത്തിന് പുറമെ പകലും യാത്ര നിരോധിക്കണമെന്ന രീതിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്ര ഗവൺമെന്റിനോട് അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇതുസംബന്ധിച്ച് വലിയ

പ്രക്ഷോഭമാണ് വയനാട്ടിൽ ഉയർന്നുവന്നിരുന്നത്. രണ്ട് ലക്ഷത്തിലധികം ആൾക്കാർ നിരന്തരമായി പങ്കെടുത്തിട്ടുള്ള പ്രക്ഷോഭമാണ് നടന്നത്. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും വയനാട്ടിലെ 3 എം.എൽ.എ.-മാരും ചേർന്ന് ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് അവിടെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. പ്രകാശ് ജാവ്ദേക്കറുമായി സംസാരിക്കുകയും അദ്ദേഹമൊരു വിദഗ്ദ്ധസമിതി രൂപീകരിച്ച് പരിശോധന നടത്തുമെന്ന് അറിയിച്ചെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഇക്കാര്യത്തിൽ കർണ്ണാടക ഗവൺമെന്റിന്റെ അഭിപ്രായവും വളരെ പ്രധാനപ്പെട്ടതാണ്. കേരള ഗവൺമെന്റ് എലവേറ്റഡ് ഹൈവേയുൾപ്പെടെയുള്ള ബദൽ നിർദ്ദേശങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. വളരെ അനുകൂലമായ നിലപാടാണ് കേരളാ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ കർണ്ണാടക ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അനുകൂലനിലപാടും യോജിച്ച അഭിപ്രായവും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി കേരള ഗവൺമെന്റ് സ്വീകരിക്കുന്നതോടൊപ്പം കൂടുതൽ സമ്മർദ്ദം ചെലുത്തി കർണ്ണാടക ഗവൺമെന്റുമായി ഇക്കാര്യം ചർച്ച ചെയ്യാനും കേന്ദ്ര ഗവൺമെന്റിൽ ഇപ്പോൾ നടത്തിയ സമ്മർദ്ദത്തോടൊപ്പം കൂടുതൽ ശക്തമായ രീതിയിലുള്ള ഇടപെടൽ നടത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ദേശീയപാത 766-ലൂടെയുള്ള രാത്രികാല യാത്രാനിരോധനം സംബന്ധിച്ച് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിൽ കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് രാത്രിയാത്ര പുനഃസ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. എലവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങളാണ് കമ്മിറ്റി സമർപ്പിച്ചത്. പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾക്ക് ഏകദേശം 500 കോടി രൂപ ചെലവ് കണക്കാക്കിയിരുന്നു. ചെലവിന്റെ 50 ശതമാനം വഹിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് അറിയിക്കുകയും നടപ്പുവർഷത്തെ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഈ നിർദ്ദേശത്തെ എതിർക്കുകയും തുടർന്ന് അറ്റോർണി ജനറലിന്റെ നിർദ്ദേശപ്രകാരം കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു സെക്രട്ടറിതല സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം കർണ്ണാടക സർക്കാരിന്റെയും കേരളത്തിന്റെയും കേന്ദ്ര ഗതാഗത സെക്രട്ടറിയുടെയും നിർദ്ദേശങ്ങളെ ശക്തമായി എതിർക്കുന്ന നിലപാടാണ് സ്വീകരിച്ചത്. തുടർന്ന് കമ്മിറ്റി നിലവിലുള്ള രാത്രി യാത്രാനിരോധനം തുടരുന്നതിനും സംസ്ഥാന പാത 90-ഉം ദേശീയ പാത 275-ഉം

സംയോജിപ്പിച്ചുകൊണ്ട് പുതിയ ദേശീയ പാത വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുകയും ഇതിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അഭിപ്രായം തേടിയിരിക്കുകയുമാണ്. എലവേറ്റഡ് ഹൈവേ നിർമ്മിക്കാമെന്ന നിർദ്ദേശം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രിക്ക് കത്തയച്ചെങ്കിലും ബദൽ റൂട്ട് എന്ന നിലപാടാണ് കേന്ദ്രം ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. വയനാടിന്റെ ജീവനാഡിയായ ദേശീയ പാത-766 അടച്ചുപൂട്ടുന്നത് ജില്ലയുടെ ടൂറിസം മേഖലയെയും ജനങ്ങളുടെ ജീവനോപാധികളെയും ഉത്തര കേരളത്തിന്റെ മറ്റു ഭാഗങ്ങളെയും സാരമായി ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി കേന്ദ്രത്തിന് വീണ്ടും നിവേദനം സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

12.00 Noon]

## (2) സ്ഥലമെടുപ്പ് പാക്കേജ്

ശ്രീ. എസ്. ശർമ്മ: സർ, വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിന് അനുബന്ധമായി മെയിൻ റോഡ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എറണാകുളം ജില്ലയിലെ കടമക്കുടി, ചേരാനെല്ലൂർ, ഏലൂർ നോർത്ത്, ഇടപ്പള്ളി സൗത്ത്, ഇടപ്പള്ളി എന്നീ വില്ലേജുകളിൽപ്പെട്ട ഭൂമി ഏറ്റെടുത്തിരുന്നു. ആകെ എഴുന്നൂറോളം പേരുടെ സ്ഥലമാണ് ഇത്തരത്തിൽ ഏറ്റെടുത്തിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരം 315 കുടുംബങ്ങൾ ഇത് അംഗീകരിച്ചിരുന്നു. എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കപ്പെട്ടവരിൽ ചിലർ പിന്നീട് ഡി.എൽ.പി.സി. പ്രകാരമുള്ള നഷ്ടപരിഹാരം കൈപ്പറ്റുന്നതിന് സന്നദ്ധത അറിയിച്ചിരുന്നു. മൂലമ്പിള്ളി, വടുതല, കോതാട്, മുളവുകാട്, തുതിയൂർ എന്നിവിടങ്ങളിലാണ് പുനരധിവാസത്തിന് ഭൂമി കണ്ടെത്തിയത്. നഷ്ടപരിഹാരത്തിന്റെ ഭാഗമായി 4 സെന്റ് ഭൂമിയും വിട്ടുനൽകുന്ന അധിക ഭൂമിക്കുള്ള വിലയും ഷിഫ്റ്റിംഗ് ചാർജ്ജ് ഇനത്തിൽ 10,000 രൂപയും പുതിയ വീടിന്റെ ബിൽഡിംഗ് പെർമിറ്റും ഹാജരാക്കുന്ന മുറയ്ക്ക് പൈലിംഗ് ചാർജ്ജ് ഇനത്തിൽ 75,000 രൂപയും പ്രതിമാസം 5,000 രൂപ വീട്ടുവാടകയും നിശ്ചയിച്ചിരുന്നു. പുനരധിവാസത്തിനുള്ള സ്ഥലത്ത് വെള്ളം, വൈദ്യുതി, റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഒരുക്കിക്കൊടുക്കുന്നതുവരെയാണ് വീട്ടുവാടക നിശ്ചയിച്ചത്. ഇത് യഥാസമയം തുടർന്ന് നടത്തുന്നതായി കാണുന്നില്ല. എന്നാൽ പാക്കേജിന്റെ ഭാഗമായി കുടിയിറക്കപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന് സർക്കാർ നിർദ്ദേശം നൽകുകയും ഇത് എഗ്രിമെന്റിന്റെ ഭാഗമായി അംഗീകരിക്കുകയും ചെയ്തിരുന്നു.

ഇക്കാര്യത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തികച്ചും നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും കർശനമായ തുടർനടപടി അനിവാര്യമായി വന്നിരിക്കുകയാണ്.

അതുപോലെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, പുനരധിവാസത്തിനുള്ള ഭൂമി സംബന്ധിച്ചാണ്. വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ വീട് നിർമ്മിക്കാനാകാത്ത സാഹചര്യം രൂപപ്പെട്ടിട്ടുണ്ട്. പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള ചില വീടുകളിൽ വിള്ളൽ വീണിട്ടുള്ളതായി കാണാൻ കഴിയും. നിലവിൽ അനുവദിക്കപ്പെട്ട സ്ഥലത്ത് ആകെ 315 കുടുംബങ്ങളിൽ 42 കുടുംബങ്ങൾ മാത്രമാണ് വീട് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം വെള്ളക്കെട്ട് നികത്തിയെടുത്ത പ്രദേശമാണെന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 28-10-2008-ൽ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ചെളിയും മണ്ണും ഇടകലർന്ന സ്ഥലമായതിനാൽ വീടുകളുടെ അടിത്തറ നിർമ്മിക്കുന്നതിന് കോക്കനട്ട് പൈലിംഗ് ആവശ്യമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതേസമയം, ഈ മേഖലയിൽ വീട് നിർമ്മിക്കുന്നതിന് CRZ-ന്റെ അനുമതി വേണമെന്നുള്ള ആവശ്യവും ഉയർന്നുവന്നിരിക്കുകയാണ്. നാടിന്റെ വികസനത്തിനുവേണ്ടി ജനിച്ചുവളർന്ന വീടും ഭൂമിയും തൊഴിലിടവും വിട്ടുതരാൻ സന്നദ്ധരായവർക്ക് അർഹമായ പരിഗണന നൽകണമെന്നുള്ളത് അത്യാവശ്യമാണ്. നിലവിലെ വെള്ളക്കെട്ടുമൂലം വീട് നിർമ്മിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യം പ്രത്യേകമായി പരിഗണിച്ചും അവിടെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുറ്റിവല പറിച്ചുനീക്കിയ സാഹചര്യം കണക്കിലെടുത്തുകൊണ്ടും പുനരധിവാസ ഭൂമി ഉപയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. പോർട്ട് ട്രസ്റ്റുമായി ചർച്ച ചെയ്തുകൊണ്ട് മൂലമ്പിള്ളി പാക്കേജിന്റെ ഭാഗമായി കുടിയിറക്കപ്പെട്ട കുടുംബത്തിലെ അംഗത്തിന് ജോലിസാധ്യത ഉറപ്പാക്കണമെന്നും മത്സ്യത്തൊഴിലാളികളുടെ കുറ്റിവല നീക്കം ചെയ്തതിന് നഷ്ടപരിഹാരം നൽകണമെന്നും സർക്കാരിനോട് ആവശ്യപ്പെടുകയാണ്. ഇതൊരു പ്രശ്നമായി സമൂഹത്തിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നതിനാലും കാലദേശ-പരിതസ്ഥിതികളും മാധ്യമങ്ങളിലൂടെ വാർത്തകൾ വരുന്നതുമെല്ലാം പരിഗണിച്ച് റവന്യൂ വകുപ്പ് സെക്രട്ടറി ഹൈ-ലെവൽ ഓഫീസറെ ചുമതലപ്പെടുത്തി ഈ പാക്കേജ് നടപ്പാക്കുന്നതിലെ തടസ്സങ്ങൾ ഒഴിവാക്കി അടിസ്ഥാനപരമായി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എസ്. ശർമ്മ ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അദ്ദേഹത്തിന് നല്ലതുപോലെ അറിയാവുന്നതാണ്. 2008-ലെ കരാറിനെ തുടർന്നുള്ള നടപടികളാണ് ഇതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ഐ.സി.ടി.ടി. വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് 19-3-2008-ലെ സ.ഉ.(എം.എസ്.)നം.62/2008/ ആർ.ഡി. പ്രകാരം ന്യായമായ ഒരു പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത പാക്കേജ് പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് 5 സെന്റ് ഭൂമിവരെ നഷ്ടപ്പെടുന്ന അവസരത്തിൽ 5 സെന്റും 5 സെന്റിന് മുകളിലോട്ട് ഭൂമി നഷ്ടപ്പെടുന്നവർക്ക് 6 സെന്റും നൽകേണ്ടതാണെന്നും വീട് നഷ്ടപ്പെടുന്നവർക്ക് വീട് വാടകയ്ക്കായി 50,000 രൂപ വരെയുള്ള തുകയും പ്രാഥമിക ചെലവുകൾക്കായി 10,000 രൂപയും നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കൂടാതെ അപ്രകാരം നൽകുന്ന ഭൂമി വാസയോഗ്യമാക്കുന്നതിനും വാടകയ്ക്കായി 50,000 രൂപ വരെ നൽകുന്നതിനും പ്രാഥമിക ചെലവുകൾക്കായി 10,000 രൂപ വീതം നൽകുന്നതിനും വേണ്ടിവരുന്ന ചെലവ് കണ്ടിജൻസി ഫണ്ടിൽനിന്നും താൽക്കാലികമായി ചെലവിടണമെന്നും അതിനുശേഷം പോർട്ട് ട്രസ്റ്റിൽനിന്ന് ലഭ്യമാക്കണമെന്നമാണ് വ്യവസ്ഥ ചെയ്തിരുന്നത്. അതനുസരിച്ചുള്ള ഫണ്ട് പിന്നീട് പോർട്ട് ട്രസ്റ്റിനുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിച്ച കുടുംബങ്ങളുടെ പുനരധിവാസ പാക്കേജ് പ്രകാരം ആകെ 315 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ച് പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്. ഇതിൽ വടുതല, കാക്കനാട്, തുതിയൂർ, മുളവുകാട്, മൂലമ്പിള്ളി, കോതാട് എന്നിവിടങ്ങളിൽ ഭൂമി അനുവദിച്ചവർക്ക് 31-7-2012-ലും വാഴക്കാല, തുതിയൂർ എന്നിവിടങ്ങളിൽ ഭൂമി അനുവദിച്ചവർക്ക് 31-7-2013-ലും തൈക്കാവുകുളം എന്ന സ്ഥലത്ത് ഭൂമി അനുവദിച്ചവർക്ക് 30-9-2013-ലും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ ഒരുക്കിയിട്ടുള്ളതുമാണ്.

23-11-2011-ലെ സ.ഉ.(സാധാ) നമ്പർ 5469/2011/ആർ.ഡി. പ്രകാരം കുടിയൊഴിപ്പിച്ച അർഹതപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലം ഏറ്റെടുത്ത തീയതി മുതൽക്കോ അല്ലെങ്കിൽ 6-2-2008 മുതൽക്കോ 6 മാസക്കാലം വരെ 5,000 രൂപവീതം വാടക നൽകിയിരുന്നു. ആയതനുസരിച്ച് വാടകയിനത്തിൽ നൽകാനുള്ള മുഴുവൻ തുകയും വിതരണം ചെയ്തിട്ടുള്ളതാണ്.

പുനരധിവാസ പാക്കേജിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയിരുന്ന മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-11-2016-ൽ ചേർന്ന യോഗ തീരുമാനപ്രകാരം പുനരാരംഭിക്കുകയും തുടർന്ന് എല്ലാ മാസങ്ങളിലും മീറ്റിംഗ് നടത്തി പുരോഗതി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

പുനരധിവാസ പ്ലോട്ടുകളിൽ അടിസ്ഥാന സൗകര്യം ലഭ്യമായിട്ടില്ലെന്ന് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്ലോട്ടുകളുടെയും നിലവിലെ സ്ഥിതി ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് (കെട്ടിടം) നിർദ്ദേശം നൽകിയതിനെത്തുടർന്ന് വടുതല, മൂലമ്പിള്ളി, കോതാട്, മുളവുകാട് എന്നീ സ്ഥലങ്ങളിലെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൻപ്രകാരം പ്രസ്തുത സ്ഥലങ്ങളിൽ റോഡ്, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം, ഓട നിർമ്മാണം എന്നിവ ലഭ്യമാക്കേണ്ടതായിട്ടുണ്ടെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, പ്രസ്തുത സ്ഥലത്ത് വീടുകൾ നിർമ്മിക്കുന്നതിന് ശക്തമായ പൈൽ ഫൗണ്ടേഷനും ആവശ്യമുള്ളതായി അറിയിച്ചിട്ടുണ്ട്.

തുതിയൂർ പുനരധിവാസ സ്ഥലത്തെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് 28-10-2018-ന് ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത സ്ഥലത്ത് വീട് പണിയുന്നതിന് പൈൽ ഫൗണ്ടേഷൻ വേണ്ടതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പണിത വീടുകൾക്ക് വിള്ളലുകൾ വരാൻ കാരണം കൺസ്ട്രക്ഷൻ ഡിഫക്ടാണെന്നും വീട് താഴ്ന്നത് ശരിയായ കൺസ്ട്രക്ഷൻ അല്ലാത്തതുകൊണ്ടാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൈലിംഗ് ചാർജ്ജിനായി ബിൽഡിംഗ് പെർമിറ്റ് സഹിതം അപേക്ഷ നൽകുന്നവർക്ക് തുക അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ശ്രീമതി കെ. ആർ. രമണിക്ക് വടുതലയിൽ അനുവദിച്ച പ്ലോട്ടിൽ തെങ്ങിൻ കുറ്റി പൈൽ അടിച്ച് കരിങ്കൽ പാക്കിംഗ് നൽകി ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 3,91,726 രൂപയും മണ്ണിട്ട് നികത്തുന്നതിന് 1,05,177 രൂപയും അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇതോടെ ഐ.സി.ടി.ടി. വല്ലാർപാടം പദ്ധതിപ്രകാരം അനുവദിച്ച പുനരധിവാസ പ്ലോട്ടുകളിൽ വെള്ളക്കെട്ടുമൂലമുള്ള പരാതികൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുള്ളതും ആയത് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ അംഗീകരിച്ചിട്ടുള്ളതുമാണ്.

കുടിയൊഴിപ്പിക്കപ്പെട്ട ഓരോ കുടുംബത്തിലെയും ഒരാൾക്ക് യോഗ്യത അനുസരിച്ച് ജോലി നൽകുന്നതിനാവശ്യമായ തുടർനടപടി പോർട്ട് ട്രസ്റ്റ് കൈക്കൊള്ളുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ 19-5-2008-ലെ NMDP/NH-LA/06-C നമ്പർ ഉത്തരവുപ്രകാരം ഒരു വിദേശ സ്ഥാപനവുമായി BOT (Build operate and Transfer) വ്യവസ്ഥയിലുള്ള

പ്രോജക്റ്റ് ആയതിനാൽ ജോലി നൽകാമെന്നുള്ള വ്യവസ്ഥ പാലിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിട്ടുണ്ട്. പാക്കേജ് പ്രകാരം റവന്യൂ വകുപ്പിൽനിന്നും സ്വീകരിക്കേണ്ട നടപടികൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർന്നും സ്വീകരിക്കുന്നതും ആവശ്യമായ തീരുമാനങ്ങളുമായി മുന്നോട്ട് പോകുന്നതുമാണ്.

## (3) ശമ്പള വിതരണം

ശ്രീ. വി. എസ്. ശിവകുമാർ: സർ, അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യമുള്ള ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുക, ഡി.എ. കുടിശ്ശിക അനുവദിക്കുക, കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുക, ജീവനക്കാർക്ക് തടഞ്ഞുവച്ച പ്രൊമോഷനുകൾ അനുവദിക്കുക തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യിലെ ഒരു വിഭാഗം തൊഴിലാളികളുടെ സംഘടനയായ ഐ.എൻ.ടി.യു.സി.യും ഞാൻ പ്രസിഡന്റായുള്ള ഡ്രൈവേഴ്സ് യൂണിയനും സംയുക്തമായി ടി.ഡി.എഫ്. (ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫ്രണ്ട്)-ന്റെ നേതൃത്വത്തിൽ ഇന്ന് സംസ്ഥാന വ്യാപകമായി പണിമുടക്കുകയാണ്. സി.ഐ.ടി.യു., എ.ഐ.ടി.യു.സി. എന്നീ സംഘടനകളിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള 70 ശതമാനം ആളുകളും ഇതിൽ പങ്കെടുക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധി നേരിടുമ്പോഴും നിസ്സംഗത തുടരുന്ന സർക്കാർ നിലപാടിനെതിരെയാണ് എല്ലാ തൊഴിലാളികളും ഈ സമരത്തിൽ പങ്കെടുക്കുന്നത്. ശമ്പളം കിട്ടാൻ എല്ലാ മാസവും സമരം ചെയ്യേണ്ട ഗതികേടിലാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർ. ഇത് ഒരു ഭരണകൂടത്തിന് ഭൂഷണമല്ല. തൊഴിലാളി വർഗ്ഗത്തിന്റെ വക്താക്കളെന്ന് അവകാശപ്പെടുന്ന സി.പി.ഐ.(എം) നേതൃത്വം നൽകുന്ന ഒരു സർക്കാരിന് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ശമ്പളം നിഷേധിക്കുന്നതിൽ എന്ത് ന്യായമാണ് നിരത്താനുള്ളത്? എല്ലാ മാസവും അവസാനത്തെ പ്രവൃത്തിദിവസത്തിലാണ് കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്ക് ശമ്പളം നൽകിവരുന്നത്. ഈ മാസം ഇതുവരെ അവർക്ക് ശമ്പളം കിട്ടിയിട്ടില്ല. കഴിഞ്ഞമാസം 11, 18 തീയതികളിലായി രണ്ടു ഗഡുക്കളായിട്ടാണ് ശമ്പളം നൽകിയത്. അതും പൂർണ്ണമായും നൽകിയിട്ടില്ല. ഈ മാസം അതിലേറെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഉണ്ടാകാൻ പോകുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകിവരുന്ന പ്രതിമാസ ധനസഹായത്തിൽ 5 കോടി രൂപ ഈ മാസം കുറച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുണ്ട്. പ്രതിമാസ ധനസഹായത്തിൽ കഴിഞ്ഞ ജൂൺ മുതൽ 14 കോടി രൂപയുടെ കുറവാണ് സർക്കാർ വരുത്തിയിരിക്കുന്നത്. 20 കോടി രൂപയുടെ പ്രതിമാസ ധനസഹായം

നൽകിയിട്ടും പ്രതിസന്ധി തരണംചെയ്യാൻ കഴിയാതെ കെ.എസ്.ആർ.ടി.സി. കൂടുതൽ പ്രതിസന്ധിയിലായിരിക്കുകയാണ്. ഒക്ടോബർ മാസത്തെ ശമ്പളം 30 ദിവസം വൈകുമെന്നാണ് കെ.എസ്.ആർ.ടി.സി., എം.ഡി. പറയുന്നത്. ഇതുമായി ബന്ധപ്പെട്ട് എം.ഡി.-യുടെ കത്തുണ്ട്. 20 കോടി രൂപയിൽ കുറവ് വരുത്താതെയും അധികമായി 50 കോടി രൂപയും ചേർത്ത് 70 കോടി രൂപ അനുവദിച്ചില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.-യിൽ ഒരു മാസത്തെ ശമ്പളം കുടിശ്ശികയായിമാറും. അതിനാൽ 70 കോടി രൂപ അനുവദിക്കണമെന്ന് ഗവൺമെന്റിനോട് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ കത്തിൽ പറയുന്നുണ്ട്. ഇപ്പോൾ ഒക്ടോബർ മാസത്തെ ശമ്പളം വൈകുമെന്ന് പറയുന്നു. നവംബർ മാസത്തിലെ ശമ്പളം എപ്പോൾ നൽകും? ഒരു മാസത്തെ ശമ്പളം കട്ട് ചെയ്യുന്നതിനുള്ള നീക്കമാണ് ഗവൺമെന്റ് ഇതിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ് മനസ്സിലാകുന്നത്. വേണ്ടത്ര കൂടിയാലോചനകളില്ലാതെ, ചർച്ചകളില്ലാതെ പ്രൊഫ. സുശീൽഖന്ന റിപ്പോർട്ട് നടപ്പിലാക്കിയതാണ് കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ പ്രതിസന്ധിക്ക് പ്രധാന കാരണം. പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്ന 2 വർഷത്തേയ്ക്ക് മറ്റൊരിടത്തുനിന്നും കടം വാങ്ങരുതെന്നും ശമ്പളവും പെൻഷനും നൽകാനുള്ള തുക സർക്കാർ നൽകുമെന്നും ഉറപ്പു നൽകിയിരുന്നു. ആ ഉറപ്പ് പാലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ബാധ്യതയും സർക്കാർ ഏറ്റെടുക്കുമെന്ന് പറഞ്ഞിരുന്നതാണ്. അതേറ്റെടുത്തില്ലെങ്കിൽ പ്രതിസന്ധി അതിരൂക്ഷമാകും. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ നിലനിൽപ്പ് അപകടത്തിലാകുമെന്ന സ്ഥിതിവിശേഷമുണ്ടാകുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുവേണ്ടി ഡെയിലി കളക്ഷനിൽനിന്നും 10 ശതമാനം തുക ട്രഷറിയിൽ നിക്ഷേപിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുണ്ട്. അതിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 41 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നു. ഈ തുക വകമാറ്റാൻ പാടില്ലെന്ന നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം നിക്ഷേപിച്ചിരുന്ന 41 കോടി രൂപ ധനകാര്യവകുപ്പ് വകമാറ്റി ചെലവഴിച്ചു. ഇടിവെട്ടിയവനെ പാമ്പുകടിച്ച സ്ഥിതിയാണ് ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരിക്കുന്നത്. ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. 41 കോടി രൂപ ട്രഷറിയിൽ ഉണ്ടായിരുന്നുവെങ്കിൽ യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അനുമതിയോടുകൂടി ആ തുക ശമ്പളവിതരണത്തിനായി വിനിയോഗിക്കാമായിരുന്നു. ഇപ്പോൾ കെ.എസ്.ആർ.ടി.സി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലാണ് 10 ശതമാനം തുക ഡെപ്പോസിറ്റ് ചെയ്യുന്നത്.

മറ്റൊരു പ്രധാന കാര്യം, 2016-ൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്കരണം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന സമയത്ത് അതിനുള്ള ചർച്ചകൾ ആരംഭിച്ചതാണ്. ഈ

സർക്കാർ അധികാരത്തിൽ വന്ന് മൂന്നര വർഷമായിട്ടും അതിനുള്ള ചർച്ചകൾപോലും നടക്കുന്നില്ല. ശമ്പളപരിഷ്കരണം അടിയന്തരമായി നടപ്പിലാക്കുന്നതിന് വിവിധ യൂണിയനുകളുമായി ആവശ്യമായ ചർച്ചകൾ നടത്തണം. ജീവനക്കാർക്ക് കൊടുക്കാനുള്ള 23 ശതമാനം ഡി.എ. കുടിശ്ശിക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അയ്യായിരത്തോളം ഡ്രൈവർമാർ ഉൾപ്പെടുന്ന സംഘടനയുടെ പ്രസിഡന്റാണ് ഞാൻ. ഡ്രൈവർമാർക്ക് ഈ ഭരണകാലം പീഡനകാലമായി മാറിയിരിക്കുകയാണ്. 8 മണിക്കൂർ ജോലിക്കുപകരം അവരെക്കൊണ്ട് 12 മണിക്കൂർ ജോലി ചെയ്യിപ്പിക്കുകയാണ്. കറക്റ്റഡ് ട്രെയിനിംഗ് സംവിധാനം കെ.എസ്.ആർ.ടി.സി.-യിലുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കറക്റ്റഡ് ട്രെയിനിംഗിന് പോകുന്ന ഡ്രൈവർമാർക്ക് ആ ദിവസത്തെ അറ്റന്റൻസും ശമ്പളവും നൽകാറുണ്ടായിരുന്നു. ഇപ്പോൾ ഇത് രണ്ടും നിഷേധിച്ചിരിക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ഇക്കാര്യങ്ങൾ വളരെ അടിയന്തരമായി നടപ്പിലാക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. മൂന്നര വർഷമായി കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നില്ല. അതെല്ലാം തടഞ്ഞുവച്ചിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്.

ആശ്രിത നിയമനത്തെക്കുറിച്ചാണ് ഇനി സൂചിപ്പിക്കാനുള്ളത്. മൂന്നരവർഷ ക്കാലത്തിനിടയിൽ ഡ്രൈവർമാരുൾപ്പെടെ 284 കെ.എസ്.ആർ.ടി.സി. ജീവനക്കാരാണ് മരണപ്പെട്ടത്. അവരുടെ ആശ്രിതരിൽ ഒരാളിനുപോലും ഇതുവരെ നിയമനം നൽകിയിട്ടില്ല. ഡ്രൈവർമാരും കണ്ടക്ടർമാരും ഉൾപ്പെടെയുള്ള ജീവനക്കാർ എപ്പോഴും അപകടത്തിൽപ്പെടുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിൽ മെഡിക്കൽ ഇൻഷ്വറൻസ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യത്തെക്കുറിച്ച് വളരെ ഗൗരവത്തോടെ ആലോചിക്കണം. മെഡിസെപ് പോലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന സമയത്ത് ഇക്കാര്യങ്ങൾ കെ.എസ്.ആർ.ടി.സി.-യിലും നടപ്പിലാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിടത്തോളം ജീവനക്കാർക്ക് ശമ്പളവും പൊതുജനങ്ങൾക്ക് യാത്ര ചെയ്യുന്നതിന് ബസ്സുമില്ലാത്ത സ്ഥിതിയാണ്. ഇത്തരത്തിലുള്ള ഗുരുതരമായ പ്രശ്നങ്ങളാണ് ഇവിടെയുള്ളത്. സംസ്ഥാനത്ത് ഇപ്പോൾ സമരം നടക്കുകയാണ്; എഴുപത് ശതമാനത്തോളം ജീവനക്കാരാണ് സമരത്തിൽ പങ്കെടുക്കുന്നത്. ഗവൺമെന്റ് പ്രതിവർഷം കിഫ്ബിവഴി ഇലക്ട്രിക് ബസ്സുകളുൾപ്പെടെ ഏകദേശം 3000 ബസ്സുകൾ ഇറക്കുമെന്ന് അവകാശപ്പെട്ടെങ്കിലും 101 ബസ്സുകളാണ് ഇറക്കിയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കടം 2130 കോടി

രൂപയാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 4320 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ശമ്പള വിതരണം, ഡി.എ. കുടിശ്ശിക തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉന്നയിച്ച് കെ.എസ്.ആർ.ടി.സി. ജീവനക്കാർ ഇന്ന് –സംസ്ഥാനത്ത് സമരം നടത്തുകയാണ്. തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും താൽപ്പര്യങ്ങൾ മനസ്സിലാക്കി കെ.എസ്.ആർ.ടി.സി.-യെ നല്ല നിലയിൽ മുന്നോട്ട് നയിക്കുന്നതിന് ബഹുമാന്യരായ ഗതാഗത വകുപ്പുമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്നും ആത്മാർത്ഥമായ പിൻതുണ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, മുൻ മന്ത്രി കൂടിയായ ശ്രീ. വി. എസ്. ശിവകുമാർ, കെ.എസ്.ആർ.ടി.സി.-യിലെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയും ജീവനക്കാർ അനുഭവിക്കുന്ന ദുരിതവുമാണ് ഇവിടെ വിശദീകരിച്ചത്. അതിൽ കുറേ കാര്യങ്ങൾ ഞാൻ നിഷേധിക്കുന്നില്ല. കാരണം, കെ.എസ്.ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധിയിലാണ്. അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതാണ് രണ്ടാമത്തെ പ്രശ്നം. കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനവും സർക്കാർ ധനസഹായവും ചേർത്താണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ശമ്പളം നൽകിവരുന്നത്. താങ്കൾക്ക് അറിയാവുന്നതുപോലെ പ്രതിദിനം ഏകദേശം 6.3 കോടി രൂപയോളമാണ് കളക്ഷൻ ഇനത്തിൽ ലഭിക്കുന്നത്. എന്നാൽ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി അത് 5.5 കോടി രൂപയായി ചുരുങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയെത്തുടർന്ന് 2800-ഓളം എംപാനൽ ഡ്രൈവർമാരെ പിരിച്ചുവിടേണ്ടതായി വന്നതാണ് ഒരു പ്രധാന കാരണം. അവർക്ക് ആകർഷകമായ വിധത്തിൽ കെ.എസ്.ആർ.ടി.സി.-യുമായി സഹകരിക്കാനുള്ള ഒരു പ്രൊപ്പോസൽ മുന്നോട്ടുവച്ചെങ്കിലും വളരെ കുറച്ചുപേർ മാത്രമേ ആ നിർദ്ദേശത്തോട് പ്രതികരിച്ചിട്ടുള്ളൂ. കോടതി വിധിക്കെതിരായി അവരെ തിരിച്ചെടുക്കുമെന്ന് നിയമസഭയിൽ എനിക്ക് പറയാൻ കഴിയില്ല. അവരുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താമെന്ന കാര്യം ആലോചിച്ചതാണ്. പക്ഷെ കുറച്ച് ഷെഡ്യൂളുകൾ നിർത്തലാക്കേണ്ടി വന്നപ്പോൾ സ്വാഭാവികമായും വരുമാനക്കുറവ് ഉണ്ടായിട്ടുണ്ട്. ജീവനക്കാർക്ക് ശമ്പളം നൽകാൻ ഒരു മാസം ശരാശരി 84 കോടി രൂപയാണ് ആവശ്യമുള്ളത്. ഡീസൽ തുടങ്ങിയ മറ്റു ദൈനംദിന ചെലവുകൾ കഴിഞ്ഞാൽ പ്രതിമാസം 30 കോടി രൂപയാണ് ശമ്പളമിനത്തിൽ മാറ്റിവയ്ക്കാൻ കഴിയുന്നത്. ഗവൺമെന്റ് നൽകുന്ന 20 കോടി

രൂപയും ചേർത്താണ് ശമ്പളം നൽകിയിരുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി.-ക്കുതന്നെ ബാധ്യതയുള്ളതും ഗവൺമെന്റ് ഗ്യാരന്റി നിന്നിട്ടുള്ളതുമായ ചില കുടിശ്ശികകളുണ്ട്. SBI Capital Markets Ltd. (SBICAP) കുടിശ്ശിക കൊടുത്തില്ലെങ്കിൽ ഗവൺമെന്റിനും കെ.എസ്.ആർ.ടി.സി.-ക്കുമുള്ള വിശ്വാസ്യത നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് 20 കോടി രൂപയിൽനിന്നും 5 കോടി രൂപയും 4 കോടി രൂപയും കട്ട് ചെയ്ത് ഈ കുടിശ്ശിക തീർക്കുന്നതിന് ഉപയോഗിക്കുകയാണ്. അങ്ങനെവരുമ്പോൾ അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 4 കോടി രൂപയുടെയും 5 കോടി രൂപയുടെയും ചെലവ് വരും. അങ്ങനെ കണക്ക് കൂട്ടിയാൽ 14 കോടി രൂപയോളം കുറവുണ്ട്. ആ കണക്കിൽ നമ്മൾ തർക്കിച്ചിട്ട് കാര്യമില്ല. അങ്ങനെ വരുമ്പോൾ മാസാന്ത്യം കെ.എസ്.ആർ.ടി.സി.-യുടെ കൈവശം 46 കോടി രൂപ മാത്രമാണ് ശമ്പള വിതരണത്തിനായി ലഭിക്കുന്നത്. അതുകൊണ്ട് അടുത്ത മാസത്തെ ശമ്പളം മുന്നോട്ട് നീട്ടുകയാണ് ചെയ്യുന്നത്. അങ്ങനെ വരുമ്പോൾ ആ മാസത്തെ വരുമാനവും ഓയിൽ കമ്പനികൾ കടം തരണം എന്ന ഒരു ധാരണയുടെ അടിസ്ഥാനത്തിൽ അതുകൂടി ഉപയോഗിച്ചാണ് ഈ സെപ്റ്റംബർ വരെയുള്ള ശമ്പളവും പെൻഷനും വിതരണം ചെയ്തിട്ടുള്ളത്.

എന്നാൽ ഈ മാസത്തെ ശമ്പളം എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാനുള്ള ശ്രമകരമായ ജോലിയിലാണ് മാനേജ്മെന്റ് ഏർപ്പെട്ടിട്ടുള്ളത്. അതുപോലെ നിരവധി പ്രശ്നങ്ങളുണ്ട്. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. ശമ്പളവും പെൻഷനും കൊടുക്കാനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന് പറഞ്ഞതായി ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പറഞ്ഞപ്പോൾ ഇടയ്ക്കുവന്നുപോയതാണെങ്കിൽ കുഴപ്പമില്ല. ശമ്പളവും പെൻഷനും കൊടുക്കാനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന് ഒരു ഘട്ടത്തിലും പറഞ്ഞിട്ടില്ല. പെൻഷൻ ബാധ്യതകൾ സർക്കാർ ഏറ്റെടുക്കും. ഇപ്പോഴും അങ്ങനെതന്നെയാണ്. ആയിരം കോടി രൂപയാണ് പ്രതിവർഷം കെ.എസ്.ആർ.ടി.സി.-ക്ക് ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്. ആ തുകയിൽനിന്നും പെൻഷൻതുക സഹകരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗത്തിനറിയാം. സഹകരണ ബാങ്കിൽ തുക അടച്ചുകൊണ്ടിരിക്കുന്ന രീതി ഇപ്പോഴും തുടരുന്നുണ്ട്. അതുകൊണ്ട് പെൻഷൻ കാര്യത്തിൽ വലിയ പ്രശ്നമുണ്ടെന്നെനിക്ക് തോന്നുന്നില്ല. വിവിധ ശീർഷകങ്ങളിലായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി 176 കോടി രൂപയുടെ കുടിശ്ശികയുണ്ട്. എന്നാൽ 2019 ആഗസ്റ്റ് മാസം മുതൽ വിരമിച്ച ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് എൽ.ഐ.സി. പ്രീമിയം ഇനത്തിൽ കുറവ് വരുത്തിയ തുക ഒറ്റത്തവണയായി അനുവദിച്ച് വിരമിക്കുന്ന ജീവനക്കാരുടെ ബാധ്യത തീർത്തുകൊണ്ടിരിക്കുകയാണ്.

ധനകാര്യസ്ഥാപനങ്ങളിൽനിന്നും വൻതുക കടമെടുത്തിരുന്നു. അതിന്റെ ഭാഗമായുള്ള തിരിച്ചടവാണ് വലിയൊരു ബാധ്യതയായി ഇപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് വന്നിട്ടുള്ളത്. അതാത് കാലത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങളിലൊന്നായിരുന്നു അത്. ഞാൻ അതിനെയൊന്നും കുറ്റപ്പെടുത്തുന്നില്ല. പക്ഷെ ഇവിടെ കൺസോർഷ്യം രൂപീകരിച്ച് അത് പുന:സംവിധാനം ചെയ്ത് ചെലവിനത്തിൽ വലിയൊരു കുറവും വരുത്താൻ കഴിഞ്ഞിരുന്നെങ്കിലും അതിൽ വന്നിട്ടുള്ള ലാഭം പ്രതിഫലിക്കത്തക്കവിധത്തിലല്ല മറ്റ് ഘടകങ്ങൾ പോകുന്നത്. ദിനംപ്രതി പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഈ മാസം കുറയ്ക്കാൻ കഴിയുമെന്ന് പറയുമ്പോഴും അടുത്ത മാസം പ്ലാനിംഗ് ആകെ തെറ്റുന്ന കാഴ്ചയാണ് കാണുന്നത്.

മറ്റൊന്ന്, ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചയാണ്. 2016-ൽ കാലാവധി അവസാനിപ്പിച്ചതാണെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. സാധാരണഗതിയിലാണെങ്കിൽ അതിനുമുമ്പേ ചർച്ചകൾ ആരംഭിക്കേണ്ടതും പരിഹാരമുണ്ടാക്കേണ്ടതുമാണ്. രണ്ടുമൂന്ന് തവണ ചർച്ചകൾ തുടങ്ങിയെങ്കിലും അവർക്കത് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് കാര്യം. ആ ചർച്ചകൾ തുടരുന്നതിന്, തുറന്ന മനസ്സോടെ മുന്നോട്ടുപോകുന്നതിന് സർക്കാരിന് വിരോധമൊന്നുമില്ല. അതേസമയം തൊഴിലാളി സംഘടനകളോട് അഭ്യർത്ഥിച്ചത് വരുമാനക്കുറവുണ്ടാക്കുന്ന സമരരീതികൾ ഏതുസംഘടന നടത്തിയാലും അത് ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിന് തുല്യമായിരിക്കും എന്നാണ്. അതിനർത്ഥം സമരംചെയ്യരുതെന്നല്ല. അവകാശസമരങ്ങൾ നടത്തുന്നതിനോ ഏതെങ്കിലും തരത്തിൽ മുന്നോട്ടുപോകുന്നതിനോ വ്യക്തിപരമായി വിയോജിപ്പുള്ള ആളല്ല ഞാൻ. പക്ഷെ ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന തരത്തിലുള്ള സമരപരിപാടികൾ വേണമോ അതോ മറ്റ് പ്രതിഷേധ സമരരൂപങ്ങൾ മതിയോയെന്ന് ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ള തൊഴിലാളി യൂണിയൻ നേതാക്കൾ ആലോചിക്കുന്നത് നന്നായിരിക്കും. തൊഴിലാളി സംഘടനകളുമായി അടുത്തയാഴ്ചതന്നെ ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുന്നതിനുള്ള തീയതി ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ കണ്ടെത്തുന്നതിന് സന്തോഷം മാത്രമേയുള്ളൂ; ഇതൊരു നിഷേധാത്മകമായ നിലപാടല്ല. സാഹചര്യത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ഇങ്ങനെയാണ് ഗതാഗത വകുപ്പുമന്ത്രിക്ക് പ്രവർത്തിക്കാൻ കഴിയുക. തീർച്ചയായും ബഹുമാനപ്പെട്ട അംഗത്തിന്റെ ശബ്ദം ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽവന്നിട്ടുണ്ട്. സമരത്തിൽ എത്ര ശതമാനം പേർ പങ്കെടുത്തുവെന്നോ സമരം പരാജയമാണെന്നോ എന്നൊന്നും വരുത്തിത്തീർക്കാനുള്ള വ്യഗ്രതയൊന്നും എനിക്കില്ല. സമരം നടക്കുന്നുണ്ട്. സമരം

ചെയ്യുന്നവരും ചെയ്യാത്തവരുമുണ്ട്. എന്നാൽ സമരത്തിനാധാരമായി ഉന്നയിച്ച പ്രശ്നങ്ങൾ തൊഴിലാളികളുടെ മൊത്തം പ്രശ്നമെന്ന നിലയിൽ ചിലപ്പോൾ അവരുടെ മനസ്സിൽ സജീവമായി നിൽക്കുന്നുണ്ടാകും. ഈ പ്രശ്നം ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ കഴിയുന്ന സമീപനമാണ് സർക്കാർ തുറന്ന മനസ്സോടെ സ്വീകരിക്കുകയെന്ന് മാത്രം സൂചിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ലിസ്റ്റുചെയ്ത സബ്മിഷനുകളിൽ നാലാമത്തേതും എട്ടാമത്തേതും രണ്ട് എം.എൽ.എ.-മാരുടെ മണ്ഡലത്തിലേതാണെങ്കിലും ഏകദേശം ഒരേ റോഡാണ്. അതുകൊണ്ടായിരിക്കും രണ്ടുപേരും നോട്ടീസ് കൊടുത്തിട്ടുള്ളത്. ശ്രീ. പി. വി. അൻവറും ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയും സംസാരിച്ചതിനുശേഷം ശ്രീ. എം. ഉമ്മറുംകൂടി സംസാരിക്കുന്നതായിരിക്കും നല്ലത്.

(4) <u>റോഡ് പുനർനിർമ്മാണ ഫണ്ട്</u>

<u>ശ്രീ. പി. വി. അൻവർ:</u> സർ, ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന്റെ ഭാഗമായി 360 കോടി രൂപ ചെലവഴിച്ച് നവീകരിക്കുന്ന സംസ്ഥാന പാതയാണ് നാടുകാണി-പരപ്പനങ്ങാടി പാത. മലപ്പുറം ജില്ലയിലെ ഏഴ് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പാതയുടെ എസ്റ്റിമേറ്റ് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വെട്ടിച്ചുരുക്കിയിരുന്നു. ഇതോടെ നാടുകാണി സംസ്ഥാന അതിർത്തി മുതൽ മഞ്ചേരി വരെയും മലപ്പുറം മുതൽ പരപ്പനങ്ങാടി വരെയുമുള്ള ഉപരിതലം BM&BC ചെയ്ത് നവീകരിക്കുന്നതുൾപ്പെടെ ഒഴിവാക്കിയാണ് പ്രവൃത്തി നടത്തുന്നത്. 2019 - ആഗസ്റ്റ് മാസം 8, 9, 10 തീയതികളിലുണ്ടായ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വടപുറം പാലം മുതൽ നാടുകാണി സംസ്ഥാനാതിർത്തി വരെയുള്ള നിർദ്ദിഷ്ട റോഡിന്റെ ഭാഗമായി വരുന്ന വടപുറം, ജ്യോതിപ്പടി, ജനതപ്പടി, താഴെ ചന്തക്കുന്ന്, വെളിയന്തോട്, കരിമ്പുഴ, മുട്ടിക്കടവ്, മാമ്പൊയിൽ, മുപ്പിനി, എടക്കര ടൗൺ, വഴിക്കടവ് എന്നിവിടങ്ങളിൽ വെള്ളക്കെട്ടുണ്ടാകുകയും വാഹനഗതാഗതം പൂർണ്ണമായി തടസ്സപ്പെടുകയും ചെയ്തിരുന്നു. വെള്ളം ദിവസങ്ങളോളം കെട്ടിനിന്ന് റോഡിൽ വലിയ കുഴികൾ രൂപപ്പെട്ടതുകാരണം വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ബൈക്കുകളും ചെറിയ വാഹനങ്ങളും കുഴിയിൽ വീണ് നിത്യവും അത്യാഹിതങ്ങൾ സംഭവിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രളയത്തിലും സമാനമായ വെള്ളക്കെട്ട് രൂപപ്പെട്ടിരുന്നതാണ്. ഉപരിതലം നവീകരിക്കാതെ ഈ റോഡ് ഉപയോഗിക്കുന്നത് ശ്രമകരമാണ്.

നാട്ടുകാണി - പരപ്പനങ്ങാടി പാതയുടെ ഭാഗമായതിനാൽ മറ്റ് പൊതുമരാമത്ത് ഫണ്ടുകൾ ഉപയോഗിക്കാൻ കഴിയുന്നില്ല. തുലാവർഷത്തിനുശേഷം ഈ റോഡിന്റെ നവീകരണ പ്രവൃത്തി നടന്നില്ലെങ്കിൽ മണിക്കൂറുകൾ നീളുന്ന ഗതാഗതക്കുരുക്കും അപകടങ്ങളും ഉണ്ടാകും. വെള്ളക്കെട്ട് രൂപപ്പെടുന്ന ഭാഗങ്ങളിൽ റോഡിന്റെ ഉയരം കൂട്ടി നിർമ്മിച്ചില്ലെങ്കിൽ ഭാവിയിൽ വെള്ളക്കെട്ടുണ്ടാകുന്ന സാഹചര്യം വീണ്ടുമുണ്ടാകാനിടയുണ്ട്. ആയതിനാൽ മലയോര കുടിയേറ്റ മേഖലയെന്ന നിലയിലും ഊട്ടി, മൈസൂർ, ബാംഗ്ലൂർ, വയനാട് എന്നിവിടങ്ങളിലേയ്ക്കുള്ള അന്തർ സംസ്ഥാനപാതയുടെ ഭാഗമാണെന്ന നിലയിലും പ്രളയാനന്തര പുനർനിർമ്മാണങ്ങളിലുൾപ്പെടുത്തി നാട്ടുകാണി സംസ്ഥാനാതിർത്തി മുതൽ വടപുറം പാലം വരെയുള്ള ഉപരിതലം ഉയർത്തി BM&BC ചെയ്യുന്നതിന് ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഡി.എഫ്.ഐ.പി.- യിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡിനും മറ്റ് പ്രവൃത്തികൾക്കുമായി 2018-2019 വർഷത്തിൽ 120 കോടി രൂപയും 2019-2020 വർഷത്തിൽ 169 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റോഡിന്റെ ഉപരിതലം ഉയർത്തി BM & BC ചെയ്യുന്ന പ്രവൃത്തിയും ചേർത്തുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി പുറപ്പെടുവിച്ചും അധികതുക ആവശ്യമുള്ളപക്ഷം ഈ പദ്ധതിപ്രകാരം തന്നെ നിർമ്മാണപ്രവൃത്തി നടപ്പിലാക്കാവുന്നതാണെന്നും അറിയിക്കുന്നു.

(5) റോഡ് നിർമ്മാണം

ശ്രീ. എം. ഉമ്മർ: സർ, നാട്ടുകാണി-പരപ്പനങ്ങാടി റോഡിന് മുൻ ഗവൺമെന്റിന്റെ കാലത്ത് 450 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനാണ് ലഭിച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷെ 370 കോടി രൂപയ്ക്കാണ് ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചത്. വഴിക്കടവ് മുതൽ മഞ്ചേരി വരെയുള്ള ഭാഗത്തിന്റെ സർഫസ് ബ്ലാക്ക്ടോപ് ചെയ്യുന്നതിന് പണമില്ലാതെ വരുന്നു. അതേ സമയത്ത് സൈഡിലുള്ള ഡ്രെയിനേജിന്റെയും കൾവെർട്ടിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷെ ബ്ലാക്ക്ടോപ്പ് ചെയ്യാത്തതുകൊണ്ട് ഇപ്പോൾ ഗതാഗതയോഗ്യമല്ല. കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയായതു കൊണ്ടാണ് മുമ്പ് ടെക്നിക്കൽ സാംഗ്ഷൻ കൊടുക്കാൻ കഴിയാത്തതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇപ്പോൾ

വഴിക്കടവ് മുതൽ മഞ്ചേരി വരെയുള്ള ഭാഗം തീർത്തും ഗതാഗതയോഗ്യമല്ല. നടന്നുപോകാൻ പോലും കഴിയാത്ത സ്ഥിതിയായതുകൊണ്ടാണ് ഈ വിഷയം ഉന്നയിച്ചത്. മലപ്പുറം ജില്ലയിലെ ഏഴ് മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന വളരെ പ്രധാനപ്പെട്ട റോഡായതു കൊണ്ടായിരിക്കും വലിയൊരു തുകയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തത്. അതിന്റെ പ്രവൃത്തി ഊരാളുങ്കൽ സൊസൈറ്റി വളരെ ഭംഗിയായി നടത്തിക്കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. മഞ്ചേരിയുടെ പകുതി ഭാഗം മുതൽ മലപ്പുറം ടൗൺ വരെയുള്ള പ്രവൃത്തികൾ വളരെ ഭംഗിയായി ചെയ്തുതീർത്തിട്ടുണ്ട്. ഇടയ്ക്ക് ചില ഭാഗമാണ് തീർക്കാനുള്ളത്. അതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽപ്പെടുത്തി മലപ്പുറം ജില്ലയിൽ ആറ് മണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന വഴിക്കടവ് മുതൽ മഞ്ചേരി ബൈപ്പാസ് വരെയുള്ള റോഡിന്റെ നിർദ്ദേശം മുന്നോട്ടുവച്ചത്. അതിനായി 450 കോടി രൂപയുടെ ഭരണാനുമതിയും 400 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. 105 കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡ് ആറ് മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. നിലമ്പൂർ, മഞ്ചേരി, മലപ്പുറം, വേങ്ങര, തിരൂരങ്ങാടി, പരപ്പനങ്ങാടി തുടങ്ങിയവയാണ് ആറ് മണ്ഡലങ്ങൾ.

ശ്രീ. എം. ഉമ്മർ: സർ, ഏറനാട് കൂടിയും ഈ റോഡ് കടന്നുപോകുന്നുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, ഏറനാടുകൂടിയും കടന്നുപോകുന്നുണ്ടോ? ശരി, 7 മണ്ഡലങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിൽ അത് അംഗീകരിക്കുന്നു. ഇതിൽ ഏഴ് മീറ്റർ മുതൽ ഏഴര മീറ്റർ വരെയാണ് ഉപരിതലം പുതുക്കുന്നത്. രണ്ട് വർഷവും എട്ട് മാസവുമായിരുന്നു കാലാവധി. പക്ഷേ, ചീഫ് ടെക്നിക്കൽ എക്സാമിനർ 2016 മെയ് 31-ന്, ഇതിന്റെ Pavement Design നാറ്റ്പാക് നിർദ്ദേശിക്കുന്നതുപോലെ മാറ്റണമെന്ന നിർദ്ദേശം വച്ചതുകാരണം പ്രവൃത്തി 39 കിലോമീറ്ററിലേയ്ക്ക് ചുരുക്കേണ്ടിവന്നു. അതുപ്രകാരം 325 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക വന്നത്. നാറ്റ്പാക്, നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെയും ഡിസൈനിന്റെ അടിസ്ഥാനത്തിലാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇതനുസരിച്ച് ഇപ്പോൾ നല്ല പ്രവർത്തന പുരോഗതിയാണുള്ളത്. അന്ന് ഉണ്ടായ പേമാരിയും ഉരുൾപൊട്ടലുംമൂലം നന്നായി നിർമ്മിച്ച റോഡിന്റെ ഭാഗങ്ങൾ വലിയ തോതിൽ ഇല്ലാതായിപ്പോയി. അതുകൊണ്ട് വീണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായിവന്നു. ഇത് തയ്യാറാക്കുമ്പോൾ ശ്രീ. എം. ഉമ്മർ ആവശ്യപ്പെട്ടതു

പ്രകാരം എസ്റ്റിമേറ്റിൽ വഴിക്കടവ് മുതൽ മഞ്ചേരി ബൈപ്പാസ് വരെയുള്ള റോഡിന്റെ പ്രവൃത്തികൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. അങ്ങനെ 450 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റായി അത് പുതുക്കുകയാണുണ്ടായത്. ഈ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് നിയമപ്രകാരം അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്. നടപടികൾ വേഗത്തിലാക്കാനും പ്രവൃത്തി സമയബന്ധിതമാക്കാനും സർക്കാർ നടപടികൾ സ്വീകരിക്കും.

## (6) മെഡിക്കൽ കോളേജ് യൂണിയൻ ഉദ്ഘാടനം

ശ്രീ. കെ. ജെ. മാക്സി: സർ, കഴിഞ്ഞ ഒക്ടോബർ 31-ാം തീയതി പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ യൂണിയൻ ഉദ്ഘാടനത്തിന് കൊച്ചി മുണ്ടൻവേലി സ്വദേശിയായ നടൻ ശ്രീ. ബിനീഷ് ബാസ്റ്റിനെ മുഖ്യാതിഥിയായി ക്ഷണിച്ചിരുന്നു. ഈ പരിപാടി തുടങ്ങുന്നതിന് മുമ്പുതന്നെ കോളേജ് പ്രിൻസിപ്പലും യൂണിയൻ നേതാക്കന്മാരുംകൂടി ഇദ്ദേഹത്തെ ഹോട്ടലിൽ വന്ന് കണ്ട് 'ഈ പരിപാടിയിൽനിന്നും നിങ്ങൾ മാറിനിൽക്കണം, അല്ലെങ്കിൽ വൈകി വന്നാൽ മതി' എന്നുപറഞ്ഞു. കാര്യമെന്താണെന്ന് അന്വേഷിച്ചപ്പോൾ ഈ പരിപാടിയുടെ മാഗസിൻ പ്രകാശനം ചെയ്യാൻ വരുന്ന ചലച്ചിത്ര സംവിധായകൻ ശ്രീ. അനിൽ രാധാകൃഷ്ണ മേനോൻ പറയുന്നത് മൂന്നാംകിട നടന്മാരുടെകൂടെ വേദി പങ്കിടാൻ തനിക്ക് താൽപ്പര്യമില്ലെന്നും തന്റെയടുക്കൽ പലവട്ടം ഇദ്ദേഹം ചാൻസ് ചോദിച്ചുവന്നിട്ടുള്ള ആളാണെന്നും അതുകൊണ്ട് താൽപ്പര്യമില്ലെന്നുമാണ്. കേരളം എത്ര മുന്നോട്ടുപോയാലും മുൻകാലങ്ങളിലെ ഓർമ്മകൾ പുതുക്കുന്ന അവസ്ഥയിലേയ്ക്ക് രാജ്യം അധഃപതിക്കുന്നുവെന്നാണ് നാം മനസ്സിലാക്കേണ്ടത്. ശ്രീ. ബിനീഷ് ബാസ്റ്റിൻ ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ച സാധാരണക്കാരനാണ്. വളരെ പ്രയത്നത്തിലൂടെയാണ് അദ്ദേഹം ഈ രംഗത്തേയ്ക്ക് കടന്നുവന്നത്. അദ്ദേഹത്തെ വിളിച്ചുവരുത്തി അപമാനിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മാഗസിൻ പ്രകാശനവും കോളേജ് ഡേയും 31-10-2019-ൽ നടത്താൻ കോളേജ് യൂണിയൻ നിശ്ചയിച്ചിരുന്നു. സംവിധായകൻ ശ്രീ. അനിൽ രാധാകൃഷ്ണ മേനോനെയും നടൻ ശ്രീ. ബിനീഷ് ബാസ്റ്റിനെയുമാണ് പരിപാടിയിൽ ക്ഷണിച്ചിരുന്നത്. ശ്രീ. ബിനീഷ് ബാസ്റ്റിനൊപ്പം വേദി പങ്കിടുന്നതിൽ ശ്രീ. അനിൽ രാധാകൃഷ്ണ മേനോൻ അസൗകര്യം അറിയിച്ചതായി യൂണിയൻ ചെയർമാന് നൽകിയ വിശദീകരണത്തിൽ പറയുന്നുണ്ട്. പരിപാടി നല്ല നിലയിൽ നടന്നുപോകുന്നതിന്റെ

ഭാഗമായി രണ്ടുപേർക്കും സൗകര്യപ്രദമാകുന്ന വിധത്തിൽ വൈകുന്നേരം ആറ് മണിക്ക് മാഗസിൻ പ്രകാശനവും എട്ട് മണിക്ക് കോളേജ് ഡേ ഉദ്ഘാടനവും മാറ്റി നിശ്ചയിച്ച് അത് ഉദ്ഘാടകരെ അറിയിക്കുകയും സമ്മതം വാങ്ങുകയും ചെയ്തതാണ്. എന്നാൽ മാഗസിൻ പ്രകാശനച്ചടങ്ങിൽ ശ്രീ. അനിൽ രാധാകൃഷ്ണ മേനോൻ സംസാരിച്ചുകൊണ്ടിരിക്കെ ശ്രീ. ബിനീഷ് ബാസ്റ്റിൻ വേദിയലേക്കെത്തുകയും പ്രതിഷേധിക്കുകയും ചെയ്തു. ജാതീയമായ വിവേചനത്തിന്റെ പേരിലാണ് ശ്രീ. ബിനീഷ് ബാസ്റ്റിനെ മാറ്റി നിർത്തിയത് എന്ന തരത്തിലാണ് തുടർപ്രചരണം ഉണ്ടായത്. സംഭവവുമായി ബന്ധപ്പെട്ട് ശ്രീ. ബിനീഷ് ബാസ്റ്റിന്റെ പ്രതികരണവും ശ്രീ. അനിൽ രാധാകൃഷ്ണ മേനോനും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ശ്രീ. ടി. ബി. കുലാസും നടത്തിയ ഖേദപ്രകടനങ്ങളും ഇപ്പോൾ മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. ശ്രീ. അനിൽ രാധാകൃഷ്ണ മേനോൻ ശ്രീ. ബിനീഷ് ബാസ്റ്റിനെ ജാതീയമായി അപമാനിച്ചതായി സർക്കാരിന് ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്തെങ്കിലും വ്യക്തിപരമായ പ്രശ്നമാണോ എന്നും വ്യക്തമല്ല. സംഭവവുമായി ബന്ധപ്പെട്ട് ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, കോളേജ് യൂണിയൻ ചെയർമാൻ എന്നിവർ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിരുന്നു. പ്രിൻസിപ്പലിനെ ഞാൻ നേരിട്ട് വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചിരുന്നു. ഇതുവരെ ഒരു രൂപത്തിലുള്ള പരാതിയും ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് കിട്ടിയിട്ടില്ല. എന്ത് പ്രശ്നം വന്നുകഴിഞ്ഞാലും ജാതീയമായ ചേരിതിരിവുണ്ടാക്കി പ്രചരിപ്പിക്കുന്ന സ്ഥിതിയുണ്ട്. ഇത്തരം ദുഷിച്ച പ്രവണതകൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിച്ച് ബന്ധപ്പെട്ട കക്ഷികൾ ക്ഷമാപണം നടത്തിയതാണ്.

## (7) റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

ശ്രീ. കെ. എം. ഷാജി: സർ, കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി 2019, ജൂൺ 11-ന് ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇത് നാഷണൽ ഹൈവേ, മന്ന ജംഗ്ഷൻ, പുതിയതെരു - പൊടിക്കുണ്ട് ജംഗ്ഷൻ, എ.കെ.ജി. ഹോസ്പിറ്റൽ ജംഗ്ഷൻ, താണ ജംഗ്ഷൻ, മേലെചൊവ്വ ജംഗ്ഷൻ, താഴേചൊവ്വ ജംഗ്ഷൻ, ചാല ജംഗ്ഷൻ വരെ 12 കിലോമീറ്ററാണ് ദേശീയപാത വീതി കൂട്ടുന്നത്. ഈ രീതിയിൽ വീതി കൂട്ടുമ്പോൾ 28 റെസിഡൻഷ്യൽ ബിൽഡിംഗും 230 കൊമേഴ്സ്യൽ ബിൽഡിംഗും നീക്കം ചെയ്യേണ്ടിവരും. പുതിയതെരു പട്ടണത്തെ സംരക്ഷിച്ചുകൊണ്ടും രണ്ട് ഭാഗവും തുല്യമായ അളവിലുമാകണം ഭൂമി ഏറ്റെടുക്കേണ്ടത്. അത് ഒട്ടും പാലിക്കാതെയാണ് ഇപ്പോൾ നടത്തിയിട്ടുള്ള സർവ്വേ അനുസരിച്ചുള്ള ഏറ്റെടുക്കൽ. അതുപോലെ കച്ചവട സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നവർക്ക് രണ്ട് ലക്ഷം രൂപവരെ ധനസഹായം

കൊടുക്കുമെന്നാണ് പറയുന്നത്. ഒരുപാട് വർഷങ്ങളായി കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന ആളുകളാണ്. അത് 10 ലക്ഷം രൂപവരെയെങ്കിലുമാക്കി ഉയർത്താനുള്ള നടപടി സ്വീകരിക്കണം. കൂടാതെ കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിശ്ചിത വർഷ പരിധിയില്ലാതെ ആറ് മാസത്തേയ്ക്ക് പ്രതിമാസം 6000 രൂപയെങ്കിലും ലഭ്യമാക്കണം. ജനപ്രതിനിധികളായ എം.എൽ.എ.-യോടോ, എം.പി.-യോടോ, പഞ്ചായത്ത് പ്രസിഡന്റിനോടോ ചോദിക്കാതെയാണ് മാസങ്ങളോളം ഉദ്യോഗസ്ഥർ അവിടെ സർവ്വേ നടത്തിയത്. ഈ അലൈൻമെന്റുമായി ബന്ധപ്പെട്ട് അവിടെയുണ്ടാകുന്ന ജനകീയ പ്രക്ഷോഭങ്ങൾക്കൊപ്പം കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാവരും ഒരുമിച്ചുണ്ട്. വേണ്ടവിധം ഈ പ്രശ്നം പരിഹരിക്കാതിരുന്നാൽ ഒരു വികസന പ്രവർത്തനം തടസ്സപ്പെടുകയായിരിക്കും ഫലം. അതുകൊണ്ട് ശരിയായ വിധത്തിൽ ഇക്കാര്യം പരിശോധിച്ച് പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വീതിയുള്ള റോഡുകൾ ഇല്ലാത്തതുകാരണം അനുദിനം വികസിക്കേണ്ട കണ്ണൂർ ജില്ലാ ആസ്ഥാനത്തിന് വലിയ പ്രയാസമാണ് ഉണ്ടാകുന്നതെന്ന് എല്ലാവർക്കുമറിയാം. കണ്ണൂർ നഗരപാതാ വികസന പദ്ധതിയുടെ ഭാഗമായി 2012-ൽ കേരള റോഡ് ഫണ്ട് ബോർഡ് L&T Infrastructure Engineering Ltd-നെ 44 കിലോമീറ്റർ നീളത്തിൽ 11 റോഡുകളുടെ വികസനത്തിന് DPR തയ്യാറാക്കാൻ ചുമതലപ്പെടുത്തി. അവർ 2012-ൽ റിപ്പോർട്ട് സമർപ്പിച്ചു. പക്ഷേ നാല് വർഷക്കാലം അന്നത്തെ ഗവൺമെന്റ് ഇതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2017 ആഗസ്റ്റ് 3- ാം തീയതി പി.ഡബ്ല്യൂ.ഡി. ഉത്തരവിറക്കി 401.467 കോടി രൂപയുടെ ഡി.പി.ആർ.-ന് ഭരണാനുമതി നൽകുകയുണ്ടായി. ഇപ്പോൾ 26 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ 337.648 കോടി രൂപയുടെ എ.എസ്. കൊടുത്തിരിക്കുകയാണ്. നിർമ്മാണം അടക്കമുള്ളവയുടെ കാര്യമാണ് ആദ്യം സൂചിപ്പിച്ചത്. ജില്ലാ കളക്ടർക്ക് റിക്വസിഷൻ കൊടുത്തു; സോഷ്യൽ ഇംപാക്ട് സ്റ്റഡി നടന്നു; റവന്യൂ വകുപ്പ് സർവ്വേ ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കാനുള്ള വിജ്ഞാപനങ്ങൾ ഇറക്കുകയും ചെയ്തിട്ടുണ്ട്. Centre for Socio-economic and Environmental Studies (CSES) ആണ് ഇത് നടത്തിയിട്ടുള്ളത്. കല്ലുകൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച റോഡുകളായ മന്ന ജംഗ്ഷൻ, മയ്യിൽ ജംഗ്ഷൻ, മിനി ബൈപ്പാസ് ജംഗ്ഷൻ, പൊടിക്കുണ്ട് ജംഗ്ഷൻ, പള്ളിക്കുന്ന് ജംഗ്ഷൻ, എ.കെ.ജി. ഹോസ്പിറ്റൽ ജംഗ്ഷൻ, സൗത്ത് ബസാർ റോഡ് ജംഗ്ഷൻ, താഴെത്തെരുവ് ജംഗ്ഷൻ, താണ ജംഗ്ഷൻ, കണ്ണോത്തുംചാൽ ജംഗ്ഷൻ,

മേലേചൊവ്വ ജംഗ്ഷൻ, താഴേ ചൊവ്വ ജംഗ്ഷൻ, ന്യൂ എൻ.എച്ച്. ബൈപ്പാസ് ജംഗ്ഷൻ എന്നിവയാണ് വികസിപ്പിക്കുന്നത്. ഈ റോഡിന്റെ വിസ്തീർണ്ണം ഏകദേശം 13 കിലോമീറ്ററോളമാണ്. ഇതിന് 14 മീറ്റർ മുതൽ 16 മീറ്റർ വരെയാണ് ഇപ്പോഴത്തെ വീതി. പക്ഷേ നാലുവരിപ്പാതയാക്കാൻ വേണ്ടത് 21 മീറ്റർ വീതിയാണ്. അതിനുവേണ്ടി പതിനാലര മീറ്റർ ക്യാരേജ് വേ വേണം. അപ്പോൾ കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരമാണ് കല്ല് സ്ഥാപിച്ചിട്ടുള്ളത്. തുല്യഅളവിൽ എല്ലായിടത്തും സ്ഥലമെടുക്കാൻ കഴിയില്ല. നാഷണൽ ഹൈവേയിലും അത് സാധ്യമല്ല. പരമാവധി അങ്ങനെ ചെയ്യുമ്പോൾ ചില സ്ഥലത്ത് റോഡ് ഉണ്ടാകില്ല. അത് അവിടത്തെ രീതി വച്ചിട്ടുള്ള അലൈൻമെന്റാണ്. അവിടെ നോക്കിയാൽ മാത്രമേ പറയാൻ സാധിക്കൂ. മനഃപൂർവ്വം രണ്ടുഭാഗത്തും ഒരുപോലെ എടുക്കാത്ത സ്ഥിതിയുണ്ടായിട്ടുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്.

നഷ്ടപരിഹാരത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിലവിൽ സ്റ്റേറ്റ് പാക്കേജുണ്ട്. അത് ദേശീയപാതയേക്കാൾ നല്ലൊരു പാക്കേജാണ്. അതിൻപ്രകാരമാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. ഏതായാലും നഷ്ടപരിഹാരം സംബന്ധിച്ച സോഷ്യൽ ഇംപാക്ട് അസസ്മെന്റ് സ്റ്റഡി നടത്താൻ വിദഗ്ദ്ധ സമിതിയെ ഏൽപ്പിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടണം. വീടുകളും കടകളും സ്ഥാപനങ്ങളും നഷ്ടപ്പെടുന്ന ഉടമസ്ഥരുടെയും തൊഴിലാളികളടക്കമുള്ളവരുടെയും പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് മാക്സിമം കോമ്പൻസേഷൻ നൽകുക എന്നതായിരിക്കും സർക്കാരിന്റെ സമീപനം.

(8) റോഡുകൾ പുതുക്കിപ്പണിയൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എന്റെ മണ്ഡലമായ പെരുമ്പാവൂരിൽ റോഡുകളുടെ ശോചനീയാവസ്ഥമൂലം പുറത്തിറങ്ങാൻ സാധിക്കാത്ത ഒരവസ്ഥയാണ് ഇന്നുള്ളത്. ജനം ഒരു കുറ്റവാളിയെ കാണുന്നതുപോലെ എന്നെ കാണുകയും പരസ്യമായി ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന എന്നുള്ളത് അങ്ങയുടെ മുൻപിൽ വേദനയോടുകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഏഴ് മാസമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡുകളുടെ ഒരു അറ്റകുറ്റപ്പണിയും നടക്കുന്നില്ല. രണ്ട് തവണ ടെണ്ടർ ചെയ്തു. ഒരാൾപോലും വർക്ക് ഏറ്റെടുത്തില്ല. പിന്നീട് പാർലമെന്റ് ഇലക്ഷനുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം വന്നതുകൊണ്ട് നിർമ്മാണങ്ങളൊന്നും നടന്നില്ല. പിന്നീട് റിവിഷൻ വന്നപ്പോൾ വീണ്ടും ടെണ്ടർ ചെയ്തു. ആ സമയത്ത് നിയമസഭാ

ഉപതെരഞ്ഞെടുപ്പ് നടന്നു. അപ്പോഴും ഒരു നിർമ്മാണവും നടന്നില്ല. ഇപ്പോൾ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ പറയുന്നത് നിരന്തരമായ മഴകാരണം റോഡുകളിലെ കുഴി അടയ്ക്കാൻ സാധിക്കുന്നില്ല എന്നാണ്. ഇവിടെ മഴശല്യം രൂക്ഷമാണ് എന്നുള്ളത് അറിയാം. പക്ഷേ മഴ പെയ്യുമ്പോൾ കുഴികളുടെ എണ്ണവും ആഴവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ മഴമൂലം റോഡ് പണി നടക്കില്ലെങ്കിൽ 365 ദിവസവും മഴപെയ്യുന്ന ചിറാപുഞ്ചിയിലൊക്കെ എങ്ങനെയാണ് റോഡ് നിർമ്മിക്കുന്നതെന്ന് ഞാൻ അതിശയപ്പെട്ടു പോകുകയാണ്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളിലൊക്കെ പുതിയ സാങ്കേതിക വിദ്യയുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ചെളിയുള്ള സ്ഥലങ്ങളിൽ ആ ചെളി തന്നെ കുഴച്ച് ചില കെമിക്കൽസ് അതിൽ ചേർത്ത് റോഡാക്കി മാറ്റുന്ന 40 വർഷം ഗ്യാരണ്ടിയുള്ള സാങ്കേതികവിദ്യ പുറം രാജ്യങ്ങളിൽ വന്നിട്ടുണ്ട്. പക്ഷേ നമുക്ക് ഇപ്പോഴും അതിനനുസൃതമായി മുന്നോട്ട് പോകാൻ കഴിഞ്ഞില്ല. എം.സി. റോഡ് മാറ്റിനിർത്തിയാൽ പെരുമ്പാവൂരിൽ കേവലം പത്ത് കിലോമീറ്ററിൽ താഴെയുള്ള റോഡുകൾ മാത്രമേ BM&BC നിലവാരത്തിലുള്ളൂ. എന്റെ മണ്ഡലത്തിലെ റോഡുകളെല്ലാം മോശമാണ്. ഇവിടെ കഴിഞ്ഞ ബഡ്ജറ്റ് സെഷനിൽ അറ്റകുറ്റപ്പണി ചെയ്യേണ്ട കുറച്ച് റോഡുകളുടെ ലിസ്റ്റ് കൊടുത്തപ്പോൾ നമ്പള്ളി-തോട്ടുവ റോഡ് ഞാൻ ലിസ്റ്റിൽ ഒന്നാമത് എഴുതിക്കൊടുത്തു. അങ്ങ് ആ റോഡ് ഒഴിവാക്കി എന്നുമാത്രമല്ല അത് ബഡ്ജറ്റിൽ ഉൾപ്പെടുത്തുകകൂടി ചെയ്തിട്ടില്ല. 20 വർഷമായി നിർമ്മിക്കാത്ത റോഡാണത്. അടുത്തതായി കീഴില്ലം-പാണിയേലിപ്പോര് റോഡ്. ബഹുമാനപ്പെട്ട മന്ത്രി ഡോ.ടി.എം. തോമസ് ഐസക് ആദ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അനുവദിച്ചതന്നതാണ്. ഇന്നും അതിന്റെ സ്റ്റഡി മാത്രമാണ് നടന്നത്. ഇതുവരെ അതിന്റെ നിർമ്മാണപ്രവർത്തനങ്ങളോ നടപടിക്രമങ്ങളോ പൂർത്തീകരിച്ച് മുന്നോട്ട് പോയിട്ടില്ല. വല്ലം-പാണംകുഴി റോഡ്, നെടുങ്ങപ്ര കോട്ടപ്പടി റോഡ്, ആലുവ-മൂന്നാർ റോഡ്, പെരുമ്പാവൂർ-പട്ടിമറ്റം റോഡ്, കുട്ടമംഗലം-മലമുറി റോഡ്, പോഞ്ഞാശ്ശേരി-മഞ്ഞപ്പെട്ടി റോഡ്, അറയ്ക്കപ്പടി-ശാലേം റോഡ്, അറയ്ക്കപ്പടി-വളയംചിറങ്ങര റോഡ്, മേതല-പാണിയേലിപ്പോര് റോഡ് തുടങ്ങിയ റോഡുകളുടെയെല്ലാം അവസ്ഥ വളരെ മോശമാണ്. ഞാൻ എം.എൽ.എ. ആയി വന്നതിനുശേഷം ആസ്തിവികസന ഫണ്ടിൽനിന്നും 5 കോടി രൂപ ഞാൻ റോഡുകൾക്ക് വേണ്ടി മാത്രം വിനിയോഗിച്ചു. അങ്ങുമായുള്ള സ്വകാര്യ സംഭാഷണത്തിൽ ഞാനത് പറയുകയും ചെയ്തു. ആസ്തി വികസന ഫണ്ട് റോഡുകൾക്ക് ഉപയോഗിക്കാതെ സ്കൂളുകളും കെട്ടിടങ്ങളും പണിയുന്നത് നല്ലതാണെന്ന് അങ്ങ് എന്നെ അന്ന് ഉപദേശിക്കുകയും ചെയ്തിരുന്നു. ഫണ്ട്

അനുവദിച്ചില്ല എന്ന് ഞാൻ പറയുന്നില്ല, ഫണ്ട് അനുവദിക്കുന്നുണ്ട്. പക്ഷേ പത്രത്തിലുണ്ട്, പാത്രത്തിലില്ല എന്നുപറയുന്ന അവസ്ഥയിലാണ് കാര്യങ്ങൾ മുന്നോട്ട്പൊയ്ക്കൊണ്ടിരിക്കുന്നത്. എത്രയോ അപകടങ്ങൾ എന്റെ മണ്ഡലത്തിലുണ്ടായി. ചില ആളുകൾ മരണപ്പെട്ടുപോയി, മറ്റുചിലർ ചികിത്സയിലാണ്. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ കുഴിയിൽവീണ് അപകടം സംഭവിക്കുമ്പോൾ അവർക്ക് നഷ്ടപരിഹാരമെങ്കിലും പൊതുമരാമത്ത് വകുപ്പ് കൊടുക്കണ്ടേ? ഏറ്റവും കൂടുതൽ ടാക്സ് കൊടുക്കുന്ന ആളുകളുള്ള സ്ഥലമാണ് പെരുമ്പാവൂർ. ഏറ്റവും കൂടുതൽ ബിസിനസ്സ് സ്ഥാപനങ്ങൾ, തൊഴിലാളികൾ അവിടെയാണുള്ളത്. അതുകൊണ്ട് ദയവുചെയ്ത് എന്റെ മണ്ഡലത്തിലെ റോഡുകൾ ടാർ ചെയ്യുന്നതിനുള്ള അടിയന്തരനടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, മഴക്കാലത്ത് റോഡുകൾ നിർമ്മിക്കാൻ സാധിക്കില്ല. നിർമ്മിച്ചാൽ ആ തുക പാഴായിപ്പോകും. ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ പ്രസംഗിക്കും. മഴക്കാലത്ത് റോഡ് പണിത്, അത് ഒലിച്ചു പോയാൽ നിങ്ങൾ എതിരായിട്ടും പ്രസംഗിക്കും. നമുക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. കേരളത്തിൽ ഏഴ് മാസമായി മഴയാണ്, ഇപ്പോഴും മഴയാണല്ലോ. അത് നമ്മുടെ ആരുടെയും കുറ്റമല്ല. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനമാണ് അതിന് കാരണം. മുമ്പ് നാല് മാസം മഴയും എട്ട് മാസം വേനലുമായിരുന്നു. അതാണിപ്പോൾ ഏഴ് മാസം മഴയും കഷ്ടിച്ച് നാലോ അഞ്ചോ മാസം വേനലുമാകുന്നത്. നവംബറിലും കുറച്ച് മഴ കാണും, ഡിസംബറിലായിരിക്കും വേനൽ വരുന്നത്. ഇത് എല്ലായിടത്തേയും പ്രശ്നമാണ്. അപ്പോൾ കാലാവധി കഴിഞ്ഞ റോഡുകളും കേടാകും. നമുക്ക് ഫണ്ട് ഉണ്ടെങ്കിലും ആ സമയത്ത് റോഡുകൾ നന്നാക്കാൻ സാധിക്കില്ല. അത് എല്ലാവരും മനസ്സിലാക്കണം. നമ്മൾ കേരളത്തിലാണ് ജീവിക്കുന്നത്. ഇത് ഒരാളുടെ കുറ്റമല്ല. ഒരു വർഷം മുൻപുവരെ ഇങ്ങനെയൊരു സ്ഥിതി വന്നിട്ടില്ലായിരുന്നു. അങ്ങേയ്ക്ക് ഇന്നുവരെ ഇങ്ങനെ ഉന്നയിക്കേണ്ടി വന്നിട്ടില്ല. അപ്പോൾ ആ റോഡെല്ലാം നല്ല രീതിയിലായിരുന്നു. ഇപ്പോഴുണ്ടായ ഒരു പ്രതിഭാസമാണിത്. അതുകൊണ്ട് റോഡ് നന്നാക്കണം. ഈ വർഷത്തെ SLTF-ൽ ഉൾപ്പെടുത്തി പെരുമ്പാവൂർ മണ്ഡലത്തിന് 2 കോടി 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആഗസ്റ്റിൽ തന്നെ ഫണ്ട് അനുവദിച്ചതാണ്. പക്ഷേ വർക്ക് തുടങ്ങാൻ സാധിച്ചില്ല. ആ തുക ഉപയോഗിച്ച് കേടുപാട് സംഭവിച്ച കുറേയധികം റോഡുകൾ നന്നാക്കാൻ സാധിക്കും. അത് നന്നാക്കുന്നതിനുവേണ്ടി വ്യക്തമായ നിർദ്ദേശം കൊടുത്തു. കുഴി അടച്ചാൽ അടുത്ത

ദിവസം അത് പോകും. അതുകൊണ്ട് കുഴിമാത്രമായി അടയ്ക്കാതെ ഷീറ്റ് പോലെ ടാർ ചെയ്യണം. അപ്പോൾ തൊട്ടടുത്തൊന്നും കുഴിയോ മറ്റ് കാര്യങ്ങളോ രൂപപ്പെടുകയില്ല. ആലപ്പുഴ ഇത്തരത്തിൽ നിർമ്മിച്ച റോഡ് ഒന്നര വർഷമായി നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ട്. അങ്ങനെ ചെയ്യാതെ, എഞ്ചിനീയർമാർ എന്തെങ്കിലും ചെയ്യുന്നതാണ് പ്രശ്നമായി വരുന്നത്. ഇതൊക്കെ അപ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. ഏതായാലും 2 കോടി 10 ലക്ഷം രൂപ മേജറായ കുറേയധികം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി നൽകിയിട്ടുണ്ട്. ഒരു പക്ഷേ ഫണ്ട് മതിയാകാതെ വന്നാൽ ഇനിയും തരുന്നതാണ്. അറ്റകുറ്റപ്പണിയുടെ കാര്യത്തിൽ കാലാവസ്ഥ നല്ലതാണെങ്കിൽ എപ്പോൾ വേണമെങ്കിലും തുടങ്ങാം. കോൺട്രാക്ടർ വരാത്തതിന് ഗവൺമെന്റിന് എന്തുചെയ്യാനാകും? അങ്ങനെയുള്ള കള്ള കോൺട്രാക്ടർമാരാണ് അവിടെയുള്ളത്. അവർക്കെതിരെ നിങ്ങൾ നടപടിയെടുപ്പിക്കണം. അവരുടെ ലൈസൻസ് മുഴുവൻ ഞാൻ കട്ട് ചെയ്യും. മനഃപൂർവ്വം കോൺട്രാക്ട് പിടിക്കാതിരിക്കുന്നുണ്ടാകും. എന്തുകൊണ്ടാണ് അവർ കോൺട്രാക്ട് എടുക്കാത്തത്? അവരുടെ ജോലി പിന്നെയെന്താണ്? കോൺട്രാക്ട് എടുക്കാത്ത അവർക്ക് ലൈസൻസ് എന്തിനാണ്? ലിസ്റ്റ് ഇങ്ങോട്ട് തരൂ, കോൺട്രാക്ടറെ പുറത്തുനിന്നും എത്തിക്കാൻ പറയാം. ഏറ്റവും പ്രശസ്തനായ കോൺട്രാക്ടർ ഇ.കെ.കെ. അവിടത്തുകാരനല്ലേ? അദ്ദേഹം ചെയ്യുന്ന റോഡിനെപ്പറ്റി കുറ്റം പറയാൻ പറ്റില്ല. അദ്ദേഹത്തോട് മണ്ഡലം മുഴുവൻ ഒറ്റയ്ക്ക് പിടിക്കാൻ പറയൂ. മണ്ഡലാടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തു തരാം. രണ്ട് കോടി പത്തുലക്ഷം രൂപയുടെ വർക്കുണ്ട്. വലിയ വർക്ക് തന്നെയാണ്. അദ്ദേഹത്തോട് പറയൂ, അങ്ങനെ പരിഹാരം കാണണം. അദ്ദേഹം നല്ലപോലെ വർക്ക് ചെയ്യുന്ന ആളാണ്. രണ്ട് കോടി പത്തുലക്ഷം മോശപ്പെട്ട ഒരു ടെണ്ടറല്ല, അതൊരു ഇടത്തരം ടെണ്ടറാണ്. നല്ല കോൺട്രാക്ടർമാരുള്ള സ്ഥലമാണ് അതെന്ന് ഞാൻ പറഞ്ഞെന്നു മാത്രമേയുള്ളൂ. നല്ല ഉപകരണങ്ങളൊന്നുമില്ലാത്ത കോൺട്രാക്ടർക്ക് റോഡിന്റെ അറ്റകുറ്റപ്പണി കൊടുത്താൽ അടുത്ത ദിവസം റോഡ് മോശമാകും. ഏതായാലും ശരി, ഇതിന് ഫണ്ട് ഞാൻ അനുവദിച്ചിട്ടുണ്ട്. അതുവച്ച് പണി നടക്കട്ടെ, തികയാതെ വന്നാൽ അധികം തുക അനുവദിക്കാം. പുല്ലുവഴി-പാണിയേലിപ്പോര് റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 20 കോടി രൂപയുടെ ഭരണാനുമതിയുണ്ട്. അതിന് ഇൻവെസ്റ്റിഗേഷനും സാങ്കേതിക കാര്യങ്ങളും ഉണ്ടെന്ന് അറിയാമല്ലോ? അതിന് 5-8 മാസം വേണ്ടിവരും. അതുകൂടാതെ മഴയുടെ പ്രശ്നം കൂടിയുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ആ റോഡിന്റെ ഡിസൈൻ ആരംഭിച്ചിട്ടുണ്ട്. അതിനുശേഷം ഡി.പി.ആർ.-ഉം ആയി മുന്നോട്ടുപോകാം. എല്ലാ റോഡുകളേയുംപറ്റി പരിശോധിക്കാം. ഇത്രയും റോഡുകൾ

ഒരുമിച്ച് ഒരു മണ്ഡലത്തിലും കേടായിട്ടില്ല. എന്താണ് സംഭവിച്ചതെന്ന് നോക്കണം. രണ്ടും മൂന്നും റോഡുകൾ കേടായ സ്ഥിതിയുണ്ടായിട്ടുണ്ട്. എന്തുകൊണ്ട് ആ മണ്ഡലത്തിൽമാത്രം പത്തുപന്ത്രണ്ട് റോഡുകൾ ഒരുമിച്ച് കേടായി എന്നത് പരിശോധിക്കണം. റോഡ് നന്നാക്കണമെന്ന കാര്യത്തിൽ പൂർണ്ണമായും യോജിക്കുന്നു.

(9) <u>തൊഴിൽ സുരക്ഷിതത്വവും വേതനവും</u>

<u>ശ്രീ. പി. കെ. ശശി</u>: സർ, റിസോഴ്സ് ടീച്ചർമാരുടെ പ്രശ്നങ്ങൾ ഇതിന് മുമ്പ് ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ള വിഷയം തന്നെയാണ്. കഴിഞ്ഞ പത്തും ഇരുപതും കൊല്ലങ്ങളായി പൊതുവിദ്യാലയങ്ങളിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്താൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായിട്ടുള്ള എല്ലാ വശങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ഖാദർ കമ്മീഷൻപോലും റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തി നിയമിക്കണം എന്ന് ശിപാർശ ചെയ്തിട്ടുണ്ട്. മാത്രമല്ല ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പത്ത് വർഷത്തിലധികം സേവനം അനുഷ്ഠിച്ച റിസോഴ്സ് അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യുന്നതിനുള്ള സ്കീം തയ്യാറാക്കണമെന്ന് ഗവൺമെന്റിനോട് നിർദ്ദേശിച്ചതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസമുറപ്പാക്കാൻ റിസോഴ്സ് അദ്ധ്യാപകരുടെ സേവനം അനിവാര്യമാണ്. ഇത്തരത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന അദ്ധ്യാപകർ പത്തും പതിനഞ്ചും കൊല്ലങ്ങളായി ജോലി ചെയ്തുവരികയാണ്. മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും ഇവർക്ക് ന്യായമായ സേവന വേതന വ്യവസ്ഥകളൊന്നും ലഭിക്കുന്നില്ല. ഇവർക്ക് മാന്യമായ ശമ്പളം കിട്ടുന്നില്ല, തൊഴിൽ സുരക്ഷിതത്വവുമില്ല. ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും അടിയന്തരമായി ഇടപെട്ട് റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്തമായ സാമ്പത്തിക സഹകരണത്തോടെ പൊതുവിദ്യാഭ്യാസത്തിന്മേൽ നടത്തുന്ന പ്രോജക്ടാണ് 'സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)'. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കണമെന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാലയങ്ങളിൽ റിസോഴ്സ് അദ്ധ്യാപകരെ

എസ്.എസ്.കെ. നിയമിച്ചിട്ടുള്ളത്. ടി നിയമനങ്ങൾ പൂർണമായും എം.എച്ച്.ആർ.ഡി. മാനദണ്ഡങ്ങളനുസരിച്ച് മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. ആയതനുസരിച്ച് അതത് അദ്ധ്യയനവർഷം കരാർ അടിസ്ഥാനത്തിൽ പ്രതിമാസ വേതനം നിശ്ചയിച്ച് നിയമനം നൽകാനാണ് എം.എച്ച്.ആർ.ഡി. വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2019-2020 വർഷത്തിൽ എം.എച്ച്.ആർ.ഡി. പ്ലാൻ അപ്രൂവൽ ബോർഡ് മീറ്റിംഗ് തീരുമാനപ്രകാരം സെക്കന്ററി തലത്തിൽ 25,000 രൂപയും എലിമെന്ററി തലത്തിൽ 20,000 രൂപയും പ്രതിമാസ വേതനമായി നിശ്ചയിച്ച് നടത്തി അദ്ധ്യയന വർഷം മാർച്ച് 31-ന് കരാർ അവസാനിപ്പിക്കുന്ന രീതിയിൽ നിയമനം നടത്താൻ മാത്രമേ എസ്.എസ്.കെ. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ അനുവാദമുള്ളൂ. ഒരു നിശ്ചിത ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന എസ്.എസ്.കെ.-യ്ക്ക് അദ്ധ്യാപക നിയമനങ്ങൾ സ്ഥിരപ്പെടുത്താനോ വേതനം വർദ്ധിപ്പിക്കാനോ ബുദ്ധിമുട്ടുണ്ട്. പത്തുവർഷത്തിനകം സർവ്വീസുള്ള നിശ്ചിത യോഗ്യതയുള്ള റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിനായി ഒരു സ്കീം തയ്യാറാക്കണമെന്നും ഈ സ്കീമിൽ റെഗുലർ ടീച്ചേഴ്സിന് നൽകുന്ന വേതനവും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും ഉൾപ്പെടുത്തണമെന്നും സ്കീം തയ്യാറാക്കുന്നതുവരെ യോഗ്യതയുള്ള റിസോഴ്സ് അദ്ധ്യാപകരെ ആരെയും പിരിച്ചുവിടരുതെന്നുമുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിന്മേലുള്ള റിട്ടിന് അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല, അതനുസരിച്ച് തീരുമാനമെടുക്കുന്നതാണ്.

## (10) പകർപ്പവകാശം

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവം സൃഷ്ടിച്ച സർക്കാരാണിത്. അറിവുകൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരെ എല്ലാ കാലത്തും നട്ടെല്ല് വളയ്ക്കാതെ നിലപാടെടുത്തവരാണ് ഇടതുപക്ഷം. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നൽകുന്ന പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സംസ്ഥാന സർക്കാരിന് മാത്രമായി പരിമിതപ്പെടുത്തി യിരിക്കുകയാണ്. 'All copyrights are reserved' എന്ന് എല്ലാ പാഠപുസ്തങ്ങളിലും ആലേഖനം ചെയ്തിട്ടുണ്ട്. ഇതുമൂലം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത പാഠപുസ്തങ്ങളോ സ്വതന്ത്ര സോഫ്റ്റ്വെയർ സംവിധാനമായ യൂണികോഡ് സംവിധാനം ഉപയോഗിച്ചുള്ള പാഠപുസ്തകങ്ങളോ ഇന്റർനെറ്റിൽ ലഭ്യമല്ല. പാഠപുസ്തങ്ങളിലെ ചിത്രങ്ങളോ വിവരങ്ങളോ പുനരുപയോഗിക്കുന്നതിനോ, പുനർനിർമ്മിക്കുന്നതിനോ നിയമപരമായി സാധ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പി.ആർ.ഡി. വകുപ്പ് പ്രസിദ്ധീകരിക്കുന്ന

പല പുസ്തകങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയർ സംവിധാനമായ യൂണികോഡും ഉദാരമായ പകർപ്പവകാശമുള്ള ക്രിയേറ്റീവ് കോമൺ ലൈസൻസുമാണ് ഉപയോഗിക്കുന്നത്. സർക്കാരിന്റെ ധനസഹായ പദ്ധതികളെന്ന പുസ്തകം ഈ പറഞ്ഞ രണ്ട് സംവിധാനങ്ങളും പ്രയോജനപ്പെടുത്തിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത പാഠപുസ്തകങ്ങൾ ഇന്റർനെറ്റിൽ സ്വതന്ത്രമായി ലഭ്യമായാൽ ഗുണപരമായ നിരവധി മാറ്റങ്ങൾ നമുക്ക് സൃഷ്ടിക്കാനാകും. പാഠപുസ്തകവുമായി ബന്ധപ്പെട്ട് അദ്ധ്യാപകരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും സർവ്വോപരി വിദ്യാർത്ഥികളുടെയും അനേകം സൃഷ്ടികൾ ഇന്റർനെറ്റിൽ ലഭ്യമാകും. നമ്മുടെ പാഠപുസ്തകങ്ങൾ ആഴത്തിലുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും വിധേയമാകും. ഇത് ഇപ്പോൾ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുന്ന പാഠപുസ്തകം എന്ന പരമ്പരാഗത രീതിയെ പൊളിച്ചെഴുതുക തന്നെ ചെയ്യും. ഇപ്പോൾ നമ്മുടെ പാഠപുസ്തകങ്ങൾ നിർമ്മിക്കുന്ന ടൈപ്പ്റ്റെറ്ററുകൾക്കു വേണ്ടി ക്രമപ്പെടുത്തിയ American Standard for Communication Interchange (ASCI) എന്ന സംവിധാനമാണ്. ഇത് മാറ്റണമെന്നും പകരം മികവുറ്റതും സ്വതന്ത്ര സംവിധാനവുമായ യൂണികോഡ് ഉപയോഗിക്കണമെന്നും വർഷങ്ങൾക്കുമുമ്പേ NCERT-യും UGC-യും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് നിലവിൽവന്നാൽ പഴയ ലിപി, പുതിയ ലിപി എന്ന മലയാളത്തിലെ വേർതിരിവ് ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയും. പൂർണമായും ഡിജിറ്റലൈസ് ചെയ്ത പാഠപുസ്തകങ്ങളിലെ മലയാള അക്ഷരങ്ങൾ നമുക്ക് ഇഷ്ടമുള്ള ലിപിയിലേയ്ക്ക് മാറ്റാൻ സാധിക്കും. നിലവിൽ പേജ് മേക്കറിൽ സൃഷ്ടിക്കുന്ന ASCI സംവിധാനത്തിൽ ഇത് സാധ്യമല്ല. ആയതിനാൽ ഈ സർക്കാർ നിർമ്മിച്ച സ്മാർട്ട് ക്ലാസ് റൂമുകളിൽ സ്മാർട്ടായ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങൾ ഉദാരമായ പകർപ്പവകാശത്തിലൂടെ സ്വതന്ത്ര സോഫ്റ്റ്‌വെയർ സംവിധാനമായ യൂണികോഡിലൂടെ നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, സംസ്ഥാന സർക്കാരിനുവേണ്ടി SCERT തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള കേരള സ്കൂൾ സിലബസ് പ്രകാരമുള്ള പാഠപുസ്തകങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഓൺലൈൻ വിദ്യാഭ്യാസ പോർട്ടലിലും SCERT-യുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകൂടാതെ ഓരോ ടെക്സ്റ്റിലും ഓരോ പാഠങ്ങളിലും QR കോഡ് അടക്കം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പാഠപുസ്തകങ്ങൾ സമയബന്ധിതമായി സ്കൂളുകളിൽ വിതരണം ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ ഇന്റർനെറ്റിലൂടെ പാഠപുസ്തകങ്ങൾ ഇപ്പോൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അതുവഴി പൊതുസമൂഹത്തിനും ലഭ്യമാകുന്നുണ്ട്.

QR കോഡ് ഉള്ളതുകൊണ്ട് പാഠപുസ്തകങ്ങളിൽ ഉള്ളതിനപ്പുറമുള്ള വിവരങ്ങൾപോലും നേരിട്ട് ആർക്കും എടുക്കാൻ കഴിയുന്നതാണ്. പൂർണമായും സുതാര്യമായ രീതിയിൽ ടെക്സ്റ്റ് ബുക്ക് ഇന്ന് ആർക്കും ലഭ്യമാണ്. നിലവിൽ പാഠപുസ്തകങ്ങളുടെ പകർപ്പവകാശം സർക്കാരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്.

## V. വ്യക്തിപരമായ വിശദീകരണം

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പരാമർശം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ശ്രീ. കെ. എം. ഷാജിക്ക് ചട്ടം 258 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, എനിക്ക് സംസാരിക്കാൻ അവസരം തന്നതിന് അങ്ങയോട് നന്ദി പറയുകയാണ്. 31-10-2019-ന് ഈ സഭയിൽ അടിയന്തരപ്രമേയത്തിന് മറുപടി പറയുന്ന സമയത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ പേര് പറഞ്ഞ് നടത്തിയ ചില ആക്ഷേപങ്ങളുണ്ട്. അന്ന് അദ്ദേഹം പറഞ്ഞത് ഞാനൊരു തെരുവ് പ്രാസംഗികനാണെന്നാണ്. അതൊരു ആക്ഷേപമായിട്ടാണ് മന്ത്രി വിചാരിച്ചതെങ്കിലും അതൊരു അംഗീകാരമായി ഞാൻ സ്വീകരിക്കുകയാണ്. മറ്റൊന്ന്, കോളേജിൽ പഠിക്കാത്ത ഷാജി എന്നാണ്, 'കോളേജിൽ കയറാത്ത ഷാജി വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് ഒരക്ഷരം സംസാരിക്കാൻ അർഹതയില്ലാത്തവനാണെന്നാണ് പറഞ്ഞത്. ഈ സഭയിലെ 141 പേർക്ക് ഏതൊക്കെ വിഷയത്തിൽ എങ്ങനെയൊക്കെ ഇടപെടാം എന്നുള്ളതിനെക്കുറിച്ച് ദയവ് ചെയ്ത് അങ്ങയുടെ ഒരു സംരക്ഷണമോ പ്രഖ്യാപനമോ ഉണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മൂന്നാമത്, ഞാൻ കോളേജിൽ പഠിക്കാത്തവനാണ് എന്നാണ് അദ്ദേഹം പറഞ്ഞ ആക്ഷേപം. ഞാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പ്രീ-ഡിഗ്രിക്ക് പഠിച്ചത് ഒരേ കോളേജിൽ തന്നെയാണ്. അത് കോളേജല്ല എന്ന് മന്ത്രിക്ക് സംശയമുണ്ടെങ്കിൽ അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റ് അദ്ദേഹം പരിശോധിച്ച് നോക്കണം. നടൻ ശ്രീനിവാസൻ സഹപ്രവർത്തകനായ അല്പനായ മോഹൻലാലിനോട് 'പ്രീ-ഡിഗ്രിയും ഒരു ഡിഗ്രിയൊക്കെ തന്നെയാണ് എന്ന് പറയുന്നുണ്ട്. ഞാൻ അതിവിടെ ഓർമ്മിപ്പിക്കുകയാണ്. അതിനുശേഷം ബാംഗർ യൂണിവേഴ്സിറ്റിയിൽ ഞാൻ ബി.ബി.എ.-യ്ക്ക് ചേർന്നു അതിന്റെ രേഖകളൊക്കെ സ്വാഭാവികമായിട്ടും മത്സരിക്കുമ്പോൾ നാം തരാറുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആക്ഷേപാർത്ഥത്തിൽ പറഞ്ഞിട്ടുള്ള വാക്കുകൾ സഭയുടെ രേഖയിൽനിന്ന് നീക്കം ചെയ്യരുത് എന്നാണെന്റെ അപേക്ഷ. എന്റെ ഈ വിശദീകരണം സഭാരേഖകളിൽ ഉൾപ്പെടുത്തണമെന്നുകൂടി ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: മന്ത്രിയൊരു പ്രസംഗത്തിനിടയിൽ വൈകാരികമായി പറഞ്ഞുപോയതായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. (....ബഹളം.....) ഞാൻ പറഞ്ഞുകഴിയട്ടെ. Let me speak. അദ്ദേഹം ഇവിടെയുണ്ട്. അദ്ദേഹം അദ്ദേഹത്തിന്റെ വിശദീകരണം നൽകും, അതിനുള്ള അവസരം കൊടുക്കും. പക്ഷെ ഒരു കാര്യം ചെയറിന്റെ ഭാഗത്തുനിന്നും പറയാൻ ഉദ്ദേശിക്കുന്നുണ്ട്. കോളേജിൽ പഠിച്ചിട്ടില്ലായെന്നത് ഒരു കുറവായി കാണുന്ന രീതി നിയമസഭാ സാമാജികർക്ക് ബാധകമല്ല. ആ നിലയിൽ ഒരു ആക്ഷേപമായി ഉന്നയിക്കുന്നതും ശരിയല്ല. ജൈവ മനുഷ്യരുടെ മൂല്യങ്ങളും ബോധവും അറിവും രൂപം കൊള്ളുന്നത് മണ്ണിൽനിന്നാണ്. അത് ഒരു കുറവായി നമ്മൾ കാണേണ്ടതില്ല. അത് എന്ത് സാഹചര്യത്തിലാണെങ്കിലും അത് വേണ്ടായിരുന്നു. ഇനി ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളിൽ ഒരു വിശദീകരണത്തിന് ഞാൻ മുതിരുന്നില്ല. എന്റെ പരാമർശം അദ്ദേഹത്തിന് പ്രയാസമുണ്ടാക്കിയിട്ടുണ്ടെങ്കിൽ ഞാനത് പിൻവലിക്കുന്നു, അദ്ദേഹത്തിനുണ്ടായ മനഃപ്രയാസത്തിൽ ഖേദിക്കുകയും ചെയ്യുന്നു.

1.00 P.M.]

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

### (1) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാലാ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. എസ്. ശർമ്മ: സർ, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

### (2) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. പി. കെ. ശശി: സർ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII -ന്റെ റിപ്പോർട്ട് സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

(ii) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: രണ്ട് ബില്ലുകളും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്തുകയാണ്. ബില്ലായതിനാൽ അനിശ്ചിതമായി ചർച്ച ചെയ്യാവുന്നതാണെന്ന ബോധത്തിലാണ് നമ്മൾ നിൽക്കുന്നത്. ആ ബോധം തെറ്റല്ല. പക്ഷേ, ബന്ധപ്പെട്ട ബില്ലുമായി ചേർന്ന കാര്യങ്ങൾ ചുരുക്കി സംസാരിച്ച് സഹകരിച്ചാൽ പെട്ടെന്ന് അവസാനിപ്പിക്കാം. പത്ത് മിനിറ്റ് സമയത്തിനുള്ളിൽ പറയാനുള്ളത് ശക്തമായി പറയാൻ ബഹുമാനപ്പെട്ട അംഗങ്ങൾ സജ്ജമാകുക. Brief is beautiful.

Smt. Shanimol Usman: Sir, I move that -

" This House resolves to disapprove The University Laws (Amendment) Ordinance, 2019 (Ordinance No.34 of 2019)." ഈ ബില്ലിനെ ഞാൻ നിരാകരിക്കുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ഏറ്റവും കൂടുതൽ വിവാദങ്ങളുടെ പിടിയിലാണെന്ന് എല്ലാവർക്കുമറിയാം. യൂണിവേഴ്സിറ്റി

എന്ന വാക്ക് 'universitas magistrorum et scholarium' എന്ന ലാറ്റിൻ പദത്തിൽ നിന്നുള്ളതാണ്. 'Community of teachers and scholars' എന്നാണ് ആ വാക്കിന്റെ അർത്ഥം. സംസ്ഥാനത്തെ സർവ്വകലാശാലകളിൽ കഴിഞ്ഞ കുറേക്കാലമായി നടന്നുകൊണ്ടിരിക്കുന്ന ഒട്ടേറെ വിവാദങ്ങളെ സംബന്ധിച്ച് നമ്മളെല്ലാവരും ബോധവാൻമാരും ബോധവതികളുമാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കീഴിലുള്ള സർവ്വകലാശാലകളിൽ മാത്രമാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന പുതിയ അമെന്റ്മെന്റ് എന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. ഇതൊരു സർക്കാരിന്റെ നയമാണോയെന്ന് എടുത്ത് ചോദിക്കേണ്ടിവരുന്നതും അവിടെയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രോ-ചാൻസലറായിട്ടുള്ള ആരോഗ്യ സർവ്വകലാശാലയിലും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഫിഷറീസ് സർവ്വകലാശാലയിലും കാർഷിക സർവ്വകലാശാലയിലും വെറ്ററിനറി സർവ്വകലാശാലയിലും ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പ്രോ - ചാൻസലറായിട്ടുള്ള NUALS (The National University of Advanced Legal Studies)-ലും ഉൾപ്പെടെ വരാത്ത കാര്യമാണ് ഇവിടെ ഉയർന്നിരിക്കുന്നത്. ഇന്റർവ്യൂ നടത്തി റെഗുലറൈസ് ചെയ്ത രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ എന്നീ തസ്തികകളിലേയ്ക്ക് നിയമിതരായവരെക്കുറിച്ച് ചിന്തിക്കണം എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ റെഗുലറൈസ് ചെയ്ത് ഈ തസ്തികകളിലേയ്ക്ക് വന്ന ആളുകളെയാണ് രാഷ്ട്രീയപ്രേരിതമായി മാറ്റിയത്. പിരിച്ചുവിട്ട അവർക്ക് മാതൃസ്ഥാപനങ്ങളിലേയ്ക്ക് മടങ്ങിപ്പോകാൻ കഴിയുന്നില്ല. മാതൃസ്ഥാപനങ്ങളിലൊക്കെ വേറെ ആളുകളെ നിയമിച്ചിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാലയുടെയും കോഴിക്കോട് സർവ്വകലാശാലയുടെയും രജിസ്ട്രാർമാർ കോടതിയിൽ പോയത് സംബന്ധിച്ച് അങ്ങേയ്ക്ക് അറിവുള്ളതാണ്. പിൻവാതിൽ നിയമനത്തിനുവേണ്ടി അവരെ ഉപയോഗിച്ചതിന്റെ കാരണത്താൽ ജീവിക്കാൻ മാർഗ്ഗമില്ലാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. എന്തിനുവേണ്ടിയാണ് കേരളത്തിലെ ഈ സർവ്വകലാശാലകളെ ഇത്രയേറെ ചീത്തപ്പേര് കേൾപ്പിക്കുന്നതെന്ന് ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു. മാർക്ക് ദാനം, അഴിമതി, —സ്വജനപക്ഷപാതം എന്നിവയിൽ പേരുകേട്ട സർവ്വകലാശാലകളുടെ ഈ ചീത്തപ്പേര് മാറ്റി എടുക്കുന്നതിനുവേണ്ടിയായിരിക്കണം മുന്നോട്ട് പോകേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. സഭയിൽ ഇന്ന് എത്തിച്ചേരാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ വലിയ ആശങ്കയും സമ്മർദ്ദവും ഉണ്ടായിരുന്നു. വിദ്യാഭ്യാസ മേഖലയിലെ വിഷയമായതു കൊണ്ടാണ് എത്തിയത്. അരൂരിലെ കോടംതുരത്ത്, തുറവൂർ, മനക്കോടം, പള്ളിത്തോട് എന്നീ പ്രദേശങ്ങളൊക്കെ ചാറ്റൽമഴ പെയ്തപ്പോൾത്തന്നെ വെള്ളക്കെട്ടിലാണ്. അവിടത്തെ ജനങ്ങൾ വർഷങ്ങളായി അനുഭവിക്കുന്ന പ്രയാസമാണിത്. അവർ ദുരിതാശ്വാസ ക്യാമ്പിലാണ്. എന്നാലും

ഇവിടെ എത്തിയത് ഈ വിഷയത്തിന്റെ പ്രാധാന്യം ഒന്നുകൊണ്ടുമാത്രമാണ്. ഒഴിവ് വന്നിടത്ത് റീ-നോട്ടിഫൈ ചെയ്യപ്പോൾ യോഗ്യതാ മാനദണ്ഡത്തിൽ യാതൊരു മാറ്റവും വിദ്യാഭ്യാസ വകുപ്പ് വരുത്തിയിട്ടില്ല. സഹകരണസംഘം പിടിച്ചെടുക്കുന്നതുപോലെ കേരളത്തിലെ സർവ്വകലാശാലകളെ പിടിച്ചെടുക്കാൻ നടത്തുന്ന ഈ നീക്കം ശക്തമായി എതിർക്കപ്പെടേണ്ടതാണ്.

കഴിഞ്ഞ കുറേക്കാലമായി കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് വിവിധ പത്രങ്ങളിൽ വരുന്ന ഒട്ടേറെ റിപ്പോർട്ടുകളുണ്ട്. 1325 മുതൽ 1351 വരെ ഡൽഹി ഭരിച്ചിരുന്ന രാജാവായിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്ക്. ഭരണരംഗത്ത് അദ്ദേഹം നടപ്പിലാക്കിയിട്ടുള്ള നയങ്ങളും പരിഷ്കാരങ്ങളും ഇന്ത്യയിലെ രാജാക്കന്മാരിൽ 'ബുദ്ധിമാനായ വിഡ്ഢി' എന്ന വിളിപ്പേരിന് ഇടവരുത്തിയിട്ടുണ്ടെന്നുള്ളത് നാം ഓർമ്മിക്കണം.

കേരളത്തിലെ സർവ്വകലാശാലകളിൽ ഇതുപോലൊരു ഓർഡിനൻസ് കൊണ്ടുവന്ന് അതിലൂടെ കുറെ ആളുകളെ പുറത്താക്കി അഴിമതിയും മാർക്കുദാനവുമുൾപ്പെടെ നടത്തുന്നതിനും സ്വന്തം ഇഷ്ടക്കാരെ തിരുകി കയറ്റുന്നതിനുംവേണ്ടി നടത്തിയ തീരുമാനമായതുകൊണ്ടാണ് ഇതിനെ എതിർക്കപ്പെടുന്നത്. ഓർഡിനൻസിൽ പറഞ്ഞിരുന്നതിന് അനുസൃതമായി ജോലി നഷ്ടപ്പെട്ടുപോകുന്നവർക്ക് പുനർനിയമനം കൊടുക്കുന്നതിനുള്ള നീക്കമൊന്നും കഴിഞ്ഞ കുറേ മാസങ്ങളായി നടന്നിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഇങ്ങനെ ഒട്ടേറെ വിഷയങ്ങൾ നിലനിൽക്കുന്ന ഒരു മേഖലയായി സർവ്വകലാശാലകൾ ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. മറ്റ് സർവ്വകലാശാലകളെ അപേക്ഷിച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കീഴിലുള്ള സർവ്വകലാശാലകളിൽ മാത്രമാണിതെന്നുള്ളതും എടുത്ത് പറയേണ്ടതാണ്. സർക്കാരിന്റെ നയമാണോ അതോ ബഹുമാന്യനായ മന്ത്രിയുടെ നയമാണോ ഈ ബില്ലിലൂടെ വരുന്നതെന്നുള്ള സംശയമാണ് എന്നെപ്പോലുള്ള പുതിയൊരംഗത്തിന് ഉണ്ടാകുന്നത്.

ഈ ബില്ലിലൂടെ സർവ്വകലാശാലകളിൽ നുഴഞ്ഞ് കയറുന്നതിനും അതിന്റെ ഓട്ടോണമിയെ തകർക്കുന്നതിനും എടുത്തിട്ടുള്ള സർക്കാരിന്റെ ചില നീക്കങ്ങളാണോയെന്ന് സംശയിക്കുകയാണ്. നിലവിൽ സർവ്വകലാശാലകളിൽ ജോലി ചെയ്തിരുന്നവർ സർവ്വകലാശാലാ നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുമ്പോൾ അവരെയൊക്കെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ട ഒരു ഗൂഢതന്ത്രംകൂടി ഇതിന്റെ പിന്നിലുണ്ടെന്ന സംശയവും പൊതുജനങ്ങൾക്കുണ്ട് എന്നകാര്യം കൂടി ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഏറെക്കാലമായി രജിസ്ട്രാർ, കൺട്രോളർ എന്നിവരുടെ കാലാവധി നാല് വർഷമാക്കി. മൂന്ന് വർഷത്തിനിടെ കേരള സർവ്വകലാശാലയിലെ ചെലാൻ

തട്ടിപ്പ്, 73 ലക്ഷം രൂപ നഷ്ടപ്പെട്ടതിന്റെ വാർത്തകൾ; കേരള സർവ്വകലാശാല പരീക്ഷാനടത്തിപ്പിനു പുറമേ വൈസ് ചാൻസലർ നിയമനം ദുരൂഹമെന്നുള്ള മറ്റൊരു വാർത്ത, അതുപോലെ 'മോചനം നേടുന്ന വാഴ്സിറ്റികൾ' എന്ന കേരളത്തിലെ പ്രഗത്ഭരായ വിദ്യാഭ്യാസ വിചക്ഷണന്മാരുടെ ലേഖനങ്ങൾ; മൂല്യനിർണ്ണയം, അദ്ധ്യാപകരുടെ മെല്ലെപ്പോക്ക് ന്യായീകരിക്കാൻ ആവില്ല; ഉത്തരവാദിത്വം മറക്കരുതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും സർക്കാരിനെയും ബോദ്ധ്യപ്പെടുത്തുന്ന രീതിയിലുള്ള ഒട്ടേറെ ലേഖനങ്ങൾ; മന്ത്രി ഡോ. കെ. ടി. ജലീൽ രാജിവച്ച് ജുഡീഷ്യൽ അന്വേഷണം നേരിടണമെന്നുള്ളത്; വളരെ പ്രത്യേകമായി ആദരണീയനായ ഗവർണറെ കണ്ട് വിവിധ ആവശ്യങ്ങൾ ഉന്നയിക്കപ്പെടുന്നത്; കേന്ദ്ര സർവ്വകലാശാലാ അദ്ധ്യാപക നിയമനത്തിൽ ക്രമക്കേടെന്നുള്ള സി. ആന്റ് എ. ജി. റിപ്പോർട്ട് എന്നിങ്ങനെ ധാരാളമുണ്ട്. സമയത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ പ്രസംഗം അവസാനിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവശ്യപ്പെട്ടുപ്രകാരം ഞാൻ ഇതുസംബന്ധിച്ച് കൂടുതലായി വിശദീകരിക്കുന്നില്ല. "കുസാറ്റ് വി.സി. നിയമനം - പിന്നോക്കക്കാരെ വെട്ടി; ഉത്തരക്കടലാസ് വിതരണത്തിൽ യൂണിവേഴ്സിറ്റിക്ക് കണക്കില്ല; ഒന്നരവർഷംമുമ്പ് ആഡിറ്റ് റിപ്പോർട്ടിൽ വിമർശനം; ഉന്നത തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ പാർട്ടി വിധേയരെ കുത്തിനിറയ്ക്കാൻ നീക്കം; ഓർഡിനൻസിനു പിന്നാലെ സർവ്വകലാശാലകളിൽ കൂട്ടപിരിച്ചുവിടൽ; കേരളയിലും ചട്ടം ലംഘിച്ച് ഇടപെടൽ മന്ത്രി ഡോ. കെ. ടി. ജലീലിന് കുരുക്ക് മുറുകുന്നു; കേരളയിലെ പരീക്ഷാനടത്തിപ്പിലും മന്ത്രിയുടെ ഓഫീസ് ഇടപെട്ടെന്ന് ആരോപണം; ഒരു വിഷയത്തിന് തോറ്റവർക്ക് അഞ്ച് മാർക്ക് അധിക മോഡറേഷൻ; സാങ്കേതിക സർവ്വകലാശാലയിലും മാർക്ക് ദാനം," ഞാനിത് കൃത്യമായി സൂചിപ്പിക്കുന്നത് കേരളമെന്നുപറയുന്ന ഈ സംസ്ഥാനത്തിന്റെ സൽപ്പേര് വിദ്യാഭ്യാസ മേഖലയിൽ നമ്മൾ നേടിയെടുത്തിട്ടുള്ള വലിയ നേട്ടത്തിന്റെകൂടി അടിസ്ഥാനത്തിലാണ്. പക്ഷേ ഇന്ന് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്തെ ഒരുപാട് പിന്നോട്ട് കൊണ്ടു പോയിട്ടുണ്ടെന്നുള്ളതിന് ഒരു സംശയവും വേണ്ട.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കണ്ണൂർ സർവ്വകലാശാലയുടെ രജിസ്ട്രാർ ആയിരുന്ന ശ്രീ. ബാലചന്ദ്രൻ കീഴോത്തിനെ ഒരു കാരണവുമില്ലാതെ സിൻഡിക്കേറ്റ് സസ്പെൻഡ് ചെയ്തു. അദ്ദേഹം അതിനെതിരായി ഹൈക്കോടതിയിൽ പോയി സസ്പെൻഷൻ റദ്ദാക്കി ഉത്തരവ് സമ്പാദിച്ച് യൂണിവേഴ്സിറ്റിയിൽ എത്തി. ആ ഉത്തരവ് നടപ്പിലാക്കേണ്ട വി.സി.-യെ വളരെ ബോധപൂർവ്വം, വി.സി. സ്ഥലത്തില്ല, വീട്ടിലില്ല, യൂണിവേഴ്സിറ്റിയിലില്ല എന്നുപറഞ്ഞ് കാലതാമസം ഉണ്ടാക്കുകയാണ്.

അതിനിടയിൽ സിൻഡിക്കേറ്റ് വീണ്ടും ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകുന്നു. ആ അപ്പീലും ഡിവിഷൻ ബഞ്ച് തള്ളി. ഈ രജിസ്ട്രാറാണ് അവിടെ രജിസ്ട്രാർ ആയി പുനർച്ചുമതല ഏൽക്കേണ്ടതെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിനെ മറികടക്കാൻകൂടിയാണ് ഈ തെറ്റായ തുഗ്ലക്ക് മോഡൽ നിയമ പരിഷ്കാരം അവിടെ നടപ്പിലാക്കുന്നതെന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ 100 ശതമാനം അതിനോട് യോജിക്കുകയാണ്. ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒന്നാണ് വിദ്യാഭ്യാസ മേഖല. വിദ്യാഭ്യാസമില്ലാത്ത രക്ഷിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ കഷ്ടപ്പെട്ട് പഠിപ്പിച്ച് മുന്നോട്ടുകൊണ്ടുവന്ന് പി.എസ്.സി. വഴി ഒരു ഉദ്യോഗം നേടിയെടുക്കണമെന്നൊക്കെ ആഗ്രഹിക്കുമ്പോൾ അവിടെയും സുതാര്യമായ രീതിയിൽ കൊണ്ടുപോകാൻ കഴിയുന്നില്ല. അവിടെയും അട്ടിമറി നടക്കുന്നു, ഇഷ്ടക്കാർക്ക് ജോലികിട്ടുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. കഷ്ടപ്പെട്ട് രാവിലെയെണീറ്റ് കട്ടൻകാപ്പി ഉണ്ടാക്കി എന്നെപ്പോലെയുള്ള അമ്മമാർ മക്കളെ പഠിപ്പിച്ചുകൊണ്ടുവരുമ്പോൾ ചോദ്യപേപ്പറും ഉത്തരപേപ്പറും കൊണ്ടുപോയി വീട്ടിൽകൊടുക്കുന്നു, പരീക്ഷ എഴുതി ഒന്നാം റാങ്ക് വാങ്ങിക്കുന്നതിനുള്ള സാഹചര്യം വേറെയൊരുക്കുന്നു. അങ്ങനെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ ആകെ തകർക്കുകയാണ്. ഡിജിറ്റൈസേഷൻ പരാജയം, വിവരങ്ങൾ നഷ്ടപ്പെട്ടു; സർവ്വകലാശാലയിലെ വിവരങ്ങൾ സംബന്ധിച്ച് അറിയാൻ എല്ലാവർക്കും അധികാരവും അവകാശവുമുണ്ട്. പക്ഷേ ഇതിനെയൊക്കെ വളരെ ചെറിയ ഒരു വിഷയമായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിപോലും കാണുന്നത്. ഇത്രയേറെ ആക്ഷേപങ്ങൾ വരുമ്പോൾ ഇതൊന്ന് തിരുത്തി മുന്നോട്ടുകൊണ്ടുപോകണമെന്ന് തോന്നാത്തത് സത്യത്തിൽ എന്നെ അത്ഭുതപ്പെടുത്തുകയും അമ്പരപ്പിക്കുകയുമാണ്. ഇവിടെയിരിക്കുന്ന നല്ലൊരു ശതമാനം അംഗങ്ങളും വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനത്തിലൂടെ കടന്നുവന്നിട്ടുള്ളവരാണ്. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്കൊക്കെ ഏകദേശം ധാരണയുമുണ്ട്. പക്ഷേ, അതിനെയൊക്കെ ഇന്ന് അട്ടിമറിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയെ പരിപൂർണ്ണമായും തകർക്കുന്നതിനുവേണ്ടി നടക്കുന്ന ഈ നീക്കത്തെ ശക്തമായി എതിർക്കുന്നു എന്ന് ഒരിക്കൽക്കൂടി ഞാൻ ഈ അവസരത്തിൽ പറയുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം ലിസ്റ്റ് വായിച്ചപ്പോൾ ഒരു കാര്യം വായിക്കാൻ വിട്ടുപോയിരുന്നു. എം.ജി. സർവ്വകലാശാലയിൽ ഒരു സിൻഡിക്കേറ്റ് മെമ്പർ പരീക്ഷാ കൺട്രോളർക്ക് എഴുതി റീ-വാല്യുവേഷന്റെ

പേപ്പറുകളും അതിന്റെ ഫാൾസ് നമ്പറും അടക്കമുള്ള കാര്യങ്ങൾ ആവശ്യപ്പെടുകയും പരീക്ഷാ കൺട്രോളർ അതിന് അനുവാദം കൊടുക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാല്യുവേഷൻ പോലെ പ്രധാനപ്പെട്ട ഒരു കാര്യമാണ് റീവാല്യുവേഷൻ. സിൻഡിക്കേറ്റ് മെമ്പർക്ക് റീവാല്യുവേഷൻ ചെയ്ത പേപ്പറിന്റെ ഫാൾസ് നമ്പർ വാങ്ങിക്കേണ്ട കാര്യമെന്താണ്? ഇദ്ദേഹം ഒരു കത്ത് കൊടുത്തപ്പോൾ പരീക്ഷാ കൺട്രോളർ ആ ഫാൾസ് നമ്പറുകൾ മുഴുവൻ കൊടുക്കാൻ ഉത്തരവ് നൽകിയതെന്തിനാണ്; ഇതൊക്കെയാണ് നമ്മുടെ സർവ്വകലാശാലകളിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, തീർച്ചയായും അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണം, നമ്മളിൽ പലരും സർവ്വകലാശാലാ സെനറ്റിലും സിൻഡിക്കേറ്റിലുമൊക്കെ അംഗങ്ങളായിട്ടുള്ളവരാണ്. അവരുടെ അധികാരത്തെ സംബന്ധിച്ച് നമുക്ക് പരിപൂർണ്ണ ബോദ്ധ്യമുണ്ട്. ചിലപ്പോൾ ഇന്ത്യയിൽ എവിടെയും കേട്ടിട്ടില്ലാത്ത രീതിയിൽ റീ-വാല്യുവേഷൻ ക്യാമ്പിലടക്കം ഇന്ന് മന്ത്രിയുടെ പ്രതിനിധികൾ പോകുന്നുവെന്നുള്ള ആരോപണങ്ങൾ വരുമ്പോൾ അതിനെ നമ്മൾ അതിശക്തമായി എതിർക്കേണ്ടതായിട്ടുണ്ട്. അങ്ങ് തന്നിട്ടുള്ള സമയം ഞാൻ കൃത്യമായി പാലിക്കുന്നതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ അനുകൂലിക്കുന്നു. എന്തിനാണ് ഈ ബിൽ എന്നുതന്നെ നമുക്ക് ഇതുവരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. നമ്മുടെ സർവ്വകലാശാലകളെ തങ്ങളുടെ വരുതിയിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ ആളുകളും പടച്ചുകൂട്ടി (മന:പൂർവ്വം) ഉണ്ടാക്കിയ ബില്ലാണിത്. യൂണിവേഴ്സിറ്റി രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളുടെ കാലാവധി നാല് വർഷമായി നിജപ്പെടുത്തുക എന്നതാണ് ഈ ബില്ലുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. കഴിഞ്ഞ സെഷനിൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഒരു സ്വകാര്യ ബില്ലിൽ ഇടപെട്ടുകൊണ്ട് ഈ ഓർഡിനൻസിനെ ഞാൻ പരാമർശിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടിയായി നടത്തിയ ഒരു പ്രസംഗമുണ്ട്. 'എന്റെ സുഹൃത്ത് ശ്രീ. ടി. വി. ഇബ്രാഹിം ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സർവ്വകലാശാലകളെ ശാക്തീകരിക്കാൻ മാത്രമാണ് സർക്കാർ ഇത്തരത്തിലുള്ള ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. യൂണിവേഴ്സിറ്റികളിലെ വി.സി.-ക്കും പി.വി.സി.-ക്കും 4 വർഷക്കാലാവധിയാണുള്ളത്. എന്നാൽ രജിസ്ട്രാർ,

കൺട്രോളർ ഓഫ് എക്സാമിനേഷൻ, ഫിനാൻസ് ഓഫീസർ എന്നിവർക്ക് കാലാവധിയില്ലെന്നും അദ്ദേഹം ഇവിടെ പറഞ്ഞു. നാല്പതാമത്തെ അല്ലെങ്കിൽ നാല്പത്തിരണ്ടാമത്തെ വയസ്സിൽ അവർ യൂണിവേഴ്സിറ്റിയിൽ ഒരേ പോസ്റ്റിൽ നിയമിതരായാൽ ഏത് ഗവൺമെന്റുകൾ അധികാരത്തിൽ വന്നാലും യോഗ്യനാണെങ്കിലും അയോഗ്യനാണെങ്കിലും യോഗ്യത എന്നു പറയുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, അങ്ങനെ അനന്തമായി പത്തും പതിനഞ്ചും വർഷം ഇരിക്കും. അതേ തസ്തികയിൽ തുടരുന്നുയെന്നുള്ളത് പല സർവ്വകലാശാലകളെയും പ്രയാസപ്പെടുത്തുന്നുവെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് അവർക്കും കാലാവധി നിർണ്ണയിക്കണമെന്ന് തീരുമാനിച്ചത് ' എന്നാണ്. ഇങ്ങനെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുപോയി അവസാനം മന്ത്രി പറയുന്നു, "ഓരോ എയ്ഡഡ് കോളേജുകളിൽനിന്നും ആരെയെങ്കിലും യൂണിവേഴ്സിറ്റികളിലെ ഇത്തരം സ്ഥാനങ്ങളിൽ നാല്പതാമത്തെ വയസ്സിൽ അല്ലെങ്കിൽ നാല്പത്തിരണ്ടാമത്തെ വയസ്സിൽ നിയമിക്കുകയും എയ്ഡഡ് കോളേജുകളിൽ തൽസ്ഥാനത്ത് മറ്റൊരാളെ അപ്പോയിന്റ് ചെയ്യാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. എന്നിട്ട് ഈ എയ്ഡഡ് കോളേജുകാർക്ക് വൻതുക കോഴവാങ്ങി പകരം അധ്യാപകരെ നിയമിക്കാൻ സൗകര്യം ചെയ്തുകൊടുക്കുന്നു, അതിന് അറുതിയാകുന്നു" എന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സെഷനിൽ നടത്തിയ പ്രസംഗത്തിന്റെ ഉള്ളടക്കം. അതായത് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരെ ഇവിടെ കൺട്രോളർമാരായും ഫിനാൻസ് ഓഫീസറായും സി.ഇ.-മാരായും നിയമിക്കുകയും പകരം എയ്ഡഡ് കോളേജുകൾക്ക് പണം വാങ്ങാനുള്ള സൗകര്യമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നു എന്നുള്ളതാണ് പറഞ്ഞത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ.എസ്. ബിജിമോൾ)

താങ്കൾ പി.എസ്.എം.ഒ. കോളേജിൽ നിയമിതനായ ആളാണല്ലോ, എത്ര രൂപ നിയമനത്തിനായി നൽകിയെന്ന് ഞാൻ ചോദിച്ചു. പി.എസ്.എം.ഒ. കോളേജിനെ ആ ഗണത്തിൽപ്പെടുത്തേണ്ട എന്നാണ് ബഹുമാനപ്പെട്ട മന്ത്രി അപ്പോൾ മറുപടി പറഞ്ഞതെങ്കിലും പൊതുവേ മുഴുവൻ എയ്ഡഡ് കോളേജുകളെയും അധിക്ഷേപിക്കുകയുണ്ടായി. അത്തരത്തിൽ അധിക്ഷേപിച്ച തിലല്ല എന്റെ പരാതി, എയ്ഡഡ് കോളേജുകളിലെ ആളുകളെ കൊണ്ടുവന്ന് നിയമിക്കാൻവേണ്ടി സൗകര്യം ചെയ്തു കൊടുക്കുവാനാണിത്, അതിന് അറുതി വരുത്തുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി

ഈ ഓർഡിനൻസ് കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ഷാനിമോൾ ഉസ്മാൻ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ രണ്ട് രജിസ്ട്രാർമാർ ഇപ്പോൾ പെരുവഴിയിലാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ശ്രീ. ടി. അബ്ദുൾ മജീദും കണ്ണൂർ സർവ്വകലാശാലയിലെ ശ്രീ. മധു കീഴോത്തും. ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ പഴയ ആളുകളെയെല്ലാം പിരിച്ചുവിടുകയുണ്ടായി, പുതിയ രജിസ്ട്രാറെ നിയമിക്കാൻ നോട്ടിഫിക്കേഷൻ പുറത്തിറക്കി. അതിൽ എവിടെയും അധികയോഗ്യതയെക്കുറിച്ച് പറഞ്ഞിട്ടില്ല. മുമ്പ് സർവ്വകലാശാല നിശ്ചയിച്ച അതേ യോഗ്യതയുടെ അടിസ്ഥാനത്തിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച്, അപേക്ഷ ക്ഷണിച്ച്, ആളിനെ നിയമിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിയമിക്കപ്പെട്ട ആളിന്റെ യോഗ്യത പരിശോധിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. എയ്ഡഡ് കോളേജിൽ നിന്ന് ആളെ കൊണ്ടുവരില്ല, എയ്ഡഡ് കോളേജുകാർക്ക് പുതിയ ആളെ നിയമിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കില്ല എന്നുപറഞ്ഞ ബഹുമാന്യനായ മന്ത്രി ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസ് ഒട്ടുമില്ലാത്ത ഒരാളെയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാറായി നിയമിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യം നിഷേധിക്കാനാകില്ല. പിരിച്ചുവിടപ്പെട്ട രജിസ്ട്രാറുടെ യോഗ്യത പരിശോധിച്ചു നോക്കണം. പഠിക്കുന്ന കാലത്ത് രണ്ട് റാങ്ക് നേടി, മുക്കം എം.എ.എം.ഒ. കോളേജിൽ രണ്ട് വർഷത്തെ പ്രിൻസിപ്പൽഷിപ്പും 17 വർഷം എച്ച്.ഒ.ഡി.-യും ആയ ആളെയാണ് ഇപ്പോൾ പിരിച്ചുവിട്ടത്. അദ്ദേഹം സെനറ്റ് മെമ്പറും 2004 മുതൽ റിസർച്ച് ഗൈഡുമായിരുന്നു. കൂടാതെ, മൂന്ന് പി.എച്ച്.ഡി. തീസിസും പ്രൊഡ്യൂസ് ചെയ്തിട്ടുണ്ട്. അദ്ദേഹം ഇന്ന് പെരുവഴിയിലായി. എവിടെയും നിയമനം ലഭിക്കാതെ രണ്ട് രജിസ്ട്രാർമാരും എട്ടുമാസമായി അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. പുതിയ നിയമനം അവിടെ നടന്നുകഴിഞ്ഞതിനാൽ അവരുടെ കോളേജുകളിലേക്ക് തിരിച്ചുപോകാൻ അവർക്ക് കഴിയുന്നില്ല. ഇനി സൂപ്പർന്യൂമററിയായി അവരെ നിയമിക്കണം. തത്തുല്യ യോഗ്യതയിൽ ഇവരെ നിയമിക്കുമെന്നാണ് സർക്കാർ കോടതിയിൽ പറഞ്ഞിട്ടുള്ളത്. കോടിക്കണക്കിന് രൂപ പൊതുഖജനാവിന് നഷ്ടം വരുത്തിയാണ് രാഷ്ട്രീയ താത്പര്യത്തിനുവേണ്ടി ചില നിയമനങ്ങൾ നടത്തുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഈ ഓർഡിനൻസ് കൊണ്ടുവന്നത് അതിനുവേണ്ടിയാണ്. സ്വന്തം രാഷ്ട്രീയതാത്പര്യം സംരക്ഷിക്കാൻ കേരളത്തിന്റെ പൊതുമുതലിൽനിന്ന് പണം നഷ്ടപ്പെടുത്തുന്നുവെന്നതും ഇതിന്റെ അനന്തരഫലമായി സംഭവിക്കുന്നു. ഇത്തരത്തിൽ എക്സ്പീരിയൻസുള്ള ശ്രീ. അബ്ദുൾ മജീദിനെ പിരിച്ചുവിട്ടിട്ട് തത്സ്ഥാനത്തേക്ക് കൊണ്ടുവന്നയാൾക്കുള്ള ആകെ യോഗ്യത സെനറ്റിലും

സിൻഡിക്കേറ്റിലും അംഗമായിരുന്നുവെന്നതാണ്. സെനറ്റ്/സിൻഡിക്കേറ്റ് അംഗമായാൽ അത് അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസ് അല്ലെന്ന് ആർക്കുമറിയാം. ഈ സഭയിലിരിക്കുന്ന എം.എൽ.എ.-മാരിലാർക്കും എം.എൽ.എ. ആയി എന്നത് അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസ് അല്ല. എന്നാൽ മന്ത്രിയാണെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസ് ഉണ്ടെന്ന് പറയാം. ഇത് KS&SSR (Kerala State and Subordinate Service Rules)-ന്റെ violation കൂടിയാണ്. അദ്ദേഹത്തെ നിയമിച്ചതിനെതിരെ കോടതിയിൽ പോകാനിരിക്കുകയാണ്. പകരം ഇപ്പോൾ നിയമിക്കപ്പെട്ട ആൾ എച്ച്.ഒ.ഡി. ആയിട്ടില്ല, പ്രിൻസിപ്പൽ ആയിട്ടില്ല, അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസുമില്ല. എന്നാൽ സിൻഡിക്കേറ്റ്, സെനറ്റ് എന്നിവിടങ്ങളിൽ മെമ്പറായിരുന്നു എന്നതിന്റെയടിസ്ഥാനത്തിൽ മാത്രമാണ് അദ്ദേഹത്തെ നിയമിച്ചത്. അദ്ദേഹത്തിന്റെ യോഗ്യതയും അയോഗ്യതയും നോക്കുവാനല്ല ഞാനിത് പറയുന്നത്. നിയമസഭയുടെ കഴിഞ്ഞ സെഷനിലെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗവും ഇപ്പോഴുള്ള അദ്ദേഹത്തിന്റെ പ്രയോഗവും തമ്മിലുള്ള അന്തരം ചൂണ്ടിക്കാണിക്കുവാൻവേണ്ടി മാത്രമാണ് പറയുന്നത്. സർവ്വകലാശാലകളെ മുഴുവൻ തങ്ങളുടെ വരുതിയിലാക്കി രാഷ്ട്രീയ താത്പര്യങ്ങളും മറ്റും സംരക്ഷിക്കുന്നതിനുള്ള വേദിയാക്കുവാനാണ് ഇത്തരക്കാരെ കൊണ്ടുവരുന്നത്. സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരെയുൾപ്പെടെ നിയമിക്കുന്നതിൽ ഗവൺമെന്റിന് സ്വാധീനം ചെലുത്താൻ സാധിക്കുമെങ്കിലും നിയമിക്കപ്പെട്ട വി.സി.മാരേയും ആ സർവ്വകലാശാലകളേയും പൂർണ്ണമായും സ്വതന്ത്രമായി വിടുകയാണെന്നാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ നേരത്തെ സൂചിപ്പിച്ചത്. അവ അക്കാദമിക സ്വയംഭരണ സ്ഥാപനങ്ങളാണെന്ന രീതിയിൽ അത്തരം കാര്യങ്ങളിൽ ഇടപെടാറുമില്ല. എന്നാൽ അങ്ങനെയുള്ള ഇടപെടലുകൾക്കും ഇവിടെ സൂചിപ്പിച്ചതുപോലെ മാർക്ക് ദാനമടക്കമുള്ള കാര്യങ്ങളിലും ഉത്തരക്കടലാസുകൾ തിരുത്തുന്ന കാര്യത്തിൽ പോലും ഇടപെടാനുള്ള സൗകര്യത്തിനായി സ്വന്തക്കാരെ നിയമിക്കുന്നതിന് വേണ്ടിയാണ് ഈ നടപടികളെല്ലാമെന്ന് നമുക്കെല്ലാവർക്കും അറിയാം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ വിദ്യാഭ്യാസ വകുപ്പിന്റേതായി വന്ന അഫിഡവിറ്റിൽ പറയുന്നത്, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ അത്തരത്തിലൊരു തീരുമാനമെടുത്തിട്ടുണ്ട് എന്നുള്ളതാണ്. എന്നാൽ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ അത്തരത്തിലൊരു tenure ഉണ്ടാക്കണമെന്ന തീരുമാനം എടുത്തിട്ടില്ലെന്നാണ് എന്റെ അറിവ്. മികവുറ്റ കേന്ദ്രങ്ങളാക്കാനും ഏറ്റവും ഉന്നതമായ ഗവേഷണാത്മകമായ നിലപാട്

സ്വീകരിക്കുവാനും കഴിയുന്ന തരത്തിലാണ് ഈയൊരു മാറ്റം ഉണ്ടാക്കുന്നതും ഓർഡിനൻസ് കൊണ്ടുവരുന്നതുമെന്നാണ് അതിനോടൊപ്പം പറഞ്ഞത്. സത്യത്തിൽ ആരോഗ്യ, ഫിഷറീസ് യൂണിവേഴ്സിറ്റികളിൽ നിയമനം നേരത്തെ നടത്തിയിരുന്നത് tenure വച്ചുതന്നെയാണ്. പക്ഷേ, അതിനേക്കാളേറെ കേരള, എം.ജി., കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ NAAC-ന്റെയും മറ്റ് ഉന്നത സമിതികളുടേയുമെല്ലാം accreditation 'എ' പ്ലസോടുകൂടി ലഭിക്കുന്നുണ്ട്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന് അത്തരത്തിലൊരു തീരുമാനമില്ലാത്ത സ്ഥിതിക്ക് അങ്ങനെയൊരു കാര്യം കോടതിയിൽ പറയേണ്ടതായിരുന്നുവെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ഇത്തരത്തിലാണ് പ്രസംഗിച്ചതെങ്കിലും efficiency enhancement-നും quality improvement-നും വേണ്ടിയാണ് ഈ മാറ്റമെന്നാണ് ഗവൺമെന്റിനുവേണ്ടി ഹാജരായ വക്കീൽ കോടതിയെ ബോധ്യപ്പെടുത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ നിങ്ങൾ തോറ്റല്ലോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയിവിടെ പറയുകയുണ്ടായി. ഞങ്ങളല്ല, മറിച്ച് കോടതിയെ സമീപിച്ച കക്ഷികളാണ് തോറ്റത്. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞ മറുപടിയല്ല കോടതിയിൽ പറഞ്ഞത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതു പോലെ ഇത് quality improvement-നും efficiency enhancement-നും വേണ്ടിയാണ് എന്നാണ് പറഞ്ഞത്. നാല് സർവ്വകലാശാലകളുണ്ട്. സംസ്കൃത സർവ്വകലാശാലയായാലും NUALS (National University of Advanced Legal Studies) ഫിഷറീസ്, വെറ്ററിനറി സർവ്വകലാശാലകൾ ആയാലും 4 വർഷമാണ് ഒരു രജിസ്ട്രാറുടെ കാലാവധി. അത്തരത്തിൽ 4 വർഷത്തെ കാലാവധിയുള്ള സർവ്വകലാശാലകളുടെ എഫിഷ്യൻസിയും ക്വാളിറ്റിയും തമ്മിൽ താരതമ്യം ചെയ്യണം. എം.ജി., കാലിക്കറ്റ്, കേരള, കണ്ണൂർ സർവ്വകലാശാലകളിൽ റിട്ടയർമെന്റ് പ്രായംവരെയുള്ള നിയമനമായതുകൊണ്ട് quality-യും efficiency-യും കുറഞ്ഞുപോയിട്ടില്ല. മറിച്ച് ഗവൺമെന്റ് പറയുന്ന വാദവും ബഹുമാനപ്പെട്ട മന്ത്രി, സഭയിൽപറഞ്ഞ വാദവും ഒരുപോലെ തെറ്റാണ്. ഇവിടെ ശിവരഞ്ജിത്തിനെയും നസീമിനെയും പോലുള്ളവർക്ക് കോപ്പിയടിക്കണം. അതിനുള്ള സൗകര്യം സർവ്വകലാശാലകളിലും കോളേജുകളിലും ഉണ്ടാക്കണം. അത്തരത്തിലുള്ള ഗൂഢലക്ഷ്യത്തോടുകൂടി മാത്രമാണ് ഇതെല്ലാം ചെയ്യുതെന്ന് നമുക്കെല്ലാവർക്കുമറിയാം. അതിനാലാണ് ഞങ്ങൾ ഈ നിരാകരണപ്രമേയം അവതരിപ്പിക്കുന്നത്. യു.ഡി.എഫ്. ഭരിക്കുന്ന സമയത്തും ലീഗിന്റെ മന്ത്രിമാരുള്ള

സമയത്തുമൊക്കെ ഇതെല്ലാം പരിശോധിച്ചശേഷം മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. ഞങ്ങൾ മാഷുമാരെ വൈസ് ചാൻസലറാക്കി എന്ന് ഇവിടെ പറയുകയുണ്ടായി. എന്നാൽ മരുന്നു കച്ചവടക്കാരെ ഞങ്ങൾ വൈസ് ചാൻസലറായി നിയമിച്ചിട്ടില്ല. ശ്രീ. എം. എ. ബേബിയെ പോലെയുള്ള ഇടതുപക്ഷ മന്ത്രിമാർ മാത്രമേ മരുന്നു കച്ചവടക്കാരെ കൊണ്ടുവന്ന് വൈസ് ചാൻസലറാക്കി നിയമിച്ചിട്ടുള്ളൂ. ഞങ്ങളുടെ നേതാവ് സി. എച്ച്. മുഹമ്മദ് കോയ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായപ്പോൾ CUSAT യൂണിവേഴ്സിറ്റി സ്ഥാപിച്ചു. തങ്ങളുടെ രാഷ്ട്രീയ എതിരാളിയായിട്ടുപോലും ജോസഫ് മുണ്ടശ്ശേരിയെയാണ് CUSAT-ന്റെ ആദ്യത്തെ വൈസ് ചാൻസലറായി നിയമിച്ചത്. അത്തരത്തിലുള്ളൊരു പാരമ്പര്യമാണ് മുസ്ലീം ലീഗിനും യു.ഡി.എഫ്.-നുമുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പഠന ബോർഡുകൾ പുനഃസംഘടിപ്പിച്ചിട്ടില്ല, അക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. പഠന ബോർഡുകളുടെ പുനഃസംഘടന നീട്ടിക്കൊണ്ടു പോവുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പറായിരുന്ന ഒരാളെന്ന നിലയിലാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കാര്യം ഞാൻ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നത്. അവിടെ 150-ൽപ്പരം അദ്ധ്യാപക പോസ്റ്റുകളിൽ നിയമനം നടത്താനുണ്ട്. ഇത്തരത്തിൽ കാലാവധി നിശ്ചയിച്ചുകൊണ്ട് അവിടെ ഇപ്പോഴുള്ള വൈസ് ചാൻസലറേയും രജിസ്ട്രാറേയും മാറ്റിയതിന് ശേഷമാവണം ഈ നിയമനങ്ങളൊക്കെ നടത്താനെന്ന ഗൂഢലക്ഷ്യം വച്ചുകൊണ്ടാണ് പ്രസ്തുത അദ്ധ്യാപക പോസ്റ്റുകളിൽ നിയമനം നടത്താത്തത്.

നിഗൂഢമായ ലക്ഷ്യങ്ങളാണ് ഈ ബില്ലിന്റെ പിന്നിലുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിഗൂഢമായ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി ഇതുപോലെയുള്ള നിയമനിർമ്മാണങ്ങൾ നടത്തി സഭയുടെയും അംഗങ്ങളുടേയും സമയം നഷ്ടപ്പെടുത്തുകയാണ്; ഗവൺമെന്റിന്റെ ഖജനാവിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു; യൂണിവേഴ്സിറ്റികളുടെ ക്വാളിറ്റി കുറഞ്ഞുപോകുന്നു; അവിടെയുള്ള അക്കാദമിക സ്വയംഭരണം ഇല്ലാതെയാക്കുന്നു. അതുമാത്രമല്ല ഇപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് അദ്ധ്യാപക നിയമനവും പഠനബോർഡും പുനഃസംഘടിപ്പിക്കാത്തതിന്റെ പേരിൽ 50 കോടി രൂപ RUSA-യുടെ എയ്ഡ് വരേണ്ടതായിരുന്നു, അതും നഷ്ടപ്പെടുത്തി. ഇതൊക്കെ പ്രത്യാഘാതങ്ങളായി നിലനിൽക്കുകയാണ്. ബില്ലിലെ വ്യവസ്ഥകൾ ഒരു കാര്യവുമില്ലാതെ രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി വിനിയോഗിക്കുകയാണ്. മറ്റ് ചില സർവ്വകലാശാലകളിലൊക്കെ സ്വന്തക്കാരിരുന്നാൽ യാതൊരു പ്രശ്നവുമില്ല.

ചെയർപേഴ്സൺ: 13 മിനിട്ടായി.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പത്ത് വർഷം ഫിനാൻസ് ഓഫീസർ ആയിരുന്നയാൾ, ഞാൻ ആ വ്യക്തിയുടെ പേര് പറയുന്നില്ല, ഇപ്പോൾ NUALS-ലെ എഫ്.ഒ. ആണ്. സ്വന്തക്കാരായ ആളുകൾക്ക് പതിനാല് കൊല്ലത്തോളം എഫ്.ഒ. ആയിരിക്കുന്നതിന് യാതൊരു പ്രശ്നവുമില്ല. മറ്റ് ആളുകളാണെങ്കിൽ അവരെ പിരിച്ചുവിടാൻവേണ്ടി നിയമം കൊണ്ടുവരികയാണ്.

കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ആദ്യമായിട്ടാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന് മാത്രമായി ഒരു മന്ത്രി ഉണ്ടായത്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി, അങ്ങ് കുറച്ച് കോളേജുകളും കോഴ്സുകളും അനുവദിക്കുകയും അതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും വേണം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസംഗിച്ചത് ജൂൺ 1-ന് കേരളത്തിൽ ആദ്യമായി പ്രവേശനം ആരംഭിച്ചുവെന്നാണ്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി എന്നാണ് അഡ്മിഷൻ ക്ലോസ് ചെയ്തതെന്നുകൂടി പറയണം. ഏതെങ്കിലും കോഴ്സ് പാസായ ഒന്നോ, രണ്ടോ കുട്ടികൾക്ക് ജൂൺ 1-ന് അഡ്മിഷനുള്ള സൗകര്യം ചെയ്തുകൊടുത്തുവെന്ന് പറയുന്ന ബഹുമാനപ്പെട്ട മന്ത്രി രണ്ടര മാസം കഴിഞ്ഞതിനുശേഷമാണ് അഡ്മിഷൻ ക്ലോസ് ചെയ്തത് എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? നിങ്ങൾ പ്രസംഗിക്കാനും അവകാശവാദമുന്നയിക്കാനുംവേണ്ടി മാത്രമാണ് കേരളത്തിൽ ഒന്നാം ക്ലാസ് മുതൽ പി.ജി. കോഴ്സ് വരെ ജൂൺ 1-ന് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നുവെന്ന് പറയുന്നത്. എവിടെയാണ് അഡ്മിഷൻ പൂർത്തിയാക്കിയത്?അഡ്മിഷൻ പൂർത്തിയാക്കിയിട്ടില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുപകരം സർവ്വകലാശാലകളെ നന്നാക്കാനായി ശ്രമിക്കണ മെന്നാണ്. അവിടെ അഡ്മിഷനും കോഴ്സുകളും നടത്തുന്നതിലും കുട്ടികൾക്ക് കൃത്യസമയത്ത് പരീക്ഷ നടത്തി റിസൾട്ട് നൽകുന്ന കാര്യത്തിലും ശ്രദ്ധിക്കണമെന്നാണ്. 'ഇപ്പോൾ പരീക്ഷ നടത്തിയല്ലോ' എന്ന് പറയും. പക്ഷേ പരീക്ഷ നടത്തിയതുകൊണ്ട് കാര്യമുണ്ടോ? ഗ്രേഡ് കാർഡ് നൽകിയിട്ടുണ്ടോ; കുട്ടികൾക്ക് ഹയർ ഓപ്ഷന് പോകാൻ സൗകര്യമുണ്ടോ? ഇതൊന്നുമില്ല. സമയത്ത് റിസൾട്ട് വന്നതുകൊണ്ടുമാത്രം കാര്യമില്ല. റിസൾട്ട് വന്നതുകൊണ്ടുള്ള ഗുണഫലം കുട്ടികൾക്ക് ലഭിക്കുന്നില്ല. ശരിയായ സമയത്ത് റിസൾട്ട് നൽകുന്നില്ല. ഇനി റിസൾട്ട് പുറത്തിറക്കിയതിന്റെ കാര്യം കൂടി പറയാം. ഇവിടെ ധാരാളം പത്രകട്ടിംഗുകൾ ശ്രീമതി ഷാനിമോൾ ഉസ്മാൻ ഹാജരാക്കി. വളരെ വിചിത്രമായി ഇക്കഴിഞ്ഞ സെപ്റ്റംബർ 22-ന് വന്നൊരു പത്ര കട്ടിംഗ് ആണിത്. (പത്രകട്ടിംഗ് ഉയർത്തിക്കാട്ടി). ഇതിൽ പറയുന്ന കാര്യം എന്താണെന്നറിയുമോ? "കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഉത്തര കടലാസ് ആക്രിക്കടയ്ക്ക് മുമ്പിൽ" എന്നാണ്. എന്റെ

സ്വന്തം നാട്ടിലാണ്. എന്റെ മണ്ഡലത്തിന്റെ അതിർത്തി പ്രദേശത്ത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്ന കൊണ്ടോട്ടി ഗവൺമെന്റ് കോളേജിന്റെ തൊട്ടടുത്ത ടൗണിലുള്ള ആക്രിക്കടയിൽ ഒരു കോളേജ് പ്രൊഫസർ കൊണ്ടുവന്നു വിറ്റതാണത്. പഴയകാലത്തെ ഉത്തര കടലാസാണെങ്കിൽ നമുക്ക് മനസ്സിലാക്കാം. ഞാൻ അത് വായിക്കാം "2019 മാർച്ചിൽ പരീക്ഷ എഴുതിയ അഫ്സൽ ഉലൈമയുടേയും മറ്റും ഉത്തര കടലാസുകൾ ഉണ്ടെന്ന് പോലീസ് പറഞ്ഞു" . ഇത് പോലീസ് പിടിച്ചെടുത്തു. പത്ര പ്രവർത്തകർ പിന്നാലെ പോയി. പോലീസ് ഈ ആക്രിക്കടയിലെ ഉത്തരകടലാസുകൾ മുഴുവൻ പിടിച്ചെടുത്ത കൂട്ടത്തിൽ അതിൽ 2019 മാർച്ചിലെ പരീക്ഷാപേപ്പറും ഉണ്ടായിരുന്നു. പിന്നെ കുട്ടികളെങ്ങനെയാണ് റീവാല്യുവേഷന് അപേക്ഷ നൽകുക? അല്ലെങ്കിലും ഇപ്പോൾ കാലിക്കറ്റ് സർവ്വകലാശാല മാത്രമല്ല എല്ലായിടത്തും വാല്യുവേഷൻ കഴിഞ്ഞ പേപ്പറെല്ലാം കോളേജിൽ കെട്ടിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് സംശയമുണ്ടെങ്കിൽ പരിശോധിക്കാം. ഞാൻ ഗുരുതരമായ ആരോപണമായി ഉന്നയിക്കുകയാണ്. റീവാല്യുവേഷന് കുട്ടികൾ അപേക്ഷ നൽകിയാൽ എങ്ങനെയാണ് പേപ്പർ റീവാല്യു ചെയ്യാൻ കഴിയുക? റീവാല്യു ചെയ്യുന്നതിനുപകരം ഇവിടെ മന്ത്രി കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞതുപോലെ രണ്ടോ മൂന്നോ മാർക്ക് കൂട്ടി നൽകി ഇവരെ രക്ഷപ്പെടുത്തുകയാണ്. ആ കുട്ടിക്ക് മാർക്ക് ലിസ്റ്റ് പോലും നൽകാൻ കഴിയുന്നില്ല. കുട്ടി ആവശ്യപ്പെട്ട് 500 രൂപ കെട്ടിവച്ചാൽ ഉത്തരക്കടലാസ് ലഭിക്കണമെന്നാണ് വ്യവസ്ഥ. പക്ഷേ ലഭിക്കുന്നില്ല. കാരണം ഇതെല്ലാം ആക്രിക്കടയിൽ വിറ്റുകഴിഞ്ഞു. ആക്രിക്കടയിൽ ഉത്തരക്കടലാസുകൾ വിറ്റ ഒരു അദ്ധ്യാപകൻ മാർക്സിസ്റ്റ് പാർട്ടിയുടെ അദ്ധ്യാപക സംഘടനയുടെ അംഗമായതുകൊണ്ട് ഈ വ്യക്തിക്കെതിരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഇതാണ് കേരളത്തിലെ സർവ്വകലാശാലാ പരീക്ഷാ നടത്തിപ്പിന്റെ കാര്യം എന്ന് മനസ്സിലാക്കണം. ഇതൊക്കെ നന്നാക്കുന്നതിനുപകരം ഇതുപോലുള്ള ഓർഡിനൻസ് കൊണ്ടുവന്നിട്ട് എന്താണ് കാര്യം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മഹാത്മാഗാന്ധി സർവ്വകലാശാല എന്നുപറയുമ്പോൾ ഗാന്ധിജിയുടെ ഒരു ചിത്രം നമ്മുടെ മനസ്സിൽ വരും. സത്യാന്വേഷണ പരീക്ഷണത്തിൽ നിൽക്കുന്ന മഹാത്മാഗാന്ധിയുടെ ചിത്രമാണ് ഇവിടെയിരിക്കുന്നത്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കഴിഞ്ഞ എം.കോം പരീക്ഷയിൽ പരീക്ഷ എഴുതിയ കുട്ടികളുടെ രജിസ്ട്രേഷൻ നമ്പർ, അവരുടെ ഫാൾസ് നമ്പർ ഇതെല്ലാംകൂടി ഒരു സിൻഡിക്കേറ്റ് മെമ്പർ വാങ്ങിയതിനുശേഷം മാർക്ക് കൂട്ടിക്കൊടുക്കുകയാണ്. വ്യക്തി ഏതാണെന്ന് അറിയാതിരിക്കാൻ വേണ്ടിയാണ് രജിസ്ട്രേഷൻ നമ്പറിന്റെ മുകളിൽ ഫാൾസ് നമ്പർ ഇടുന്നത്. ഫാൾസ്

നമ്പർ ഇടുമ്പോൾ അതിന്റെ പ്രിൻസിപ്പിൾ തന്നെ ഈ നമ്പർ ആർക്കും നൽകരുതെന്നാണ്. അപ്പോൾ രജിസ്ട്രേഷൻ നമ്പറും ഫാൾസ് നമ്പറും എടുത്തിട്ട് മാർക്ക് കൂട്ടിനൽകുന്നു. ഈ വ്യക്തി ആരാണെന്ന് മനസ്സിലാക്കി മാർക്ക് കൂട്ടിക്കൊടുക്കുകയാണ്. മാർക്ക് കൂട്ടിക്കൊടുക്കുന്നതിലും ഒരു നടപടിയുണ്ട്. മാർക്ക് കൂട്ടിക്കൊടുത്ത യൂണിവേഴ്സിറ്റിയുടെ ഓർഡർ എന്റെ കയ്യിലുണ്ട്. അതിൽ പറഞ്ഞിട്ടുള്ളത് ഈ സർവ്വകലാശാലയിൽ നടന്ന പരീക്ഷകളിൽ ഏതാണ്ട് ഒരു മാർക്ക് കുറവുള്ള കുട്ടികൾക്ക് നേരത്തെ നൽകിയ മോഡറേഷന് പുറമെ വീണ്ടും മോഡറേഷൻ നൽകാൻ തീരുമാനിച്ചു, ഡബിൾ മോഡറേഷൻ. അങ്ങ് സിൻഡിക്കേറ്റ് മെമ്പറല്ലേ? ഡബിൾ മോഡറേഷൻ എന്നത് ഏതെങ്കിലും ഒരു കോഴ്സിനകത്തുണ്ടോ? അതും നൽകി. അതിന്റെ പേപ്പർ പിടിച്ചു. അതിന്റെ ഫാൾസ് നമ്പറും അറിഞ്ഞു. രജിസ്ട്രേഷൻ നമ്പറിന്റെ പിന്നാലെ പോയി. എന്നിട്ടും ബഹുമാനപ്പെട്ട മന്ത്രി ഒരു നടപടിപോലും എടുത്തിട്ടില്ലെന്നുള്ളത് അങ്ങേയ്ക്ക് അറിയുമോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലെയുള്ളവർക്ക് ഇത്തരത്തിലുള്ള അനേകം സംഭവങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. അദ്ദേഹം പറഞ്ഞത് എം.ജി. യൂണിവേഴ്സിറ്റിയുടെ കാര്യമാണ്. ഇവിടെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കാര്യമാണ്. എല്ലാ സർവ്വകലാശാലകളുടെയും ഭരണവും പരീക്ഷാനടത്തിപ്പും അധ്യാപനമെല്ലാം കുത്തഴിഞ്ഞു കിടക്കുകയാണ്. ഇതെല്ലാം നോക്കുന്നതിനുപകരം ഇതുപോലുള്ള ഓർഡിനൻസ് കൊണ്ടുവന്ന് സ്വന്തം ആൾക്കാരെ തിരുകിക്കയറ്റുന്നതിനുവേണ്ടി സൗകര്യമുണ്ടാക്കുക എന്നല്ലാതെ മറ്റൊന്നും ഇവിടെ ചെയ്യുന്നില്ല. അതുതന്നെയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും വരുന്നത് മലപ്പുറം ജില്ലയിൽ നിന്നാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് മാത്രമായി ഒരു മന്ത്രി വന്നിട്ട് കുറച്ച് കോഴ്സുകളും കോളേജുകളുമെല്ലാം മലപ്പുറം ജില്ലയിലും വരണം. ഇത് പറയുമ്പോഴേക്കും മുമ്പ് നിങ്ങളല്ലേ ഭരിച്ചിരുന്നത്; അന്ന് കൊണ്ടുവരാമായിരുന്നില്ലേ എന്ന് ചോദിക്കും. അന്ന് ഒരുപാട് കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ ഇനിയും കൊണ്ടുവരണം. അങ്ങനെ കൊണ്ടുവരുന്ന കാര്യത്തിലൊക്കെയാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടത്. അല്ലാതെ ഇതുപോലെയുള്ള അനാവശ്യ കാര്യങ്ങളിലല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മലപ്പുറം ജില്ലയുടെ അവസ്ഥ തന്നെ ഞാൻ പറയാം. 2009-ലെ ത്യാഗരാജൻ കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ ഏറ്റവും മോശമായ, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏറ്റവും പിന്നിൽ നിൽക്കുന്ന നാല് ജില്ലകളെ

പ്രത്യേകമായി എടുത്തു പറഞ്ഞിട്ടുണ്ട്. അവ മലപ്പുറം, വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയുടെ എൻറോൾമെന്റ് പോലും ഞെട്ടിപ്പിക്കുന്നതാണ്. അത് ഗൗരവമായ കാര്യമാണ്. ഞാൻ വിശദമാക്കുന്നില്ല. മലപ്പുറം ജില്ലയിൽ ഇക്കഴിഞ്ഞ വർഷം 56,000 വിദ്യാർത്ഥികൾ പ്ലസ് ടു പാസ്സായി ഉന്നതവിദ്യാഭ്യാസ രംഗത്ത് അഡ്മിഷനുവേണ്ടി അപേക്ഷ നൽകിയിട്ടും 8.28 ശതമാനം കുട്ടികൾക്ക് മാത്രമാണ് ഹയർ എഡ്യൂക്കേഷന് അവസരം ലഭിച്ചത്. ഇത് തിരുത്തണ്ടേ? തിരുത്തുന്നതിനുപകരം കുറേ സ്വാശ്രയ കോളേജുകൾ അനുവദിച്ചതുകൊണ്ട് കാര്യമുണ്ടോ? ഗവൺമെന്റിന് എന്തെങ്കിലും നയമുണ്ടോയെന്ന് ഞങ്ങൾക്കറിയില്ല. അതുപോലെ, ബഹുമാന്യനായ വകുപ്പുമന്ത്രി പ്ലസ് ടു-വിന് 30 ശതമാനം മാർജിൻ ഇൻക്രീസ് അനുവദിച്ചു. ഇവിടെ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉണ്ട്, അദ്ദേഹത്തോട് സ്വാശ്രയ ഹയർ സെക്കണ്ടറി സ്കൂളുകൾക്കുകൂടി 30 ശതമാനം മാർജിൻ ഇൻക്രീസ് അനുവദിച്ചുകൂടെ എന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്വാശ്രയക്കാരെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയില്ല എന്നാണ്. ഗവൺമെന്റിന്റെ നയമെന്താണെന്ന് അപ്പോൾ ഞാൻ ചോദിച്ചു. ഇത് വ്യക്തിപരമായ സംഭാഷണമാണ്; ഇവിടെ പറയേണ്ട കാര്യമില്ല. ഞാൻ ഇത് ചോദിക്കാൻ കാരണം, ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ ഇത്ര കോഴ്സുകൾ കൊടുത്തു, ഇത്ര സീറ്റുകൾ വർദ്ധിപ്പിച്ചു എന്നെല്ലാം പ്രസംഗിച്ചു. അതെല്ലാം എവിടെയാണ്, അതെല്ലാം സ്വാശ്രയ കോളേജുകൾക്ക് കോഴ്സുകൾ അനുവദിച്ചതാണ്. എയ്ഡഡ് കോളേജുകൾക്ക് തീരെ നൽകിയിട്ടില്ല എന്നല്ല ഞാൻ പറയുന്നത്. വിരലിൽ എണ്ണാവുന്നവയ്ക്കു മാത്രമാണ് അംഗീകാരം നൽകിയത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 564 കോഴ്സുകളും 30-ൽപ്പരം എയ്ഡഡ്/ ഗവൺമെന്റ് കോളേജുകളും അനുവദിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ 26 ഗവൺമെന്റ് കോളേജുകൾക്കും ആറോ, ഏഴോ എയ്ഡഡ് കോളേജുകൾക്കും കേരളത്തിൽ അനുമതി കൊടുത്തിട്ടുണ്ട്. മുപ്പതിൽപ്പരം കോളേജുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തു. എന്നാൽ ഈ ഗവൺമെന്റ് എത്ര കോളേജുകൾ കൊടുത്തിട്ടുണ്ട്; എത്ര കോഴ്സുകൾ കൊടുത്തിട്ടുണ്ട്? പകരം കൊടുത്തതെല്ലാം സ്വാശ്രയ കോളേജുകളും കോഴ്സുകളുമാണ്. ബഹുമാനപ്പെട്ട മന്ത്രിയെ കഴിഞ്ഞവർഷം സ്വാശ്രയ മന്ത്രിയെന്ന് ആക്ഷേപിച്ചു വിളിക്കുന്ന രീതിപോലും വന്നു. ഹയർ സെക്കണ്ടറിക്ക് മാർജിൻ ഇൻക്രീസ് സീറ്റുകൾ അനുവദിക്കുമ്പോൾ പ്രൊഫ. സി. രവീന്ദ്രനാഥ് സ്വാശ്രയ

സ്ഥാപനങ്ങളെ പരിഗണിക്കുന്നില്ല. എന്നാൽ, ബഹുമാന്യനായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി അംഗീകാരം കൊടുക്കുന്നത് മുഴുവനും സ്വാശ്രയ മേഖലയിലാണ്. സ്വാശ്രയ മേഖലയിൽ മാത്രം കൊടുത്താൽ പോരാ; ബഹുമാനപ്പെട്ട മന്ത്രി വരുന്ന ജില്ലകളിൽ കുറച്ച് കോഴ്സുകൾ കൊടുക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാസർഗോഡ് ജില്ലയെക്കാൾ മലപ്പുറം ജില്ല പിന്നിലാണ്. ഇപ്പോഴുള്ള ആകെ ആശ്വാസം എന്നുപറയുന്നത് സ്വാശ്രയ കോളേജുകളിലും കോഴ്സുകൾ ഉണ്ടെന്നുള്ളതാണ്. സ്വാശ്രയ കോളേജുകളെ മാറ്റിനിർത്തി, എയ്ഡഡ്/ ഗവൺമെന്റ് കോളേജുകളിലെ അഡ്മിഷൻ നോക്കിയാൽ, വിദ്യാഭ്യാസപരമായി ഏറ്റവും പിന്നോക്കം നിൽക്കുകയും സൗകര്യങ്ങൾ കുറവാണെന്ന് വിശ്വസിക്കുകയും ചെയ്യുന്ന കാസർഗോഡ് ജില്ലയിൽ പോലും അപേക്ഷിക്കുന്നവരിൽ 10.58% കുട്ടികൾക്ക് ഹയർ എഡ്യൂക്കേഷന് സൗകര്യം കിട്ടുമ്പോൾ മലപ്പുറം ജില്ലയിലെ കുട്ടികൾക്ക് എയ്ഡഡ്/ഗവൺമെന്റ് സ്ഥാപനങ്ങളിൽ സൗകര്യം കിട്ടുന്നത് 8.28 ശതമാനത്തിന് മാത്രമാണ്. ഈ അസന്തുലിതാവസ്ഥ തിരുത്തണ്ടേ? ബഹുമാനപ്പെട്ട മന്ത്രി മലപ്പുറം ജില്ലയിൽ ഒരു ഐ.ഐ.ടി. എങ്കിലും കൊണ്ടുവരണം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞങ്ങൾ പറയുകയാണ്, എന്റെ മണ്ഡലമായ കൊണ്ടോട്ടിയിൽ ഐ.ഐ.ടി വരികയാണെങ്കിൽ അതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകാൻ തയ്യാറാണ്. കൊണ്ടോട്ടിയിൽ എവിടെയായാലും ഞാൻ മുൻകയ്യെടുത്ത് അതിനാവശ്യമായ സ്ഥലം സൗജന്യമായി ഗവൺമെന്റിന് ഏറ്റെടുത്ത് സമർപ്പിക്കാൻ തയ്യാറാണ്. ഐ.ഐ.ടി.-യും ഐ.ഐ.എം.-ഉം വരട്ടെ, മലപ്പുറം ജില്ലയിൽ കുറച്ച് എയ്ഡഡ് കോളേജുകളും വരട്ടെ. മലപ്പുറം ജില്ലയിൽ ഒരൊറ്റ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജില്ല, അല്ലെങ്കിൽ ഗവൺമെന്റ് കോളേജ് ഇല്ല. ഇക്കാര്യം സംബന്ധിച്ച് ശ്രീ. അബ്ദുൽ ഹമീദ്. പി. കഴിഞ്ഞ നിയമസഭാ സെഷനിൽ ആവശ്യപ്പെട്ടിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ആവശ്യത്തിന് സ്ഥലമുണ്ടല്ലോ, അവിടെയൊരു എഞ്ചിനീയറിംഗ് കോളേജ് വരട്ടെ. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്/ഗവൺമെന്റ് കോളേജാക്കി മാറ്റട്ടെ. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉണ്ടാകുന്നത്. ഇത്തരം കാര്യങ്ങളാണ് ബഹുമാന്യനായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ടത്. ആവശ്യമില്ലാത്ത ഓർഡിനൻസ് ഇറക്കി സ്റ്റാറ്റ്യൂട്ടും ആക്ടുമൊക്കെ ഭേദഗതി ചെയ്ത് സ്വന്തക്കാരെ തിരുകിക്കയറ്റാനുള്ള സൗകര്യമുണ്ടാക്കലല്ല എന്നുള്ളതാണ് അങ്ങയോട് എനിക്ക് അപേക്ഷിക്കാനുള്ളത്. ശ്രീമതി ഷാനിമോൾ ഉസ്മാൻ പറഞ്ഞ ഒരുപാട് പത്ര കട്ടിംഗുകൾ എന്റെ പക്കലുമുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം തകർന്നുകിടക്കുന്ന ഈ സന്ദർഭത്തിൽ അത് ശരിയാക്കുന്ന കാര്യത്തിലും ന്യൂജെൻ കോഴ്സുകളും

കോളേജുകളും കൊണ്ടുവരുന്ന കാര്യത്തിലുമാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ നിരാകരണ പ്രമേയം ഒന്നുകൂടി പ്രസ്സ് ചെയ്തുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 03-06-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം കുത്തഴിഞ്ഞതായി ആക്ഷേപങ്ങൾ വന്നൊരു കാലഘട്ടത്തിൽ, ആ ആക്ഷേപങ്ങൾക്ക് ശക്തിപകരുന്ന ഒരു ഭേദഗതി ബില്ലാണ് ബഹുമാന്യനായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവന്നിട്ടുള്ളത്. ഇന്ന് രണ്ട് ഭേദഗതി ബില്ലുകളുണ്ടെങ്കിലും അവയുടെ ആവശ്യം തന്നെയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. എട്ട് സർവ്വകലാശാലകളിൽ ഭേദഗതി വരുത്തുന്നതുകൊണ്ട് വീതംവച്ചതാകും. ഒന്നാം നമ്പർ ഭേദഗതിയിൽ നാല് സർവ്വകലാശാലകളും രണ്ടാം നമ്പർ ഭേദഗതിയിൽ മറ്റ് നാല് സർവ്വകലാശാലകളുമുണ്ട്. അതായത്, ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കീഴിൽ വരുന്ന എല്ലാ സർവ്വകലാശാലകളിലെയും രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ കാലാവധി നാലുവർഷമാക്കി നിജപ്പെടുത്തുകയാണ്. എന്തിനാണ് നാലുവർഷമായി നിജപ്പെടുത്തുന്നത്? ഇതിന്റെ വിവിധ വശങ്ങളെപ്പറ്റി മുമ്പ് സംസാരിച്ചവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇങ്ങനെ നിജപ്പെടുത്തുന്നതുകൊണ്ട് അക്കാദമികമായി എന്തെങ്കിലും ഗുണമുണ്ടെങ്കിൽ അത് വ്യക്തമാക്കണം. തങ്ങൾക്ക് ആവശ്യമില്ലാത്തവരെ, തങ്ങളുടെ ചൊൽപ്പടിയിൽ നിൽക്കാത്തവരെ പ്രധാനപ്പെട്ട തസ്തികകളിൽനിന്നും പ്രധാന സ്ഥാനങ്ങളിൽനിന്നും നീക്കം ചെയ്യുകയെന്ന ഒരൊറ്റ ഉദ്ദേശ്യമാണ് ഇതിനുള്ളതെന്ന് വളരെ വ്യക്തമാണ്. ഇതൊരു നിയമവിരുദ്ധമായ നടപടിയാണ്. ഏറ്റവും ചുരുങ്ങിയത് നിലവിലുള്ള ആളുകൾക്കെങ്കിലും ഇത് ബാധകമാക്കാതിരിക്കണ്ടേ എന്നതാണ് പലരുടെയും ചോദ്യം. രജിസ്ട്രാറായി ഒരാളെ നിയമിക്കുമ്പോൾ അയാൾ ജോലിചെയ്തിരുന്ന തസ്തികയിൽനിന്നും ഒഴിവായി വരികയാണ്. എയ്ഡഡ് കോളേജിലെ ഒരു പ്രൊഫസറാണെങ്കിൽ അവിടെനിന്ന് ഒഴിവായിട്ടാണ് ഈ ജോലി ഏറ്റെടുക്കുന്നത്. തിരിച്ച് അയാളുടെ മദർ ഡിപ്പാർട്ടുമെന്റിലേക്ക് പോകാൻ കഴിയില്ല. കാരണം, അവിടെ വേറെ ആളെ നിയമിച്ചിട്ടുണ്ടാകും. ഇത് രാഷ്ട്രീയമായ ദുരുദ്ദേശ്യത്തോടുകൂടി നടത്തുന്ന ഒന്നാണ്. ഇങ്ങനെ ഓർഡിനൻസ് വന്നതിനെത്തുടർന്ന് പലരും ജോലിയില്ലാതെ

അലയേണ്ട സ്ഥിതിയാണുള്ളത്. ഇത് അംഗീകരിക്കാൻ കഴിയുമോ? ഈയൊരു വിമർശനം വന്നപ്പോൾ അവർക്ക് വേറെ ജോലി കൊടുക്കുമെന്നാണ് പറയുന്നത്. ശ്രീ. ടി. വി. ഇബ്രാഹിം ചൂണ്ടിക്കാണിച്ചതുപോലെ അതൊരു അമിത ചെലവല്ലേ? അക്കാര്യത്തിൽ സർക്കാരിന് യാതൊരു പ്രയാസവുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വികസന കാര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന് പറയുമെങ്കിലും തങ്ങളുടെ രാഷ്ട്രീയ താൽപ്പര്യങ്ങൾ നടപ്പാക്കുന്നതിന് സാമ്പത്തികം ഒരു പ്രശ്നമേയല്ല. അഡ്വ. എ. സമ്പത്തിന്റെ നിയമനത്തെക്കുറിച്ചോ അഡ്വക്കേറ്റ് ജനറലിന് കാബിനറ്റ് റാങ്ക് കൊടുത്തതുമൂലമുണ്ടാകുന്ന അധിക ചെലവുകളെ സംബന്ധിച്ചോ ഞാൻ ചൂണ്ടിക്കാണിക്കുന്നില്ല. അതിനെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതു പോലെ, നിലവിലുള്ള തസ്തികകളിൽനിന്നും ആളുകളെ മാറ്റി പകരം തങ്ങൾക്ക് പ്രിയപ്പെട്ടവരെ അവിടെ നിയമിക്കണം. അതുകൊണ്ടുണ്ടാകുന്ന നിയമപ്രതിസന്ധി സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. ഇങ്ങനെ നീക്കപ്പെടുന്ന ആളുകൾക്ക് പകരം ജോലി കൊടുക്കണം. അതിന് സർക്കാർ ഖജനാവിൽനിന്നും പണം ചെലവാക്കാം. എന്നിട്ട് തങ്ങളുടെ രാഷ്ട്രീയമായ ഗൂഢോദ്ദേശ്യം ഇവിടെ നടപ്പാക്കുകയും ചെയ്യും. ഈ നടപടിമൂലം സർവ്വകലാശാലകളുടെ നിലവാരമാണ് തകർന്നടിയുന്നത്. ഇക്കാര്യത്തിൽ ഏതെങ്കിലുമൊരു കമ്മീഷന്റെ ഉപദേശം ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ? അതായത്, നിലവിലുള്ളവരുടെ പദവി നാല് കൊല്ലമാക്കി ഒതുക്കണമെന്നും കരാർ നിയമനമാണ് നല്ലതെന്നുമുള്ള ഉപദേശം കിട്ടിയിട്ടുണ്ടോ? നാല് കൊല്ലം മാത്രമായി കാലാവധി നിജപ്പെടുത്തുമ്പോൾ അതൊരു കരാർ നിയമനമാണ്. ഈ കരാർ നിയമനം കൊണ്ട് ഏതെങ്കിലും സ്ഥാപനം രക്ഷപ്പെടുമോ? കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിങ്ങൾക്ക് ഇഷ്ടപ്പെടാത്ത രജിസ്ട്രാറായ ഡോ. ബാലചന്ദ്രൻ കീഴോത്തിനെ പുറത്താക്കിയതിന്റെ ഫലമായി കോടതിക്ക് അതിൽ ഇടപെടേണ്ടി വന്നു. അവിടത്തെ ഫിനാൻസ് ഓഫീസർ ആയിരുന്ന ഷാജി ജോസിനെ പുറത്താക്കി. യൂണിവേഴ്സിറ്റികളുടെ ഉന്നത തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ പാർട്ടിക്കാരെ കുത്തിത്തിരുകാനുള്ള ശ്രമം മാത്രമാണ് ഈ ബില്ലിന്റെ താൽപ്പര്യം. അതായത്, ഇപ്പോൾ യൂണിവേഴ്സിറ്റികളിലുള്ള പലരും നിങ്ങൾ പറഞ്ഞാൽ കേൾക്കാത്തവരായതുകൊണ്ട് അവരെമാറ്റി ചില അടുപ്പക്കാരെയും ഇഷ്ടക്കാരെയും കുത്തിത്തിരുകാൻ വേണ്ടി മാത്രമാണ് ഈയൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള അരക്ഷിതാവസ്ഥ ശക്തിപ്പെടുത്താൻവേണ്ടിയാണ് ഇത്തരമൊരു ഭേദഗതിയുമായി ബഹുമാന്യനായ മന്ത്രി വന്നിട്ടുള്ളതെന്നും പറയാതിരിക്കാൻ നിവൃത്തിയില്ല. ശ്രീ. ടി. വി. ഇബ്രാഹിം ചൂണ്ടിക്കാണിച്ചതു പോലെ, കേരളത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഉന്നത വിദ്യാഭ്യാസം മാത്രം കൈകാര്യം ചെയ്യാനായി നമുക്കൊരു മന്ത്രിയെ കിട്ടിയത്. ചെറുപ്പക്കാരനായ അദ്ദേഹത്തിന്റെ ചടുലമായ ഇടപെടലുകളുണ്ടാകേണ്ടത് ഇങ്ങനെയാണോ? അദ്ദേഹത്തിനെതിരെ വന്നിട്ടുള്ള

ആക്ഷേപമെന്താണ്? മാർക്ക് ദാനം ചെയ്തു; പോകാൻ പാടില്ലാത്ത മീറ്റിംഗിന് പോയി; പി.എ.-യെ പറഞ്ഞയച്ചു തുടങ്ങിയവയാണ്. എന്നിട്ട് എടുത്ത തീരുമാനങ്ങൾ റദ്ദാക്കേണ്ടിയും വന്നിരിക്കുകയാണ്. സത്യത്തിൽ അങ്ങനെയാണോ വേണ്ടത്; പോസിറ്റീവായിട്ടല്ലേ തീരുമാനം ഉണ്ടാകേണ്ടത്.

ശ്രീ. എം. വിൻസെന്റ്: സർ, ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് (സെക്ഷൻ 18) -ൽ പരീക്ഷാ കൺട്രോളറുടെ നിയമനവും അധികാരങ്ങളും സംബന്ധിച്ച് പറയുന്നിടത്ത് സബ്സെക്ഷൻ 2-ൽ "പരീക്ഷാ കൺട്രോളറുടെ സേവനകാലാവധി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചായിരിക്കും" എന്ന് വ്യക്തമായി പറയുന്നുണ്ട്. സർക്കാർ ഉത്തരവനുസരിച്ചുതന്നെ അവർക്ക് കാലാവധി നിശ്ചയിക്കാമെന്നിരിക്കെ ഇങ്ങനെയൊരു നിയമഭേദഗതി കൊണ്ടുവരുന്നത് എല്ലാ പരീക്ഷാ കൺട്രോളർമാരെയും ഒറ്റയടിക്ക് മാറ്റുന്നതിനാണെന്നുള്ള അഭിപ്രായം താങ്കൾക്കില്ലേ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിങ്ങളുടെ ചൊൽപ്പടിയിൽ നിൽക്കുന്ന ഉദ്യോഗസ്ഥരെ കൊണ്ടുവരാൻ വേണ്ടിയുള്ള ഒരു വിദ്യ മാത്രമാണിത്. ഉന്നതവിദ്യാഭ്യാസത്തിന് ഈ ബില്ലിലെ ഭേദഗതികൊണ്ട് യാതൊരു ഗുണവുമുണ്ടാകുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെടേണ്ടത് petty politics-ൽ അല്ല. ഓരോരുത്തരുടെയും കാലഘട്ടം രേഖപ്പെടുത്തപ്പെടും. ബഹുമാന്യരായ മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും പ്രവർത്തനങ്ങളാണ് രേഖപ്പെടുത്തുന്നത്. ഇങ്ങനെ സങ്കുചിത താൽപ്പര്യങ്ങൾക്കനുസരിച്ച് ബില്ലുകൾ കൊണ്ടുവന്ന് രാജ്യത്തെ സർവ്വകലാശാലകളിൽ അരക്ഷിതാവസ്ഥയുണ്ടാക്കി എന്നുള്ള സ്ഥിതിയല്ല ഉണ്ടാകേണ്ടത്. സംസ്ഥാനത്ത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണം. ഈ ഗവൺമെന്റ് അങ്ങനെയുള്ള എന്തെങ്കിലും ശ്രമങ്ങൾ യൂണിവേഴ്സിറ്റികളിൽ നടത്തിയിട്ടുണ്ടോ? ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ നമുക്ക് കുറവൊന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: 10 മിനിട്ടായി. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സമയം ആകുന്നതേയുള്ളൂ. ഇതിനുമുമ്പും ആളുകൾ സംസാരിച്ചിട്ടുണ്ട്. ബില്ലിൽ അങ്ങനെ നിയന്ത്രണങ്ങൾ ഉണ്ടാകാറില്ല. അതുകൊണ്ട് അത്യാവശ്യം പറയേണ്ട കാര്യങ്ങൾ പറയാനുള്ള അനുവാദമുണ്ടാകണം. ഗുണമേന്മയുടെ കാര്യത്തിൽ നമ്മൾ മോശമാകുന്നു. ഗുണമേന്മയുണ്ടാക്കുന്ന നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. സർവ്വകലാശാലാ വിദ്യാഭ്യാസം കുത്തഴിഞ്ഞിരിക്കുകയാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ കുത്തുകേസിൽ പ്രതിയും എസ്.എഫ്.ഐ. നേതാവുമായ ആരോമൽ എന്ന വിദ്യാർത്ഥി പരീക്ഷയ്ക്കുള്ള അപേക്ഷാഫോറം സമർപ്പിക്കാതെയും ഹാൾടിക്കറ്റില്ലാതെയും എഴുതിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കാൻ സർവ്വകലാശാല ഇപ്പോൾ ശ്രമം നടത്തുകയാണ്. മതിയായ ഹാജരില്ലാത്തതുകാരണം ഈ വിദ്യാർത്ഥിക്ക് ലഭിച്ച ഇന്റേണൽ മാർക്ക് പൂജ്യമാണ്. അതുകൊണ്ടുതന്നെ കോളേജിൽനിന്ന് പരീക്ഷയ്ക്കുള്ള അപേക്ഷ അയയ്ക്കുകയോ സർവ്വകലാശാല ഹാൾടിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല. എന്നിട്ടും ഈ കുട്ടിക്ക് പരീക്ഷ എഴുതുന്നതിന് കോളേജ് അധികൃതർ വഴിവിട്ട സഹായം ചെയ്തു. പരീക്ഷാപേപ്പർ സർവ്വകലാശാലയ്ക്ക് അയച്ച് മൂല്യനിർണ്ണയം നടത്തുകയുണ്ടായി. എന്നാൽ ഫലപ്രഖ്യാപനം പരീക്ഷാ വിഭാഗം തടഞ്ഞു. പരീക്ഷാഫലം പ്രഖ്യാപിക്കാൻവേണ്ടി, രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങി, കുറുക്കുവഴികൾ തേടി സാധൂകരിക്കാൻ കേരള സർവ്വകലാശാലയിൽ ശ്രമം നടക്കുകയാണ്. യൂണിവേഴ്സിറ്റി കുത്തഴിഞ്ഞ അവസ്ഥയിലേക്ക് നമ്മുടെ നാടിനെ കൊണ്ടുപോകുകയാണ്. വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതു കൊണ്ടുമാത്രം യാതൊരു കാര്യവുമില്ല. ഒന്നുകിൽ എസ്.എഫ്.ഐ.-യുടെ നേതാവോ, അതല്ലെങ്കിൽ രാഷ്ട്രീയമായ ഇടപെടൽകൊണ്ടോ മാത്രമേ പരീക്ഷ പാസ്സാകാൻ സാധിക്കൂ എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, യൂണിവേഴ്സിറ്റിയിൽ ഇതുപോലെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ഇത്രയേറെ ആക്ഷേപം ഉയർന്നുവന്ന കാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. യൂണിവേഴ്സിറ്റി കോളേജിലെ സംഭവം സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ശിവരഞ്ജിത്തിനെയും നസീമിനെയും അവിടത്തെ ഇടിമുറിയെയും ന്യായീകരിക്കുന്ന രീതിയിലാണ് ബഹുമാന്യനായ മന്ത്രി അന്ന് സംസാരിച്ചത്. എസ്.എഫ്.ഐ.-യിലൂടെ കടന്നുവന്ന കേരള നിയമസഭയുടെ ബഹുമാന്യനായ സ്പീക്കർ അപമാനഭാരം കൊണ്ട് തലയുയർത്താൻ സാധിക്കുന്നില്ലെന്നുപറഞ്ഞ് അന്ന് ഒരു ഫേസ്ബുക്ക് പോസ്റ്റിട്ടിരുന്നു. നമ്മുടെ യൂണിവേഴ്സിറ്റികളെ ഒരുകൂട്ടം അക്രമികളുടെ കൂടാരമാക്കി മാറ്റുമ്പോൾ അതിനെ പ്രോത്സാഹിപ്പിക്കുകയല്ല വേണ്ടത്. അതിൽ ബഹുമാന്യനായ സ്പീക്കർ പ്രകടിപ്പിച്ച ഒരു വികാരമുണ്ട്. അത് അന്ന് കേരളീയരുടെ മുഴുവൻ വികാരമായിരുന്നു. നമ്മുടെ യൂണിവേഴ്സിറ്റികൾ, കോളേജുകൾ എല്ലാം ഇത്തരത്തിലുള്ള ആളുകളുടെ കേളീരംഗമായി മാറുന്നു. അക്രമികളും സംഘട്ടനങ്ങളും ഇടിമുറികളുമെല്ലാം ഉണ്ടെങ്കിലും അവർ പരീക്ഷകളിലും ഇടപെടുകയാണ്. ഇപ്പോൾ ശ്രീ. പാറക്കൽ അബ്ദുല്ല ചൂണ്ടിക്കാണിച്ചത് അതുപോലൊരു സംഭവമാണ്. ഇത്

നിരവധി ക്യാമ്പസുകളിലുള്ളതാണ്. മഹാരാജാസ് കോളേജിൽനിന്ന് ഒരുപാട് ആയുധങ്ങൾ പിടിച്ച സംഭവമുണ്ടായി. അന്ന് അതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ന്യായീകരിക്കുന്ന സ്ഥിതിയുണ്ടായി. നമ്മുടെ ക്യാമ്പസുകൾ അക്രമികളുടെ കേന്ദ്രമായി മാറാതിരിക്കാനുള്ള ശ്രമമുണ്ടാകണം.

ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ഉയർന്നുവന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? മാർക്ക് ദാനവുമായി ബന്ധപ്പെട്ട് ഞങ്ങൾ പറയുന്നത് കേവലം രാഷ്ട്രീയമായിട്ടല്ല നിങ്ങൾ കാണേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസരംഗത്തെ ഏറ്റവും ശ്രദ്ധേയനായ ഡോ.രാജൻ ഗുരുക്കളുടെ ഒരു പരാമർശമുണ്ട്. മാർക്കുദാന പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെയും എം.ജി. സർവ്വകലാശാലാ സിൻഡിക്കേറ്റിനെയും തള്ളിപ്പറഞ്ഞു കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രതികരണത്തിലെ വെളിപ്പെടുത്തലുകൾ ഇതാണ്. 'സർവ്വകലാശാലകളുടെ തീരുമാനങ്ങളിൽ ഇടപെടാൻ മന്ത്രിക്ക് അധികാരമില്ല. പരീക്ഷാഫലം വന്നുകഴിഞ്ഞാൽ മാർക്ക് കൂട്ടാനോ കുറയ്ക്കാനോ സിൻഡിക്കേറ്റിനും അധികാരമില്ല. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാലത്ത് നടത്താൻ സർവ്വകലാശാലകൾക്ക് അധികാരമുണ്ട്. അതിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുക്കുന്നത് നിയമവിരുദ്ധമാണ്. വൈസ് ചാൻസലർക്കാണ് അദാലത്ത് നടത്തുന്നതിനുള്ള അവകാശം. സർവ്വകലാശാലകളിൽ എടുത്ത നിയമവിരുദ്ധമായ തീരുമാനങ്ങൾ റദ്ദാക്കണം. പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനുശേഷം അതുമായി ബന്ധപ്പെട്ട യാതൊരു കാര്യത്തിലും ഇടപെടാനോ പരിശോധിക്കാനോ സിൻഡിക്കേറ്റിന് അധികാരമില്ല. സിൻഡിക്കേറ്റിലെ പരീക്ഷാ നടത്തിപ്പിനുള്ള സമിതിക്കുപോലും ഉത്തരപേപ്പർ വിളിച്ചുവരുത്താനാകില്ല. തോറ്റവർക്ക് മാർക്ക് കൂട്ടിനൽകാൻ സിൻഡിക്കേറ്റിന് അധികാരമില്ല. പരീക്ഷാ നടത്തിപ്പിന് നിയമപ്രകാരം ചുമതലപ്പെട്ടയാൾ പരീക്ഷാ കൺട്രോളറാണ്. മേഴ്സി ചാൻസ് നൽകാൻ മാത്രമാണ് സിൻഡിക്കേറ്റിന് അധികാരം. എന്ത് സമ്മർദ്ദം വന്നാലും സർവ്വകലാശാലകൾ നിയമവിരുദ്ധമായി പ്രവർത്തിക്കരുത് ' എന്നു പറഞ്ഞാൽ നിയമവിരുദ്ധമായിട്ടാണ് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് എന്നാണ്. ആരാണ് പറയുന്നത്? ഡോ. രാജൻ ഗുരുക്കൾ. സർവ്വകലാശാലകളുടെ ഭരണഘടനാപരമായ അധികാരങ്ങളിലും അവകാശങ്ങളിലും പ്രോ-ചാൻസലറായ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഇടപെടാൻ നിയമമില്ല. വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങിൽ അതിഥിയായി പങ്കെടുക്കാം എന്നതിൽ കവിഞ്ഞൊരു അധികാരവും ബഹുമാന്യനായ മന്ത്രിക്കില്ല. അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി അദാലത്തിൽ പങ്കെടുക്കുന്നത് അനുചിതമാണ്.' ഡോ. രാജൻ

ഗുരുക്കളുടെ ഈ വെളിപ്പെടുത്തലുകളിൽ കൂടുതൽ എന്തുവേണം? സർവ്വകലാശാലകളുടെ നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിയിട്ടാണ് മാർക്ക് ദാനമുണ്ടായത്. അതിന്റെയൊന്നും വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. പക്ഷെ നമ്മുടെ സർവ്വകലാശാലകളുടെയും പരീക്ഷകളുടെയുമെല്ലാം വിശ്വാസ്യത ഇത്രയേറെ തകർന്ന ഒരു കാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അത് ഏറെ ഖേദകരമാണ്. അഡീഷണൽ മോഡറേഷൻ, ഒരു പുതിയ സംഗതിയാണ്. അതൊക്കെ ഈ മന്ത്രിയുടെ കാലഘട്ടത്തിലാണ് കേരളം കേൾക്കുന്നത്. മോഡറേഷൻ എങ്ങനെയാണ് തീരുമാനിക്കുന്നത്? എക്സാമിനേഷൻ ബോർഡാണ് അത് നിശ്ചയിക്കേണ്ടത്. മന്ത്രിയോ, സിൻഡിക്കേറ്റോ അല്ല. മോഡറേഷൻ എത്രയാണെന്ന് കുട്ടിപോലും അറിയാൻ പാടില്ല. ചില ക്വസ്റ്റ്യൻസ് ടഫ് ആകുമ്പോഴോ, അല്ലെങ്കിൽ സിലബസിന്റെ ഏരിയയ്ക്ക് പുറത്തുനിന്ന് ചോദ്യം വരുമ്പോഴോ ആണ് മോഡറേഷൻ കൊടുക്കുന്നത്. ഇവിടെ മോഡറേഷൻ ഒരു മാർക്കറ്റ് പോലെയാണ് നടത്തിയിരിക്കുന്നത്. മന്ത്രി ഒരു മാർക്ക് അധികം കൊടുക്കാൻ പറഞ്ഞു. അപ്പോൾ സ്വാഭാവികമായും എന്താണ് സംഭവിക്കുന്നത്? സിൻഡിക്കേറ്റ് അംഗങ്ങൾ അത് അഞ്ച് മാർക്ക് വരെയാക്കി. ഞങ്ങളുടെ കൂട്ടത്തിൽ ഒരു ചൊല്ലുണ്ട്, 'മൊല്ലാക്ക നിന്ന് ചെയ്താൽ കുട്ടി അത് നടന്നുകൊണ്ട് ചെയ്യും'. മന്ത്രി ഒരു മാർക്ക് കൊടുക്കാൻ പറഞ്ഞപ്പോൾ സിൻഡിക്കേറ്റ് അംഗങ്ങൾ അഞ്ച് മാർക്ക് കൊടുക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ഒരു ചെറുപ്പക്കാരനായ മന്ത്രി ഉന്നത വിദ്യാഭ്യാസരംഗത്ത് വന്നിട്ട് ഇത്രയേറെ ആക്ഷേപങ്ങൾ ക്ഷണിച്ചു വരുത്തരുതായിരുന്നു. ഇവിടെ ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു, സ്ഥാനത്തും അസ്ഥാനത്തും ബഹുമാന്യനായ മന്ത്രി ഇടപെട്ടതാണ് ഈ പ്രശ്നങ്ങൾക്ക് കാരണമെന്ന്. എന്താണ് സർവ്വകലാശാലയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ റോൾ? ബഹുമാന്യനായ ഗവർണറുടെ (ചാൻസലറുടെ) അസാന്നിധ്യത്തിൽ ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുക എന്നുള്ളതാണ് പ്രോ-ചാൻസലർ ചെയ്യേണ്ടത്. അദാലത്ത് എന്നുപറഞ്ഞാൽ മറ്റ് അദാലത്തുകൾപോലെ മാർക്ക് കൂട്ടിത്തരുമോയെന്ന് ചോദിക്കാനല്ല. അദാലത്തിൽ മാർക്കോ, റീവാല്യുവേഷനോ വരില്ല. മറ്റെന്തെങ്കിലും ക്രമക്കേടുകൾ ആർക്കെങ്കിലും സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ, കിട്ടേണ്ട സർട്ടിഫിക്കറ്റ് സമയത്ത് കിട്ടിയിട്ടില്ലെങ്കിൽ ഇതെല്ലാം പരാതിപ്പെടാനുള്ള വേദിയാണ് അദാലത്ത്. അല്ലാതെ മാർക്ക് കുറഞ്ഞയാൾക്ക് മാർക്ക് കൊടുക്കുക, തോറ്റയാളെ ജയിപ്പിക്കുക, ഇതൊന്നുമല്ല അദാലത്തുകൾകൊണ്ട് വിവക്ഷിക്കപ്പെടുന്നത് എന്നുകൂടി ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ടെന്ന് ഞാൻ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ചില വിഷയങ്ങളാണ് ഇനി ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല വേണമെന്നുള്ളത് കുറേക്കാലമായുള്ള അഭിപ്രായമാണ്. ഞാനത് പറയുന്നത് എന്തുകൊണ്ടെന്നാൽ, ഇപ്പോൾ എല്ലാ വിഷയത്തിനും സ്പെഷ്യലൈസ് ചെയ്ത് സർവ്വകലാശാലകളായി. മലയാളം യൂണിവേഴ്സിറ്റി, സംസ്കൃത യൂണിവേഴ്സിറ്റി, ടെക്നിക്കൽ വിഷയത്തിനായി സാങ്കേതിക യൂണിവേഴ്സിറ്റി (കെ.ടി.യു.), ആരോഗ്യ കാര്യങ്ങൾക്കായി Kerala University of Health Sciences (KUHS) തുടങ്ങിയവയെല്ലാം വന്നു. നമ്മുടെ യൂണിവേഴ്സിറ്റികളുടെയെല്ലാം പ്രവർത്തനഭാരം ഇപ്പോൾ വല്ലാതെ കൂടുന്നുണ്ട്. ആ സാഹചര്യത്തിൽ ഒരു അറബിക് സർവ്വകലാശാല കേരളത്തിൽ വേണമെന്നുള്ളത് ഒരുപാട് വർഷങ്ങളായി ഉയർന്നുവന്നിട്ടുള്ള ആവശ്യമാണ്. സംസ്ഥാനത്ത് നിരവധി അറബിക് കോളേജുകളുണ്ട്. ആ ഒരു പശ്ചാത്തലത്തിൽ, അറബിക് സർവ്വകലാശാല എന്ന ആശയത്തോട് അനുകൂലമായി ഈ സർക്കാർ പ്രതികരിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

2.00 P.M.]

മറ്റൊരു വിഷയം ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്, 2013-14 വർഷത്തിൽ എയ്ഡഡ് കോളേജുകളിൽ കൊടുത്ത കോഴ്സുകൾക്ക് ഇതുവരെ അദ്ധ്യാപകരെ നിയമിച്ചിട്ടില്ല, അവർക്ക് അപ്രൂവൽ കിട്ടിയിട്ടില്ല എന്നതാണ്. 5-8 വർഷം അദ്ധ്യാപക ജോലി നിർവ്വഹിച്ചിട്ടും ശമ്പളം കിട്ടാതിരിക്കുക എന്നുപറയുന്നത് എന്തൊരു ഗതികേടാണ്. ഗവൺമെന്റുകൾ എന്നത് തുടർച്ചയാണ്. ഞങ്ങളുടെ ഭരണകാലത്ത് നിയമിച്ചവർക്ക് നിങ്ങൾ അംഗീകാരം കൊടുക്കേണ്ടിവരും. അതുപോലെ നിങ്ങളുടെ ഭരണകാലത്ത് പല കാലങ്ങളിലായി നിയമിച്ച പ്ലസ് ടു അദ്ധ്യാപകരുൾപ്പെടെയുള്ളവർക്ക് ഞങ്ങളാണ് അംഗീകാരം കൊടുത്തത്. ഗവൺമെന്റുകൾ തുടർച്ചയാണ്. അതുകൊണ്ട് 2013-14 വർഷത്തിൽ എയ്ഡഡ് കോളേജുകളിലുള്ള അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരത്തിനുള്ള നടപടിയുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലുമുണ്ടാകുന്ന കാലതാമസം അന്യസംസ്ഥാനങ്ങളിലും നമ്മുടെ മറ്റ് യൂണിവേഴ്സിറ്റികളിലും കുട്ടികൾക്ക് പ്രവേശനം നേടുന്നതിന് തടസ്സമാകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല ഏറ്റെടുത്തയുടനെ പ്രഖ്യാപിച്ചത് 'ഇതെല്ലാം ഏകീകൃത കലണ്ടറാക്കി കൊണ്ടുവരും; എല്ലാ യൂണിവേഴ്സിറ്റികളിലും ഒരേസമയംതന്നെ പരീക്ഷയും റിസൾട്ടും വരും' എന്നാണ്.

കാലങ്ങളായി അത് നമ്മളെല്ലാവരും ആഗ്രഹിക്കുന്ന ഒരു സംവിധാനമാണ്. മുമ്പ് കേരള യൂണിവേഴ്സിറ്റിയിലെ റിസൾട്ട് വരുന്നത് മറ്റൊരു സമയത്താണ്. ഡിഗ്രിക്ക് കേരള യൂണിവേഴ്സിറ്റിയിൽ പഠിച്ച കുട്ടിക്ക് പി.ജി. കോഴ്സിന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ചേരണമെന്നുണ്ടെങ്കിൽ അതിന് തടസ്സമുണ്ടാകുന്നു. ഇതൊക്കെ ഒരു പോസിറ്റീവായ ചർച്ചയാണ്. സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയമാകുമ്പോൾ സർവ്വകലാശാലാ രംഗത്തുള്ള പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ഇവ പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. അക്കാര്യത്തിൽ ഒരു ഏകീകൃത കലണ്ടർ ഉണ്ടാകണം.

എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല ഇന്ന് തകർന്നിരിക്കുകയാണ്. ധാരാളം എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചെങ്കിലും പഠിക്കാൻ കുട്ടികളില്ലാത്തതിനാൽ അവയെല്ലാം അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ അനിവാര്യമായ ഇടപെടൽ ഉണ്ടാകണം.

എന്റെ മണ്ഡലത്തിലെ ആദിവാസി മേഖലയായ അട്ടപ്പാടിയിൽ കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച രാജീവ്ഗാന്ധി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ് ഇന്ന് എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അന്ന് അനുവദിച്ച ഏഴ് കോഴ്സുകളിൽ അഞ്ച് കോഴ്സുകൾ മാത്രമേ തുടങ്ങിയിട്ടുള്ളൂ. ഒരു ആദിവാസി മേഖലയല്ലേ അത്? ആ കോളേജിലെ അഡ്മിഷനിൽ അമ്പത് ശതമാനവും ആദിവാസി കുട്ടികൾക്കുവേണ്ടി റിസർവ് ചെയ്തിട്ടുള്ളതാണ്. അന്ന് അങ്ങനെയൊരു തീരുമാനമെടുത്തപ്പോൾ എന്നോട് പലരും ചോദിച്ചത് അമ്പത് ശതമാനം റിസർവ്വാക്കിയാൽ അതിനുള്ള ആദിവാസി വിദ്യാർത്ഥികളെ ലഭിക്കുമോയെന്നാണ്. ഇന്ന് ലഭിച്ചുവെന്ന് മാത്രമല്ല, ഓരോ വർഷവും അപേക്ഷകളുടെ എണ്ണം വർദ്ധിക്കുകയാണ്. അപേക്ഷിക്കുന്ന മുഴുവൻപേർക്കും അഡ്മിഷൻ കൊടുക്കാൻ സാധിക്കുന്നില്ല. അമ്പത് ശതമാനം സീറ്റിലല്ലേ അഡ്മിഷൻ നൽകാൻ കഴിയൂ. അങ്ങനെ നൽകിയാലും അപേക്ഷകർ ബാക്കിയാണ്. അതുകൊണ്ട് ആ കോളേജ് വിപുലപ്പെടുത്തുന്നതിന് ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണം. അവിടെ മലയാളം, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ പി.ജി. കോഴ്സുകൾകൂടി ആരംഭിക്കണമെന്ന് അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന നൂതന കോഴ്സ് ആദ്യമായി ആരംഭിച്ചത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അട്ടപ്പാടി ആർട്സ് & സയൻസ് കോളേജിലാണ്. പക്ഷെ അവിടെ ആ വിഷയത്തിന് പി. ജി. കോഴ്സ് ഇല്ലെന്നത് ഒരു പ്രശ്നമാണ്. അവിടെനിന്നും ഡിഗ്രി പാസ്സാകുന്ന ഒരു കുട്ടി പി.ജി.-ക്ക് എവിടെപ്പോകും? കേരളാ യൂണിവേഴ്സിറ്റിയിലെ ഒന്നോ രണ്ടോ കോളേജുകൾക്കാണ് പബ്ലിക് അഡ്മിനിസ്ട്രേഷൻ കോഴ്സുള്ളത്. അതിനാൽ ഇതൊരു

ആദിവാസി മേഖലയാണെന്ന പ്രത്യേക പരിഗണന നൽകി അവിടെ പി.ജി. കോഴ്സ് അനുവദിക്കുന്നതിന് ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബിൽ അനുചിതവും അനാവശ്യവുമാണ്. തങ്ങളുടെ രാഷ്ട്രീയ പകപോക്കലിനുവേണ്ടി നിയമനിർമ്മാണസഭയുടെ അവസരം ഉപയോഗപ്പെടുത്തി യൂണിവേഴ്സിറ്റികളുടെ പേരിൽ ഈ ബിൽ കൊണ്ടുവന്നത് ശരിയായില്ല. ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന എന്റെ ഭേദഗതി ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷിനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സർവ്വകലാശാലകളെക്കുറിച്ച് ഏറ്റവും കൃത്യമായ വിശകലനം നടത്തിയിട്ടുള്ളത് രണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രിമാരാണ്. ഒന്ന്, ബെഞ്ചമിൻ ഡിസ്രയേലി. "A University should be a place of light, of liberty, and of learning" എന്ന് സൂചിപ്പിച്ചത് അദ്ദേഹമാണ്. രണ്ട്, വിൻസ്റ്റൺ ചർച്ചിൽ. അദ്ദേഹം പറഞ്ഞത്, "The privilege of a university education is a great one; the more widely it is extended the better for any country" എന്നാണ്. യഥാർത്ഥത്തിൽ വിൻസ്റ്റൺ ചർച്ചിലിന്റെ പരാമർശം ഏറ്റവും പ്രസക്തമായ കാലത്താണ് നാം ജീവിക്കുന്നത്. സർവ്വകലാശാലകൾ ബുദ്ധികേന്ദ്രങ്ങളാണ്. നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് അവയെ തകർക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആ നീക്കത്തിന്റെ ഭാഗം തന്നെയാണ്, പുതുതായി വന്ന മോദി സർക്കാരും മോദിയുടെ ഭരണത്തിന്റെ ആദ്യകാലവുമെല്ലാം സർവ്വകലാശാലകളെ ആക്രമിക്കാൻ ശ്രമിച്ചത്. അവർ ജെ.എൻ.യു.-വിന്റെ മുകളിൽ കൈവച്ചു. സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്കുനേരെ കടന്നാക്രമണം നടത്തി. ഇപ്പോൾ വിദ്യാഭ്യാസ മേഖലയെ കാവിവത്കരിക്കുന്ന പ്രക്രിയയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. അവർ സ്യൂഡോ സയൻസിനെ പ്രൊമോട്ട് ചെയ്യുന്നു. അതിനുവേണ്ടി ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്, ഇന്ത്യൻ സയൻസ് കോൺഗ്രസ് തുടങ്ങിയവ സംഘടിപ്പിക്കുന്നു. മാത്രമല്ല, യൂണിവേഴ്സിറ്റികൾക്ക് ഗ്രാന്റ് കൊടുക്കലാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ചുമതല. നിർഭാഗ്യവശാൽ ഇപ്പോൾ ഗ്രാന്റിനുപകരം ലോണാണ് കൊടുക്കുന്നത്. അതോടൊപ്പം 'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ്' എന്ന പേരിൽ 6 സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നു. അതിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സ്ഥാപനം

ശ്രീ. മുകേഷ് അംബാനിയുടെ നിലവിൽ വരാത്ത ജിയോ ഇൻസ്റ്റിറ്റ്യൂട്ടാണ്. വിദ്യാഭ്യാസ മേഖലയിൽ ഒരുഭാഗത്ത് കാവിവത്കരണ പ്രക്രിയയെയും മറുഭാഗത്ത് കച്ചവടവത്കരണത്തെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളുടെ കഴുത്തിനാണ് ഭരണകൂടം കത്തിവയ്ക്കുന്നതെന്ന് മുമ്പ് സൂചിപ്പിക്കുകയുണ്ടായി. ഗവേഷണത്തിനുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുന്നത് അതിന്റെ ഭാഗം തന്നെയാണ്. സർവ്വകലാശാലകളിൽ ഗവേഷണം നടക്കണം. ഗവേഷണം നടക്കണമെങ്കിലും ഗവേഷണ കേന്ദ്രങ്ങളായി സർവ്വകലാശാലകൾ മാറണമെങ്കിലും വിദ്യാർത്ഥികളും അദ്ധ്യാപകരും റിസർച്ച് ചെയ്യണം. അസിസ്റ്റന്റ് പ്രൊഫസറാകാൻ റിസർച്ച് നടത്തേണ്ട കാര്യമില്ല. അങ്ങനെ റിസർച്ച് നടക്കുമ്പോൾ മാത്രമേ വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം വർദ്ധിക്കുകയുള്ളൂ. നിർഭാഗ്യവശാൽ റിസർച്ചിന് ആവശ്യമായ ഫണ്ട് വെട്ടിച്ചുരുക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ടീച്ചിംഗ് ഫാക്കൽറ്റിയുടെ നിലവാരം ഇതിന്റെ ഭാഗമായി കുറയുന്നു, റിസർച്ച് സീറ്റുകളുടെ എണ്ണം കുറയ്ക്കുന്നു. അസിസ്റ്റന്റ് പ്രൊഫസർ അസോസിയേറ്റ് പ്രൊഫസറായി മാറണമെങ്കിൽ നിർബന്ധമായും പി.എച്ച്.ഡി അനിവാര്യമാണ്. അതുകൊണ്ട് അസോസിയേറ്റ് പ്രൊഫസർമാരുടെ എണ്ണം കുറയുന്നു. ഇതെല്ലാം നല്ലതുപോലെ സർവ്വകലാശാലയുടെ ഗുണനിലവാരത്തെ ബാധിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സർവ്വകലാശാലകളെ പലതരത്തിലും തകർക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ അവതരിപ്പിക്കപ്പെട്ട ഭേദഗതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനുകീഴിൽ ചില സർവ്വകലാശാലകളുണ്ട്. അവ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, കേരള ഫിഷറീസ് യൂണിവേഴ്സിറ്റി, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി, കേരള ഹെൽത്ത് യൂണിവേഴ്സിറ്റി, National University of Advanced Legal Studies (NUALS) എന്നിവയാണ്. ഇവയെല്ലാം ഹയർ എഡ്യൂക്കേഷന്റെ കീഴിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അല്ലെങ്കിൽത്തന്നെ ബഹുമാന്യരായ മന്ത്രിമാർക്ക് ഭാരിച്ച ചുമതലകളാണ് നിർവ്വഹിക്കാനുള്ളത്. ഹയർ എഡ്യൂക്കേഷന്റെ കീഴിലേയ്ക്ക് വരുമ്പോൾ ഈ സർവ്വകലാശാലകൾ ഇന്നത്തേതിനെക്കാൾ മെച്ചപ്പെടുന്ന സാഹചര്യമുണ്ടാകും. അതിനുവേണ്ടി നിർബന്ധമായും ഇക്കാര്യങ്ങളിൽ ഒരു ഇടപെടലുണ്ടാകണമെന്ന് ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ എല്ലാ സർവ്വ കലാശാലകളും ആ വകുപ്പിന് കീഴിലായിരിക്കണം. സർവ്വകലാശാലകളെന്നത് ഉന്നത വിദ്യാഭ്യാസ കേന്ദ്രമാണ്. ആ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായിരിക്കണം സർവ്വകലാശാലകളെയെല്ലാം നിയന്ത്രിക്കേണ്ടതെന്ന അഭിപ്രായമാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിരവധി പുരോഗതിയുണ്ടായിട്ടുണ്ട്. ഇവിടെ അവതരിപ്പിക്കപ്പെടുന്നത് സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരായ രജിസ്ട്രാർമാരുടെയും ഫിനാൻസ് ഓഫീസറുടെയും കൺട്രോളർ ഓഫ് എക്സാമിനേഷൻസിന്റെയും കാലപരിധി ഒന്നുകിൽ 56 വയസ്സ് അല്ലെങ്കിൽ 4 വർഷം എന്നതാണ്. ഇത് ഏറ്റവും അനിവാര്യമാണ്. ഒരാൾ ഒരേ പദവിയിൽ കുറേക്കാലം ഇരിക്കുമ്പോൾ അയാൾക്ക് ഭാവന ഉണ്ടാകില്ല, മടുപ്പ് അനുഭവപ്പെടും. ഒരേ തസ്തികയിൽ തുടർന്നാൽ, ഞാൻ പത്ത് വർഷമായി ഇവിടെയാണ്, ഇനിയെന്ത് മാറ്റം വരുത്താനാണ്, ഞാൻ ഇതെത്ര കണ്ടതാണ് എന്ന് വിചാരിക്കും. ഞാൻ എത്ര പരീക്ഷ കണ്ടതാണ്, എന്നെ ആരാ ഇത് പഠിപ്പിക്കാനെന്ന് കൺട്രോളറും ഞാൻ എന്തെല്ലാം അഡ്മിനിസ്ട്രേഷൻ കണ്ടയാളാണെന്ന് രജിസ്ട്രാറും വിചാരിക്കും. അങ്ങനെയൊരു ചിന്ത, അഹംബോധം നമ്മുടെ പല കൺട്രോളർമാർക്കും രജിസ്ട്രാർമാർക്കും ഫിനാൻസ് ഓഫീസർമാർക്കും ഉണ്ടാകും. അതുകൊണ്ട് കാലാനുസൃതമായി ഇത്തരത്തിലുള്ള ആളുകളെ നിയന്ത്രിക്കുന്ന സാഹചര്യം ഉണ്ടാകണമെന്നാണ് സൂചിപ്പിക്കുന്നത്. നാല് വർഷം കഴിയുമ്പോൾ അവർ അവരുടെ മദർ ഡിപ്പാർട്ടുമെന്റിലേയ്ക്ക് പോകട്ടെ. സർവ്വകലാശാല അദ്ധ്യാപകനാണെങ്കിൽ അദ്ധ്യാപകനാകട്ടെ.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, കേരളത്തിൽ പൊതുവെ എല്ലാ എയ്ഡഡ് കോളേജുകളിലും പണം വാങ്ങിയിട്ടാണ് മാനേജ്മെന്റ് അവരെ നിശ്ചയിക്കുന്നത്. അങ്ങനെ നിശ്ചയിച്ചതിനുശേഷം അവർ യൂണിവേഴ്സിറ്റിയിൽ കാലാകാലം ലാവണം കണ്ടെത്തുകയാണ്. വീണ്ടും മാനേജ്മെന്റ് പുതിയ പോസ്റ്റിൽ പണം വാങ്ങി ആളെ നിയമിക്കുകയാണ്. ഇതൊരു ബിസിനസ്സാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. ഇതിനെ എതിർക്കുന്നവരുടെ ലക്ഷ്യം വളരെ ക്ലിയറല്ലേ? പുതിയ ആളുകൾ ഈ മേഖലയിൽ കടന്നുവരുന്നതിനെ എതിർക്കുന്നത് എന്തുകൊണ്ടാണ്? അത് എയ്ഡഡ് മാനേജ്മെന്റുകളുടെ വക്താക്കളായി സഭയ്ക്കകത്ത് പ്രസംഗിക്കുന്നവർക്കുമാത്രമേ എതിർക്കാൻ സാധിക്കുകയുള്ളൂ. സർവ്വകലാശാലകളിൽ പുതിയ വി.സി.-യും രജിസ്ട്രാറും കൺട്രോളറും ഫിനാൻസ് ഓഫീസറും ഉണ്ടാകുമ്പോൾ ഇന്നവേറ്റീവായ പുതിയ ആശയങ്ങൾ വരും. അല്ലാതെ ഇരിക്കുന്ന പോസ്റ്റിൽ വേരുമുളയ്ക്കുവോളം ഇരിക്കുകയല്ല, യു.ഡി.എഫ്. രാഷ്ട്രീയത്തിനുള്ളിൽ പൊതുവെ ഒരു തിയറിയുണ്ട്. വൈദ്യശാസ്ത്രം പരാജയപ്പെട്ടാൽ മാത്രമേ പുതിയ ആളുകൾക്ക് അവസരമൊരുക്കുകയുള്ളൂ എന്ന കെ.എസ്.യു.-വിന്റെ സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയം ഞാൻ അബദ്ധവശാൽ ക്വാട്ട് ചെയ്തുവെന്ന് മാത്രമേയുള്ളൂ.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, കോളേജുകളിൽ ഇപ്പോൾ ആരെയാണ് പ്രിൻസിപ്പൽമാരായി നിയമിക്കുന്നത്? അതുപോലെയാണ് കൺട്രോളർ ഓഫ് എക്സാമിനേഷൻസിനെയും. ജീവിതത്തിലൊരിക്കലും ഒരു എക്സാമിനേഷൻപോലും നടത്തിയിട്ടുള്ള ആളായിരിക്കില്ല കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ആയി വരുന്നത്. സാമൂഹികമായി യാതൊരു തരത്തിലുള്ള ബന്ധമോ, സമൂഹം എവിടെ നിൽക്കുന്നുവെന്നത് സംബന്ധിച്ചോ, അല്ലെങ്കിൽ ലോകം എവിടെയെന്നതിനെക്കുറിച്ചോ യാതൊരു അറിവുമില്ലാതെ ഏതെങ്കിലുമൊരു സബ്ജക്ടിൽ റാങ്ക് കിട്ടിയ ഒരാൾ കോളേജ് ലക്ചറായി വരുന്നു, പ്രൊമോഷൻ കിട്ടുന്നു. പിന്നീട് മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പലായി മാറുന്നു. എല്ലാ വിഷയങ്ങളിലും ശരാശരി അറിവ് ആർജ്ജിച്ചവരോ അതിന് കെല്പുള്ളവരോ അതുപോലെ സ്പോർട്സിലും ആർട്സിലും സിനിമയിലും നാടകത്തിലും കവിതയിലും, അത് ഇംഗ്ലീഷിലാകട്ടെ, സംസ്കൃതമാകട്ടെ, നമ്മുടെ ഏതെങ്കിലും ഭാഷകളിലാകട്ടെ, ഇതിലൊക്കെ അല്പമെങ്കിലും പരിചയമുണ്ടോ എന്ന് പരീക്ഷ നടത്തിയശേഷം പ്രിൻസിപ്പൽമാരെയും ടീച്ചർമാരെയും നിയമിക്കുന്ന ഒരു വ്യവസ്ഥ വരുമ്പോൾ മാത്രമേ ഉന്നത വിദ്യാഭ്യാസരംഗം ശരിയാകൂ എന്നൊരു വിനീതമായ അഭിപ്രായം പ്രകടിപ്പിക്കുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട മാഷ് പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. അതുകൊണ്ടാണല്ലോ നമ്മുടെ പരീക്ഷകൾ പലപ്പോഴും താറുമാറായിപ്പോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരീക്ഷകളെല്ലാം സിസ്റ്റമാറ്റിക്കായി. ഞങ്ങളൊക്കെ എത്ര സമരം നടത്തിയതാണ്. കേരളത്തിലെ ഒട്ടുമിക്ക സർവ്വകലാശാലകളിലെയും സമരങ്ങളുടെ മുഖ്യവിഷയം റിസൾട്ട് വരാത്തതുമായി ബന്ധപ്പെട്ടാണ്. അതിന് കാരണമെന്താണ്? കൺട്രോളർ ഓഫ് എക്സാമിനേഷൻസിന് പരീക്ഷ നടത്തിയ എക്സ്പീരിയൻസൊന്നും ഉണ്ടായിരിക്കില്ല. അത് പലപ്പോഴും സർവ്വകലാശാലകളുടെ നിലവാരത്തെ ബാധിക്കുന്നുണ്ട്. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് എബിലിറ്റിയുള്ള ആളുകൾക്ക് ഇത്തരം മേഖലകളിൽ കടന്നുവരാൻ ഈ തീരുമാനംകൊണ്ട് അവസരമുണ്ടാകും. അല്ലാതെ കാശ് കൊടുത്ത് എങ്ങനെയെങ്കിലും കോളേജ് അദ്ധ്യാപകനായി പിന്നീട് ഭരണസ്വാധീനമുപയോഗിച്ച് അതിൽനിന്നും മറുകണ്ടം ചാടി സർവ്വകലാശാലയ്ക്കകത്തെത്തി 60 വയസ്സുവരെ അവിടെ അടിഞ്ഞു കൂടിയിരിക്കാം എന്ന് ചിന്തിക്കുന്നവർക്ക് കനത്ത പ്രത്യാഘാതമുണ്ടാകും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ വലിയ

മാറ്റമുണ്ടായിട്ടുണ്ട്. കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കി; പുതിയ കോഴ്സുകൾ അനുവദിച്ചു; സർക്കാർ/എയ്ഡഡ് കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിച്ചു; ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് പതിനയ്യായിരത്തിലധികം പുതിയ സീറ്റുകളാണ് ഇത്തവണ വർദ്ധിപ്പിച്ചത്. യു.ഡി.എഫ്.-ന് ഡോ. കെ. ടി. ജലീലിനോട് വെറുപ്പ് തുടങ്ങിയിട്ട് എത്ര കാലമായി? പ്രതിപക്ഷാംഗങ്ങൾ എറിഞ്ഞിടുന്നതിനേക്കാൾ വളരെ ഉയരത്തിൽ ഡോ. കെ. ടി. ജലീൽ എത്തിക്കഴിഞ്ഞു. ഇനി നിങ്ങളൊരു Scud Missile വിട്ടാലും അദ്ദേഹത്തിന് കൊള്ളില്ല. ഡോ. കെ. ടി. ജലീൽ ഉന്നതവിദ്യാഭ്യാസം കൈകാര്യം ചെയ്യുമ്പോൾ നിങ്ങൾ അദ്ദേഹത്തെ ആക്രമിക്കുക, അപവാദം പ്രചരിപ്പിക്കുക, മാർക്കുദാനം നടത്തിയെന്ന് പറയുക. എന്റെ കയ്യിൽ അദാലത്തുമായി ബന്ധപ്പെട്ട കുറേ ചിത്രങ്ങളുണ്ട്. അദാലത്ത് ആദ്യം നടത്തിയതാരാണ്? (പത്രക്കട്ടിംഗ് ഉയർത്തിക്കാട്ടി). അദാലത്തിൽ കാണുന്ന ഈ ഫോട്ടോ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടേതാണ്. ശ്രീ. ഉമ്മൻ ചാണ്ടി യു.ഡി.എഫ്. അല്ലേ? അദ്ദേഹത്തെ ഇപ്പോൾ നിങ്ങൾ ആന്ധ്രയിലേയ്ക്ക് നാടുകടത്തിയെങ്കിലും അദ്ദേഹം കേരള മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് അദാലത്ത് ആരംഭിച്ചത്. അതിന്റെ മുകളിൽ ഡോ. കെ. ടി. ജലീലിനെ വേട്ടയാടാൻ നിങ്ങൾ ശ്രമിച്ചു. അതുമാത്രമാണോ? ഏത് പ്രശ്നം വന്നാലും അദ്ദേഹത്തിന്റെ പിടലിയിൽ കയറുന്നത് മുസ്ലീം ലീഗ് ഒരു ഹോബിയാക്കി മാറ്റിയിരിക്കുകയാണ്. ഡോ. കെ. ടി ജലീലിനെ മൈക്രോസ്കോപ് വച്ച് ഒബ്സെർവ് ചെയ്ത് ഇല്ലാത്ത ന്യൂനതകളുണ്ടാക്കി അത് പർവ്വതീകരിച്ച് അവതരിപ്പിച്ചതിന് ചില മാധ്യമങ്ങളുടെ പിന്തുണ ലഭിച്ചു. നിങ്ങളുടെ യുവജന നേതാവ് കേസിന് പോയല്ലോ? അവസാനം അയാൾ കണ്ടംവഴി ഓടിയില്ലേ? ഇങ്ങനെ രാഷ്ട്രീയമായി തങ്ങളുടെ കൂടെ നിൽക്കുന്ന ഒരാൾ തങ്ങളുടെപക്ഷം വിട്ട് മറുപക്ഷത്തേയ്ക്ക് ചാടിയാൽ അവൻ മുടിഞ്ഞുപോകണമെന്ന നിങ്ങളുടെ ഈ സിദ്ധാന്തമുണ്ടല്ലോ, അതിനെ അതിജീവിച്ചുകൊണ്ട് കേരള രാഷ്ട്രീയത്തിൽ സൂര്യനെപ്പോലെ സഖാവ് കെ. ടി. ജലീൽ ഉദിച്ചുനിൽക്കുന്നതിൽ നിങ്ങൾ അസൂയ പൂണ്ടു. അതുകൊണ്ടാണ് അദ്ദേഹത്തെ നിങ്ങൾ കടന്നാക്രമിച്ചു കൊണ്ടിരിക്കുന്നത്. നിങ്ങളുടെ കാലത്ത് ആരായിരുന്നു വൈസ് ചാൻസലർ? ഖാദർ മങ്ങാട് ആരാണ്? കാസർഗോഡ് ലോക്സഭാ മണ്ഡലത്തിൽ കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച ഖാദർ മങ്ങാടിനെ വൈസ് ചാൻസലറാക്കാൻ നാണവും മാനവുമില്ലാത്ത നിങ്ങളാണ് ഞങ്ങളുടെ പിടലിയിൽ കയറുന്നത്. ഒരു സ്കൂൾ അദ്ധ്യാപകനെ വൈസ് ചാൻസലറാക്കാൻ നിങ്ങൾ നോക്കിയില്ലേ? കേരളത്തിന്റെ പ്രബുദ്ധസമൂഹം അതിനെ എതിർത്തതു കൊണ്ടല്ലേ നിങ്ങൾക്കതിൽ പരാജയപ്പെട്ട് കീഴടങ്ങേണ്ടിവന്നത്?

നേരത്തെ കോൺഗ്രസ്സാണ് ബി.ജെ.പി.-യിലേയ്ക്കുള്ള ഇടത്താവളമെങ്കിൽ ഇപ്പോൾ കേരളത്തിൽ കണ്ടുവരുന്ന പുതിയ പ്രവണത ബി.ജെ.പി.-യിലേയ്ക്കുള്ള ഇടത്താവളമായി വൈസ് ചാൻസലർ സ്ഥാനങ്ങൾ മാറുന്നതാണ്. അത്രരിൽ ക്യാമ്പയിൻ നടത്താൻ ഞങ്ങളൊക്കെ പോയപ്പോൾ ഡോ. കെ. എസ്. രാധാകൃഷ്ണന്റെ പുഞ്ചിരിക്കുന്ന മുഖം കണ്ടതാണ്. ആ പുഞ്ചിരിക്കുന്ന മുഖത്തിനടിയിൽ താമര. താമരയിൽ വിരിയുന്ന ഡോ. കെ. എസ്. രാധാകൃഷ്ണനെ കേരള രാഷ്ട്രീയത്തിൽ ഉയർത്തിയതാരാണ്. നിങ്ങളല്ലേ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കെ.പി.സി.സി.-യുടെ പഠന സ്കൂളിലെ സ്ഥിര അദ്ധ്യാപകനായിരുന്ന ഡോ. കെ. എസ്. രാധാകൃഷ്ണൻ. ഇവിടെ ഇരിക്കുന്ന പല എം.എൽ.എ.മാർക്കും ക്ലാസ്സെടുക്കുന്ന അദ്ധ്യാപകനായിരുന്ന അദ്ദേഹമെന്ന കാര്യം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അതുകൊണ്ട് എനിക്ക് ഭയങ്കര പേടിയുണ്ട്. കാരണം യു.ഡി.എഫ്.-ന് കുറച്ച് ലോക്സഭാ സീറ്റുകൾ കിട്ടിയതുകൊണ്ടാണ് ഇവരിൽ പലരും അപ്പുറത്ത് തന്നെയിരിക്കുന്നത്. നേരെ മറിച്ച് ഷെയറിംഗായിരുന്നെങ്കിൽ ഇതിലും പല എം.എൽ.എ.-മാരും മറുഭാഗത്ത് ചാടുമായിരുന്നു. ഞങ്ങൾ വിചാരിച്ചു, കോൺഗ്രസിൽ നിന്നുമാത്രമാണ് ബി.ജെ.പി.-യിലേയ്ക്ക് പോകുന്നതെന്ന്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മുസ്ലീംലീഗ് അപ്പോയിന്റ് ചെയ്ത ഡോ. അബ്ദുൾ സലാം ഇപ്പോൾ ബി.ജെ.പി. നേതാവാണ്. നേരത്തെ കോൺഗ്രസാണ് ബി.ജെ.പി.-യിലേയ്ക്കുള്ള റിക്രൂട്ടിംഗ് ഏജൻസിയെങ്കിൽ കേരളത്തിലെ സർവ്വകലാശാല വൈസ് ചാൻസലർ പദവിയെ ബി.ജെ.പി.-യിലേയ്ക്കുള്ള റിക്രൂട്ടിംഗ് ഫോറമാക്കി മാറ്റിയത് യു.ഡി.എഫ്.-ന്റെ ഭരണമല്ലേ?

ഇവിടെ ഡോ. കെ. ടി. ജലീലിനെ ആക്രമിച്ചുകൊണ്ടിരിക്കുന്നു;, മാർക്കുദാനത്തെപ്പറ്റി ഒരുപാട് ആരോപണങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. ഞങ്ങളെല്ലാം വിദ്യാർത്ഥി സംഘടനാ നേതാക്കന്മാരായിരിക്കുമ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ ലീഗിന്റെ കൊയിലാണ്ടി മണ്ഡലം കമ്മിറ്റി ഓഫീസിൽ കൊണ്ടുപോയി ഇട്ടവരാണ് നിങ്ങൾ. ആ നിങ്ങളാണ് ഇപ്പോൾ അക്രമരാഷ്ട്രീയത്തെക്കുറിച്ചും യൂണിവേഴ്സിറ്റി കോളേജിനെക്കുറിച്ചും ആക്ഷേപിക്കുന്നത്. എന്റെ മണ്ഡലത്തോട് തൊട്ടുകിടക്കുന്ന കുത്തുപറമ്പ് അസംബ്ലി മണ്ഡലത്തിൽ എൻ.എ.എം. കല്ലിക്കണ്ടി കോളേജിലെ 5 എം.എസ്.എഫ്. പ്രവർത്തകർ ബിരിയാണി വയ്ക്കുമ്പോഴല്ല മരിച്ചത്, മറിച്ച് ബോംബ് നിർമ്മിക്കുമ്പോഴാണ്. നാദാപുരത്ത് മരിച്ച 5 എം.എസ്.എഫ്. പ്രവർത്തകരെ മുസ്ലീം ലീഗിന് ഓർമ്മയുണ്ടോ? * ഞങ്ങൾ അതിനെ തള്ളിപ്പറഞ്ഞു.

*സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 6858/ഇ.ബി.2019/നി.സെ. തീയതി 4-12-2019) സഭാരേഖകളിൽ നിലനിർത്തി.

യൂണിവേഴ്സിറ്റി കോളേജിനകത്ത് എന്തെങ്കിലും തരത്തിലുള്ള പാകപ്പിഴകൾ ഞങ്ങളുടെ വിദ്യാർത്ഥി പ്രവർത്തകരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടെങ്കിൽ അവരെ തിരുത്താനുള്ള കരുത്ത് കേരളത്തിലെ എസ്.എഫ്.ഐ.-യ്ക്കുണ്ട്; എസ്.എഫ്.ഐ. തിരുത്തിയിട്ടുണ്ട്; അതുമാത്രമല്ല, അവരെ പൂർണ്ണമായും തള്ളിപ്പറഞ്ഞിട്ടുമുണ്ട്. സർവ്വകലാശാലകളിലെ മാർക്ക് ദാനത്തെക്കുറിച്ച് നിങ്ങൾ പറയുമ്പോൾ, കേരളത്തിന്റെ ഇതപര്യന്തമുള്ള ചരിത്രത്തിൽ സർവ്വകലാശാലകളിൽ ഏറ്റവും കൂടുതൽ മാർക്ക് ദാനം ചെയ്തവർ ആരാണ്? 20 മാർക്ക് വരെ ദാനം ചെയ്തത് യു.ഡി.എഫ്.-ന്റെ കാലത്താണ് എന്ന് വളരെ വിനയത്തോടെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ചർച്ച നടത്തുന്നത് അക്രമ രാഷ്ട്രീയത്തെക്കുറിച്ചും മാർക്ക് തട്ടിപ്പിനെക്കുറിച്ചുമാണല്ലോ, ഞങ്ങൾക്ക് ഒരു ബേജാറുമില്ല. മാർക്ക് തട്ടിപ്പിലൂടെ ബിരുദം നേടി കേരള രാഷ്ട്രീയത്തിൽ ഉയർന്നുവന്ന രാഷ്ട്രീയ നേതാവ് ഞങ്ങളുടെ ഭാഗത്തില്ല. കോപ്പിയടിച്ച് മാർക്ക് വാങ്ങി മന്ത്രിപദം വരെ അലങ്കരിച്ച രാഷ്ട്രീയ നേതാവ് ഞങ്ങളുടെ കൂടെയില്ല എന്ന് നെഞ്ചത്ത് കൈവച്ച് ഞങ്ങൾക്ക് പറയാൻ സാധിക്കും. അതുപോലെ നിങ്ങൾക്ക് സാധിക്കുമോ? കോപ്പിയടിച്ച് മാർക്ക് വാങ്ങി പാസ്സായ ആളെ ഞങ്ങൾ മന്ത്രിയാക്കിയില്ല എന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് പറയാൻ യു.ഡി.എഫ്.-ന് സാധിക്കുമോ? ഞങ്ങൾക്ക് പറ്റും. അതുകൊണ്ട് അത്തരം കാര്യങ്ങളാണ് ഡിബേറ്റ് ചെയ്യപ്പെടുന്നതെങ്കിൽ മണിക്കൂറോളം ഡിബേറ്റിന് എൽ.ഡി.എഫ്. തയ്യാറാണ്.

ഇനി രാഷ്ട്രീയത്തിലേയ്ക്ക് വരാം. ഇവിടെ രാവിലെ മുതൽ ചർച്ച നടക്കുന്നുണ്ട്. എനിക്കുശേഷം സംസാരിക്കുന്ന എന്റെ സഹപ്രവർത്തകൻ ശ്രീ. എം. സ്വരാജ് കൂടി കാര്യങ്ങൾ പറയുമെന്നതുകൊണ്ട് ഞാൻ ചില കാര്യങ്ങൾ മാത്രം പറയാം. ഇന്ന് അടിയന്തരപ്രമേയ വിഷയം യു.എ.പി.എ. ആയിരുന്നു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി; കേരള രാഷ്ട്രീയത്തിൽ അറിയപ്പെടുന്ന പൊതുപ്രവർത്തകൻ, നിയമസഭാ സാമാജികൻ, യു.ഡി.എഫ്.-ന്റെ കാലത്ത് നിങ്ങളുടെ നിയമസഭാ സാമാജികരുടെ കൂടെ ഇവിടെ സഭയിൽ അംഗമായിരുന്ന, സി.പി.ഐ.(എം)-ന്റെ മുൻ ജില്ലാ സെക്രട്ടറിയായിരുന്ന സഖാവ് പി. ജയരാജനെതിരെ യു.എ.പി.എ. ചുമത്തിയത് ശ്രീ. രമേശ് ചെന്നിത്തലയല്ലേ? സി.പി.ഐ.(എം)-ന്റെ കണ്ണൂരിലെ ഉയർന്ന രാഷ്ട്രീയ നേതാവും സഹകാരിയും എ.കെ.ജി. ഹോസ്പിറ്റൽ പ്രസിഡന്റുമായ സഖാവ് ടി. ഐ. മധുസൂദനൻ എന്ന കണ്ണൂർ ജില്ലയിലെ സി.പി.ഐ.(എം)-ന്റെ ഫയർ ബ്രാന്റ് നേതാവിനെതിരെ യു.എ.പി.എ. ചുമത്തിയത് യു.ഡി.എഫ്. അല്ലേ? ഒരു സംശയവും വേണ്ട യു.എ.പി.എ. എന്ന കരിനിയമത്തിന് ഞങ്ങൾ എതിരാണ്. അത് പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് സഭയ്ക്കകത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യമായി പറഞ്ഞു. കഴിഞ്ഞ 5 വർഷമായി 15 സഖാക്കളാണ് വിചാരണ തടവുകാരായി കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്നത്. അതൊക്കെ ആരെടുത്ത കേസ്സാണ്? ശ്രീ. രമേശ് ചെന്നിത്തലയാണ്. പക്ഷപാതപരമായാണ്

കേസ്സെടുക്കുന്നത്. സി.പി.ഐ.(എം)- ന്റെ പേരിൽ ആരോപിക്കപ്പെടുന്ന കൊലപാതകങ്ങൾ യു.എ.പി.എ. ചാർത്തിയവർ, സി.പി.ഐ.(എം)-ന്റെ പ്രവർത്തകർ കൊല ചെയ്യപ്പെട്ടപ്പോൾ ആദ്യം യു.എ.പി.എ. ചുമത്തുകയും പിന്നീടത് ഒഴിവാക്കിക്കൊടുക്കുകയും ചെയ്തു. അതാണ് കണ്ണവം പോലീസ് സ്റ്റേഷൻ ലിമിറ്റിൽ ഓണിയൻ പ്രേമന്റെ കൊലപാതകക്കേസിൽ കണ്ടത്. അതുപോലെ പൊയിലൂർ പോലീസ് സ്റ്റേഷൻ ലിമിറ്റിൽ സഖാവ് വിനോദന്റെ കൊലപാതക കേസിലും യു.എ.പി.എ. ആദ്യം ചുമത്തിയവർ പിന്നീട് ആ വകുപ്പ് ഒഴിവാക്കിക്കൊടുക്കുന്ന കാഴ്ച കണ്ടു. അതേസമയം സി.പി.ഐ.(എം) ആരോപിതരായ കേസ്സിൽ യു.എ.പി.എ. ചുമത്തുന്നു. ഇത് ഞങ്ങൾ തുറന്നുകാട്ടുന്നുവെന്ന് മാത്രമേയുള്ളൂ. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണി തിളക്കമാർന്ന വിജയം നേടിയിരിക്കുന്നു. ഇവിടെ എന്തെല്ലാം പ്രഖ്യാപനങ്ങളായിരുന്നു നടത്തിയത്? ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞത് ഞങ്ങൾ സിക്സറടിക്കുമെന്നാണ്. സിക്സറടിക്കാൻ ശ്രമിച്ചവർ പാലാ നിയമസഭാ തെരഞ്ഞെടുപ്പിൽ ആദ്യ ബോളിൽത്തന്നെ ഔട്ടായി. നിങ്ങളുടെ പൊന്നാപുരം കോട്ടകൾ തകർത്തെറിഞ്ഞുകൊണ്ട് മൂന്ന് പേർ ഈ സഭയ്ക്കകത്ത് കയറിയിട്ടുണ്ട്. ഞങ്ങൾ ഉറപ്പിച്ചുപറയുന്നു, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണമാണ് ജനങ്ങൾ വിലയിരുത്തുന്നത്. ആ ഭരണത്തെ വിലയിരുത്തുമ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ നടത്തിയ നേട്ടങ്ങൾ ജനങ്ങൾ ചർച്ച ചെയ്യും. ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടായ മാറ്റങ്ങൾ ജനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കും. പൊതു വിദ്യാഭ്യാസം മെച്ചപ്പെടുമ്പോൾത്തന്നെ ഉന്നത വിദ്യാഭ്യാസ മേഖലയും മെച്ചപ്പെടുത്തി ഒരു തലമുറയെ വാർത്തെടുക്കുന്ന പ്രക്രിയയ്ക്ക് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുമ്പോൾ അതിന് കേരളീയ പൊതുസമൂഹത്തിന്റെ പിന്തുണയുണ്ട്, പിൻബലമുണ്ട്. ഈ സർക്കാരിന്റെ 42 മാസക്കാലത്തെ ഭരണം വിലയിരുത്തുമ്പോൾ ജനം ഈ സർക്കാരിന്റെ കൂടെയാണ്. അതിൽ വിറളിപൂണ്ടവർ കിട്ടുന്ന അവസരം ഉപയോഗിച്ചുകൊണ്ട് ഇടതുപക്ഷത്തെ കടന്നാക്രമിക്കാൻ ശ്രമിക്കുമ്പോൾ അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാർ കേരളത്തിൽ ഉദിച്ചുതന്നെ നിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇനിയങ്ങോട്ട് ഇടതുപക്ഷത്തിന്റെ ഭരണത്തുടർച്ചയാണ്. യു.ഡി.എഫ്. സംവിധാനം കേരളത്തിൽ ദുർബലപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്ക്, പരിഷ്കാരത്തിന്, സർവ്വകലാശാല നിയമവുമായി ബന്ധപ്പെട്ട്, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാലാവധിയുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ച ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോണിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: Sir, I move that- " This House resolves to disapprove The University Laws (Amendment) ( No.2) Ordinance, 2019 (Ordinance No.35 of 2019)."

ഞാൻ ഈ ഓർഡിനൻസിനെ നിരാകരിക്കുകയാണ്. 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ സെക്ഷൻ 10, 13, 14 അതുപോലെ 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിലെ സെക്ഷൻ 32, 33, 34 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ആക്ടിലെ സെക്ഷൻ 16, 17, 18 എന്നിവയിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസിന് നിയമസാധുത നൽകുന്നതിനായിട്ടാണ് 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ പരിഗണിച്ച് ഈ സർവ്വകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ നിയമന കാലയളവ് ഏകീകരിക്കുകയാണ് ബില്ലിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിൽ പരീക്ഷാ കൺട്രോളറുടെ നിയമനം ഉൾപ്പെടുത്തിയിരുന്നില്ല. ഈ ബില്ലിൽ അതുംകൂടി ഉൾപ്പെടുത്തിയിരിക്കുന്നു. 1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരെ സിൻഡിക്കേറ്റ് സർക്കാരിന് സമർപ്പിക്കുന്ന രണ്ട് ആളുകളുടെ പേര് ഉൾക്കൊള്ളുന്ന പാനലിൽ നിന്ന് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന കാലയളവിലേയ്ക്കും വ്യവസ്ഥകളിലുമാണ് ഇതുവരെ ഇവരെ നിയമിച്ചിരുന്നത്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ, രജിസ്ട്രാറെയും പരീക്ഷാ കൺട്രോളറെയും അഞ്ചുവർഷത്തിൽ കവിയാത്ത ഒരു കാലയളവിലേയ്ക്കാണ് നിയമിച്ചുവന്നത്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ സേവന കാലാവധി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ചാണ്. എന്നാൽ ഇപ്പോൾ എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ നിയമന കാലയളവ് ഏകീകരിച്ച് ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 56 വയസ്സ് പൂർത്തിയാക്കുന്നതുവരെയോ ഇവയിൽ ഏതാണ് ആദ്യം വരുന്നത് ആ വ്യവസ്ഥകൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ പോകുകയാണ്. യഥാർത്ഥത്തിൽ നാല് വർഷം അല്ലെങ്കിൽ 56 വയസ്സ്

എന്ന പരിധി വയ്ക്കുന്നതിന്റെ ലോജിക് എന്താണെന്ന് മനസ്സിലാകുന്നില്ല. ഈ ഓർഡിനൻസ് കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം യഥാർത്ഥത്തിൽ വേറെ തന്നെയാണ്. കോളേജ് അദ്ധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 56-ഉം യൂണിവേഴ്സിറ്റിയിൽ 60-വയസ്സും ആയിരിക്കെ രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ കാലയളവ് 56 വയസ്സായി നിജപ്പെടുത്തുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. പരീക്ഷാ കൺട്രോളറായി കോളേജ് അദ്ധ്യാപകരെ തന്നെയാണ് സാധാരണ നിയമിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയെ കണ്ണൂർ സർവ്വകലാശാലാ പരീക്ഷാ കൺട്രോളറായി നിയമിച്ചിരിക്കുകയാണ്. ഈ ബിൽ കൊണ്ടുവരിക വഴി ബഹുമാനപ്പെട്ട മന്ത്രിയുടെ മറ്റ് താൽപ്പര്യങ്ങൾക്ക് നിയമസഭയെ കരുവാക്കുകയാണ്. സർക്കാരിന് താൽപ്പര്യമുള്ളവരെ അല്ലെങ്കിൽ സർക്കാർ പറയുന്നത് അനുസരിക്കുന്നവരെ വീണ്ടും നിയമിക്കുന്നതിനായി ബില്ലിൽ ക്ലാസ് ചെയ്തിട്ടുണ്ട്. ഇവർക്ക് അധിക കാലയളവുകൂടി പുനർനിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ് എന്നാണ് ഈ ക്ലാസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഓർഡിനൻസ് വന്നതോടുകൂടി വിവിധ സർവ്വകലാശാലകളിലായി 17-ലധികം തസ്തികകളാണ് ഒറ്റയടിക്ക് ഇല്ലാതായത്. മിക്കവാറും സർവ്വകലാശാലകളിൽ ഇതുവരെയും പകരം നിയമനം നടത്തിയിട്ടില്ല. ചില യൂണിവേഴ്സിറ്റികളിൽ അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അധികച്ചുമതല നൽകിയാണ് ഭരണം നടത്തി മുന്നോട്ട് പോകുന്നത്. ചാർജ് കൊടുത്ത് നിയമിതനായതിനാൽ സിൻഡിക്കേറ്റിന്റെ ചൊൽപ്പടിക്ക് നിർത്താൻ വളരെ എളുപ്പമാണ്. കേരളത്തിലെ ഒരു സർവ്വകലാശാലയിൽ ഹൈസ്കൂൾ അദ്ധ്യാപകനാണ് ഇപ്പോൾ ഭരിക്കുന്നത്. ഇയാളുടെ ആകെ യോഗ്യത സിൻഡിക്കേറ്റിന്റെ നോമിനിയാണെന്നുള്ളത് മാത്രമാണ്. വി.സി.-യും പ്രോ-വി.സി.-യും കഴിഞ്ഞാൽ സർവ്വകലാശാലാ ഭരണനിർവ്വഹണം, പരീക്ഷാ നടത്തിപ്പ്, ധനവിനിയോഗം എന്നിവയുടെ ചുമതല രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവർക്കാണ്. സ്ഥിരനിയമനമായാൽ സിൻഡിക്കേറ്റിന്റെയും ഭരണകക്ഷികളുടെയും സർക്കാരിന്റെയും സമ്മർദ്ദങ്ങൾക്ക് ഇവർ വഴങ്ങുകയില്ല. ഇക്കാരണങ്ങൾ കൊണ്ടുതന്നെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പേരുപറഞ്ഞ് ഈ മൂന്ന് തസ്തികകളുടെയും നിയമനം നാല് വർഷമായി നിജപ്പെടുത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ചിലരെ മാത്രം പറഞ്ഞുവിടുകയും മറ്റ് ചിലരെ നിലനിർത്തുകയും ചെയ്യുന്നത് ശരിയല്ല. നിയമനം നടപ്പാക്കുമ്പോൾ ഇപ്പോഴുള്ള എല്ലാവരെയും ഒഴിവാക്കണം. ഇവിടെ അധികാര ദുർവിനിയോഗത്തിന്റെ പുതിയ സാധ്യതകൾ തേടുകയാണ്. രാഷ്ട്രീയ സാമൂഹ്യ നേതാക്കളും കുറേ അദ്ധ്യാപക സംഘടനകളുമാണ് ഇതിന്റെ പിന്നിലുള്ളത്.

ഈ ബിൽ നിയമസഭയിൽ വരുമ്പോൾ ഏറ്റവും വിവാദമായിക്കൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി ജലീലിന്റെ പേരിൽ മാർക്ക് ദാനവുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരിക്കുന്ന വാർത്തകളും പൊതുസമൂഹത്തിൽ പ്രത്യേകിച്ച് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ഉണ്ടാക്കിയിരിക്കുന്ന ആശങ്കയുമാണ്. എം. ജി. സർവ്വകലാശാലയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ നിർദ്ദേശമനുസരിച്ച് അദാലത്ത് വഴി ഒരു കുട്ടിക്ക് ഒരു മാർക്ക് കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചു. ഈ അവസരം നോക്കി സിൻഡിക്കേറ്റ് അഞ്ച് മാർക്കാണ് കൂട്ടിക്കൊടുക്കാൻ തീരുമാനിച്ചത്. സാങ്കേതിക സർവ്വകലാശാലയിൽ തോറ്റ കുട്ടികൾക്ക് അഞ്ച് മാർക്ക് വീതം കൂട്ടാൻ തീരുമാനിച്ചു. അക്കാദമിക് കൗൺസിൽ കഴിഞ്ഞ മാസം 28-ാം തീയതി അദാലത്ത് നടത്താൻ തീരുമാനിച്ചെങ്കിലും വിവാദമുണ്ടായതിനെത്തുടർന്ന് മാറ്റിവച്ചിരിക്കുന്നുവെന്നാണ് അറിയാൻ സാധിച്ചത്. എം. ജി. സർവ്വകലാശാലയിൽ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 5 മാർക്ക് കൂട്ടി നൽകാൻ തീരുമാനിച്ചു. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡങ്ങൾക്കെതിരായാണ് ആ തീരുമാനമെടുത്തിരിക്കുന്നത്. ആരോഗ്യ സർവ്വകലാശാലയിൽ എം.ബി.ബി.എസ്.-ന് മാർക്ക് കൂട്ടിയിടാനായി ബഹുമാനപ്പെട്ട മന്ത്രി തീരുമാനിച്ചു. അത് മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡങ്ങൾക്ക് എതിരായതിനാൽ സർവ്വകലാശാല ഗ്രിവൻസ് കമ്മിറ്റി എതിർത്തിട്ടുണ്ട്. സർവ്വകലാശാലയുടെ പരീക്ഷാ കലണ്ടറുകൾപോലും ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസ് ഇടപെട്ട് വെട്ടിമാറ്റുകയാണ്. കേരള സർവ്വകലാശാലയുടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് സന്ദർശനം നടത്തി നിർദ്ദേശങ്ങൾ കൊടുത്തു കൊണ്ടിരിക്കുകയാണ്. കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് പങ്കെടുത്തത് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഇത് ചട്ടവിരുദ്ധമായതിനാൽ സ്റ്റാൻഡിംഗ് കമ്മിറ്റിയിലെ അംഗങ്ങളിൽ ചിലർ വിട്ടുനിൽക്കുന്ന സാഹചര്യമുണ്ടായി. അതുപോലെ വിദ്യാർത്ഥികളുടെ കോളേജ് മാറ്റത്തിന് വി.സി.-യെ മറികടന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് ഉത്തരവിറക്കുകയുണ്ടായി. വി.സി.യാണ് ഒരു കോളേജ് മാറ്റത്തിന് ഉത്തരവിറക്കേണ്ടത്. വി.സി.-യുടെ അധികാരത്തിൽ കയറി ബഹുമാനപ്പെട്ട മന്ത്രി കൈകടത്തുന്നതാണ് ഇവിടെ കാണാൻ കഴിയുന്നത്. ഇതിനൊക്കെ പുറമെ പാലക്കാട് വിക്ടോറിയ കോളേജിൽ സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥിക്ക് വേണ്ടത്ര മാർക്കില്ലെങ്കിലും അഡ്മിഷൻ റെഗുലറൈസ് ചെയ്യാനായി 2-3-2019-ൽ കോഴിക്കോട് സർവ്വകലാശാലയിൽ നടന്ന അദാലത്തിൽ മന്ത്രി താൽപ്പര്യമെടുത്തതിന്റെ വിവരങ്ങൾ പുറത്തു

വന്നുകൊണ്ടിരിക്കുകയാണ്. സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കാനായി അഞ്ച് ശതമാനം മാർക്കിളവുണ്ട്. എന്നാൽ ഈ കുട്ടിക്ക് 45 ശതമാനം മാർക്കുപോലും ഡിഗ്രിക്കുണ്ടായിരുന്നില്ല. മാത്രമല്ല, സ്പോർട്സ് ക്വാട്ടയിലെ ആനുകൂല്യത്തിനുവേണ്ടി ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാലാ മാനദണ്ഡത്തിന് അനുസരിച്ചുള്ളവ ആയിരുന്നില്ല. എന്നിട്ടും അഡ്മിഷൻ റെഗുലറൈസ് ചെയ്യാൻ അദാലത്തിനുശേഷം നടന്ന അക്കാദമിക് കൗൺസിലിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ താൽപ്പര്യപ്രകാരം തീരുമാനിക്കുകയാണ് ചെയ്തത്.

ഡോ. കെ. ടി. ജലീൽ നടത്തുന്ന മാർക്ക് ദാനവും സർവ്വകലാശാലകളിൽ നടത്തുന്ന ഇടപെടലുകളും പൂർണ്ണമായും തെറ്റാണെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ തുറന്നുപറഞ്ഞ കാര്യം ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഡോ. രാജൻ ഗുരുക്കൾ അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണനും ഇടതുപക്ഷ സഹയാത്രികനുമാണ്. നമ്മൾ അറിയപ്പെടാത്ത ഒരാളല്ല പറഞ്ഞിരിക്കുന്നത്. എം. ജി. സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ കൂടിയാണ് അദ്ദേഹം. ബഹുമാന്യനായ മുഖ്യമന്ത്രി ചെയർമാനായ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ പദവികൂടി അദ്ദേഹത്തിനുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ ശരിയല്ലെന്ന് മാത്രമല്ല, അപകടകരവും സർവ്വകലാശാലകളുടെ ഗുണനിലവാരത്തെ ഇടിച്ചുതാഴ്ത്തുന്നതുമാണെന്നാണ് അദ്ദേഹം കഴിഞ്ഞ ദിവസം പറഞ്ഞത്. മാർക്ക് ദാനം ചെയ്യുകവഴി സർവ്വകലാശാലകളുടെ ഗുണനിലവാരവും അന്തസ്സും തകർത്തുകളയുന്ന കാഴ്ചയാണ് കാണുന്നത്. സർവ്വകലാശാലകളിൽ എല്ലാ നിയമങ്ങളും കാറ്റിൽ പറത്തിയാണ് ബഹുമാനപ്പെട്ട മന്ത്രിയും പരിവാരങ്ങളും ഇടപെടൽ നടത്തിയത്. മാനുഷിക പരിഗണനയെന്നാണ് അദ്ദേഹം പറയുന്നത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, സർവ്വകലാശാലകളിൽ മന്ത്രിയുടെ ഇടപെടലിനെക്കുറിച്ചാണല്ലോ അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളുടെ പരീക്ഷാനടത്തിപ്പ് വൈസ് ചാൻസലറുടെ മേൽനോട്ടത്തിൽ, പരീക്ഷാ കൺട്രോളറുടെ പൂർണ്ണമായ മേൽനോട്ടത്തിലാണ് പരീക്ഷ നടത്തുന്നത്. എന്നാൽ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ എക്സാമിനേഷൻ മാനേജിംഗ് കമ്മിറ്റിയുണ്ടാക്കി സർവ്വകലാശാലയ്ക്ക് കൊടുക്കുകയാണ് ചെയ്തത്. ആ പ്രൊപ്പോസലിൽ എഴുതിയത്, 'വി.സി. (കെ.ടി.യു.), ഫോർ ഇംപ്ലിമെന്റേഷൻ', എന്നാണ്. ഒരു മന്ത്രിക്ക് സർവ്വകലാശാലയിൽ ഒരു കാര്യം നടത്തണമെന്നുപറഞ്ഞ് ഉത്തരവ് കൊടുക്കാൻ അവകാശമുണ്ടോ? അതിൽത്തന്നെ ഓരോരുത്തരുടെയും ചുമതല പറഞ്ഞിട്ടുണ്ട്. ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കുന്നതും വാല്യുവേഷനും സമ്പൂർണ്ണമായി

കുറ്റമറ്റരീതിയിൽ രഹസ്യ സ്വഭാവത്തോടുകൂടി നടത്തേണ്ട ചുമതലപോലും ഡീനിനുകൂടി നൽകുന്ന പ്രൊപ്പോസലാണ് അവിടെ കൊടുത്തിരിക്കുന്നത്. ഈ പ്രൊപ്പോസൽ നടപ്പിലാക്കണമെന്നുപറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി ഫയലിൽ എഴുതിവിടുകയാണ്. ഈ ഭേദഗതിയിലൂടെ ആ കമ്മിറ്റിയിൽ മൂന്ന് ആളുകളെ പുതിയതായി നിയമിക്കാൻ പോകുകയാണ്. ആറ് പേരെ ഉൾപ്പെടുത്തിയാണ് മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഈ ഭേദഗതിയിലൂടെ കൺട്രോളറെ പുതിയതായി നിയമിച്ചു. ഫിനാൻസ് ഓഫീസർ, രജിസ്ട്രാർ എന്നീ വിഭാഗങ്ങളിലേയ്ക്ക് പുതിയ ആളുകളെ നിയമിക്കുകയാണ്. പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും ഗവൺമെന്റിന്റെ നിയന്ത്രണത്തിലും പാർട്ടി തീരുമാനിക്കുന്ന രീതിയിലും നടത്തി പരീക്ഷയുടെ എല്ലാ sanctity-യും തകർക്കുന്നതിനുവേണ്ട നീക്കമായി അങ്ങ് ഇതിനെ കാണുന്നില്ലേ ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, തീർച്ചയായും. ഇക്കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. ബഹുമാന്യനായ മന്ത്രിക്ക് എല്ലാ കാര്യങ്ങൾക്കും ശിപാർശ കൊടുക്കാനേ കഴിയുകയുള്ളൂ. വൈസ് ചാൻസലറാണ് യഥാർത്ഥത്തിൽ ഇങ്ങനെയുള്ള ഉത്തരവുകൾ ഇറക്കേണ്ടത്. പക്ഷേ വൈസ് ചാൻസലറിനെ നോക്കുകുത്തിയാക്കി ബഹുമാനപ്പെട്ട മന്ത്രി എല്ലാ കാര്യങ്ങളിലും അമിതമായി ഇടപെടുന്നു. അതിന്റെ ദോഷവശങ്ങളാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ " 2019-ലെ മാർക്കിടാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ" എന്ന പേരാണ് ഈ ബില്ലിന് കൊടുക്കേണ്ടിയിരുന്നത്. ഇപ്പോൾ 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ പേര് തന്നെ പോയിക്കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്.

കഴിഞ്ഞ ദിവസം ഞാൻ ഒരു വീട്ടിൽ ചെല്ലുമ്പോൾ ആ വീട്ടിലെ അച്ഛനും അമ്മയും കുട്ടിയുടെ കാര്യം പറഞ്ഞ് വഴക്കിടുകയായിരുന്നു. കഴിഞ്ഞ ഓണപ്പരീക്ഷയുടെ റിസൾട്ട് വന്നപ്പോൾ കണക്ക് പരീക്ഷയ്ക്ക് വലിയ മാർക്കിന്റെ വ്യത്യാസത്തിൽ കുട്ടി തോറ്റുപോയി. അമ്മ കുട്ടിയെ വഴക്ക് പറയുന്നതുകേട്ടാണ് ഞാൻ അവിടെ കയറിച്ചെല്ലുന്നത്. അപ്പോൾ അവിടെ വല്ലാത്തൊരു അന്തരീക്ഷമാണ്. അവരെ തണുപ്പിക്കാൻവേണ്ടി ഞാൻ പറഞ്ഞു, മാർക്ക് കുറഞ്ഞാലും പേടിക്കേണ്ട കാര്യമില്ല, നമ്മുടെ കെ. ടി. ജലീൽ മന്ത്രിയുണ്ടല്ലോ, അദ്ദേഹത്തോട് പറയാമെന്ന് പറഞ്ഞു. കുട്ടിയുടെ അമ്മ അതിബുദ്ധിമതിയാണ്. അദ്ദേഹം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. എസ്.എസ്.എൽ.സി. പരീക്ഷാ

ചുമതലയുള്ള മന്ത്രി പ്രൊഫ. സി. രവീന്ദ്രൻ മാഷാണ്. അദ്ദേഹം അതിനൊന്നും പോകുമെന്ന് തോന്നുന്നില്ലെന്നും അതുകൊണ്ട് സാർ പറയുന്നതിൽ കാര്യമൊന്നുമില്ലെന്നും അവർ പറഞ്ഞു. ഡോ. കെ. ടി. ജലീലിനെ കണ്ടാൽ, ഡ്രൈവിംഗ് ടെസ്റ്റ് മുതൽ ഡി.എൻ.എ. ടെസ്റ്റുവരെയുള്ള എല്ലാ ടെസ്റ്റുകളും അദ്ദേഹം പാസ്സാക്കിക്കൊടുക്കുന്ന ആളാണ്. അതുകൊണ്ട് അക്കാര്യത്തിൽ പേടിക്കേണ്ടെന്ന് ഞാൻ പറയുകയുണ്ടായി. ഷേക്സ്പിയറിന്റെ നാടകത്തിൽ "മാർക്ക് ആന്റണി" എന്ന കഥാപാത്രമുണ്ട്. യഥാർത്ഥത്തിൽ ഷേക്സ്പിയർ ഇന്ന് ജീവിച്ചിരുന്നെങ്കിൽ 'മാർക്ക് ജലീൽ' എന്നൊരു കഥാപാത്രത്തെ പുതിയതായുണ്ടാക്കി അദ്ദേഹം പുതിയൊരു നാടകം എഴുതുമായിരുന്നു. ഇപ്പോൾ മാർക്ക് കൂട്ടിക്കൊടുത്ത കുട്ടികൾ സപ്ലിമെന്ററി പരീക്ഷ എഴുതിക്കൊള്ളാമെന്ന് പറഞ്ഞ് ഇതിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, അവർക്കും നാണക്കേടായി. ഒരു മാർക്ക് ആവശ്യമുള്ളവർക്ക് 5 മാർക്കും 5 മാർക്ക് ആവശ്യമുള്ളവർക്ക് 10 മാർക്കും കൊടുത്തു. പണ്ട് കളരിയിൽ പോകുന്ന കാലഘട്ടത്തിൽ കളരി ആശാന്മാർ ഓലയിലാണ് എഴുതുക. ആശാനും കുട്ടിയും തമ്മിൽ വഴക്കുണ്ടായപ്പോൾ കുട്ടി, 'ആശാൻ ആശാന്റെ മാർക്ക് അങ്ങെടുത്തോ, എന്റെ ഓല ഇങ്ങ് തന്നേയ്ക്ക്' എന്ന് പറഞ്ഞതുപോലെ ഈ മാർക്ക് ലഭിച്ച കുട്ടികൾ ഇതിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, മാർക്ക് ആന്റണിയും മാർക്ക് ദാനവുമായി യാതൊരു ബന്ധവുമില്ല. അങ്ങ് പറഞ്ഞ കാര്യം വളരെ അപ്രസക്തമാണ്. കാരണം, അങ്ങ് ചൂണ്ടിക്കാണിച്ച കുട്ടിയുടെ വിഷയം മന്ത്രിയുടെ പ്രശ്നമല്ല, ആ കുട്ടിയുടെ പ്രശ്നമാണ്. നാല് വർഷംമുമ്പ് ആ കുട്ടി ജനിച്ചിരുന്നെങ്കിൽ, ആ സ്കൂളിന്റെ പരിസരത്തുകൂടി പോയാൽത്തന്നെ ജയിക്കുമായിരുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഇത് അതിലും ദയനീയാവസ്ഥയല്ലേ; ഒരു മാർക്ക് കൊടുക്കേണ്ട കുട്ടിക്ക് അഞ്ചും പത്തും മാർക്കുവീതമല്ലേ ബഹുമാനപ്പെട്ട മന്ത്രി കൊടുത്തത്. ഇപ്പോൾ പഠിച്ചാൽ കൊള്ളാമായിരുന്നുവെന്ന് ശ്രീ. ആർ. രാജേഷിന് തോന്നുന്നുണ്ടോ; എങ്കിൽ താങ്കൾക്കും റാങ്ക് കിട്ടുമെന്നുള്ള തോന്നൽ ഇപ്പോൾ മനസ്സിലുണ്ടല്ലോ? എന്റെ മനസ്സിൽ ഒ.എൻ.വി.-യുടെ കവിതയാണ് വരുന്നത്.

"ഒരു വട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന

തിരുമുറ്റത്തെത്തുവാൻ മോഹം"

ഒരു പ്രാവശ്യംകൂടി പരീക്ഷ എഴുതിയെങ്കിൽ എനിക്കും റാങ്ക് കിട്ടിയേനെ എന്ന് അറിയാതൊരു മോഹം വരികയാണ്. ശ്രീ. ആർ. രാജേഷിനെപ്പോലെ

ഞാനം അറിയാതെ ചിന്തിക്കുകയാണ്. ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. എം. ഉമ്മറിന് പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. മോൻസ് ജോസഫിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഈ ബില്ലിലെ വ്യവസ്ഥകളോട് വിയോജിക്കുകയാണ്. ഈ ബില്ലിനെ എതിർത്ത് സംസാരിച്ചാലുണ്ടാകാവുന്ന ആക്ഷേപം മുസ്ലീംലീഗ് അസൂയകൊണ്ട് പറയുമെന്നുള്ളതാണ്. അതുകൊണ്ട് എതിർത്ത് സംസാരിക്കാൻ നിവൃത്തിയില്ല. മന്ത്രിയെ പ്രശംസിക്കുക എന്നതാണ് ഇവിടെനിന്നും വലിയ എതിർപ്പില്ലാതെ പോകുന്നതിനുള്ള മാർഗ്ഗം. പക്ഷേ ചില കാര്യങ്ങൾ തുറന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. മുസ്ലീംലീഗിന് അദ്ദേഹത്തോട് അസൂയയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ പലപ്പോഴും പറയാറുണ്ട്. എന്തിനാണ് അദ്ദേഹത്തോട് അസൂയയുണ്ടാകുന്നത്? മുസ്ലീംലീഗ് ചെറിയ പാർട്ടിയാണെങ്കിലും ഏഴ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കാൻ നേതൃത്വം നൽകിയ അതിന്റെ മന്ത്രിമാർക്ക്, അതിനുള്ള അവസരമുണ്ടാക്കിയ ഒരു പാർട്ടിക്ക്, അത്യുന്നതങ്ങളിൽ ആണെങ്കിലും ഒരു അര മന്ത്രിയോട് എന്തിന് അസൂയയുണ്ടാകണം?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഭേദഗതി നൽകിയ മെമ്പർ സഭയിലിരിക്കുമ്പോൾ മറ്റൊരാൾക്ക് പ്രസംഗിക്കാൻ അവസരം നൽകാമോയെന്ന് പരിശോധിച്ച് പറയണം.

മി. ചെയർമാൻ: പാടില്ലാത്തതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പിന്നെ എങ്ങനെയാണ് അനുവദിച്ചത്?

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. മോൻസ് ജോസഫിനെ സീറ്റിൽ കാണുന്നില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. എം. ഉമ്മറിന് അവസരം നൽകിയപ്പോൾ ശ്രീ. മോൻസ് ജോസഫ് സഭയിലുണ്ടായിരുന്നു. അങ്ങനെ തർക്കിക്കേണ്ട ആവശ്യമില്ല. ഞാനൊരു സത്യം പറഞ്ഞതല്ലേ?

മി. ചെയർമാൻ: അത് പരിശോധിച്ച് പറയാം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ അദ്ദേഹത്തെ ഇവിടെ നോക്കിയിട്ട് കാണുന്നില്ല.

മി. ചെയർമാൻ: ശ്രീ. എം. ഉമ്മർ, പ്രസംഗം തുടരുക.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഞാൻ അദ്ദേഹത്തെ നോക്കിയിട്ട് ഇവിടെ കാണുന്നില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. എം. ഉമ്മറിന് അവസരം നൽകിയപ്പോൾ ശ്രീ. മോൻസ് ജോസഫ് സീറ്റിലുണ്ടായിരുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഒരു കാര്യം ഉന്നയിക്കാൻ ഒരു സെക്കന്റ് സമയം അനുവദിക്കണം. ശ്രീ. എം. ഉമ്മർ സംസാരിക്കുന്നതിൽ ഞങ്ങൾക്കാർക്കും വിരോധമില്ല. അദ്ദേഹം നന്നായി സംസാരിക്കും. പക്ഷേ പ്രസംഗിക്കാൻ നോട്ടീസ് നൽകിയ അംഗം സീറ്റിൽ ഇരുന്നുകൊണ്ട് മറ്റൊരു മെമ്പറെക്കൊണ്ട് സംസാരിപ്പിക്കുകയും സംസാരം ആരംഭിച്ചതും അദ്ദേഹം പോകുകയുമാണുണ്ടായത്. ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രി ഉന്നയിച്ചത് ശരിയല്ലേ? ശ്രീ. എം. ഉമ്മർ സംസാരിക്കുന്നതിൽ യാതൊരു വിഷമവുമില്ല. ശ്രീ. മോൻസ് ജോസഫ് പോകാതിരുന്നത് അങ്ങയുടെ കുറ്റമല്ല. അത് അദ്ദേഹത്തിന്റെ കുറ്റമാണ്. അദ്ദേഹം സീറ്റിൽ ഇരുന്നതാണ് തെറ്റ്. അത് തെറ്റാണെന്ന് റൂൾ ചെയ്യാൻ പാഴ്സർ പടിപ്പുരയ്ക്ക് പോകേണ്ടതുണ്ടോ?

മി. ചെയർമാൻ: അത് തെറ്റാണ്. ശ്രീ. എം. ഉമ്മർ സംസാരിക്കൂ.

ശ്രീ. എം. ഉമ്മർ: സർ, അദ്ദേഹത്തിന് സംസാരിക്കാൻ നിവൃത്തിയില്ലാത്തതു കൊണ്ട് എന്നെ ഏല്പിച്ചു. ഞാൻ ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നുണ്ടോയെന്ന് അദ്ദേഹം നോക്കിയതാണ്.

മി. ചെയർമാൻ: നിയമസഭാ ചട്ടപ്രകാരം സീറ്റിലിരിക്കാൻ പാടില്ല. അത് അംഗീകരിക്കണം. അങ്ങ് സംസാരിക്കൂ.

ശ്രീ. എം. ഉമ്മർ: സർ, ഞാനല്ല അംഗീകരിക്കേണ്ടത്. എന്റെ ഉത്തരവാദിത്വം ഞാൻ നിർവ്വഹിക്കുന്നുണ്ടോയെന്ന് നോക്കാൻ അദ്ദേഹം ഇവിടെ ഇരുന്നതാണ്.

മി. ചെയർമാൻ: അങ്ങ് അക്കാര്യം ആവർത്തിക്കേണ്ട. സംസാരിക്കുക.

ശ്രീ. എം. ഉമ്മർ: സർ, അങ്ങ് റൂളിംഗ് നൽകിയതനുസരിച്ച് ഞാൻ സംസാരിക്കുകയാണ്. സമയമിങ്ങനെ വെറുതെ പോകുകയാണ്. അവസാനം എന്നോട് പെട്ടെന്ന് പ്രസംഗം അവസാനിപ്പിക്കാൻ പറയരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരാൾ മറ്റൊരാൾക്ക് പ്രസംഗം ആതറൈസ് ചെയ്തുകൊടുത്താൽ അയാൾ സീറ്റിലിരിക്കാൻ പാടില്ലെന്ന് ചട്ടത്തിലൊന്നും പറഞ്ഞിട്ടില്ല.

മി. ചെയർമാൻ: കീഴ്‌വഴക്കമുണ്ടല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, കീഴ്‌വഴക്കവുമില്ല. നമുക്ക് സുഖമില്ലെന്നോ മറ്റെന്തെങ്കിലും പ്രശ്നമുണ്ടെന്നോ അല്ല എഴുതിക്കൊടുക്കുന്നത്. I authorize so and so to speak on my behalf എന്നല്ലേ എഴുതിക്കൊടുക്കുന്നത്. സീറ്റിലിരുന്നാൽ അതിനെന്താണ് തെറ്റ്?

മി. ചെയർമാൻ: എഴുതിക്കൊടുക്കുന്നതിന് തെറ്റില്ല. സീറ്റിലിരിക്കുന്നതിലേ തെറ്റുള്ളൂ.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ആതറൈസ് ചെയ്യുന്നത് in the absence of a member ...എന്നാണ്.

മി. ചെയർമാൻ: അതിനെക്കുറിച്ച് ഇനി തർക്കം വേണ്ട. അത് പരിശോധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്യുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ചട്ടത്തിൽ അങ്ങനെയൊന്നും എഴുതിയിട്ടില്ല. .....(മൈക്ക് ഓഫ്).....

മി. ചെയർമാൻ: അതുസംബന്ധിച്ച് പരിശോധിച്ച് അറിയിക്കും. ശ്രീ. എം. ഉമ്മർ സംസാരിക്കുക.

ശ്രീ. എം. ഉമ്മർ: സർ, കാലിക്കറ്റ് സർവ്വകലാശാല സ്ഥാപിച്ച പാർട്ടി,

കുസാറ്റ് സ്ഥാപിക്കുന്നതിന് നേതൃത്വം കൊടുത്ത പാർട്ടി, ശങ്കരാചാര്യ

യൂണിവേഴ്സിറ്റിയുടെ ബിൽ പൈലറ്റ് ചെയ്ത മന്ത്രി......*

ശ്രീ. റ്റി. വി. രാജേഷ്: സർ, ...പോയിന്റ് ഓഫ് ഓർഡർ...... കാലിക്കറ്റ് സർവ്വകലാശാല ഉൾപ്പെടെയുള്ള സർവ്വകലാശാലകൾ ഒരു പാർട്ടി സ്ഥാപിച്ചുവെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അത് രേഖയിലുണ്ടാകാൻ പാടില്ല. അത് വസ്തുതാവിരുദ്ധമായ കാര്യമാണ്. ഒരു പാർട്ടിയാണോ സർവ്വകലാശാല സ്ഥാപിച്ചത്?

മി. ചെയർമാൻ: അത് പരിശോധിക്കാം .

ശ്രീ. എം. ഉമ്മർ: സർ, ഇപ്പോൾ ആർക്കാണ് അസൂയ എന്നുള്ളത് വ്യക്തമായല്ലോ? ഞാൻ പറയാൻ തുടങ്ങിയിട്ടേയുള്ളൂ. ഈ പാർട്ടിക്കാർക്കൊക്കെ ലീഗിനോട് അസൂയയാണ്. ഞാൻ പറഞ്ഞ വാചകത്തിൽ ചെറിയ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.6201/ഇ.ബി. /2019/നി.സെ. തീയതി 05-11-2019) സഭാരേഖയിൽ നിലനിർത്തി.

വ്യത്യാസമുണ്ടെങ്കിൽ അതൊക്കെ ബഹുമാന്യനായ റ്റി. വി. രാജേഷിന് തിരുത്താവുന്നതേയുള്ളൂ. ലീഗ് സ്ഥാപിച്ചുവെന്ന് പറഞ്ഞാൽ ലീഗിന്റെ തറവാട്ടിൽ നിന്നെടുത്ത് സ്ഥാപിച്ചുവെന്നല്ല. അത് പൈലറ്റ് ചെയ്ത മന്ത്രിയെന്നാണ് ഉദ്ദേശിക്കപ്പെടുന്നത്. ഓരോ വാചകവും സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഭരണകക്ഷി അംഗങ്ങളുണ്ടെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കുസാറ്റ് (കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല) -ന്റെ ബിൽ പൈലറ്റ് ചെയ്തതും പാസ്സാക്കിയെടുത്തതും സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മന്ത്രിയായിരുന്ന കാലത്താണ്. അതുപോലെ ശങ്കരാചാര്യ സർവ്വകലാശാലയും കണ്ണൂർ സർവ്വകലാശാലയും ലീഗുകാരനായിരുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പൈലറ്റ് ചെയ്തുകൊണ്ടുവന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് വന്നത് എന്നുപറയുന്നതിൽ തെറ്റില്ലല്ലോ? 2005-ൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ കാലത്താണ് NUALS - കൊണ്ടുവന്നത്. ഒരു മലയാളം സർവ്വകലാശാല വരിക എന്നത് കേരളത്തിന്റെ ഏറ്റവും വലിയ ആഗ്രഹവും അഭിലാഷവുമായിരുന്നു. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. പി. കെ. അബ്ദു റബ്ബാണ് മലയാളം സർവ്വകലാശാലാ ബിൽ പൈലറ്റ് ചെയ്തത്. ലോകപ്രശസ്തനായ മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാമിന്റെ നാമധേയത്തിൽ ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചതും ലീഗിന്റെ ഒരു മന്ത്രിയാണ്. ഇവിടെ 'അത്യുന്നതങ്ങളിൽ' അല്ലെങ്കിൽ 'ഉന്നത വിദ്യാഭ്യാസം' എന്നുപറയപ്പെടുന്ന, ഇതുവരെ കേരളത്തിൽ ഒരു മന്ത്രി മാത്രം കൈകാര്യം ചെയ്ത വകുപ്പ് മുറിച്ച് പകുതിയാക്കിക്കൊടുത്തു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ.... യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് ഒരു മന്ത്രിയല്ല. അത് എല്ലാവർക്കുമറിയാം. നമ്മൾ തെറ്റ് തിരുത്തിയാൽ എന്താണ്? അദ്ദേഹം ബിൽ പൈലറ്റ് ചെയ്തു എന്നുപറയുന്നത് ശരിയാണ്. ഇതൊരു നിയമനിർമ്മാണമാണ്; എല്ലാമറിയാവുന്ന ആളാണ് അങ്ങ്. ഇത് പറയുന്നതുകൊണ്ട് മുസ്ലീംലീഗിന് യാതൊരു ഗുണവുമുണ്ടാകാൻ പോകുന്നില്ല. ഇ.എം.ഇസ്. ഗവൺമെന്റിന്റെ തീരുമാനപ്രകാരം സി. എച്ച്. മുഹമ്മദ് കോയ ആണ് അത് പൈലറ്റ് ചെയ്തതെന്ന് എല്ലാവർക്കുമറിയാം. അത് ഞങ്ങളും അഭിമാനപൂർവ്വം പറയുന്നു. ഒരു മന്ത്രി എങ്ങനെയാണ് സർവ്വകലാശാല സ്ഥാപിക്കുക? അൺ എയ്ഡഡ് സർവ്വകലാശാലയാണോ? ഇത് ശരിയല്ല; അദ്ദേഹത്തിന് നന്നായിട്ടറിയാവുന്ന വിഷയം ഇങ്ങനെ സംസാരിക്കുന്നത് എന്തിനാണ്? വാദപ്രതിവാദമാണോ; മന്ത്രിയാണോ സ്ഥാപിക്കുന്നത്?....(ബഹളം).... അതെന്തിനാണ് ശ്രീ. കെ. എം. ഷാജി ഏറ്റുപിടിക്കുന്നത് ? അത് ശരിയല്ല, അങ്ങനെ പറയാൻ പാടില്ല. മന്ത്രിമാരാരും ഇവിടെ ഒന്നും സ്ഥാപിക്കുന്നില്ല, ഗവൺമെന്റാണ് സ്ഥാപിക്കുന്നത്.

ശ്രീ. കെ. എം. ഷാജി: സർ, ഇന്നലെ ഇതിന് സമാനമായൊരു ചർച്ച സഭയിൽ നടന്നതാണ്. ഇവിടെ ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രി, സി.പി.ഐ.(എം)-ന്റെ പാർട്ടി തീരുമാനമെന്ന് പറഞ്ഞപ്പോൾ വലിയ ബഹളമുണ്ടായി. സ്വാഭാവികമായി ഒരു ജനാധിപത്യ സംവിധാനത്തിൽ പാർട്ടിയാണ് ആളുകളെ തെരഞ്ഞെടുക്കുന്നത്; പാർട്ടിയുടെ പോളിസിയാണ് നടപ്പിലാക്കുന്നതെന്നാണ് അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ ഇവിടെ പറഞ്ഞത്. അത് ലീഗിനുമാത്രം ബാധകമല്ലെന്നാണോ? ബഹുമാനപ്പെട്ട എം. ഉമ്മർ അങ്ങനെ പറഞ്ഞിട്ടില്ല. പറയാത്ത കാര്യം സ്പെസിഫൈ ചെയ്തിട്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നതെന്തിനാണ്?

മി. ചെയർമാൻ: പ്ലീസ്..... പ്ലീസ് ..... ശ്രീ. കെ. എം. ഷാജി ഇരിക്കൂ....

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇക്കാര്യത്തിൽ ഏതവസാനം വരെയും പോരാടും. കാരണം, ഒരു പാർട്ടിയുടെ നോമിനിയാണ് ഒരു പോസ്റ്റിലേയ്ക്ക് എന്നുള്ള കാര്യമാണ് ഞാൻ ഇന്നലെ പറഞ്ഞത്. അത് സർവ്വകലാശാലയുടെ കാര്യമാണോ? ഇക്കാര്യം ഇങ്ങനെ തർക്കിക്കാൻ വേണ്ടി പറഞ്ഞതല്ല.

മി. ചെയർമാൻ: അത് പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇതിൽ എന്ത് പരിശോധിക്കാനാണുള്ളത്?

മി. ചെയർമാൻ: ബഹുമാനപ്പെട്ട ഉമ്മർ, അങ്ങ് പ്രസംഗം തുടരൂ.... ഇങ്ങനെ സംശയിച്ച് നിൽക്കുന്നത് എന്തിനാണ്? സമയം പോകുന്നു.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച് സംസാരിച്ചതിന് സമയം പോകുന്നുവെന്ന് ബഹുമാനപ്പെട്ട ചെയർ എന്നോടെന്തിനാണ് പറയുന്നത്? അങ്ങനെ പറയാൻ പാടില്ല. എന്നാൽ ഞാൻ എന്റെ പ്രസംഗം നിർത്താം.

മി. ചെയർമാൻ: ഓർമ്മിപ്പിച്ചതാണ്. പ്രസംഗം തുടരുക.

ശ്രീ. എം. ഉമ്മർ : സർ, ബഹുമാനപ്പെട്ട ചെയർ പറയുന്നതിനും ഒരു പരിധി വേണ്ടേ; അങ്ങനെ പറയാൻ പാടില്ല. സമയം പോയതിൽ ഞാനാണോ ഉത്തരവാദി? ഞാൻ പറയുന്നതിൽ വസ്തുതാപരമായി തെറ്റുണ്ടെങ്കിൽ, ബഹുമാനപ്പെട്ട ജി. സുധാകരനെ അങ്ങേയറ്റം ബഹുമാനിക്കുന്ന ആളാണ് ഞാൻ, അത് കൃത്യമായി പറഞ്ഞല്ലോ? എ. പി. ജെ. അബ്ദുൾ കലാം

യൂണിവേഴ്സിറ്റിയടക്കമുള്ള ബിൽ പൈലറ്റ് ചെയ്തത് ലീഗുകാർ കൊണ്ടുവന്ന മന്ത്രിയെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ വ്യക്തമാക്കുകയാണ്. രജിസ്ട്രാറുടെ കാലാവധി നാലുവർഷമാക്കി ചുരുക്കാനുള്ള ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്നത്. അങ്ങനെയുള്ള ബഹുമാന്യനായ മന്ത്രിയോട് ലീഗിന് അസൂയയല്ല, സഹതാപമേയുള്ളൂവെന്നാണ് ഞാൻ പറഞ്ഞത്. എന്റെ കണ്ണിൽ അഗ്നിയും പ്രകാശവുമൊന്നും വരുന്നില്ല. ഇദ്ദേഹത്തോടുള്ള സഹതാപംകൊണ്ട് കണ്ണുനീരാണ് വരുന്നത്. അദ്ദേഹം ഏതോ കുട്ടിയെ കണ്ടപ്പോൾ അതിന്റെ കണ്ണിൽ നിന്ന് അഗ്നിയാണോ, പ്രകാശമാണോ വരുന്നതെന്ന് പെട്ടെന്ന് തെറ്റിദ്ധരിച്ചുപോലും. എന്നാൽ എനിക്ക് അദ്ദേഹത്തോട് പഴയൊരു സഹപ്രവർത്തകനെന്ന നിലയിൽ ബഹുമാനമാണുള്ളത്.

"എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു; ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ"

എന്നുപറഞ്ഞതുപോലെ അദ്ദേഹത്തെ കാണുമ്പോൾ ഞങ്ങൾക്കൊക്കെ സഹതാപമാണ്. അത്യുന്നതങ്ങളിൽ എത്തിയെന്നാണ് ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞത്. അത്യുന്നതങ്ങളിൽ കത്തി ജ്വലിക്കുന്നത് സൂര്യനാണ്. ആ സൂര്യനോട് ഞങ്ങൾക്ക് അസൂയയെന്നുപറഞ്ഞതുകൊണ്ട് ഒരു വാക്ക് പരാമർശിച്ചുവെന്നേയുള്ളൂ. പക്ഷേ അത്യുന്നതങ്ങളിൽ നിൽക്കുന്ന അദ്ദേഹം ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ മറുപടി പറയാൻ കഴിയാതെ സീറ്റിലിരുന്ന് പരുങ്ങുകയും അട്ടഹസിച്ച് സ്വന്തം പ്രസംഗത്തിന് കയ്യടിച്ചുകൊണ്ട് സീറ്റിലിരിക്കുകയും ചെയ്തപ്പോൾ, അദ്ദേഹത്തിന് വലിയൊരു ദുര്യോഗമുണ്ടായി എന്നാലോചിക്കുമ്പോൾ, എനിക്ക് സഹതാപം തോന്നിയെന്നാണ് പറഞ്ഞത്. അല്ലാതെ അസൂയ എന്നുള്ളതല്ല. അദ്ദേഹത്തോട് അസൂയപ്പെടേണ്ട കാര്യം ലീഗിനില്ലെന്നുള്ളത് അർത്ഥശങ്കയ്ക്കിടയില്ലാതെ പറയുകയാണ്. മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്ത പഞ്ചായത്തിന്റെ മൂന്ന് വകുപ്പുകൾ ഞാൻ ഒറ്റയ്ക്കാണ് കൈകാര്യം ചെയ്യുന്നത് എന്നാണ് അദ്ദേഹം അന്ന് പ്രസംഗിച്ചത്. ഇപ്പോൾ ലീഗിന്റെ മന്ത്രിമാർ വകുപ്പ് കൈകാര്യം ചെയ്തില്ല; അദ്ദേഹം അര വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. അത് ഞങ്ങൾക്കുള്ള വിശ്വാസക്കുറവുകൊണ്ടല്ല; സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രിക്ക് അദ്ദേഹത്തോടുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. അത്യുന്നതങ്ങളിൽ നിന്ന് താഴേയ്ക്ക് വീണാലുണ്ടാകുന്ന പരിക്ക് എത്രയാണെന്നുള്ളത് ശ്രീ. എ. എൻ. ഷംസീർ അദ്ദേഹത്തിനൊന്ന് പറഞ്ഞുകൊടുത്താൽ മതിയെന്നേ എനിക്ക് പറയാനുള്ളൂ.

ഇവിടെ ബില്ലുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാനുണ്ട്. എന്തിനാണ് കാലാവധി 4 വർഷമാക്കുന്നത്? നാലുവർഷത്തിന്റെ sanctity എന്താണ്; 5 വർഷമായാൽ എന്താണ് തെറ്റ്? 4 വർഷമാക്കി ഒരാളുടെ കാലാവധി പൂർത്തിയാക്കുന്നത് എന്തിനാണ്? പുനർനിയമനം നടത്തണമെങ്കിൽ, 4 വർഷം കഴിഞ്ഞ ഒരാൾക്ക് 2 വർഷം കൂട്ടിക്കൊടുക്കണമെന്ന് വിചാരിച്ചാൽ രണ്ടാമത് ഭേദഗതി ബിൽ കൊണ്ടുവരണം. അങ്ങനെ നിയമിക്കണമെങ്കിൽ 2 വർഷംകൊണ്ട് ഒരാൾക്ക് സാധിക്കില്ല. ആദ്യം നാലുവർഷം, പുനർനിയമനം നടത്തണമെങ്കിൽ ഒരാൾക്ക് 56 വയസ് തികയണം. 4 വർഷത്തെ വ്യത്യാസം എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. 4 വർഷം ആകുമ്പോഴേക്കും അദ്ദേഹത്തിന്റെ എല്ലാ കഴിവും നഷ്ടപ്പെടുമെന്ന് പറയുന്നു, എങ്കിൽ പരീക്ഷാ കൺട്രോളർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നീ മൂന്ന് തസ്തികകൾക്ക് മാത്രമായിട്ടുള്ളതാണോ? പ്രശ്നം അതല്ല, നിങ്ങൾ അതിന് ആളെ മുൻകൂട്ടി കണ്ടുവച്ചിട്ടുണ്ട്. അതിനുവേണ്ടി എല്ലാ യൂണിവേഴ്സിറ്റികളിൽനിന്നും മൂന്നുപേരെ പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ അത്രയുംപേരെ നിങ്ങൾ കണ്ടുവച്ചിട്ടുണ്ടെന്നാണ് ഇവിടെ വരുന്ന ബില്ലിൽനിന്നും മനസ്സിലാകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ബില്ലുകൾ ഓരോന്നും പരിശോധിച്ചു നോക്കിയാൽ, ഓരോ തവണയും ആളുകളെ നിയമിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേകം പ്രത്യേകം ബില്ലുകളല്ലേ വന്നിട്ടുള്ളത്? ആദ്യം നിങ്ങൾ അവതരിപ്പിച്ചത് റിമൂവൽ ഓഫ് ഡിസ്ക്വാളിഫിക്കേഷൻ ബില്ലാണ്. ഞങ്ങൾ അന്നുപറഞ്ഞു അതൊരു അക്കോമഡേഷൻ ബിൽ ആണെന്ന്. അന്ന് ബിൽ പൈലറ്റ് ചെയ്തപ്പോൾ ശ്രീ. എ. കെ. ബാലൻ പറഞ്ഞത് അക്കോമഡേഷനൊന്നുമല്ല; ഇന്ന ആളാണെന്നൊന്നുമില്ല എന്നാണ്. ആദ്യംതന്നെ നിങ്ങൾക്ക് ചുവട് തെറ്റി. നിങ്ങൾ സ്വജനപക്ഷപാതത്തിനു വേണ്ടിയാണ് നിയമനിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നത്. ആദ്യത്തെ ബിൽ തന്നെ സ്വജനപക്ഷപാതമാണ്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്തിനാണ്? ഒരാളെ കണ്ടുവച്ചുകൊണ്ട് നിങ്ങൾ അതിനുവേണ്ടി ബിൽ നിർമ്മിച്ചു. ന്യൂനപക്ഷ കമ്മീഷൻ ഭേദഗതി, പഞ്ചായത്ത് ആൻഡ് മുനിസിപ്പാലിറ്റി ഭേദഗതി, മദ്യഷാപ്പുകൾക്കുള്ള അകലം തുല്യമാക്കുന്നതിന് (50 മീറ്ററാക്കുന്നതിന്) വേണ്ടിയുള്ള ഭേദഗതി, ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് ഭേദഗതി, ഇതൊക്കെ നിങ്ങൾ കൊണ്ടുവന്നത് എന്തിനാണ്? ഇതിലെ ഉദ്ദേശ്യശുദ്ധിയിലാണ് പ്രശ്നം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മുൻ ലീഗുകാരനായി എന്നുള്ളതുകൊണ്ട് അസൂയകൊണ്ട് പറയുന്നതല്ല, ഈ ബില്ലിനകത്തുള്ള illegality-യും impropriety-യും ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങളതിനെ പരിഹസിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

അങ്ങനെയാണെങ്കിൽ ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടല്ലോ അദ്ദേഹത്തെക്കുറിച്ച് ഞങ്ങളൊന്നും പറയുന്നില്ലല്ലോ? ലീഗ് കൈകാര്യം ചെയ്ത, വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള ശ്രീ. ജി. സുധാകരൻ മന്ത്രിയുണ്ടല്ലോ? ഞങ്ങൾക്ക് അദ്ദേഹത്തോട് അസൂയ തോന്നിക്കൂടേ? ലീഗ് കൈകാര്യം ചെയ്ത വകുപ്പ് വേറെയാർക്കും ചെയ്യാൻ പാടില്ലെന്നാണോ? ഞങ്ങൾ ഇതൊക്കെ അത്യാവശ്യം പഠിച്ച് മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു പാർട്ടിതന്നെയല്ലേ? അതുകൊണ്ട് നിങ്ങൾ അങ്ങനെ പറയരുത്. ശ്രീ. എ. എൻ. ഷംസീറിനെപ്പോലെ വളർന്നുവരുന്ന ചെറുപ്പക്കാരൻ, ഒരു പാർട്ടിയെ സ്പെഷ്യലൈസ് ചെയ്തിട്ട്, ലീഗിന്റെ കാര്യമെന്ന് പറഞ്ഞാൽ, അദ്ദേഹം സംസാരിച്ചത് ലീഗിന്റെ കാര്യമാണോ; ബില്ലിന്റെ കാര്യമാണോ? ലീഗിനെ സ്പെഷ്യലൈസ് ചെയ്ത് ചീത്ത പറയുന്നതിന് രണ്ടുമൂന്ന് ആളുകളെ ചുമതലപ്പെടുത്തുകയാണെങ്കിൽ എന്താണ് ചെയ്യാൻ കഴിയുക? അത് ഒരിക്കലും ശരിയല്ല. ഈ ബില്ലിനെക്കുറിച്ച് പറയുമ്പോൾ, അതിനോട് അല്പം കൂറുപുലർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് അദാലത്ത് നടത്താൻ അധികാരമുണ്ടെങ്കിൽ നടത്താം. പേഴ്സണൽ സ്റ്റാഫായി ഒരാൾ പോരെങ്കിൽ ഒന്നിലധികം പേരെവയ്ക്കാം. ഓരോ യൂണിവേഴ്സിറ്റിക്കും ഓരോ പേഴ്സണൽ സ്റ്റാഫിനെ നിയമിക്കാം. പ്രശ്നമില്ല, യൂണിവേഴ്സിറ്റിയെയും ജനങ്ങളെയും ബാധിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അദാലത്ത് നടത്താം. വെറും മാർക്ക് ദാനത്തിനുവേണ്ടി മാത്രം അദാലത്ത് നടത്തിയതുകൊണ്ടാണ് എതിർപ്പുള്ളത്.

2018-19-ലെ ബഡ്ജറ്റിൽ കേരള സർവ്വകലാശാലയ്ക്കുവേണ്ടി വകയിരുത്തിയിരുന്ന 27 കോടി രൂപയിൽ 1.18 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. അവിടെയുള്ള വടിവാളും റൂമുകളും മാത്രമല്ലല്ലോ നോക്കേണ്ടത്; വിദ്യാർത്ഥി യൂണിയനുകൾക്ക് പോക്രിത്തരത്തിനുള്ള സ്ഥലം മാത്രമാക്കി സംരക്ഷണം കൊടുക്കുകയെന്നുള്ളതല്ലല്ലോ വേണ്ടത്. ഗവൺമെന്റിന് എപ്പോൾ നോക്കിയാലും സാമ്പത്തിക പ്രശ്നമാണ്. എന്ത് ചോദിച്ചാലും കൊടുക്കാൻ പാടില്ല എന്നാണ് പറയുന്നത്. കണ്ണൂർ യൂണിവേഴ്സിറ്റിക്കുവേണ്ടി അനുവദിച്ച 25 കോടി രൂപയിൽ 9.83 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ബഹുമാനപ്പെട്ട മന്ത്രി എഴുതിക്കൊടുത്ത മറുപടിയുടെ കാര്യമാണ് പറയുന്നത്. അല്ലാതെ എന്റെ സ്വന്തം കടലാസ്സല്ല. അതുസംബന്ധിച്ച് ഒരു അദാലത്ത് നടത്തിക്കൂടേ; എന്തുകൊണ്ട് യൂണിവേഴ്സിറ്റികളിൽ അത് നടത്തുന്നില്ല?

ഒരുപാട് അഡ്വൈസർമാരെ നിയമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രത്യേക സാഹചര്യത്തിൽ ഉപദേശകർ വേണമെന്ന് പറയുന്നത് നമുക്ക് മനസ്സിലാക്കാം. ഇപ്പോൾ വി.സി.-ക്കും ഉപദേശകനോ? ശ്രീ. കെ. മുരളീധരൻ

ചോദിച്ച ചോദ്യത്തിന് അങ്ങ് നൽകിയൊരു മറുപടിയാണിത്. കേരള സർവ്വകലാശാല വൈസ് ചാൻസലർക്ക് സർവ്വീസ് കൺസൾട്ടന്റിനെ നിയമിക്കാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? അതിനുള്ള മറുപടി ഇങ്ങനെയാണ്. സർവ്വീസ്, നിയമം എന്നീ സംഗതികളെ സംബന്ധിച്ച് ഉപദേശം നൽകാൻ അക്കാര്യത്തിൽ പ്രാഗത്ഭ്യമുള്ളൊരു വ്യക്തിയെ നിയമിക്കണമെന്ന വൈസ് ചാൻസലറുടെ നിർദ്ദേശം സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാദമിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും സമയവും നൽകുന്നതിനായി സർവ്വകലാശാലയിൽ ഉയർന്നുവരുന്ന സങ്കീർണ്ണമായതും അടിയന്തരമായും സമയബന്ധിതമായും പരിഹാരം കാണേണ്ടതുമായ പ്രശ്നങ്ങളിൽ ഉപദേശം നൽകുന്നതിനാണ് പ്രാഗത്ഭ്യമുള്ളൊരു വ്യക്തിയെ നിയമിക്കുന്ന കാര്യം സിൻഡിക്കേറ്റ് പരിഗണിച്ചത്. ഇതൊക്കെ പോരാഞ്ഞ് അവസാനം വൈസ് ചാൻസലർക്ക് നിയമോപദേശകനെയും സർവ്വീസ് ഉപദേശകരെയും നിയമിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ അനുവദിച്ച പണം ചെലവഴിക്കാതെ പുതുതായി പണം ചെലവഴിക്കുന്നതിന് മാർഗ്ഗം കണ്ടെത്തിയിരിക്കുകയാണ്.

എ.പി.ജെ. അബ്ദുൾകലാമിന്റെ പേരിൽ കൊണ്ടുവന്ന സാങ്കേതിക യൂണിവേഴ്സിറ്റിയുടെ നിയന്ത്രണം ഏൽപ്പിക്കേണ്ടതു സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. എ.പി.ജെ. അബ്ദുൾകലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള പരിമിതികളും പോരായ്മകളും എന്തെല്ലാമാണ്; വിശദീകരണം നൽകാമോ? 2014-ൽ പ്രവർത്തനമാരംഭിച്ച സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. സ്വന്തമായി ആസ്ഥാനമില്ലാത്തതിനാൽ പഠന വകുപ്പുകൾ ആരംഭിക്കുന്നതിനോ വിദ്യാർത്ഥികൾക്കാവശ്യമായ സംവിധാനങ്ങൾ വേണ്ടവിധത്തിൽ നടപ്പിലാക്കുന്നതിനോ കഴിയാത്ത സാഹചര്യമാണ്. അതിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് സംബന്ധിച്ചുപോലും തീരുമാനമായിട്ടില്ല. കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിലെ 42.13 ആർ ഹെക്ടർ സ്ഥലം സാങ്കേതിക സർവ്വകലാശാല ഏറ്റെടുക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ടെന്നാണ് സ്ഥലമെടുപ്പ് സംബന്ധിച്ച് പറയുന്നത്. ഉന്നതങ്ങളിലെ സ്ഥാപനങ്ങൾക്ക് ഇതുപോലുള്ള പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിലൊന്നിലും ഇടപെടുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയോ, വകുപ്പോ സമയം കണ്ടെത്തുന്നില്ല. പകരം വേണ്ടാത്തിടത്തൊക്കെ ഇടപെടുന്നു എന്നതാണ് എന്റെ ആക്ഷേപം.

സംസ്കൃത സർവ്വകലാശാലയ്ക്ക് നൽകിയ പ്രളയ ഫണ്ട് നടപടിക്രമങ്ങൾ പാലിച്ചാണോ ഉപയോഗിച്ചത്; പ്രളയത്തിൽ സർവ്വകലാശാലയ്ക്ക് എന്തെല്ലാം നഷ്ടങ്ങളാണ് സംഭവിച്ചത്; വിവരശേഖരണം നടത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് "അവിടെ മൂന്ന് ജീപ്പുകൾ വാങ്ങിയെന്നാണ് "ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിരിക്കുന്നത്. പ്രളയം കൊണ്ട് നഷ്ടം സംഭവിച്ചതിന് മൂന്ന് വാഹനങ്ങൾ മാത്രമാണ് ഒരു സർവ്വകലാശാലയ്ക്കുവേണ്ടി വാങ്ങിച്ചിട്ടുള്ളത്. കൊടുക്കുന്ന ഫണ്ട് കൃത്യമായി ചെലവഴിക്കുകയോ, കൃത്യമായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയോ ചെയ്യുന്നതിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ദയനീയമായി പരാജയപ്പെട്ടുവെന്നാണ് എനിക്ക് പറയാനുള്ളത്.

'പരീക്ഷാ പേപ്പർ പൊതുനിരത്തിൽ; കേരള സർവ്വകലാശാലയിൽ സാമ്പത്തിക ക്രമക്കേട്; കുസാറ്റിൽ സംവരണ വിഷയം; വി.സി. നിയമനം; സംസ്കൃത സർവ്വകാലാശാലയിൽ പ്രളയഫണ്ട് ദുർവിനിയോഗം; എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ കൂട്ടത്തോൽവി; കണ്ണൂർ സർവ്വകലാശാലയിൽ വിജയ ശതമാനം ഇടിയൽ; മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പരീക്ഷാ പേപ്പർ പൊതുനിരത്തിൽനിന്നും കണ്ടെത്തൽ' തുടങ്ങിയ വാർത്തകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ മറുപടി നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട കാര്യം, കേരള സർവ്വകലാശാലയിൽ 2008 മുതൽ നിലവിലുണ്ടായിരുന്ന ഇൻഷ്വറൻസ് പദ്ധതി മാറ്റി പകരം 2017-ൽ പുതിയ പദ്ധതി നടപ്പിലാക്കി എന്നതാണ്. അതിന്റെ ഫലമായി വിദ്യാർത്ഥികൾ അടയ്ക്കേണ്ട പ്രീമിയം തുക 25 രൂപയിൽനിന്നും 240 രൂപയായി വർദ്ധിപ്പിച്ചു. പ്രീമിയമിനത്തിൽ 86 ലക്ഷം രൂപ പിരിച്ചെടുത്തെങ്കിലും കമ്പനിയുമായി എഗ്രിമെന്റിൽ ഒപ്പ് വച്ചിട്ടില്ല. ശ്രീ. വി. പി. സജീന്ദ്രൻ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയാണിത്.

2008 മുതൽ നിലവിലുണ്ടായിരുന്ന പദ്ധതിക്കുപകരം കൊണ്ടുവന്ന പുതിയ പദ്ധതി ഒരു വർഷം മാത്രമാണ് നടപ്പിലാക്കിയത്. നിലവിലുണ്ടായിരുന്ന പോളിസി അനുസരിച്ച് 25 രൂപയാണ് പ്രീമിയം. പുതുക്കിയ പ്രീമിയം 240 രൂപയാക്കിയതിലൂടെ 86,79,120 രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ കുട്ടികൾക്ക് ലഭിക്കേണ്ട ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള അപേക്ഷ നേരിട്ട് ഇൻഷ്വറൻസ് കമ്പനിക്കാണ് നൽകേണ്ടത്. ആയതിനാൽ വിവരങ്ങൾ ലഭ്യമല്ല. കുട്ടികളിൽ നിന്നും പ്രീമിയം തുകയായി 86,79,120 രൂപ ലഭിച്ചുവെങ്കിലും കേരള സർവ്വകലാശാല ഇൻഷ്വറൻസ് കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കുകയോ കുട്ടികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ആ വർഷം കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കാതെ 86,79,120 രൂപ എന്തിനുവേണ്ടി ചെലവഴിച്ചുവെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം.

കുട്ടികളിൽനിന്നും പ്രീമിയമിനത്തിൽ ഈടാക്കിയിരുന്ന തുക 25 രൂപയിൽ നിന്നും 240 രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും കുട്ടികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല; എത്രയാളുകൾക്ക് അതിന്റെ ആനുകൂല്യം ലഭിച്ചുവെന്ന ചോദ്യത്തിന് മറുപടിയില്ല. ഈ ചോദ്യത്തിന്റെ അവസാനഭാഗം വായിക്കാം. കമ്പനിയുമായി സർവ്വകലാശാല എഗ്രിമെന്റ് ഒപ്പ് വച്ചിരുന്നോ; ഇല്ലെങ്കിൽ ഈ ഗുരുതര വീഴ്ചയ്ക്ക് ആരാണ് ഉത്തരവാദിയെന്ന് വെളിപ്പെടുത്താമോ? എഗ്രിമെന്റ് ഒപ്പ് വച്ചിട്ടില്ല. 16-11-2018-ൽ ചേർന്ന സിൻഡിക്കേറ്റ് ഇക്കാര്യത്തിൽ ഉത്തരവാദിയായവർക്ക് ഷോക്കോസ് നോട്ടീസ് നൽകാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തിയെങ്കിലും ഇതുവരെ നൽകിയിട്ടില്ല. കുട്ടികളിൽനിന്നും ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ തുക പിരിച്ചെടുത്തെങ്കിലും കമ്പനിയുമായി എഗ്രിമെന്റ് ഒപ്പ് വച്ചിട്ടില്ല, കുട്ടികൾക്ക് അതിന്റെ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുമാത്രമല്ല കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കാത്തത് സംബന്ധിച്ച് ഷോക്കോസ് നോട്ടീസ് നൽകാൻ ഒരാളെ ചുമതലപ്പെടുത്തിയെങ്കിലും ഇതുവരെ നൽകിയിട്ടില്ല. ഇങ്ങനെ നിരുത്തരവാദ പരമായ രീതിയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് കുത്തഴിഞ്ഞ് കിടക്കുകയാണ്. ഇതൊക്കെയൊന്ന് നേരെയാക്കണമെന്ന് പറയുന്നവരെ വ്യക്തിപരമായി ആക്ഷേപിക്കുന്നത് ശരിയായ നടപടിയല്ല. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഇത്തരം കുത്തഴിഞ്ഞ നടപടികൾ പരിഷ്കരിക്കുകയെന്ന ഏറ്റവും പ്രാധാന്യമുള്ള വിഷയമാകുമ്പോൾ, അപ്രധാന വിഷയങ്ങളായ രജിസ്ട്രാറുടെയും കൺട്രോളറുടെയും കാലാവധി നാലുവർഷമായി ചുരുക്കി കുറെയാളുകളെ പിരിച്ചുവിട്ട് നിലവിലുള്ള തസ്തികകളിലേയ്ക്ക് ഇഷ്ടക്കാരെ തിരുകിക്കയറ്റുന്നതിനുള്ള ശ്രമമാണ് ഈ ബില്ലിലുള്ളത്. അതല്ലാതെ ഇതിന്റെ ഉദ്ദേശശുദ്ധി ഒരിക്കലും ശരിയായിട്ടുള്ളതല്ല എന്നുള്ളതുകൊണ്ട് ഞാൻ എന്റെ ഭിന്നാഭിപ്രായം രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 8-7-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ യൂണിവേഴ്സിറ്റികളെയും വിദ്യാഭ്യാസ രീതികളെയും മതപരമോ, രാഷ്ട്രീയപരമോ ആയ ഈഗോ വച്ച് കൈകാര്യം ചെയ്യുകയോ ഇടപെടുകയോ ചെയ്യേണ്ട ഒന്നല്ല. കാരണം, ആഗോളതലത്തിൽ ഏറ്റവും ചുരുങ്ങിയത് ഏഷ്യയിലെങ്കിലും നമ്മുടെ യൂണിവേഴ്സിറ്റികളിൽനിന്നും കൊണ്ടുപോകുന്ന സർട്ടിഫിക്കറ്റുകൾക്ക് അത്രമേൽ ക്രെഡിബിലിറ്റിയുണ്ടെന്നത് കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കുമുള്ള ഉറപ്പാണ്. ഈ തർക്കവി

തർക്കങ്ങൾക്കിടയിൽ സംഭവിക്കുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ നിലവാരം തകർന്നു കൊണ്ടിരിക്കുന്നുവെന്നതും നമ്മുടെ യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ കുട്ടികൾ വരാത്തവണ്ണം അവർ ഭയചകിതരോ ആശങ്കാകുലരോ ആണെന്നുള്ളതുമാണ്. നമുക്ക് വേണമെങ്കിൽ പലതരത്തിലുള്ള രാഷ്ട്രീയ ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിച്ച് തർക്കിക്കാം, അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ പറയാം. പക്ഷെ അതിനുമപ്പുറം യൂണിവേഴ്സിറ്റികൾക്ക് നാട്ടിലെ തന്നെ ഒരു സംസ്കാരവും രീതിയും പാരമ്പര്യവുമൊക്കെയുണ്ട്. അത് തകരുന്നതിന്റെ അടിസ്ഥാനപരമായ കാരണമെന്താണെന്ന് പരിശോധിക്കണം. അതാണ് ഞാൻ ആദ്യമേ പറഞ്ഞത്, ഏതെങ്കിലും തരത്തിലുള്ള ഈഗോ വച്ച് പെരുമാറാനുള്ളതല്ല യൂണിവേഴ്സിറ്റികൾ. യൂണിവേഴ്സിറ്റികൾക്ക് സ്വയംഭരണാധികാരം നൽകുന്നത് എന്തുകൊണ്ടാണ്? സ്വയംഭരണാധികാരം നൽകിയതുകൊണ്ട് കേരളത്തിലെ യൂണിവേഴ്സിറ്റിക്ക്/ വിദ്യാഭ്യാസ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള ക്ഷീണം ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് പറയാൻ കഴിയില്ല. യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടും ആക്ടുമൊക്കെ പരസ്യമായി ലംഘിക്കുകയും യൂണിവേഴ്സിറ്റിയുടെമേൽ അമിതമായ കടന്നുകയറ്റങ്ങൾ നടത്തുകയുമാണ്. അടുത്തകാലത്ത് യൂണിവേഴ്സിറ്റിയുടെ തീരുമാനത്തെ വിശ്വസിച്ച് വന്നവർപോലും പെട്ടുകിടക്കുകയാണ്.

3.00 P.M.]

യൂണിവേഴ്സിറ്റികളെ സ്വതന്ത്രമായി വിട്ടുകൊടുക്കാൻ തയ്യാറായപ്പോഴാണ് യു. ആർ. അനന്തമൂർത്തി, ജോസഫ് മുണ്ടശ്ശേരി, കെ. എൻ. പണിക്കർ തുടങ്ങിയവർ നടത്തിയ ഇടപെടലുകളിലൂടെ ഇത്തരം വലിയ മാറ്റങ്ങളിലേയ്ക്ക് കേരളത്തെ എത്തിക്കാൻ സാധിച്ചത്. ഡോ. രാജൻ ഗുരുക്കളെപ്പോലെയുള്ള വലിയ പ്രതിഭാശാലികളുണ്ട്. പക്ഷെ അവരൊക്കെ ഇപ്പോൾ നിസ്സഹായരാണ്. മന്ത്രി എന്നുപറയുന്നത് ഇപ്പോൾ പ്രോ-ചാൻസലർ മാത്രമാണ്. ഏത് മന്ത്രിയായാലും അങ്ങനെയാണെന്ന് നമുക്കൊക്കെ അറിയാം. ഇന്ത്യയിലെ മുഴുവൻ യൂണിവേഴ്സിറ്റികൾ പരിശോധിച്ചാലും മന്ത്രിമാർ ബിരുദദാന ചടങ്ങുകളിൽ വന്നുപോകുന്ന, അത്രമേൽ സ്വാതന്ത്ര്യം കൊടുക്കുന്നുവെന്നാണ് ഡോ. രാജൻ ഗുരുക്കൾ പറഞ്ഞത്. എന്താ ഞങ്ങൾക്ക് അവിടെ പൊയ്ക്കൂടേ; യൂണിവേഴ്സിറ്റിയെ ഭരിച്ചുകൂടേ; ഞങ്ങളൊക്കെയല്ലേ വി.സി.-യെ നിയമിക്കുന്നത്; എന്നൊക്കെ ചോദിക്കാം. ഇതൊക്കെ ചോദ്യങ്ങൾ മാത്രമാണ്. അതുകൊണ്ട് കേരളത്തിലെ യൂണിവേഴ്സിറ്റികളും വിദ്യാഭ്യാസരംഗവും ഈഗോ വച്ച് പെരുമാറാനുള്ളതല്ലെന്നാണ് പറയാനുള്ളത്. യൂണിവേഴ്സിറ്റികളെ സ്വതന്ത്രമായി വിട്ടുകൊടുത്തപ്പോൾ മാത്രമാണ് നമ്മുടെ നാട്ടിൽ ഈ മാറ്റങ്ങൾ ഉണ്ടായത്. കേരളത്തിൽ വി.സി.-മാർ എന്താണ് ചെയ്യുന്നത്? കേരളത്തിലെ വി.സി.-മാർ മന്ത്രിയെ ന്യായീകരിച്ചുകൊണ്ട്

പത്രസമ്മേളനം നടത്തുന്ന ഗതികേടാണ് ഇപ്പോഴുള്ളത്. മന്ത്രിയുടെയും മന്ത്രിയുടെ സ്റ്റാഫിന്റെ ഭാഗത്തുനിന്നും വി.സി.-ക്ക് മുകളിൽ നിരന്തര സമ്മർദ്ദം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ഈ സഭ സാക്ഷിയായ ഒരുപാട് സമ്മോഹനങ്ങളായ മുഹൂർത്തങ്ങളുണ്ട്. അതിലേറ്റവും മനോഹരമായ ഒന്നാണ്, സി.എച്ച്. മുഹമ്മദ് കോയ സാഹിബ് കുസാറ്റിനെക്കുറിച്ച് വാചാലനായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അത്രമേൽ വാചാലമായി മറുഭാഗത്തുനിന്ന് ജോസഫ് മുണ്ടശ്ശേരിയും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. സി.എച്ച്. മുഹമ്മദ് കോയയുടെ വെല്ലുവിളിയുണ്ട്. ഇന്നലെയും മിനിഞ്ഞാന്നും സഭയിൽ വെല്ലുവിളിച്ചതുപോലെയുള്ള ആക്രോശമല്ല അത്. സി.എച്ച്. മുഹമ്മദ് കോയ വെല്ലുവിളിച്ചത്, 'ഇത്രമേൽ അങ്ങേയ്ക്ക് അറിവുണ്ട്. അങ്ങ് പ്രഗത്ഭനാണെന്ന് എനിക്കറിയാം. അതുകൊണ്ട് അങ്ങ് ഈ എം.എൽ.എ. സ്ഥാനം ഒഴിഞ്ഞ് ആ സ്ഥാപനത്തിന്റെ തലപ്പത്ത് വന്നിരിക്കാൻ തയ്യാറാകുമോ' എന്നാണ്. അതൊരു വെല്ലുവിളിയാണ്. ഇടതുപക്ഷത്തിരിക്കുന്ന ഒരു എം.എൽ.എ. ആയ അദ്ദേഹം അത് സക്രിയമായി ഏറ്റെടുത്തു. അങ്ങനെയാണ് അദ്ദേഹം കുസാറ്റിന്റെ വി.സി. ആയി വരുന്നത്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ ബില്ലിൽ രജിസ്ട്രാർമാർക്ക് നാലുവർഷത്തെ സമയപരിധി നിശ്ചയിച്ചപ്പോൾ പുറത്തായ കുറെയാളുകളുണ്ട്. യൂണിവേഴ്സിറ്റിയുടെ നിയമങ്ങളെ വിശ്വസിച്ച് അവരുടെ സ്ഥാപനങ്ങളിൽനിന്ന് രാജിവച്ച് യൂണിവേഴ്സിറ്റിയിൽ ചേർന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ ആയിരുന്ന ശ്രീ. അബ്ദുൽ മജീദ് വയനാട്ടിലെ കോളേജിൽനിന്നും പ്രിൻസിപ്പാൾ സ്ഥാനത്തുനിന്നും വന്നതാണ്. അദ്ദേഹത്തിന് 49 വയസ്സുണ്ട്, നാലുവർഷം കഴിഞ്ഞപ്പോൾ ഇവിടെ നിന്നും പോയി. ഇപ്പോൾ സർവ്വീസിൽനിന്നും പുറത്താണ്, ശമ്പളം കൊടുത്തുപോറ്റി അധിക ബാധ്യത വഹിക്കുകയാണ്. അവിടെ നിന്നും വന്ന കൺട്രോളർ ഓഫ് എക്സാമിനേഷൻ ഡോ. ജോർജ് കുട്ടി എന്നയാൾ ഇപ്പോൾ പുറത്തു നിൽക്കുകയാണ്. ഒരു യൂണിവേഴ്സിറ്റിയെ, ഒരു ഗവൺമെന്റിനെ വിശ്വസിച്ച് വന്നവരെ വഴിയാധാരമാക്കിയിരിക്കുകയാണ്. അവർക്ക് ശമ്പളം കൊടുത്തോ മറ്റോ നിർത്തേണ്ടിവരുന്ന അവസ്ഥയാണ്. 56 വയസ്സുവരെ മദർ ഡിപ്പാർട്ടുമെന്റിലേയ്ക്ക് അവർക്ക് തിരിച്ചുപോകാമെന്ന് നേരത്തേ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞു. തിരിച്ചുപോകാൻ കഴിയുമോ; ശ്രീ. അബ്ദുൽ മജീദിന് വയനാട്ടിലെ അദ്ദേഹത്തിന്റെ മദർ ഡിപ്പാർട്ടുമെന്റിൽ പോകാൻ കഴിയുമോ? ഇല്ല. കാരണം ആ സ്ഥാപനം പുതിയ പ്രിൻസിപ്പാളെ നിയമിച്ചിരിക്കുന്നു. അതുകൊണ്ട് തിരിച്ചുപോകാൻ കഴിയില്ല, ഡോ. ജോർജ് കുട്ടിക്ക് തിരിച്ചുപോകാൻ കഴിയുന്നില്ല. ഇതൊക്കെ കൃത്യമായ കാഴ്ചപ്പാടില്ലാതെ എടുക്കുന്ന തീരുമാനത്തിന്റെ ഭാഗമായി വന്നതാണ്. യഥാർത്ഥത്തിൽ പറഞ്ഞാൽ

അതൊരു മനുഷ്യാവകാശ ലംഘനമാണ്. യൂണിവേഴ്സിറ്റിയെ വിശ്വസിക്കുക, ഗവൺമെന്റിനെ വിശ്വസിക്കുക, അവിടെ വന്ന് ജോലി ചെയ്യുക. ഇടക്കാലത്ത് മന്ത്രിക്ക് ഒരു ബോധോദയം ഉണ്ടാകുമ്പോൾ ഒരു തീരുമാനമെടുക്കുക. തീരുമാനമെടുക്കുമ്പോൾ പുറത്തായിപ്പോകുന്ന ആളുകളില്ലേ; അതൊരു മനുഷ്യാവകാശ ലംഘനമാണെന്നാണ് ഞങ്ങൾ പറയുന്നത്.

കണ്ണൂർ യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ നിയമനത്തിന് വച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? 25 മുതൽ 50 പേരെയെങ്കിലും നിയന്ത്രിച്ചശീലമുള്ള, അവർക്ക് മുകളിൽ ഭരിച്ച് ശീലമുള്ള ഒരാൾ വരണം. യൂണിവേഴ്സിറ്റിയുടെ Head of the Department-ൽ നിന്നാണ് ഒരാൾ പോകുന്നതെങ്കിൽ അയാൾ എത്രപേരെ നിയന്ത്രിച്ചിട്ടുണ്ടാകും;അഞ്ചോ, ആറോ ആളുകളെ മാത്രമേ നിയന്ത്രിച്ചിട്ടുണ്ടാകുകയുള്ളൂ. 25 മുതൽ 50 പേരെയെങ്കിലും ഭരിച്ച് ശീലമുള്ള ആൾ വരണമെന്നാണ് അവിടെ വച്ചിരിക്കുന്ന മാനദണ്ഡം. സിൻഡിക്കേറ്റിന്റെ സ്ഥിതി എന്താണ്? സിൻഡിക്കേറ്റ് ഒരു പരമാധികാരമല്ല, രാജാക്കന്മാരെപ്പോലെ ഇടപെടുകയാണ്. എം.ജി. സർവ്വകലാശാലയിൽ ഒരു സിൻഡിക്കേറ്റ് മെമ്പർ, മാർക്ക് കാണാൻവേണ്ടി വിളിച്ചുവരുത്തുകയാണ്. പരീക്ഷാ കൺട്രോളർക്കു പോലും അങ്ങനെയൊരു അധികാരമില്ല. രാഷ്ട്രീയ പാർട്ടികളിൽ നിന്ന് വരുന്നവർക്ക്, സി.പി.ഐ. (എം)-ന്റെ ഭാഗത്തുനിന്നും വരുന്നയാളാണെങ്കിൽ അവർ ന്യായീകരിക്കും, സ്വാഭാവികമാണത്. ഞങ്ങളിൽ നിന്നുള്ള ആളാണെങ്കിൽ ഞങ്ങൾ ന്യായീകരിക്കും. പക്ഷെ ഇതിനൊക്കെ ഒരു അധികാര പരിധിയില്ലേ; ഇതൊക്കെ യൂണിവേഴ്സിറ്റിയിൽ അല്ലേ നടക്കുന്നത്; വിദ്യാഭ്യാസ വകുപ്പിലല്ലേ നടക്കുന്നത്? നമ്മളെക്കുറിച്ച് എത്ര നന്നായിട്ടാണ് പുറത്തുള്ള ആളുകൾ കേൾക്കുകയും വായിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നത്. ഇവിടത്തെ മാർക്ക് ദാനം ബഹുമാനപ്പെട്ട മന്ത്രിക്കോ ഞങ്ങൾക്കോ തർക്കിച്ചു തീർക്കാവുന്ന ഒരു ചെറിയ വിഷയമാണോ? ലോക മീഡിയകളിൽ വന്നുകൊണ്ടിരിക്കുകയാണ്. ജോലി തേടി പുറത്തുപോകുന്ന കുട്ടികളുടെ സർട്ടിഫിക്കറ്റ് കാണുമ്പോൾ അവർ ഏത് തരത്തിലാണ് അതിനെ വിലയിരുത്തുകയെന്ന് പരിശോധിക്കാനുള്ള ഒരു ബാധ്യത നമുക്കില്ലേ? അപ്പോൾ തർക്കങ്ങളുടെ കാര്യമല്ല. അതിനപ്പുറത്ത് ഒരു നാട്ടിലെ വിദ്യാഭ്യാസ സംവിധാനത്തെ മുഴുവൻ അപകടപ്പെടുത്തുന്ന തരത്തിലാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നുപറയുന്നത്.

NAAC (National Assessment and Accreditation Council) -നെക്കുറിച്ച് നമുക്കറിയാം. ഇത് രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ വിലയിരുത്തി അക്രഡിറ്റേഷൻ കൊടുക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ 1994-ൽ രൂപീകരിച്ചതാണ്. നമ്മുടെ യൂണിവേഴ്സിറ്റികളും ഏകദേശം എല്ലാ വിദ്യാഭ്യാസ

സ്ഥാപനങ്ങളും NAAC-ന്റെ അംഗീകാരം ലഭിച്ചവയാണ്. ഓരോ അഞ്ചുവർഷം കൂടുമ്പോഴും NAAC-ന്റെ വിസിറ്റുണ്ടാകും. എല്ലാ കോളേജുകളും അഭിമുഖീകരിക്കുന്ന, കുറച്ചെങ്കിലും അവർ ഭയപ്പെടുന്ന ചെറിയൊരു threat ആണ് NAAC-ന്റെ വരവ് എന്നുപറയുന്നത്. NAAC വരുമെന്ന് കരുതി ഇൻഫ്രാസ്ട്രക്ചർ, അക്കാഡമിക് കാര്യങ്ങളൊക്കെ നന്നാക്കും. ഏകദേശം 5 വർഷം കൂടുമ്പോൾ വരുന്ന NAAC 25 വർഷം പിന്നിട്ടുകഴിഞ്ഞു. സംസ്ഥാനത്തെ കോളേജുകളിൽ ഏകദേശം മൂന്ന് തവണത്തെ വിസിറ്റ് കഴിഞ്ഞു. അവർ എല്ലാം ഒരുക്കി റെഡിയാക്കി വച്ചു. ഇതെല്ലാം കഴിയുമ്പോഴാണ് SAAC (State Assessment and Accreditation Council) വരാൻ പോകുന്നത്. NAAC വരുന്നതിനനുസരിച്ച് ഇൻഫ്രാസ്ട്രക്ചറും സൗകര്യങ്ങളും ഒരുക്കിവച്ച കോളേജുകൾ വീണ്ടും അതുപോലെ തന്നെ അപകടത്തിലേയ്ക്ക് പോകുകയാണ്. ഇത്തരം കുറച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഏകദേശം 420-ൽപ്പരം അഫിലിയേറ്റഡ് കോളേജുകൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലുണ്ട്. അവയുടെ സ്ഥിതിയെന്താണ്? വലിയ പരിഷ്കാരങ്ങൾ നടത്തണമെന്ന് നിർബന്ധം പിടിച്ച് നടക്കുമ്പോൾ യൂണിവേഴ്സിറ്റി കുത്തഴിഞ്ഞ് കിടക്കുകയാണ്. അവിടെ തുല്യതാ സർട്ടിഫിക്കറ്റ് കിട്ടാൻപോലും കുട്ടികൾ വല്ലാതെ പ്രയാസപ്പെടുകയാണ്. യൂണിവേഴ്സിറ്റികളിലെ ഉദ്യോഗസ്ഥർ പൊതുവെ ഫയലുകൾക്ക് അട ഇരിക്കുക എന്നുള്ള ഒരു പരിപാടിയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ സെക്രട്ടേറിയേറ്റിലെ ഉദ്യോഗസ്ഥരെക്കുറിച്ച് പറഞ്ഞതിനെക്കാൾ എത്രയോ കഷ്ടമാണ് യൂണിവേഴ്സിറ്റികളിലുള്ളത്. ഒരു തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽപ്പോലും എത്രയോ നാൾ നടക്കണം. ടെക്നോളജി ഇത്രയധികം വർദ്ധിച്ച കാലത്ത് അത്തരത്തിലൊരു പരിഷ്കാരം നടത്താനുള്ള ഒരു ശ്രമം പോലുമുണ്ടായിട്ടില്ല, അല്ലാതെ പ്രസംഗിച്ചിട്ട് കാര്യമില്ല.

മിനിഞ്ഞാന്ന് ശ്രീ. വി.ഡി. സതീശന്റെ അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതെന്താണ്? ഇത്തവണ എല്ലാ കോളേജുകളിലും പി.ജി., ഡിഗ്രി ക്ലാസ്സുകൾ ഒരേ സമയത്ത്, നേരത്തേതന്നെ തുടങ്ങിയെന്നാണ് വലിയ അവകാശവാദമായി പറഞ്ഞത്. എന്നാൽ അത് ശുദ്ധ കളവല്ലേ? കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പി.ജി. ക്ലാസ് തുടങ്ങി ആഴ്ചകൾ കഴിഞ്ഞിട്ടാണ് ഡിഗ്രി ക്ലാസ്സുകൾ ആരംഭിച്ചത്. എന്നുമാത്രമല്ല, ആ അഡ്മിഷന്റെ പ്രോസസ് അവസാനിക്കാൻ ഏകദേശം എടുത്തത് ആറുമാസമാണ്. എല്ലാവർക്കും അറിയുന്ന കാര്യമല്ലേ; ബഹളമുണ്ടാക്കി, കുറെ വാചാടോപം നടത്തി പറഞ്ഞതുകൊണ്ട് ഒരു വകുപ്പ് നന്നാകുമോ; ആ വകുപ്പിൽ മാറ്റങ്ങളുണ്ടാകുമോ; ഗാന്ധിജിയുടെ 150-ാം ജന്മവാർഷികം ഈ സഭ അനുസ്മരിച്ചതാണ്.

യൂണിവേഴ്സിറ്റിയെക്കുറിച്ച് ഗാന്ധിജിയുടെ ഒരു വിദ്യാഭ്യാസ കൺസെപ്റ്റുണ്ട്. ഓരോ സ്കൂളുകളും പാർലമെന്റാകണമെന്നും ഓരോ സ്കൂളിനും മന്ത്രിസഭ ഉണ്ടാകണമെന്നുമാണ് ഗാന്ധിജി പറഞ്ഞത്. ലൈറ്റും കത്തിച്ചുകൊണ്ട് പോകുന്ന മന്ത്രിമാരെക്കുറിച്ചല്ല പറഞ്ഞത്. ഒരു ക്യാബിനറ്റുണ്ടാകണം. അത് ആരൊക്കെയാണ്; കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ ചേരുന്ന ഒരു ക്യാബിനറ്റ് രൂപീകരിക്കണം. എന്നിട്ട് വ്യത്യസ്ത വകുപ്പുകൾ ഉണ്ടാകണം. ആരോഗ്യം, ശുചിത്വം, പരിസ്ഥിതി, കല, കായികം, ഊർജ്ജം ഇതൊക്ക കുട്ടികൾ ഡിസ്കസ് ചെയ്യണം. ഒരു യൂണിവേഴ്സിറ്റിയിൽ നിന്ന് പുറത്തിറങ്ങുന്ന കുട്ടി സർട്ടിഫിക്കറ്റുമായല്ല, കൃത്യമായ ബോധത്തോടെയാണ് ഇറങ്ങേണ്ടത്. അല്ലാതെ കുറെ സർട്ടിഫിക്കറ്റുകൾ തലയ്ക്കുവച്ച് കിടന്നുറങ്ങിയിട്ട് കാര്യമില്ല. ഗാന്ധിജി ഇതിനെ പരാമർശിക്കുന്ന ലേഖനത്തിനകത്ത് ക്വാട്ട് ചെയ്യുന്നുണ്ട്. 'Education is the process that helps to change uncultured men to be cultured.' വിദ്യാഭ്യാസത്തിന്റെ സർട്ടിഫിക്കറ്റല്ല, കൾച്ചറാണ് യൂണിവേഴ്സിറ്റി കൊടുക്കേണ്ടത്. അങ്ങനെ കഴിയുന്ന കുട്ടികളെ കൊടുക്കുന്നുവെന്നുള്ളതാണ് കേരളത്തെ ലോകോത്തരമായ ഒരു വിദ്യാഭ്യാസ സംസ്ഥാനമാക്കി മാറ്റുന്നത് അല്ലെങ്കിൽ അങ്ങനെയുള്ള ഒരു മികവുള്ള സംസ്ഥാനമാക്കി മാറ്റുന്നതിന്റെ അടിസ്ഥാനമെന്ന് പറയുന്നത്. അതിന് കഴിയുന്ന തരത്തിൽ യൂണിവേഴ്സിറ്റികൾ വരണമെങ്കിൽ അവയെ സ്വതന്ത്രമായി വിടണം. വിദ്യാഭ്യാസ വിചക്ഷണന്മാർക്ക് പുതിയ പുതിയ ഐഡിയകൾ വരുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. വലിയ അപ്ഡേഷൻ ആവശ്യമുള്ള ഒരു മേഖലയാണിത്. ആ മേഖലയെ അത്തരത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങളാണ് നടക്കേണ്ടത്. നിർഭാഗ്യവശാൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് അതല്ല നടക്കുന്നത് എന്നതുകൊണ്ട് അതിൽ വിയോജിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. വി. വിജയദാസിനുവേണ്ടി ശ്രീ. എം. സ്വരാജ്: സർ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുകൊണ്ടുള്ള ബില്ലിനെ സംബന്ധിച്ച് ചർച്ച നടക്കുമ്പോൾ കേരളത്തിലെ വിദ്യാഭ്യാസ മേഖല പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖല അതിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച നേട്ടങ്ങളുടെ നിറവിലാണ് നിൽക്കുന്നത്. സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണം ആരംഭിക്കാൻ കഴിഞ്ഞുവെന്നത് വലിയൊരു നേട്ടമാണ്. മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമിയേറ്റെടുത്തതും ഓപ്പൺ യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതും ഈ

കാലയളവിലാണ്. കലാലയ രാഷ്ട്രീയത്തിന് നിയമപ്രാബല്യം നൽകുന്നതിനുവേണ്ട നടപടികളെ സംബന്ധിച്ചും ഇപ്പോൾ വാർത്തകൾ പുറത്തുവരികയുണ്ടായി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എഞ്ചിനീയറിംഗ്, ബാച്ചിലർ ഇൻ ഡിസൈനിംഗ് എന്നിവയിൽ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ ആരംഭിച്ചുകൊണ്ട് കാലത്തിനനുസൃതമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ നയിക്കാൻ സാധിച്ച ഒരു കാലഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ദൗർബല്യം ഒരടുക്കും ചിട്ടയും ഇല്ലെന്നതായിരുന്നു. അത് ചിട്ടപ്പെടുത്താനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ വിജയിപ്പിക്കാൻ കഴിഞ്ഞതിന്റെ അഭിമാനത്തോടെയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചത്. പരീക്ഷയും ഫലപ്രഖ്യാപനവും ക്ലാസ് ആരംഭിക്കുന്നതും സംബന്ധിച്ച് ഇവിടെ പറഞ്ഞത് വസ്തുതയല്ലെന്നാണ് ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗം സൂചിപ്പിച്ചത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന് ധാരണാ പിശകുണ്ടായെന്നാണ് എനിക്ക് തോന്നുന്നത്. എല്ലാ പരീക്ഷകളുടെയും റിസൾട്ട് സമയബന്ധിതമായി പുറത്തു വരുന്നുണ്ടെന്നുള്ളതാണ് കേരളത്തിലെ ഇപ്പോഴുള്ള സ്ഥിതി. ബിരുദ കോഴ്സുകളുടെയെല്ലാം റിസൾട്ട് ഏപ്രിൽ 30-ാം തീയതിക്കുള്ളിൽ പുറത്തുവരുന്നു. അതൊരുപക്ഷെ, വിവാദമാകാത്തതുകൊണ്ടാകാം സമൂഹത്തിൽ വേണ്ടവിധം ചർച്ച ചെയ്യപ്പെടാതെ പോകുന്നത്. ബിരുദാനന്തരബിരുദ കോഴ്സുകളുടെ റിസൾട്ട് മെയ് 31-ാം തീയതിക്കുള്ളിൽ പുറത്ത് വരുന്നു. ഐക്യ കേരളത്തിന്റെ ചരിത്രത്തിൽ സർവ്വകലാശാലാ പരീക്ഷകൾ ഇങ്ങനെ ചിട്ടപ്പെടുത്തിയ ഒരു കാലഘട്ടമുണ്ടായിട്ടില്ല. നമ്മളൊക്കെ പഠിക്കുന്ന സമയത്ത് എന്നാണ് ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ ക്ലാസ്സുകൾ ആരംഭിച്ചിരുന്നത്? ഇവിടെ നേരത്തെ സംസാരിച്ച അംഗത്തിന് തെറ്റിദ്ധാരണ വരാൻ കാരണം, ബിരുദ ക്ലാസ്സുകൾക്ക് മുമ്പ് ബിരുദാനന്തര ക്ലാസ്സുകൾ ആരംഭിച്ചുവെന്നത് അവിശ്വസനീയമായി തോന്നിയതുകൊണ്ടാണ്. 2019 കലാലയ വർഷത്തിൽ ജൂൺ 17-ാം തീയതി ബിരുദാനന്തര കോഴ്സുകളും ജൂൺ 24-ാം തീയതി ബിരുദ കോഴ്സുകളിലേയ്ക്കുള്ള ക്ലാസ്സുകളും ആരംഭിച്ചു എന്നത് സത്യമാണ്. ഏതെങ്കിലും ഒരുകാലത്ത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ? ഇതെല്ലാം അടുക്കുംചിട്ടയുമായി ഏറ്റെടുത്ത് മുമ്പോട്ടുകൊണ്ടുപോകാൻ സാധിച്ചുവെന്നതാണ് ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം.

എങ്ങനെയാണ് ഒരു കലാലയം ലക്ഷണമൊത്ത കലാലയമായി മാറുന്നത്? ജീവനില്ലാത്ത കെട്ടിടങ്ങളുടെ അടിസ്ഥാനത്തിലല്ല, പ്രതിഭാശാലികളായ വിദ്യാർത്ഥികളും പ്രഗത്ഭരായ അധ്യാപകരും കടന്നുവരുമ്പോഴാണ് ഒരു കലാലയം അതിന്റെ എല്ലാ പ്രഭാവത്തോടുകൂടി ഉദിച്ചുയരുന്നത്. കേരളത്തിലെ സർക്കാർ

കലാലയങ്ങളിൽ അദ്ധ്യാപകരും അനദ്ധ്യാപകരുമില്ലാതെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയായിരുന്നില്ലേ? ഈ സർക്കാരാണ് ആയിരത്തിൽപ്പരം അദ്ധ്യാപക/ അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്താൻ സന്നദ്ധമായത്. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഈ വർഷം കേരളത്തിലെ കലാലയ വിദ്യാഭ്യാസ രംഗത്ത് പതിനയ്യായിരത്തോളം സീറ്റുകളാണ് അധികമായി ലഭിച്ചത്. സർക്കാരിന്റെ പിന്തുണയും പ്രോത്സാഹനവും ഇതുപോലെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കിട്ടിയ ഒരു കാലമുണ്ടായിട്ടുണ്ടോ? ആയിരം കോടി രൂപയിൽപ്പരം നിക്ഷേപമാണ് സർവ്വകലാശാലകൾക്ക് ഇപ്പോൾ ലഭിച്ചത്. ഓരോ യൂണിവേഴ്സിറ്റിക്കും നൂറ് കണക്കിന് കോടി രൂപ വികസനപ്രവർത്തനങ്ങൾക്കും പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനെല്ലാമായി അനുവദിക്കപ്പെട്ട ഒരു കാലമാണ്. ഈയൊരു പശ്ചാത്തലത്തിലാണ് സർവ്വകലാശാല നിയമം ഭേദഗതി ചെയ്യുന്നതുസംബന്ധിച്ച് നമ്മൾ ചർച്ച നടത്തുന്നത്. സർവ്വകലാശാലകളെ സംബന്ധിച്ച് ഉദാത്തമായ സങ്കൽപ്പങ്ങൾ ഇവിടെ ഇതിനോടകം പരാമർശിച്ചു കഴിഞ്ഞതാണ്. അലഹബാദ് യൂണിവേഴ്സിറ്റിയുടെ കോൺവക്കേഷൻ ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സർവ്വകലാശാലകളെ സംബന്ധിച്ച് പണ്ഡിറ്റ് ജവഹർലാൻ നെഹ്റു പറഞ്ഞത് മാനവികത, സഹിഷ്ണുത, പുതിയ ആശയാന്വേഷണങ്ങൾ, രാജ്യപുരോഗതി എന്നിവയ്ക്കു വേണ്ടിയാണ് ഒരു സർവ്വകലാശാല നിലകൊള്ളേണ്ടതെന്നാണ്. അങ്ങനെ സമൂഹത്തിന്റെ പ്രതീക്ഷാ കേന്ദ്രമാകേണ്ട സർവ്വകലാശാലകൾ, നൂതന ആശയാന്വേഷണങ്ങളുടെയും പുതിയ പ്രതിഭകളുടെ നിർമ്മിതിയുടെയുമെല്ലാം കേന്ദ്രമാകേണ്ട സർവ്വകലാശാല, അതിന്റെ സുപ്രധാന ചുമതലകൾ വഹിക്കുന്ന രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ കാലപരിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. പ്രതിപക്ഷത്തിന് ഇക്കാര്യത്തിൽ ഇത്രയും മനോവിഷമമുണ്ടാകുന്നത് എന്താണ്? ഏതെങ്കിലും സുപ്രധാനമായൊരു ചുമതലയിൽ, നിങ്ങളുടെ ഭാഷ കടമെടുത്ത് പറഞ്ഞാൽ വൈദ്യശാസ്ത്രം പരാജയപ്പെടുന്നതുവരെ ഇരിക്കുന്നതാണോ ജനധിപത്യപരം; അങ്ങനെയാണോ കൂടുതൽ സർഗാത്മകമായ ഉണർവ് ഒരു സർവ്വകലാശാലയ്ക്ക് ഉണ്ടാകാൻ സാധ്യത? ഒരു പഞ്ചായത്ത് മെമ്പർ മുതൽ പ്രധാനമന്ത്രി വരെയുള്ള പദവികൾ വഹിക്കുന്നവർക്കും അഞ്ച് വർഷത്തെ കാലപരിധിയാണ് ലഭിക്കുന്നത്. വേണമെങ്കിൽ അതെല്ലാം ജനാധിപത്യ പ്രക്രിയയുടെ ഭാഗമായുള്ള ചുമതലയാണെന്ന് കരുതി അതിനെ വിടാം. യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാറും പരീക്ഷാ കൺട്രോളറും ഫിനാൻസ് ഓഫീസറും മാത്രമല്ല, വൈസ് ചാൻസലറില്ലേ; വൈസ് ചാൻസലർക്ക് കാലപരിധിയില്ലേ? അത് ബഹുമാന്യരായ യു.ഡി.എഫ്. നേതാക്കന്മാർ അറിഞ്ഞിട്ടില്ലേ? അവിടെ പ്രോ-വൈസ് ചാൻസലർ ഇല്ലേ? പ്രോ

വൈസ് ചാൻസലർക്ക് കാലപരിധി ബാധകമല്ലേ? നേരത്തെ ഈ ചർച്ചയിൽ പങ്കെടുത്ത ഒരു ബഹുമാന്യനായ അംഗം, അദ്ദേഹം ഇപ്പോൾ സഭയിൽ ഇല്ല. അദ്ദേഹം വീണ്ടും വീണ്ടും ആകുലപ്പെട്ടത് ഈ നാല് വർഷമെന്നത് അഞ്ചായി ഉയർത്തിക്കൂടെയെന്നാണ്. അദ്ദേഹം ദയവായി തിരിച്ചറിയണം, വൈസ് ചാൻസലറുടെ കാലപരിധിയും പ്രോ വൈസ് ചാൻസലറുടെ കാലപരിധിയും നാല് വർഷമാണ്. അതിലൊന്നും നിങ്ങൾക്ക് സംശയമില്ലേ; ഇതിൽ മാത്രമേ നിങ്ങൾക്ക് സംശയമുള്ളൂ? ഏത് കസേരയിൽ ഇരുന്നാലും അനാദികാലത്തേയ്ക്ക് ഒരാൾ കുറ്റിയടിച്ചതുപോലെയിരുന്നാൽ അനഭിലഷണീയമായ പ്രവണതകൾ ഉയർന്നുവരും. ഒരുപാട് ഉദാഹരണങ്ങളുണ്ട്. ഞാനതിലേയ്ക്കൊന്നും ഇപ്പോൾ പോകുന്നില്ല. John Emerich Edward Dalberg-Acton ഒരിക്കൽ പറഞ്ഞത് " Power tends to corrupt, and absolute power corrupts absolutely" 'അധികാരം മനുഷ്യരെ ദുഷിപ്പിക്കും, പരമാധികാരം പരമമായി ദുഷിപ്പിക്കും' എന്നാണ്. ഏത് കസേരയായാലും ഒരു നിയന്ത്രണവുമില്ലാതെ തുടരുന്ന സാഹചര്യമുണ്ടായാൽ സ്വാഭാവികമായ വികാസമല്ല തെറ്റായ പ്രവണതകളാണ് വളർന്നുവരുന്നത്. അത് അവസാനിപ്പിക്കേണ്ടതുണ്ട്. ഇന്ത്യയിലെ പ്രസിദ്ധമായ സർവ്വകലാശാലകളുടെ സ്ഥിതിയെന്താണ്; സെൻട്രൽ യൂണിവേഴ്സിറ്റികളുടെ സ്ഥിതിയെന്താണ്? നിങ്ങൾ കേരളത്തിന്റെ അതിർത്തിക്കപ്പുറത്തേയ്ക്ക് ഒന്ന് നോക്കൂ. ഈ പ്രശസ്തമായ സർവ്വകലാശാലകളിലെല്ലാം ഇതുപോലുള്ള സുപ്രധാനമായ പോസ്റ്റുകളിൽ കാലപരിധിയുണ്ട്. എല്ലായിടത്തും നാലായിരിക്കില്ല, ചിലയിടങ്ങളിൽ അഞ്ച് വർഷമായിരിക്കും. കാലപരിധിയിലെ ആ വ്യത്യാസം മാത്രമെയുള്ളൂ. നിങ്ങൾ ഈ പറയുന്ന വാദഗതികളെല്ലാം ഉന്നയിച്ചുകൊണ്ട് ചില നിക്ഷിപ്ത താൽപ്പര്യക്കാർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. നിങ്ങൾ ഇവിടെ പറയുന്ന വാദഗതികളെല്ലാം ഇതിനേക്കാൾ വൈദഗ്ദ്ധ്യത്തോടെ നിയമവിദഗ്ദ്ധർ നീതിപീഠത്തിന് മുമ്പിൽ ഉന്നയിച്ചു. ആ കേസ്സുകളെല്ലാം തള്ളി കുട്ടിക്കെട്ടി വിടുകയാണ് കോടതി ചെയ്തത്. എല്ലായിടത്തും പരാജയപ്പെട്ട വാദഗതികൾ അവതരിപ്പിക്കാനുള്ള ഇടമായി നിയമസഭയെ മാറ്റേണ്ടതുണ്ടോയെന്ന് തീരുമാനിക്കേണ്ടത് നിങ്ങൾ തന്നെയാണ്.

മറ്റൊരു വിമർശനമുയർന്നുവന്നത് ഇഷ്ടക്കാരെ നിയമിക്കാനുള്ള പോസ്റ്റുകളാണ് സർവ്വകലാശാലകളിലെന്നാണ്. നിങ്ങൾ നിയമനം നടത്തിയ സമയത്ത് അനിഷ്ടക്കാരെയാണോ നിയമിച്ചത്? ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ നേതാക്കളാണ് ഇതുസംബന്ധിച്ച് കൂടുതൽ വികാരധീനരായി പറഞ്ഞത്. നിങ്ങൾ ആരെയൊക്കെയാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന് ചുക്കാൻ പിടിക്കാൻ നിയമിച്ചത്? ഇവിടെ ഇതിനോടകം

പരാമർശിക്കപ്പെട്ടു, ഒരു സ്കൂൾ അദ്ധ്യാപകനെ സർവ്വകലാശാലയുടെ വൈസ് ചാൻസലറായി നിയമിക്കാൻ നീക്കം നടത്തിയപ്പോൾ, നിങ്ങൾക്കെതിരെ സാമൂഹികാഭിപ്രായം ഉയർന്നു വന്നപ്പോൾ പിന്തിരിയേണ്ടിവന്നു. ആ കഥയേ നമുക്ക് അറിയൂ, അതു കഴിഞ്ഞപ്പോൾ എന്താണ് സംഭവിച്ചതെന്നറിയുമോ? സ്കൂൾ അദ്ധ്യാപകനെ നിയമിക്കാൻ പറ്റിയില്ല. പക്ഷെ പാർട്ടി ലീഗാണെന്ന് ഓർത്തുകൊള്ളണം. അങ്ങനെ എളുപ്പത്തിൽ പിൻവാങ്ങിയില്ല. ആ അധ്യാപകന്റെ ഇളയാപ്പയുടെ മകനെ വൈസ് ചാൻസലറായി നിയമിച്ചു. അദ്ദേഹത്തിന് പറ്റിയില്ലെങ്കിൽ ഒരാൾ കുടുംബത്തിൽനിന്നുമിരിക്കട്ടെ. ആ ഒഴിവ് പുറത്തേയ്ക്ക് വിട്ടിട്ടില്ല. ഇങ്ങനെ എത്രയോ അനുഭവം നമ്മുടെ മുന്നിലുണ്ട്. ഒരു വൈസ് ചാൻസലർ ബി.ജെ.പി.-യിലേയ്ക്ക് പോയത് സംബന്ധിച്ച് ഇവിടെ നേരത്തെ പറഞ്ഞു. കോൺഗ്രസ് നേതാക്കന്മാർക്ക് ക്ലാസ്സെടുത്തിരുന്ന, സാംസ്കാരിക രംഗത്തെല്ലാം തലയെടുപ്പോടുകൂടി നടന്നിരുന്ന ഒരാൾ ബി.ജെ.പി.-യിലേയ്ക്ക് പോയത് നമ്മൾ കണ്ടതാണ്. അതുമാത്രമല്ല, ലീഗ് നിയമിച്ച വൈസ് ചാൻസലറും ബി.ജെ.പി.-യിലേയ്ക്കാണ് പോയത്. ബി.ജെ.പി.-യിലേയ്ക്ക് ആളുകളെ വിടുന്ന ഒരിടത്താവളമായി കേരളത്തിലെ സർവ്വകലാശാലകളിലെ വി.സി. സ്ഥാനത്തെ കണക്കാക്കിയ അനുഭവമാണ് കേരളത്തിലെ യു.ഡി.എഫ്.-നുള്ളത്. ഇതെല്ലാം നമ്മുടെ മുന്നിലുള്ളതാണ്. നിങ്ങൾ നിയമിച്ച ഒരു വൈസ് ചാൻസലറെ യോഗ്യതയില്ലാത്തതിന്റെ പേരിൽ ബഹുമാന്യനായ ഗവർണ്ണർ പുറത്താക്കിയില്ലേ? അപ്പോൾ യോഗ്യതയില്ലാത്തവരെയും ഇഷ്ടക്കാരെയും ആരാണ് തിരുകിക്കയറ്റുന്നത്; ആര് കൊണ്ടുവന്നപ്പോഴാണ് പിടിക്കപ്പെട്ടത്; അതിന്റെ മുമ്പിൽ നാണംകെട്ട് പോകേണ്ടതായിവന്നത്?

IT @ School-ന്റെ ഡയറക്ടറായി കഴിഞ്ഞ ഭരണകാലത്ത് നിങ്ങൾ ഒരാളെ നിയമിച്ചു. അദ്ദേഹത്തെക്കുറിച്ച് തമാശയായിട്ടാണോ കാര്യമായിട്ടാണോ യെന്നറിയില്ല ഒരു പത്രമെഴുതിയത്, സ്വന്തമായൊരു ഇ-മെയിൽ ഐ.ഡി പോലുമില്ലാത്ത ആളാണ് IT@School-ന്റെ ഡയറക്ടറായി നിയമിച്ചത് എന്നാണ്. ഇങ്ങനെ എത്രയെത്ര അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. കേരള വെറ്ററിനറി സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്ന ഒരാളെ എല്ലാ മാനദണ്ഡങ്ങളും കീഴ്വഴക്കങ്ങളും മറികടന്ന് പുറത്താക്കിയതും നിങ്ങളുടെ കാലത്താണ്. ഇതെല്ലാം വിസ്മരിച്ചുകൊണ്ട്, ഭൂതകാലം സൗകര്യപൂർവ്വം വിസ്മരിച്ചുകൊണ്ട് ഇത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നത് അഭികാമ്യമല്ലെന്ന് മാത്രം സൂചിപ്പിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇവിടെ അദാലത്തിനെക്കുറിച്ചും മാർക്ക് ദാനത്തെക്കുറിച്ചും എന്തൊക്കെ പറഞ്ഞു; ഇതിന് മുൻപും ഈ സഭ ചർച്ച ചെയ്തു. അദാലത്ത് ആരംഭിച്ചത് നിങ്ങളാണല്ലോ. അക്കാര്യം ഇവിടെ പരാമർശിച്ചതാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദമായി പറയുന്നില്ല. അതുസംബന്ധിച്ച് അന്ന് പത്രത്തിൽ വന്നൊരു വാർത്തയുണ്ട്. കോഴ്സ് പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്കുൾപ്പെടെ മാർക്കിന്റെ ആനുകൂല്യം നൽകാൻ അന്ന് തീരുമാനമെടുത്തു. ബഹുമാന്യനായ മണ്ണാർക്കാട് എം.എൽ.എ. ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത്, അദാലത്തൊക്കെ നടത്താം, പക്ഷെ മാർക്കിന്റെ കാര്യം ഒന്നും ചെയ്യരുതെന്നാണ്. അപ്പോൾ നിങ്ങളുടെ ഭരണകാലത്തും ഇതൊക്കെ ചെയ്തിരിക്കുന്നു. നിങ്ങളുടെ ഭരണകാലത്ത് ചെയ്താൽ നല്ലത്, ഈ ഭരണകാലത്ത് അങ്ങനെയൊരു തീരുമാനമെടുത്താൽ ചീത്ത. അങ്ങനെയാണോ? പൊതുവായ ഒരഭിപ്രായം വേണ്ടേ; ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായൊരു നിലപാട് വേണ്ടേ? മോഡറേഷനെ സംബന്ധിച്ച് നമുക്ക് കൂട്ടായി ഒരു നയം രൂപീകരിക്കാം. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ (കുസാറ്റ്) മോഡറേഷൻ സമ്പ്രദായം ആരംഭിച്ചത് ഏത് കാലത്താണെന്നറിയാമോ? നിങ്ങൾ മോഡറേഷനോട് വലിയ വിയോജിപ്പുള്ളവരാണെങ്കിൽ അത് പരിശോധിക്കണം. 2012-ൽ കേരളവും സർവ്വകലാശാലയും യു.ഡി.എഫ്.-ന്റെ നിയന്ത്രണത്തിലുള്ള കാലത്താണ് മോഡറേഷൻ ആരംഭിച്ചത്. അങ്ങനെ ആരംഭിക്കുന്ന സമയത്ത് വിചിത്രമായൊരു തീരുമാനമെടുത്തു. അതിന് റെട്രോസ്പക്റ്റീവ് എഫക്ട് കൊടുത്തു. ചരിത്രത്തിൽ എവിടെയെങ്കിലും അങ്ങനെ കേട്ടിട്ടുണ്ടോ; പരീക്ഷ കഴിഞ്ഞിട്ടാണ് മോഡറേഷൻ കൊടുക്കുന്നത്. പരീക്ഷ കഴിഞ്ഞാൽ കുട്ടികൾപോലും അറിയില്ല. അത്ര ഗൗരവത്തോടുകൂടി ചെയ്യേണ്ടതാണെന്ന് നിങ്ങൾ പറയുന്നു. മുൻകാല പ്രാബല്യത്തോടെ മോഡറേഷൻ അനുവദിച്ച് തീരുമാനമെടുത്ത സിൻഡിക്കേറ്റാണ് യു.ഡി.എഫ്.-ന്റേത്. 2006 ബാച്ചിലെ ബി.ടെക് വിദ്യാർത്ഥി 2011-ൽ ഒരു അപേക്ഷ നൽകുന്നു. ഒരു വിഷയം പരാജയപ്പെട്ടുപോയി. വളരെ ഉദാര മനസ്ഥിതിയോടെ ആ അപേക്ഷ പരിഗണിച്ച് അപേക്ഷയുടെ അടിസ്ഥാനത്തിൽ മാർക്ക് കൂട്ടിക്കൊടുക്കാൻ തീരുമാനമെടുത്ത അനുഭവവും നിങ്ങളുടെ ഭരണകാലത്തുണ്ടായിരുന്നു. മലയാളത്തിൽ 'ചാക്കീരിപാസ്' എന്നൊരു പ്രയോഗമുണ്ട്. ആ പ്രയോഗത്തിന്റെ ചരിത്രം ആരുമറന്നാലും മുസ്ലീംലീഗ് മറക്കാൻ പാടില്ല. എങ്ങനെയാണ് ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കേരളത്തിൽ വന്നത്? ഞാൻ അതൊന്നും വിസ്തരിച്ച പറയാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഈ സന്ദർഭത്തിൽ വിട്ടുപോകാൻ പാടില്ലാത്ത ഒന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ

ഭരണകാലത്തല്ലേ സംസ്ഥാന എഞ്ചിനീയറിംഗ് പൊതുപ്രവേശന പരീക്ഷയിൽ 22787-ാമത്തെ റാങ്ക്, എന്നുപറഞ്ഞാൽ പുറകിൽനിന്ന് ഏതാണ്ട് ഒന്നാം സ്ഥാനത്തൊക്കെ വന്നേക്കാം, എനിക്കറിയില്ല. ആ റാങ്ക് കിട്ടിയ കുട്ടി എവിടെയും അഡ്മിഷൻ കിട്ടാതെ ഒരു സ്വാശ്രയ കോളേജിൽ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ നേടി. അവിടെനിന്നും ഇടയ്ക്കുവച്ച് പഠനം അവസാനിപ്പിച്ച് മൂന്നും നാലും സെമസ്റ്റർ ക്ലാസിലും പോകാതെ പരീക്ഷയും എഴുതാതെയിരുന്ന ആ വിദ്യാർത്ഥിയെ കേരളത്തിലെ ഏറ്റവും സമർത്ഥരായ, പൊതുപ്രവേശന പരീക്ഷയിൽ ആദ്യ റാങ്കുകളിൽ വരുന്ന കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്ന കോഴിക്കോട് വെസ്റ്റ് ഹില്ലിലെ പ്രശസ്തമായ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിങ്ങൾ പ്രവേശിപ്പിച്ചു; ആ കുട്ടിയുടെ കയ്യിൽ ഉണ്ടായിരുന്നത് സർട്ടിഫിക്കറ്റുകളുടെ ശേഖരമായിരുന്നില്ല. അന്നത്തെ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുടെ ശിപാർശ കത്തായിരുന്നു. അതിൽ എഴുതിയിരുന്നത് 'ഈ കത്തുമായി വരുന്ന ഇന്നയാൾക്ക് അഡ്മിഷൻ കൊടുക്കണം' എന്ന്. വലിയ പ്രതിഷേധം ഉണ്ടായില്ലേ? അന്നത്തെ മുഖ്യമന്ത്രി പറഞ്ഞു "ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തു" എന്ന്. ബഹുമാന്യരായ അംഗങ്ങളെ, ഒരു മന്ത്രിക്ക് മാർക്ക് കൊടുക്കണമെന്നോ, അഡ്മിഷൻ കൊടുക്കണമെന്നോ പറയാൻ അധികാരമില്ലെന്നും അതെല്ലാം വൈസ് ചാൻസലറുടെയും സിൻഡിക്കേറ്റിന്റെയുമെല്ലാം അധികാരമാണെന്നും നിങ്ങളിപ്പോൾ പറഞ്ഞതല്ലേയുള്ളൂ. പിന്നെ എങ്ങനെയാണ് ഒരു മുഖ്യമന്ത്രി 22787-ാം റാങ്കുകാരന് ചട്ടങ്ങളെല്ലാം ലംഘിച്ച് ഒരു ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ കൊടുക്കുന്നത്? ഇതെല്ലാം നമ്മുടെ മുമ്പിൽനിന്നും മറക്കാറായിട്ടില്ലല്ലോ. അതിനെതിരെ പ്രതിഷേധിച്ച വിദ്യാർത്ഥികൾക്കുനേരെ ഒരു അസിസ്റ്റന്റ് കമ്മീഷണർ തോക്കെടുത്ത് വെടിവച്ചത് ഓർക്കുന്നുണ്ടോ?

ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്യാൻ യോജിച്ച ദിവസമാണിന്ന്. നമ്മൾ മനുഷ്യാവകാശത്തെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. ഇന്നലെ യു.എ.പി.എ. അനുസരിച്ച് കേസ്സെടുത്തതിനെക്കുറിച്ച് ചർച്ച ചെയ്തു. മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവത്തെക്കുറിച്ചും നമ്മൾ ചർച്ച ചെയ്തു. നിങ്ങൾ ചട്ടം ലംഘിച്ച് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ തകർക്കുന്ന നടപടി സ്വീകരിച്ചപ്പോൾ, എൻട്രൻസ് പരീക്ഷയിൽ ഏറ്റവും പിറകിലുള്ള വിദ്യാർത്ഥിയെ എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി സർക്കാരിന്റെ പ്രശസ്തമായ എഞ്ചിനീയറിംഗ് കോളേജിൽ പിൻവാതിലിലൂടെ പ്രവേശിപ്പിച്ചപ്പോൾ, അതും മൂന്നും നാലും സെമസ്റ്റർ ക്ലാസിൽ പോകാത്തവന് നേരിട്ട് അഞ്ചാം സെമസ്റ്ററിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ അരുതേയെന്ന് പറഞ്ഞ വിദ്യാർത്ഥികളുടെ നേരെ സർവ്വീസ് റിവോൾവറെടുത്ത്

വെടിവച്ച അസിസ്റ്റന്റ് കമ്മീഷണറെ നിങ്ങൾക്ക് ഓർമ്മയില്ലേ? അന്ന് ഈ സഭയിൽ ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കപ്പെട്ടു. ആ അടിയന്തര പ്രമേയത്തിന് മറുപടി പറയവേ അന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞൊരു വാചകം ഇങ്ങനെയാണ്, " ഗവൺമെന്റ് ആഗ്രഹിക്കാത്ത പല സംഭവങ്ങളും ഇന്നലെ അവിടെ ഉണ്ടായതിൽ അങ്ങേയറ്റം ഖേദമുണ്ട്." ശരി. ആ ഗവൺമെന്റ് ആഗ്രഹിക്കാത്ത നടപടികൾക്ക് നേതൃത്വം കൊടുത്ത പോലീസ് ഓഫീസർക്കെതിരെ എന്തുനടപടി സ്വീകരിച്ചു? കൈക്കൂലിക്കേസിൽ മുമ്പ് അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ആ പോലീസ് ഓഫീസറോട് നിങ്ങൾ സ്വീകരിച്ച സമീപനമെന്താണ്? ആ ഭൂതകാലം ഭംഗിയായി മറന്ന് ഇപ്പോൾ യു.എ.പി.എ.-യെക്കുറിച്ച് ചർച്ച ചെയ്യുകയാണ്.

യു.എ.പി.എ. മാത്രമല്ല, ഇന്ത്യാ രാജ്യത്ത് നിലവിലുള്ള എല്ലാ കരിനിയമങ്ങളും ആരുടെ സൃഷ്ടിയാണ്; UAPA, TADA, POTA, MISA, AFSPA (Armed Forces Special Powers Act) എന്നീ നിയമങ്ങളെല്ലാം നിങ്ങളുടെ സൃഷ്ടിയല്ലേ; ഈ കരിനിയമങ്ങളെല്ലാം ഇന്ത്യയിൽ നിങ്ങൾ സൃഷ്ടിച്ചതാണ്. ശ്രീ. അമിത് ഷാ ഇപ്പോൾ എൻ.ഐ.എ.-യുടെ ഭേദഗതി ബിൽ കൊണ്ടുവന്നല്ലോ; എൻ.ഐ.എ. ഭേദഗതിയെ സംബന്ധിച്ച് രാവിലെ അടിയന്തര പ്രമേയത്തിന്റെ സമയത്ത് ഇവിടെ പരാമർശിക്കപ്പെട്ടത് വസ്തുതയാണ്. കോൺഗ്രസ് എന്ത് സമീപനമാണ് സ്വീകരിച്ചത്? ബി.ജെ.പി.-യോടൊപ്പം ചേർന്ന് എൻ.ഐ.എ. ഭേദഗതിക്ക് അനുകൂലമായി നിങ്ങൾ പാർലമെന്റിൽ വോട്ട് ചെയ്തു; കേരളത്തിലെ 19 യു.ഡി.എഫ്. എം.പി.-മാർ ബി.ജെ.പി.-യോടൊപ്പം ഒരുമിച്ച് നിൽക്കുകയാണ് ചെയ്തത്. എതിർത്ത് വോട്ട് ചെയ്തത് ഇടതുപക്ഷം മാത്രമാണ്. ശ്രീ. അധീർ രഞ്ജൻ ചൗധരി ആ സമയത്ത് പറഞ്ഞുവത്രേ, "എൻ.ഐ.എ. കോൺഗ്രസിന്റെ കുഞ്ഞാണ്." അതുമാത്രമല്ല, ഈ വികൃത ജന്മങ്ങളെല്ലാം കോൺഗ്രസിന്റെ സൃഷ്ടികളാണ്. NIA, UAPA, TADA, POTA എന്നിവയെല്ലാം നിങ്ങളുടേതാണ്. ദുരുപയോഗം ചെയ്യാൻ എല്ലാ സാധ്യതയുമുള്ള നിയമങ്ങൾ സൃഷ്ടിച്ചത്, അതിന്റെ പിൻബലത്തിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തിയത് നിങ്ങളാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, യു.എ.പി.എ. മുതലായ നിയമങ്ങൾ കോൺഗ്രസ് ഗവൺമെന്റിന്റേതാണെന്ന് പറഞ്ഞു. നിങ്ങൾക്ക് എപ്പോഴെങ്കിലും രാജ്യം ഭരിക്കാൻ അവസരം കിട്ടിയിട്ടുണ്ടോ; നിങ്ങൾക്ക് ഏക സ്റ്റേറ്റിൽ ഭരിക്കാൻ അവസരം ലഭിച്ചപ്പോൾ വെടിവച്ച് കൊല്ലുന്ന സ്ഥിതിയാണ് നമ്മൾ കാണുന്നത്. പിന്നെ നിങ്ങൾക്ക് എന്താണ് വിമർശിക്കാനുള്ളത്; അധികാരം കിട്ടിയപ്പോൾ അവിടെ നിയമം ഉണ്ടാക്കിയെന്നേയുള്ളൂ. ഇവിടെ കാണുന്നവരെയെല്ലാം വെടിവച്ച് കൊല്ലുകയാണ് ചെയ്യുന്നത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, അദ്ദേഹം പറഞ്ഞതിലേക്ക് ഞാൻ വഴിയേ വരാം. യു.എ.പി.എ. സംബന്ധിച്ച് നിങ്ങളുടെ കാലഘട്ടത്തിൽ സ്വീകരിച്ച നടപടിയെന്താണ്? 134 കേസ്സുകൾ കേരളത്തിൽ യു.എ.പി.എ. അടിസ്ഥാനത്തിലുള്ള വകുപ്പുകൾ ചേർത്ത് നിങ്ങൾ കേസെടുത്തില്ലേ; ആ കേസിൽ രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് ഇവിടെ പരാമർശിച്ചു. രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് പരാമർശിച്ചപ്പോൾ ഞങ്ങളുടെ ആർഗ്യുമെന്റ് എന്താണ്; ഇനിയാണെങ്കിലും നിങ്ങൾ മറുപടി പറയൂ. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ചത്, ബോംബെറിഞ്ഞ് സമൂഹത്തിൽ ഭീതി സൃഷ്ടിക്കുന്ന തരത്തിലുള്ള കൊലപാതകങ്ങൾക്ക് യു.എ.പി.എ. പ്രകാരം കേസെടുക്കാം എന്നാണ്. അത് പൂർണ്ണമായി അംഗീകരിച്ചാൽ ബോംബെറിഞ്ഞ് സമൂഹത്തിൽ ഭീതിയുണ്ടാക്കുന്ന വിധത്തിൽ നടത്തിയ, ആർ.എസ്.എസ്സുകാർ പ്രതികളായ കേസിൽ എന്തുകൊണ്ട് നിങ്ങൾ യു.എ.പി.എ. എടുത്തില്ല? നിങ്ങൾക്കെന്താണ് ആർ.എസ്.എസ്.നോട് ഇത്ര സ്നേഹം? കോൺഗ്രസ്സിന്റെ നേതാക്കൾ തൃശ്ശൂരിൽ കൊല്ലപ്പെട്ടു. 'എ'-യും 'ഐ'-യും തമ്മിൽ വെട്ടിക്കൊന്നു. അന്നത്തെ ക്യാബിനറ്റിലെ ഒരംഗത്തിന് ഇതിൽ പങ്കുണ്ടെന്ന് കൊല്ലപ്പെട്ട കോൺഗ്രസ് പ്രവർത്തകന്റെ അമ്മ രേഖാമൂലം പരാതി തന്നത് മറന്നിട്ടുണ്ടാവില്ലല്ലോ! അവിടെ ബോംബെറിഞ്ഞ് ഭീതി സൃഷ്ടിച്ചില്ലേ; സമൂഹത്തിൽ ഭീതി സൃഷ്ടിക്കുംവിധം വെട്ടിക്കൊന്നില്ലേ? എന്താണ് യു.എ.പി.എ. എടുക്കാതിരുന്നത്? പൊതുവിൽ നമ്മൾ സമൂഹത്തെ ഒരേ മനസ്സോടുകൂടി, പക്ഷപാതമില്ലാതെ വേണ്ടേ സമീപിക്കാൻ? നിങ്ങളുടെ കാലഘട്ടത്തിൽ ഈ നിയമങ്ങളെല്ലാം ദുരുപയോഗം ചെയ്യാനും രാഷ്ട്രീയ എതിരാളികളെ വേട്ടയാടാനുമാണ് ഉപയോഗിച്ചത്. എല്ലാ മനുഷ്യാവകാശ കാഴ്ചപ്പാടുകളും നിരാകരിക്കുന്ന സമീപനമാണ് നിങ്ങൾ ചെയ്തത്. കരിനിയമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഇപ്പോൾ മാത്രമല്ല, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി 258 മാധ്യമപ്രവർത്തകരെ ഒരുമിച്ച് പിടിച്ച് ജയിലിലിട്ട കാലമേതാണ്; നാടുകടത്തിയ കാലമേതാണ്? സ്നേഹലത റെഡ്ഡി മുതൽ പെരിന്തൽമണ്ണയിലെ മുഹമ്മദ് മുസ്തഫ വരെ വേട്ടയാടി കൊല്ലപ്പെട്ട കാലമേതാണ്? നിങ്ങളുടെ കൈകൾ നിരപരാധികളായ മനുഷ്യരുടെ ചോര പുരണ്ടവയാണ്. എല്ലാ നിയമങ്ങളെയും തെറ്റായി നടപ്പിലാക്കിയവരാണ് നിങ്ങൾ. തെറ്റായി നടപ്പിലാക്കാൻ പാകത്തിലുള്ള നിയമങ്ങൾ സൃഷ്ടിച്ചവരാണ്. ആ കുറ്റബോധത്തിൽ നിന്നുവേണം ഇത്തരം കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ. ഏതായാലും ഒരു കാര്യം ഞങ്ങൾ വ്യക്തമാക്കാം. കോഴിക്കോട് രണ്ട് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പേരിൽ യു.എ.പി.എ. അടിസ്ഥാനത്തിലുള്ള വകുപ്പുകൾ ചേർത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇക്കാര്യത്തിൽ പോലീസ് തെറ്റായൊരു നടപടി സ്വീകരിച്ചാൽ അന്ന് രാധാകൃഷ്ണ പിള്ളയ്ക്ക് നിങ്ങൾ പിന്തുണ കൊടുത്തതുപോലെ ഈ ഗവൺമെന്റ്

പോലീസിന്റെ തെറ്റായ നടപടികൾക്ക് പിന്തുണ കൊടുക്കില്ല. ആ വിദ്യാർത്ഥികൾ യു.എ.പി.എ. അടിസ്ഥാനത്തിൽ കേസ്സെടുക്കപ്പെടേണ്ടവരല്ലെങ്കിൽ ആ തെറ്റ് പോലീസിനെക്കൊണ്ട് തിരുത്തിക്കാനുള്ള ആർജ്ജവം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുണ്ട്; അവർ തിരികെ വരികതന്നെ ചെയ്യും.

പണ്ട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിൽനിന്ന് രാജനെ പിടിച്ചുകൊണ്ടുപോയി ഉരുട്ടിക്കൊന്ന് കക്കയത്ത് ഉരക്കുഴി എന്നൊരു സ്ഥലത്ത് പഞ്ചസാര ചേർത്ത് കത്തിച്ച് ഒഴുക്കിക്കളഞ്ഞൊരു സംഭവം ഉണ്ടല്ലോ. ഈ കുട്ടികൾ അങ്ങനെ ഉരക്കുഴിയിൽ ചാരമായി ഒഴുകില്ല എന്ന കാര്യത്തിൽ നിങ്ങൾ ഉറപ്പിച്ചോളൂ. അവർ നിരപരാധികളാണെങ്കിൽ തിരികെ വരികതന്നെ ചെയ്യും. ഏതെങ്കിലും തരത്തിലുള്ള പിശകുണ്ടെങ്കിൽ അതിന് ആനുപാതികമായ നിയമ നടപടികൾക്കേ അവർ വിധേയമാകൂ. അക്കാര്യത്തിലൊന്നും യാതൊരു സംശയവും വേണ്ട.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ ഇവിടെ ഇരിക്കുന്നതു കൊണ്ടാണ് അവർ തിരിച്ചുവരുന്നത്. അങ്ങനെയാണ് ഞങ്ങൾ പ്രതിപക്ഷത്തിന്റെ ധർമ്മം നിറവേറ്റുന്നത്. നിരപരാധികളാണെങ്കിൽ അവർ തിരിച്ചു വരണം. കുറ്റവാളികളാണെങ്കിൽ അതിന് ആനുപാതികമായ ശിക്ഷ ലഭിക്കണം. ആ ധർമ്മത്തിനുവേണ്ടിയുള്ള പോരാട്ടമാണ് പ്രതിപക്ഷ ബഞ്ചിൽ നിന്നുകൊണ്ട് ഞങ്ങൾ നടത്തുന്നത്. അതുകൊണ്ടാണ് അവർ വരാൻ പോകുന്നത്. അല്ലെങ്കിൽ നിങ്ങളുടെ സർക്കാർ 7 പേരെ വെടിവച്ച് കൊന്നതുപോലെ അക്കൂട്ടത്തിൽ ആരെങ്കിലുമായി അവരും മാറുമായിരുന്നു. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അങ്ങ് പറഞ്ഞതിനെ തുറന്ന മനസ്സോടെ സ്വീകരിക്കുകയാണ്. നിങ്ങൾ ഇവിടെയായിരുന്നു ഇരിക്കുന്നതെങ്കിൽ അവർ ചാരമായി ഉരക്കുഴിയിൽ ഒഴുകപ്പെട്ടുമായിരുന്നു. നിങ്ങൾ ഇവിടെയായിരുന്നു ഇരിക്കുന്നതെങ്കിൽ മറ്റൊരു മുഹമ്മദ് മുസ്തഫയായി, മറ്റൊരു രാജനായി,..........

ശ്രീ. എം. വിൻസെന്റ്: സർ......

ശ്രീ. എം. സ്വരാജ്: സർ, അദ്ദേഹം പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞോട്ടെ, ശ്രീ. എം. വിൻസെന്റിനും മറ്റാർക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ അവർക്കും ഞാൻ വഴങ്ങിത്തരും. പക്ഷേ, പറഞ്ഞതിന് മറുപടി പറഞ്ഞ് പൊയ്ക്കോട്ടേ. അതുകൊണ്ട് അനാദികാലത്തേക്ക് നിങ്ങൾക്ക് അവിടെത്തന്നെ ഇരിക്കാനുള്ള അവസരം കേരളത്തിലെ ജനങ്ങൾ ഒരുക്കിത്തരുമെന്ന കാര്യത്തിലും എനിക്ക് യാതൊരു സംശയവുമില്ല. നിങ്ങൾ ഇവിടെ ഭരണത്തിൽ

ഇരുന്നപ്പോഴാണ് രാജൻ ചാരമായിപ്പോയത്. അപ്പോഴാണ് ഈച്ചരവാര്യർക്ക് എഴുതേണ്ടി വന്നത്, 'എന്തിനാണ് നിങ്ങളെന്റെ മകനെ ഇപ്പോഴും മഴയത്ത് നിർത്തുന്നതെന്ന്'. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുമ്പോൾ ഒരു ഈച്ചരവാര്യർക്കും എന്തിനാണ് എന്റെ മകനെ അങ്ങനെ മഴയത്ത് നിർത്തിയിരിക്കുന്നതെന്ന് നെഞ്ചുപൊട്ടി എഴുതേണ്ടി വരില്ലെന്ന ഉറപ്പാണ് ഞാൻ ഇവിടെ പറഞ്ഞത്. തെറ്റു തിരുത്തും. അത് വെറുതെ ഒരു രാഷ്ട്രീയ നിലപാട് പ്രതിഫലിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. നിങ്ങളുടെ ഭരണകാലത്ത്, നിങ്ങളെടുത്ത യു.എ.പി.എ. കേസ്സുകൾ; തെറ്റായി ചാർജ്ജ് ചെയ്യപ്പെട്ട കേസ്സുകളിൽ യു.എ.പി.എ. ഒഴിവാക്കിയതാരാണ്; ഞങ്ങളല്ലേ? ഞങ്ങൾ അധികാരത്തിൽ വന്നാൽ മാത്രമേ ഇത്തരം തെറ്റായ നടപടികൾ ആ അധികാരമുപയോഗിച്ച് തിരുത്തപ്പെട്ടു എന്നതിന് കേരളത്തിൽ അനുഭവങ്ങളുണ്ട്. ആ അനുഭവം ഞാൻ ഓർമ്മപ്പെടുത്തുന്നുവെന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇപ്പോൾ ഒരു ഈച്ചരവാര്യരുടെ രോദനത്തെക്കുറിച്ച് അങ്ങ് സംസാരിച്ചു. നമുക്കെല്ലാവർക്കും അതിനെക്കുറിച്ച് അഭിപ്രായമുണ്ട്. ഇന്ന് ഏഴുപേർ കൊല്ലപ്പെട്ടു, ആ ഏഴുപേർക്ക് ഏഴ് ഈച്ചരവാര്യർമാർ ഇല്ലാത്തതുകൊണ്ടാണോ നിങ്ങൾ ഏഴുപേരെ വെടിവച്ചുകൊന്നതെന്ന് വ്യക്തമാക്കണം.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഈ ബില്ലിന്റെ ചർച്ചയിൽ അത് പറയാൻ ഉദ്ദേശിച്ചതല്ല, പക്ഷേ, അങ്ങ് ഇവിടെ ചോദിച്ചത് നന്നായി, എനിക്ക് പറയാമെന്നു തോന്നുന്നു. അദ്ദേഹം പറഞ്ഞത് ഏഴ് പേർ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ടാണ്. നമുക്കറിയാം അത് മാവോയിസ്റ്റ് ഏറ്റുമുട്ടലിന്റെ ഭാഗമായി വന്നതാണ്. എന്താണ് ഈ മാവോയിസം? എനിക്കറിയില്ല, ഇവിടത്തെ കോൺഗ്രസ്സിന്റെ സ്നേഹിതർ, ബഹുമാന്യർ ഇക്കാര്യത്തിലെടുക്കുന്ന ആവേശം കാണുമ്പോൾ ഈ യഥാർത്ഥപ്രശ്നത്തെ ശരിയായ അർത്ഥത്തിലും വ്യാപ്തിയിലും അവർ തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നുണ്ടോയെന്നത് സംശയമാണ്. മാവോയുടെ രാഷ്ട്രീയത്തിനോ, ദർശനങ്ങൾക്കോ, മാവോ ചിന്തയുമായോ ഏതെങ്കിലും തരത്തിലൊരു ബന്ധം ഇന്ത്യയിലെ മാവോയിസ്റ്റുകളെന്നു വിളിക്കപ്പെടുന്ന ഇന്നത്തെ ഗ്രൂപ്പിനില്ല. അവർ ഒരുകാലത്ത് മുഴക്കിയ മുദ്രാവാക്യം കേട്ട് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി അത്ഭുതപ്പെട്ടിട്ടുണ്ട്. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെ ആധികാരികമായി ഇന്ത്യയിൽ മാവോയിസ്റ്റുകളെന്നു വിളിക്കപ്പെടുന്ന ഗ്രൂപ്പുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിയോജിപ്പും പ്രതിപത്തിയില്ലായ്മയും വെളിപ്പെടുത്തിയിട്ടുണ്ട്. ഇത് മാവോ ചിന്തയുമായോ, മാവോ രാഷ്ട്രീയവുമായോ ബന്ധപ്പെട്ട ഒന്നല്ല.

മി. സ്പീക്കർ: അങ്ങ് വളരെ ഔദാര്യത്തോടുകൂടി പോകേണ്ട, ഇത് സർവ്വകലാശാലാ ബില്ലാണ്.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ സർവ്വകലാശാലാ വിഷയങ്ങൾ പറഞ്ഞു വന്നപ്പോൾ ഇതിലേക്ക് സാന്ദർഭികമായി വന്നതാണ്. പ്രതിപക്ഷാംഗങ്ങൾ ഈ വിഷയത്തിൽ അതീവ താൽപ്പര്യമെടുത്ത് ഇടപെട്ടു സംസാരിച്ചപ്പോൾ ചർച്ച മുമ്പോട്ട് പോയതാണ്. ഞാൻ അധികം സമയമെടുക്കാതെ അവസാനിപ്പിക്കാം. നമ്മുടെ നാട്ടിൽ സ്ഥാപനവൽക്കരിക്കപ്പെട്ടുപോയ ഒരു അസമത്വമുണ്ട്. വലിയ അഴിമതിയും ചൂഷണവുമുണ്ട്. ഇതൊക്കെ കാണുമ്പോൾ ഇതെല്ലാം തച്ചുതകർക്കപ്പെടേണ്ടതാണെന്നും പുതിയൊരു കാലഘട്ടമുണ്ടാകണമെന്നുമൊക്കെ ആർക്കും തോന്നാം, പ്രത്യേകിച്ച് ചെറുപ്പക്കാർക്ക്. അപ്പോൾ സായുധമായ മാർഗ്ഗങ്ങളിലൊക്കെ എടുത്തുചാടണമെന്ന പ്രചോദനം ഉണ്ടാകാം. പക്ഷേ, അങ്ങനെ എടുത്തുചാടിയാൽ അത് മനുഷ്യസ്നേഹത്താൽ പ്രചോദിതമായ എടുത്തുചാട്ടമാണെങ്കിലും അത് എടുത്തുചാട്ടമാണ്, അത് അപകടവുമാണ്, അത് ശരിയായ മാർഗ്ഗവുമല്ല. അങ്ങനെ എടുത്തുചാടിയിട്ടുള്ളവരെല്ലാം പിന്നീട് ഖേദിച്ചിട്ടുണ്ട്. പിന്നീട് ഒരു ഘട്ടം കഴിഞ്ഞപ്പോൾ ആ എടുത്തുചാട്ടക്കാരിൽ ചിലർ ആൾദൈവങ്ങളുടെ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നത് നമ്മൾ കണ്ടു. ചിലർ മലയോരമേഖലകളിൽ സുവിശേഷ പ്രസംഗം നടത്തുന്നതും നമ്മൾ കണ്ടു. ചിലർ വലതുപക്ഷ ബാന്ധവത്തിൽ സ്ഥാനാർത്ഥിയായി മൽസരിച്ച് പരാജയപ്പെട്ട് നിരാശരായിപ്പോകുന്നതു കണ്ടു. ചിലർ ആത്മകഥയെഴുതി ബൂർഷ്വാ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് ഉപജീവനം തേടുന്നതും കണ്ടു. ഇത്തരത്തിലുള്ള എടുത്തുചാട്ടമുണ്ടാകുമ്പോൾ ശരിയായ രാഷ്ട്രീയ ഉൾക്കാഴ്ചയും ജനാധിപത്യ അവബോധവും പകർന്നുകൊടുത്ത്, ശരിയായ സാമൂഹ്യ പ്രവർത്തനത്തിന്റെ വഴിത്താരയിലേക്ക് അവരെ നയിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. ഇന്ന് ഇന്ത്യയിൽ മാവോയിസ്റ്റുകളെന്ന് വിളിക്കപ്പെടുന്ന ഗ്രൂപ്പ് എങ്ങനെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്? ലക്ഷണമൊത്ത കൊള്ളസംഘമായിട്ടല്ലേ? ഇവിടത്തെ അവരുടെ ഏറ്റുമുട്ടലിനെക്കുറിച്ചുകൂടി പരാമർശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ആ ഏറ്റുമുട്ടലിനെക്കുറിച്ച് പറയുമ്പോൾ ഒരു മനുഷ്യനും കൊല്ലപ്പെടരുതെന്ന കാര്യത്തിൽ നമുക്കെല്ലാം യോജിക്കാം, ആരും കൊല്ലപ്പെട്ടുകൂട, ആ മാവോയിസ്റ്റുകളെ ജീവനോടെതന്നെ പിടികൂടി നിയമനടപടിക്ക് വിധേയമാക്കേണ്ടവരാണ് എന്ന് ആഗ്രഹിക്കുന്നതിൽ ഒരു തെറ്റുമില്ല. വെടിവയ്ക്കാനുള്ള സാഹചര്യം അവിടെ ഉണ്ടായിരുന്നോ? അതുസംബന്ധിച്ച് പരിശോധിക്കട്ടെ, അന്വേഷിക്കട്ടെ. നമുക്ക് എന്തിന് മുൻവിധി; പക്ഷേ, ഒന്നുണ്ട്, ഈ മനുഷ്യാവകാശങ്ങളെക്കുറിച്ച് പറയുമ്പോൾ അവിടെ മാവോയിസ്റ്റുകളെ

മഹത്വവൽക്കരിക്കരുത്. അവർ ശരിയായ നിലപാട് സ്വീകരിച്ച് പ്രവർത്തിക്കുന്നവരാണെന്ന സന്ദേശം സമൂഹത്തിന് കൊടുക്കരുത്. 20 വർഷത്തിനിടയിൽ 12000 മനുഷ്യരെ ഇന്ത്യയുടെ മണ്ണിൽ കൊന്നുതള്ളിയ ഭീകര സംഘമാണ് മാവോയിസ്റ്റുകളെന്നു വിളിക്കപ്പെടുന്ന ഈ ഗ്രൂപ്പ് എന്ന് മറന്നുപോകരുത്. ആ 12000 പേരിൽ സൈനികരും അർദ്ധസൈനികരും 1300 പേർ മാത്രമാണെന്നും 9700 പേർ ആദിവാസികളും പട്ടികജാതിക്കാരും സാധാരണക്കാരുമായ മനുഷ്യരാണെന്നും മറന്നുപോകരുത്. കോൺഗ്രസ്സിന്റെ പി.സി.സി. പ്രസിഡന്റ് നന്ദകുമാർ പട്ടേൽ, നിങ്ങൾക്ക് ഓർമ്മയുണ്ടോ ആ പേര്? എങ്ങനെ മരിച്ചു. മഹേന്ദ്ര കർമ്മയെ നിങ്ങൾക്ക് ഓർമ്മയുണ്ടോ? മഹേന്ദ്ര കർമ്മയും നന്ദകുമാർ പട്ടേലും ഉൾപ്പെടെ 27 പേർ കൊല്ലപ്പെട്ടത് ഒരൊറ്റ ആക്ഷനിലാണ്. നിങ്ങളുടെ സമുന്നതരായ നേതാക്കൾ കൊല്ലപ്പെടുമ്പോൾ 'ഒരു കസേര ഒഴിഞ്ഞുകിട്ടി' എന്ന മനോഭാവമാണോ നിങ്ങളുടെ മനസ്സിലുണ്ടാകുക എന്നെനിക്കറിയില്ല. ഞങ്ങൾക്ക് അങ്ങനെയല്ല. പടിഞ്ഞാറൻ ബംഗാളിന്റെ മണ്ണിൽ തൃണമൂൽ കോൺഗ്രസ്സുമായി കൈകോർത്ത് അച്ചാരം വാങ്ങി, ഞങ്ങളുടെ നൂറ് കണക്കിന് സഖാക്കളെ കൊന്നുതള്ളിയത് ഈ ഭീകരരാണ്. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും ആദിവാസി ഗ്രാമങ്ങളെ തോക്കിന്റെ മുനയിൽ നിർത്തി കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിൽനിന്നും വിലപേശി പണം വാങ്ങി, വോട്ട് വിൽക്കുന്നത് ഈ ഗ്രൂപ്പാണ്. മുതലാളിത്തത്തിനെതിരായ ലഘുലേഖ അച്ചടിക്കുന്ന ഇവരാണ്, വേദാന്തയുടേയും എസ്.ആർ.-ന്റേയും ബിർള ബോക്സൈറ്റിന്റേയും ഉൾപ്പെടെയുള്ള കുത്തക കമ്പനികളുടെ മൈനുകൾക്കും അതുപോലെ ഇരുമ്പയിര് കൊണ്ടുപോകുന്ന പൈപ്പ് ലൈനിനും കാവൽ നിൽക്കുന്നത്. മുതലാളിത്തത്തിന്റെ ചോറ്റുപട്ടാളമായി അവരുടെ കയ്യിൽനിന്നും കാശുവാങ്ങി കാവൽ നിൽക്കുന്ന, വിയോജിപ്പുള്ളവരെയെല്ലാം കൊന്നുതള്ളുന്ന, പോലീസിന് വിവരം ചോർത്തിയെന്നു പറഞ്ഞ് ആദിവാസികളെ വെടിവച്ച് കൊല്ലുന്ന ഈ ഭീകര സംഘത്തിന്റെ മനുഷ്യാവകാശത്തെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നതെന്ന് ഓർക്കണം. അബൂബക്കർ അൽ ബാഗ്ദാദി കഴിഞ്ഞ ദിവസം കൊല്ലപ്പെട്ടപ്പോൾ അദ്ദേഹത്തേയും ജീവനോടെ പിടികൂടാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നാഗ്രഹിക്കാം. ......(ബഹളം)...... നമ്മൾ സഭയുടെ അന്തസ്സ് കാണിക്കണം. എപ്പോൾ എഴുന്നേറ്റാലും ഞാൻ ഇരിക്കാമെന്ന് പറഞ്ഞതാണ്. ഇങ്ങനെ ബഹളം കൂട്ടുന്നത് ശരിയല്ല, ഇത് അസഹിഷ്ണുതയാണ്, ഇത് ജനാധിപത്യമല്ല.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. എം. സ്വരാജ്: സർ, ലീഗിന് ബഹളം വയ്ക്കാനേ അറിയൂ, നിങ്ങൾ ബഹളം വച്ചാലും ഞാൻ പറയും. അബൂബക്കർ അൽ ബാഗ്ദാദി കൊല്ലപ്പെട്ടപ്പോൾ

അദ്ദേഹത്തേയും ജീവനോടെ പിടികൂടാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നാഗ്രഹിക്കാം, ഞങ്ങൾക്കെല്ലാം ആ ആഗ്രഹം ഉണ്ട്. അങ്ങനെ പിടിച്ച്, ചെയ്ത തെറ്റുകളുടെ പേരിൽ ജീവിതാവസാനം വരെ അദ്ദേഹത്തെ ജയിലിൽ ഇടുകയല്ലേ വേണ്ടത് എന്നു ചോദിച്ചാൽ അത് ശരിയാണ്. ആ ആഗ്രഹം നമുക്കെല്ലാമുണ്ട്. പക്ഷേ, അങ്ങനെ സാധിക്കാതെ പോയതിൽ നമുക്ക് ദുഃഖിക്കുകയും ചെയ്യാം. അദ്ദേഹത്തിന്റെ മനുഷ്യാവകാശത്തെക്കുറിച്ചും പറയാം. പക്ഷേ, കൊലയാളിയുടെ മനുഷ്യാവകാശത്തെക്കാൾ കൊല്ലപ്പെടുന്നവരുടെയും നിരപരാധികളുടെയും സാധാരണ മനുഷ്യരുടെയും മനുഷ്യാവകാശത്തിന് വിലയുണ്ട് എന്ന് നമ്മൾ മറക്കരുതെന്നു മാത്രമേയുള്ളൂ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് ഇങ്ങനെ പറഞ്ഞുവന്നപ്പോൾ ഞാൻ ആലോചിക്കുകയായിരുന്നു, തൊട്ടു മുൻപ് അങ്ങ് പറഞ്ഞത് അധികാരം മനുഷ്യനെ പരമമായി ദുഷിപ്പിക്കുന്ന ഒന്നാണെന്നാണ്. മാർക്സിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും എത്രമാത്രം ദുഷിപ്പിച്ചു എന്നതിന്റെ ഒരു തെളിവായി അങ്ങയുടെ പ്രസംഗം കാണേണ്ടിവരും. കാരണം, ഇന്ത്യയിലെ മാവോയിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം അങ്ങേയ്ക്ക് പറഞ്ഞുതരേണ്ട കാര്യമില്ല. അത് തുടങ്ങുന്നത് എവിടെ നിന്നാണെന്നും അങ്ങേയ്ക്കറിയാം. 52 വർഷം മുൻപ് നക്സൽ ബാരിയിൽ നിന്നാണ് തുടങ്ങുന്നത്. അവിടെ മാവോയിസം ആരംഭിക്കുന്നത് മറ്റാരുമല്ല, കോൺഗ്രസ്സുകാർ പോയിട്ടല്ല, ചാരു മജ്ലുംദാർ എന്നു പറയുന്ന, അവിഭക്ത കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കാലഘട്ടത്തിൽ മൂന്ന് വർഷം ജയിലിൽ കിടന്ന ആളാണ്. അദ്ദേഹമാണ് ഇതിന് തുടക്കം കുറിക്കുന്നത്. ആ മാവോയിസ്റ്റ് പ്രസ്ഥാനമാണ് 52 വർഷം കഴിഞ്ഞ് ഇവിടെയെത്തുമ്പോൾ, നിങ്ങൾ മിനിഞ്ഞാന്നും ഇന്നലെയും ഇന്നുമായി ഇങ്ങനെ തള്ളിപ്പറയുന്നതു കാണുമ്പോൾ, യഥാർത്ഥത്തിൽ ശ്രീ. എം. സ്വരാജിനെപ്പോലെ പുതിയ തലമുറയിലെ ആളുകളിൽ, ഇടതുപക്ഷ കാഴ്ചപ്പാടിൽ ഞങ്ങൾക്ക് ഒരു പ്രതീക്ഷയുള്ളതാണ്. നിങ്ങൾ ഇത്രമാത്രം അധികാരത്തിന്റെ, മുതലാളിത്തത്തിന്റെ, സാമ്രാജ്യത്വത്തിന്റെ ഭാഗമായി നിൽക്കുകയെന്നുപറയുമ്പോൾ സഹതാപം മാത്രമാണ് തോന്നുന്നതെന്നാണ് അങ്ങയോട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എം. സ്വരാജ്: സർ, അങ്ങേയ്ക്ക് സഹതാപം തോന്നാനുള്ള എല്ലാ അവകാശത്തേയും ഞാൻ മാനിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ചാരു മജ്ലുംദാരായാലും കനു സന്യാലായാലും ഏറ്റവും അധികം ആക്രമിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിയെയും മാർക്സിസ്റ്റിനെയുമാണ്. അക്കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 1964-ന് മുമ്പുള്ള അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലും അതിനുശേഷം പിളർപ്പ് വന്നപ്പോൾ സി.പി.ഐ.(എം)-ന്റെ കൂടെയായിരുന്നു അവർ എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ? യഥാർത്ഥത്തിൽ ഈ ഒളിപ്പോരാട്ടവും ഇത്തരത്തിലുള്ള മാവോയിസ്റ്റ് ആക്രമണവുമൊക്കെ എതിർക്കുന്നുണ്ടെങ്കിൽ നിങ്ങളോട് ഒന്നു ഞാൻ പറയാം, ഡി.വൈ.എഫ്.ഐ. ഇന്ന് ഒരു ഫാഷൻ പോലെ ചെഗുവേരയുടെ ചിത്രം വച്ച് നടക്കുന്നുണ്ടല്ലോ; അതിനുള്ള അധികാരവും ധാർമ്മികതയും നിങ്ങൾക്കില്ല. കാരണം, ഒളിപ്പോരാട്ടം സായുധ മോചനത്തിന്റേയും സായുധ വിപ്ലവം ഒരു ഭരണത്തിന്റെ മോചനത്തിന് അനിവാര്യമാണെന്നും തെളിയിച്ചുകൊണ്ട് അതിന് നേതൃത്വം കൊടുത്ത, ഒളിപ്പോരാട്ടം നടത്തിയ, മാവോയിസ്റ്റ് തലത്തിൽ തന്നെ ആ രീതിയിലുള്ള അക്രമം നടത്തിയ ആളാണ് ചെഗുവേര. ആ ചെഗുവേരയുടെ ചിത്രം വച്ചുകൊണ്ടാണ് നിങ്ങൾ മാവോയിസ്റ്റുകളെ ആക്രമിക്കുന്നതെന്നുള്ള കാര്യം ഓർമ്മ വേണം. അത് നിങ്ങളുടെ മനസ്സിലുണ്ടാകണം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കമ്മ്യൂണിസത്തെക്കുറിച്ചും വിപ്ലവത്തെക്കുറിച്ചും ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും വിപ്ലവ പ്രസ്ഥാനങ്ങളും ഉയർന്നുവന്നതിനെക്കുറിച്ചും നിങ്ങളുടെ അറിവില്ലായ്മയാണ് ഏതോ വഴികളിലൂടെ ചിന്തിക്കാൻ നിങ്ങൾക്ക് പ്രേരണ നൽകിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് വിപ്ലവത്തെക്കുറിച്ചും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ചും ലോകത്തിന്റെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റേയും ചരിത്രത്തെക്കുറിച്ച് ആദ്യം മനസ്സിലാക്കി പറയുന്നതായിരിക്കും ഉചിതം.

<u>മി. സ്പീക്കർ</u>: നമുക്ക് വിപ്ലവത്തെക്കുറിച്ച് ഒരു ഡിബേറ്റ് വേണമെങ്കിൽ പിന്നീട് നടത്താം, ഇപ്പോൾ സർവ്വകലാശാലാ ബില്ലിലേക്ക് വരൂ.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഇങ്ങനെയാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനമെങ്കിൽ എനിക്ക് യോജിക്കാൻ കഴിയില്ല. ഇന്ന് നിങ്ങൾ ഈ ഒളിപ്പോരാട്ടത്തെ തള്ളിപ്പറഞ്ഞതുപോലെ തന്നെ, ചെഗുവേരയെക്കുറിച്ച് നിങ്ങൾ പറയുമ്പോൾ, ബൊളീവിയൻ കാടുകളിൽ അക്രമം നടത്തി പിടിക്കപ്പെട്ട ശേഷം അദ്ദേഹം പറയുന്ന ഒരു കാര്യമുണ്ട്. "അവിടത്തെ പ്രാദേശിക കമ്മ്യൂണിസ്റ്റുകാർ എന്നെ ഒറ്റുകൊടുത്തു" എന്ന്. യഥാർത്ഥത്തിൽ ഇവിടത്തെ കമ്മ്യൂണിസ്റ്റുകാർ ഇന്നു ചെയ്തുകൊണ്ടിരിക്കുന്നതും അതാണ്. കാലം കുറെ മുന്നോട്ടു പോയെങ്കിലും ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ് .*

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 6202/ഇ.ബി/2019/ നി.സെ. തീയതി 5-11-2019 ) നിലനിർത്താൻ തീരുമാനിച്ചു.

മി. സ്പീക്കർ: ഒരു വ്യക്തത വരുത്തിയതിനുശേഷം അവസാനിപ്പിച്ചോളൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, കോൺഗ്രസ് എന്നു കേട്ടാൽ എല്ലാം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്ന് ധരിച്ച നിങ്ങളുടെ ബോധമാണ് നിങ്ങളെ ഇങ്ങനെ ചിന്തിപ്പിക്കുന്നത്.

ശ്രീ. എം. സ്വരാജ്: സർ, ഇനി ഞാൻ പറയാം, .....(മൈക്ക് ഓഫ്).....ഞാൻ ആവശ്യത്തിന് വഴങ്ങിയിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചിട്ടുള്ള കാര്യത്തെ, അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ജനാധിപത്യ മര്യാദയോടുകൂടി ഞാൻ കേട്ടു. പക്ഷേ, നമ്മുടെ സമൂഹത്തിൽ നിരന്തരമായി വലതുപക്ഷ മാധ്യമങ്ങളുടെ അകമ്പടിയോടെ നടക്കുന്ന ചില പ്രചരണങ്ങളുണ്ട്. ആ പ്രചാരവേല ബഹുമാന്യനായ വണ്ടൂർ അംഗത്തെയും സാരമായി ബാധിച്ചിട്ടുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായപ്രകടനം കേൾക്കുമ്പോൾ മനസ്സിലാകുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ,...

ശ്രീ. എം. സ്വരാജ്: സർ, ഞാൻ എത്രനേരം വഴങ്ങി, ഇതുപറഞ്ഞു തീർക്കട്ടെ, ഈ ഭാഗം പറഞ്ഞതിനുശേഷം ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുക യാണെങ്കിൽ ഇനിയും വഴങ്ങാം.

മി. സ്പീക്കർ: വേണ്ട, ഇനി സർവ്വകലാശാലാ ബില്ലിനെക്കുറിച്ച് പറഞ്ഞാൽ മതി.

ശ്രീ. എം. സ്വരാജ്: സർ, ഇടതുപക്ഷ തീവ്രവാദം എന്ന് വിളിക്കപ്പെടുന്ന ഈ കാഴ്ചപ്പാടുകളെ സംബന്ധിച്ച് എന്താണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട്? അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന് അവ്യക്തതയുണ്ട്. ഞാൻ അതിനുവേണ്ടി ഈ സമയം മുഴുവൻ നീക്കിവയ്ക്കുന്നില്ല. പകരം അങ്ങ് ഇതിൽ തൽപ്പരനാണെന്ന് മനസ്സിലാക്കി മഹാനായ ലെനിൻ എഴുതിയ 'Left-Wing" Communism: An Infantile Disorder' എന്ന ഒരു പുസ്തകമുണ്ട്. 'ഇടതുപക്ഷ കമ്മ്യൂണിസം ഒരു ബാലാരിഷ്ടത' എന്ന പേരിൽ മലയാളത്തിലും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ആ പുസ്തകം വായിച്ചാൽ എന്താണ് കമ്മ്യൂണിസമെന്നും എന്താണ് ഇടതുപക്ഷ കമ്മ്യൂണിസമെന്ന പേരിൽ പറയപ്പെടുന്ന ഈ ഇടതു തീവ്രവാദമെന്നുമുള്ള വ്യത്യാസം മനസ്സിലാക്കാം. കനു സന്യാലിന്റെയോ ചാരു മജ്ജുംദാറിന്റെയോ മാത്രമല്ല ആ ധാരയിലുള്ള ധാരാളം ആളുകളുണ്ട്. കൊണ്ടപ്പള്ളി സീതാരാമയ്യ, വരവര റാവു അങ്ങനെ ഒരുപാട് ആളുകളുണ്ട്. ഇവരെല്ലാം പ്രതിനിധാനം ചെയ്യുന്ന കാഴ്ചപ്പാടുകളുമായി എവിടെയാണ് ഞങ്ങൾ

വിയോജിക്കുന്നത്. എങ്ങനെയാണ് ചെഗുവേരയുടെ പേര് ഇതിലേക്ക് കടന്നുവരുന്നത്. അതിന്റെ മൗലികമായ പ്രശ്നം അങ്ങ് ഒരുപക്ഷേ കാണാതെപോയത് ചെഗുവേര ആംഡ് റെവല്യൂഷനിലേക്ക് കടന്നുവരുന്ന കാലഘട്ടത്തിൽ ക്യൂബയിൽ പാർലമെന്ററി ഡെമോക്രസി അല്ല. അങ്ങ് അങ്ങനെ തെറ്റിദ്ധരിച്ചിട്ടുണ്ടോ? അമേരിക്കയുടെ ഒരു പപ്പറ്റ് ഗവൺമെന്റാണ്. അമേരിക്കൻ ഇംപീരിയലിസത്തിനെതിരെ ക്യൂബൻ ജനതയുടെ സമരത്തിനാണ് അദ്ദേഹം നേതൃത്വം കൊടുക്കുന്നത്. ഞങ്ങളുടെ കൽക്കട്ട തീസിസിനെക്കുറിച്ച് പറഞ്ഞ് ഞങ്ങളെ ആക്ഷേപിച്ചല്ലോ. ഞങ്ങൾ എങ്ങനെയാണ് ഞങ്ങളുടെ പിശകുകൾ തിരുത്തിയത്? പാർലമെന്ററി ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ഒരിടത്ത് സായുധ വിപ്ലവത്തിന്റെ സാധ്യതകളെ സംബന്ധിച്ച് ഇന്ത്യയിൽ ഒരുപാട് ചർച്ചകൾ നടന്നിട്ടുണ്ട്. ആ ചർച്ചകളിൽ എല്ലാവരും അവരുടേതായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. ഇപ്പോൾ സമൂഹം പൊതുവിൽ മാവോയിസ്റ്റ് ഭീഷണിയെ ശരിയായി കാണുന്നുണ്ട്. നിർഭാഗ്യവശാൽ കേരളത്തിൽ എൽ.ഡി.എഫ്. ആണല്ലോ അധികാരത്തിൽ, കാടടച്ച് രണ്ട് വെടി കിടക്കട്ടെ എന്നുകരുതി നിങ്ങൾ മാവോയിസ്റ്റുകളെ പിന്തുണയ്ക്കുകയാണ്. നിങ്ങൾ അവരുടെ നിലപാടിനൊപ്പമാണെന്ന് തോന്നിക്കുന്ന രൂപത്തിൽ സംസാരിക്കുകയാണ്. ഇത് നമ്മുടെ രാജ്യത്തിന് നല്ല സന്ദേശമല്ല നൽകുക. ഇത് ലക്ഷണമൊത്ത ഭീകരവാദികളാണെന്നും കൊള്ളസംഘമാണെന്നും നമ്മൾ തിരിച്ചറിയുകയും അതിനെ ഒറ്റപ്പെടുത്തുന്ന നിലപാട് സ്വീകരിക്കുകയുമാണ് വേണ്ടത്. ഇന്ത്യയിൽ കോൺഗ്രസ് പാർട്ടിയും ആ നിലപാടാണ് സ്വീകരിച്ചത്. നിർഭാഗ്യവശാൽ കേരളത്തിലെ കോൺഗ്രസ് പാർട്ടി ഇപ്പോൾ അവസരോചിതമെന്ന് പറയാൻ പറ്റില്ല, അവസരവാദപരമായി, ഇടതുപക്ഷത്തെ അടയ്ക്കാനുള്ള സുവർണാവസരമായി ഇത് പരിഗണിക്കുന്നുണ്ടോ എന്ന സംശയമുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, ശ്രീ. എം. സ്വരാജ് വളരെ വാശിയോടുകൂടി വ്യക്തമായിത്തന്നെ പലകാര്യങ്ങളും പറയുന്നുണ്ട്. അദ്ദേഹം വളരെ വായനാശീലമുള്ള ആളാണെന്നൊക്കെ ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ, ഈ സഭയിൽപ്പെട്ട ശ്രീ. മുഹമ്മദ് മുഹസിൻ. പി.-യും ശ്രീ. ഇ. കെ. വിജയനും അടക്കമുള്ളവർ കഴിഞ്ഞ ദിവസം ഈ പ്രദേശം സന്ദർശിച്ചു. അതിന്റെ വ്യക്തമായ അഭിപ്രായം സി.പി.ഐ. പറഞ്ഞിട്ടുണ്ട്. അപ്പോൾ ആ സി.പി.ഐ. എടുത്ത നിലപാടിനോട് ശ്രീ. എം. സ്വരാജിന്റെ മറുപടി അല്ലെങ്കിൽ തീരുമാനം എന്താണ് ?

<u>ശ്രീ. എം. സ്വരാജ്:</u> സർ, ബഹുമാനപ്പെട്ട ആലുവ അംഗം ചോദിച്ചപ്പോഴേ എനിക്ക് തോന്നി, കാര്യമായി എന്തെങ്കിലും ഇതിൽ പറയാനല്ല, മറിച്ച് എന്തോ കൊനഷ്ട് ചോദിക്കാനാണെന്ന്. ബഹുമാനപ്പെട്ട സി.പി.ഐ. അംഗങ്ങളെല്ലാം സഭയിലുണ്ട്. നമ്മളെല്ലാം ഒരുമിച്ച് ഇരിക്കുകയല്ലേ. അവർക്കെന്തെങ്കിലും

അഭിപ്രായമുണ്ടെങ്കിൽ അവരത് പറഞ്ഞോളും. എന്തിനാണ് അവരുടെ വക്കാലത്ത് നിങ്ങൾ ഏൽക്കുന്നത്? അല്ലെങ്കിൽ സി.പി.ഐ.-യുടെ അഭിപ്രായം പറയാൻ ആരെങ്കിലും കോൺഗ്രസിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ? അവരവരുടെ അഭിപ്രായവും നിലപാടും ഉചിതമായ സമയത്ത് പറയും. ഞാൻ ഇതിൽ ഏതെങ്കിലും തരത്തിലുള്ള വിവാദത്തിലേയ്ക്കല്ലല്ലോ പോയത്. നമ്മുടെ രാജ്യം നേരിടുന്ന ഒരു വെല്ലുവിളിയാണ്, പന്ത്രണ്ടായിരം മനുഷ്യർ കൊല്ലപ്പെട്ടിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. എ. പി. അനിൽ കുമാറിന്റെ പരാമർശം വളരെ ഗൗരവത്തിൽ കാണണം. മാവോയിസ്റ്റുകളോട് നിങ്ങൾ സ്വീകരിക്കുന്ന ഈ സമീപനം ഇന്ത്യൻ വിപ്ലവത്തെ ഒറ്റിക്കൊടുക്കലാണെന്നാണ് പറഞ്ഞത്. എത്ര അപകടമുള്ള വാചകമാണെന്നുള്ളത് മനസ്സിലാക്കണം. അത് റെക്കോർഡിൽ ഉണ്ടാകുന്നത് അപകടകരമായിരിക്കും.* അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടി തന്നെ ആ വാചകം പിൻവലിക്കുന്നതായിരിക്കും നന്നാകുക എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇന്ന് ഇങ്ങനെ തള്ളിപ്പറയുമ്പോൾ അതിന്റെ ആവിർഭാവം എവിടെയായിരുന്നു, എങ്ങനെയായിരുന്നുവെന്ന് തിരിച്ചറിയണം.കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ നിലപാടുണ്ട്. ഇതിനൊക്കെ മുമ്പും ഞങ്ങൾ എതിരാണ്. പക്ഷേ, എതിരുള്ളപ്പോഴും സി.പി.ഐ. (എം) ഇത്രത്തോളം അങ്ങോട്ടുപോകാൻ പാടുണ്ടോ? രാജൻ കൊല്ലപ്പെട്ടതിന് ഇതുപോലെ പറയുന്ന ശ്രീ. എം. സ്വരാജ്, ഏഴുപേർ കൊല്ലപ്പെട്ടതിനെക്കുറിച്ച് ഒരക്ഷരം പറയാതെ പോകുമ്പോൾ അത് അധികാരത്തിന്റെ ഭാഗമായി മാറുന്നുവെന്നുള്ളത് ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. ഞാൻ മറിച്ചൊന്നും പറഞ്ഞില്ല. തെറ്റായി ധരിക്കരുത്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അതിലേയ്ക്കൊന്നുമല്ല കടക്കുന്നത്. ഈ പ്രയോഗം ശരിയായിരുന്നോ എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. അത് റെക്കോർഡിലുണ്ടാകുന്നത് വലിയ അപകടമാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം*.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിന് സഹായിക്കാത്തതുകൊണ്ട് ഇന്ത്യൻ വിപ്ലവത്തെ വഞ്ചിക്കുകയാണ് സി.പി.ഐ. (എം) എന്നാണ് പറഞ്ഞത്.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ6202/ഇ.ബി/2019/ നി.സെ. തീയതി 5-11-2019 ) സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ പറഞ്ഞതിൽ നിന്നും ഈ ചെയറിലിരുന്നിട്ട് എനിക്ക് മനസ്സിലായത്, കമ്മ്യൂണിസമെന്ന് കേൾക്കുമ്പോൾ എല്ലാം ഒരു പാർട്ടിയാണെന്ന് കരുതരുതെന്നാണ് അവർ പറഞ്ഞു കൊണ്ടിരിക്കുന്നത്. മാവോയിസവും കമ്മ്യൂണിസവുമെല്ലാം ഒന്നാണെന്ന് കരുതരുതെന്നാണ് അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നാണ് എനിക്ക് മനസ്സിലായത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതിൽ ഒളിഞ്ഞിരിക്കുന്ന, ശരിയായിത്തന്നെ ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടിയ ഒരു പ്രശ്നമുണ്ട്. അത് കോൺഗ്രസ് പാർട്ടി ഇപ്പോൾ ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാവോയിസ്റ്റ് ഗ്രൂപ്പുകളെ പിന്തുണയ്ക്കുന്നുവെന്ന സന്ദേശമാണ് കൊടുക്കുന്നത്. അവർക്കെതിരായ നിലപാട് സ്വീകരിക്കുന്നവർ ഒറ്റുകാരെന്നാണ് അദ്ദേഹം പറയുന്നത്. അത് കോൺഗ്രസ് പാർട്ടി ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. അതോടൊപ്പം ബഹുമാന്യനായ അംഗത്തിനുള്ള ധാരണാപിശക് സി.പി.ഐ.(എം) എന്നുപറഞ്ഞാൽ ഇപ്പോഴല്ല, എല്ലാക്കാലത്തും ഇടത് തീവ്രവാദപരമായ നിലപാടുകളെ തള്ളിപ്പറഞ്ഞിട്ടുണ്ട്. ശക്തിയായി ഏറ്റുമുട്ടിയിട്ടുണ്ട്. അതിന്റെ ഭാഗമായി മാവോയിസ്റ്റുകളുടെ കൊലക്കത്തിക്ക് ഇരയായിട്ടുണ്ട്. ആ ത്യാഗസമ്പൂർണ്ണമായ ഒരു ഭൂതകാലവും ഞങ്ങൾക്കുണ്ട്. അങ്ങ് അക്കാര്യം ശരിയായി മനസ്സിലാക്കാത്തതുകൊണ്ടാണ്. പ്രതിപക്ഷാംഗങ്ങളുടെ ചോദ്യത്തെ തുടർന്നാണ് വിശദമായി ഈ വിഷയത്തിലേക്ക് കടന്നുപോയിട്ടുള്ളത്. ഇങ്ങനെയൊക്കെ നിൽക്കുമ്പോഴും ഏഴുപേർ കൊല്ലപ്പെട്ടത് നന്നായിയെന്ന ഒരു സ്വരവും ഞങ്ങളുടെ ഭാഗത്തുനിന്നും വന്നിട്ടില്ല. എല്ലാ മനുഷ്യരുടെയും കൊലപാതകം വേദനിപ്പിക്കലാണ്. അത് ഏറ്റുമുട്ടലിൽ സംഭവിച്ചതാണെന്നാണ് ഇപ്പോൾ നമുക്ക് മനസ്സിലാകുന്നത്. മറിച്ചാണെങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി പുറത്തുവരട്ടെ. ഒരിക്കലും തെറ്റായ നടപടികളിലേയ്ക്ക് പോലീസ് പോകുന്നതിനെ പിന്തുണയ്ക്കുന്ന ഒരു രാഷ്ട്രീയ സംവിധാനമല്ല ഇടതുമുന്നണിയുടേത്. പ്രതിപക്ഷാംഗങ്ങളുടെ ഈ സംശയത്തെ ഞാൻ എതിർക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ കേരളത്തിന്റെ ചരിത്രം വർഗ്ഗീസിന്റെ കൂടി ചരിത്രമാണ്, രാജന്റെ ചരിത്രമാണ്. അങ്ങേയ്ക്ക് ധാരണാപിശകുണ്ട്. എന്തുകൊണ്ടെന്നാൽ, വർഗ്ഗീസിന്റെ സംഭവമുണ്ടായപ്പോൾ ഞങ്ങൾക്ക് സംശയമുണ്ടായിരുന്നില്ല. അന്ന് കേരളത്തിൽ ഏറ്റവും പ്രചാരമുള്ള പത്രം റിപ്പോർട്ടുചെയ്തത് 'തിരുനെല്ലിയിലെ കാട്ടിൽ ഘോരസംഘട്ടനം' ആ വാക്കാണ് ഉപയോഗിച്ചത്. പക്ഷേ, ദേശാഭിമാനി പത്രത്തിൽ റിപ്പോർട്ട് ചെയ്തത്, പട്ടുവം രാഘവൻ തന്റെ പേര് വച്ച് എഴുതിയ റിപ്പോർട്ടിൽ ദേശാഭിമാനി റിപ്പോർട്ട്

ചെയ്യത്, 'വർഗ്ഗീസിനെ പിടിച്ചുകെട്ടി കൊണ്ടുപോയി വെടിവച്ച് കൊന്നുവെന്നാണ്'. ഞങ്ങൾക്ക് അന്നും സംശയമുണ്ടായിരുന്നില്ല. പിന്നീടാണ് നിങ്ങൾക്ക് സംശയമുണ്ടായത്. അന്ന് സംശയമുള്ളവർക്കാണ് ദൂരീകരിക്കപ്പെട്ടത്. ഞങ്ങൾക്ക് അന്ന് സംശയമുണ്ടായിട്ടില്ല. ആ ചരിത്രം മനസ്സിലുള്ളതുകൊണ്ട് ഇതും വ്യാജ ഏറ്റുമുട്ടലാണോയെന്ന് തോന്നലുണ്ടാകാം. ആ തോന്നലിനെ തള്ളിപ്പറയുന്നില്ല. അന്വേഷണം നടക്കട്ടെ. അങ്ങനെ തെറ്റായ പ്രവണത ഇപ്പോൾ ഉണ്ടായിട്ടുണ്ടെങ്കിൽ നമുക്ക് ആ പോലീസിനെയും തിരുത്തേണ്ടതുണ്ട്. തെറ്റായ ഒരു നടപടിയെയും ഒരു നിലപാടിനെയും ആരും പിന്തുണയ്ക്കില്ല. അതിനപ്പുറത്തേക്ക് ഞാൻ പറഞ്ഞതിൽ ഒറ്റക്കാര്യമേയുള്ളൂ. മാവോയിസ്റ്റുകളെ മഹത്വവൽക്കരിക്കുന്നത് അറിഞ്ഞോ അറിയാതെയോ ആരുടെ ഭാഗത്തുവന്നാലും അത് നമ്മുടെ രാജ്യത്തോട് ചെയ്യുന്ന അനീതിയാണ്, രാജ്യസുരക്ഷയെ ബാധിക്കുന്നതാണ്. ഇന്ത്യൻ സമൂഹത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾക്ക് അത് എതിരുമാണ്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്തോളൂ.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. മാവോയിസ്റ്റുകളെ പ്രതിപക്ഷാംഗങ്ങൾ ന്യായീകരിക്കുന്നു എന്ന തരത്തിലുള്ള വർത്തമാനമാണ് കഴിഞ്ഞ രണ്ടുദിവസമായി ഇവിടെ നടക്കുന്ന ചർച്ചകളിൽ ഭരണപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ഞങ്ങളുടെ ബഹുമാന്യരായ നേതാക്കളടക്കം കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ. മാവോയിസ്റ്റ് അക്രമങ്ങളെ ഞങ്ങൾ നഖശിഖാന്തം എതിർക്കുകയാണ്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ഇത് പറഞ്ഞതാണ്. മാവോയിസ്റ്റുകളെ ഞങ്ങൾ ന്യായീകരിക്കുകയാണെന്ന് വീണ്ടും ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയാണ്. അതുകൊണ്ട് സഭാരേഖകളിൽ അതുണ്ടാകാൻ പാടില്ല. മാവോയിസ്റ്റ് അക്രമങ്ങളെ ഞങ്ങൾ ന്യായീകരിച്ചതായ രീതിയിലുള്ള പരാമർശങ്ങൾ സഭാ രേഖകളിൽ ഉണ്ടാകാൻ പാടുള്ളതല്ല.

മി. സ്പീക്കർ: നിങ്ങളുടെ ഭാഗം വിശദീകരിക്കാൻ അവകാശമുണ്ട്, അവസരമുണ്ട്. അതും രേഖകളിലുണ്ടാകും. ശ്രീ. എം. സ്വരാജ്, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാന്യനായ കോവളം നിയമസഭാംഗം ഇവിടെ ചൂണ്ടിക്കാണിച്ചതിനെ ഞാൻ പോസിറ്റീവായിട്ടാണ് കാണുന്നത്. അവർ

ആഗ്രഹിക്കാത്ത ഒരു കാര്യം അവരുടെ തലയിൽ വച്ചുകെട്ടാൻ എനിക്ക് ഉദ്ദേശ്യമില്ല. പക്ഷേ, അദ്ദേഹം എന്നോട് പറഞ്ഞതായിട്ടല്ല എനിക്ക് ഫീൽ ചെയ്തത്. ഇന്നത്തെ മാവോയിസ്റ്റ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കാതിരുന്നാൽ അത് ഒറ്റുകാരുടെ പണിയാണ് എന്നാണ് വണ്ടൂർ അംഗം പറഞ്ഞത്. അവരെ പിന്തുണയ്ക്കണമെന്നുള്ള അഭിപ്രായമാണ് അദ്ദേഹം പറഞ്ഞത്. അവർക്കിടയിലുള്ള ആശയക്കുഴപ്പം അവർ ചർച്ച ചെയ്ത് പരിഹരിക്കട്ടെ.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.....

ശ്രീ. എം. സ്വരാജ്: സർ, അവർ ശരിയായ നിലപാട് സ്വീകരിക്കട്ടെയെന്നേ എനിക്ക് പറയാനുള്ളൂ. ഞാൻ ബില്ലിലേയ്ക്ക് തിരിച്ചുവരികയാണ്. ഈ ബില്ലിനെ ഇവിടെ കണിശമായി എതിർക്കുകയുണ്ടായി. ആദ്യ ഭാഗം മുഴുവൻ ഞാൻ ഈ ബില്ലിനെ സംബന്ധിച്ചുതന്നെയാണ് വിശദീകരിച്ചത്. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു എതിർപ്പ്? എതിർപ്പിന്റെ കാര്യം ഈ ബിൽ അവതരിപ്പിച്ചത് ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീൽ ആണ് എന്നതാണ്. അത് ലീഗ് രാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്. എത്രമാത്രം അസഹിഷ്ണുതയാണ് ലീഗ് ഇവിടെ പ്രകടിപ്പിക്കുന്നത്. ഓരോ ഘട്ടത്തിലും ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രസംഗിക്കാനും മറുപടി പറയാനും എഴുന്നേറ്റാൽ എത്രവലിയ അസഹിഷ്ണുതയാണ് ആ ഭാഗത്തുനിന്ന് കടന്നുവരുന്നത്. എന്താണ് പ്രശ്നം? ലീഗിന്റെ ശക്തിസ്വാധീന കേന്ദ്രങ്ങളിൽ മറ്റൊരാളും തല ഉയർത്തുന്നത് അവർക്ക് ഇഷ്ടപ്പെടുന്നില്ല. അവരുടെ പ്രമുഖനായ ഒരു നേതാവിനെ തോൽപ്പിച്ചു എന്നല്ലാതെ ഡോ. കെ. ടി. ജലീൽ എന്ത് തെറ്റാണ് ചെയ്തത്? നിങ്ങളുടെ കൂട്ടത്തിൽനിന്ന് ഒരാൾ പുറത്തുപോയാൽ അയാൾ ഒരു കാലത്തും ഗതി പിടിക്കരുത് എന്നതാണ് ഇവരുടെ കാഴ്ചപ്പാട്. ഇക്കാര്യത്തിൽ മാത്രമല്ല, കുറച്ചുനാൾമുമ്പ് കേരളത്തിൽ വലിയ വിവാദമായി കൊണ്ടുവന്നല്ലോ ബന്ധുനിയമനം. ഞങ്ങൾ കോടതിയിൽ പോയി കാണിച്ചുതരും എന്ന് അവസാനം വെല്ലുവിളിച്ചു പറഞ്ഞു. കോടതിയിൽ പോയിട്ടെന്താണ് സംഭവിച്ചത്? അതിന്റെ പരിണിതി നമുക്കറിയാം. ഡോ. കെ. ടി. ജലീലിനെ ഞങ്ങൾ ബഹിഷ്കരിക്കുന്നു എന്ന് അവർ തീരുമാനിച്ചു. ഇപ്പോൾ ഈ ചർച്ചയിൽ ലീഗ് അംഗങ്ങളൊക്കെ പങ്കെടുത്തു, ആരും ബഹിഷ്കരിച്ചിട്ടില്ല, നല്ല കാര്യം. പക്ഷേ, ബഹിഷ്കരിക്കുന്നു എന്ന് പ്രഖ്യാപിച്ചു. ലീഗിന്റെ സമുന്നതരായ നേതാക്കൾക്കൊക്കെ വിദ്യാഭ്യാസ മന്ത്രിയോടൊപ്പം വരാം, പരിപാടിയിൽ പങ്കെടുക്കാം. മലപ്പുറം ജില്ലയിലെ ഒരു പാവപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ച് ജയിച്ച ആളാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യാൻ വന്നപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് ആ വേദിയിൽ വന്നു. അവർ അന്നുമുതൽ ആ പഞ്ചായത്ത്

പ്രസിഡന്റിനെ ഉപദ്രവിക്കുകയാണ്. കഴിഞ്ഞ ദിവസം, ഗ്രാമസഭാ യോഗത്തിൽവച്ച് ലീഗുകാർ ആ പട്ടികജാതിക്കാരിയായ വനിതാ പഞ്ചായത്ത് പ്രസിഡന്റിനെ അടിച്ചവശയാക്കി. അവരെ ഇപ്പോൾ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ഈ മന്ത്രിയോടൊപ്പം വേദി പങ്കിട്ടതിനാണ് ഇങ്ങനെ സംഭവിച്ചത്. ഇങ്ങനെ അസഹിഷ്ണുത ഉണ്ടാകാൻ പാടുണ്ടോ; ഈ അസഹിഷ്ണുതയുടെ പേര് രാഷ്ട്രീയമെന്നാണോ? ഇത് ഇവിടെ മാത്രമുള്ള പ്രശ്നമല്ല. കഴിഞ്ഞ ദിവസം താനൂരിലെ കാര്യം ഇവിടെ ചർച്ച ചെയ്തു. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് കരളലിയിക്കുന്ന രൂപത്തിൽ ഒരു കൊലപാതകത്തെപ്പറ്റി ഇവിടെ പറഞ്ഞു. ഞാൻ പൂർണ്ണമായും യോജിക്കുന്നു. എല്ലാ അക്രമങ്ങളും സംഘർഷങ്ങളും ഇല്ലായ്മ ചെയ്യപ്പെടേണ്ടതാണ്, നിരുത്സാഹപ്പെടുത്തേണ്ടതാണ്. ആ കാര്യത്തിലൊന്നും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. പക്ഷേ, എല്ലാ അക്രമങ്ങളെയും ഒരുപോലെ കാണണ്ടേ? താനൂരിലെ തീരപ്രദേശത്ത് ഇപ്പോൾ പ്രശ്നം ഉണ്ടാകാൻ കാരണമെന്താണ്? കയ്യടക്കി വച്ചിരുന്ന ഒരു സീറ്റ് നഷ്ടപ്പെട്ടു. അവിടെ പുതിയ ഒരാൾ ജയിച്ചു. അന്നുമുതൽ ആരംഭിച്ചില്ലേ അവിടെ ആക്രമണം? അവിടെ ഇപ്പോൾ നടന്ന കൊലപാതകം മാത്രമല്ല. ഞാൻ ആ മേഖലയിൽ പോയിരുന്നു. ഞാൻ ഇപ്പോഴും ഓർക്കുന്നു, അക്കു എന്ന് വിളിക്കപ്പെടുന്ന അഫ്സൽ എന്ന ചെറുപ്പക്കാരൻ ശരീരം മുഴുവൻ വെട്ടിനുറുക്കപ്പെട്ട്, അസ്ഥിയും മാംസവും കഷണങ്ങളായി നുറുക്കപ്പെട്ട്, അസ്ഥികളെക്കാൾ കൂടുതൽ കമ്പി ശരീരത്തിലിട്ട്, തിരിഞ്ഞുകിടക്കാൻപോലും ആകാതെ ഒരേ കിടപ്പിലാണ്. അക്കുവിന്റെ കാര്യം മാത്രമല്ല, അസറുദ്ദീൻ, നിസാർ, അക്ബർ, ഷംസു അഞ്ചുടി, ഷെബീർ, അർഷാദ് ഇത്രയും ചെറുപ്പക്കാർ ജീവിതത്തിൽ ഇനി ഒരിക്കലും അദ്ധ്വാനിച്ച് ജീവിക്കാൻ കഴിയാത്തവിധം കിടപ്പുരോഗികളായി, ശരീരത്തിൽ മുഴുവൻ കമ്പിയിട്ട് തിരിഞ്ഞ് കിടക്കാൻപോലും കഴിയാത്ത ജീവച്ഛവങ്ങളായി കഴിയുകയാണ്. ഈ കണ്ണീർ കാണണ്ടേ? ആ മേഖലകളിൽ നമുക്ക് ഒരുമിച്ച് പോയി കാര്യമെന്താണെന്ന് അന്വേഷിക്കാം, ഈ അക്രമത്തിനെതിരായ ഒരു നിലപാട് എല്ലാവരും ഒരുമിച്ച് സ്വീകരിക്കാം. എന്താണ് പ്രശ്നം? ലീഗിന് എവിടെയെങ്കിലും സ്വാധീനമുണ്ടെങ്കിൽ മറ്റൊരാൾ അവിടെ ജയിച്ചുവന്നാൽ അംഗീകരിക്കില്ല. അവിടെ തുടങ്ങി ഈ കലാപം. ഈ അസഹിഷ്ണുത അവസാനിപ്പിക്കണം. അത് ഈ ബില്ലിലും ഈ മന്ത്രിയോടും പ്രകടമാണ്. അവരെ സംബന്ധിച്ചിടത്തോളം 'എന്ത് യൂണിവേഴ്സിറ്റി, എന്ത് രജിസ്ട്രാർ, ഡോ. കെ. ടി. ജലീൽ കൊണ്ടുവന്ന ഒരു ബിൽ, എന്നാൽ ശരി' എന്ന നിലപാടാണ്. ഇത് രാഷ്ട്രീയത്തിന് ഭൂഷണമല്ല. ഇത് നമ്മുടെ നാടിനെ മുന്നോട്ട് നയിക്കുകയുമില്ല. ഞാൻ ചുരുക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ ചരിത്രത്തിലെ

ശ്രദ്ധേയമായ നേട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലഘട്ടമാണിത്. അതാണ് ഞാൻ തുടക്കത്തിൽ വിശദീകരിച്ചത്. അതിന് തിലകക്കുറി ചാർത്തുമാറാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ജനവിരുദ്ധമായ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ, ഏകാധിപത്യ സ്വഭാവത്തിന്റെ അടിവേരറുക്കുന്ന ചരിത്രപ്രസിദ്ധമായ ഈ ബിൽ വന്നിരിക്കുന്നത്. ഇത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ജനാധിപത്യം ഉറപ്പുവരുത്തുന്നതിനും കൂടുതൽ സർഗ്ഗാത്മകമായ വികാസത്തിനും കാരണമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ഈ ഭേദഗതിയെ പിന്തുണയ്ക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഈ രണ്ട് ബില്ലുകളുടെയും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചു. ഈ ബില്ലിന്റെ സ്പിരിറ്റിനെ ഉൾക്കൊള്ളാൻ പ്രതിപക്ഷ നിരയിലെ അംഗങ്ങൾക്ക് സാധിച്ചില്ലെന്നുള്ളത് വ്യസനത്തോടുകൂടിയാണ് ഞാൻ പറയുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ പ്രകാരമാണ് സംസ്ഥാനത്ത് ഒമ്പത് സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളായ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ നിയമനം നാല് വർഷമായി നിജപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ മുന്നോട്ടുവന്നത്. രാജ്യത്തെ പ്രശസ്തമായ പല സർവ്വകലാശാലകളിലും കേന്ദ്ര സർവ്വകലാശാലകളിലും ഐസർ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമനം അഞ്ച് വർഷത്തേയ്ക്കാണ് എന്ന് അവരുടെ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്കൃത സർവ്വകലാശാലയെക്കുറിച്ച് ഇവിടെ പറഞ്ഞു. സംസ്ഥാനത്തെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ രജിസ്ട്രാറുടെ നിയമന കാലാവധി നിലവിൽ നാല് വർഷമാണ്. ആ സർവ്വകലാശാലാ ബിൽ കൊണ്ടുവന്നത് ആരാണെന്ന് ഇവിടെ സൂചിപ്പിച്ചല്ലോ. നിങ്ങൾ പറഞ്ഞ വാദങ്ങൾ അർത്ഥവത്തായിരുന്നുവെങ്കിൽ മറ്റ് സർവ്വകലാശാലകളുടേതിന് സമാനമായി അനന്തമായ കാലാവധിയായി അത് നിശ്ചയിക്കാമായിരുന്നില്ലേ? സത്യത്തിൽ, നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ സർവ്വകലാശാലകളിലെയും വി.സി., പി.വി.സി.-മാരുടെയൊക്കെ കാലാവധി നാല് വർഷമാണ്. സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയുടേതെല്ലാം ക്ലിപ്തപ്പെടുത്തിയ കാലാവധിയാണ്. ആ കാലാവധിക്കനുസൃതമായി സ്റ്റാറ്റ്യൂട്ടറി പദവികളിലിരിക്കുന്നവരുടെ കാലാവധിയും കൊണ്ടുവരണം എന്നുമാത്രമേ ഉദ്ദേശിച്ചുള്ളൂ. സർവ്വകലാശാലകളുടെ അക്കാദമിക മികവ് മെച്ചപ്പെടുത്തുക, പ്രഗത്ഭരായ ആളുകളുടെ സേവനം സർവ്വകലാശാലകൾക്ക് പ്രയോജനപ്പെടുത്തുക എന്നിവയാണ് ഉദ്ദേശ്യം. പത്തും പതിനഞ്ചും ഇരുപതും

വർഷം ഒരേ തസ്തികകളിൽ 'ഞങ്ങളെ തൊടാൻ ആർക്കും കഴിയില്ല' എന്നുള്ള ഭാവത്തിലിരുന്നാൽ ഉണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവങ്ങളിലൂടെ നമ്മളൊക്കെ കണ്ടറിഞ്ഞിട്ടുള്ളതാണ്. ഒരു വിദ്യാർത്ഥി എന്നുള്ള നിലയിലും അദ്ധ്യാപകൻ എന്നുള്ള നിലയിലും കാലിക്കറ്റ് സർവ്വകലാശാലയിൽ പോയ ഘട്ടങ്ങളിൽ പല സന്ദർഭങ്ങളിലും എനിക്കും അത് വ്യക്തിപരമായി അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ ഒമ്പത് സർവ്വകലാശാലകളിലെയും ഭരണ സമിതികളുടെ കാലാവധി നാല് വർഷമാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയോടൊപ്പം മേൽപ്പറഞ്ഞ ഘടകങ്ങളും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയുടെ കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കുന്നതിനു വേണ്ടിയാണ് സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമന കാലാവധി നാല് വർഷക്കാലമായി പരിമിതപ്പെടുത്തിയത്. ഈ നിയമം ഓർഡിനൻസായി വിളംബരം ചെയ്തപ്പോൾ ആയത് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് അഞ്ച് കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ ഈ കേസ്സുകളിലൊന്നിലും സ്റ്റേ അനുവദിച്ചില്ലെന്നുമാത്രമല്ല, സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമന കാലാവധി നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിന് പൂർണ്ണ അധികാരമുണ്ടെന്ന് കോടതി വിധി പ്രസ്താവിക്കുകയും ചെയ്തു. ഓർഡിനൻസിൽ നിയമവിരുദ്ധമായി ഒന്നുമില്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും വിധി പ്രസ്താവിച്ചത് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും അംഗീകരിച്ച ഒന്നിനെയാണ് ഇന്നിവിടെ മുടിനാരിഴ കീറി അതിരൂക്ഷമായി വിമർശിക്കാൻ ബഹുമാനപ്പെട്ട ചില അംഗങ്ങൾ മുന്നോട്ടുവന്നത്. നിങ്ങളുയർത്തുന്ന വാദഗതിയിൽ എന്തെങ്കിലും ന്യായം ഉണ്ടായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിലല്ലേ അത് വെളിവാക്കപ്പെടേണ്ടിയിരുന്നത്; ബഹുമാനപ്പെട്ട ഹൈക്കോടതിയല്ലേ അത് മനസ്സിലാക്കേണ്ടിയിരുന്നത്? അഞ്ച് കേസ്സുകളും തള്ളി. വഴിയാധാരമായ ആളുകളുണ്ട് എന്ന് ഇവിടെ സൂചിപ്പിച്ചു. ഒരിക്കലും അവരെ വഴിയാധാരമാക്കില്ല. സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് അവരെ സംരക്ഷിക്കും എന്ന് കോടതിക്ക് ഉറപ്പുനൽകിയിരുന്നു. ആ ഉത്തരവ് പാലിക്കാൻ സാധിച്ച എന്നുള്ള കൃതാർത്ഥതയിലാണ് ഈ ബിൽ ഇന്നിവിടെ അവതരിപ്പിച്ചത്. ആരെയും വഴിയാധാരമാക്കുകയോ ആർക്കും എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയോ ചെയ്യുകയെന്നുള്ളത് സർക്കാരിന്റെ ലക്ഷ്യമേ ആയിരുന്നില്ല.

ഞങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകളെ തിരുകിക്കയറ്റാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്ന് പ്രതിപക്ഷം ആരോപിക്കുകയുണ്ടായി. ഞങ്ങൾക്കെന്നല്ല, ഒരാളുടെയും ഇഷ്ടക്കാരെ എക്കാലത്തേയ്ക്കുമായി വയ്ക്കാനുള്ളതല്ല. നാല് കൊല്ലമല്ലേ ഈ പദവിയിൽ ആർക്കായാലും ആരെയാണെങ്കിലും നിയമിക്കാൻ കഴിയുകയുള്ളൂ. ധാരാളം രജിസ്ട്രാർമാരും കൺട്രോളർ ഓഫ് എക്സാമിനേഷൻസും ഫിനാൻസ് ഓഫീസർമാരും നമുക്കുണ്ടാവട്ടെ. അത് നമ്മുടെ സർവ്വകലാശാലകളുടെ ഔന്നത്യം വർദ്ധിപ്പിക്കുകയേ ഉള്ളൂ. ഉന്നത വിദ്യാഭ്യാസ രംഗം, പ്രത്യേകിച്ച്, സർവ്വകലാശാലകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയ കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിച്ചു. സർക്കാർ എയ്ഡഡ് കോളേജുകളിൽ സീറ്റുകളിൽ കാലങ്ങളായിട്ടുണ്ടായിരുന്ന അവരുടെ ഇൻടേക്കുകൾ വർദ്ധിപ്പിച്ചു. ഡിഗ്രി-പി.ജി. കോഴ്സുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷം പതിനയ്യായിരത്തിലധികം സീറ്റുകളാണ് വർദ്ധിച്ചത്.

4.00 P.M.]

ശ്രീ. എം. ഉമ്മർ: സർ, നാല് വർഷം പൂർത്തിയാക്കിയ ഒരാൾക്ക് വീണ്ടും പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് എന്നു പറഞ്ഞാൽ അദ്ദേഹത്തിന് നാല് വർഷം എന്നുള്ള കാലയളവ് പോകുകയല്ലേ; അപ്പോൾ ആ പ്രിൻസിപ്പിൾ അതിൽ നിന്നും പോകുകയല്ലേ?

ഡോ. കെ. ടി. ജലീൽ: സർ, അല്ല. നാല് വർഷം കഴിഞ്ഞാൽ ആ പോസ്റ്റിലേക്ക് അഡ്വർടൈസ് ചെയ്യും. അപ്പോൾ ഒരുപാട് ആളുകൾ അപേക്ഷ കൊടുക്കും. ആ സന്ദർഭത്തിൽ അതിൽ ഏറ്റവും കൂടുതൽ യോഗ്യതയുള്ള ആളിനെ ഇന്റർവ്യൂ നടത്തിയാണ് നിയമിക്കുന്നത്. ഇദ്ദേഹം നല്ല പെർഫോമൻസ് നടത്തിയിട്ടുള്ള ഒരാളാണെങ്കിൽ അദ്ദേഹത്തിന് വേണമെങ്കിൽ കൊടുക്കാം. മോശക്കാരനായിട്ടുള്ള ഒരാളാണെങ്കിൽ അദ്ദേഹത്തെ നിരാകരിക്കാം. പുതിയ ആളുകളെ വയ്ക്കാം. നാല് വർഷം എന്നുള്ളത് ഒരു ടേം ആണ്. ആ ടേമിൽ ഒരാൾക്കേ ഇരിക്കാൻ കഴിയുകയുള്ളൂ......(മൈക്ക് ഓഫ്)..... പുനർനിയമനം കൊടുക്കാം എന്നല്ല പറയുന്നത്. പുനർനിയമനത്തിന് അർഹതയുണ്ടെന്നു പറഞ്ഞാൽ അയാളെ തുടർന്നും ആ പോസ്റ്റിൽ ഇരിക്കാൻ അനുവദിക്കും എന്നല്ല അർത്ഥം. നാല് വർഷം കാലാവധി നിശ്ചയിക്കും. അത് കഴിഞ്ഞാൽ അയാൾ ആ പോസ്റ്റിലേക്ക് അനർഹനല്ല എന്നേ പറഞ്ഞുള്ളൂ. നാല് വർഷ കാലാവധി ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് അങ്ങ് പറഞ്ഞതു പോലെ നമ്മുടെ സംസ്കൃത സർവ്വകലാശാലയിൽ ലീഗിന്റെ മന്ത്രി കൊണ്ടുവന്ന സർവ്വകലാശാലാ

ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ പരസ്പരം അംഗീകരിക്കാത്ത സാഹചര്യം നിലവിലുണ്ടായിരുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, മറ്റ് ഡിപ്പാർട്ടുമെന്റിലേക്ക് പോയപ്പോൾ അവരുടെ വേക്കൻസി അവിടെ നികത്തപ്പെട്ടു കഴിഞ്ഞിരിക്കുകയാണ്. നിലവിൽ അവരെ പിരിച്ചുവിട്ടിരിക്കുകയാണ്. അവർ ഇനി എന്തുചെയ്യും?

ഡോ. കെ. ടി. ജലീൽ: സർ, അവരുടെ ആനുകൂല്യങ്ങളെല്ലാം പ്രൊട്ടക്ട് ചെയ്തുകൊണ്ടാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മിനിഞ്ഞാന്ന് ഇറങ്ങിയിട്ടുള്ള ഓർഡറിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ...(മൈക്ക് ഓഫ്)......സൂപ്പർന്യൂമററി പോസ്റ്റല്ലേ ഇത്. കുറേയായി വരുന്ന ഫയലിന്റെ പരിസമാപ്തി എന്നുള്ള നിലയിലാണ് അക്കാര്യത്തിൽ തീരുമാനമായിട്ടുള്ളത്. ഇവർക്ക് ഒരുകാരണവശാലും പ്രതികൂലമായി ഒന്നുമുണ്ടാകില്ല. ഇവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കുമെന്ന് കോടതിയിലും സർക്കാർ പറഞ്ഞിരുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, അൻപതും അൻപത്തിനാലും വയസ്സുള്ള ആളുകൾക്ക് ജോലി ചെയ്യാതെ സാലറി ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും കിട്ടുമെന്ന് പറഞ്ഞാൽ, അവിടെയാണ് സംശയം. അവരുടെ ക്രിയേറ്റിവിറ്റി അവർ എവിടെയാണ് ഉപയോഗിക്കേണ്ടത്? അവർക്ക് ജോലി ചെയ്യണ്ടേ?

ഡോ. കെ. ടി. ജലീൽ: സർ, തീർച്ചയായും അവരുടെ ക്രിയേറ്റിവിറ്റി ഉപയോഗിക്കാൻ സാധിക്കും. അത്തരത്തിൽ ഒരാശങ്കയും ബഹുമാനപ്പെട്ട അംഗത്തിന് ഉണ്ടാകേണ്ട കാര്യമില്ല. വളരെ വ്യക്തമായി നമ്മൾ ഈ ഓർഡറിൽ അതിന്റെ എല്ലാ ടേംസ് ആന്റ് കണ്ടീഷൻസും പറഞ്ഞിട്ടുണ്ട്.

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ പരസ്പരം അംഗീകരിക്കാത്ത പ്രശ്നമുണ്ടായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും ഡിഗ്രി കഴിഞ്ഞാൽ കേരള യൂണിവേഴ്സിറ്റിയിൽ പി.ജി.ക്ക് ചേരാൻ കഴിയാത്ത അവസ്ഥ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും പി.ജി. കഴിഞ്ഞാൽ മറ്റ് കോഴ്സുകൾക്ക് നമ്മുടെ സംസ്ഥാനത്തുതന്നെയുള്ള മറ്റ് സർവ്വകലാശാലകളിൽ ത്തന്നെ ചേരാൻ സാധിക്കാത്ത അവസ്ഥ. കാരണം ഇക്വലൻസി സർട്ടിഫിക്കറ്റ് വേണമായിരുന്നു. അങ്ങനെ ഇക്വലൻസി സർട്ടിഫിക്കറ്റ് വേണ്ട എന്ന് എല്ലാ സർവ്വകലാശാലകളും തീരുമാനിക്കുന്ന സ്ഥിതിയുണ്ടായി. ഇന്ന് കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ കോഴ്സുകൾ പരസ്പരം അംഗീകരിക്കണമെന്ന്

മാത്രമല്ല ഇന്ത്യയിലെ പ്രശസ്തമായ സർവ്വകലാശാലകൾ, യു.ജി.സി. വളരെ നല്ല റാങ്കിംഗ് കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നൊക്കെ വരുന്ന ആളുകളോട് ഇക്വലൻസി സർട്ടിഫിക്കറ്റ് ചോദിച്ചിരുന്ന അവസ്ഥയ്ക്ക് അന്ത്യം കുറിക്കുവാൻ സാധിച്ചുവെന്നുള്ളത് ഒരു ചെറിയ കാര്യമായി കാണാൻ സാധിക്കില്ല. ഈ സർക്കാർ നടത്തിയ വൈസ് ചാൻസലർ നിയമനങ്ങളൊന്നും വിവാദമായില്ല. ഏറ്റവും മികച്ച അക്കാദമിക പണ്ഡിതന്മാരെ കണ്ടെത്തിയാണ് വൈസ് ചാൻസലർ പദവികളിൽ നിയമിച്ചത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈസ് ചാൻസലർ നിയമനങ്ങളിൽ വലിയ ആരോപണങ്ങൾ ഉണ്ടായത് ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ക്ലാസ്സ് മുറികളിൽനിന്നും വിദ്യാർത്ഥികളിൽനിന്നും അകന്ന് നിൽക്കാൻ കഴിയാത്ത അറിവ് ഉൽപ്പാദനത്തിൽ നേരിട്ട് പങ്കാളികളാകുന്ന വൈസ് ചാൻസലർമാർ ഇപ്പോൾ നമുക്കുണ്ടെന്നുള്ളതിൽ അഭിമാനിക്കാം. സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണം ആരംഭിച്ചുകഴിഞ്ഞു. മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കാനായിയെന്നുള്ളത് ഒരു വലിയ നേട്ടം തന്നെയാണ്. ഓപ്പൺ സർവ്വകലാശാല യാഥാർത്ഥ്യമാകാൻ പോകുകയാണ്. കലാലയ രാഷ്ട്രീയത്തിന് നിയമപ്രാബല്യം നൽകാൻ നടപടിയായി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക് എഞ്ചിനീയറിംഗ്, ബാച്ചിലർ ഇൻ ഡിസൈനിംഗ് എന്നിവയിൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ സംസ്ഥാനത്ത് ആദ്യമായി തുടങ്ങിയിരിക്കുന്നു. മൂന്ന് പുതിയ സർക്കാർ കോളേജുകളും അഞ്ച് എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നമ്മുടെ സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ പരിശീലനത്തിനായി 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കാനായി. എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ കേരളത്തിലെ സർവ്വകലാശാലകളും കോളേജുകളും മികച്ച മുന്നേറ്റമാണ് കാഴ്ച വച്ചത്. രാജ്യത്തെ മികച്ച നൂറ് സർവ്വകലാശാലകളിൽ കേരള സർവ്വകലാശാല 30-ൽ നിന്നും 22-ലേയ്ക്കും എം.ജി. സർവ്വകലാശാല 34-ൽ നിന്നും 30-ലേയ്ക്കും മുന്നേറിയത് ഈ കാലയളവിലാണ്. എഞ്ചിനീയറിംഗ് ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള സംസ്ഥാന പ്രവേശന പരീക്ഷകൾ ഈ വർഷം മുതൽ ഓൺലൈൻ ആക്കിക്കഴിഞ്ഞിരിക്കുന്നു. ഇതുമൂലം പരീക്ഷാ നടത്തിപ്പിന്റെ സങ്കീർണ്ണത ഒഴിവാക്കാനും ക്ലാസ്സുകൾ മുൻവർഷങ്ങളിലേതിനേക്കാൾ നേരത്തെ ആരംഭിക്കാനും സാധിച്ചു. സർവ്വകലാശാലകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങളെല്ലാം ഓൺലൈനിൽ ലഭ്യമാക്കാനുള്ള നടപടി പൂർത്തിയായിവരുന്നു. ഇതുമൂലം വിവിധ സർട്ടിഫിക്കറ്റുകൾക്കായി വിദ്യാർത്ഥികൾ സർവ്വകലാശാലകൾ കയറിയിറങ്ങുന്ന ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കാൻ സാധിക്കും. മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, കോളേജ് മാറ്റം, തുല്യതാ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകൾ, ഹാൾ ടിക്കറ്റ്, പ്രൊവിഷണൽ

സർട്ടിഫിക്കറ്റുകൾ എന്നിവയെല്ലാം മിക്ക സർവ്വകലാശാലകളും ഓൺലൈനിൽ ആക്കിക്കഴിഞ്ഞു. മുൻകാലങ്ങളിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആരംഭിച്ച ഒന്നാം വർഷ പി.ജി. ക്ലാസ്സുകൾ ഈ വർഷം ജൂൺ 17-ന് ആരംഭിച്ചു. ജൂൺ 24-ന് ഡിഗ്രി ക്ലാസ്സുകളും തുടങ്ങി. ഇതുമൂലം സിലബസ് പൂർത്തിയാക്കി സെമസ്റ്റർ പരീക്ഷകൾ സമയബന്ധിതമായി നടത്താൻ സാധിച്ചിട്ടുണ്ട്. ഒന്നാം സെമസ്റ്റർ ഡിഗ്രി ക്ലാസ്സുകൾ ജൂൺ 24-നും ഒന്നാം സെമസ്റ്റർ പി.ജി. ക്ലാസ്സുകൾ ജൂൺ 17-നും സംസ്ഥാനത്ത് എല്ലാ സർവ്വകലാശാലകൾക്ക് കീഴിലും ഒരുപോലെ ആരംഭിക്കാൻ സാധിച്ചു എന്നുള്ളത് എടുത്തുപറയേണ്ട ഒന്നാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മുമ്പ് ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് ആക്ട് പ്രകാരം നാല് വർഷമാക്കി പദവികളൊക്കെ നിജപ്പെടുത്തിയത് ലീഗ് മന്ത്രിയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇപ്പോൾ വീണ്ടും ആ വകുപ്പിലെന്തിനാണൊരു ഭേദഗതി വരുത്തുന്നത്? ഇവിടെ നിങ്ങൾ ഇപ്പോൾ ചെയ്യുന്നതിൽ കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ കൂട്ടത്തിൽ സംസ്കൃത സർവ്വകലാശാലയിലും ഭേദഗതി വരുത്തുന്നുണ്ട്. സംസ്കൃത സർവ്വകലാശാലയുടെ രജിസ്ട്രാറുടെ കാലയളവ് നാല് വർഷമാണെങ്കിൽ പിന്നെ എന്തിനാണ് ഈ ബില്ലിന്റെ ഭാഗമായി വീണ്ടും അത് ഭേദഗതി വരുത്തുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, സംസ്കൃത സർവ്വകലാശാലയിലും കുസാറ്റിലും നിലവിൽ പരീക്ഷാ കൺട്രോളർ തസ്തികയുണ്ടായിരുന്നില്ല. അത് പുതിയതായി ഈ ബിൽ വരുന്നതോടുകൂടി ഉണ്ടാകുകയാണ്. ആ തസ്തിക വരികയും ആ തസ്തികയ്ക്കും നാല് വർഷം കാലാവധി വരികയും ചെയ്യുകയാണ്. അതാണ് അതിന്റെ പ്രത്യേകത. ...(ബഹളം).... അതുസംബന്ധിച്ച് വകുപ്പ് തിരിച്ച് പരിശോധിക്കുമ്പോൾ പറയാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ...... (മൈക്ക് ഓഫ്)........

മി. സ്പീക്കർ: അതൊക്കെ വകുപ്പ് തിരിച്ച് പരിശോധിക്കുമ്പോൾ പറയും. ബിൽ സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് വരട്ടെ. അതെല്ലാം ചർച്ച നടക്കുമ്പോൾ പറഞ്ഞുകഴിഞ്ഞില്ലേ. ഇപ്പോൾ ചർച്ച കഴിഞ്ഞ് മന്ത്രി മറുപടി പറഞ്ഞുകൊണ്ടിരിക്കുകയല്ലേ.

ഡോ. കെ. ടി. ജലീൽ: സർ, യു.ഡി.എഫ്. ഭരണകാലത്ത് സർവ്വകലാശാലകളിൽ ഭരണസ്തംഭനവും അരാജകത്വവുമാണ് നിലനിന്നിരുന്നത്. ഏറ്റവും പ്രധാനപ്പെട്ട വൈസ് ചാൻസലർ നിയമനങ്ങൾ പോലും വിവാദമായി. നിശ്ചിത യോഗ്യതയില്ലാത്തവരെ വൈസ് ചാൻസലർമാരായി നിയമിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീന്റെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ മന്ത്രിയോടല്ല ബഹുമാനപ്പെട്ട സ്പീക്കറോട് പറയുകയാണ്. രജിസ്ട്രാറുടെ കാലാവധി നാല് വർഷമായി നിജപ്പെടുത്തിക്കൊണ്ടാണ് ഇവിടെ ഭേദഗതി വരുത്തുന്നത്. അങ്ങനെ ഭേദഗതി വരുത്തേണ്ട ആവശ്യം സംസ്കൃത സർവ്വകലാശാലയുടെ കാര്യത്തിലില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോഴാണ് ഞങ്ങൾക്കത് മനസ്സിലായത്. മുമ്പ് സംസ്കൃത സർവ്വകലാശാല ബിൽ വന്നപ്പോൾ അതിൽ നാല് കൊല്ലമാണെന്ന് പറയുന്നു. അങ്ങനെ പറയുന്നുവെങ്കിൽ ഈ ബില്ലിലെ അഞ്ചാമത്തെ വകുപ്പിലെന്താണ് പറയുന്നത്?

മി. സ്പീക്കർ: അത് സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് വരട്ടെ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മളൊരു അധിക വ്യായാമം വെറുതേ നടത്താൻ പാടില്ല. ഈ 140 ആൾക്കാർ ഇതിന് മൂകസാക്ഷികളാണ്.

മി. സ്പീക്കർ: അത് നടത്തിക്കഴിഞ്ഞല്ലോ, ഇനി പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അഞ്ചാമത്തെ വകുപ്പിൽ പറയുന്നത്, Amendment of the Act 5 of 1994 - In the Sree Sankaracharya University of Sanskrit Act 1994 (5 of 1994),- " The Registrar shall be a whole-time salaried officer of the University and shall be appointed, by the Syndicate for a period of four years from the date on which he enters upon his office..." ഇത് already അങ്ങനെയാണെങ്കിൽ പിന്നെ ഈ ഭേദഗതി എങ്ങനെയാണ് നിലനിൽക്കുക?

ഡോ. കെ. ടി. ജലീൽ: സർ, നാല് വർഷമെന്നുള്ളതു മാത്രമായിരുന്നു സംസ്കൃത സർവ്വകലാശാലയിലുണ്ടായിരുന്നത്.

മി. സ്പീക്കർ: സൂക്ഷ്മമായി സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് തിരിച്ച് വരട്ടെ.

ഡോ. കെ. ടി. ജലീൽ: സർ, നാല് വർഷമെന്നുള്ളതിന്റെ കൂടെ ഇപ്പോൾ മറ്റൊന്ന് കൂടിയുണ്ട്, അൻപത്തിയാറ് വയസ്സോ നാല് വർഷമോ എന്നാണ്. അതുകൊണ്ടാണ് അതുകൂടി ഇതിലേയ്ക്ക് വന്നത്. മനസ്സിലായോ? ചില സർവ്വകലാശാലകളിൽ യു.ഡി.എഫ്. നിയമിച്ച വൈസ് ചാൻസലറും സിൻഡിക്കേറ്റും തമ്മിൽ കലഹങ്ങൾ പതിവായിരുന്നു. കേരള സർവ്വകലാശാലയാണ് ഇക്കാര്യത്തിൽ ഏറ്റവും മുന്നിൽ നിന്നിരുന്നത്. ഇതിന്റെ ഫലമായി സർവ്വകലാശാലാ ഭരണരംഗത്ത് വലിയ പ്രതിസന്ധിയുണ്ടായി. സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ എന്നിവ വിളിച്ചുകൂട്ടാൻ വൈസ്

ചാൻസലർ തയ്യാറാകുന്നില്ലെന്ന് ആരോപിച്ച് യു.ഡി.എഫ്. സിൻഡിക്കേറ്റ് അംഗങ്ങൾ തന്നെ സമരരംഗത്ത് എത്തേണ്ട സ്ഥിതിയുണ്ടായത് നമുക്ക് മറക്കാൻ കഴിയില്ല. ഗവേഷണ രംഗമാകെ തകർത്തു. പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും അവതാളത്തിലായി. ഗുരുതരമായ ഈ സ്ഥിതി വിശേഷത്തിൽനിന്നാണ് എൽ.ഡി.എഫ്. സർക്കാർ സർവ്വകലാശാലകളെ കരകയറ്റിയത്. എല്ലാ യു.ജി. പരീക്ഷകളുടെയും ഫലം ഏപ്രിൽ 30-ന് മുമ്പും പി.ജി. ഫലം മെയ് 31-ന് മുമ്പും പ്രഖ്യാപിക്കുന്ന അവസ്ഥ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഉണ്ടായിരിക്കുന്നു. എൽ.എൽ.ബി., എഞ്ചിനീയറിംഗ്, പോളിടെക്നിക്കുകൾ തുടങ്ങിയ എല്ലാ ക്ലാസ്സുകളും മുൻ കാലങ്ങളെ അപേക്ഷിച്ച് വളരെ മുമ്പ് ആരംഭിക്കാൻ ഈ അദ്ധ്യയനവർഷം സാധിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനംകൊണ്ട് സാധിച്ചു. പി.എസ്.സി. മുഖേന സർവ്വകലാശാലകളിൽ 2198 അസിസ്റ്റന്റ്, 825 കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നിവരെ നിയമിച്ചു. സർക്കാർ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലായി 497 അദ്ധ്യാപക തസ്തികകൾ, 507 അനദ്ധ്യാപക തസ്തികകൾ എന്നിവ സൃഷ്ടിച്ചു. എയ്ഡഡ് കോളേജുകളിൽ കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച കോഴ്സുകൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. ഇതിനായി ആയിരത്തോളം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ഉടനെതന്നെ എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുത്ത കോഴ്സുകൾക്കുള്ള പോസ്റ്റ് ക്രിയേഷൻ നടക്കാൻ പോകുകയാണ്. പരീക്ഷാ നടത്തിപ്പും ഫല പ്രഖ്യാപനവും സമയബന്ധിതമാക്കിയതും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമന കാലാവധി ഏകീകരിച്ചതും മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാത്ത അദ്ധ്യാപകരുടെ വേതനം തടയാൻ തീരുമാനിച്ചതുമെല്ലാം പലർക്കും അനിഷ്ടമുണ്ടാക്കിയിട്ടുണ്ട്. ഇത്തരക്കാരുടെ താൽപ്പര്യ സംരക്ഷകരാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിനെതിരെ അനാവശ്യ ആരോപണങ്ങൾ ഉന്നയിക്കുന്നത്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ 24-6-2017-ൽ കൂടിയ അക്കാഡമിക് കൗൺസിലാണ് എക്സാമിനേഷൻ കമ്മിറ്റി രൂപീകരിച്ചത്. മൂല്യനിർണ്ണയ പ്രതിഫലം മുടങ്ങിയതിനെ സംബന്ധിച്ച പരാതികളുടെ അടിസ്ഥാനത്തിൽ മേൽ കമ്മിറ്റിയിൽ ഫിനാൻസ് ഓഫീസറെ ഉൾപ്പെടുത്തുന്നതിനാണ് വൈസ് ചാൻസലറുടെ ചുമതല വഹിച്ചിരുന്ന ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചത്. മേൽ കമ്മിറ്റിയുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് യാതൊരു പരാതികളുമില്ലാതെ ആദ്യ

ബി.ടെക് ബാച്ചിന്റെ പരീക്ഷാഫലം റെക്കോർഡ് വേഗത്തിൽ പ്രഖ്യാപിക്കുവാനും അതേ ദിവസംതന്നെ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനും സാധിച്ചത്. അല്ലാതെ അവിടെ അനധികൃതമായിട്ടുള്ള ഇടപെടൽ നടത്തുകയെന്നുള്ള ഉദ്ദേശമായിരുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 50 കോടി രൂപയുടെ റൂസ ഫണ്ട് നഷ്ടപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് RUSA- 1.0-ൽ 20 കോടി രൂപയാണ് ലഭിച്ചിരുന്നത്. അത് പൂർണ്ണമായും ഉപയോഗിച്ചു. RUSA 2.0-ൽ ഫണ്ട് ലഭിക്കാതിരുന്നത് പ്രധാനമായും കുറഞ്ഞ NAAC (National Assessment and Accreditation Council) സ്കോർ ഉള്ളതിനാലാണ്. എന്നാൽ വീണ്ടും എം.എച്ച്.ആർ.ഡി.-ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അനുഭാവപൂർവം പരിഗണിക്കാമെന്ന നിലപാട് എം.എച്ച്.ആർ.ഡി. എടുക്കുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. മെച്ചപ്പെട്ട NAAC സ്കോർ ലഭിച്ച RUSA 2.0-ൽ എം.ജി., കുസാറ്റ് സർവ്വകലാശാലകൾക്ക് അൻപത് കോടി രൂപ വീതം ലഭിച്ചിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാറായി ശ്രീ. സി. എൽ. ജോഷിയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിരിക്കുന്നത്. ഡെപ്യൂട്ടേഷൻ നിയമനത്തിനുവേണ്ട വ്യവസ്ഥകൾ പാലിച്ചാണ് അദ്ദേഹത്തെ നിയമിച്ചിരിക്കുന്നത്. പുളിക്കൽ എം.യു. കോളേജിലെ അഫ്സൽ-ഉലമ കോഴ്സിന്റെ പേപ്പർ നഷ്ടപ്പെട്ട വിഷയത്തിൽ ശക്തമായ നടപടി എടുത്തിട്ടുണ്ട്. ബന്ധപ്പെട്ട പരീക്ഷാ ബോർഡ് ചെയർമാനെ എല്ലാ പരീക്ഷാ ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്, പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തസ്തികകൾ ഉറപ്പാക്കാൻ ഈ ഓർഡിനൻസിലൂടെ കഴിഞ്ഞിരിക്കുന്നു. സംസ്കൃത സർവ്വകലാശാലയിലും കുസാറ്റിലും നിലവിൽ പരീക്ഷാ കൺട്രോളർ തസ്തികയില്ലായിരുന്നു. ഇപ്പോൾ കൊണ്ടുവന്ന നിയമത്തിൽ എല്ലാ സർവ്വകലാശാലകളിലും രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തസ്തികകൾ ഉറപ്പാക്കാൻ സാധിച്ചുവെന്നത് ഈ ബില്ലിന്റെ ഏറ്റവും വലിയൊരു നേട്ടമാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ സംസ്ഥാനത്തെ നിരവധി കോളേജുകൾക്ക് സ്വന്തമായി കെട്ടിടങ്ങളോ ഭൂമിയോ ഇല്ല. അത്തരത്തിലുള്ള എത്ര കോളേജുകൾക്ക് ഭൂമി കണ്ടെത്താനും കെട്ടിടം നിർമ്മിക്കാനുമാണ് ഉദ്ദേശിക്കുന്നത്, എത്ര ഫണ്ടാണ് അതിനുവേണ്ടി മാറ്റി വച്ചിരിക്കുന്നത്?

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച ഗവൺമെന്റ് കോളേജുകൾക്ക് സ്ഥലം കണ്ടെത്തുന്നതിനുവേണ്ടിയും പുതിയ

കെട്ടിടങ്ങളുണ്ടാക്കുന്നതിനുവേണ്ടിയും കിഫ്ബിയിൽ നിന്ന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. താനൂർ ഗവൺമെന്റ് കോളേജിന് സ്ഥലമേറ്റെടുക്കുന്ന പ്രക്രിയ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. തീർച്ചയായും താനൂർ കോളേജിന് സ്ഥലം ഏറ്റെടുക്കുകയും പുതിയ കെട്ടിടമുണ്ടാക്കുകയും ചെയ്യുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളും. എം.ജി. യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് പോസ്റ്റ് മോഡറേഷൻ നൽകിയെന്ന പരാതിയാണല്ലോ ഇപ്പോൾ ഉയർന്നു വന്നിരിക്കുന്നത്. അക്കാര്യത്തിൽ മന്ത്രിക്കോ മന്ത്രിയുടെ ഓഫീസിനോ യാതൊരു പങ്കുമില്ലെന്ന് അസന്ദിഗ്ദ്ധമായി നേരത്തെതന്നെ വെളിപ്പെടുത്തിയിട്ടുള്ളതാണ്. ഞാനൊരു അദ്ധ്യാപകൻ കൂടിയാണ്. അക്കാദമികമായിട്ടുള്ള താല്പര്യത്തിന്റെ പേരിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവരുടെ മുന്നിൽ പോസ്റ്റ് മോഡറേഷനെ സംബന്ധിച്ച് ഒരു പൊതുനിർദ്ദേശമാണ് എനിക്ക് വയ്ക്കാനുള്ളത്. ഈ വിഷയത്തിൽ നമുക്കിടയിൽ ഒരു ആലോചനയോ പൊതുചർച്ചയോ ആവശ്യമാണെങ്കിൽ അതിന് സർക്കാർ തയ്യാറാണ്. മോഡറേഷനെ സംബന്ധിച്ചല്ല, പോസ്റ്റ് മോഡറേഷനാണ് ഞാൻ ഉദ്ദേശിക്കുന്നത്. പോസ്റ്റ് മോഡറേഷൻ 2012-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്നിട്ടുണ്ട്. അന്ന് സിൻഡിക്കേറ്റിൽ ബഹുമാന്യനായ ആബിദ് ഹുസൈൻ തങ്ങളല്ല ഉണ്ടായിരുന്നത്, ശ്രീ. ടി. വി. ഇബ്രാഹിമായിരുന്നു. എനിക്കൊരു ചെറിയ പിഴവുപറ്റിയതാണ്. 2012-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇരുപത് മാർക്കാണ് പോസ്റ്റ് മോഡറേഷനായി നൽകാൻ തീരുമാനിച്ചത്. ആർക്കൊക്കെയാണ് ഇതിന്റെ നേട്ടം കിട്ടുക എന്ന് മുൻകൂട്ടി അറിയാൻ സാധിക്കുമെന്നുള്ളതാണ് പോസ്റ്റ് മോഡറേഷന്റെ ഒരു പ്രശ്നം. അത് 2012-ൽ നടന്നാലും 2019-ൽ നടന്നാലും കുസാറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നടന്നാലും ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്. പോസ്റ്റ് മോഡറേഷനുമായി ബന്ധപ്പെട്ട് അങ്ങനെ എന്തെങ്കിലും അഭിപ്രായം നമുക്കുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് അക്കാദമികമായിട്ടുള്ള ഒരു ഡിബേറ്റ് നമുക്ക് നടത്താം. പൊതു സമൂഹത്തിന്റെ അഭിപ്രായം നമുക്ക് ആരായാം. ഏത് സർവ്വകലാശാലകളിൽ ഏത് സിൻഡിക്കേറ്റ് വന്നാലും ഇത്തരത്തിലുള്ള ഒരു കാര്യം ഇനിയും ചെയ്യാനുള്ള സാധ്യതകളുണ്ട് എന്നുള്ളതുകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ അന്നത്തെ മറുപടി പ്രസംഗത്തിലും ഇന്നും കോഴിക്കോട് സർവ്വകലാശാലയിൽ പോസ്റ്റ് മോഡറേഷൻ നൽകിയത് സംബന്ധിച്ച് പറഞ്ഞു. എം.ജി. / ടെക്നിക്കൽ സർവ്വകലാശാലകളിൽ മോഡറേഷൻ കൊടുത്ത രീതിയിലാണോ കാലിക്കറ്റ് സർവ്വകലാശാല മോഡറേഷൻ കൊടുത്തത്; ഒരിക്കലുമല്ല. അവിടെ അഞ്ച് വർഷം

കൂടുമ്പോൾ സ്കീം ഉണ്ടാകും. ആ സ്കീമിനെ സംബന്ധിച്ചുള്ള പരാതി പ്രിൻസിപ്പൽമാർ സർവ്വകലാശാലയെ അറിയിക്കും. AICTE (All India Council for Technical Education) Apex Council ആണ്. നഴ്സിംഗ് കൗൺസിലിന്, മെഡിക്കൽ കൗൺസിൽ എന്നപോലെ ഓരോ കോഴ്സിനും അപ്പെക്സ് കൗൺസിലുണ്ട്. എഞ്ചിനീയറിംഗിന്റെ അപ്പെക്സ് കൗൺസിലായ AICTE ഇത് ചെയ്യണം. അവർ കൊടുത്തിരിക്കുന്ന റെഗുലേഷൻ ചെയിഞ്ച് ചെയ്യണമെന്ന് അപ്പെക്സ് കൗൺസിൽ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേഷനകത്ത് അമെന്റ്മെന്റ് വരുത്തിയതിന്റെ ഭാഗമായാണ് മോഡറേഷൻ കൊടുത്തത്. അക്കാഡമിക് കൗൺസിൽ ഉൾപ്പെടെയുള്ള എല്ലാ ബോഡികളും പരിശോധിച്ച് നിയമപരമായി ചെയ്ത രീതിയാണോ എം.ജി. യൂണിവേഴ്സിറ്റിയിലും ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലും നടന്നത്; പാസ് ബോർഡ് കൂടാതെ പോസ്റ്റ് മോഡറേഷൻ കൊടുത്തതിനെ അങ്ങ് ന്യായീകരിക്കാൻ ശ്രമിക്കുകയാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അങ്ങനെയല്ല. പോസ്റ്റ് മോഡറേഷൻ തെറ്റാണെങ്കിൽ അത് ഒരാൾ ചെയ്യുന്നതും ഒരു ബോഡി ചെയ്യുന്നതും നാല് ബോഡികൾ ഒരുമിച്ചിരുന്ന് ചെയ്യുന്നതും തെറ്റല്ലേ; പോസ്റ്റ് മോഡറേഷൻ ആർക്കെല്ലാമാണ് ലഭിക്കുകയെന്നുള്ളത് വ്യക്തമായി നമുക്ക് മുൻകൂട്ടി മനസ്സിലാക്കാൻ സാധിക്കും. കാലിക്കറ്റ് സർവ്വകലാശാലയിൽ 2004 മുതൽ ഉണ്ടായിരുന്ന തോറ്റ കുട്ടികൾക്ക് 20 മാർക്ക് പോസ്റ്റ് മോഡറേഷൻ നൽകിയപ്പോൾ നൂറുകണക്കിന് കുട്ടികളാണ് ജയിച്ചത്. അതിന് അക്കാഡമിക് കൗൺസിലിന്റെ അംഗീകാരം ഉണ്ടായിരുന്നുവെന്ന ഒരേയൊരു കാരണത്താൽ പോസ്റ്റ് മോഡറേഷൻ എങ്ങനെയാണ് ശരിയാവുക? ഓരോ യൂണിവേഴ്സിറ്റികൾക്കും നിയമം വ്യത്യസ്തമാണ്. എം.ജി. യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിന് നിക്ഷിപ്തമായിട്ടുള്ള അധികാരമാണ് വിനിയോഗിച്ചതെന്ന് അവർ ഇപ്പോഴും പറയുന്നുണ്ട്. നമ്മൾ സർവ്വകലാശാലകളുടെ അധികാരത്തിൽ കൈകടത്തരുത്. മന്ത്രി അതിൽ കൈകടത്തുന്നുവെന്നാണല്ലോ പറയുന്നത്. എന്ത് കൈകടത്തലാണ് മന്ത്രി നടത്തിയത്? മന്ത്രി ഏതെങ്കിലും കാര്യത്തിൽ ആർക്കെങ്കിലും മോഡറേഷൻ കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ടോ? പോസ്റ്റ് മോഡറേഷൻ നൽകണമെന്ന് മന്ത്രിയുടെ ഓഫീസ് നിഷ്കർഷിച്ചിട്ടുണ്ടോ; ഇല്ലല്ലോ. സർവ്വകലാശാലകളിൽ നടക്കുന്ന ഇത്തരം കാര്യങ്ങളിൽ സർവ്വകലാശാലകളും സർവ്വകലാശാല സിൻഡിക്കേറ്റിനുമാണ് പൂർണ്ണ ഉത്തരവാദിത്വം. അതിൽ മന്ത്രിക്കോ മന്ത്രിയുടെ ഓഫീസിനോ യാതൊരു പങ്കുമില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, 2004-ലെ സ്കീമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സത്യമാണ്. 2004-ൽ ബി.ടെക് സ്കീമിൽ വന്ന ഒരു പിഴവ്

കാരണം 2007 മുതൽ കുട്ടികൾ പരാതിപ്പെടുകയും , AICTE -ക്ക് പരാതി അയയ്ക്കുകയും ചെയ്തു. AICTE പരാതി പരിശോധിച്ച് നടപടി എടുക്കണമെന്ന് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടു. അതിനുശേഷം ഇടതുപക്ഷ സിൻഡിക്കേറ്റും ആ വഴി തന്നെ സഞ്ചരിച്ചിട്ടുണ്ട്. 2011-ൽ ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷമാണ് അതിനൊരു നടപടിയുണ്ടായത്. ഞങ്ങളുടെ ഭരണസമയത്ത് സിൻഡിക്കേറ്റ് തന്നെ സെനറ്റിന്റെ പവർ എക്സിക്യൂട്ട് ചെയ്തിരുന്നു.

മി. സ്പീക്കർ: അങ്ങ് സംസാരിച്ച് അവസാനിപ്പിക്കൂ.

ഡോ. കെ. ടി. ജലീൽ: സർ, അങ്ങനെയല്ല. അങ്ങനെയാണെങ്കിൽ അന്ന് സിൻഡിക്കേറ്റിന് ഒരു മെഴ്സിചാൻസ് കൊടുത്ത് അവരെക്കൊണ്ട് പരീക്ഷ എഴുതിപ്പിച്ച് പേപ്പർ വാല്യുവേഷൻ നടത്തി മാർക്ക് നൽകാമായിരുന്നില്ലേ; എന്താണ് പോസ്റ്റ് മോഡറേഷൻ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് റെഗുലേഷൻ അമെന്റ്മെന്റ് നടത്തിയതാണ്. റെഗുലേഷൻ അമെന്റ്മെന്റാണ്. റെഗുലേഷനകത്ത് മോഡറേഷൻ കൊടുക്കുന്നതിനുള്ള പ്രശ്നം എന്താണ്; കുട്ടികളുടേതല്ലാത്ത തെറ്റ് കൊണ്ടോ സ്കീമിന്റെ fault കൊണ്ടോ കുട്ടികൾ ഇരയാകാൻ പാടില്ല. എം.ജി. യൂണിവേഴ്സിറ്റിയിൽ അതാണോ നടന്നത്. എഴുതിയ രണ്ട് സെമസ്റ്ററിനും എൻ.എസ്.എസ്.-ന്റെ ഗ്രേസ് മാർക്ക് കൊടുത്തിട്ടും പാസ്സാകാത്ത കുട്ടിക്ക് വീണ്ടും ഒരു മാർക്ക് കൊടുക്കാൻ നിങ്ങളുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്ത അദാലത്തിൽ പറയുകയും ആ ഒരു മാർക്ക് സർവ്വകലാശാല സിൻഡിക്കേറ്റിൽ ചെന്നപ്പോൾ എല്ലാവരും കൂടി തമ്മിലടിച്ച് അഞ്ച് മാർക്കായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന മാർക്ക് ദാന ചന്തയായി അദാലത്ത് മാറി. അതും അപ്പെക്സ് കൗൺസിൽ ആവശ്യപ്പെട്ടിട്ട് റെഗുലേഷൻ അമെന്റ് ചെയ്ത് കുട്ടികളുടേതല്ലാത്ത തെറ്റിന് അവരെ ഇരകളാക്കിയതിന്റെ പരിഹാരം ഉണ്ടാക്കിയതും തമ്മിൽ എന്ത് ബന്ധമാണുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, കാലിക്കറ്റ് സർവ്വകലാശാല ഇരുപത് മാർക്ക് കൊടുത്ത് മാർക്ക് മാമാങ്കമാണോ അന്ന് നടത്തിയത്; കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് അതാവാമെങ്കിൽ മറ്റുള്ള സർവ്വകലാശാലകൾക്കും ആയിക്കൂടേ? കുസാറ്റിൽ അങ്ങനെ തീരുമാനമെടുത്തു. സമാനമായിട്ടുള്ള തീരുമാനം എം.ജി. സർവ്വകലാശാലയും എടുത്തു. യു.ഡി.എഫ്.-ന്റെ സിൻഡിക്കേറ്റ് പോസ്റ്റ് മോഡറേഷൻ കൊടുത്താൽ അതിന് ധാരാളം ന്യായീകരണങ്ങൾ. അത് ഇരുപത് മാർക്ക് വരെ ആയാൽ നിരവധി ന്യായീകരണങ്ങൾ. ഇപ്പോൾ അങ്ങനെ സംഭവിച്ചാൽ അഞ്ച് മാർക്ക്/ ഒരു മാർക്ക് കൊടുത്താൽ അത് മഹാ അപരാധം.

അക്കാദമികമായിട്ടുള്ള ഒരു താല്പര്യത്തോടുകൂടിയാണ് ഞാൻ പറഞ്ഞത്. നമുക്ക് പോസ്റ്റ് മോഡറേഷനെ സംബന്ധിച്ച് നല്ലൊരു ഡിബേറ്റ് വയ്ക്കാം. അത് വേണ്ടെന്നാണ് എല്ലാവരുടേയും അഭിപ്രായമെങ്കിൽ അത്തരത്തിലുള്ള തീരുമാനത്തിലേയ്ക്ക് നമുക്ക് പോകാം. ഞങ്ങൾക്ക് യാതൊരു താല്പര്യവും പോസ്റ്റ് മോഡറേഷൻ നിലനിർത്തുന്ന കാര്യത്തിൽ ഇല്ല. അത്തരത്തിലുള്ള ഒരു നല്ല ചർച്ച, നല്ല ഡിബേറ്റ്, നമുക്ക് ആരംഭിക്കാം. പൊതു സമൂഹത്തിന്റെ അഭിപ്രായം അതാണെങ്കിൽ സർക്കാരിനെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ തുറന്ന മനസ്സാണുള്ളത്.

ഇന്ന് ബഹുമാനപ്പെട്ട ഉമ്മർ സാഹിബ് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഞാൻ മന്ത്രിയായ അന്നുമുതൽ ഉമ്മർ സാഹിബ് ഉൾപ്പെടെയുള്ള ആളുകൾ പല കാരണങ്ങൾ പറഞ്ഞാണ് വിമർശിക്കുന്നത്. വിദ്യാഭ്യാസത്തെ രണ്ടാക്കി എന്നാണ് ഇപ്പോൾ അവർ പറയുന്നത്. എല്ലാ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസം വിവിധ മന്ത്രിമാരാണ് കൈകാര്യം ചെയ്യുന്നത്. കേരളത്തിൽ മാത്രമായിരുന്നു ഒറ്റ മന്ത്രി കൈകാര്യം ചെയ്തിരുന്നത്. അതിനൊരു മാറ്റം ഉണ്ടാകണമെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ തന്നെ പറഞ്ഞിട്ടുള്ള കാര്യമായിരുന്നു. അതിനനുസൃതമായിട്ടാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പ്രത്യേകമായ പോർട്ട്ഫോളിയോ ഉണ്ടാക്കിയത്. ഇപ്പോഴും മുസ്ലീം ലീഗിന്റെ മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്ത വകുപ്പുകൾ ഞാൻ കൈകാര്യം ചെയ്യുന്നുണ്ട്. അത് ഏതാണെന്ന് നിങ്ങൾക്ക് അറിയില്ലേ ഉമ്മർ സാഹിബേ; മഞ്ഞളാംകുഴി അലി സാഹിബ് ഏതിന്റെയൊക്കെ മന്ത്രിയായിരുന്നു; മഞ്ഞളാംകുഴി അലി സാഹിബ് നഗരകാര്യം, ന്യൂനപക്ഷക്ഷേമം എന്നീ വകുപ്പുകളാണ് കൈകാര്യം ചെയ്തിരുന്നത്. ആ ന്യൂനപക്ഷക്ഷേമം ഇപ്പോൾ ഞാൻ തന്നെയല്ലേ കൈകാര്യം ചെയ്യുന്നത്. ഹജ്ജും വഖഫും കൈകാര്യം ചെയ്തിരുന്ന ആളായിരുന്നു കുഞ്ഞാലിക്കുട്ടി സാഹിബ്. അത് ഇപ്പോൾ ആരാണ് കൈകാര്യം ചെയ്യുന്നത്; മുമ്പ് ശ്രീ. ടി. കെ. ഹംസ മന്ത്രിയായപ്പോൾ മലപ്പുറത്ത് പറഞ്ഞുനടന്നിരുന്ന ഒരു കാര്യമുണ്ട്, എന്താണെന്നറിയാമോ; ചെത്ത് മന്ത്രിയെന്ന്. പി.ഡബ്ല്യൂ.ഡി. മന്ത്രിയാണെന്ന് അംഗീകരിക്കാൻ കഴിയാതെ അന്ന് മുസ്ലീം ലീഗിന്റെ പല നേതാക്കൻമാരും പറഞ്ഞിരുന്നത് ശ്രീ. ടി. കെ. ഹംസ ചെത്ത് മന്ത്രിയായിരിക്കുന്നുവെന്നാണ്.

മി. സ്പീക്കർ: ചെത്ത് എന്ന് പറഞ്ഞാൽ റോഡ് എന്നുകൂടി അർത്ഥമുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, ചെത്ത് മന്ത്രിയാണെന്ന് പറഞ്ഞാണ് അന്ന് അദ്ദേഹത്തെ മോശക്കാരനാക്കാൻ നോക്കിയത്.

മി. സ്പീക്കർ: ചെത്ത് എന്നാൽ റോഡ് എന്നാണ്. അതൊരു കൊളോക്യൽ ഭാഷയാണ്. പി.ഡബ്ല്യൂ.ഡി. എന്ന് പറയുകയില്ലെന്ന് മാത്രം.

ഡോ. കെ. ടി. ജലീൽ: സർ, അങ്ങനെയല്ല. മോശക്കാരനാക്കാൻ വേണ്ടിയാണ് അന്ന് അങ്ങനെ പറഞ്ഞത്. ശ്രീ. വി. ഡി. സതീശന് അതിന്റെ ഗ്രൂട്ടൻസ് മനസ്സിലാകാത്തതുകൊണ്ടാണ്. മലപ്പുറം ജില്ലയിൽനിന്ന് മുസ്ലീം ലീഗ് രണ്ടായി പിളർന്ന് അഖിലേന്ത്യ ലീഗ് ഉണ്ടായി. പക്ഷേ അഖിലേന്ത്യാ ലീഗ് ഉണ്ടായിട്ടും മലപ്പുറം ജില്ലയിൽനിന്ന് അഖിലേന്ത്യാ ലീഗിന്റെ ഒരാളും ജയിച്ച വരുന്നതിന് ലീഗ് സമ്മതിച്ചിട്ടില്ല. ലീഗ് പ്രതിരോധപർവ്വം തീർത്ത് അത് തടഞ്ഞുനിർത്തി. മുസ്ലീംലീഗിന്റെ ചരിത്രത്തിൽ ആദ്യമായാണ് ലീഗ് വിട്ടുപോയ ഒരാൾ, കോൺഗ്രസ് വിട്ടുപോയ ആളല്ല, ലീഗ് പുറത്താക്കിയ ഒരാൾ എന്നുവച്ചാൽ, ഞാൻ അതിൽ അഭിമാനംകൊള്ളുന്നു. ലീഗ് പുറത്താക്കിയ ഒരാൾ മുസ്ലീം ലീഗിന്റെ പൊന്നാപുരം കോട്ടയിൽനിന്ന് ലീഗിന്റെ മുടിചൂടാമന്നനെ തോൽപ്പിച്ച്, 30,000 വോട്ടുകൾക്ക് നിങ്ങൾ ജയിച്ച സ്ഥലത്താണ് ലീഗ് പുറത്താക്കിയ ആൾ 8,000 ത്തിലധികം വോട്ടുകൾക്ക് ജയിച്ച് ഈ സഭയിൽ എത്തിയത്; പിന്നീട് മന്ത്രിയായത്. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം ഇതിനേക്കാൾ വലിയ ഒരു നാണക്കേടും അപമാനവും വേറെയില്ലെന്നാണ് അവർ കരുതുന്നത്. കാരണം ലീഗിൽനിന്ന് പോയാൽ 'പോയോന് പോയി' എന്നായിരുന്നു മുൻകാലത്തൊക്കെ പറഞ്ഞുകൊണ്ടിരുന്നത്. ഇപ്പോൾ ലീഗിൽ നിന്ന് പോയാൽ 'പോയോൻ രക്ഷപ്പെട്ടു'വെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറി. മലപ്പുറത്തിന്റെ രാഷ്ട്രീയം മാറി. അതിലുള്ള അസഹിഷ്ണുതയാണ് മുസ്ലീം ലീഗിന്റെ ബഹുമാനപ്പെട്ട അംഗങ്ങൾ പല സന്ദർഭങ്ങളിലായി ഞാൻ പ്രസംഗിക്കുമ്പോഴും ഞാൻ ബിൽ അവതരിപ്പിക്കുമ്പോഴുമൊക്കെ പ്രകടിപ്പിക്കാറുള്ളതെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ രണ്ട് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ലീഗിൽനിന്ന് പിളർന്നുപോയ ആളുകൾ ഇവിടെ പി.ഡബ്ല്യൂ.ഡി. മന്ത്രിയായിട്ടുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ ചെത്ത് മന്ത്രിയായിട്ടുണ്ട്. പി. എം. അബൂബക്കർ സാഹിബ് കാര്യപ്രാപ്തിയുള്ള മന്ത്രിയായിട്ടുണ്ട്. അതൊന്നും ഒരു സംഭവമല്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ

നിന്നുപോയ എം.വി.ആർ.-ഉം ശ്രീമതി കെ. ആർ. ഗൗരിയമ്മയും ഇവിടെ മന്ത്രിയായിട്ടുണ്ട്. അത്ര അസഹിഷ്ണുതയൊന്നും ഞങ്ങൾക്കുണ്ടായിട്ടില്ല. അതൊന്നും ഒരു പുത്തരിയല്ല. പക്ഷേ അങ്ങേയ്ക്ക് വലിയ അപകടം ഉണ്ടായി; പാർട്ടിയിൽ നിന്ന് പുറത്താക്കുമെന്ന് തോന്നുമ്പോൾ ലീഗിനെ കുറ്റപ്പെടുത്തുകയാണ്. അതാണ് പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ഇതാണോ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എം. ഉമ്മർ: സർ, സഭയെ തെറ്റിദ്ധരിപ്പിക്കുക എന്നുപറയുന്നതാണ് പോയിന്റ് ഓഫ് ഓർഡർ. ലീഗിൽ നിന്നും പുറത്താക്കിയ ആളുകൾ ഇവിടെ മന്ത്രിയായിട്ടുണ്ട്. ഇദ്ദേഹം മാത്രമല്ല, ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്.

മി. സ്പീക്കർ: അതിൽ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. എം. ഉമ്മർ: സർ, അതാണ് പോയിന്റ് ഓഫ് ഓർഡർ, അത് തെറ്റാണ്.

ശ്രീ. സി. കെ. നാണു: സർ, ഇതെല്ലാം പറയുന്നത് 1969-ൽ കോൺഗ്രസ് പിളർന്നതിന്റെ കാരണമാണ്. 1969-ൽ കോൺഗ്രസ് ഒരുമിച്ച് നിന്ന അവസരത്തിൽ പി. പി. ഉമ്മർകോയ കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി ഒറ്റയ്ക്ക് ജയിച്ചു. കോൺഗ്രസിന്റെ പല സ്ഥാനാർത്ഥികളും 1000 വോട്ടിന് താഴെയാണ് ലീഗിനോട് പരാജയപ്പെട്ടത്. ആ പ്രസ്ഥാനത്തെ തകർത്തതിന്റെ ഫലമായി കേരളത്തിൽ ലീഗിന് ഗുണമുണ്ടായി.

മി. സ്പീക്കർ: ശ്രീമതി ഷാനിമോൾ ഉസ്മാൻ 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി Not in the seat.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 നവംബർ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.33-ന് പിരിഞ്ഞു.)